# അന്ത്യകാല സംഭവങ്ങൾ

ഭൂമിയുടെ അന്തിമ പ്രതിസന്ധി നേരിടൽ

---

എലൻ ജി. വൈറ്റിന്റെ എഴുത്തുകളിൽ
നിന്നും സമാഹരിച്ചത്

---

**Anthyakala Sambhavangal**
(Malayalam)

Published by : Ange & Family
for Idukki Section of
Seventh-day Adventists
Kattappana, Idukki

Copyright : Publishers

Translated by : Rajamony Samuel

DTP : Nisha Menon, Thrissur

Printed at : Ebenezer Printers Pvt. Ltd.
Thrissur
Phone: 0487 2361892

Copies : 2000

## Abbreviation of Sources

| | |
|---|---|
| AA | The Acts of the Apostles |
| AH | The Adventist Home |
| 1BC | The Seventh-day Adventist Bible Commentary, Vol. 1 (2BC, etc., for vols. 2-7) |
| CD | Counsels on Diet and Foods |
| CG | Child Guidance |
| CH | Counsels on Health |
| ChS | Christian Service |
| CL | Country Living |
| CM | Colporteur Ministry |
| CS | Counsels on Stewardship |
| CSW | Counsels on Sabbath School Work |
| COL | Christ's Object Lessons |
| CT | Counsels to Teachers, Parents, and Students |
| CW | Counsels to Writers and Editors |
| DA | The Desire of Ages |
| Ed | Education |
| EGW'88 | The Ellen G. White 1888 Materials |
| Ev | Evangelism |
| EW | Early Writings |
| FE | Fundamentals of Christian Education |
| GC | The Great Controversy Between Christ and Satan |
| GCB | General Conference Bulletin |
| GCDB | General Conference Daily Bulletin |
| GH | The Gospel Herald |
| GW | Gospel Workers |
| HM | The Home Missionary |
| HP | In Heavenly Places |
| KC | The Kress Collection |
| LLM | Loma Linda Messages |
| LS | Life Sketches |
| Mar | Maranatha |
| 1MCP | Mind, Character, and Personality, Vol. 1 (2MCP for Vol.2) |
| MH | The Ministry of Healing |
| ML | My Life Today |
| MM | Medical Ministry |
| MR | Manuscript Release |
| 1MR | Manuscript Releases, Vol.1 (2MR, etc., for vols. 2-19) |
| Ms | Ellen G. White Manuscript |
| MYP | Messages to Young People |
| 1NL | Notebook Leaflets, Vol. 1 |
| OHC | Our High Calling |
| PC | The Paulson Collection |
| Ph | Pamphlet |
| PK | Prophets and Kings |
| PP | Patriarchs and Prophets |
| RC | Reflecting Christ |
| RH | Review and Herald |
| 1SAT | Sermons and Talks, Vol. 1 |
| SC | Steps to Christ |
| 1SG | Spiritual Gifts, Vol. 1 (2SG etc. for Vols. 2-4) |
| 1SM | Selected Messages, book 1 (2SM etc. for books 2 and 3) |
| SD | Sons and Daughters of God |
| SpM | Spalding - Magan Collection |
| 1SP | Spirit of Prophecy, Vol. 1 (2SP etc. for Vols. 2-4) |
| SpT-A | Special Testimonies, Series A |
| SpT-B | Special Testimonies, Series B |
| SR | The Story of Redemption |
| ST | The Signs of the Times |
| SW | The Southern Work |
| 1T | Testimonies for the Church, Vol. 1, (2T, etc., for vols. 2-9) |
| TDG | This Day with God |
| Te | Temperance |
| TM | Testimonies to Ministers and Gospel Workers |
| TMK | That 1 May Know Him |
| UL | The Upward Look |

## അനുവാചകരോട്

കുഴപ്പത്തിലും മരിച്ചുകൊണ്ടുമിരിക്കുന്ന ഒരു ലോകത്തോട് ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചുള്ള സദ്വർത്തമാനം അറിയിക്കുവാൻ പ്രത്യേകിച്ച് വിളിക്കപ്പെട്ടവരാണ് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ എന്ന് അവർ വിശ്വസിക്കുന്നു. എല്ലൻ വൈറ്റ് ഇപ്രകാരം എഴുതി: "ഈ ദൂത് ജനങ്ങളെ അറിയിക്കുന്ന വേല "വലിയ വേദന"യോടെ നാം ഏറ്റെടുക്കേണ്ടതാണ്" (FE 336). "ക്രിസ്തുവും സാത്താനും തമ്മിലുള്ള വൻപോരാട്ടം" എന്ന തന്റെ പുസ്തകത്തിൽ ഭാവിയിൽ സംഭവിക്കുവാൻ പോകുന്ന മഹത്തും ഭയാനകവുമായ സംഭവങ്ങളെ അവർ വരച്ചുകാണിച്ചിരിക്കുന്നു. അതിനു തത്തുല്യമായ മറ്റൊരു പുസ്തകം ഇല്ല. അവരുടെ എഴുത്തുകളിൽനിന്നും സമാഹരിച്ച് 1976-ൽ "മാറനാഥാ' എന്ന ഒരു പുസ്തകം തയ്യാറാക്കി. ഈ പുസ്തകവും അവസാനകാല ബൈബിൾ പ്രവചനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

ഇതിന്റെ തുടർപ്രവർത്തനം എന്നവണ്ണം "ജനസമക്ഷം ഈ വിഷയം വയ്ക്കുന്നതിന്" അന്ത്യകാല സംഭവങ്ങൾ എന്ന ഈ ഗ്രന്ഥം ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നു. ഈ പുസ്തകത്തിലെ അനേക ഉദ്ധരണികളും എല്ലൻ വൈറ്റിന്റെ മുൻ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാകുന്നു. എന്നാൽ ആശയങ്ങളുടെ വലിയ ഒരു അളവ് മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളവയല്ല. ഭൂമിയിലെ അന്ത്യകാല സംഭവങ്ങളെക്കുറിച്ചുള്ള എലൻ വൈറ്റിന്റെ എല്ലാ പ്രസ്താവനകളും ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും ഏറ്റവും പ്രധാനപ്പെട്ടവയെല്ലാം ഉൾക്കൊള്ളിക്കുവാൻ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. എലൻ വൈറ്റിന്റെ ജീവിത കാലയളവിൽ അവർ എഴുതിയതും പ്രസിദ്ധീകരിച്ചതുമായ ഈ പ്രത്യേക ഭാഗങ്ങൾ എവിടെനിന്നാണ് എടുത്തിരിക്കുന്നത് എന്ന് ഓരോ ഉദ്ധരണിയുടെയും അവസാനം രേഖപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങളും വിവരണങ്ങളും സഹായകമാകാം എന്നതുകൊണ്ട് ചില അടിക്കുറിപ്പുകളും ഇതിൽ ഞങ്ങൾ ചേർത്തിട്ടുണ്ട്.

എലൻ വൈറ്റിന്റെ അന്ത്യകാല സംഭവങ്ങളെ സംബന്ധിച്ചുള്ള പഠിപ്പിക്കലുകളെ യുക്തിയുക്തമായി ക്രമീകരിക്കുവാൻ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്.

എങ്കിലും എല്ലാ ഭാവിസംഭവങ്ങളും, അതു സംഭവിക്കുന്ന അതേ ക്രമത്തിൽ എഴുതിച്ചേർത്തതായി ഞങ്ങൾ അവകാശപ്പെടുന്നില്ല. ദൈവജനത്തിന്റെ വരുംകാലങ്ങളിലെ അനുഭവമനുസരിച്ച്, "ലോകത്തിൽ മറ്റൊരു വ്യക്തിയും ഇല്ല എന്നപോലെ (7BC 983) എല്ലാവരും ഒറ്റയ്ക്കു നിൽക്കേണ്ടിവരുമ്പോൾ, അവരുടെ വ്യക്തിപരമായ പഠനത്തിന്റെയും ദൈവവുമായുള്ള ബന്ധത്തിന്റെയും അടിസ്ഥാനത്തിൽ എല്ലാ ക്രിസ്ത്യാനികൾക്കും ഇത്രമാത്രം പ്രാധാന്യമുള്ള ഒരു വിഷയത്തെ സംബന്ധിച്ച് അവർക്ക് സ്വന്തമായി ഒരു ദൃഢവിശ്വാസം ഉണ്ടായിരിക്കുകയെന്നത് അനിവാര്യമാണ്.

നമ്മുടെ കൊച്ചുലോകം അഖിലാണ്ഡത്തിന്റെ പാഠപുസ്തകമാണെന്നും (DA 19) ഈ ഭൂമിയിലെ അവസാന രംഗങ്ങൾ "പ്രകടിപ്പിക്കുവാൻ ആകാത്ത താല്പര്യത്തോടെ" (PK 148) അദൃശ്യമായ ലോകം വീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും എലൻ വൈറ്റ് പ്രഖ്യാപിച്ചു. ദൈവവും സാത്താനും തമ്മിലുള്ള വൻപോരാട്ടത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ വീക്ഷിച്ചുകൊണ്ട് ഭൂമിയുടെ അന്ത്യകാല സംഭവങ്ങളുടെ പ്രാധാന്യം ഗ്രഹിക്കുവാൻ നമുക്കെല്ലാവർക്കും ശ്രമിക്കാം. യേശു വേഗം വരുന്നു എന്ന മഹത്തായ സത്യം നമുക്കു മറ്റുള്ളവരുമായി പങ്കുവയ്ക്കാം.

The Trustees of the
Ellen G. White Estate

## ഉള്ളടക്കം


1. ഭൗമഗ്രഹത്തിലെ അന്ത്യപ്രതിസന്ധി ........ 7
2. ക്രിസ്തുവിന്റെ ആസന്നവരവിന്റെ അടയാളങ്ങൾ ........ 14
3. അത് എപ്പോൾ സംഭവിക്കും? ........ 26
4. ദൈവത്തിന്റെ അന്ത്യസഭ ........ 36
5. ശേഷിപ്പിന്റെ പ്രാർത്ഥനാജീവിതം ........ 53
6. ശേഷിപ്പിന്റെ പ്രവർത്തനങ്ങളും ജീവിതശൈലിയും ........ 64
7. ഗ്രാമീണ ജീവിതം ........ 82
8. നഗരങ്ങൾ ........ 95
9. ഞായറാഴ്ച നിയമങ്ങൾ ........ 107
10. ചെറിയ കഷ്ടകാലം ........ 125
11. സാത്താന്റെ അന്ത്യകാല വഞ്ചനകൾ ........ 135
12. ഉലയ്ക്കൽ ........ 150
13. പിന്മഴ ........ 159
14. ആർപ്പുവിളി ........ 171
15. ദൈവത്തിന്റെ മുദ്രയും മൃഗത്തിന്റെ മുദ്രയും ........ 186
16. കൃപയുടെ കാലം അവസാനിക്കുന്നു ........ 197
17. അന്ത്യ ഏഴു ബാധയും ദുഷ്ടന്മാരും ........ 207
18. അന്ത്യ ഏഴു ബാധയും നീതിമാന്മാരും ........ 221
19. ക്രിസ്തുവിന്റെ രണ്ടാംവരവ് ........ 238
20. വിശുദ്ധന്മാരുടെ അവകാശം ........ 249

## അധ്യായം ഒന്ന്

# ഭൗമഗ്രഹത്തിലെ അന്ത്യപ്രതിസന്ധി

### ഭാവിയെ സംബന്ധിച്ച വ്യാപകമായ ഭയം പിടികൂടൽ

"ഇക്കാലമെന്നത് ജീവിച്ചിരിക്കുന്ന സകലർക്കും വളരെ പ്രബലമായ താല്പര്യം ജനിപ്പിക്കുന്ന ഒരു സമയമാണ്. ഭരണകർത്താക്കളും നയതന്ത്രജ്ഞരും അധികാരികളും എന്നുതുടങ്ങി ചിന്തിക്കുന്ന സ്ത്രീപുരുഷന്മാരുടെയെല്ലാം ശ്രദ്ധ തിരിയുന്നത് നമുക്കു ചുറ്റും കാണുന്ന സംഭവങ്ങളിലേക്കാണ്. രാഷ്ട്രങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന ബന്ധങ്ങളെ അവർ നിരീക്ഷിക്കുന്നു. ഭൂമിയിലെ സകലതിലും ഇടംപിടിക്കുന്ന അതിന്റെ തീവ്രത അവർ നിരീക്ഷിക്കുകയും ഭ്രമിപ്പിക്കുന്ന ഒരു പ്രതിസന്ധിയിലേക്കു ലോകം ചാഞ്ഞുകൊണ്ടിരിക്കുന്ന മഹത്തും നിർണ്ണായകവുമായ ഒന്ന് സംവിക്കുവാൻ പോകുന്നു എന്ന് തിരിച്ചറിയുകയും ചെയ്യുന്നു.—PK 537 (c. 1914).

കരയിലും കടലിലുമുള്ള ദുരന്തങ്ങൾ, താറുമാറായ സമൂഹത്തിന്റെ അവസ്ഥ, യുദ്ധത്തിന്റെ മുന്നറിയിപ്പുകൾ എന്നിവ അശുഭസൂചകങ്ങളാണ്. സമീപിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരമായ സംഭവങ്ങളെ അവ വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. ദുഷ്ടതയുടെ പ്രതിനിധികൾ അവരുടെ ശക്തികളെ ഒരുമിച്ചു ചേർത്തുകൊണ്ടിരിക്കുന്നു. അവസാന പ്രതിസന്ധിക്കായി അവർ ശക്തി സംഭരിക്കുന്നു. നമ്മുടെ ലോകത്തിൽ ഭയങ്കരമായ മാറ്റങ്ങൾ പെട്ടെന്ന് സംഭവിക്കുവാൻ പോകുന്നു, അന്ത്യനിമിഷങ്ങൾ ദ്രുതഗതിയിൽ ആയിരിക്കും."—9T 11 (1909).

### കലങ്ങിമറിയുന്ന സമയം ആസന്നമായിരിക്കുന്നു

"ക്രിസ്തുവിന്റെ വരവുവരെ നീണ്ടുനിൽക്കുവാൻ പോകുന്ന കഷ്ടകാലം ആസന്നമായിരിക്കുന്നു. നഷ്ടപ്പെടുത്തുവാൻ നമുക്കിനി സമയമില്ല. യുദ്ധത്തിന്റെ ആത്മാവിനാൽ ലോകം ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. ദാനിയേൽ പ്രവചനം പതിനൊന്നാമദ്ധ്യായത്തിലെ പ്രവ



ചനങ്ങളുടെ അന്ത്യനിറവേറൽ ഏകദേശം പൂർത്തിയാകുവാൻ പോകുന്നു."—RH Nov. 24 (1904).

"ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും" (ദാനി. 12:1). "ഈ കഷ്ടകാലം ആസന്നമായിരിക്കുന്നു. നാം ഉറങ്ങിപ്പോയ കന്യകമാരെപ്പോലെയാണ്. നമ്മെ അവന്റെ നിത്യകരത്തിൻകീഴിൽ അണയ്ക്കുകയും നമുക്കു മുമ്പിലുള്ള പീഡനകാലത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ ഉണർന്ന്, കർത്താവായ യേശുവിനോട് അപേക്ഷിക്കുക."—3MR 305 (1906)

"ലോകം കൂടുതൽ കൂടുതൽ അരാചകത്വത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. യേശു വരുന്നതുവരെ നിലച്ചുപോകാത്ത കഷ്ടകാലം രാഷ്ട്രങ്ങളുടെ ഇടയിൽ പെട്ടെന്ന് ഉണ്ടാകുവാൻ പോകുന്നു."—RH Feb. 11 (1904).

"നാം കഷ്ടകാലത്തിന്റെ വക്കിലെത്തിയിരിക്കുകയാണ്. കഷ്ടിച്ചു മാത്രം സ്വപ്നം കണ്ടിരുന്ന പരിഭ്രാന്തികൾ നമ്മുടെ മുമ്പിലുണ്ട്."—9T 43 (1909).

"കാലത്തിന്റെ പ്രതിസന്ധിയുടെ കവാടത്തിൽ നാം നിൽക്കുകയാണ്. അഗ്നി, വെള്ളപ്പൊക്കം, ഭൂമികുലുക്കം എന്നിവയായ ദൈവത്തിന്റെ ന്യായവിധികൾ, യുദ്ധം, രക്തച്ചൊരിച്ചിൽ എന്നിവയോടൊപ്പം ഒന്നൊന്നായി പെട്ടെന്ന് പിൻതുടരും."—PK 278 (c.1914).

"കൊടുങ്കാറ്റിനു സമമായ സമയങ്ങൾ നമ്മുടെ മുമ്പിലുണ്ട്, എന്നാൽ അവിശ്വാസത്തിന്റെയും നിരാശയുടെയും ഒരു വാക്കുപോലും നാം ഉച്ചരിക്കാതിരിക്കണം."—ChS 136 (1905).

### വരുവാൻ പോകുന്ന ന്യായവിധിയെ സംബന്ധിച്ച് ദൈവം എല്ലായ്പോഴും മുന്നറിയിപ്പ് തന്നിട്ടുണ്ട്

വരുവാൻ പോകുന്ന ന്യായവിധിയെപ്പറ്റി ദൈവം എല്ലായ്പ്പോഴും മുന്നറിയിപ്പു നൽകിയിട്ടുണ്ട്. തങ്ങളുടെ കാലത്തേക്കുള്ള അവന്റെ ദൂതിൽ വിശ്വാസമുള്ളവരും അവരുടെ വിശ്വാസം അവന്റെ കല്പനകളോടുള്ള അനുസരണത്തിലൂടെ പ്രാവർത്തികമാക്കിയവരും അവിശ്വാസികളുടെയും അനുസരണം കെട്ടവരുടെയും മേൽ വന്ന ന്യായവിധിയിൽനിന്ന് രക്ഷപ്പെട്ടിട്ടുണ്ട്.

നോഹയോടു ദൈവം ഇപ്രകാരം പറഞ്ഞു: "നീയും സർവ്വ കുടുംബവുമായി പെട്ടകത്തിൽ കടക്ക; ഞാൻ നിന്നെ ഈ തലമുറയിൽ

എന്റെ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു." "അങ്ങനെ ലോത്ത് ചെന്ന് തന്റെ പുത്രിമാരെ വിവാഹം ചെയ്യുവാനുള്ള മരുമക്കളോടു സംസാരിച്ചു. നിങ്ങൾ എഴുന്നേറ്റു ഈ സ്ഥലം വിട്ടു പുറപ്പെടുവിൻ; യഹോവ ഈ പട്ടണം നശിപ്പിക്കും എന്നു പറഞ്ഞു" (ഉല്പത്തി 7:1; 19:14). സ്വർഗ്ഗീയ ദൂതന്മാരുടെ സംരക്ഷണയിൻകീഴിൽ ലോത്ത് തന്നെ സമർപ്പിച്ചതുകാരണം താൻ രക്ഷ പ്രാപിച്ചു. അമ്മാതിരി യെരൂശലേമിന്റെ നാശത്തെ സംബന്ധിച്ച് ക്രിസ്തു തന്റെ ശിഷ്യന്മാർക്കു മുന്നറിയിപ്പ് കൊടുത്തിരുന്നു. വരുവാനിരുന്ന നാശത്തിന്റെ അടയാളങ്ങൾ നിരീക്ഷിച്ചിരുന്നവർ പട്ടണത്തിൽനിന്നും ഓടിപ്പോകുകയും നാശത്തിൽനിന്നു രക്ഷപ്പെടുകയും ചെയ്തു. അതുപോലെ ക്രിസ്തുവിന്റെ രണ്ടാംവരവിനെയും ഈ ലോകത്തിന്റെമേൽ വരുവാൻ പോകുന്ന നാശത്തെയും സംബന്ധിച്ച മുന്നറിയിപ്പ് നമുക്കു നൽകപ്പെട്ടിരിക്കുകയാണ്. ഈ മുന്നറിയിപ്പിനു ചെവികൊടുക്കുന്നവർ രക്ഷപ്പെടും.—DA. 634 (1898).

## നമ്മുടെ നാളുകളിൽ നാം പ്രതീക്ഷിക്കേണ്ടത് ദൈവം നമ്മോടു പറഞ്ഞിട്ടുണ്ട്.

യേശുവിന്റെ ക്രൂശീകരണത്തിനുമുമ്പ് താൻ മരണപ്പെടുവാൻ പോകുന്നു എന്നും കല്ലറ തുറന്ന് ഉയിർത്തെഴുന്നേൽക്കുമെന്നും വിശദീകരിച്ചപ്പോൾ അത് അവരുടെ മനസ്സുകളിൽ പതിപ്പിക്കുന്നതിന് ദൂതന്മാർ സന്നിഹിതരായിരുന്നു. എന്നാൽ റോമൻ നുകത്തിൽനിന്നുമുള്ള താൽക്കാലിക വിടുതൽ നോക്കിപ്പാർത്തിരുന്ന ശിഷ്യന്മാർക്ക്, തങ്ങളുടെ സകല പ്രത്യാശയും കേന്ദ്രീകരിച്ചിരുന്ന അവരുടെ കർത്താവ് ലജ്ജാകരമായ ഒരു മരണത്തിലൂടെ കടന്നുപോകുവാൻ പോകുകയാണ് എന്നത് അവർക്കു സഹിക്കാൻ കഴിഞ്ഞില്ല. അവർ ഓർത്തിരിക്കേണ്ടിയിരുന്ന വാക്കുകൾ അവരുടെ മനസ്സിൽനിന്നും അപ്രത്യക്ഷമാകുകയും പരീക്ഷയുടെ സമയം വന്നപ്പോൾ അവർ തയ്യാറെടുപ്പില്ലാത്തവരായി കാണപ്പെടുകയും ചെയ്തു. യേശു അവർക്കു ഒരു മുന്നറിയിപ്പും കൊടുത്തില്ലയെന്നവണ്ണം അവന്റെ മരണം അവരുടെ സകല പ്രത്യാശയെയും നശിപ്പിച്ചു.

അതുപോലെ ക്രിസ്തുവിന്റെ വാക്കുകളാൽതന്നെ ശിഷ്യന്മാരുടെ മുമ്പിൽ അത് തുറന്നുകാട്ടിയിരുന്നതുപോലെ, പ്രവചനങ്ങളിലൂടെ ഭാവി നമുക്കു മുമ്പിൽ വ്യക്തമായി തുറക്കപ്പെട്ടിരിക്കുകയാണ്. കൃപയുടെ വാതിൽ അടയുന്നതുമായി ബന്ധപ്പെട്ട സംഭവങ്ങളും മഹാകഷ്ടകാ



ലത്തിനായുള്ള തയ്യാറെടുപ്പിന്റെ വേലയും നമുക്കു മുമ്പിൽ വെളിപ്പെട്ടിരിക്കുകയാണ്. എന്നാൽ ജനമിന്ന് ആയതിനെ സംബന്ധിച്ച് ഒരു പരിജ്ഞാനവുമില്ലാത്തവരെപ്പോലെയാണ് ജീവിതം നയിക്കുന്നത്.—GC 594 (1911).

## അന്ത്യകാല പ്രവചനങ്ങൾ നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്നു

പിന്നീട് ഞാൻ മൂന്നാം ദൂതനെ കണ്ടു (വെളിപ്പാട് 14:9–11). എന്നെ അനുഗമിച്ച ദൂതൻ ഇപ്രകാരം പറഞ്ഞു: "അവന്റെ വേല ഭയാനകമാണ്. അവന്റെ ദൗത്യം ഭീതി നിറഞ്ഞതാണ്. കളയിൽ നിന്ന് ഗോതമ്പ് വേർതിരിച്ച് മുദ്ര വയ്ക്കുകയോ അഥവാ കെട്ടി സ്വർഗ്ഗീയ കൊയ്ത്തുകാരനെ ഏല്പിക്കുകയോ ചെയ്യുവാൻ ചുമതലപ്പെട്ട മാലാഖയാണ് അവൻ. ഇക്കാര്യങ്ങൾ മുഴുമനസ്സിനെയും മുഴു ശ്രദ്ധയെയും പിടിച്ചു പറ്റണം."—EW 118 (1854).

ദൈവത്തിന്റെ കല്പനയോടുള്ള കൂറിനും നമ്മുടെ വിശ്വാസത്തിന്റെ കാരണങ്ങൾ ബോധ്യപ്പെടുത്തുവാനുമായി നാം ന്യായാധിപന്മാരുടെ മുമ്പാകെ നിൽക്കേണ്ടിവരും. ഇക്കാര്യങ്ങൾ യുവജനങ്ങൾ അറിഞ്ഞിരിക്കണം.

ഈ ലോകചരിത്രത്തിന്റെ അവസാനത്തിനുമുമ്പ് സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെപ്പറ്റി അവർ അറിഞ്ഞിരിക്കണം. ഇവ നമ്മുടെ നിത്യരക്ഷയെ സംബന്ധിക്കുന്നവയും അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടവയുമാണ്."—6T 128, 129 (1900).

"നാം ജീവിക്കുന്ന കാലത്തെ ചൂണ്ടിക്കാണിക്കുന്ന മഹാ അടയാളങ്ങളെ സംബന്ധിച്ച് നാം പഠിക്കേണ്ടിയിരിക്കുന്നു."—4MR 163 (1895).

ദൈവം നയിക്കുന്നതിനും നടത്തുന്നതിനുംവേണ്ടി അവന്റെ നിയന്ത്രണത്തിൻ കീഴിൽ തങ്ങളെത്തന്നെ സമർപ്പിക്കുന്നവർ, സംഭവിക്കുവാൻ ദൈവം നിയോഗിച്ചിരിക്കുന്ന സംഭവങ്ങളുടെ രീതി മനസ്സിലാക്കും.—7T 14 (1902).

വലിയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ മേലുള്ള ദൈവിക നടത്തിപ്പിനെപ്പറ്റി പഠിക്കുന്നതിന് പ്രവചന നിറവേറലുകൾ ചരിത്രത്തിൽ സംഭവിച്ചിരിക്കുന്നത് നാം കാണുകയും വൻപോരാട്ടത്തിലെ അന്ത്യപോരാട്ടത്തിനുവേണ്ടി രാഷ്ട്രങ്ങൾ അണിനിരക്കുന്നത് മനസ്സിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.—8T 307 (1904).

## പ്രത്യേകിച്ച് ദാനിയേലും വെളിപ്പാടു പഠിക്കുക

ദൈവവചനം വളരെ ആഴമായി പഠിക്കേണ്ടതുണ്ട്; പ്രത്യേകിച്ച്, ഇതിനു മുമ്പൊരിക്കലുമില്ലാതവണ്ണം നമ്മുടെ ശ്രദ്ധയെ ദാനിയേലിലേക്കും വെളിപ്പാടിലേക്കും തിരിക്കേണ്ടിയിരിക്കുന്നു. ദൈവത്തിൽനിന്നും ദാനിയേലിനു ലഭിച്ച വെളിച്ചം പ്രത്യേകിച്ച് ഈ അന്ത്യകാലത്തേക്കുള്ളതാകുന്നു.—TM 112, 113 (1896).

ദാനീയേൽ പന്ത്രണ്ടാമദ്ധ്യായം നാം പഠിക്കണം. ലോകം അവസാനിക്കുന്നതിനുമുമ്പ് നാമെല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതായ ഒരു മുന്നറിയിപ്പിൻ സന്ദേശമാണ് അതിലടങ്ങിയിരിക്കുന്നത്.—15 MR 228 (1903).

പുതിയ നിയമത്തിലെ അവസാന പുസ്തകമായ വെളിപ്പാടിൽ നാം നിർബ്ബന്ധമായും അറിഞ്ഞിരിക്കേണ്ട സത്യങ്ങൾ നിറഞ്ഞിരിക്കുന്നു.—COL 133 (1900).

വെളിപ്പാടു പുസ്തകത്തിലെ നിറവേറേണ്ടതായ പ്രവചനങ്ങൾ എത്രയും വേഗം നിറവേറേണ്ടവയാണ്. ദൈവജനം ഇപ്പോൾ ഈ പ്രവചനങ്ങളെ ശുഷ്ക്കാന്തിയോടുകൂടി പഠിക്കുകയും അവയെ വ്യക്തമായി ഗ്രഹിക്കുകയും ചെയ്യേണ്ടതാണ്. സത്യത്തെ മറച്ചുവയ്ക്കുന്നില്ല; ഭാവിയിൽ എന്തായിരിക്കും എന്ന വ്യക്തമായ ഒരു മുന്നറിയിപ്പാണ് ഇത് തരുന്നത്.—INL 96 (1903).

വെളിപ്പാടു പുസ്തകത്തിൽ ക്രമമായി നൽകപ്പെട്ടിരിക്കുന്ന പരിപാവനമായ ദൂതുകൾ ദൈവജനത്തിന്റെ മനസ്സുകളിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കണം.—8T 302 (1904).

## വിഷയം ജനത്തിനുമുമ്പിൽ ഉണ്ടായിരിക്കണം

ഈ അന്ത്യനാളുകളെ സംബന്ധിച്ച പ്രവചനങ്ങൾ പലർക്കും മനസ്സിലാകുന്നില്ല. അവർ പ്രകാശപൂരിതമാക്കപ്പെടണം. കാഹളത്തിലൂടെ ഒരു നിശ്ചിത ശബ്ദം പുറപ്പെടുവിക്കേണ്ടത് കാവൽക്കാരുടെയും അയ്മേനികളുടെയും ഉത്തരവാദിത്വമാണ്.—Ev. 194, 195 (1875).

കാവൽക്കാർ അവരുടെ ശബ്ദമുയർത്തി ഇക്കാലത്തേക്കുള്ള സത്യം വിളിച്ചറിയിക്കട്ടെ. പ്രവചന ചരിത്രത്തിൽ ജനം എവിടെ എത്തിയിരിക്കുന്നു എന്ന് അവർ അറിയട്ടെ.—5T 716 (1889).

ഈ ലോകത്തിന്റെ ചരിത്രം അവസാനിപ്പിക്കേണ്ടതായ ഒരു ദിവസം



ദൈവം കുറിച്ചിരിക്കുകയാണ്: "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും." പ്രവചനം പെട്ടെന്നു നിറവേറിക്കൊണ്ടിരിക്കുന്നു. അതിഭയങ്കരവും ഏറ്റവും പ്രധാനപ്പെട്ടതുമായ വിഷയങ്ങള സംബന്ധിച്ച് കൂടുതലും അതിലധികവും ഘോഷിക്കപ്പെടണം. ഓരോരുത്തരുടെയും തീർപ്പു എന്നെന്നേക്കുമായി കല്പിക്കുന്ന നാൾ ആസന്നമായിക്കൊണ്ടിരിക്കുന്നു....

വലിയ വേദനയോടുകൂടി ജനമദ്ധ്യേ ഈ വിഷയം അവതരിപ്പിക്കേണ്ടിയിരിക്കുന്നു. യഹോവയുടെ ആ മഹാദിവസം പെട്ടെന്നും അപ്രതീക്ഷിതമായും വരാതിരിക്കുവാൻ ലോകജനതയുടെ മുമ്പിൽ മാത്രമല്ല, നമ്മുടെ സ്വന്തം സഭയ്ക്കു മുമ്പിലും പരിപാവനമായ ഈ വസ്തുത എത്തേണ്ടിയിരിക്കുന്നു. പ്രവചനത്തിന്റെ ഭയനാകമായ ഈ മുന്നറിയിപ്പ് ഓരോ വ്യക്തിയെയും അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്. ആശ്ചര്യപ്പെടുത്തുന്ന അപകടത്തിൽ നിന്നും സുരക്ഷിതമാണെന്ന് ആർക്കും തോന്നാതിരിക്കട്ടെ. ഈ മഹാസംഭവം ആസന്നമായിരിക്കുന്നു എന്ന് കാണിക്കുന്ന സംഭവങ്ങളെപ്പറ്റിയുള്ള ദൃഢവിശ്വാസത്തെ കവർന്നെടുക്കത്തക്കവണ്ണം ആരും പ്രവചനത്തെ വ്യാഖ്യാനിക്കാതിരിക്കട്ടെ.—FE 335, 336 (1895).

## ഭാവിസംഭവങ്ങളെ അതിന്റെ ശരിയായ വീക്ഷണത്തിൽ സൂക്ഷിക്കുക

ഭാവിസംഭവങ്ങൾ എപ്രകാരം നടപ്പിലാകുവാൻ പോകുന്നു എന്ന് കൃത്യമായി വിശദീകരിക്കുവാൻ ഇപ്പോൾ നമുക്കു കഴിയുകയില്ല. എങ്കിലും കർത്താവിന്റെ ദിവസം അടുത്തിരിക്കകൊണ്ട് നാം ഉണർന്നിരുന്ന് പ്രാർത്ഥിക്കേണ്ട സമയം ഇതാണെന്ന് അറിഞ്ഞിരിക്കണം.—2SM 35 (1901).

മൃഗത്തിന്റെ മുദ്ര കൃത്യമായും അത് ഘോഷിക്കപ്പെട്ടതുപോലെതന്നെയാണ്. ഇക്കാര്യത്തെ സംബന്ധിച്ച് എല്ലാവരും മനസ്സിലാക്കിയിട്ടില്ല, ചുരുൾ അഴിയുന്നതുവരെ മനസ്സിലാക്കുകയുമില്ല.—6T 17 (1900).

അനേകരും അവരുടെ ഇപ്പോഴുള്ള ഉത്തരവാദിത്വങ്ങളിലും സുഖസൗകര്യങ്ങളിലും അനുഗ്രഹങ്ങളിലും നിന്ന് അകലെ നോക്കിയിട്ട്, ഭാവിപ്രതിസന്ധിയെ സംബന്ധിച്ചിടത്തോളം കഷ്ടതയെ കടമെടുക്കുന്ന അവസ്ഥയിലാണ്. ഇത് കഷ്ടകാലത്തെ മുൻകൂട്ടി വിളിച്ചുവരു

ത്തുകയാണ് ചെയ്യുന്നത്. അങ്ങനെ വിളിച്ചുവരുത്തുന്ന കഷ്ടതകളി ന്മേൽ ഒരു കരുണയും ഉണ്ടായിരിക്കുകയുമില്ല.—3SM 383, 384 (1884).

ദൈവജനത്തിന് ഒരു കഷ്ടകാലം വരുവാൻ പോകുന്നു. എന്നാൽ ജനത്തിനു മുന്നിൽ അത് എപ്പോഴും അവതരിപ്പിച്ച് അത് ജനത്തിനു മേൽ മുൻകൂട്ടി വാഴുവാൻ ഇടയാക്കരുത്. ദൈവജനത്തിനിടയിൽ ഒരു കുലുക്കം ഉണ്ടാകേണ്ടിയിരിക്കുന്നു; എന്നാൽ സഭകളിലേക്കു വഹി ച്ചുകൊണ്ടു പോകേണ്ടതായ ഏതൽക്കാല സത്യം ഇതല്ല.—1SM 180 (1890).



## അധ്യായം രണ്ട്

# ക്രിസ്തുവിന്റെ ആസന്ന വരവിന്റെ അടയാളങ്ങൾ

### നമ്മുടെ ദൈവത്തിന്റെ ഏറ്റവും വലിയ പ്രവചനം

“യെരുശലേം ദൈവാലയത്തിന്റെ നാശത്തെയും മനുഷ്യപുത്രന്റെ രണ്ടാം വരവിനുമുമ്പ് സംഭവിക്കേണ്ട അടയാളങ്ങളെയുംപറ്റി അവൻ ശിഷ്യന്മാരോട് മുൻകൂട്ടി പറഞ്ഞു. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായം മുഴുവനും അവന്റെ വരവിനുമുമ്പ് സംഭവിക്കേണ്ട കാര്യ ങ്ങളാണ്. യെരുശലേമിന്റെ നാശത്തെ പരാമർശിച്ചുകൊണ്ട് അവ സാനം ലോകത്തെ അഗ്നിയാൽ നശിപ്പിക്കുന്ന ആ മഹാസംഹാരത്തെ ചൂണ്ടിക്കാണിച്ചു.”—Ms 77 (1899.)

യേശുവിന്റെ രണ്ടാം വരവിനു മുമ്പ് സംഭവിക്കേണ്ടതായ ഭയാനക മായ ന്യായവിധികളെ സംബന്ധിച്ച് ഒലിവുമലയിൽവച്ച് അവൻ സംസാ രിച്ചു: “നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭ വിക്കേണ്ടതുതന്നെ; എന്നാൽ അത് അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ (മത്തായി 24:6-8). യെരുശലേമിന്റെ നാശത്തോടുകൂടി ഈ പ്രവചന ഭാഗത്തിന് ഭാഗികമായ ഒരു നിറവേറൽ ഉണ്ടായിയെങ്കിലും അവയ്ക്കു കൂടുതൽ കാര്യാർത്ഥമുള്ളത് ഈ അന്ത്യകാലത്താണ്.—5T 753 (1899).

### ആകാശത്തിലെ അടയാളങ്ങൾ

യേശു ഇപ്രകാരം പറഞ്ഞു: പാപ്പാത്വ പീഡനം അവസാനിക്കാറാ കുമ്പോൾ, സൂര്യൻ ഇരുണ്ടുപോകുകയും ചന്ദ്രൻ പ്രകാശം കൊടു

ക്കാതിരിക്കുകയും ചെയ്യും. അതുകഴിഞ്ഞ് നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും. അവൻ ഇങ്ങനെ പറയുന്നു: "അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽതന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ" മത്തായി 24:32,33. അവന്റെ വരവിന്റെ അടയാളങ്ങളെ സംബന്ധിച്ച് യേശു വിശദമായി പഠിപ്പിച്ചു. അങ്ങനെ നിങ്ങൾ ഇത് ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽതന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ എന്ന് അവൻ പ്രഖ്യാപിച്ചിരിക്കുന്നു. ഈ അടയാളങ്ങളെ കാണുന്നവരെ സംബന്ധിച്ച് അവൻ ഇങ്ങനെ പറയുന്നു: "ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല." ഈ അടയാളങ്ങളൊക്കെ പ്രത്യക്ഷപ്പെട്ടു. യേശുവിന്റെ വരവ് അടുത്തു എന്ന് ഇപ്പോൾ നമുക്കു ഉറപ്പുണ്ട്.–DA 632 (1898).

## ഭൂമിയിലെ അടയാളങ്ങൾ

യേശു ഇങ്ങനെ പ്രഖ്യാപിച്ചു: "സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും." (ലൂക്കൊസ് 21:25; മത്താ. 24:29; മർക്കൊസ് 13:24-26; വെളി. 6:12-17). അവന്റെ വരവിന്റെ മുന്നോടിയായിട്ടുള്ള ഈ സംഭവങ്ങൾ കാണുന്നവർ അവൻ വാതിൽക്കൽ എത്തിയിരിക്കുന്നു എന്ന് അറിഞ്ഞിരിക്കേണ്ടതാണ് (മത്തായി 24:33) GC 37,38 (1911).

ലോകത്തിൽ സമാധാനം നഷ്ടപ്പെട്ടിരിക്കുന്നു. പരിഭ്രമത്തിന്റെ നാളുകൾ നമ്മുടെമേൽ വന്നിരിക്കുന്നു. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നവർ "ഇത് ഞാൻ തന്നെയാണ്; ഭയപ്പെടരുത്" എന്നു പറയുന്ന അവന്റെ ശബ്ദം കൊടുങ്കാറ്റിന്റെ മദ്ധ്യേ കേൾക്കും.–ST Oct. 9 (1901).

അപരിചിതവും സംഭവബഹുലവുമായ ചരിത്രം സ്വർഗ്ഗത്തിലെ പുസ്തകങ്ങളിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ മഹാദിവസത്തിനു തൊട്ടുമുമ്പ് സംഭവിക്കേണ്ടവയാണത്. ലോകത്തിൽ ഇന്ന് സകലവും താറുമാറായിക്കൊണ്ടിരിക്കുന്നു.–3MR 313 (1908).



## കള്ളപ്രവാചകന്മാർ

"കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും" എന്ന് യേശു യെരുശലേമിന്റെ നാശത്തെ സംബന്ധിച്ചുള്ള അടയാളങ്ങളിൽ ഒരെണ്ണമെന്നവണ്ണം പറയുകയുണ്ടായി (മത്തായി 24:11). കള്ളപ്രവാചകന്മാർ എഴുന്നേറ്റ് ജനത്തെ വഞ്ചിക്കുകയും വലിയൊരു കൂട്ടത്തെ മരുഭൂമിയിലേക്കു നയിക്കുകയുംതന്നെ ചെയ്തു. മന്ത്രവാദികളും ആഭിചാരകന്മാരും അവർക്കു അത്ഭുതശക്തിയുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് ജനത്തെ അവർക്കുപിന്നാലെ പർവ്വതങ്ങളുടെ ഏകാന്തതയിലേക്കു വലിച്ചുകൊണ്ടുപോയി. എന്നാൽ ഈ പ്രവചനം അന്ത്യകാലത്തേക്കും കൂടിയുള്ളതാണ്. ഈ അടയാളം തന്നിരിക്കുന്നത് യേശുവിന്റെ വീണ്ടും വരവിന്റെ അടയാളമായിട്ടാണ്.–DA 631 (1898).

വ്യാജ അവകാശങ്ങൾ നാം നേരിടേണ്ടിവരും. കള്ളപ്രവാചകന്മാർ എഴുന്നേൽക്കും. വ്യാജസ്വപ്നങ്ങളും വ്യാജ ദർശനങ്ങളും ഉണ്ടാകും. എന്നാൽ ദൈവവചനം പ്രസംഗിക്കുക. അവന്റെ വചനത്തിൽ നിന്നും ഒരിക്കലും അകന്നുപോകരുത്.–2 SM 49 (1894).

ദൈവത്തിൽനിന്നു ലഭിച്ചു എന്ന് പ്രത്യേകിച്ച് അവകാശപ്പെട്ടുകൊണ്ട്, ദൈവം ഒരിക്കലും സ്ഥാപിക്കാത്തതും തെറ്റിദ്ധരിക്കപ്പെട്ടതുമായ ആശയങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുകയും അവരെ നയിക്കുകയും ചെയ്യുന്ന അനേകരെ ദൈവം എനിക്കു കാണിച്ചുതന്നു. ആശയക്കുഴപ്പമാണ് അതിന്റെ അനന്തരഫലം. അവന്റെ ഹിതമെന്താണെന്ന് വ്യക്തിപരമായി മനസ്സിലാകത്തക്കവണ്ണം ഓരോരുത്തരും അവനിൽനിന്ന് ആത്മാർത്ഥമായി പഠിക്കട്ടെ.–2 SM 72 (1893).

## ഒരു വ്യാജ പ്രവാചകനുമായുള്ള ഒരനുഭവം

ഞങ്ങൾക്കെല്ലാവർക്കും ഒരു അപരിചിതനും, എന്നാൽ വിക്ടോറിയയിൽ (ആസ്ത്രേലിയ) നിന്നുമുള്ള ഒരു സഹോദരനാണെന്ന് അവകാശപ്പെടുകയും ചെയ്ത ഒരു യുവാവ് കഴിഞ്ഞ രാത്രിയിൽ ഞങ്ങളെ വിളിക്കുകയും സഹോദരി വൈറ്റിനെ കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇത് ഒരു വൈകുന്നേരമായിരുന്നു. ഞാൻ അവനെ കാണുവാൻ കൂട്ടാക്കിയില്ല. എങ്ങനെയായിരുന്നാലും, അവനോട് രാത്രിയിൽ ഞങ്ങളോടൊപ്പം നിന്ന് രാവിലെ പ്രാതൽ കഴിക്കുവാൻ ഞങ്ങൾ ക്ഷണിച്ചു. പതിവുപോലെയുള്ള ഞങ്ങളുടെ പ്രഭാതധ്യാനത്തിനുശേഷം, ഞങ്ങളുടെ വിവിധ വേലകളിലേക്കു പോകുവാനൊരുങ്ങിയ

പ്പോൾ അദ്ദേഹം എഴുന്നേറ്റ് ഒരു ആജ്ഞാസ്വരത്തിൽ ഞങ്ങളോടിരിക്കുവാൻ ആവശ്യപ്പെട്ടു. "നിങ്ങളുടെ കയ്യിൽ ഏതെങ്കിലും പാട്ടുപുസ്തകമുണ്ടോ? നമുക്കൊരു പാട്ടുപാടാം, അതിനുശേഷം നിങ്ങൾക്കു തരുവാൻ എന്റെ പക്കൽ ഒരു ദൂതുണ്ട്" എന്ന് അദ്ദേഹം പറഞ്ഞു. "നിങ്ങൾക്കു ഒരു ദൂതുണ്ടെങ്കിൽ വൈകിക്കാതെ അതു തരുക, കാരണം ഞങ്ങൾ അമേരിക്കൻ മെയിലിൽ കയറുവാൻ ബദ്ധപ്പെട്ടൊരുങ്ങുകയാണ്. ഞങ്ങൾക്കു നഷ്ടപ്പെടുത്തുവാൻ സമയമില്ല" എന്ന് ഞാൻ പറഞ്ഞു. ന്യായവിധി ജീവനുള്ളവരുടെ മേൽ ഇപ്പോൾ ആരംഭിച്ചിരിക്കുന്നു.... എന്ന് മറ്റുള്ളവയുടെകൂടെ എഴുതിയിരുന്നത് അദ്ദേഹം വായിക്കുവാൻ ആരംഭിച്ചു.

അദ്ദേഹം തുടർന്നു സംസാരിച്ചുകൊണ്ടിരുന്നതൊക്കെ ഞാൻ ശ്രദ്ധിച്ചതിനുശേഷം ഇങ്ങനെ പറഞ്ഞു: "എന്റെ സഹോദരാ, നിങ്ങൾ കൃത്യമായി നിങ്ങളുടെ ശരിയായ മനസ്സിലല്ല. നിങ്ങളുടെ ദൂത് ഞങ്ങളെ എങ്ങനെ ബന്ധപ്പെടുത്തുന്നു എന്ന് കൃത്യമായി പറയുക. ദയവു ചെയ്ത് ഉടൻതന്നെ അറിയിക്കുക. നിങ്ങളുടെ മനസ്സ് അമിതമായി ഞെരുക്കപ്പെടുകയും നിങ്ങളുടെ വേലയെ നിങ്ങൾ തെറ്റായി മനസ്സിലാക്കിയിരിക്കുകയുമാണ്. നിങ്ങൾ പറഞ്ഞതിലധികവും ബൈബിൾ പ്രകാരമാണ്, അതിൽ ഓരോ വാക്കും ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ നിങ്ങൾ അമിതമായി ഇളകിയിരിക്കുകയാണ്. ദയവുചെയ്ത് ഞങ്ങൾക്കുവേണ്ടി നിങ്ങളുടെ പക്കൽ എന്താണോ ഉള്ളത് അത് ഞങ്ങളെ അറിയിക്കുക."

ഉടൻതന്നെ സംഗതികൾ ക്രമീകരിച്ച് ഞങ്ങൾക്കു ബാറ്റിൽ ക്രീക്കിലേക്കു പോകണം എന്ന് അദ്ദേഹം പറഞ്ഞു. ഞാൻ കാരണം ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ജീവിച്ചിരിക്കുന്നവരുടെ മേൽ ന്യായവിധി ആരംഭിച്ചു" എന്ന സന്ദേശം കൊടുക്കുന്നതിന്". ഞാൻ ഉത്തരം പറഞ്ഞു, "ചെയ്യുവാൻ തക്കവണ്ണം ദൈവം ഞങ്ങളെ ഏല്പിച്ച വേല തീർന്നില്ല. വേല ഇവിടെ തീരുമ്പോൾ ഞങ്ങളുടെ ചുമതലയെ സംബന്ധിച്ച് നിങ്ങളെ പഠിപ്പിക്കുന്നതിനുപകരം ബാറ്റിൽ ക്രീക്കിലേക്കു നീങ്ങുന്നതിന് സമയമായി എന്ന് ദൈവം ഞങ്ങളെ അറിയിക്കും എന്നത് ഉറപ്പാണ്."അദ്ദേഹത്തെ സഹോദരൻ സ്റ്റാറിനെ ഏല്പിച്ചതിനുശേഷം ഞാൻ എഴുതുവാൻ തുടങ്ങി.

സഹോദരി വൈറ്റ് വളരെ ദയയോടെ, എന്നാൽ അധികാരത്തോടെ അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അയാൾ ഒരു തെറ്റുചെയ്തു എന്നും തന്നെ ഇത്രയും ബലവത്തായി നയിച്ച ആശയങ്ങൾ ഐകരൂപ്യമുള്ളതോ അഥവാ ന്യായമായതോ അല്ലായിരുന്നു എന്നും കണ്ടു. എന്ന് സഹോദരൻ സ്റ്റാറിനോട് പറഞ്ഞു. നമ്മുടെ കുടുംബം പത്ത് അംഗങ്ങളടങ്ങുന്ന വലിയ കുടുംബമാണെങ്കിലും മൂന്നു സന്ദർശകരോടൊപ്പം ഈ യുവാവിനെയും ഒരു സമയത്തേക്കു താമസിപ്പിക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. അവനോട് പരുഷമായി ഇടപെടുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന ജനത്തോടൊപ്പം അവൻ പോകുകയോ അവന്റെ "വെളിപ്പാടുകൾ" ആവർത്തിക്കുകയോ ചെയ്യുന്നത് ഞങ്ങൾക്കു താല്പര്യമില്ലായിരുന്നു. ഞങ്ങൾക്കു അവനോടൊപ്പം സഹകരിക്കുവാൻ കഴിയുന്നിടത്തും കഴിയുമെങ്കിൽ ഉറപ്പുള്ളതും സുരക്ഷിതവുമായ പാതയിൽ നയിക്കുവാനുംവേണ്ടി അല്പസമയം ഞങ്ങളോടൊപ്പം ആയിരിക്കണമെന്ന് ആഗ്രഹിച്ചു.–Letter 66 (1894).

## തീറ്റിയും കുടിയും അജിതേന്ദ്രിയത്വവും

നമ്മുടെ ലോകത്തിലെ വലിയ സാന്മാർഗ്ഗിക അധഃപതനത്തിന്റെ അടിസ്ഥാനം തീറ്റിയും കുടിയും അജിതേന്ദ്രിയത്വവുമാണ്. ഇതിനെ സംബന്ധിച്ച് സാത്താൻ ബോധവാനും ആരോഗ്യത്തെ നശിപ്പിച്ചും ചിലപ്പോൾ ജീവനെത്തന്നെ ബലികഴിച്ചുകൊണ്ടും ഇതിന്റെ രുചിയിൽ മുഴുകുവാൻ സ്ത്രീപുരുഷന്മാരെ അവൻ നിരന്തരം പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ തീറ്റിയും കുടിയും വസ്ത്രധാരണവും ജീവിതലക്ഷ്യമായി മാറിയിരിക്കുകയാണ്. ഇപ്രകാരമുള്ള ഒരു സ്ഥിതി വിശേഷം ജലപ്രളയത്തിനുമുമ്പ് നിലവിലുണ്ടായിരുന്നു. അപകടകരമായ ഭോഗങ്ങളിൽ മുഴുകുന്ന അവസ്ഥ ഈ ലോകചരിത്രം എത്രയും വേഗം അവസാനിക്കുമെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്.–Letter 34 (1875).

ജലപ്രളയത്തിനുമുമ്പുണ്ടായിരുന്ന ലോകത്തെ സംബന്ധിച്ച് വചനം നൽകിയിരിക്കുന്ന ചിത്രം, ആധുനിക സമൂഹം തിടുക്കത്തിൽ എത്തിച്ചേർന്നുകൊണ്ടിരിക്കുന്ന അവസ്ഥയെയുംകൂടി പ്രതിനിധീകരിക്കുന്നു.–PP 102 (1890).

കർത്താവ് വേഗം വരുന്നു എന്ന് നമുക്കറിയാം. ലോകം നോഹയുടെ കാലത്ത് ആയിരുന്നതുപോലെ ആയിക്കൊണ്ടിരിക്കുകയാണ്. ഇത് സ്വാർത്ഥത നിറഞ്ഞ ഭോഗങ്ങളിൽ മുഴുകിക്കൊണ്ടിരിക്കുന്നു. അമിതമായ തീറ്റിയിലേക്കും കുടിയിലേക്കും നീങ്ങിക്കഴിഞ്ഞു. മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കുന്ന വിഷം നിറഞ്ഞ മദ്യമാണ് മനുഷ്യൻ കുടിക്കുന്നത്.–Letter 308 (1907).

## അക്രമ പ്രവൃത്തികൾ

നോഹയുടെ കാലത്ത് പ്രബലമായ ഭൂരിപക്ഷം സത്യത്തെ എതിർക്കുകയും വ്യാജമായവയിൽ ആകൃഷ്ടരാകുകയും ചെയ്തിരുന്നു. ദേശം അക്രമംകൊണ്ട് നിറഞ്ഞിരുന്നു. യുദ്ധം, കുറ്റകൃത്യം, കൊല എന്നിവ ദിവസത്തിന്റെ ആജ്ഞയായിരുന്നു. അതുപോലെതന്നെയാണ് യേശുവിന്റെ വരവിനു തൊട്ടുമുമ്പുള്ള കാലവും.–1 BC 1090 (1891)

തൊഴിൽ സംഘടനകളുടെ അവകാശങ്ങൾക്ക് ചെവികൊടുത്തില്ലെങ്കിൽ അവർ പെട്ടെന്ന് ക്ഷുഭിതരായി അക്രമത്തിലേക്കു നീങ്ങുന്നു. ഭൂലോകവാസികൾക്കു ദൈവവുമായുള്ള ചേർച്ചയില്ലായ്മ കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു. തിന്മ പ്രവർത്തിക്കുന്നവർ സാത്താന്റെ നേതൃത്വത്തിലുള്ള ദുഷ്പ്രവൃത്തിക്കാരുടെ മുന്നേറ്റം വിശദീകരിക്കുന്നതിനെ വിശദമാക്കുവാൻ ഒരു ശാസ്ത്രീയ സിദ്ധാന്തത്തിനും കഴിയുകയില്ല. കൂട്ടം കൂടുന്ന ഓരോ സ്ഥലത്തും അക്രമപ്രവൃത്തികൾ നടത്തുവാൻ മനുഷ്യരെ ഇളക്കിവിടുന്നതിന് ദുഷ്ടദൂതന്മാർ കർമ്മനിരതരാണ്....

ദൈവംതന്നെ അവന്റെ തേജസ്സിൽ വെളിപ്പെടത്തക്കവിധം മനുഷ്യന്റെ വിവരക്കേടും ക്രൂരതയും അത്ര അധികമായിത്തീരും. നോഹയുടെ കാലത്തെന്നപോലെ, എത്രയും പെട്ടെന്ന് ലോകത്തിന്റെ ദുഷ്ടത അതിന്റെ അത്യുച്ചകോടിയിലെത്തുകയും ദൈവം അവന്റെ ന്യായവിധി അയയ്ക്കുകയും ചെയ്യും.–UL 334 (1903).

നാം കേൾക്കുന്ന കൊള്ളയും കൊലയും തീവണ്ടി അപകടങ്ങളും അക്രമപ്രവൃത്തികളും സകലതിന്റെയും അവസാനം അടുത്തിരിക്കുന്നു എന്ന് വിളിച്ചറിയിക്കുന്നു. ഇപ്പോൾ, ഇപ്പോൾതന്നെ, കർത്താവിന്റെ രണ്ടാംവരവിനുവേണ്ടി ഒരുങ്ങേണ്ടിയിരിക്കുന്നു.–Letter 308 (1907).

## യുദ്ധവും വിപത്തുകളും

കൊടുങ്കാറ്റു വരുന്നു. ദൈവമുമ്പാകെ അനുതാപഹൃദയത്തോടും കർത്താവിലുള്ള വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ടും അതിന്റെ കോപത്തെ എതിരിടുവാൻ നാം ഒരുങ്ങിയിരിക്കണം. ഈ ഭൂമിയെ അതിഭയങ്കരമായി പിടിച്ചുലയ്ക്കുവാൻ ദൈവം എഴുന്നേൽക്കും. നമുക്കു ചുറ്റുപാടും നാം വിഷമതകൾ കാണും. ആയിരക്കണക്കിനു കപ്പലുകൾ സമുദ്രത്തിന്റെ ആഴങ്ങളിൽ മുങ്ങിപ്പോകും. നാവികസേനകൾ വെള്ളത്തിൽ താണുപോകും. ദശലക്ഷക്കണക്കിനു മനുഷ്യജീവിതങ്ങൾ പട്ടുപോകും. അപ്രതീക്ഷിതമായി അഗ്നി പൊട്ടിപ്പുറപ്പെടും.



മനുഷ്യന് അവയെ ശമിപ്പിക്കുവാൻ കഴിയുകയില്ല. ഭൂമിയിലെ കൊട്ടാരങ്ങൾ അഗ്നിയാൽ എരിഞ്ഞുപോകും. തീവണ്ടി അപകടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കും. യാത്രാമദ്ധ്യേ ഒരു മുന്നറിയിപ്പും കൂടാതെ കുഴപ്പങ്ങളും ഏറ്റുമുട്ടലുകളും മരണവും സംഭവിക്കും. അവസാനം അടുത്തിരിക്കുന്നു. കൃപയുടെ വാതിൽ അടയുവാൻ സമയമായി. അതേ, ***അവൻ സമീപസ്ഥനായിരിക്കുമ്പോൾ അവനെ അന്വേഷിക്കുവിൻ!.***–MYP. 89, 90 (1890).

ലോകത്തിന്റെ അന്ത്യനാളുകളിൽ യുദ്ധം കൊടുമ്പിരിക്കൊള്ളും. മഹാമാരിയും ബാധയും ക്ഷാമവും അവിടവിടെ ഉണ്ടാകും. ആഴിയിലെ ജലം അതിന്റെ അതിരു കവിഞ്ഞൊഴുകും. അഗ്നിയാലും വെള്ളത്താലും വസ്തുവകകളും ജീവനും നശിച്ചുപോകും. ക്രിസ്തുവിനെ സ്നേഹിക്കുന്നവർക്കുവേണ്ടി അവൻ ഒരുക്കുവാൻ പോയിരിക്കുന്ന വാസസ്ഥലം അവകാശമാക്കുവാൻ നാം ഒരുങ്ങിയിരിക്കണം.–Mar 174 (1897).

## വലിയ അഗ്നിഗോളങ്ങൾ

കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ, ഞാൻ എഴുന്നേൽക്കുന്നതിനു മുമ്പ്, സ്പർശിക്കപ്പെടത്തക്ക ഒരു ദൃശ്യം എന്റെ മുമ്പിലൂടെ കടന്നുപോയി. ഞാൻ ഉറക്കത്തിൽനിന്നു ഉണരുന്നതുപോലെ എനിക്കു തോന്നി. എന്നാൽ ഞാൻ എന്റെ ഭവനത്തിലല്ലായിരുന്നു. ജനാലയിലൂടെ ഒരു ഭയാനകമായ അഗ്നിബാധ ഞാൻ കണ്ടു. വലിയ അഗ്നിഗോളങ്ങൾ വീടുകളുടെ മേൽ വീഴുകയായിരുന്നു. ഈ അഗ്നിഗോളങ്ങളിൽനിന്നും തീയമ്പുകൾ എല്ലാ ദിക്കിലേക്കും പറന്നു. അഗ്നി ശമിപ്പിക്കുക അസാദ്ധ്യമായിരുന്നു. അനേക സ്ഥലങ്ങൾ നശിച്ചു. ജനത്തിന്റെ ഭീതി അവർണ്ണനീയമായിരുന്നു. അല്പസമയത്തിനുശേഷം ഉണരുകയും ഞാൻ എന്റെ ഭവനത്തിലാണെന്ന് കാണുകയും ചെയ്തു.–Ev. 29 (1906).

വലിയ അഗ്നിഗോളങ്ങൾ ചില മനോഹരമായ കൊട്ടാരങ്ങളുടെമേൽ പതിച്ച് അവയുടെ നാശത്തിനു കാരണമാകുന്നത് ഞാൻ കണ്ടു. ചിലർ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: ***"ദൈവത്തിന്റെ ന്യായവിധി ഭൂമിമേൽ വരുന്നു എന്ന് ഞങ്ങൾക്കറിയാം, എന്നാൽ ഇവ ഇത്ര പെട്ടെന്നു വരുമെന്നുള്ളത് അറിഞ്ഞുകൂടായിരുന്നു". "നിങ്ങൾ അറിഞ്ഞു! നിങ്ങൾ എന്തുകൊണ്ട് ഞങ്ങളോട് പറഞ്ഞില്ല? ഞങ്ങൾ***

***ഇതറിഞ്ഞില്ലല്ലോ"*** എന്ന് മറ്റുചിലർ അതിദുഃഖത്തോടെ പറയുന്നത് കേട്ടു.—9T 28 (1909) .

## ഭൂമികുലുക്കവും വെള്ളപ്പൊക്കവും

ശത്രു പ്രവർത്തിച്ചു, ഇപ്പോഴും പ്രവർത്തിക്കുന്നു. മഹാശക്തിയോടെ അവൻ താഴേക്കു വന്നിരിക്കുന്നു. നാം പെൻസിൽവാനിയയെ നോക്കേണ്ടിയിരിക്കുന്നു. ഒരു അണക്കെട്ട് തകർന്നതിന്റെ ഫലമായി ആ പട്ടണം തുടച്ചുമാറ്റപ്പെട്ടു. അതിൽനിന്നും സാത്താനെ അവൻ തടഞ്ഞില്ല. ലോകത്തിന്റെ അന്ത്യംവരെ ഇവ വർദ്ധിച്ചുകൊണ്ടിരിക്കും.—1 SAT 109 (1889).

ഭൂമിയുടെ അന്തർഭാഗത്ത് ഒളിപ്പിച്ചിരിക്കുന്ന മൂലകങ്ങൾ പൊട്ടിത്തെറിച്ച് ഭൂമി പൊട്ടിപ്പിളരും. ഈ മൂലകങ്ങൾ ഒരിക്കൽ പൊട്ടിത്തെറിച്ചാൽ മനുഷ്യർ സ്വരൂപിച്ചുവച്ചിരിക്കുന്ന സമ്പത്തുകളെല്ലാം തുടച്ചുമാറ്റപ്പെടും. സകലതിന്റെയും അന്ത്യം വന്നിരിക്കകൊണ്ട് മതപരമായ ലോകത്തും ഭയങ്കര കുലുക്കം സംഭവിക്കും.—3MR 208 (1891).

ഒരു നിമിഷം നാം ഉറച്ച തറയിൽ നിൽക്കുകയും അടുത്ത നിമിഷം നമ്മുടെ പാദത്തിനടിയിൽ ഭൂമി വീർപ്പിടുകയും ചെയ്യുന്ന നിമിഷം എത്തിയിരിക്കുന്നു. ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത് ഭൂമികുലുക്കങ്ങൾ ഉണ്ടാകും.—TM 421 (1896).

"ദൈവത്തിന്റെ ആത്മാവ് സദാകാലവും മനുഷ്യനോട് സംവാദിക്കുകയില്ല" എന്ന മുന്നറിയിപ്പ് അഗ്നി, വെള്ളപ്പൊക്കം, ഭൂമികുലുക്കം, സമുദ്രത്തിലും കരയിലുമുണ്ടാകുന്ന ദുരന്തങ്ങൾ എന്നിവയിലൂടെ കൊടുത്തുകൊണ്ടിരിക്കുകയാണ്.—3 MR 315 (1897).

മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനു മുമ്പ് പ്രകൃതിയിലുള്ള സകലവും പ്രകമ്പനം കൊള്ളും. ആകാശത്തുനിന്നുമുള്ള മിന്നൽ ഭൂമിയിലുള്ള അഗ്നിയുമായി ചേർന്ന് പർവ്വതങ്ങൾ തീച്ചൂളപോലെ എരിയുവാൻ ഇടയാക്കുകയും അവയുടെ ലാവ പെരുവെള്ളംപോലെ ഗ്രാമങ്ങളിലേക്കും പട്ടണങ്ങളിലേക്കും ഒഴുകുകയും ചെയ്യും. ഭൂമിക്കടിയിൽ ഒളിപ്പിച്ചിരിക്കുന്ന മൂലകങ്ങളുടെ ഉയർച്ച കാരണം ഉരുകിയ പാറയുടെ കൂമ്പാരം വെള്ളത്തിൽ വീണ് വെള്ളം തിളയ്ക്കും. അതിഭയങ്കരമായ ഭൂമികുലുക്കങ്ങൾ ഉണ്ടാകുകയും മനുഷ്യ ജീവിതങ്ങളുടെ വൻ നാശം സംഭവിക്കുകയും ചെയ്യും.—7BC 946 (1907).



## കുറ്റകൃത്യം, ക്ഷാമം, മഹാമാരി

സാത്താൻ അന്തരീക്ഷത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; അവൻ അന്തരീക്ഷത്തെ വിഷമയമാക്കിക്കൊണ്ടിരിക്കുന്നു. ഇവിടെ നാം നമ്മുടെ ഇപ്പോഴുള്ളതും നിത്യവുമായ ജീവനുവേണ്ടി ദൈവത്തെ ആശ്രയിക്കുന്നു. ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നു നാം സ്തംഭിച്ചുപോയതുപോലെ ഇരിക്കുന്നു. സ്വർഗ്ഗത്തിലെ ദൈവം നമ്മെ ഉണർത്തുന്നു.—2SM 52 (1890).

മാരകവും അനാരോഗ്യകരവുമായ എന്തെങ്കിലുമൊക്കെക്കൊണ്ട് ജീവന്റെയും പോഷകാഹാരത്തിന്റെയും ഉറവിടങ്ങളിൽ ഒരെണ്ണമായ വായുവിനെ വിഷമയമാക്കുന്ന വേലയിൽ നിന്നും അന്ധകാരശക്തികളെ ദൈവം വിലക്കിയിട്ടില്ല. മഹാമാരിയിലൂടെ കായ്കറി മാത്രമല്ല മനുഷ്യനും കഷ്ടത അനുഭവിക്കുന്നു.... ഈ വകയെല്ലാം ദൈവകോപത്തിന്റെ പാത്രത്തിൽനിന്നും ഭൂമിമേൽ ചൊരിയുന്ന ക്രോധമദ്യത്തിന്റെ[3] അനന്തരഫലങ്ങളും ഭാവിയിൽ എന്തായിരിക്കും എന്നതിന്റെ മങ്ങിയ പ്രതിനിധാനങ്ങളും മാത്രമാണ്.—3SM 391 (1891).

[3]ദൈവം അനുവദിക്കുകയോ തടയാത്തതോ ആയവയിൽ അവൻ ഉത്തരവാദിത്വമെടുക്കുന്നു. (കാണുക: പുറപ്പാട് 7:3; 8:32; 1 ദിനവൃത്താന്തം 10:4,13,14).

ക്ഷാമം വർദ്ധിക്കും. മഹാമാരി ആയിരങ്ങളെ തുടച്ചുനീക്കും. പുറത്തുനിന്നും സാത്താന്റെ അകമെയുള്ള പ്രവർത്തനങ്ങളിൽനിന്നും ചുറ്റുപാടും അപകടങ്ങളുണ്ട്, എന്നാൽ ദൈവത്തിന്റെ നിയന്ത്രണ ശക്തി ഇപ്പോൾ പ്രവർത്തനിരതമാണ്.—19MR 382 (1897).

ഈ ഭൂമിയിൽനിന്നും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പിൻവലിച്ചുകൊണ്ടിരിക്കുന്നു എന്ന് എനിക്കു കാണിച്ചുതന്നു. ദൈവത്തിന്റെ കല്പനകളെ തുടർച്ചയായി തള്ളിക്കളയുന്നവർ ദൈവത്തിന്റെ സംരക്ഷണശക്തിയെ പെട്ടെന്ന് തള്ളിക്കളയും. കൃത്രിമ ഇടപാടുകൾ, കൊലപാതകങ്ങൾ, എല്ലാവിധത്തിലുമുള്ള കുറ്റകൃത്യങ്ങൾ എന്നിവ ദിനന്തോറും നമ്മുടെ മുമ്പിൽ എത്തിക്കൊണ്ടിരിക്കുന്നു. ഇവ നമ്മുടെ ഇന്ദ്രിയങ്ങളെ ഒരിക്കൽ ആഘാതമേല്പിച്ചതുപോലെ ഇനി ഒരിക്കലും ചെയ്യാതവണ്ണം അധർമ്മം നിത്യസംഭവങ്ങളായിരിക്കുന്നു.—Letter 258 (1907).

## ദുരന്തങ്ങളിലെ ദൈവോദ്ദേശ്യം

സമുദ്രത്തിലെ ഭയാനകമായ ദുരന്തങ്ങൾ അർത്ഥമാക്കുന്നത് എന്താണ്? ഒരു മുന്നറിയിപ്പും കൂടാതെ കപ്പലുകൾ നിത്യതയിലേക്കു

ചുഴറ്റി എറിയപ്പെടുന്നു. കരയിലെ അപകടങ്ങൾ അർത്ഥമാക്കുന്നതെന്താണ്? മനുഷ്യർ സ്വരൂപിച്ച ധനം അഗ്നിക്കിരയാകുന്നു. അവയിലധികവും സാധുക്കളെ പിഴിഞ്ഞുണ്ടാക്കിയതുമാണ്. ദൈവത്തിന്റെ കല്പനയും ഉടമ്പടിയും ലംഘിക്കുകയും വിശുദ്ധ ശബ്ബത്തിന്റെ സ്ഥാനത്ത് ഒരു വ്യാജ വിശ്രമദിവസത്തെ സ്വീകരിച്ചുകൊണ്ട് ശബ്ബത്തിനെ ചവിട്ടിമെതിക്കുകയും ചെയ്യുന്നവരുടെ വസ്തുവകകളെ സംരക്ഷിക്കുന്ന കാര്യത്തിൽ അവൻ ഇടപെടുകയില്ല.

സ്വർഗ്ഗത്തിൽനിന്നുള്ള അഗ്നിയുടെ ഒരു ശ്വാസംകൊണ്ടെന്നവണ്ണം ഏറ്റവും വിലയേറിയ കെട്ടിടങ്ങൾ തുടച്ചുമാറ്റപ്പെടുന്നതിലൂടെ ദൈവത്തിന്റെ ബാധകൾ ഭൂമിയിൽ വീണുതുടങ്ങിയിരിക്കുന്നു. ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരെ ഈ ന്യായവിധികൾ ചിന്തിക്കുവാൻ സഹായിക്കുന്നില്ലയോ? ലോകം ചെവികൊടുക്കുന്നതിനും പാപികൾ അവന്റെ മുമ്പിൽ ഭയന്നു വിറയ്ക്കുന്നതിനുമാണ് ഈവക ദുരന്തങ്ങൾ ഭൂമിമേൽ വരുന്നതിന് ദൈവം അനുവദിക്കുന്നത്.—3MR 311 (1902).

ഈ ദുരന്തങ്ങൾ വരുവാൻ അനുവദിക്കുന്നതിൽ ദൈവത്തിന് ഒരു ദ്ദേശ്യമുണ്ട്. ഇത് സ്ത്രീപുരുഷന്മാരെ അവരുടെ ബുദ്ധിയിലേക്കു കൊണ്ടുവരുന്നതിനുള്ള അവന്റെ വഴികളിലൊരെണ്ണമാണ്. ദൈവത്തിന്റെ വചനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നവയെ സംബന്ധിച്ച് സംശയിക്കുന്ന സ്വഭാവമുള്ള മനുഷ്യഹൃദയങ്ങളോടു പ്രകൃതിയിലെ അസാധാരണമായ പ്രതിഭാസങ്ങളിലൂടെ ദൈവം സംസാരിക്കുകയാണ്.—19 MR 279 (1902).

ഭൂമികുലുക്കവും ചുഴലിക്കാറ്റും കാരണം അഗ്നിയാലും വെള്ളത്താലും വസ്തുവകകളും ജീവനും അതിഭയങ്കരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് അടിക്കടി നാം കേൾക്കുന്നില്ലയോ? ഈ ദുരന്തങ്ങൾ പൂർണ്ണമായും മനുഷ്യന്റെ നിയന്ത്രണത്തിനപ്പുറമുള്ള പ്രകൃതിയുടെ ക്രമീകൃതമല്ലാത്തതും അനിയന്ത്രിതവുമായ ശക്തികളുടെ അസ്ഥിരമായ പൊട്ടിപ്പുറപ്പെടലാണ്. എന്നാൽ അവയിലെല്ലാം നമുക്കു ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ വായിക്കുവാൻ കഴിയും. നമ്മുടെ മുമ്പിൽ പതിയിരിക്കുന്ന അപകടങ്ങളെ സംബന്ധിച്ച് നമ്മെ ബോധമുള്ളവരാക്കിത്തീർക്കുവാനുള്ള മാധ്യമങ്ങളാണ് ഇവ.—PK 277 (c 1914).

## വരുവാൻ പോകുന്ന സംഭവങ്ങൾ ദൈവത്തിന്റെ കരങ്ങളിലാണ്

ഒരു ഭരണകർത്താവ് ഇല്ലാതെയല്ല ഈ ലോകം മുന്നോട്ട് പോകുന്നത്. വരുവാൻ പോകുന്ന സംഭവങ്ങളെല്ലാം ദൈവത്തിന്റെ കരങ്ങളി



ലാണ്. സ്വർഗ്ഗത്തിന്റെ മഹത്വമായവന് രാഷ്ട്രങ്ങളുടെ മേലും സഭയുടെമേലും ഒരു ഉദ്ദേശ്യമുണ്ട്.—5T 753 (1889)

പ്രതീകാത്മകമായ ഈ സൂചനകൾ (മരുഭൂമിയിലെ അഗ്നിസർപ്പങ്ങൾ) രണ്ടുമടങ്ങ് ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നു. അതിൽനിന്നും ദൈവജനം പഠിക്കുന്നത് ഭൗമികമായ ശക്തികളെ മാത്രമല്ല, ലോകത്തിലുള്ള മതപരമായ ഓരോ പ്രസ്ഥാനവും അവന്റെ നിയന്ത്രണത്തിൻ കീഴിലാണ് എന്ന വസ്തുതയാണ്. പ്രത്യേകിച്ച് ഞായറാഴ്ചാചാരത്തെ അടിച്ചേൽപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇത് സത്യമാണ്.—19 MR 281 (1902).

നമുക്കെങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയുവാൻ കഴിയാത്ത പരിഭ്രമങ്ങൾ അവസാന വേലയിൽ നേരിടേണ്ടിവരും, എന്നാൽ സ്വർഗ്ഗത്തിലെ മൂന്നു വൻശക്തികൾ പ്രവർത്തിക്കുന്നു എന്നും ഒരു ദിവ്യകരം ചക്രത്തിന്മേൽ ഉണ്ടെന്നും ദൈവം തന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുവാൻ ഇടയാക്കുമെന്നുമുള്ള വസ്തുതകൾ മറക്കരുത്.—Ev 65 (1902).

ചക്രത്തെപ്പോലെ പ്രത്യക്ഷപ്പെടുന്ന സങ്കീർണ്ണമായവ കെരൂബുകളുടെ ചിറകിൻ കീഴിലുള്ള കരത്തിന്റെ നടത്തിപ്പിൽ ആയിരുന്നതുപോലെ മനുഷ്യജീവിതത്തിലെ സംഭവങ്ങളുടെ സങ്കീർണ്ണമായ നാടകങ്ങൾ ദിവ്യനിയന്ത്രണത്തിൻ കീഴിലാണ്. കുഴപ്പങ്ങളുടെയും കോലാഹലങ്ങളുടെയുമിടയിൽ കെരൂബുകളുടെ മദ്ധ്യേ വസിക്കുന്നവൻ ഇപ്പോഴും ഭൂമിയിലെ സംഭവവികാസങ്ങളെ നടത്തുന്നു."—Ed 178 (1903). കാണുക: യെഹെ. 1:4,26; 10:8; ദാനീ. 4:17,25,32.

മാനവചരിത്രത്തിന്റെ താളുകളിൽ, രാഷ്ട്രങ്ങളുടെ വളർച്ചയും സാമ്രാജ്യങ്ങളുടെ ഉയർച്ചയും താഴ്ചയും മനുഷ്യന്റെ വീരപരാക്രമങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് തോന്നുന്നു. സംഭവങ്ങളുടെ രൂപകല്പന ഒരു വലിയ അളവുവരെ അവന്റെ ശക്തിയെയും ആഗ്രഹങ്ങളെയും അഥവാ മനസ്സിന്റെ ചാഞ്ചല്യത്തെയും ആശ്രയിച്ചാണെന്നു തോന്നുന്നു. എന്നാൽ ദൈവവചനത്തിൽ തിരശ്ശീല നീക്കപ്പെട്ടിരിക്കുകയും മുകളിലും പിന്നിലും മനുഷ്യന്റെ താല്പര്യങ്ങളുടെയും അധികാരങ്ങളുടെയും ഇംഗിതങ്ങളുടെയും അനുകൂലവും വിരുദ്ധവുമായ പ്രവർത്തനങ്ങളെയും സർവ്വ നന്മകളുടെയും ഉടയവന്റെ പ്രതിനിധികൾ നിശ്ശബ്ദമായും ക്ഷമയോടും അവന്റെ സ്വന്ത ഇഷ്ടമനുസരിച്ച് നടത്തിക്കൊണ്ടിരിക്കുന്നു എന്ന് നമുക്ക് കാണുവാൻ കഴിയുന്നു.—PK 499, 500 (c 1914)

### ഭൗമിക കാര്യങ്ങളിലുള്ള ദൈവത്തിന്റെ താല്പര്യം

ആദ്യ കൊലപാതകനെ ദൈവം നശിപ്പിക്കാതിരുന്നതിലൂടെ വൻപോരാട്ടത്തിന്മേലുള്ള ഒരു പാഠത്തെ സർവ്വലോകത്തിനും മുമ്പിൽ അവതരിപ്പിക്കുകയാണ് അവൻ ചെയ്തിരിക്കുന്നത്.... മത്സരത്തെ ഇല്ലായ്മ ചെയ്യുക മാത്രമല്ല, പിന്നെയോ സർവ്വലോകത്തിനും മുമ്പിൽ മത്സരത്തിന്റെ സ്വഭാവം വെളിപ്പെടുത്തുകകൂടിയാണ് അവൻ ഉദ്ദേശിച്ചത്.... ഭൂമിയിൽ നടന്നിരുന്ന സംഭവങ്ങളെ മറ്റു ലോകങ്ങളിലെ പരിശുദ്ധ നിവാസികൾ അതീവ താല്പര്യത്തോടെ നോക്കിപ്പാർക്കുകയായിരുന്നു....

അവന്റെ വൻപദ്ധതിയുടെ പടിപ്പടിയായുള്ള പൂർണ്ണ നിറവേറലിന്മേലുള്ള സർവ്വ ലോകത്തിന്റെയും അംഗീകാരവും അഭിപ്രായൈക്യവും ദൈവം തന്നോടൊപ്പം വഹിക്കുന്നു.—PP 78, 79 (1890).

മാനവകുലത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ക്രൂശുമരണം സ്വർഗ്ഗത്തെ മനുഷ്യനു പ്രാപ്യമാക്കുകയെന്നതു മാത്രമല്ല; എന്നാൽ സാത്താന്റെ മത്സരത്തെ കൈകാര്യം ചെയ്തതിലുള്ള ദൈവത്തിന്റെയും അവന്റെ പുത്രന്റെയും നീതി വെളിപ്പെടുത്തുകയായിരുന്നു ലക്ഷ്യം.—PP 68, 69 (1890).

നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിന്റെ അന്ത്യ ദൃശ്യങ്ങളെ പറഞ്ഞറിയിക്കുവാൻ കഴിയാത്ത താല്പര്യത്തോടെ അഖിലാണ്ഡം മുഴുവനും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു.—PK 148 (c.1914).

നമ്മുടെ ഈ ചെറുലോകം അഖിലാണ്ഡത്തിനു മുമ്പിൽ ഒരു പാഠപുസ്തകമാണ്.—DA 19 (1898)



## അധ്യായം മൂന്ന്

# അത് എപ്പോൾ സംഭവിക്കും?

### ശിഷ്യന്മാർ ക്രിസ്തുവിന്റെ വീണ്ടും വരവിനെക്കുറിച്ച് ചോദിക്കുന്നു

വലിയൊരു കൂട്ടം ജനം കേൾക്കത്തക്കവിധമായിരുന്നു ക്രിസ്തു സംസാരിച്ചത്, എന്നാൽ ക്രിസ്തു ഒലിവുമലയിൽ ഇരുന്നപ്പോൾ പത്രൊസ്, യോഹന്നാൻ, യാക്കോബ്, അന്ത്രെയോസ് എന്നിവർ തനിച്ച് അവന്റെ അടുക്കൽ വന്നു, "അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്" എന്നും പറഞ്ഞു തരേണം എന്ന് അപേക്ഷിച്ചു.

യേശു ശിഷ്യന്മാരോട് യെരുശലേമിന്റെ നാശത്തെയും അവന്റെ വീണ്ടും വരവിനെ സംബന്ധിച്ചും പ്രത്യേകമായി മറുപടിയൊന്നും ശിഷ്യന്മാരോട് പറഞ്ഞില്ല. എന്നാൽ ഈ രണ്ടു സംഭവങ്ങളെയും കോർത്തിണക്കിക്കൊണ്ട് യേശു സംസാരിച്ചു. ഭാവി സംഭവങ്ങളെ യേശു മുൻകൂട്ടി കണ്ട വിധത്തിൽ അവൻ ശിഷ്യന്മാരോട് സംസാരിച്ചിരുന്നെങ്കിൽ ആ ദൃശ്യത്തെ വഹിക്കുവാൻ അവർ പ്രാപ്തിയില്ലാത്തവരായി മാറുമായിരുന്നു. അവരോടുള്ള തന്റെ കരുണയിൽ, അവർ പഠിച്ച് അർത്ഥം ഗ്രഹിക്കത്തക്കവണ്ണം രണ്ടു മഹാസംഭവങ്ങളെയും ചേർത്ത് വിശദീകരിച്ചു.—DA 628 (1898).

### ക്രിസ്തുവിന്റെ വരവിന്റെ സമയം അറിയുന്നില്ല

തങ്ങൾ അഡ്വന്റിസ്റ്റുകാരെന്ന് തങ്ങളെത്തന്നെ വിളിക്കുന്ന അനേകരും സമയം നിശ്ചയിക്കുന്നവരാണ്. ക്രിസ്തുവിന്റെ വരവിന്റെ സമയം ഒന്നിനു പുറകെ മറ്റൊന്നായി നിശ്ചയിക്കുകയും അതിന്റെ ഫലം തുടർച്ചയായ പരാജയമായി മാറുകയും ചെയ്തുകൊണ്ടിരിക്കുന്നു. കർത്താവിന്റെ വരവിന്റെ കൃത്യസമയം മനുഷ്യന്റെ വിജ്ഞാനമണ്ഡലത്തിനുമപ്പുറമാണെന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. രക്ഷയ്ക്കു അവകാശികളായവർക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്ന മാലാഖമാർക്കുപോലും

ആ ദിവസവും നാഴികയും അറിഞ്ഞുകൂടാ. “ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല” (മർക്കൊ. 13:32).—4T 307 (1879).

ആത്മവർഷത്തിന്റെ സമയമോ ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ സമയമോ കൃത്യമായി നമുക്കറിഞ്ഞുകൂടാ.... ദൈവം ഈ അറിവ് നമുക്ക് തരാത്തതെന്തുകൊണ്ടാണ്? - അവൻ അത് ചെയ്താൽ സമയത്തെ നാം ശരിയാംവിധം ഉപയോഗിക്കുകയില്ല. വരുവാനുള്ള ആ മഹാദിവസത്തിൽ ഉറച്ചുനിൽക്കുന്നതിന് ഒരു ജനത്തെ ഒരുക്കുന്ന ദൈവവേലയെ ഒരു വലിയ അളവുവരെ തടസ്സപ്പെടുത്തുന്ന ഒരു അവസ്ഥയിലേക്കു ഈ പരിജ്ഞാനം നമ്മുടെ ജനത്തെ എത്തിക്കും. കാലത്തിന്റെ ഇളക്കത്തിനൊത്തു ജീവിക്കേണ്ടവരല്ല നാം....

ഒന്നോ രണ്ടോ അഥവാ അഞ്ചോ ആറോ വർഷത്തിനുള്ളിൽ യേശു വരുകയില്ല എന്നു പറയുവാൻ നമുക്കു കഴിയുകയില്ല. പത്തോ ഇരുപതോ വർഷത്തിനുള്ളിൽ അവൻ വരുകയില്ല എന്നോ പറയുവാൻ കഴിയുകയില്ല.—RH March 22 (1892).

നാം ദൈവത്തിന്റെ മഹാദിവസത്തോടു അടുത്തുകൊണ്ടിരിക്കുന്നു. അടയാളങ്ങൾ നിറവേറിക്കൊണ്ടിരിക്കുന്നു. എന്നിരുന്നാലും ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ നാളും നാഴികയും പ്രസ്താവിക്കപ്പെടുന്ന ഒരു ദൂത് നമുക്കില്ല. ആകാശമേഘങ്ങളിൽ കർത്താവ് രണ്ടാമത് പ്രത്യക്ഷപ്പെടുന്നതിനെ എതിരേൽക്കുന്നതിന് നാം എല്ലായ്പ്പോഴും ഒരുങ്ങി പ്രതീക്ഷയോടെ കാത്തിരിക്കുന്നതിനുവേണ്ടി ദൈവം ബുദ്ധിപൂർവ്വം നമ്മിൽ നിന്നും മറച്ചിരിക്കുന്നു.—Letter 28 (1897).

മനുഷ്യപുത്രന്റെ രണ്ടാംവരവിന്റെ കൃത്യമായ സമയം ദൈവത്തിന്റെ ഒരു മർമ്മമാകുന്നു.—DA 633 (1898).

## നമ്മുടേത് സമയം നിശ്ചയിക്കുന്ന ദൂതല്ല

മഹാ തേജസ്സോടും അധികാരത്തോടും യേശു രണ്ടാമത് വരുന്നതിനുമുമ്പ് കഴിഞ്ഞുപോകുമെന്ന് സമയത്തെപ്പറ്റി കൃത്യമായി വിശദമാക്കുന്ന ഒരു കൂട്ടം ജനമല്ല നാം. ചിലർ സമയം നിശ്ചയിച്ചിട്ടുണ്ട്, അത് കഴിഞ്ഞുപോകുമ്പോഴും അവരുടെ ധിക്കാരപരമായ ആത്മാവ് ശാസന സ്വീകരിക്കുകയില്ല, എന്നാൽ മറ്റൊരു സമയം നിശ്ചയിക്കും. അതുകഴിയുമ്പോൾ മറ്റൊരു സമയം. എന്നാൽ ഒന്നൊന്നായുള്ള പരാജയങ്ങൾ അവരെ കള്ളപ്രവാചകന്മാർ എന്നു മുദ്രകുത്തുന്നു. - FE 335 (1895)

ഈ ലോകത്തിന്റെ ചരിത്രം അവസാനിക്കുന്നതിനു ഇനി അഞ്ച് വർഷമുണ്ടെന്നോ പത്തുവർഷമുണ്ടെന്നോ ഇരുപതു വർഷമുണ്ടെന്നോ ഉള്ള ദൂത് ദൈവം ഒരു മനുഷ്യനും കൊടുക്കുന്നില്ല. അവന്റെ വരവിനുവേണ്ടിയുള്ള തയ്യാറെടുപ്പ് വൈകിപ്പിക്കുന്ന ഒരു ഒഴികഴിവും അവൻ ആർക്കും കൊടുക്കുന്നില്ല. വരും വരായ്കകളെക്കുറിച്ച് ചിന്തിക്കാതെ ആ മഹാദിവസത്തിനുവേണ്ടി നമ്മെ ഒരുക്കുന്ന അവസരങ്ങളെയും അവകാശങ്ങളെയും അവഗണിക്കുന്നതുകൊണ്ട് “എന്റെ യജമാനൻ വരുവാൻ താമസിക്കുന്നു” എന്നു ദുഷ്ടദാസൻ പറഞ്ഞതുപോലെ പറയുവാൻ ആരും ഉണ്ടായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല.—RH Nov. 27 (1900).

## സമയം നിശ്ചയിക്കൽ അവിശ്വാസത്തിലേക്കു നയിക്കുന്നു

തുടർച്ചയായി നിശ്ചയിക്കുന്ന സമയം കഴിഞ്ഞുപോകുന്നതു കാരണം, ക്രിസ്തുവിന്റെ ആസന്ന വരവിനെ സംബന്ധിച്ച് മുമ്പത്തെക്കാൾ അധികമായി ലോകം അവിശ്വാസത്തിന്റെ അവസ്ഥയിലെത്തിച്ചേർന്നിരിക്കുകയാണ്. സമയം നിശ്ചയിക്കുന്നവരുടെ പരാജയങ്ങളെ അവർ നിന്ദയോടുകൂടി കാണുന്നു. അങ്ങനെ മനുഷ്യർ വഞ്ചിക്കപ്പെടുന്നതു കാരണം സകലതിന്റെയും അന്ത്യം അടുത്തിരിക്കുന്നു എന്നു തിരുവചനം സ്ഥാപിച്ച സത്യത്തിൽനിന്നും തിരിഞ്ഞുകളയുന്നു.—4T 307 (1879).

അഞ്ചുവർഷത്തിനുള്ളിൽ യേശു വരുമെന്ന് പ്രസ്താവിച്ചുകൊണ്ട് ബ്രദർ ഈ.പി. ദാനിയൽസ് സമയം നിശ്ചയിച്ചു എന്ന് ഞാൻ മനസ്സിലാക്കുന്നു. നാം സമയം നിശ്ചയിക്കുന്നവരാണെന്നുള്ള ധാരണ വ്യാപകമായി പോകുകയില്ലെന്ന് ഞാൻ ആശിക്കുന്നു. അങ്ങനെയുള്ള ഒരു പരാമർശവും ഉണ്ടാകാതിരിക്കട്ടെ. അവ ഒരു നന്മയും ചെയ്യുകയില്ല. അങ്ങനെയുള്ള ഒന്നിന്റെയുംമേൽ ഒരു ഉണർവ്വ് ഉണ്ടാകുവാൻ അന്വേഷിക്കരുത്. എന്നാൽ ആവേശം കൊള്ളുന്നവർക്കു ഒന്നും പിടിച്ചെടുക്കുവാനും ആവേശഭരിതമായത് ഒന്നും ഇല്ലാതിരിക്കുവാനും ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കാതിരിക്കുവാനും ഉച്ചരിക്കപ്പെട്ടിരിക്കുന്ന ഓരോ വാക്കിന്മേലും അർഹമായ ജാഗ്രത പുലർത്തട്ടെ.

വികാരങ്ങളെ ഇളക്കുകയും തത്വങ്ങൾ നിയന്ത്രിക്കാതിരിക്കുകയും ചെയ്യുന്നിടത്ത് ജനത്തിന്റെ ആവേശത്തെ ഇളക്കുകയല്ല നമുക്ക് ആവശ്യം. ദോഷം ചെയ്യുന്നതിന് ഒരു ശക്തിയായിരിക്കുന്ന സാത്താന്റെ

കൗശലങ്ങളും തന്ത്രങ്ങളും തള്ളിക്കയറ്റുവാൻ സാത്താൻ തന്റെ പരമാവധി ശ്രമിക്കുന്നതുകൊണ്ട് നാം എല്ലാവശത്തുനിന്നും ജാഗ്രത പാലിക്കുന്നവരായിരിക്കണമെന്ന് എനിക്കു തോന്നുന്നു. ഇളക്കമുണ്ടാക്കുന്നതെന്തും ഒരു തെറ്റായ അടിസ്ഥാനത്തിന്മേൽ ആവേശം കൊള്ളിക്കുന്നതാണ്. അതിന്റെ പ്രതികരണം തീർച്ചയായും ഉണ്ടാകുമെന്നതുകൊണ്ട് നാം ഭയക്കേണ്ടിയിരിക്കുന്നു.—Letters 34 (1887).

അയയ്ക്കുന്നതിനുമുമ്പ് ഓടുകയും നിറവേറാത്ത പ്രവചനങ്ങൾ നിറവേറുന്ന തീയതിയും ദിവസവുമൊക്കെ തരുകയും ചെയ്യുന്നവരും ദൈവം നയിക്കുന്നവരെന്ന് അവകാശപ്പെടുന്നവരുമായ മനുഷ്യർ സഭയിൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കുകയും അവർ എപ്പോഴും വ്യാജവും ഭ്രാന്തവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യും. അവരുടെ ഒന്നൊന്നായുള്ള പരാജയങ്ങളും തെറ്റായ വഴികളിലേക്കുള്ള നടത്തിപ്പിൽ കുഴപ്പവും അവിശ്വാസവും ഉണ്ടാകുവാൻ കാരണമാവുകയും ചെയ്യുന്നതുകൊണ്ട് ശത്രുവായവൻ സന്തോഷിക്കുന്നു.—2SM 84 (1897).

## 1844–നുശേഷം ഒരു സമയപ്രവചനമില്ല

അവർ നമ്മുടെ പ്രതിയോഗിയായ സാത്താന്റെ വേല ചെയ്യുകയായിരുന്നു എന്ന് ഈ മതഭ്രാന്തരായ കക്ഷികളോട് ജാക്സൻ ക്യാമ്പ് യോഗത്തിൽവച്ച് ഞാൻ വ്യക്തമായി പ്രസ്താവിച്ചു; അവർ അന്ധകാരത്തിലായിരുന്നു. ഒക്ടോബർ മാസത്തിൽ കൃപയുടെ വാതിൽ അടയും എന്ന വലിയ വെളിച്ചം അവർക്കുണ്ടെന്ന് അവർ അവകാശപ്പെട്ടു. 1844 മുതൽ ദൈവം തരുന്ന ദൂതിൽ കൃത്യമായ സമയം ഉണ്ടായിരിക്കുകയില്ല എന്ന് ദൈവം കാണിച്ചുതന്നു എന്ന് ഞാൻ പരസ്യമായി പ്രസ്താവിച്ചു.—2SM 73 (1885).

1844 - ലെ പ്രാവചനിക കാലഘട്ടത്തിന്റെ സമാപനത്തിനും യേശുവിന്റെ വീണ്ടും വരവിന്റെ സമയത്തിനും ഇടയ്ക്ക് കടക്കുന്നതിന് സമയം പ്രഖ്യാപിക്കാതെ ജാഗ്രതയോടെ കാത്തിരിക്കുന്ന ഒന്നാണ് നമ്മുടെ സ്ഥാനം.—10MR 270 (1888).

കൃത്യമായ സമയത്തെ സംബന്ധിച്ച് ജനത്തിന് മറ്റൊരു ദൂത് ഉണ്ടായിരിക്കുകയില്ല. 1842 മുതൽ 1844 വരെയുള്ള സമയത്തിനുശേഷം (വെളി. 10:4–6), പ്രാവചനിക സമയത്തെ വ്യക്തമാക്കുന്ന ഒരു കാര്യം ഇല്ല. ഏറ്റവും ദൈർഘ്യമേറിയ കണക്കുകൂട്ടൽ 1844 ശരൽക്കാലം വരെ എത്തുന്നു.—7BC 971 (1900).



## എലൻ വൈറ്റ് തന്റെ നാളിൽ ക്രിസ്തുവിന്റെ വരവ് പ്രതീക്ഷിച്ചു

കോൺഫറൻസിൽ സന്നിഹിതരായിരുന്ന കൂട്ടത്തെ എനിക്കു കാണിച്ചുതന്നു. ദൂതൻ ഇങ്ങനെ പറഞ്ഞു: "വിരകളുടെ ഭക്ഷണത്തിനുവേണ്ടി, ചിലർ അന്ത്യ ഏഴുബാധകൾക്കു ഇരയാകുന്നു, ചിലർ യേശുവിന്റെ വരവിൽ രൂപാന്തരം പ്രാപിക്കുന്നതിനായി ജീവനോടെ ശേഷിക്കുന്നു".–IT 131, 132 (1856)

സമയം ചുരുക്കമായതു കാരണം, നാം സാമർത്ഥ്യത്തോടും രണ്ടു മടങ്ങ് ഊർജ്ജത്തോടും വേല ചെയ്യണം. നമ്മുടെ മക്കൾ ചിലപ്പോൾ കോളേജ് പഠനത്തിനു കടക്കുകയില്ലായിരിക്കാം.–3T 159 (1872).

സമയം ചുരുക്കമാണ്. അന്ത്യകാലപ്രതിസന്ധികൾ നമ്മുടെമേൽ വന്നിരിക്കുന്നു. കൊച്ചുകുഞ്ഞുങ്ങൾ അതിനുമുമ്പ് എണ്ണമറ്റ രീതിയിൽ നമ്മുടെ മുമ്പിൽനിന്നും തുടച്ചുമാറ്റപ്പെടും.–Letter 48 (1876).

ലോകത്തിന്റെ ഇക്കാലത്ത്, ലോകചരിത്രത്തിന്റെ ദൃശ്യങ്ങൾ വേഗം അവസാനിക്കാറായിരിക്കുകയും ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധമുള്ള കഷ്ടകാലത്തിലേക്കു നാം കടക്കുവാൻ സമയമായിരിക്കുകയും ചെയ്തിരിക്കുകകൊണ്ട് വിവാഹബന്ധങ്ങൾ ഉണ്ടാക്കുന്നത് ചുരുക്കമായാൽ പുരുഷന്മാർക്കും സ്ത്രീകൾക്കും നല്ലതാണ്.–ST 366 (1885).

പാപം ക്ഷമിക്കുന്ന വീണ്ടെടുപ്പുകാരനായ ക്രിസ്തുവിന്റെ നീതിയുടെ വെളിപ്പാടിൽ മൂന്നാം ദൂതന്റെ ആർപ്പുവിളി ആരംഭിച്ചുകഴിഞ്ഞിരിക്കുകകൊണ്ട് ശോധനയുടെ കാലം നമ്മുടെ മേൽ പതിക്കുവാൻ സമയമായി.–ISM 363 (1892).

## കാലതാമസം വിശദീകരിക്കപ്പെടുന്നു

വിഷാദത്തിന്റെ നീണ്ട രാത്രി ശ്രമകരമാണ്, എന്നാൽ ക്രിസ്തു വരുകയാണെങ്കിൽ അനേകരും തയ്യാറല്ലാത്തവരായി കാണപ്പെടുമെന്നതു കാരണം, പ്രഭാതം കരുണയാൽ വൈകിപ്പിക്കപ്പെടുകയാണ്.–2T 194 (1868).

1844 – ലെ വലിയ നിരാശയ്ക്കുശേഷം പുനരാഗമന കാംക്ഷികൾ വിശ്വാസം മുറുകെപ്പിടിക്കുകയും മൂന്നാം ദൂതന്റെ ദൂത് സ്വീകരിച്ച് അത് പരിശുദ്ധാത്മ ശക്തിയാൽ ലോകത്തോട് ഘോഷിക്കുകയും ചെയ്തുകൊണ്ട് ദൈവത്തിന്റെ നടത്തിപ്പിനെ ഐക്യതയോടെ പിൻപറ്റുകയും ചെയ്തിരുന്നുവെങ്കിൽ, ദൈവത്തിന്റെ രക്ഷ അവർ കാണുകയും അവരുടെ പ്രയത്നങ്ങളുടെമേൽ ദൈവശക്തിയുണ്ടാകുകയും വേല

പൂർത്തിയാകുകയും ജനം പ്രതിഫലം പ്രാപിക്കുന്നതിന് കർത്താവ് വരുകയും ചെയ്യുമായിരുന്നു.... ക്രിസ്തുവിന്റെ വരവ് അങ്ങനെ താമസിക്കണമെന്നത് ദൈവഹിതമല്ലായിരുന്നു. . . .

യിസ്രായേൽ ജനം കനാനിൽ കടക്കുന്നതിൽനിന്നും അവരുടെ അവിശ്വാസവും പിറുപിറുപ്പും മത്സരവും അവരെ നാല്പതു വർഷം അകറ്റി നിർത്തിയിരുന്നു. അതേ പാപങ്ങൾ തന്നെയാണ് ആധുനിക യിസ്രായേലിനെ സ്വർഗ്ഗീയ കനാനിൽ കടക്കുന്നതിൽ നിന്നും അകറ്റിനിർത്തുന്നത്. ഈ രണ്ടു കാര്യങ്ങളിലും ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്കു തെറ്റുപറ്റിയില്ല. പാപവും ദുഃഖവും നിറഞ്ഞ ഈ ലോകത്തിൽ ദൈവജനമെന്ന് അവകാശപ്പെടുന്നവരെ ദീർഘവർഷം ഇവിടെത്തന്നെ ആക്കിയിരിക്കുന്നത് അവരുടെ അവിശ്വാസവും ലൗകികതയും സമർപ്പണമില്ലായ്മയും അവരുടെതന്നെ ഇടയിലുള്ള കുഴപ്പങ്ങളുമാണ്.—Ev 695, 696 (1883).

ദൈവം നിയോഗിച്ചപ്രകാരം ക്രിസ്തുവിന്റെ സഭ അതിന്റെ നിയോഗിക്കപ്പെട്ട വേല ചെയ്തിരുന്നെങ്കിൽ, മുന്നറിയിപ്പ് ലോകത്തെല്ലായിടവും എത്തുകയും ശക്തിയോടും മഹാതേജസ്സോടുംകൂടെ കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ വരുകയും ചെയ്യുമായിരുന്നു.—DA 633, 634 (1898).

## ദൈവത്തിന്റെ വാഗ്ദത്തങ്ങൾ വ്യവസ്ഥാപിതമാണ്

മനുഷ്യരോടുള്ള ദൂതന്മാരുടെ സന്ദേശങ്ങളിൽ സമയം വളരെ ചുരുക്കമാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. അപ്രകാരമാണ് അവ എപ്പോഴും എനിക്ക് കാണിക്കപ്പെട്ടത്. ഈ സന്ദേശത്തിന്റെ ആദ്യനാളുകളിൽ നാം പ്രതീക്ഷിച്ചതിലധികം സമയം നീണ്ടുപോയി എന്നത് സത്യമാണ്. നാം പ്രത്യാശിച്ച അത്രയും വേഗത്തിൽ നമ്മുടെ രക്ഷകൻ പ്രത്യക്ഷപ്പെട്ടില്ല. എന്നാൽ ദൈവത്തിന്റെ വചനം നിഷ്ഫലമായോ? ഒരിക്കലുമില്ല! ദൈവത്തിന്റെ വാഗ്ദത്തങ്ങളും ഭീഷണികളും ഒരുപോലെ വ്യവസ്ഥാപിതമാണെന്ന കാര്യം നാം ഓർക്കണം[2]....

യിസ്രായേൽ മക്കൾക്ക് സംഭവിച്ചതുപോലെ അനുസരണക്കേട് കാരണം നാം ഇനിയും അനേക വർഷം ഈ ഭൂമിയിൽ ആയിരിക്കേണ്ടിവരും, എന്നാൽ അവരുടെ സ്വന്തം പ്രവർത്തനരീതിയുടെ ഫലങ്ങൾക്ക് ദൈവത്തെ പഴിച്ചുകൊണ്ട് അവന്റെ ജനം ക്രിസ്തുവിനെ ഓർത്ത് പാപത്തിനുമേൽ പാപം കൂട്ടരുത്.—Ev 695, 696 (1901).



## എന്തിനുവേണ്ടിയാണ് ക്രിസ്തു കാത്തിരിക്കുന്നത്

അവന്റെ സഭയിൽ അവനെത്തന്നെ വെളിപ്പെടുത്തുവാൻ തീവ്രമായ ആഗ്രഹത്തോടെ ക്രിസ്തു കാത്തിരിക്കുകയാണ്. ക്രിസ്തുവിന്റെ സ്വഭാവം പൂർണ്ണമായി അവന്റെ ജനങ്ങളിൽ വെളിപ്പെടുമ്പോൾ അവൻ വന്ന് അവരെ അവന്റെ സ്വന്തമെന്നവണ്ണം അവകാശപ്പെടും.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വരവിനായി നോക്കിപ്പാർക്കുക മാത്രമല്ല, അത് ത്വരിതപ്പെടുത്തുവാനുള്ള പദവികൂടി ഓരോ ക്രിസ്ത്യാനിക്കുമുള്ളതാണ്. അവന്റെ നാമം ധരിക്കുന്ന ഏവരും അവന്റെ മഹത്വത്തിനായി ഫലം കായ്ച്ചിരുന്നുവെങ്കിൽ, എത്ര വേഗത്തിൽ ലോകം മുഴുവനും സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കപ്പെടുമായിരുന്നു. വേഗത്തിൽ അവസാനത്തെ വലിയ കൊയ്ത്ത് പാകമാകും, ക്രിസ്തു ആ വിലപ്പെട്ട ധാന്യം ശേഖരിക്കുവാൻ വരികയും ചെയ്യും.—COL 69 (1900).

ലോകത്തിന് സുവിശേഷം നൽകിക്കൊണ്ട് നമ്മുടെ കർത്താവിന്റെ വരവ് വേഗത്തിലാക്കുക എന്നത് നമ്മുടെ അധികാരത്തിലുള്ളതാണ്. ദൈവത്തിന്റെ വരവിന്റെ ദിവസത്തിനായി നോക്കിപ്പാർക്കുക മാത്രമല്ല നാം ചെയ്യേണ്ടത് അത് വേഗത്തിലാക്കുകയും വേണം (2 പത്രൊസ് 3:12).—DA 633 (1898).

ഈ ദുരിതാവസ്ഥയ്ക്കു ഒരു അന്ത്യം കുറിക്കുന്നതിന് അവനോടൊപ്പം സഹകരിക്കുന്നതിലൂടെ ഇത് നമ്മുടെ അധികാരത്തിൻ കീഴിലാക്കിയിരിക്കുകയാണ്.—Ed 264 (1903).

## ദൈവത്തിന്റെ ദീർഘക്ഷമയ്ക്ക് ഒരു പരിധി

ഒരു പിഴവും സംഭവിക്കാത്ത കൃത്യതയോടുകൂടി നിത്യനായവൻ ഇപ്പോഴും സകല രാഷ്ട്രങ്ങളുമായി ഒരു കണക്ക് സൂക്ഷിക്കുന്നു. അനുതാപത്തിലേക്കുള്ള വിളിയോടൊപ്പം അവന്റെ കരുണ കരുണാർദ്രമായിരിക്കുന്നിടത്തോളം ഈ കണക്ക് തുറക്കപ്പെട്ടിരിക്കും, എന്നാൽ അക്കങ്ങൾ ദൈവം ഉറപ്പിച്ചിരിക്കുന്ന ഒരു അളവിലെത്തുമ്പോൾ അവന്റെ ക്രോധത്തിന്റെ ശുശ്രൂഷ ആരംഭിക്കും. - 5T 208 (1882).

ദൈവം രാഷ്ട്രങ്ങളുമായി ഒരു രേഖ സൂക്ഷിക്കുന്നു. സ്വർഗ്ഗത്തിലെ പുസ്തകങ്ങളിൽ അവർക്കെതിരെയുള്ള അക്കങ്ങൾ പെരുകുകയാണ്. അതൊരു നിയമമെന്നവണ്ണം ആഴ്ചയിലെ ഒന്നാം ദിവസത്തിന്റെ ലംഘനം ശിക്ഷാർഹമാണെന്ന് വരുമ്പോൾ അവരുടെ പാനപാത്രം നിറയും.—7BC 910 (1886)

ദൈവം രാഷ്ട്രങ്ങളുമായി ഒരു കണക്കെടുപ്പ് വച്ചിരിക്കുന്നു. . . . ദൈവത്തിന്റെ കരുണയുടെ പ്രസ്താവിക്കപ്പെട്ട അതിർത്തിക്കപ്പുറം അതിക്രമം എത്തുമ്പോൾ, അവന്റെ ദീർഘക്ഷമ അവസാനിക്കും. സ്വർഗ്ഗത്തിന്റെ രേഖാപുസ്തകങ്ങളിൽ കുമിഞ്ഞുകൂടുന്ന അക്കങ്ങൾ ലംഘനത്തിന്റെ ആകെത്തുക പൂർത്തിയായി എന്ന് കാണിക്കുമ്പോൾ, ദൈവകോപം വരും.—5T 524 (1889).

ദൈവത്തിന്റെ കരുണ മനുഷ്യരോട് ദീർഘമായി ക്ഷമിക്കുന്ന സമയത്ത്, മനുഷ്യർ പാപത്തിൽതന്നെ തുടർന്ന് പോകാതിരിക്കുന്നതിന് ഒരു അതിരുണ്ട്. ആ പരിധി എത്തുമ്പോൾ കരുണയുടെ കരം തിരിച്ചെടുക്കപ്പെടുകയും ന്യായവിധി ആരംഭിക്കുകയും ചെയ്യും.— PP 162, 165 (1890).

യഹോവയുടെ ദീർഘക്ഷമയ്ക്ക് ഒരതിരുണ്ടെന്നും അവരുടെ വഞ്ചനയിലും ധിക്കാരത്തിലും തുടർന്നു പോകുവാൻ ദൈവം അനുവദിക്കാത്ത ഒരു പരിധിയുണ്ടെന്നും മനുഷ്യർ അറിയുന്ന ഒരു സമയം വരുന്നു.—9T 13 (1909).

യഹോവയുടെ ന്യായവിധികൾ തുടർന്നും താമസിപ്പിക്കുവാൻ പറ്റാത്ത ഒരു പരിധിയുണ്ട്.—PK 417 (c 1914).

### ലംഘനം ഏകദേശം അതിന്റെ പരിധിയിൽ എത്തിയിരിക്കുന്നു

ഭൂമിയിലെ നിവാസികൾ അവരുടെ അധർമ്മത്തിന്റെ പാനപാത്രം നിറയ്ക്കുന്നതുവരെ സമയം അല്പകാലംകൂടെ ശേഷിക്കും, പിന്നീട് വളരെക്കാലംകൊണ്ട് നിദ്രയിലായിരുന്ന ദൈവത്തിന്റെ ക്രോധം ഉണരും, അപ്പോൾ ഈ വെളിച്ചം ലഭിച്ചിരുന്ന ദേശം അവന്റെ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കും.—1T 363 (1863).

അധർമ്മത്തിന്റെ പാനപാത്രം മിക്കവാറും നിറഞ്ഞുകഴിയുകയും തക്കതായ ശിക്ഷ നൽകുന്ന ദൈവത്തിന്റെ നിയമപാലനം കുറ്റക്കാരുടെ മേൽ ഇറങ്ങാറാകുകയും ചെയ്തിരിക്കുന്നു.—4T 489 (1880).

ലോകനിവാസികളുടെ ദുഷ്ടത അവരുടെ അധർമ്മത്തിന്റെ പൂർണ്ണതയിലെത്തി. നാശകന്റെ ഇഷ്ടം നടപ്പാക്കുവാൻ ദൈവം അനുവദിക്കുന്ന ഒരു അവസ്ഥയിലേക്കു ഈ ഭൂമി എത്തിയിരിക്കുന്നു.—7T 141 (1902).

ലംഘനം അതിന്റെ പരിധിയോളം എത്തിയിരിക്കുന്നു. ആശയക്കുഴപ്പം ലോകത്തിൽ നിറയുന്നു, ഒരു വലിയ ഭീതി വേഗത്തിൽ മനുഷ്യ



രുടെ മേൽ വരുവാനിരിക്കുന്നു. അന്ത്യം ഏറ്റവും സമീപമായിരിക്കുന്നു. വളരെ വേഗത്തിൽ ലോകത്തിനുമീതെ പൂർണ്ണമായി കീഴ്പ്പെടുത്തുന്ന ഒരു ആശ്ചര്യത്തിനായി സത്യം അറിയാവുന്ന നാം തയ്യാറാകേണ്ടതുണ്ട്.—8T 28 (1904).

### നമ്മുടെ മനസ്സിനു മുമ്പിൽ
### നാം ദൈവത്തിന്റെ വലിയ ദിവസത്തെ വയ്ക്കണം

സകലതും വെളിവാക്കപ്പെടുന്ന ദൈവത്തിന്റെ വലിയ ദിവസത്തെ നമുക്കു മുമ്പായി നാം വയ്ക്കുമ്പോൾ, നമുക്ക് തൊട്ടുമുമ്പും അതിനുശേഷവും ന്യായവിധിയുടെ വലിയ രംഗങ്ങളെ സംബന്ധിച്ച് ദീർഘമായി ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്യുവാൻ നാം നമ്മെ അഭ്യസിപ്പിക്കണം. അതിന് നമ്മുടെ സ്വഭാവത്തിനുമേൽ ഒരു സ്വാധീനമുണ്ടാകും. ഒരു സഹോദരൻ എന്നോട് പറഞ്ഞു, “സഹോദരി വൈറ്റേ, ദൈവം 10 വർഷത്തിനുള്ളിൽ വരുമെന്ന് നിങ്ങൾ കരുതുന്നുവോ?” അവൻ രണ്ടോ, നാലോ, പത്തോ വർഷങ്ങൾക്കുള്ളിൽ വന്നാൽ അത് നിങ്ങൾക്ക് എന്ത് വ്യത്യാസമാണ് ഉണ്ടാക്കുക?” “എന്തുകൊണ്ടെന്നോ,” അവൻ പറഞ്ഞു, “ദൈവം പത്ത് വർഷത്തിനുള്ളിൽ വരുമെന്ന് ഞാൻ അറിയുകയാണെങ്കിൽ ഞാൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലതൊക്കെ വ്യത്യസ്തമായി ചെയ്യും.” “നിങ്ങൾ എന്ത് ചെയ്യും”? ഞാൻ ചോദിച്ചു.

“എന്തെന്ന് വച്ചാൽ,” അവൻ പറഞ്ഞു, “ഞാൻ എന്റെ വസ്തുക്കളൊക്കെ വിറ്റ് ദൈവവചനം പരിശോധിക്കാൻ തുടങ്ങുകയും ജനങ്ങളെ താക്കീത് ചെയ്ത് അവന്റെ വരവിനായി അവരെ ഒരുക്കുകയും അവനെ എതിരേല്ക്കുവാൻ ഞാൻ തയ്യാറായിരിക്കണമേ എന്ന് ദൈവത്തോട് യാചിക്കുകയും ചെയ്യും.”

അപ്പോൾ ഞാൻ പറഞ്ഞു, “അടുത്ത 20 വർഷത്തേക്ക് ദൈവം വരില്ല എന്ന് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, നിങ്ങൾ വ്യത്യസ്തമായി ജീവിക്കുമോ?

അയാൾ പറഞ്ഞു, “ഒരുപക്ഷേ അങ്ങനെ ചെയ്യുമായിരിക്കും.”

കർത്താവ് 10 വർഷത്തിൽ വരുമെന്ന് അറിഞ്ഞാൽ അവൻ വ്യത്യസ്തമായ ഒരു ജീവിതം നയിക്കും എന്ന പ്രയോഗം എത്ര സ്വാർത്ഥപരമാണ്! എന്തുകൊണ്ട്, ഹാനോക്ക് 300 വർഷം ദൈവത്തോടൊത്ത് നടന്നു. നാം ദൈവത്തോടൊത്ത് ദിവസവും നടക്കണം എന്നതിന് ഒരു പാഠമാണിത്, മാത്രമല്ല നാം നോക്കിക്കാത്തിരുന്നില്ല എങ്കിൽ നാം സുരക്ഷിതരല്ല.—MS 10, 1886.

## സമയത്തിന്റെ ഹ്രസ്വത

ദൈവത്തിന്റെ വേലയിലും കാര്യത്തിലും ഇപ്പോൾ അശ്രദ്ധരും നിഷ്ക്രിയരുമായവർക്ക് ദൈവം രാവും പകലും ഒരു വിശ്രമവും കൊടുക്കാതിരിക്കട്ടെ. അന്ത്യം അടുത്തു. നാം എപ്പോഴും നമ്മുടെ മുമ്പിൽ വയ്ക്കണമെന്ന് യേശു ആഗ്രഹിക്കുന്നത് സമയച്ചുരുക്കമാണ്.—Letter 97 (1886).

നാം വീണ്ടെടുക്കപ്പെട്ടവരുടെ കൂടെ പളുങ്കുകടലിൽ സ്വർണ്ണ വീണകളുമേന്തി മഹത്വത്തിന്റെ കിരീടങ്ങളുമായി നിൽക്കുകയും നമുക്ക് മുമ്പിൽ അളവറ്റ നിത്യത ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ കൃപാകാലത്തിന്റെ കാത്തിരിപ്പ് എത്ര ഹ്രസ്വമായിരുന്നുവെന്ന് നാം കാണും.—10 MR 266 (1886).



## അധ്യായം നാല്

# ദൈവത്തിന്റെ അന്ത്യ സഭ

### ദൈവത്തിന്റെ ജനം അവന്റെ കല്പനകൾ പ്രമാണിക്കുന്നു

ലോകത്തിന്റെ പാപം ചുമക്കുന്ന കുഞ്ഞാടിനെ ലോകത്തിനു കാണിച്ചുകൊടുക്കുന്നതും ചവിട്ടിമെതിക്കപ്പെട്ട ന്യായപ്രമാണത്തെ ഉയർത്തിപ്പിടിക്കുന്നതുമായ ഒരു സഭ ദൈവത്തിനു ഭൂമിയിലുണ്ട്.

പുരാതന ശൂന്യങ്ങളെ പണിതുകൊണ്ടും വിടവിൽ നിന്നുകൊണ്ട് അതിനെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സഭയെ ഭൂമിയിലുള്ളൂ....

ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന ശേഷിപ്പിനുള്ള വിവരണം പൂർത്തീകരിക്കുന്ന ഏക ജനത്തിനെതിരെ ശബ്ദകോലാഹലം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ഏവരും സൂക്ഷിക്കുക....

ദൈവത്തിന്റെ ന്യായപ്രമാണം സത്യമാണെന്ന് തെളിയിക്കുവാനും സത്യം പഠിപ്പിക്കുവാനും മറ്റുള്ളവരിൽ നിന്നെല്ലാം മീതെ ഒന്നിനും രണ്ടാമതാകാത്ത ഒരു സഭ ഭൂമിയിലുണ്ട്, 'ദൈവത്തിന് ഒരു പ്രത്യേകമായ ജനമുണ്ട്.... എന്റെ സഹോദരാ, സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭ ബാബിലോണാണെന്ന് നിങ്ങൾ പഠിപ്പിക്കുകയാണെങ്കിൽ നിങ്ങൾ തെറ്റാണ്.—TM50, 58, 59 (1893).

### അവർക്ക് യേശുവിന്റെ സാക്ഷ്യമുണ്ട്

അന്ത്യം അടുക്കുകയും അവസാന മുന്നറിയിപ്പിൻവേല ദീർഘിപ്പിക്കുകയും ചെയ്യുമ്പോൾ, മൂന്നാം ദൂതിന്റെ ആരംഭം മുതൽ അതിന്റെ വേല ദൈവത്തിന്റെ കരുണയിൽ യോജിപ്പിച്ചിരിക്കകൊണ്ട്, സാക്ഷ്യങ്ങളുടെ സ്വഭാവത്തെയും സ്വാധീനത്തെയും സംബന്ധിച്ച ഒരു വ്യക്തമായ അറിവ് ഏതൽക്കാലസത്യം സ്വീകരിക്കുന്നവർക്ക് ഉണ്ടായിരിക്കുക എന്നത് കൂടുതൽ പ്രധാനമായിത്തീരുന്നു.—5T 654 (1889).

മനുഷ്യർ പദ്ധതികൾക്കുമേൽ പദ്ധതികൾ ആവിഷ്ക്കരിച്ചേക്കാം,

ശത്രു ആത്മാക്കളെ സത്യത്തിൽനിന്ന് വഴിതെറ്റിച്ചേക്കാം. എന്നാൽ സഹോദരി വൈറ്റിലൂടെ ദൈവം സംസാരിച്ചിരിക്കുന്നു എന്നും അവരിലൂടെ ഒരു ദൂത് നൽകിയിരിക്കുന്നു എന്നും വിശ്വസിക്കുന്ന ഏവരും ഈ അന്ത്യനാളുകളിൽ വരുന്ന വഞ്ചനകളിൽനിന്ന് സുരക്ഷിതരായിരിക്കും.—3SM 83, 84 (1906).

ദർശനങ്ങൾ ഉണ്ട് എന്ന് അവകാശപ്പെടുന്നവർ കാണും. ആ ദർശനം ദൈവത്തിൽ നിന്നാണെന്നതിനെ സംബന്ധിച്ച് ദൈവം വ്യക്തമായ തെളിവ് നൽകുമ്പോൾ, നിങ്ങൾക്ക് അത് സ്വീകരിക്കാം, എന്നാൽ മറ്റ് യാതൊരു തെളിവിന്മേലും അത് വിശ്വസിക്കരുത്, കാരണം അമേരിക്കയിലും വിദേശരാജ്യങ്ങളിലും ജനങ്ങൾ കൂടുതൽ വഴിപിഴച്ച് പോകുവാൻ പോകുകയാണ്.—2SM 72 (1905).

## വേദപുസ്തക ഉപദേശങ്ങൾ അവരുടെ "അതിരടയാളം"

"ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും" എന്ന് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും ദൂതന്മാരുടെ സന്ദേശങ്ങൾ ചുരുളഴിയുന്ന ബാനറിൽ, ഭൂമിയിലുള്ള ദൈവത്തിന്റെ ജനവുമായുള്ള ബന്ധത്തിന്റെ തീരുമാനം, സ്വർഗ്ഗത്തിൽ അരങ്ങേറിയ സമാഗമന കൂടാരത്തിന്റെ ശുദ്ധീകരണം നമ്മുടെ ആശ്ചര്യകരമായ കണ്ണുകൾക്കു മുമ്പിൽ തുറന്നുകൊണ്ട് 1844 കടന്നുപോയത് വലിയ സംഭവങ്ങളുടെ ഒരു കാലഘട്ടവുമായാണ്. സ്വർഗ്ഗത്തിലുള്ള അവന്റെ സത്യസ്നേഹികളായ ജനങ്ങളാൽ കാണപ്പെട്ട ഈ സന്ദേശത്തിന്റെ കീഴിലുള്ള അതിരടയാളങ്ങളിൽ ഒന്ന് ദൈവത്തിന്റെ മന്ദിരവും. ന്യായപ്രമാണം ഉൾപ്പെട്ട നിയമപ്പെട്ടകവുമാണ്. ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ ലംഘകരുടെ വഴിത്താരയിൽ നാലം കല്പനയിലെ ശബ്ബത്തിന്റെ പ്രകാശം അതിന്റെ ശക്തിയായ രശ്മികൾ മിന്നിച്ചു. ദുഷ്ടന്മാരുടെ അമർത്യത ഒരു പഴയ അതിരടയാളമാണ്. പഴയ അതിരടയാളങ്ങളുടെ കീഴിലല്ലാതെ വരാവുന്ന യാതൊന്നും എന്റെ മനസ്സിൽ വരുന്നില്ല.—CW30, 31 (1889).

## സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരുടെ സവിശേഷമായ ദൗത്യം

അവന്റെ ന്യായപ്രമാണത്തിന്റെ കാവൽക്കാരെന്നവണ്ണം ദൈവം നമ്മെ ആക്കിയിട്ടുണ്ട്; അവൻ നമുക്ക് പാവനവും നിത്യവുമായ സത്യം നൽകിയിട്ടുണ്ട്, ഇത് നാം മറ്റുള്ളവർക്ക് വിശ്വസ്തമായ താക്കീതുകളായും ശാസനകളായും പ്രോത്സാഹനങ്ങളായും നൽകേണ്ടതുണ്ട്.—5T 381 (1885).



ലോകത്തിൽനിന്ന് വേർപെട്ട ഒരു പ്രത്യേക ജനമായി ദൈവം സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെ തിരഞ്ഞെടുത്തിട്ടുണ്ട്. സത്യമെന്ന പണിയായുധംകൊണ്ട് ലോകമാകുന്ന കൽക്കുഴിയിൽനിന്ന് വെട്ടിയെടുത്ത് അവനുമായുള്ള ബന്ധത്തിൽ കൊണ്ടുവന്നു. അവൻ അവരെ അവന്റെ പ്രതിനിധികളാക്കി രക്ഷയുടെ അവസാന പ്രവൃത്തിയിൽ സ്ഥാനാപതികളാകാൻ അവരെ വിളിച്ചിരിക്കുകയാണ്. മർത്യർക്ക് ഭരമേല്പിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ സത്യത്തിന്റെ സമ്പത്തും, ദൈവം മനുഷ്യന് അയച്ചിട്ടുള്ളതിൽവച്ച് ഏറ്റവും ഭയാനകവും വിശുദ്ധവുമായ മുന്നറിയിപ്പും അവരെ ഭരമേല്പിച്ചിരിക്കുകയാണ്.—7T 138 (1902).

ഒരു പ്രത്യേക അർത്ഥത്തിൽ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെ ഭൂമിയിൽ വച്ചിരിക്കുന്നത് കാവൽക്കാരും വെളിച്ചവാഹകരുമായാണ്. നശിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിനുള്ള അവസാന മുന്നറിയിപ്പ് അവരെ ഏല്പിച്ചിരിക്കുകയാണ്. അവരുടെമേൽ ദൈവവചനത്തിൽ നിന്നുള്ള അത്ഭുത വെളിച്ചം പ്രകാശിക്കുന്നു. നശിക്കുന്ന ലോകത്തിൽ അവർക്കൊരു വേല നൽകപ്പെട്ടിരിക്കുകയാണ്. അവരുടെമേൽ ഏറ്റവും പാവനമായ സൂചനയുടെ അത്ഭുത വെളിച്ചം പ്രകാശിക്കുകയാണ്. അതാണ് ഒന്നാമത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും ദൂതന്മാരുടെ ദൂതിന്റെ പ്രഖ്യാപനം. മറ്റൊരു വേലയും ഇത്ര പ്രധാനമല്ല. മറ്റൊന്നിനെയും അവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ അവർ അനുവദിച്ചുകൂടാ.—9T19 (1909).

## സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭ രൂപീകരിക്കപ്പെട്ടതിന്റെ കാരണങ്ങൾ

നമ്മുടെ എണ്ണം കൂടിയപ്പോൾ ഏതെങ്കിലും വിധത്തിലുള്ള സംഘടനാരൂപം ഇല്ലെങ്കിൽ വലിയ ആശയക്കുഴപ്പമുണ്ടാകുമെന്നത് വ്യക്തമായിരുന്നു, മാത്രമല്ല വിജയകരമായി വേല മുമ്പോട്ട് പോകുകയില്ലായിരുന്നു. ശുശ്രൂഷയുടെ സഹായത്തിനും പുതിയ വയൽപ്രദേശങ്ങളിൽ വേല നടപ്പിലാക്കുന്നതിനും അയോഗ്യരായ അംഗങ്ങളിൽനിന്ന് സഭകളെയും ശുശ്രൂഷയെയും സംരക്ഷിക്കുന്നതിനും സഭയുടെ വസ്തുക്കൾ നിലനിർത്തുന്നതിനും അച്ചടിയിലൂടെ സത്യം പ്രസിദ്ധീകരിക്കുന്നതിനും മറ്റനേകം ലക്ഷ്യങ്ങൾക്കും സംഘടന ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു....

സംഘടന ആവശ്യമായിരുന്നുവെന്നും സഭയിൽ അച്ചടക്കവും ചിട്ടയും വേണമെന്നുമുള്ള വെളിച്ചം അവന്റെ ആത്മാവിനാൽ നൽക

പ്പെട്ടു. പ്രപഞ്ചത്തിലുടനീളം ദൈവത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ചട്ടവും ചിട്ടയും പ്രകടമാണ്. ചിട്ട സ്വർഗ്ഗത്തിന്റെ പ്രമാണമാണ്. ലോകത്തിലുള്ള ദൈവജനത്തിന്റെ പ്രമാണവും അതുതന്നെയായിരിക്കണം.—TM 26 (1902).

### എപ്പോഴും പ്രസ്ഥാനം ആവശ്യമാണ്

ചിട്ട നടപ്പിലാക്കുകയും ബലമായി അത് നിർവ്വഹിക്കുകയും ചെയ്യുന്നതിലേക്ക് സഭകൾ സംഘടിതമാകുന്നതുവരെ അവർക്ക് ഭാവിക്കുവേണ്ടി ഒന്നുംതന്നെ പ്രത്യാശിക്കുവാനില്ല.—IT 270 (1862).

ദൈവവചനത്താൽ അംഗീകരിക്കപ്പെടാത്ത അവകാശവാദങ്ങൾ നിരാകരിക്കുവാനും കാപട്യം നിറഞ്ഞ ലഹളകൾ അനുവദിക്കാതിരിക്കുന്നതിനുമുള്ള ഏറ്റവും വലിയ ശക്തി ആവശ്യമായിരിക്കുന്നതും ശരിയായ ഒരു സംഘടന ആവശ്യമായിരിക്കുന്നതുമായ ഒരു സമയത്ത് ഈ ജനങ്ങൾക്കിടയിലേക്ക് കയറി വേലയെ അലങ്കോലമാക്കുന്നത് സാത്താന് എത്ര സന്തോഷകരമായിരിക്കും!

ശ്രദ്ധാപൂർവ്വവും ബുദ്ധിപരവുമായ അദ്ധ്വാനത്താൽ കെട്ടിപ്പടുക്കപ്പെട്ട സംഘടനാ വ്യവസ്ഥക്ക് യാതൊരു ഇടിവും സംഭവിക്കാതിരിക്കുവാൻ നമുക്ക് അണികളെ സന്തുലിതാവസ്ഥയിൽ നിലനിർത്തണം. ഈ സമയത്ത് വേലയെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്ന അച്ചടക്കമില്ലാത്ത ഘടകങ്ങൾക്ക് അനുമതി നൽകുവാൻ പാടില്ല.

നാം കാലാന്ത്യത്തിലേക്ക് അടുക്കുമ്പോൾ ദൈവത്തിന്റെ ഓരോ പൈതലും മതപരമായ ഒരു സംഘടനയുമില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കും എന്ന ചിന്തയിൽ ചിലർ മുന്നേറിയിട്ടുണ്ട്. എന്നാൽ ഓരോ വ്യക്തിയും സ്വതന്ത്രരായിരിക്കുക എന്ന ഒരു കാര്യം ഈ വേലയിൽ ഇല്ല എന്ന് ദൈവം എന്നോട് നിർദ്ദേശിച്ചിട്ടുണ്ട്.—9T 257, 258 (1909).

നാം അന്ത്യവിഷമസന്ധിയിലേക്ക് സമീപിക്കുമ്പോൾ, ചിട്ടയുടെയും പ്രവൃത്തിയുടെ ഐക്യത്തിന്റെയും വളരെ കുറഞ്ഞ ആവശ്യമേയുള്ളുവെന്ന് ചിന്തിക്കുന്നതിനുപകരം, നാം ഇതിനു മുമ്പത്തേക്കാൾ കൃത്യതയുള്ളവരായിരിക്കണം.—3SM 26 (1892).

### ദൈവത്തിന്റെ സഭയുടെ വിശേഷ അധികാരം

ദൈവം തന്റെ സഭയിൽ പ്രത്യേക അധികാരവും ബലവും നിക്ഷിപ്തമാക്കിയിരിക്കുകയാണ്. അതിനെ കൂട്ടാക്കാതിരിക്കുകയോ വെറുക്കുകയോ ചെയ്യുന്ന ആരുംതന്നെ ന്യായീകരിക്കപ്പെടുവാൻ കഴിയുകയില്ല. അങ്ങനെ ചെയ്യുന്നത് ദൈവശബ്ദത്തെ ആക്ഷേപിക്കുന്നതാണ്.—3T 417 (1875).

ആകാശത്തിൻകീഴിൽ ദൈവം തന്റെ സഭയുടെമേൽ ഏറ്റവും ഉന്നതമായ അധികാരത്തെ ഭരമേല്പിച്ചിരിക്കുകയാണ്. ബഹുമാനിക്കപ്പെടേണ്ട സഭയെന്ന നിലയിൽ ഐക്യതയുള്ള അവന്റെ ജനത്തിലുള്ള ദൈവശബ്ദമാണിത്.—3T 451 (1875).

### ആത്മീയ അന്ധതയുടെയും ബലഹീനതയുടെയും ഒരു സമയം

സഭകളിലൂടെ ഒരു നവോത്ഥാനം കടന്നുപോകേണ്ടതുണ്ട് എന്ന്, ഞാൻ മിനിയാപോളിസിൽ പറഞ്ഞതെല്ലാത്തിലും എനിക്ക് ഉറപ്പായി. നവീകരണങ്ങൾ നടത്തേണ്ടതുണ്ട്, കാരണം വിലപ്പെട്ട പദവികളാലും അവസരങ്ങളാലും വലിയ വെളിച്ചത്താലും അനുഗ്രഹിക്കപ്പെട്ട ജനങ്ങളുടെ മേൽ ആത്മീയ ബലഹീനതയും അന്ധതയും വന്നുഭവിച്ചു. പരിഷ്ക്കർത്താക്കൾ എന്ന നിലയിൽ അവർ പരമ്പരാഗത സഭകളിൽ നിന്ന് ഇറങ്ങിവന്നതാണ്, എന്നാൽ ഇപ്പോൾ ആ സഭകൾ വഹിച്ചതുപോലുള്ള ഭാഗമാണ് അവർ വഹിക്കുന്നത്. വേറൊരു പുറത്ത് വരവിന്റെ ആവശ്യമുണ്ടാകില്ല എന്ന് ഞങ്ങൾ ആശിച്ചു. "ആത്മാവിന്റെ ഐക്യത്തെ" സമാധാന ബന്ധങ്ങളിൽ നിലനിർത്തുവാൻ ഞങ്ങൾ ശ്രമിക്കുമ്പോഴും, ഞങ്ങൾ തൂലികയാലോ ശബ്ദത്താലോ മതഭ്രാന്തിനെതിരെ പ്രതിഷേധിക്കുന്നത് നിർത്തുകയില്ല.—EGW, 88 356, 357 (1889).

സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭാപ്രസ്ഥാനത്തിൽ എലൻ വൈറ്റിന് വിശ്വാസം നഷ്ടപ്പെട്ടിരിക്കാം എന്ന് സൂചിപ്പിക്കുന്ന തന്റെ തൂലികയിൽ നിന്നുള്ള അറിയപ്പെടുന്ന ഏക പ്രസ്താവനയാണിത്. അവർ ഇവിടെ പ്രകടിപ്പിച്ച സംശയം പിന്നീടുള്ള അവരുടെ ജീവിതത്തിലെ 26 വർഷങ്ങളിൽ ഒരിക്കലും ആവർത്തിച്ചിട്ടില്ല.

അവരുടെ വെളിച്ചത്തെക്കുറിച്ച് ആത്മപ്രശംസ നടത്തുകയും എന്നിട്ടുകൂടി അതിൽ നടക്കാൻ പരാജയപ്പെടുന്നവരെക്കുറിച്ച് ക്രിസ്തു പറയുന്നു, "എന്നാൽ ഞാൻ നിന്നോട് പറയുന്നു ന്യായവിധി ദിവസത്തിൽ സോദോമിനെയും സീദോനെയും നിന്നെക്കാൾ സഹിക്കാൻ കഴിയും. നീയോ കഫർന്നഹൂമേ (വലിയ വെളിച്ചം ലഭിച്ച സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ) സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ട നീ (പദവിയിൽ) നര

കത്തിലേക്ക് താഴ്ത്തപ്പെടും; കാരണം നിന്നിൽ ചെയ്ത വീര്യപ്രവൃത്തികൾ സൊദോമിൽ ചെയ്തിരുന്നുവെങ്കിൽ അത് ഇന്നോളം നിലനിൽക്കുമായിരുന്നു".—RH Aug 1 (1893).

ബ്രായ്ക്കറ്റുകളിൽ കിടക്കുന്ന പരാമർശങ്ങൾ എലൻ വൈറ്റിന്റേതാണ്.

സഭ ലവോദിക്യ സഭയുടെ അവസ്ഥയിലാണ്. ദൈവത്തിന്റെ സാന്നിദ്ധ്യം അതിനുമദ്ധ്യേ ഇല്ല. - INL 99 (1898).

## സഭാകേന്ദ്രത്തിൽ അധികാര ദുർവ്വിനിയോഗം

തെറ്റായ അഭിപ്രായങ്ങളാലും തത്വങ്ങളാലും ജനറൽ കോൺഫറൻസുതന്നെ ദുഷിക്കപ്പെടുകയാണ്....

മനുഷ്യർ അവരുടെ അധികാരത്തിൻ കീഴിലുള്ളവരുടെ മേൽ അന്യായമായ മുതലെടുപ്പ് നടത്തുകയാണ്. അവരുടെ ചൊൽപ്പടിക്ക് വ്യക്തികളെ കൊണ്ടുവരുവാൻ അവർ നിശ്ചയ ദാർഢ്യമുള്ളവരാണ്; അവർ ഭരിക്കും അല്ലെങ്കിൽ നശിപ്പിക്കും....

വികസിച്ചു വന്നിരിക്കുന്ന ഉന്നതാധികാര സ്ഥാനങ്ങൾ അവരെ ദൈവങ്ങൾ ആക്കിയതുപോലെ, എന്നെ ഭയപ്പെടുത്തുന്നു, മാത്രമല്ല അത് ഭയമുണ്ടാക്കേണ്ടതുമാണ്. അത് നടപ്പിലാക്കുന്നത് എവിടെയായാലും ആരായിരുന്നാലും ഒരു ശാപമാണ്.—TM 359-361 (1895).

വളരെയധികം ഭാരിച്ച ഉത്തരവാദിത്തങ്ങൾ ചുരുക്കം പേർക്ക് നൽകപ്പെട്ടിരിക്കുകയാണ്, ചിലരാകട്ടെ ദൈവത്തെ അവരുടെ ഉപദേശകൻ ആക്കുന്നുമില്ല. വിദേശ രാജ്യങ്ങളിലുള്ള വേലയുടെ ആവശ്യകതയെക്കുറിച്ച് ഈ മനുഷ്യർക്ക് എന്ത് അറിയാം? വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അവരുടെ അടുത്തേക്ക് വരുന്ന ചോദ്യങ്ങൾ എങ്ങനെയാണ് തീരുമാനിക്കേണ്ടതെന്ന് അവർക്ക് എങ്ങനെ അറിയാം? എഴുതുന്നതിൽ താമസമില്ലെങ്കിലും, അവരുടെ ചോദ്യങ്ങൾക്ക് ഒരു പ്രതികരണം ലഭിക്കുവാൻ വിദേശ രാജ്യങ്ങളിലുള്ളവർക്ക് 3 മാസമെങ്കിലും വേണ്ടി വരും.—TM 321 (1896).

വിദൂര രാജ്യങ്ങളിൽ ജീവിക്കുന്നവർ ബാറ്റിൽക്രീക്കിൽനിന്ന് സമ്മതം ലഭിക്കുന്നതുവരെ അവരുടെ യുക്തിക്ക് ശരിയെന്ന് തോന്നുന്നത് അവർ ചെയ്യുകയില്ല. അവർ കാര്യങ്ങൾ മുന്നോട്ട് നീക്കുന്നതിനുമുമ്പ് ആ സ്ഥലത്തുനിന്നുള്ള ഒരു ഉവ്വ് അല്ലെങ്കിൽ ഇല്ല എന്നിവയ്ക്കായി അവർ കാത്തിരിക്കുന്നു.—Sp T-A (9) 32 (1896).

ജനറൽ കോൺഫറൻസിന്റെ പ്രസിഡന്റായി ഒരാളെ തിരഞ്ഞെടുക്കുന്നത് ബുദ്ധിയല്ല. ജനറൽ കോൺഫറൻസിന്റെ വേല വ്യാപിച്ചിരിക്കുന്നു. ചില കാര്യങ്ങൾ ആവശ്യമില്ലാതെ സങ്കീർണ്ണമാക്കിയിരിക്കുന്നു. വിവേചനാശക്തിയുടെ ആവശ്യകതയെ കാണിച്ചിട്ടുണ്ട്. വയൽപ്രദേശത്തിന്റെ ഒരു വിഭജനം ഉണ്ടായിരിക്കണം, അല്ലെങ്കിൽ നിലവിലുള്ള കാര്യങ്ങളുടെ ക്രമം മാറ്റുന്ന എന്തെങ്കിലും നടപ്പിലാക്കണം.—TM 342 (1896).



സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭ 1863-ൽ 3,500 അംഗങ്ങളും അര ഡസൻ പ്രാദേശിക കോൺഫറൻസുകളും ഏകദേശം 30 ശുശ്രൂഷകന്മാരും മൂന്നംഗങ്ങളുമുള്ള ഒരു ജനറൽ കോൺഫറൻസ് കമ്മറ്റിയായി രൂപംകൊണ്ടു. അത്തരം ചെറിയ ഒരു പ്രസ്ഥാനത്തിന് ആവശ്യമായ ഉപദേശങ്ങളും നേതൃത്വവും നൽകാൻ ജനറൽ കോൺഫറൻസ് പ്രസിഡന്റിന് കഴിഞ്ഞിരുന്നു. എല്ലാ പ്രധാന മീറ്റിംഗുകളിലും അദ്ദേഹത്തിനു വ്യക്തിപരമായി സംബന്ധിക്കുവാൻ കഴിഞ്ഞു, ഇതിനു പുറമേ പ്രസിദ്ധീകരണ വേലയുമായി ബന്ധപ്പെട്ട ഇടപാടുകളിൽ വ്യക്തിപരമായ ശ്രദ്ധ നൽകാനും കഴിഞ്ഞു. എന്നിരുന്നാലും, 1896-ഓടെ സഭയുടെ പ്രവർത്തനം അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലിയയിലും ആഫ്രിക്കയിൽപോലും വളരെയധികം വ്യാപിച്ചിരുന്നു. ഇത്ര വ്യാപകമായി പടർന്നുകൊണ്ടിരുന്ന വേലയ്ക്ക് ആവശ്യമായ നിർദ്ദേശവും മേൽനോട്ടവും നൽകുവാൻ ഒരു വ്യക്തിക്ക് ഇനിമേലിൽ സാധ്യമായിരുന്നില്ല. ലോകമെങ്ങുമുള്ള നമ്മുടെ സഭാംഗങ്ങൾ ഉപദേശത്തിനായി ഒരു മനുഷ്യനിലേക്ക് മാത്രം നോക്കാതിരിക്കേണ്ടതിന്, വയൽപ്രദേശത്തെ വിഭജിക്കണമെന്ന് സഹോദരി വൈറ്റ് ആഹ്വാനം ചെയ്തു. ഡിവിഷനുകളുടെയും യൂണിയനുകളുടെയും കോൺഫറൻസുകളുടെയും സൃഷ്ടിയോടെ ഇത് നേടിയെടുത്തു.

## ബുദ്ധികെട്ട നേതാക്കന്മാർ ദൈവത്തിനുവേണ്ടി സംസാരിക്കുകയില്ല

വേല എങ്ങനെ ചെയ്യപ്പെടണം എന്ന് ഉപദേശിക്കുന്ന അധികാരമായി കരുതപ്പെട്ടിരുന്ന ബാറ്റിൽക്രീക്കിൽ നിന്നുള്ള ശബ്ദം ഇനിമേലിൽ ദൈവത്തിന്റെ ശബ്ദമല്ല.—17MR 185 (1896).

ജനറൽ കോൺഫറൻസ് ദൈവത്തിന്റെ ശബ്ദമാണെന്ന് ഞാൻ കണക്കാക്കിയിട്ട് ഏതാനും വർഷങ്ങളായി.—17MR 216 (1898).

ജനത്തോടുള്ള ദൈവത്തിന്റെ ശബ്ദമെന്നവണ്ണം വിശുദ്ധസ്ഥലത്ത് നിൽക്കേണ്ടവർ എന്ന് ഒരുകാലത്ത് നാം വിശ്വസിച്ച ജനറൽ കോൺഫറൻസ് കടന്നുപോയി.—GCB ഏപ്രിൽ 3, 1901, p. 25.

## ഒരു പുതിയ സഭാകൂട്ടം ആവശ്യമില്ല

കൃപാകാലത്തിന്റെ അവസാനത്തെക്കുറിച്ച് സാക്ഷ്യങ്ങളിൽനിന്നുള്ള പാഠഭാഗങ്ങൾ നിങ്ങൾ എടുക്കും; ദൈവജനങ്ങൾക്കിടയിലുള്ള കുലുക്കത്തെക്കുറിച്ചും, ഈ ജനങ്ങളിൽനിന്ന് പുറത്തുവരുവാനുള്ള ശുദ്ധവും വിശുദ്ധവുമായ ഒരു ജനത്തെക്കുറിച്ചും നിങ്ങൾ പറയും.

എന്നാൽ വാസ്തവത്തിൽ ഇതെല്ലാം ശത്രുവിനെ ആനന്ദിപ്പിക്കും.... നിങ്ങൾ മുമ്പോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകൾ അനേകർ സ്വീകരിക്കുകയും അവയ്ക്കുമേൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ, സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർക്കിടയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ഒരു മതഭ്രാന്തായ ഇളക്കങ്ങൾ നാം കാണും. ഇതാണ് സാത്താന് വേണ്ടത്.—ISM 179 (1890).

സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെ ബാബിലോൺ എന്ന് വിളിക്കുവാനും ദൈവജനങ്ങളോട് അവളിൽനിന്ന് പുറത്തുവരുവാനുള്ള ആഹ്വാനം കൊടുക്കേണ്ടതുമായ ഒരു ദൂത് ദൈവം നിങ്ങൾക്കു തന്നിട്ടില്ല. അങ്ങനെയുള്ള ഒരു ദൂതിനെതിരെയുള്ള വ്യക്തമായ വെളിച്ചം ദൈവം എനിക്കു തന്നിരിക്കകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവതരിപ്പിക്കുന്ന കാരണങ്ങൾക്ക് എന്നോടൊത്തു വരുവാൻ കഴിയുകയില്ല....

ദൈവം അവന്റെ സഭയെ സ്നേഹിക്കുന്നു എന്ന് എനിക്കറിയാം. സ്വതന്ത്രമായ പരമാണുപോലെ പൊട്ടി ക്രമീകരണമില്ലാത്ത അവസ്ഥയിൽ എത്തേണ്ടതല്ല അത്. അങ്ങനെയൊന്ന് സംഭവിക്കുമെന്നതിനെ സംബന്ധിച്ച് ഒരു തെളിവുമില്ല.—2 SM 63, 68, 69 (1893).

എന്റെ പ്രിയ സഹോദരങ്ങളേ, ദൈവം പ്രവർത്തിക്കുന്ന ഒരു ക്രമീകരിക്കപ്പെട്ട സംഘടന അവനുണ്ട്.... ദൈവത്തിന്റെ കല്പനകൾ പ്രമാണിക്കുന്ന ജനത്തിന്റെ സംഘടിതമായ ശരീരത്തിൽനിന്ന് ആരെങ്കിലും മാറിനിൽക്കുകയും മനുഷ്യതുലാസിൽ സഭയെ തൂക്കിനോക്കുവാൻ തുടങ്ങിയിട്ട് അവർക്കെതിരെ വിധി പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ അവനെ ദൈവം നടത്തുന്നില്ല എന്ന് അവർ അറിഞ്ഞിരിക്കണം. അവൻ നേരായ മാർഗ്ഗത്തിലല്ല.—3 SM 17,18 (1893).

## ദൈവം എല്ലാം ചിട്ടയോടെ ക്രമീകരിക്കും

വേല വളരുകയില്ല എന്ന് സംശയിക്കുകയോ ഭയക്കുകയോ ചെയ്യേണ്ട കാര്യമില്ല. വേലയുടെ മുമ്പിൽ നിൽക്കുന്നത് ദൈവമാണ്. അവൻ എല്ലാം ചിട്ടയോടെ ക്രമീകരിക്കും. വേലയുടെ തലയ്ക്കൽ ക്രമീകരണങ്ങൾ ആവശ്യമാണെന്നു വന്നാൽ ദൈവം അത് ചെയ്യുകയും ഓരോ തെറ്റിനെയും അവൻ തിരുത്തുകയും ചെയ്യും. ജനത്തെ വഹിച്ചുകൊണ്ടുപോകുന്ന ഉന്നതസ്വഭാവമുള്ള കപ്പലിനെ അവൻ സുരക്ഷിതമായി തുറമുഖത്തെത്തിക്കും എന്ന വിശ്വാസം നമുക്കുണ്ടായിരിക്കട്ടെ.—2 SM 390 (1892).



ദൈവത്തിനു ജീവിക്കുന്ന ഒരു സഭയുണ്ട്? അവനുള്ളത് വിജയശ്രീലാളിതയായ ഒരു സഭയല്ല, എന്നാൽ പോരാട്ടമുള്ള ഒരു സഭയാണ്. ഗോതമ്പിനിടയിൽ കളകൾ ഉള്ളതുപോലെ, കുറവുകളുള്ള അംഗങ്ങൾ സഭയിൽ ഉള്ളതുകൊണ്ട് നമുക്ക് ദുഃഖമുണ്ട്. സഭയിൽ ദുഷ്ടത നിലനില്ക്കുകയും അത് ലോകാവസാനംവരെ ഉണ്ടായിരിക്കുമെങ്കിലും ഈ അവസാന നാളുകളിലുള്ള സഭ പാപത്താൽ മലിനമാക്കപ്പെട്ടതും ധാർമ്മികാധഃപതനം സംഭവിച്ചതുമായ ലോകത്തിന് ഒരു വിളക്കായിരിക്കേണ്ടതുമാണ്. ബലഹീനമാക്കപ്പെട്ടതും കേടു സംഭവിച്ചതുമായ സഭയ്ക്ക് ശാസനയും താക്കീതും ഉപദേശവും നൽകേണ്ടതാണ്. ക്രിസ്തു തന്റെ പരമമായ ആദരവ് നൽകുന്ന ഭൂമിയിലെ ഏക വസ്തുവാണ് സഭ.—TM 45, 49 (1893).

സാത്താന്റെ കോട്ടകൾ ഒരിക്കലും വിജയിക്കുകയില്ല. മൂന്നാം ദൂതന്റെ ദൂത് വിജയിക്കും. സ്വർഗ്ഗത്തിലെ സൈന്യത്തിന്റെ സേനാനായകൻ യെരിഹോ മതിലുകൾ തകർത്തതുപോലെ, ദൈവത്തിന്റെ കല്പനാനുഷ്ഠികളായ ജനം വിജയിക്കും, മാത്രമല്ല എതിർക്കുന്ന സകല ഘടകങ്ങളും പരാജയപ്പെടും.—TM 410 (1898).

## ഉത്തരവാദിത്വവിഭജനം ആഹ്വാനം ചെയ്യപ്പെടുന്നു

പുനഃസംഘടനയാണ് നമുക്കിപ്പോൾ ആവശ്യം. നമുക്ക് അടിസ്ഥാനത്തിൽ തുടങ്ങി, ഒരു വ്യത്യസ്തമായ തത്വത്തിൽ കെട്ടിപ്പടുക്കണം...

വ്യത്യസ്ത സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും കോൺഫറൻസുകളുടെയും വിദ്യാഭ്യാസ താത്പര്യങ്ങളുടെയും വിവിധ സ്ഥാപനങ്ങളുടെയും തലവന്മാരായിരിക്കുന്നവർ നമ്മുടെയിടയിലുണ്ട്. ഇവരെല്ലാം പ്രതിപുരുഷന്മാരായി പദ്ധതികൾക്ക് രൂപം കൊടുക്കുന്നവരായും നടപ്പിലാക്കുന്നവരായും നിലകൊള്ളണം. വിസ്തൃതമായ വയൽപ്രദേശത്തിന് ഒന്നോ രണ്ടോ മൂന്നോ അതിൽ കൂടുതലോ ആളുകൾ വേണം. വേല വലുതാണ്, മാത്രമല്ല ചെയ്തുതീർക്കേണ്ട വേല വിഭാവനം ചെയ്യുവാൻ പര്യാപ്തമായ ഒരേയൊരു മനുഷ്യമനസ്സില്ല....

ഒരു കാര്യം ഞാൻ പറയട്ടെ, വേലയുടെ ഏതെങ്കിലും ഒരു ഭാഗം നിയന്ത്രിക്കുന്നതിന് നമ്മുടെ അണികൾക്കിടയിൽ ദൈവം യാതൊരുവിധ രാജകീയ അധികാരവും ഇട്ടിട്ടില്ല. എല്ലാ മേഖലകളിലും അതിനെ നിയന്ത്രിക്കുവാനുള്ള ശ്രമം കാരണം വേല വളരെയധികം പരിമിതപ്പെട്ടിരിക്കുന്നു.... പുതുക്കലും പുനഃസംഘടനയും ഉണ്ടായി

രിക്കണം: ആവശ്യമായ കമ്മറ്റികളിൽ ഒരു ശക്തിയും അധികാരവും കൊണ്ടുവരേണ്ടതുണ്ട്.—GCB ഏപ്രിൽ 3, 1901, pp. 25, 26.

പുതിയ കോൺഫറൻസുകൾ രൂപീകരിക്കപ്പെടണം. ആസ്ത്രലേഷ്യൻ കോൺഫറൻസ് രൂപീകരിച്ചത് ദൈവത്തിന്റെ നിർദ്ദേശപ്രകാരമാണ്. ഉപദേശത്തിനായി ആയിരക്കണക്കിന് മൈലുകൾക്കപ്പുറം ബാറ്റിൽ ക്രീക്കിലേക്ക് അയയ്ക്കുകയും പിന്നീട് ഉത്തരങ്ങൾക്കായി ആഴ്ചകളോളം കാത്തിരിക്കുകയും ചെയ്യേണ്ട ആവശ്യമില്ല. എന്ത് ചെയ്യണമെന്ന് സ്ഥലത്തുള്ളവർതന്നെ തീരുമാനിക്കണം.—GCB ഏപ്രിൽ 5, 1901, pp. 69, 70.

## 1901–ലെ ജനറൽ കോൺഫറൻസ് സമ്മേളനം പ്രതികരിക്കുന്നു

ഈ സമ്മേളനം ആരംഭിച്ചതു മുതൽ ആര് നമ്മോടൊത്ത് ഉണ്ടായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത്? ഇതുപോലൊരു സമ്മേളനത്തിൽ സാധാരണയായി ഉണ്ടാകാറുള്ളതും വിയോജിപ്പുളവാക്കുന്നതുമായ കാര്യങ്ങൾ ആരാണ് മാറ്റിക്കളഞ്ഞത്? ആരാണ് ഈ ദൈവാലയത്തിന്റെ വരാന്തകളിലൂടെ നടന്നത്? അത് സ്വർഗ്ഗത്തിലെ ദൈവവും അവന്റെ ദൂതന്മാരുമാണ്. അവർ ഇവിടെ വന്നത് നിങ്ങളെ പിച്ചിച്ചീന്താൻ അല്ല, പിന്നെയോ നിങ്ങൾക്ക് ശരിയായതും സമാധാനപരവുമായ മനസ്സുകളെ നൽകാനാണ് ദൈവത്തിന്റെ വേലകൾ ചെയ്യാൻ അവർ നമ്മോടൊപ്പം ഉണ്ടായിരുന്നു. അന്ധകാര ശക്തികളെ പിൻതള്ളുവാനും ദൈവം വിഭാവനം ചെയ്ത വേല തടസ്സപ്പെടാതെ ചെയ്യുവാനും അവർ നമ്മോടൊപ്പമുണ്ട്. ദൈവദൂതന്മാർ നമ്മുടെ ഇടയിൽ പ്രവർത്തിക്കുകയായിരുന്നു....

ഈ മീറ്റിംഗിൽ സംഭവിച്ചതുപോലുള്ള മാറ്റങ്ങൾ കണ്ട് ഞാൻ ജീവിതത്തിൽ ഇത്രയും ആശ്ചര്യപ്പെട്ടിട്ടില്ല. ഇത് നമ്മുടെ വേലയല്ല. ദൈവമാണ് അത് സംഭവിപ്പിച്ചത്. ഇതിനെ സംബന്ധിച്ച നിർദ്ദേശം എനിക്ക് നൽകപ്പെട്ടിരുന്നു, എന്നാൽ ഈ മീറ്റിംഗിൽ കണക്കുകൾ ക്രമീകരിക്കുന്നതുവരെ എനിക്ക് ഈ നിർദ്ദേശം മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഈ സഭാക്കൂട്ടത്തിനിടയിൽ ദൂതന്മാർ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. നിങ്ങളെല്ലാം ഇത് ഓർക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, ദൈവം അവന്റെ ജനങ്ങളുടെ മുറിവുകളെ സൗഖ്യമാക്കും എന്നതും ഓർക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.—GCB April 25, 1901. pp. 463, 464.



ജനറൽ കോൺഫറൻസ് സമയത്ത് അതിശക്തമായി അവന്റെ ജനങ്ങൾക്കുവേണ്ടി ദൈവം പ്രവർത്തിച്ചു. ഓരോ സമയത്തും ഞാൻ ആ മീറ്റിംഗിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു മധുരകരമായ പാവനത എന്റെ മേൽ വരുന്നു, ഒരു നന്ദിയുടേതായ തിളക്കം എന്റെ ആത്മാവിലുണ്ടാകുന്നു. നമ്മുടെ വീണ്ടെടുപ്പുകാരനായ ദൈവത്തിന്റെ രാജകീയ പ്രവേശനം നാം കണ്ടിട്ടുണ്ട്. അവൻ അവന്റെ ജനങ്ങൾക്ക് വിടുതൽ കൊണ്ടുവന്നതുകൊണ്ട് നാം അവന്റെ വിശുദ്ധനാമത്തെ സ്തുതിക്കുന്നു.—RH Nov., 26, 1901.

വേർതിരിച്ചിരിക്കുന്ന കോൺഫറൻസുകൾക്കുമീതെ ജനറൽ കോൺഫറൻസ് സർവ്വാധിപത്യം നടപ്പിലാക്കാതിരിക്കേണ്ടതിന് യൂണിയൻ കോൺഫറൻസുകൾ നടപ്പിലാക്കേണ്ടത് ഒരു ആവശ്യമായിരുന്നു. കോൺഫറൻസിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഒരാളുടെയോ, രണ്ടാളുകളുടെയോ മൂന്നാളുകളുടെയോ മേൽ കേന്ദ്രീകരിക്കാനുള്ളതല്ല; വ്യത്യസ്തമായ വിഭാഗങ്ങൾക്കുമേലെ ഒരുപറ്റം ആളുകളുടെ ഒരു കൗൺസിൽ ഉണ്ടാകണം.—Ms 26, ഏപ്രിൽ 3 (1903).

## സെവന്ത്ഡേ അഡ്വന്റിസ്റ്റ് പ്രസ്ഥാനത്തിലുള്ള വിശ്വാസം ആവർത്തിച്ചുറപ്പിക്കുന്നു

ദൈവം സ്ഥാപിച്ച അടിസ്ഥാനത്തിൽനിന്നും നമുക്ക് ഒഴിഞ്ഞുമാറുവാൻ സാധിക്കുകയില്ല. നമുക്കിനി ഏതെങ്കിലും പുതിയ സംഘടനയിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല, കാരണം ഇതിനർത്ഥം സത്യത്തിൽനിന്നുള്ള വിശ്വാസത്യാഗമാണ്.—2SM 390 (1905).

അവനായി ഒരു സവിശേഷമായ നിധിയായിരിക്കുവാനാണ് ദൈവം ഒരു ജനമായി നമ്മെ വിളിച്ചിരിക്കുന്നതെന്ന് ലോകമെമ്പാടുമുള്ള സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരോട് പറയുവാനാണ് എന്നോട് നിർദ്ദേശിച്ചിരിക്കുന്നത്. കാലാവസനത്തോളം സൈന്യങ്ങളുടെ യഹോവയുടെ ഉപദേശത്തിലും ആത്മാവിലും പൂർണ്ണമായി ഐക്യപ്പെട്ട് നിൽക്കുവാനാണ് അവന്റെ ഭൂമിയിലെ സഭയെ അവൻ നിയോഗിച്ചിരിക്കുന്നത്. —2SM 397 (1908).

ചില നേരങ്ങളിൽ, വേലയുടെ പൊതു നടത്തിപ്പ് ഏല്പിക്കപ്പെട്ടിരിക്കുന്ന കുറച്ചാളുകൾ ജനറൽ കോൺഫറൻസിന്റെ പേരിൽ ബുദ്ധിപരമല്ലാത്ത പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോൾ, ഈ മനുഷ്യരാൽ പ്രതിനിധീകരിക്കപ്പെട്ട ജനറൽ കോൺഫറൻസിന്റെ ശബ്ദത്തെ ദൈവശബ്ദമായി കണക്കാക്കുവാൻ കഴിയുകയില്ല എന്ന്

ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതിനർത്ഥം വയൽപ്രദേശത്തിന്റെ എല്ലാ ഭാഗത്തുനിന്നും ശരിയായി നിയമിതരായ ജനറൽകോൺഫറൻസിന്റെ ഒരു നിയമിതമായ സഭയുടെ തീരുമാനങ്ങൾ ആദരിക്കപ്പെടുകയില്ല എന്നല്ല.

ഒരു ജനറൽ കോൺഫറൻസിനായി കൂടിവരുമ്പോൾ വയൽപ്രദേശത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള പ്രതിനിധികൾക്ക് അധികാരമുണ്ടാകണമെന്ന് ദൈവം നിയോഗിച്ചിട്ടുണ്ട്. എന്നാൽ ചിലർ ചെയ്തേക്കാകുന്ന തെറ്റിന്റെ അപകടം ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ ഒരു ചെറിയ കൂട്ടം ആളുകളുടെയോ മനസ്സനുസരിച്ച് അവന്റെ വേലയുടെ പുരോഗതിക്കും സമ്പന്നതയ്ക്കും ദൈവം അവന്റെ സഭയിൽ പൂർണ്ണ അളവിൽ നിക്ഷേപിച്ചിരിക്കുന്ന അധികാരത്തെയും സ്വാധീനത്തെയും അംഗീകരിക്കുക എന്നതാണ്.—9T 260, 261 (1909).

ആർക്കും നീതീകരിക്കുവാനും പുച്ഛിക്കുവാനും കഴിയാത്തവിധം സവിശേഷമായ അധികാരവും ശക്തിയും ദൈവം അവന്റെ സഭയ്ക്ക് നൽകിയിട്ടുണ്ട്, ആരെങ്കിലും അങ്ങനെ ചെയ്താൽ അവൻ ദൈവശബ്ദത്തെ നിന്ദിക്കുകയായിരിക്കും.—AA 164 (1911).

യിസ്രായേലിന്റെ ദൈവം അവന്റെ ജനത്തെ ഇപ്പോഴും നയിക്കുന്നു എന്നും അന്ത്യത്തോളം അവൻ കൂടെയുണ്ടായിരിക്കും എന്നും തിരിച്ചറിയുമ്പോൾ ഞാൻ അനുഗ്രഹിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു.—2SM 406 (1913).

ജനറൽ കോൺഫറൻസ് സമ്മേളനത്തിൽ സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭയോടുള്ള എലൻ വൈറ്റിന്റെ അവസാന സന്ദേശത്തിൽനിന്ന്. ധൈര്യത്തിന്റേതായ ഈ വാക്കുകൾ ജനറൽ കോൺഫറൻസ് പ്രസിഡന്റ്, എ.ജി. ഡാനിയേൽസ്, മേയ് 27, 1913-ൽ സമ്മേളനത്തിൽ വായിച്ചു കേൾപ്പിച്ചു.

## W.C. വൈറ്റിന്റെ ഒരു പ്രസ്താവന

മറ്റൊരു സഭ പുറത്തുവരത്തക്കവിധം ഈ പ്രസ്ഥാനത്തെ പൂർണ്ണമായി വിശ്വാസത്യാഗത്തിലാക്കുവാൻ ദൈവം അനുവദിക്കുകയില്ല എന്ന അവളുടെ പ്രസാദാത്മകമായ പഠിപ്പിക്കലിനെക്കുറിച്ചും ശേഷിപ്പു സഭയുടെ അനുഭവത്തെ അവൾ കണക്കാക്കിയെന്നും ഞാൻ അവളോട് (മിസ്സിസ് ലിഡാസ്കോട്ട്) പറഞ്ഞു.—W.C. White E.E. Andross, May 23, 1915, White Estate Correspondence File.



## ആത്മീയ ഉണർവ്വ് ഇപ്പോഴും ആവശ്യമാണ്

ഉത്തരവാദിത്വങ്ങളിരിക്കുന്ന മനുഷ്യർ ദൈവത്തിന്റെ വഴിയും ഇച്ഛയും പിന്തുടർന്നുവെങ്കിൽ കഴിഞ്ഞ ജനറൽ കോൺഫറൻസിൽ (1901) നടക്കാമായിരുന്ന വേലയെക്കുറിച്ച് ഒരു ദിവസം ഉച്ചയ്ക്ക് ഞാൻ എഴുതുകയായിരുന്നു. വലിയ വെളിച്ചം ലഭിച്ചവർ ആ വെളിച്ചത്തിൽ നടന്നിട്ടില്ല. യോഗം അവസാനിച്ചു, ഇടവേള ഇല്ലായിരുന്നു. മനുഷ്യൻ ചെയ്യേണ്ടിയിരുന്നതുപോലെ ദൈവമുമ്പാകെ തങ്ങളെത്തന്നെ താഴ്ത്തിയില്ല, പരിശുദ്ധാത്മാവ് പകർന്നുകിട്ടിയില്ല.

എനിക്ക് ബോധം നഷ്ടപ്പെട്ടപ്പോൾ ഞാൻ അതുവരെ എഴുതിയിട്ടുണ്ടായിരുന്നു, മാത്രമല്ല ബാറ്റിൽക്രീക്കിലെ ഒരു രംഗത്തിനു സാക്ഷ്യം വഹിക്കുന്നതുപോലെ എനിക്കു തോന്നി.

ഞങ്ങൾ ദൈവാലയത്തിന്റെ ഹാളിൽ സമ്മേളിച്ചിരുന്നു. പ്രാർത്ഥന കഴിഞ്ഞ് ഒരു പാട്ടുപാടി വീണ്ടും പ്രാർത്ഥിച്ചു. ഏറ്റവും ആത്മാർത്ഥമായ അപേക്ഷ ദൈവത്തിന് സമർപ്പിച്ചു. മീറ്റിംഗിൽ പരിശുദ്ധാത്മസാന്നിദ്ധ്യം അനുഭവപ്പെട്ടു....

ഹൃദയംഗമമായ ഏറ്റുപറച്ചിലിന് ആർക്കും അഹംഭാവം ഉള്ളതായി തോന്നിയില്ല, ഈ വേലയിൽ നേതൃത്വം നൽകിയവർ സ്വാധീനമുള്ളവരായിരുന്നു, എന്നാൽ മുമ്പ് അവരുടെ പാപങ്ങൾ ഏറ്റുപറയുവാനുള്ള ധൈര്യമില്ലായിരുന്നു.

ദൈവാലയത്തിൽ ഇന്നുവരെ കേട്ടിട്ടില്ലാത്തവിധമുള്ള ആനന്ദമുണ്ടായിരുന്നു.

പിന്നീട് ഞാൻ അബോധാവസ്ഥയിൽനിന്ന് ഉണർന്നു, കുറച്ചു നേരത്തേക്ക് ഞാൻ എവിടെയാണെന്ന് ചിന്തിക്കുവാൻ എനിക്കു കഴിഞ്ഞില്ല. എന്റെ പേന അപ്പോഴും എന്റെ കയ്യിലുണ്ടായിരുന്നു. ഈ വാക്കുകൾ എന്നോട് സംസാരിച്ചു: ഇതെല്ലാം അവന്റെ ജനത്തിനുവേണ്ടി ചെയ്യുവാൻ ദൈവം കാത്തിരിക്കുകയായിരുന്നു. ഇത് എങ്ങനെ ആയിരുന്നിരിക്കാം.” കഴിഞ്ഞ ജനറൽ കോൺഫറൻസിന് ശരിയായ പ്രവർത്തനം നടത്തിയിരുന്നെങ്കിൽ, “സ്വർഗ്ഗം മുഴുവൻ ദയയേകാൻ കാത്തിരിക്കുകയായിരുന്നു. നാം എവിടെ ആയിരുന്നേനെ എന്ന് ഞാൻ ചിന്തിച്ചു.—8T 104-106 (January 5, 1903).

രാത്രികാലത്ത് അടുത്തിടയായി എന്റെ മുമ്പിലൂടെ കടന്നുപോയ രംഗങ്ങളിൽ എനിക്ക് വലിയ മതിപ്പുണ്ട്. അനേക സ്ഥലങ്ങളിൽ ഒരു വലിയ ചലനം - ഉണർവ്വിന്റേതായ ഒരുവേല - മുമ്പോട്ട് പോകുന്ന

തായി തോന്നുന്നു. ദൈവത്തിന്റെ വിളിയോട് പ്രതികരിച്ചുകൊണ്ട് നമ്മുടെ ജനം ക്രമപ്പെടുന്നു.—TM 515 (1913).

### അവന്റെ ജനത്തോടുള്ള ദൈവത്തിന്റെ സഹിഷ്ണത

അവളുടെ വീണ്ടെടുപ്പുകാരന്റെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ സഭ ദുഃഖകരമാം വിധത്തിൽ പരാജയപ്പെട്ടിരിക്കുന്നു, എന്നിട്ടുകൂടി ദൈവം അവന്റെ ജനങ്ങളിൽനിന്ന് പിൻവാങ്ങുന്നില്ല. അവൻ അവരോട് ഇപ്പോഴും സഹിഷ്ണുത കാണിക്കുന്നത്, അവരിൽ കാണപ്പെടുന്ന എന്തെങ്കിലും നന്മ കൊണ്ടല്ല, പിന്നെയോ സത്യത്തിന്റെയും നീതിയുടെയും ശത്രുക്കൾക്കു മുമ്പാകെ അവന്റെ നാമം അനാദരിക്കപ്പെടാതിരിക്കുന്നതിനും ദൈവജനത്തിന്റെ നശീകരണത്തിൽ സാത്താന്റെ വക്താക്കൾ വിജയിക്കാതിരിക്കുന്നതിനും വേണ്ടിയാണ്. അവരുടെ കുറ്റങ്ങളെയും അവിശ്വാസത്തെയും അപഥസഞ്ചാരത്തെയും അവൻ നാളുകളായി വഹിക്കുന്നു.

അതിശയകരമായ സഹിഷ്ണുതയോടും അനുകമ്പയോടും അവൻ അവരെ ശിക്ഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. അവർ അവന്റെ നിർദ്ദേശങ്ങൾക്ക് ചെവി കൊടുക്കുകയാണെങ്കിൽ അവൻ അവരുടെ അധമമായ താത്പര്യങ്ങളെ ശുദ്ധീകരിക്കും. അവൻ ഒരു നിത്യരക്ഷയാൽ അവരെ രക്ഷിക്കുകയും അവരെ അവന്റെ കൃപാശക്തിയുടെ നിത്യസ്മാരകങ്ങളായി മാറ്റുകയും ചെയ്യും.—ST Nov. 13 (1901).

സഭ ബലഹീനമാക്കപ്പെട്ടതും കുറ്റമുള്ളതുമാണെങ്കിലും ക്രിസ്തു അവന്റെ പരമമായ ആദരവ് വർഷിച്ചിട്ടുള്ള ഭൂമിയിലെ ഏക വസ്തു സഭ മാത്രമാണെന്ന് നാം ഓർക്കണം. അവൻ നിരന്തരമായി അനുകമ്പയോടെ അതിനെ നോക്കുകയും അവന്റെ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തുകയുമാണ്.—2SM 396 (1902).

### അവനോട് വിശ്വസ്തരായിരിക്കുന്നവരോടൊത്ത് അവൻ പ്രവർത്തിക്കുന്നു

കർത്താവായ യേശുക്രിസ്തുവിനെ സേവിക്കുന്നതിനായി എപ്പോഴും അവന് ഒരു തിരഞ്ഞെടുക്കപ്പെട്ട ജനമുണ്ടായിരിക്കും. ജീവന്റെ രാജകുമാരനായ ക്രിസ്തുവിനെ യെഹൂദാജനം തിരസ്കരിച്ചപ്പോൾ, ദൈവരാജ്യം അവരിൽനിന്ന് എടുത്ത് അവൻ പുറജാതികൾക്ക് നൽകി. അവന്റെ വേലയുടെ എല്ലാ ശാഖകളിലും ദൈവം ഈ തത്വമനുസരിച്ച് പ്രവർത്തിക്കുന്നത് തുടരും. ഒരു സഭ ദൈവവചനത്തോട് അവിശ്വസ്തമാണെന്ന് തെളിയുമ്പോൾ, അവരുടെ സ്ഥാനം എന്തായിരുന്നാലും, അവരുടെ വിളി എത്ര പവിത്രവും ഉന്നതവുമായാലും ദൈവത്തിന് പിന്നീട് അവരോടൊത്ത് പ്രവർത്തിക്കുവാൻ കഴിയുകയില്ല. അപ്പോൾ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ വഹിക്കുന്നതിന് മറ്റുള്ളവർ തിരഞ്ഞെടുക്കപ്പെടും. എന്നാൽ, ഇവർ ഇതിനു പകരമായി എല്ലാ തെറ്റായ പ്രവൃത്തികളിൽനിന്നും അവരുടെ ജീവിതങ്ങളെ ശുദ്ധീകരിക്കുകയും അവരുടെ എല്ലാ അതിർത്തികളിലും ശുദ്ധവും വിശുദ്ധവുമായ തത്വങ്ങൾ സ്ഥാപിക്കുകയും ചെയ്തില്ലെങ്കിൽ, ദൈവം ഭയങ്കരമായി അവരെ ബാധിക്കുകയും താഴ്ത്തുകയും അനുതപിക്കുന്നതുവരെ അവരെ അവരുടെ സ്ഥാനത്തുനിന്ന് മാറ്റുകയും അവരെ ഒരു പരിഹാസമാക്കുകയും ചെയ്യും.—14 MR 102 (1903).

### നൽകപ്പെട്ട വെളിച്ചത്തിനൊത്ത് വിധിക്കപ്പെടുന്നു

സമാഗമനകൂടാരത്തിന്റെ തുലാസ്സിൽ സെവന്ത്-ഡേ അഡ്വന്റിസ്റ്റ് സഭ തൂക്കപ്പെടേണ്ടതാണ്. അവൾക്കുണ്ടായിരുന്ന നേട്ടങ്ങളുടെയും അവസരങ്ങളുടെയും അടിസ്ഥാനത്തിൽ അവൾ വിധിക്കപ്പെടും. അളവറ്റ വിധം ക്രിസ്തു അവൾക്കുമേൽ വർഷിച്ച നേട്ടങ്ങൾക്കൊത്ത് അവളുടെ ആത്മീയ അനുഭവങ്ങൾ തുല്യമാകുകയും നൽകപ്പെട്ട അനുഗ്രഹങ്ങൾ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വേലയ്ക്ക് അവളെ യോഗ്യയാക്കുകയും ചെയ്യുന്നില്ലെങ്കിൽ, “കുറവുള്ളതായി കണ്ടു” എന്ന വിധി അവളുടെമേൽ പ്രഖ്യാപിക്കപ്പെടും. നൽകപ്പെട്ട വെളിച്ചത്തിനും നൽകപ്പെട്ട അവസരങ്ങൾക്കുമനുസരിച്ച്, അവൾ വിധിക്കപ്പെടും....

താക്കീതിന്റെ പവിത്രമായ ഉപദേശങ്ങൾ സേവനത്തിനുവേണ്ടിയുള്ള പ്രിയങ്കരമായ സൗകര്യങ്ങളുടെ നശീകരണത്തിൽ പ്രകടമാകുന്നവ നമ്മോട് പറയുന്നു: “നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നു ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക (വെളി. 2:5)....

1902 ഫെബ്രുവരി 18-ന് ലോകത്തിലെ ഏറ്റവും വലിയതും പരക്കെ അറിയപ്പെട്ടതുമായ അഡ്വന്റിസ്റ്റ് ആശുപത്രിയായ ബാറ്റിൽ ക്രീക്ക് ആശുപത്രി അഗ്നിയാൽ കത്തിയമർന്നു. ഇതിന്റെ തുടർച്ചയായി ഡിസംബർ 30, 1902-ൽ റിവ്യൂ ആന്റ് ഹെറാൾഡ് പ്രസിദ്ധീകരണശാലയും അഗ്നിയാൽ നശിപ്പിക്കപ്പെട്ടു.

സ്വന്തം പിന്മാറ്റം കാരണം പുളിച്ചിരിക്കുന്ന സഭ അനുതപിച്ച് മാനസാന്തരപ്പെടുന്നതുവരെ, അവളുടെ സ്വന്തം പ്രവൃത്തികളുടെ ഫലം അവൾ ഭക്ഷിക്കേണ്ടിവരും, അവൾ തന്നെത്താൻ തിന്മയെ ചെറുത്ത്

നമ്മയെ തിരഞ്ഞെടുക്കുമ്പോൾ, സമ്പൂർണ്ണ താഴ്മയോടെ അവൾ ദൈവത്തെ അന്വേഷിക്കുകയും ക്രിസ്തുവിലുള്ള അവളുടെ ഉന്നതമായ വിളിയിലേക്ക് എത്തിച്ചേരുകയും നിത്യസത്യത്തിന്റെ അടിസ്ഥാനത്തിൽ നിലകൊള്ളുകയും വിശ്വാസത്താൽ അവൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന നേട്ടങ്ങളിൽ മുറുകെപ്പിടിക്കുകയും ചെയ്യുമ്പോൾ, അവൾ സൗഖ്യമാക്കപ്പെടും. സത്യം അവളെ തീർച്ചയായും സ്വതന്ത്രമാക്കിയെന്ന് കാണിച്ചുകൊണ്ട്, ലൗകിക കെട്ടുപാടുകളിൽനിന്ന് വേർപെട്ട്, ദൈവദാനമായ ലാളിത്യത്തിലും വിശുദ്ധിയിലും അവൾ പ്രത്യക്ഷപ്പെടും. അപ്പോൾ നിശ്ചയമായും അവളുടെ അംഗങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട, അവന്റെ പ്രതിനിധികളാകും.—8T 247 - 251 (April 21, 1903).

## യിസ്രായേലിന്റെ ചരിത്രം നമുക്കൊരു താക്കീത്

പഴയകാല യിസ്രായേലിന് നേരിട്ട അതേ അപകടങ്ങളാണ് ഈ അന്ത്യനാളുകളിൽ ദൈവത്തിന്റെ ജനം നേരിടേണ്ടി വരിക. ദൈവം നൽകുന്ന താക്കീതുകൾ സ്വീകരിക്കാത്തവർ പുരാതന യിസ്രായേൽ വീണ അതേ ദുരിതത്തിൽ വീഴുകയും അവിശ്വസ്തതയാൽ സ്വസ്ഥതയിൽ പ്രവേശിക്കാതെയുമിരിക്കും. കീഴ്പ്പെടാത്ത ഇച്ഛയും വിശുദ്ധീകരിക്കപ്പെടാത്ത ഹൃദയങ്ങളും കാരണം പുരാതന യിസ്രയേൽ ദുരന്തങ്ങളിലൂടെ കടന്നുപോയി. ഒരു രാഷ്ട്രമെന്ന നിലയിലുള്ള അവരുടെ അന്തിമ തിരസ്കരണം അവരുടെ സ്വന്തം അവിശ്വസ്തതയും ആത്മവിശ്വാസവും അനുതാപമില്ലായ്മയും മനസ്സിന്റെ അന്ധതയും ഹൃദയകാഠിന്യവും മൂലമാണ്. അവരുടെ ചരിത്രത്തിൽ നമുക്കു മുമ്പിൽ ഒരു അപായ സൂചന ഉയർത്തപ്പെട്ടിട്ടുണ്ട്.

"സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിനു അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കുമുണ്ടാകാതിരിക്കുവാൻ നോക്കുവിൻ." "ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ" (എബ്രാ. 3:12,14).—Letter 30 (1895).

## പോരിലേർപ്പെട്ടിരിക്കുന്ന സഭ അപൂർണ്ണമാണ്

സമരസജ്ജമായ സഭ വിജയിയായ സഭയല്ല, ഭൂമി സ്വർഗ്ഗവുമല്ല. സഭ ഉണ്ടാക്കപ്പെട്ടിരിക്കുന്നത് തെറ്റ് ചെയ്യുന്നവരാലും, അപൂർണ്ണരായ സ്ത്രീപുരുഷന്മാരാലുമാണ്, എന്നാൽ അവർ ഈ ജീവിതത്തിനും അമർത്യജീവിതമായ ഭാവിജീവിതത്തിനും വേണ്ടി ക്രിസ്തുവിന്റെ പാഠശാലയിൽ പരിശീലിക്കപ്പെടേണ്ടവരും ശിക്ഷണത്തിന് വിധേയരാകേണ്ടവരും വിദ്യ അഭ്യസിക്കേണ്ടവരുമാണ്.—ST Jan. 4 (1883).

ചില മനുഷ്യർ പള്ളിയിൽ ചേരുമ്പോൾ അവരുടെ പ്രതീക്ഷകൾ പൂർത്തീകരിച്ച് പൂർണ്ണരും വിശുദ്ധരുമായവരെ മാത്രമെ കണ്ടുമുട്ടുകയുള്ളു എന്നാണ് അവർ കരുതുന്നത്. അവർ അവരുടെ വിശ്വാസത്തിൽ ശുഷ്ക്കാന്തിയുള്ളവരാണ്, അങ്ങനെ സഭാംഗങ്ങളിൽ കുറ്റങ്ങൾ കാണുമ്പോൾ അവർ പറയും, "ഞങ്ങൾ ലോകം ത്യജിച്ചത് ദുഷ്ടകഥാപാത്രങ്ങളുമായി യാതൊരു സഹവാസവും ഇല്ലാതിരിക്കുവാനാണ്, എന്നാൽ ദുഷ്ടത ഇവിടെയുമുണ്ട്;" അപ്പോൾ അവർ ഉപമയിലെ ദാസന്മാർ ചോദിച്ചതുപോലെ ചോദിക്കുന്നു, "പിന്നെ എവിടെ നിന്നാണീ കളകൾ?"

എന്നാൽ നാം അപ്രകാരം നിരാശപ്പെടേണ്ടതില്ല, കാരണം സഭ പൂർണ്ണമാണെന്നതിന് കർത്താവ് നമുക്കൊരുറപ്പും നൽകിയിട്ടില്ല; മാത്രമല്ല പോരാട്ടസജ്ജമായ സഭയെ വിജയിയായ സഭ ആക്കുന്നതിൽ നമ്മുടെ ശുഷ്ക്കാന്തി വിജയകരമാകുകയില്ല.—TM 47 (1893).

## വിജയിയായ സഭ വിശ്വസ്തവും ക്രിസ്തുസമാനവും ആയിരിക്കും

വേല വേഗത്തിൽ അവസാനിക്കുവാൻ പോകുകയാണ്. പോരാട്ടസജ്ജമായ സഭയുടെ വിശ്വസ്തത തെളിയിച്ച അംഗങ്ങൾ വിജയിയായ സഭയായിത്തീരും.—Ev 707 (1892).

ദൈവസ്നേഹത്തിന്റെ ദിവ്യ സന്ദേശത്താൽ നിറയപ്പെട്ട ഒരു ജീവിതമായിരുന്നു ക്രിസ്തുവിന്റെ ജീവിതം. മറ്റുള്ളവർക്ക് ഇത് നിറഞ്ഞ അളവിൽ നൽകുവാൻ അവൻ അതിയായി ആഗ്രഹിച്ചു. അനുകമ്പ അവന്റെ മുഖത്തുനിന്ന് ഒളിമിന്നി, അവന്റെ പെരുമാറ്റം കൃപ, താഴ്മ, സത്യം, സ്നേഹം എന്നിവയാൽ അലങ്കരിക്കപ്പെട്ടതായിരുന്നു. പോരാട്ടസജ്ജമായ അവന്റെ സഭയുടെ ഓരോ അംഗവും വിജയിയായ സഭയിൽ ചേരണമെങ്കിൽ ഇതേ ഗുണങ്ങൾ പ്രകടിപ്പിക്കണം.—FE179 (1891).

## അധ്യായം അഞ്ച്

# ശേഷിപ്പിന്റെ പ്രാർത്ഥനാജീവിതം

### ഇരട്ടിയായ ജീവിതം

ക്രിസ്തു ആകാശമേഘങ്ങളിൽ രണ്ടാമത് പ്രത്യക്ഷപ്പെടുന്നതിനു തൊട്ടുമുമ്പുള്ള ഈ കാലഘട്ടത്തിൽ, യോഹന്നാൻ സ്നാപകൻ ചെയ്തതുപോലുള്ള ഒരു വേല ചെയ്യേണ്ടതുണ്ട്. കർത്താവിന്റെ വലിയ ദിവസത്തിൽ നിൽക്കുന്നതിനായി ഒരു ജനത്തെ ഒരുക്കുന്നതിനുവേണ്ടി ദൈവം സ്ത്രീപുരുഷന്മാരെ വിളിക്കുന്നു.... യോഹന്നാൻ നൽകിയതുപോലുള്ള ഒരു സന്ദേശം നൽകുന്നതിന് നമുക്ക് അവന്റേതുപോലുള്ള ഒരു ആത്മീയ അനുഭവം വേണം. അതേ വേല നമ്മിലും നടക്കണം. നാം ദൈവത്തെ കാണണം, അങ്ങനെ അവനെ കാണുമ്പോൾ സ്വയത്തെ നാം കാണാതെയാകണം.—8T 332, 333 (1904).

ദൈവവുമായുള്ള സംസർഗ്ഗം സ്വഭാവത്തെയും ജീവിതത്തെയും ശ്രേഷ്ഠമാക്കും. നാം ക്രിസ്തുവിനോടൊപ്പമായിരുന്നുവെന്ന് ആദ്യ ശിഷ്യന്മാരെക്കുറിച്ചു പറഞ്ഞതുപോലെ ജനം തിരിച്ചറിയും. മറ്റൊന്നിനും നല്കാൻ കഴിയാത്ത ഒരു ശക്തി വേലക്കാരന് ഇത് പ്രദാനം ചെയ്യും. ഈ ശക്തി ലഭിക്കാതിരിക്കുന്നതിന് അവൻ ഒരിക്കലും സ്വയം അനുവദിക്കുവാൻ പാടില്ല. ചിന്തയുടെയും പ്രവൃത്തിയുടെയും നിശ്ശബ്ദ പ്രാർത്ഥനയുടെയും ആത്മാർത്ഥ വേലയുടെയും രണ്ടുമടങ്ങായ ജീവിതം നാം നയിക്കണം.—MH 512 (1905). 63.2.

പ്രാർത്ഥനയും അദ്ധ്വാനവും, അദ്ധ്വാനവും പ്രാർത്ഥനയും ആയിരിക്കണം നിങ്ങളുടെ ജീവിത വ്യവഹാരം. കഴിവും സ്തുതിയും എല്ലാം ദൈവത്തിനാണെന്ന വിധം നിങ്ങൾ പ്രാർത്ഥിക്കണം, കടമ മുഴുവൻ നിങ്ങളുടെ സ്വന്തം എന്നപോലെ നിങ്ങൾ അദ്ധ്വാനിക്കണം.—4T 538 (1881).



പ്രാർത്ഥനയില്ലാതെ ഒരു മനുഷ്യനും ഒരു ദിവസത്തേക്കോ ഒരു മണിക്കൂറുനേരത്തേക്കോ സുരക്ഷിതമല്ല.—GC 530 (1911).

ഒന്നും ചെയ്യാതെ പ്രാർത്ഥിക്കുക മാത്രം ചെയ്യുന്നവൻ താമസിയാതെ പ്രാർത്ഥന നിർത്തും.—SC 101 (1892)

### ക്രിസ്തുവിൽ ദൃഢമായി വേരൂന്നിയിരിക്കുന്നു

ഓരോ മനുഷ്യന്റെയും വിശ്വാസം എപ്രകാരമുള്ളതാണെന്ന് പരിശോധിക്കുന്ന കൊടുങ്കാറ്റ് വരികയാണ്. വിശ്വാസികൾ ഇപ്പോൾ ക്രിസ്തുവിൽ ദൃഢമായി വേരൂന്നിയിരിക്കണം. അല്ലെങ്കിൽ ഏതെങ്കിലും തെറ്റിന്റെ ഘട്ടത്താൽ അവർ വഴി തെറ്റിപ്പോകും.—Ev 361, 362 (1905).

ഓരോ ദിവസവും ഓരു മണിക്കൂറെങ്കിലും ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് ധ്യാനിക്കുന്നത്, നമുക്ക് നന്നായിരിക്കും. നാം അത് ഓരോരോ സമയങ്ങളായി തിരിച്ച് ഓരോ രംഗവും നമ്മുടെ ഭാവനയിൽ കാണുക.—DA 83 (1898).

അവന്റെ നീതിയിലുള്ള വിശ്വാസത്തിലൂടെ ക്രിസ്തു ഹൃദയത്തിൽ വസിക്കുന്നത് മാത്രമാണ് ദുഷ്ടതക്ക് എതിരെയുള്ള ഏക പ്രതിരോധം. നാം ദൈവവുമായി ഈടാർന്ന ബന്ധത്തിൽ ആയില്ലെങ്കിൽ, നമുക്കൊരിക്കലും സ്വയ സ്നേഹത്തിന്റെയും സ്വയം മുഴുകലിന്റെയും പാപം ചെയ്യുന്നതിനുള്ള പരീക്ഷകളുടെയും അവിശുദ്ധമായ ഫലങ്ങളെ പ്രതിരോധിക്കുവാൻ കഴിയുകയില്ല. നാം അനേകം ചീത്ത സ്വഭാവങ്ങൾ ഉപേക്ഷിച്ചേക്കാം, താല്ക്കാലികമായി നാം സാത്താനുമായുള്ള ബന്ധം ഉപേക്ഷിച്ചേക്കാം; എന്നാൽ നിമിഷംപ്രതി നമ്മെത്തന്നെ സമർപ്പിക്കുന്നതിലൂടെ ദൈവവുമായി ഒരു സുപ്രധാന ബന്ധമില്ലെങ്കിൽ നാം കീഴടക്കപ്പെടും. ക്രിസ്തുവുമായി ഒരു വ്യക്തിപരമായ പരിചയവും തുടർച്ചയായ കൂട്ടായ്മയും ഇല്ലാതെ, നാം ശത്രുവിന്റെ കാരുണ്യത്തിലാണ്, അങ്ങനെ ഒടുവിൽ നാം അവൻ ആവശ്യപ്പെടുന്നത് പ്രവർത്തിക്കും.—DA 324 (1898).

നമ്മുടെ ഏറ്റവും സന്തോഷകരമായ വികാരത്തിന്റെയും സംഭാഷണത്തിന്റെയും ധ്യാനത്തിന്റെയും കേന്ദ്ര ആശയം ക്രൂശിക്കപ്പെട്ട ക്രിസ്തുവായിരിക്കണം.—SC 103, 104 (1892).

## പരിശുദ്ധാത്മാവിനാൽ മെനയപ്പെടുന്നു

ദൈവത്തിന്റെ ആത്മാവിനാൽ മെനയപ്പെടുവാൻ കീഴ്പ്പെടുന്നതു വരെ മനുഷ്യഹൃദയം ഒരിക്കലും സന്തോഷം എന്തെന്ന് അറിയുകയില്ല. യേശുക്രിസ്തു എന്ന മാതൃകയിലേക്ക് പുതുക്കപ്പെട്ട ആത്മാവിനെ ദൈവാത്മാവ് ആക്കിത്തീർക്കുന്നു. അതിന്റെ സ്വാധീനത്തിലൂടെ ദൈവത്തോടുള്ള ശത്രുത വിശ്വാസം സ്നേഹം എന്നിവയായും ഗർവ്വ് താഴ്മയായും മാറുന്നു. ആത്മാവ് സത്യത്തിന്റെ സൗന്ദര്യം ഉൾക്കൊള്ളുകയും സ്വഭാവ പൂർണ്ണതയിലും മികവിലും ക്രിസ്തു ആദരിക്കപ്പെടുകയും ചെയ്യുന്നു.—OHC 152 (1896).

അവിടെ നമ്മുടെ പ്രകൃതത്തിന്റെ ഒരു പ്രചോദനമോ മനസ്സിന്റെ ഒരു ശക്തിയോ അഥവാ ഹൃദയത്തിന്റെ ഒരു ചായ്വോ അല്ല ആവശ്യം, എന്നാൽ ദൈവാത്മാവിന്റെ നിയന്ത്രണത്തിൻകീഴിൽ നിമിഷം തോറും ആയിരിക്കുകയാണ് ആവശ്യം.—PP 421 (1890).

ആത്മാവ് നമ്മുടെ അന്ധകാരത്തെ പ്രകാശമയമാക്കുകയും നമ്മുടെ അജ്ഞതയെ അറിവുള്ളതാക്കുകയും. നമ്മുടെ വിവിധ തരമായ ആവശ്യങ്ങളിൽ നമ്മെ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ മനസ്സ് നിരന്തരം ദൈവത്തെ തേടി പോകുന്നതാകണം. ലൗകികത ഉള്ളിൽ കടക്കുവാൻ അനുവദിക്കുകയും പ്രാർത്ഥിക്കുവാൻ താല്പര്യമില്ലാതിരിക്കുകയും ജ്ഞാനത്തിന്റെയും ബലത്തിന്റെയും ഉറവിടമായവനുമായി വളരെ സൗഹാർദ്ദത്തോടെ സംഭാഷണം ചെയ്യുവാൻ ആഗ്രഹമില്ലാതെയും വരുകയാണെങ്കിൽ ആത്മാവ് നമ്മിൽ വസിക്കുകയില്ല.—OHC 154 (1904).

## വേദപുസ്തക പഠനത്തിന്റെ ആവശ്യകത

വചനമായ ഉപ്പ് ദിവസേന നൽകുന്നില്ലായെങ്കിൽ പുതുക്കപ്പെട്ട ഒരു ഹൃദയത്തെയും മധുരകരമായ അവസ്ഥയിൽ വെക്കുവാൻ കഴിയുകയില്ല. ദിവ്യ കൃപ ദിവസേന ലഭിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഒരു മനുഷ്യനും മാനസാന്തരപ്പെട്ട അവസ്ഥയിൽ നിലനിൽക്കുകയില്ല.—OHC 215 (1897).

നിങ്ങളുടെ വിശ്വാസം ദൈവവചനത്താൽ ഉറപ്പിക്കപ്പെടട്ടെ. സത്യത്തിന്റെ ജീവനുള്ള സാക്ഷ്യം ശക്തമായി ഗ്രഹിക്കുക. ഒരു സ്വന്ത രക്ഷിതാവെന്ന നിലയിൽ ക്രിസ്തുവിൽ വിശ്വാസമുണ്ടായിരിക്കുക.



ഇതിനു മുമ്പും ഇനി എന്നും അവൻ നമ്മുടെ നിത്യകാലപാറയാണ്.—Ev 362 (1905).

ലോകത്തിനുമേൽ വേഗത്തിൽ ആശ്ചര്യകരമാംവിധം പൊട്ടിപ്പുറപ്പെടുവാനിരിക്കുന്നവയ്ക്കുവേണ്ടി ക്രിസ്ത്യാനികൾ തയ്യാറാകേണ്ടതുണ്ട്, ഇത് അവർ ചെയ്യേണ്ടത് ശ്രദ്ധയോടെ ദൈവവചനം പഠിച്ചും അതിന്റെ ഉപദേശങ്ങളനുസരിച്ച് അവരുടെ ജീവിതങ്ങളെ അനുരൂപമാക്കിയുമാണ്.—PK 626 (c. 1914).

മനസ്സുകളെ ബൈബിൾ സത്യങ്ങളെക്കൊണ്ട് ബലപ്പെടുത്തിയവർ മാത്രമെ അവസാനത്തെ വൻപോരാട്ടത്തിൽ നിലനിൽക്കുകയുള്ളു.—GC 593, 594 (1911).

ശുഷ്കാന്തിയോടുകൂടി വചനം പഠിക്കുകയും സത്യത്തോടുള്ള സ്നേഹം ഉൾക്കൊള്ളുന്നവരും മാത്രമേ ലോകത്തെ അടിമയാക്കുന്ന സാത്താന്റെ ശക്തിയേറിയ വഞ്ചനയിൽനിന്നും സംരക്ഷിക്കപ്പെടുകയുള്ളു.—GC 625 (1911).

നമ്മുടെ ജനം ദൈവത്തിന്റെ തിരുവെഴുത്തുകൾ മനസ്സിലാക്കണം; വെളിവാക്കപ്പെട്ട സത്യത്തെ സംബന്ധിച്ച തത്വങ്ങളുടെ ഒരു ചിട്ടയായ അറിവ് അവർക്ക് ഉണ്ടായിരിക്കണം, അത് ഭൂമിയിൽ സംഭവിക്കുന്നതിനായി അവരെ ക്രമപ്പെടുത്തുകയും എല്ലാവിധ സൈദ്ധാന്തിക കാറ്റുകളാലും എടുക്കപ്പെട്ടു പോകുന്നതിൽനിന്ന് അവരെ തടയുകയും ചെയ്യും.—5T 273 (1885).

## തിരുവചനം ഓർമ്മയിൽ സൂക്ഷിക്കുക

ഓരോ ദിവസവും നിരവധി തവണ വിലയേറിയ സുവർണ്ണ നിമിഷങ്ങൾ പ്രാർത്ഥനയ്ക്കും തിരുവചന പഠനത്തിനുമായി പ്രതിഷ്ഠിക്കപ്പെടണം, അത് ഒരു വാക്യം ഓർമ്മയിൽ വയ്ക്കുവാൻ മാത്രമാണെങ്കിൽ, ആ ആത്മീയ ജീവിതം ആത്മാവിൽ നിലനിൽക്കും.—4T 459 (1880).

സ്വർഗ്ഗീയ രാജാവിനോട് കൂറുള്ള യുവാക്കളുടെ മാനദണ്ഡം ദൈവത്തിന്റെ വിലയേറിയ വചനമാണ്. അവർ തിരുവെഴുത്തുകൾ പഠിക്കട്ടെ. ദൈവം എന്തുപറഞ്ഞു എന്ന ഒരു പരിജ്ഞാനം ലഭിക്കുവാൻ അവർ വാക്യങ്ങൾ ഓരോന്നായി ഓർമ്മയിൽ സംഗ്രഹിക്കട്ടെ.—ML 315 (1887).

നിങ്ങൾക്കുചുറ്റും തിരുവചനത്തിന്റെ ഒരു ചുമർ പണിയുക. ലോകത്തിന് അത് തകർക്കാൻ കഴിയുകയില്ല എന്ന് നിങ്ങൾ കാണും. തിരുവചനം ഓർമ്മയിൽ സംഗ്രഹിക്കുക, മാത്രമല്ല സാത്താൻ പരീക്ഷകളുമായി വരുമ്പോൾ ഇങ്ങനെ എഴുതിയിരിക്കുന്നു" എന്ന് പറഞ്ഞ് അവനെ നേരിടുക. ഇപ്രകാരമാണ് നമ്മുടെ കർത്താവ് സാത്താന്റെ പരീക്ഷകളെ നേരിട്ടതും അവയെ ചെറുത്തതും.—RH April 10 (1888).

ക്രിസ്തുവിന്റെ വിലയേറിയ വാക്കുകൾ നിങ്ങളുടെ സ്മൃതിപഥത്തിൽ സൂക്ഷിക്കുക. അവ സ്വർണ്ണത്തിനും വെള്ളിക്കും മീതെ വിലമതിക്കേണ്ടതാണ്.—6T 81 (1900).

നിങ്ങൾ വേല ചെയ്യുമ്പോൾ ഒരു പോക്കറ്റ് ബൈബിൾ കൈവശം വച്ച് അതിലെ വിലയേറിയ വാഗ്ദത്തങ്ങൾ ഓർമ്മയിൽ വയ്ക്കാനുള്ള ഓരോ അവസരവും മെച്ചപ്പെടുത്തുക.—RH April 27 (1905).

എഴുതപ്പെട്ടിരിക്കുന്ന ദൈവവചനം അനേകർക്കും നിരാകരിക്കപ്പെടുന്ന ഒരു സമയം വരും. എന്നാൽ ഈ വചനം നമ്മുടെ ഓർമ്മയിൽ അച്ചടിക്കപ്പെട്ടിരിക്കുകയാണെങ്കിൽ, നമ്മിൽനിന്ന് ആർക്കും ഇത് എടുക്കുവാൻ പറ്റുകയില്ല.—20 MR 64 (1906).

ദൈവവചനം പഠിക്കുക. നമുക്ക് നമ്മുടെ ബൈബിളുകൾ നിരാകരിക്കപ്പെടുമ്പോഴും, ദൈവവചനം നമ്മുടെ ഉടമസ്ഥതയിലുണ്ടായിരിക്കുവാൻ അതിലെ വിലപ്പെട്ട വാഗ്ദത്തങ്ങൾ നമ്മുടെ ഓർമ്മയിൽ വയ്ക്കുക.—10MR 298 (1909).

## വെളിപ്പാട് 14 ദൈവജനത്തിന് ഒരു നങ്കൂരം

ഒന്നും രണ്ടും മൂന്നും ദൂതന്മാരുടെ ദൂതുകളുടെ അർത്ഥം ഉറപ്പാക്കേണ്ടത് ഈ അന്ത്യനാളുകളിൽ നമ്മുടെ കടമയാണ്. നമ്മുടെ ഇടപാടുകളെല്ലാം ദൈവവചനത്തിനൊത്തവണ്ണമായിരിക്കണം. വെളിപ്പാട് 14-ന്റെ ആറാം വാക്യം മുതൽ അവസാനംവരെ ഒന്നും രണ്ടും മൂന്നും ദൂതന്മാരുടെ ദൂതുകൾ ഒരുമിച്ച് ചേർത്ത് വെളിപ്പെടുത്തിയിരിക്കുകയാണ്.—13MR 68 (1896).

മൂന്നാം ദൂതന്റെ ദൂതിനെ ആശ്ലേഷിച്ച അനേകർക്കും മുൻപുണ്ടായിരുന്ന രണ്ട് ദൂതുകളുടെ അനുഭവമുണ്ടായിരുന്നില്ല. സാത്താൻ ഇത് മനസ്സിലാക്കുകയും അവരെ പരാജയപ്പെടുത്തുവാൻതക്കവണ്ണം അവന്റെ ദുഷ്ട കണ്ണ് അവരുടെമേൽ പതിപ്പിച്ചിരുന്നു; എന്നാൽ മൂന്നാം ദൂതൻ അവരെ അതിപരിശുദ്ധ സ്ഥലം ചൂണ്ടിക്കാണിക്കുകയും മുൻ



ദൂതുകളിൽ അനുഭവമുണ്ടായിരുന്നവരെ അവ സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലേക്കുള്ള വഴി ചൂണ്ടിക്കാണിക്കുകയുമായിരുന്നു. ദൂതന്മാരുടെ ദൂതുകളിൽ അനേകർ സത്യത്തിന്റെ സമ്പൂർണ്ണ ചങ്ങല കാണുകയും സന്തോഷത്തോടെ അവ ക്രമമായി സ്വീകരിക്കുകയും വിശ്വാസത്താൽ യേശുവിനെ പിൻപറ്റി സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെത്തുകയും ചെയ്തു. ഈ ദൂതുകൾ ദൈവജനത്തിന് ഒരു നങ്കൂരമായി എനിക്ക് കാണിക്കപ്പെട്ടു. ഇവ മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവർ സാത്താന്റെ വഞ്ചനകളാൽ തൂത്തെറിയപ്പെടുന്നതിൽ നിന്ന് സംരക്ഷിക്കപ്പെടും.—EW 256 (1858).

## ദൈവവചനം വിശ്വസിക്കുന്നതിനുവേണ്ടി മനസ്സിനെ അഭ്യസിപ്പിക്കുക

ദൈവവചനത്തെ ചോദ്യം ചെയ്യുവാനും അവിശ്വസ്തമായി തോന്നാവുന്ന ഏതെങ്കിലും സാഹചര്യമുണ്ടെങ്കിൽ സകലതിനെയും സംശയിക്കുന്നതിനു സ്വാതന്ത്ര്യമുണ്ടെന്ന് തോന്നുന്നവർക്ക്, പ്രശ്നങ്ങൾ വരുമ്പോൾ വിശ്വാസമുണ്ടായിരിക്കുവാൻ കഠിന പ്രയത്നം വേണ്ടിവരുമെന്ന് കണ്ടെത്തും. അവിശ്വസ്തതയുടെ മാർഗ്ഗത്തിൽ അഭ്യസിപ്പിക്കപ്പെട്ട മനസ്സിനെ വരിഞ്ഞുമുറുക്കുന്ന ആ സ്വാധീനത്തെ അതിജീവിക്കുവാൻ മിക്കവാറും ബുദ്ധിമുട്ടായിരിക്കും. കാരണം ഈ രീതിയാൽ ആത്മാവ് സാത്താന്റെ കെണിയിൽ ബന്ധിക്കപ്പെടുകയും ആത്മാവോട് കൂടുതൽ കൂടുതൽ ഈടാർന്നവിധം നെയ്യപ്പെടുകയും ചെയ്യുന്ന ഭീകരമായ വലയെ ഭേദിക്കുവാൻ ശക്തിഹീനമായിത്തീരുകയും ചെയ്യും.

സംശയത്തിന്റേതായ ഒരു നിലപാട് എടുക്കുന്നതിലൂടെ, മനുഷ്യൻ സാത്താന്റെ ഇടനിലക്കാരെ തന്റെ സഹായത്തിന് വിളിക്കുന്നു. എന്നാൽ അവിശ്വസ്തതയുടെ മാർഗ്ഗത്തിൽ അഭ്യസിപ്പിക്കപ്പെട്ട ഒരുവന്റെ ഏക പ്രത്യാശ, സമ്പൂർണ്ണമായി രക്ഷകനിൽ ആശ്രയിച്ച് ഒരു പൈതലിനെപ്പോലെ അന്ധകാരത്തിൽനിന്ന് അവന്റെ അത്ഭുതപ്രകാശത്തിലേക്ക് കൊണ്ടുവരപ്പെടേണ്ടതിന് അവന്റെ ഇച്ഛയും മാർഗ്ഗവും ക്രിസ്തുവിന് സമർപ്പിക്കുകയാണ്. സാത്താന്റെ കെണിയിൽനിന്ന് സ്വയമായി പുറത്തുവരുവാനുള്ള ശക്തി മനുഷ്യനില്ല. അവനവനെത്തന്നെ ചോദ്യം ചെയ്യലിന്റെയും സംശയത്തിന്റെയും വിമർശനത്തിന്റെയും മാർഗ്ഗത്തിൽ സ്വയം അഭ്യസിപ്പിക്കുന്നവൻ നിരീശ്വരത്വത്തിൽ അവനെത്തന്നെ ശക്തീകരിക്കുന്നു.—Ms 3 (1895).

## ഭാവിപരിശോധനയ്ക്കുള്ള തയ്യാറെടുപ്പ്

വിശ്വാസത്തിന്റെ പരിശോധനയ്ക്കായി ദൈവജനം കൊണ്ടുവരപ്പെടുമ്പോൾ ക്രിസ്തുവിന്റെ ദാസന്മാർ ഒരു പ്രസംഗവും മുൻകൂട്ടി തയ്യാറാക്കേണ്ടതില്ല. അവരുടെ തയ്യാറെടുപ്പ് ദൈനംദിനം നടത്തപ്പെടേണ്ടതാണ്, ദൈവവചനത്തിന്റെ വിലപ്പെട്ട സത്യങ്ങൾ അവരുടെ ഹൃദയങ്ങളിൽ സംഗ്രഹിക്കുകയും ക്രിസ്തുവിന്റെ ഉപദേശങ്ങൾ ആഹരിക്കുകയും, പ്രാർത്ഥനയിലൂടെ അവരുടെ വിശ്വാസം ബലപ്പെടുത്തുകയും പിന്നീട് പരിശോധനയ്ക്കായി കൊണ്ടുവരുമ്പോൾ, കേൾവിക്കാരുടെ ഹൃദയങ്ങളിലേക്ക് എത്തിച്ചേരുന്ന സത്യങ്ങൾ പരിശുദ്ധാത്മാവ് അവരുടെ ഓർമ്മയിലേക്ക് കൊണ്ടുവരുകയും ചെയ്യും. ശ്രദ്ധയോടുകൂടിയുള്ള തിരുവചനപഠനത്തിലൂടെ ലഭ്യമാകുന്ന അറിവ് അത് ആവശ്യമായ സമയത്തുതന്നെ ദൈവം അവയെ ഓർമ്മയിലേക്ക് കൊണ്ടവരും.—CSW 40,41 (1900).

ഇന്ന് മറ്റുള്ളവരോട് പ്രസംഗിക്കുന്ന മനുഷ്യർക്ക് പരിശോധനാസമയം വരുമ്പോൾ അവരുടെ നിലപാടിൽ നിന്നുകൊണ്ട് അനേക കാര്യങ്ങൾക്കും തൃപ്തികരമായ കാരണങ്ങൾ നൽകാൻ കഴിയുകയില്ല എന്ന് കണ്ടെത്തും. അപ്രകാരം പരിശോധിക്കപ്പെടുന്നതുവരെ അവരുടെ വലിയ അജ്ഞതയെ അവർ അറിയുകയില്ല. തങ്ങൾ വിശ്വസിക്കുന്നത് മനസ്സിലാക്കുന്നു എന്ന് അനുമാനിക്കുന്ന അനേകർ ഇന്ന് സഭയിലുണ്ട്, എന്നാൽ പ്രതിസന്ധി ഉണ്ടാകുന്നതുവരെ അവരുടെ സ്വന്തം ബലഹീനത അവർ അറിയുകയില്ല. തങ്ങൾ വിശ്വാസക്കാരിൽനിന്ന് വേർപെട്ട് ഏകരായി നിന്നുകൊണ്ട് അവരുടെ വിശ്വാസം വിശദീകരിക്കുവാൻ നിർബന്ധിതരാകുമ്പോൾ സത്യമായി അവർ അംഗീകരിക്കുന്നതിനെക്കുറിച്ച് അവരുടെ ആശയങ്ങൾ എത്ര കുഴയ്ക്കുന്നതാണെന്നത് അവരെ അതിശയിപ്പിക്കും.—5T 707 (1889).

## സാന്മാർഗ്ഗിക ശക്തികളെ നിയന്ത്രിക്കുക

നമ്മുടെ വിശ്വാസത്തിന് ഒരു കാരണം നൽകാനുള്ള കഴിവ് ഒരു നല്ല നേട്ടമാണ്, എന്നാൽ സത്യം ഇതിലും ആഴത്തിൽ പോയില്ല എങ്കിൽ ആത്മാവ് ഒരിക്കലും രക്ഷിക്കപ്പെടുകയില്ല. എല്ലാ ധാർമ്മിക മലിനീകരണത്തിൽനിന്നും ഹൃദയം ശുദ്ധീകരിക്കപ്പെടണം.—OHC 142 (1893).

തങ്ങളുടെ ചിന്തകൾക്കും ഭാവനകൾക്കും മീതെ നിയന്ത്രണം പാലിക്കുക എന്നത് ഒരു കടമയാണെന്ന് ആരും തിരിച്ചറിയുന്നില്ല. ലാഭകരമായ വിഷയങ്ങൾക്കുമേൽ ഉറപ്പിച്ചു നിർത്തുക എന്നത് അച്ചടക്കമില്ലാത്ത മനസ്സുകൾക്ക് അസാധ്യമാണ്. എന്നാൽ ചിന്തകൾ ശരിയായി പ്രയോഗിച്ചില്ല എങ്കിൽ, ആത്മാവിൽ മതം തഴച്ചു വളരുകയില്ല. മനസ്സിലെപ്പോഴും പവിത്രവും നിത്യവുമായ കാര്യങ്ങളുണ്ടായിരിക്കണം, അല്ലെങ്കിൽ അത് നിസാരവും ഉപരിപ്ലവവുമായ കാര്യങ്ങളിൽ ആനന്ദിക്കും. ധാർമ്മികവും ബുദ്ധിപരവുമായ ശക്തികൾ അച്ചടക്കവിധേയമാകണം. അപ്പോൾ അവ പ്രവർത്തനത്തിലൂടെ ശക്തിപ്പെടുകയും പുരോഗമിക്കുകയും ചെയ്യും.—OHC 111 (1881).

പാപകരവും അധമവുമായ ശക്തികൾക്കുപകരം ധാർമ്മിക ശക്തികളെ ബലപ്പെടുത്തുകയും നിർമ്മലവും പരിശുദ്ധവുമായ ചിന്തകളെ നാം പ്രോത്സാഹിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. നമ്മുടെ സ്വയാധിഷ്ഠിതമായ മോഹങ്ങളിൽ നിന്ന് ഉണരാൻ ദൈവം നമ്മെ സഹായിക്കും.—MM 278 (1896).

## ഹാനോക്ക് ഒരു ഉദാഹരണം

സ്വർഗ്ഗത്തിലേക്ക് മറുരൂപപ്പെടുന്നതിനുമുമ്പ് ഹാനോക് 300 വർഷം ദൈവത്തോടൊത്ത് നടന്നു, ക്രിസ്തീയ സ്വഭാവത്തിൽ പൂർണ്ണത പ്രാപിക്കുന്നതിന് അന്നത്തെ ലോകം ഇന്നത്തെ ലോകത്തിൽനിന്ന് ഒട്ടും അനുകൂലമായിരുന്നില്ല. അപ്പോൾ എങ്ങനെയാണ് ഹാനോക്ക് ദൈവത്തോടൊത്ത് നടന്നത്? അവൻ എപ്പോഴും ദൈവസന്നിധിയിലാണെന്ന് തോന്നുവാൻ അവൻ തന്റെ ഹൃദയത്തെയും മനസ്സിനെയും അഭ്യസിപ്പിച്ചു, മാത്രമല്ല പരിഭ്രമത്തിലാകുമ്പോൾ അവനെ പാലിക്കണമേ എന്ന പ്രാർത്ഥന ദൈവത്തിലേക്കുയരുമായിരുന്നു.

അവന്റെ ദൈവത്തെ വിഷമിപ്പിക്കുന്ന ഏതൊരു മാർഗ്ഗവും സ്വീകരിക്കുവാൻ അവൻ വിസമ്മതിച്ചു. അവൻ ദൈവത്തെ തുടർച്ചയായി അവന്റെ മുമ്പിൽ വച്ചു. "ഞാൻ തെറ്റിപ്പോകാതിരിക്കേണ്ടതിന് നിന്റെ വഴികൾ എന്നെ പഠിപ്പിക്കേണമേ. എന്നെക്കുറിച്ചുള്ള നിന്റെ ഹിതമെന്താണ്? എന്റെ ദൈവമേ നിന്നെ ആദരിക്കുവാൻ ഞാൻ എന്തു ചെയ്യണം" എന്ന് അവൻ പ്രാർത്ഥിക്കുമായിരുന്നു. അപ്രകാരം അവൻ നിരന്തരമായി അവന്റെ പാതയും ഗതിയും ദൈവകല്പനകൾക്ക് അനുസൃതമായി രൂപപ്പെടുത്തുകയായിരുന്നു, ദൈവം അവനെ സഹായിക്കുമെന്നുമാത്രമല്ല അവന് അവന്റെ സ്വർഗ്ഗീയ പിതാവിൽ പൂർണ്ണമായ ആശ്രയവും വിശ്വാസവുമുണ്ടായിരുന്നു. അവന് തന്റെ സ്വന്തമായ ചിന്തയോ ഇച്ഛയോ ഇല്ലായിരുന്നു. അതെല്ലാം അവന്റെ പിതാവിന്റെ

ഇച്ഛയിൽ നിമഗ്നമായിരുന്നു. അതായത് ക്രിസ്തു വരുമ്പോൾ ഭൂമിയി ലുണ്ടായിരിക്കുന്നവരിൽ മരണം കാണാതെ രൂപാന്തരപ്പെട്ട് സ്വർഗ്ഗ ത്തിലേക്ക് എടുക്കപ്പെടുന്നവരുടെ പ്രതിനിധിയാണ് ഹാനോക്.—I SAT 32 (1886).

നമ്മെപ്പോലെതന്നെ ഹാനോക്കിനും പരീക്ഷകളുണ്ടായിരുന്നു. നാം ചുറ്റപ്പെട്ടിരിക്കുന്നതുപോലെതന്നെ നീതിയോട് ഒട്ടും സൗഹൃദമില്ലാത്ത ഒരു സമൂഹമാണ് അവന് ചുറ്റുമുണ്ടായിരുന്നത്. നമ്മുടേതുപോലെ തന്നെ അവൻ ശ്വസിച്ചിരുന്ന അന്തരീക്ഷവും പാപത്താലും അഴിമതി യാലും മലിനപ്പെട്ടിരുന്നു, എന്നിട്ടുകൂടി താൻ വിശുദ്ധിയുടെ ഒരു ജീവിതം നയിച്ചു. അവൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ പാപങ്ങ ളാൽ താൻ ദുഷിക്കപ്പെട്ടില്ല. അപ്രകാരംതന്നെ നമുക്കും ശുദ്ധിയോടും കറപുരളാതെയുമിരിക്കാം.—2T 122 (1868).

### ദൈവത്തിന്റെ മുൻകാല അനുഗ്രഹങ്ങളെ ഓർക്കുക

നമ്മുടെ മുൻകാല ചരിത്രം അവലോകനം ചെയ്യുകയും നമ്മുടെ നിലവിലുള്ള അവസ്ഥയിലേക്ക് യാത്രചെയ്ത ഓരോ പടിയും നോക്കുകയും ചെയ്യുമ്പോൾ ദൈവത്തിന് സ്തോത്രം എന്ന് എനിക്ക് പറയുവാൻ കഴിയും. ദൈവം ചെയ്തത് ഞാൻ കാണുമ്പോൾ, ഞാൻ ആശ്ചര്യത്താലും ക്രിസ്തു എന്ന നായകനിലുള്ള ആത്മവിശ്വാസ ത്താലും നിറയപ്പെടുന്നു. നമ്മുടെ മുൻകാല ചരിത്രത്തിലുള്ള അവന്റെ പഠിപ്പിക്കലുകളും കർത്താവ് നമ്മെ നയിച്ച വഴികളും നാം മറക്കുന്ന തൊഴിച്ചാൽ ഭാവിയെക്കുറിച്ച് നമുക്ക് ഒന്നും ഭയപ്പെടുവാനില്ല.—LS 196 (1902).

### ഗൗരവകരമായ പ്രതിഫലനത്തിനുള്ള ഒരു സമയം

ദൈവത്തെ ഭയപ്പെടുന്നവർക്ക് ഗൗരവകരമായ ഒരു പ്രതിഫലന ത്തിന്റെ ആവശ്യമുണ്ടെങ്കിൽ, അത് വ്യക്തിപരമായ ഭക്തി ആവശ്യ മായ ഈ സമയത്താണ്. "ഞാൻ എന്താണ്, ഈ സമയത്തുള്ള എന്റെ വേലയും ദൗത്യവും എന്താണ്? ഞാൻ ഏത് ഭാഗത്താണ് പ്രവർത്തി ക്കുന്നത് -- ക്രിസ്തുവിന്റെ വശത്താണോ അതോ ശത്രുവിന്റെ വശത്താണോ?" എന്ന അന്വേഷണം നടത്തേണ്ടിയിരിക്കുന്നു. ഓരോ ആത്മാവും അവനെത്തന്നെയോ അവളെത്തന്നെയോ ദൈവമുമ്പാകെ വിനയപ്പെടുത്തട്ടെ, കാരണം നാം നിശ്ചയമായും ഇപ്പോൾ വലിയ പാപപരിഹാര ദിവസത്തിലാണ് ജീവിക്കുന്നത്. ഇപ്പോഴും അനേകരു ടെയും അവലോകനം ദൈവമുമ്പാകെ നടന്നുകൊണ്ടിരിക്കുകയാണ്, കാരണം കുറച്ചുനാൾ അവർ അവരുടെ കല്ലറകളിൽ ഉറങ്ങേണ്ടതാ



ണ്. നിങ്ങളുടെ വിശ്വാസപ്രഖ്യാപനം അന്നാളിൽ നിങ്ങളുടെ ഉറപ്പല്ല, പിന്നെയോ നിങ്ങളുടെ ഇഷ്ടങ്ങളുടെ അവസ്ഥയാണ്. ആത്മദൈവാ ലയം അതിന്റെ മലിനതയിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടിട്ടുണ്ടോ? അവ തുടച്ചുനീക്കപ്പെടേണ്ടതിന് എന്റെ പാപങ്ങൾ ഏറ്റുപറയുകയും ദൈവ മുമ്പാകെ അനുതപിക്കുകയും ചെയ്തിട്ടുണ്ടോ? ഞാൻ എന്നെ വളരെ ലാഘവത്തോടെയാണോ കരുതുന്നത്? കർത്താവായ യേശുക്രിസ്തു വിന്റെ പൂർണ്ണ ജ്ഞാനത്തിനായി ഞാൻ എന്തും ഏതും ത്യജിക്കുവാൻ തയ്യാറാണോ? ഓരോ നിമിഷവും ഞാൻ എന്റെ സ്വന്തമല്ലെന്ന് എനിക്ക് തോന്നുന്നുവോ, ക്രിസ്തുവിന്റെ സമ്പത്താണെന്നും എന്റെ സേവന ങ്ങൾ എന്റെ ഉടമസ്ഥനായ ദൈവത്തിനുള്ളതാണെന്നും എനിക്ക് തോന്നുന്നുവോ?—Ms 87 (1886).

നാം നമ്മോടുതന്നെ ചോദിക്കണം, "നാം എന്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നതും ജീവി— - ST Nov. 21 (1892).

### ന്യായവിധിദിവസത്തിന്റെ ബന്ധത്തിൽ ജീവിക്കുക

നമ്മുടെ പട്ടണങ്ങളിലൂടെ ജനങ്ങൾ അവരുടെ വ്യവഹാരങ്ങളു മായി ധൃതിയിൽ അങ്ങോട്ടുമിങ്ങോട്ടും പോകുമ്പോൾ ആസന്നമായി രിക്കുന്ന ദൈവത്തിന്റെ ദിവസത്തെക്കുറിച്ച് അവർ ചിന്തിക്കുന്നുണ്ടോ എന്ന് ഞാൻ എന്റെ മനസ്സിൽ ചോദിച്ചിട്ടുണ്ട്. വളരെ വേഗം നമ്മുടെ മേൽ വരുവാനിരിക്കുന്ന വലിയ ദിവസത്തിന്റെ ബന്ധത്തിലായിരി ക്കണം നാം ഓരോരുത്തരും ജീവിക്കേണ്ടത്.—ISAT 25 (1886).

ന്യായവിധി ദിവസത്തെക്കുറിച്ച് യാതൊരു ബന്ധവുമില്ലാതെ നമുക്ക് ജീവിക്കുവാൻ സാധ്യമല്ല; കാരണം വളരെയധികം താമസിച്ചിട്ടുണ്ടെ ങ്കിലും, അതിപ്പോൾ വളരെ അടുത്താണ്, വാതിൽക്കൽതന്നെ. അതി വേഗത്തിൽ പ്രധാന ദൂതന്റെ കാഹളം ജീവിച്ചിരിക്കുന്നവരെ ഞെട്ടി പ്പിക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്യും.—CG 560, 561 (1892).

### ക്രിസ്തുവിന്റെ മടങ്ങിവരവിനായി തയ്യാറാകുക

സ്വർഗ്ഗീയ കാര്യങ്ങൾ ധ്യാനിക്കുന്നതിൽ നാം ഒരു ആനന്ദവും കണ്ടെത്താതെയും ദൈവത്തെക്കുറിച്ചുള്ള അറിവ് നേടുന്നതിൽ നമുക്ക് താത്പര്യമില്ലാതെയും ക്രിസ്തുവിന്റെ സ്വഭാവം ദർശിക്കുന്നതിൽ നമുക്ക് സന്തോഷമില്ലാതെയും വിശുദ്ധി നമുക്ക് ആകർഷകമല്ലാതെയും ഇരിക്കുകയാണെങ്കിൽ സ്വർഗ്ഗത്തെക്കുറിച്ചുള്ള നമ്മുടെ പ്രത്യാശ വ്യർഥാ

വിലാണെന്ന് നമുക്ക് ഉറപ്പാക്കാം. ഒരു ക്രിസ്ത്യാനിക്ക് മുമ്പിലുണ്ടായിരിക്കേണ്ട ഉന്നതമായ ലക്ഷ്യം ദൈവയിഷ്ടത്തോടുള്ള പൂർണ്ണ അനുരൂപമാണ്. അവൻ ദൈവത്തെക്കുറിച്ചും യേശുവിനെക്കുറിച്ചും അവനെ സ്നേഹിക്കുന്നവർക്കായി ക്രിസ്തു ഒരുക്കിയിരിക്കുന്ന വിശുദ്ധിയുടെയും അനുഗ്രഹത്തിന്റെയും ഭവനത്തെക്കുറിച്ചും സംസാരിക്കുവാൻ ആഗ്രഹിക്കും. ഈ കേന്ദ്ര ആശയങ്ങളുടെ മേലുള്ള ചിന്തനം, ദൈവത്തിന്റെ അനുഗൃഹീത ഉറപ്പുകളിന്മേൽ നാം ആനന്ദം കണ്ടെത്തുമ്പോൾ, “വരുവാനുള്ള ലോകത്തിന്റെ ശക്തികളെ” രുചിച്ചുനോക്കുന്നവണ്ണം അപ്പൊസ്തലൻ പ്രതിനിധീകരിക്കുന്നു.—5T 745 (1889).

ദൈവവുമായി നിരപ്പിലാണെങ്കിൽ ക്രിസ്തു ഇന്ന് വരുകയാണെങ്കിലും നിങ്ങൾ തയ്യാറായിരിക്കും.—HP 227 (1891).



## അധ്യായം ആറ്

# ശേഷിപ്പിന്റെ പ്രവർത്തനങ്ങളും ജീവിതശൈലിയും

### സ്വയത്യാഗത്തിന്റെയും സേവനത്തിന്റെയും ഒരാത്മാവ്

ഏവരും തങ്ങളുടെ കഴിവിനൊത്തവണ്ണം വേല ചെയ്യേണ്ടതിന് സേവനത്തിന്റെ ആത്മാവ് സഭയെ ഒന്നാകെ കയ്യടക്കുവാൻ ദൈവം ദീർഘനാളായി കാത്തിരിക്കുന്നു. ദൈവസഭയുടെ അംഗങ്ങൾ അവരുടെ നിർദ്ദിഷ്ഠവേല, വിദേശത്തും സ്വദേശത്തുമുള്ള വയൽപ്രദേശങ്ങളിൽ സുവിശേഷ ദൗത്യപൂർത്തീകരണത്തിന്റെ ഭാഗമായി ചെയ്യുമ്പോൾ, ലോകം മുഴുവൻ വേഗത്തിൽ താക്കീത് ചെയ്യപ്പെടുകയും, കർത്താവായ യേശുക്രിസ്തു ശക്തിയോടും മഹാ തേജസ്സോടും ഈ ഭൂമിയിലേക്ക് തിരികെ വരും.—AA 111 (1911).

പ്രസ്ഥാനങ്ങളുടെ വേലയ്ക്കു പകരമായി വ്യക്തിപ്രവർത്തനങ്ങൾ പകരം വെക്കാനൊരു പ്രവണത എല്ലായിടത്തുമുണ്ട്. വലിയ സംയോജിപ്പിക്കലിലേക്കും കേന്ദ്രീകരണത്തിലേക്കും വലിയ പള്ളികളും സ്ഥാപനങ്ങളും കെട്ടിപ്പടുക്കുന്നതിലേക്കുമുള്ള ഒരു ചായ്‌വ് മാനുഷിക ബുദ്ധിക്കുണ്ട്. ജനക്കൂട്ടം ഔദാര്യതയുടെ വേല സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും വിടുന്നു. അവർ ലോകവുമായുള്ള സമ്പർക്കത്തിൽനിന്ന് വിട്ടുനിൽക്കുന്നു, അങ്ങനെ അവരുടെ ഹൃദയങ്ങൾ തണുത്തുപോകുന്നു, അവർ സ്വയത്തിൽ മുഴുകുകയും മതിപ്പില്ലാത്തവരായി ത്തീരുകയും ചെയ്യുന്നു. ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹം ആത്മാവിൽനിന്ന് ഇല്ലാതെയാകുന്നു. ഒരു വ്യക്തിപരമായ വേല അവന്റെ പിൻഗാമികൾക്ക് ക്രിസ്തു ഭരമേല്പിക്കുന്നു – പകരക്കാരെ വച്ച് ചെയ്യാൻ കഴിയാത്ത ഒരു വേല, രോഗികളോടും ദരിദ്രരോടുമുള്ള ശുശ്രൂഷ, നഷ്ടപ്പെട്ടവർക്ക് സുവിശേഷം നൽകുന്നത് എന്നിവ കമ്മിറ്റികൾക്കോ ആസൂത്രിതമായ സഹായ സ്ഥാപനങ്ങൾക്കോ വിടേ

ണ്ടതല്ല. വ്യക്തിപരമായ ഉത്തരവാദിത്തം, പരിശ്രമം സ്വയത്യാഗം എന്നിവ സുവിശേഷത്തിന്റെ ആവശ്യകതയാണ്.—MH 147 (1905).

## ഞാൻ വരുവോളം വ്യാപാരം ചെയ്യുക

ക്രിസ്തു പറയുന്നു, "ഞാൻ വരുവോളം വ്യാപാരം ചെയ്യുക" (ലൂക്കൊസ് 19:13). നമ്മുടെ ജീവിത ചരിത്രം അവസാനിക്കുമ്പോഴേക്കും കുറച്ച് വർഷങ്ങളായേക്കാം, എന്നാൽ നാം അതുവരെ വ്യാപാരം ചെയ്യണം.—RH April 21, 1896.

ക്രിസ്തുവിന്റെ രണ്ടാം വരവിനെ ശാന്തമായി ധ്യാനിക്കേണ്ടതിനും അവനെത്തന്നെ അഭ്യസിപ്പിക്കേണ്ടതിനും അവൻ എല്ലാവരെയും അനുവദിക്കുന്നു. ഏവരും ദൈവവചനം ദിവസേന പരിശോധിക്കണം, എന്നാൽ വർത്തമാനകാല കടമകൾ അവഗണിക്കുവാൻ പാടില്ല. —Letter 28 (1897).

അവൻ വരുമ്പോൾ അവനുവേണ്ടി കാത്തിരിക്കുന്നവരിൽ ചിലർ വ്യാപാര ഇടപാടുകളിൽ ഏർപ്പെട്ടിരിക്കും എന്ന് ക്രിസ്തു പ്രഖ്യാപിച്ചു. ചിലർ വയലിൽ വിതച്ചുകൊണ്ടിരിക്കും, മറ്റുള്ളവർ വിളവ് കൊയ്യുകയും ശേഖരിക്കുകയും ചെയ്യും, വേറെ ചിലർ ചക്കിൽ ആട്ടിക്കൊണ്ടിരിക്കും. അവന്റെ വൃതന്മാർ ജീവിതത്തിലെ കടമകളും ചുമതലകളും ഉപേക്ഷിച്ച അലസമായ ചിന്തയിൽ മുഴുകി മതപരമായ ഒരു സ്വപ്നത്തിൽ ജീവിക്കുക എന്നത് ദൈവേഷ്ടമല്ല.—Ms 18a (1901).

നിങ്ങളാൽ കഴിയുന്ന സകല നല്ല പ്രവൃത്തികളും ഈ ജീവിതത്തിൽ നിറയ്ക്കുക.—5T 488 (1889).

## ഓരോ ദിവസവും നമ്മുടെ അവസാനത്തേതായിരിക്കും എന്നപോലെ

നമുക്ക് നൽകപ്പെടുന്ന അവസാനദിവസമായിരിക്കും ഇതെന്ന നിലയിൽ നാം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും നോക്കിപ്പാർക്കുകയും ചെയ്യണം.—5T 200 (1882).

പ്രവർത്തിക്കുകയും നോക്കിപ്പാർക്കുകയും കാത്തിരിക്കുകയും മരിച്ച് വീണ്ടും ജീവിച്ച് എന്നെന്നേയ്ക്കും ജീവിക്കുകയും ചെയ്യുന്നവന്റെ ശക്തിയിൽ ആശ്രയിക്കുകയും ചെയ്തുകൊണ്ട് ഓരോ ദിവസത്തെയും വേല അത് വരുന്നതുപോലെ ചെയ്യുന്നതിലാണ് നമ്മുടെ സുരക്ഷ.—Letter 66 (1894).



ഓരോ ദിവസവും നിങ്ങളെയും നിങ്ങളുടെ മക്കളെയും അന്നേക്കുവേണ്ടി പ്രതിഷ്ഠിക്കുക. മാസങ്ങൾക്കോ വർഷങ്ങൾക്കോവേണ്ടി ഒരു കണക്കുകൂട്ടലും നടത്തരുത്; അവ നിങ്ങളുടേതല്ല. ചുരുങ്ങിയ ഒരു ദിവസത്തെയാണ് നിങ്ങൾക്കു തന്നിരിക്കുന്നത്. ഇത് നിങ്ങളുടെ അവസാന ദിവസമെന്നതുപോലെ കർത്താവിനുവേണ്ടി അതിന്റെ മണിക്കൂറുകളിൽ പ്രവർത്തിക്കുക. അവന്റെ ദിവ്യ നടത്തിപ്പ് സൂചിപ്പിക്കുന്നതുപോലെ, നടപ്പിലാക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോവേണ്ടി നിങ്ങളുടെ പദ്ധതികളെല്ലാം അവന്റെ മുമ്പിൽ വയ്ക്കുക.—7T 44 (1902).

## മനഃസാക്ഷിക്കനുസൃതമായ ശബ്ബത്തനുഷ്ഠാനം

ശബ്ബത്തനുസരിക്കുന്നതിലൂടെ ദൈവത്തെക്കുറിച്ചുള്ള ഒരു പരിജ്ഞാനം മനുഷ്യരുടെയിടയിൽ കാത്തുസൂക്ഷിക്കണമെന്ന് നമ്മുടെ സ്വർഗ്ഗീയ പിതാവ് ആഗ്രഹിക്കുന്നു. അവൻ നമ്മുടെ യഥാർത്ഥ ജീവനുള്ള ദൈവമാണെന്നും അവനെ അറിയുന്നതിലൂടെ നമുക്കു ജീവനും സമാധാനവും ഉണ്ടാകുന്നതിനുംവേണ്ടി ശബ്ബത്ത് നമ്മുടെ മനസ്സുകളെ നയിക്കണമെന്നുള്ളത് അവന്റെ ആഗ്രഹമാണ്.—6T 349 (1900).

ആഴ്ച മുഴുവനും നമ്മുടെ മനസ്സിൽ ശബ്ബത്തുണ്ടായിരിക്കുകയും കല്പനയനുസരിച്ച് അതിനെ വിശുദ്ധമായി കാക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്യുക. നിയമപരമായതെന്നവണ്ണമല്ല നാം ശബ്ബത്തനുസരിക്കേണ്ടത്. ജീവിതത്തിലെ എല്ലാ ഇടപാടുകളിലും അതിന്റെ ആത്മീയ അർത്ഥമെന്താണെന്നുള്ളത് നാം മനസ്സിലാക്കിയിരിക്കണം. . . .

അപ്രകാരം നാം ശബ്ബത്തിനെ ഓർക്കുമ്പോൾ, ആത്മീയ കാര്യങ്ങളിലേക്കു താൽക്കാലികമായവ നുഴഞ്ഞുകയറുവാൻ അനുവദിക്കപ്പെടുകയില്ല. ആറു പ്രവൃത്തി ദിവസങ്ങളിലെ ഒന്നുംതന്നെ ശബ്ബത്തിലേക്കു മാറ്റിവയ്ക്കുകയില്ല.—6T 353, 354 (1900).

ജീവിതത്തിലെ ആവശ്യങ്ങൾ ശ്രദ്ധിക്കപ്പെടണം, രോഗികളെ ശുശ്രൂഷിക്കണം, ആവശ്യങ്ങളിലിരിക്കുന്നവരുടെ ന്യൂനതകൾ പരിഹരിക്കപ്പെടണം. ശബ്ബത്തിലെ യാതനകളനുഭവിക്കുന്നവരുടെ വിടുതലിനെ അവഗണിക്കുന്നവരെ നിരപരാധിയായി കണക്കാക്കുകയില്ല. ദൈവത്തിന്റെ പരിശുദ്ധ വിശ്രമദിവസം ഉണ്ടാക്കപ്പെട്ടത് മനുഷ്യനുവേണ്ടിയാണ്, കാരുണ്യപ്രവർത്തനങ്ങൾ അവന്റെ ഉദ്ദേശവുമായി സമ്പൂർണ്ണയോജിപ്പിലാണ്. ശബ്ബത്തിലോ മറ്റേതെങ്കിലും ദിവസത്തിലോ വിടുതൽ പ്രാപിക്കാമാകുന്ന ഒരു മണിക്കൂറു നേരത്തെ വേദനപോലും

അവന്റെ മക്കൾ അനുഭവിക്കണമെന്നത് ദൈവം ആഗ്രഹിക്കുന്നില്ല.—DA 207 (1898).

## ദശാംശത്തിലും വഴിപാടുകളിലുമുള്ള വിശ്വസ്തത

ദശാംശം വിശുദ്ധവും ദൈവം തനിക്കുവേണ്ടി മാറ്റിവച്ചിട്ടുള്ളതുമാണ്. സുവിശേഷവേലക്കാരെ നിലനിർത്തുന്നതിനുവേണ്ടി ദൈവത്തിന്റെ ഭണ്ഡാരത്തിലേക്കു അവയെ കൊണ്ടുവരണം.... ദശാംശത്തെ സംബന്ധിച്ച് ദൈവം എന്തു പറയുന്നു എന്നതിനെപ്പറ്റി മലാഖി മൂന്നാമദ്ധ്യായത്തിൽനിന്നും ശ്രദ്ധയോടുകൂടി വായിക്കുക.—9T 249 (1909).

പുതിയ നിയമത്തിൽ ശബ്ബത്തിനെ വീണ്ടും നിയമമാക്കി വിളംബരം ചെയ്യാതിരിക്കുന്നതുപോലെ ദശാംശത്തെയും വീണ്ടും നിയമമാക്കിയിട്ടില്ല; കാരണം രണ്ടിന്റെയും സാധുതയെ സംബന്ധിച്ച് ശരിഭാവിക്കപ്പെട്ടിരിക്കുകയും അവയുടെ ആഴമേറിയ ആത്മീയ അർത്ഥം വിശദീകരിക്കപ്പെട്ടിരിക്കുകയുമാണ്.—CS 66 (1882).

ഇപ്പോൾ ദൈവം സെവന്ത്-ഡെ അഡ്വന്റിസ്റ്റുകാരെ, അവരുടെ സാഹചര്യമനുസരിച്ച് കഴിവിന്റെ പരമാവധി വേലയെ സഹായിക്കുന്നതിന് തങ്ങളെത്തന്നെ സമർപ്പിക്കുവാൻ എല്ലാ ഭാഗത്തുനിന്നും വിളിച്ചുകൊണ്ടിരിക്കുന്നു. ദാനങ്ങളും വഴിപാടുകളുമർപ്പിക്കുന്നതിലുള്ള അവരുടെ ഔദാര്യതയിലൂടെ, അവന്റെ അനുഗ്രഹങ്ങൾക്കും കരുണയ്ക്കുമായി അവർ നന്ദിയുള്ളവരായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു.—9T 132 (1909).

സ്നേഹം നശിക്കുകയെന്നത് നന്മ ചെയ്യുവാനുള്ള താല്പര്യം ജീവിച്ചുകാണിക്കുന്നതിനു പകരമുള്ള മോശമായ ഒരു കാര്യമാണ്.—5T 155 (1882).

ഭാവിജീവിതത്തിനുവേണ്ടിയുള്ള നമ്മുടെ യോഗ്യത തീരുമാനിക്കുന്നതിന് നാം ഈ ലോകത്തിൽ പരിശോധനാഘട്ടത്തിലാണ്. സ്വാർത്ഥതയുടെ കളങ്കത്താൽ സ്വഭാവം ദുഷിച്ച ആർക്കുംതന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് നിത്യധനം നമ്മെ ഭരമേല്പിക്കുവാൻ കഴിയുമോ എന്നറിയുവാൻ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന താല്ക്കാലികമായ വസ്തുവകകളെ നാം എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിൽ അവൻ നമ്മെ ഇവിടെ പരിശോധിക്കുകയാണ്.—CS 22 (1893).



## പുതിയ സ്ഥാപനങ്ങൾ സ്ഥാപിക്കുക

“യേശു വേഗം വരുകയാണെങ്കിൽ വിദ്യാലയങ്ങളും ആശുപത്രികളും ഭക്ഷണവ്യവസായശാലകളുമൊക്കെ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെന്താണ്? നമ്മുടെ യുവജനങ്ങൾ തൊഴിലുകൾ പഠിക്കുന്നതിന്റെ ആവശ്യകതയെന്താണ്?” എന്നൊക്കെ ചിലർ ചോദിച്ചേക്കാം.

ദൈവം നമുക്ക് തന്നിരിക്കുന്ന താലന്തുകളെ നാം നിരന്തരം വളർത്തിയെടുക്കുകയെന്നത് ദൈവനിശ്ചയമാണ്. നാമത് ഉപയോഗിക്കുന്നില്ലെങ്കിൽ നമുക്കത് ചെയ്യുവാൻ കഴിയുകയില്ല. യേശുവിന്റെ വീണ്ടും വരവിന്റെ വീക്ഷണം നമ്മെ അലസരാക്കുവാൻ പാടില്ല. എന്നാൽ മാനവകുലത്തെ അനുഗ്രഹിക്കുവാനും പ്രയോജനം വരുത്തുവാനും കഴിയാമാകുന്ന സകലതിലേക്കും അത് നമ്മെ നടത്തണം. —MM 268 (1902).

ലോകം മുഴുവനും ഒരു വലിയ വേല ചെയ്തുതീർക്കുവാനുണ്ട്. സംഗതികൾ ആവശ്യമായിരിക്കുമ്പോൾ, ലോകാന്ത്യം സമീപിച്ചിരിക്കകൊണ്ട് വിവിധ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യങ്ങൾ ഇല്ലായെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ..... കൂടിവരുന്നതിനുള്ള സ്ഥലങ്ങളും വിദ്യാലയങ്ങളും ആശുപത്രികളും പ്രസിദ്ധീകരണ സ്ഥാപനങ്ങളും പണിയുന്നതിനുള്ള പ്രയത്നം ഇനി ആവശ്യമില്ല എന്ന് ദൈവം പറയുമ്പോൾ, ദൈവം വേല അവസാനിപ്പിക്കട്ടെ എന്നു പറഞ്ഞ് കൈ മടക്കിയിരിക്കാം, എന്നാൽ ദൈവത്തിനുവേണ്ടി തീക്ഷ്ണത കാണിക്കുവനും മാനവകുലത്തെ സ്നേഹിക്കുവാനുള്ള അവസരമിതാണ്.—6T 440 (1900).

## മെഡിക്കൽ മിഷനറി വേല

മതപരമായ കയ്യേറ്റം നമ്മുടെ ദേശത്തിന്റെ സ്വാതന്ത്ര്യത്തെ അട്ടിമറിക്കുന്നതുപോലെ മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരെ പ്രതികൂല സ്ഥാനങ്ങളിൽ അകപ്പെടുത്തും. അവർക്കു അവസരമുള്ളപ്പോൾതന്നെ അവർ രോഗങ്ങളെയും അതിന്റെ കാരണങ്ങളെയും പ്രതിവിധികളെയും സൗഖ്യത്തെയും സംബന്ധിച്ച് ജാഗ്രതയുള്ളവരായിരിക്കണം. ഇത് ചെയ്യുന്നവർ അദ്ധ്വാനത്തിനായുള്ള വയൽപ്രദേശം എവിടെയും കണ്ടെത്തും. കഷ്ടതകളനുഭവിക്കുന്ന അനേകരുണ്ടായിരിക്കും. അവർക്കു സഹായം ആവശ്യമാണ്. അത് നമ്മുടെ വിശ്വാസത്തിലുള്ളവർ മാത്രമായിരിക്കുകയില്ല, എന്നാൽ കൂടുതലും സത്യം അറിഞ്ഞുകൂടാത്തവരുടെ ഇടയിൽനിന്നുമുള്ളവരായിരിക്കും.—CH 506 (1892)

സുവിശേഷവേലയുടെ രംഗത്ത് അധികം താമസിയാതെ ഒന്നും ചെയ്യുവാൻ കഴിയാതെവരുകയും എന്നാൽ മെഡിക്കൽ മിഷനറി പ്രവർത്തനങ്ങൾ മാത്രം ചെയ്യുവാൻ കഴിയുന്ന സമയം വരുന്നു എന്നത് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.—CH 533 (1901).

## ദൈവജനം അവരുടെ ആരോഗ്യത്തെ വിലയിരുത്തണം

ആരോഗ്യനവീകരണം മൂന്നാം ദൂതന്റെ ദൂതിന്റെ ഒരു ഭാഗമാണ്. ഇത് മനുഷ്യ ശരീരത്തോട് കൈ എങ്ങനെ ബന്ധിക്കപ്പെട്ടിരിക്കുന്നുവോ അതുപോലെയാണ്.—IT 486 (1867).

ചായ, കാപ്പി, പുകയില, ചാരായം എന്നിവയെ പാപകരമായ ആസക്തികളാണെന്നതുപോലെ നാം അവതരിപ്പിക്കേണ്ടിയിരിക്കുന്നു. മാംസം, മുട്ട, വെണ്ണ, ചീസ് എന്നിങ്ങനെയുള്ളവയെ അക്കൂട്ടത്തിൽ കൂട്ടുവാൻ കഴിയുകയില്ല. ഇവയെ നമ്മുടെ വേലയ്ക്കു ഭാരമെന്നവണ്ണം മുന്നിൽ നിറുത്തുവാൻ പാടില്ല. മുൻപറയപ്പെട്ട ചായ, കാപ്പി, പുകയില, ബിയർ, വീഞ്ഞ് എന്നു തുടങ്ങി മദ്യാംശം കലർന്നവയെ മിതമായി എടുക്കുകയല്ല, അത് പൂർണ്ണമായി ഒഴിവാക്കേണ്ടവയാണ്.—3SM 287 (1881).

ഹാനികരമായവയെല്ലാം പൂർണ്ണമായി ഒഴിവാക്കുകയും ആരോഗ്യപ്രദമായവയെ വിവേകപൂർവ്വം ഉപയോഗിക്കുകയുമാണ് യഥാർത്ഥ മിതത്വം പഠിപ്പിക്കുന്നത്.—PP 562 (1890).

ശുദ്ധവായു, സൂര്യപ്രകാശം, മിതത്വം, വിശ്രമം, വ്യായാമം ശരിയായ ഭക്ഷണക്രമം, വെള്ളം, ദൈവത്തിലുള്ള ആശ്രയം എന്നിവയാണ് യഥാർത്ഥ പ്രതിവിധികൾ.—MH 127 (1905).

ആരോഗ്യത്തിനു ഹാനികരമായവ ശാരീരിക ബലത്തെ കുറയ്ക്കുക മാത്രമല്ല, മാനസികവും ധാർമ്മികവുമായ ശക്തികളെ ക്ഷയിപ്പിക്കുന്ന പ്രവണതയുള്ളവയുമാണ്. അനാരോഗ്യകരമായ എന്തു ശീലങ്ങളായിരുന്നാലും അവ ശരിയും തെറ്റും തിരിച്ചറിയുകയെന്നത് കൂടുതൽ വിഷമകരമാക്കുകയും തിന്മയെ എതിർത്തുനിൽക്കുവാൻ പ്രയാസമുണ്ടാക്കുകയും ചെയ്യും.—MH 128 (1905).

## ആദ്യ ഭക്ഷണക്രമത്തിലേക്കു മടങ്ങുക

ഭൂമിയിൽ പ്രകൃത്യാ ലഭ്യമാകുന്ന ഭക്ഷണസാധനങ്ങൾകൊണ്ട് മനുഷ്യൻ ഉപജീവനം കഴിക്കത്തക്കവിധം ദൈവം ആദിയിൽ രൂപകല്പന ചെയ്ത ഭക്ഷണക്രമത്തിലേക്കു പടിപടിയായി നടത്തുവാൻ അവൻ ശ്രമിക്കുന്നു. കർത്താവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവ



രിൽനിന്നും മാംസാഹാരം ആത്യന്തികമായി ഒഴിവാക്കപ്പെട്ടിരിക്കും. മാംസാഹാരം അവരുടെ ഭക്ഷണക്രമത്തിന്റെ ഒരു ഭാഗമല്ലാതായിത്തീരും. ഈ ഒരു വസ്തുതയെ നാമെപ്പോഴും മനസ്സിൽ വയ്ക്കുകയും ആയതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയും വേണം.—CH 450 (1890).

ക്രിസ്തുവിന്റെ ആസന്ന പ്രത്യക്ഷതയ്ക്കുവേണ്ടി കാത്തിരിക്കുന്നു എന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽ വലിയൊരു നവീകരണം കാണപ്പെടേണ്ടിയിരിക്കുന്നു. ഇതുവരെയും ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു വേല നമ്മുടെ ജനത്തിനിടയിൽ ചെയ്യേണ്ടിയിരിക്കുന്നതിനുവേണ്ടിയുള്ളതാണ് ആരോഗ്യനവീകരണം. മൃഗങ്ങളുടെ മാംസം ഇപ്പോഴും ഭക്ഷിക്കുകയും അങ്ങനെ ശരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യത്തെ അപകടത്തിലാക്കുകയും ചെയ്യുന്നവർ മാംസഭക്ഷണം കഴിക്കുന്നതിന്റെ അപകടത്തെ സംബന്ധിച്ച് ഉണരേണ്ടവരായിട്ടുണ്ട്. മാംസഭക്ഷണത്തെ സംബന്ധിച്ച് ഇപ്പോൾ പകുതി മാനസാന്തരമുള്ളവർ ദൈവജനത്തിൽനിന്നും അകലുകയും അവരോടൊപ്പം ഒരിക്കലും നടക്കാത്തവരായിത്തീരുകയും ചെയ്യും.—RH May 27 (1902).

## ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമുള്ള സമയം

ഇപ്പോഴും എപ്പോഴും കാലത്തിന്റെ അന്ത്യംവരെ ദൈവജനം കൂടുതൽ ആത്മാർത്ഥതയുള്ളവരും കൂടുതൽ വ്യാപകമായി ഉണർവ്വുള്ളവരും അവരുടെ സ്വന്ത ബുദ്ധിയിൽ ആശ്രയിക്കാത്തവരും, എന്നാൽ ക്രിസ്തുവിന്റെ ജ്ഞാനത്തിലായിരിക്കുന്നവരും ആയിരിക്കണം. ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി അവർ ദിവസങ്ങൾ മാറ്റിവയ്ക്കണം. ഭക്ഷണം പൂർണ്ണമായി ഒഴിവാക്കണമെന്നില്ല, എന്നാൽ ലളിതമായ ഭക്ഷണം മിതമായി അവർ ഭക്ഷിക്കണം.—CD 188, 189 (1904).

എല്ലാവർക്കും ശുപാർശ ചെയ്യേണ്ടതായ യഥാർത്ഥ ഉപവാസമെന്നത്, ഉത്തേജക തരത്തിലുള്ള എല്ലാ ഭക്ഷണങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുകയും ദൈവം ധാരാളമായി നൽകിയിരിക്കുന്ന ആരോഗ്യദായകവും ലളിതവുമായ ഭക്ഷണത്തിന്റെ ശരിയായ വിധത്തിലുള്ള ഉപയോഗവുമാണ്. താൽക്കാലികമായ ആഹാരം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതിനെ സംബന്ധിച്ച് കുറച്ചു ചിന്തിക്കുകയും പൂർണ്ണമായും ആത്മീയ അനുഭവത്തിനും സ്വരവും ഓജസ്സും പ്രദാനം ചെയ്യുന്ന സ്വർഗ്ഗത്തിൽനിന്നുമുള്ള ആഹാരത്തെക്കുറിച്ചും കൂടുതൽ ചിന്തിക്കുക.—MM 283 (1896).

ദൈവീകത്വത്തിന്റെ പുളിപ്പിന്റെ ശക്തി പൂർണ്ണമായി നഷ്ടപ്പെട്ടി ട്ടില്ല. സഭയുടെ അപകടവും പ്രവർത്തനശേഷിക്കുറവും വലുതായിരി ക്കുമ്പോൾ ദേശത്ത് നടമാടുന്ന മ്ലേച്ഛത ഓർത്ത് വെളിച്ചത്തിൽ നിൽക്കുന്ന ചെറിയകൂട്ടം നെടുവീർപ്പിടുകയും നിലവിളിക്കുകയും ചെയ്യും. അതിലെ അംഗങ്ങൾ ലോകപ്രകാരം ചെയ്യുന്നതുകാരണം സഭയ്ക്കുവേണ്ടിയുള്ള അവരുടെ പ്രാർത്ഥന കൂടുതൽ പ്രത്യേകമായി ഉയരും.—5T 209, 210 (1882).

## ദൈവത്തിലുള്ള പൂർണ്ണ ആശ്രയം

സമർപ്പണമില്ലാത്ത വേലക്കാർ കാരണം, സംഗതികൾ പലപ്പോഴും തെറ്റായ ദിശയിലേക്കു പോകുന്നു. മറ്റുള്ളവരുടെ തെറ്റായ ഗതിക ളുടെ അനന്തരഫലങ്ങളെ ഓർത്ത് നിങ്ങൾ ചിലപ്പോൾ വിലപിച്ചേക്കാം, എന്നാൽ നിങ്ങൾ അവയെച്ചൊല്ലി വിഷമിക്കരുത്. അനുഗ്രഹിക്കപ്പെട്ട യജമാനന്റെ മേൽനോട്ടത്തിലാണ് വേല നടക്കുന്നത്. വേലക്കാർ അവ രുടെ ആജ്ഞക്കായി അവന്റെ അടുത്തേക്കു വരുകയും അവന്റെ നിർദ്ദേ ശങ്ങൾ പാലിക്കുകയും ചെയ്യുകയെന്നതാണ് അവൻ ആവശ്യപ്പെടു ന്നത്. നമ്മുടെ സഭകൾ, ദൗത്യങ്ങൾ, ശബ്ബത്ത് സ്കൂളുകൾ, സ്ഥാപന ങ്ങൾ എന്നുതുടങ്ങി വേലയുടെ എല്ലാ ഭാഗങ്ങളും അവന്റെ ഹൃദയ ത്തിൽ വഹിക്കപ്പെടുകയാണ്. എന്തുകൊണ്ട് വിഷമിക്കണം? സഭ ജീവ സുറ്റതായി കാണപ്പെടുവാനുള്ള തീവ്രമായ വാഞ്ഛ ദൈവത്തിലുള്ള പൂർണ്ണ ആശ്രയംകൊണ്ട് പതം വരേണ്ടിയിരിക്കുന്നു....

ദൈവത്തിന്റെ വേല വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകുവാനുള്ള ഒരു പ്രയത്നത്തിൽ ദൈവം തന്നിരിക്കുന്ന ശക്തികളെ ആരും ഭാര പ്പെടുത്താതിരിക്കട്ടെ. മനുഷ്യന്റെ ശക്തിക്ക് വേലയെ ത്വരിതപ്പെടു ത്തുവാൻ കഴിയുകയില്ല; അതിനോടൊപ്പം സ്വർഗ്ഗീയ ബുദ്ധിശക്തി ഒത്തുചേരേണ്ടിയിരിക്കുന്നു.... ഇപ്പോൾ വലിയ ഭാരം വഹിക്കുന്ന എല്ലാ വേലക്കാരും മാറ്റപ്പെടേണ്ടിവന്നാലും, ദൈവവേല മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കും.—7T 298 (1902).

## കുടുംബാരാധന

രാവിലെയും വൈകുന്നേരവും നിങ്ങളുടെ മക്കളോടൊപ്പം ചേർന്ന് ദൈവവചനം വായിക്കുകയും ദൈവത്തെ പാടി സ്തുതിക്കുകയും ചെയ്യുക. ദൈവത്തിന്റെ കല്പന ആവർത്തിച്ചു പറയുവാൻ പഠിപ്പി ക്കുക.—Ev 499 (1904).



കുടുംബാരാധനയുടെ സമയം ചുരുക്കവും ആത്മനിറവുള്ളതും ആയിരിക്കട്ടെ. നിങ്ങളുടെ മക്കളോ കുടുംബത്തിലെ ഏതെങ്കിലുമൊരു അംഗമോ അവരുടെ മുഷിപ്പോ താല്പര്യക്കുറവോ കാരണം അവയെ ചവിട്ടിമെതിക്കുവാൻ ഇടയാക്കരുത്. ഒരു നീണ്ട അദ്ധ്യായം വായി ക്കുകയും വിശദീകരിക്കുകയും ദീർഘമായി പ്രാർത്ഥിക്കുകയും ചെയ്യു മ്പോൾ ഈ വിലയേറിയ ശുശ്രൂഷ തളർന്നതായിത്തീരുകയും അത് തീരുമ്പോൾ ഒരു വിടുതലായി മാറുകയും ചെയ്യുന്നു....

രസകരവും എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയാവുന്നതുമായ ഒരു ഭാഗം പിതാവ് തിരഞ്ഞെടുക്കട്ടെ. ഒരു പാഠം പഠിക്കുവാനും ദിവസം മുഴുവനും പ്രായോഗികമാക്കുവാനും ഏതാനും വാക്യങ്ങൾ മതിയാകും. ചോദ്യങ്ങൾ ചോദിക്കാം, ആത്മാർത്ഥവും താല്പര്യകര വുമായ പരാമർശങ്ങൾ ഉണ്ടാക്കാം അല്ലെങ്കിൽ ഏതെങ്കിലും സംഭ വത്തെ സംബന്ധിച്ച് ഒരു ഉദാഹരണമെന്നവണ്ണം ചുരുക്കമായും വ്യക്ത മായും അവതരിപ്പിക്കാം. ഇങ്ങെയറ്റം ആത്മനിറവുള്ള പാട്ടിന്റെ ഏതാനും വരികൾ പാടാം. പ്രാർത്ഥന ചുരുക്കവും വ്യക്തമായതും ആയിരിക്കാം. പ്രാർത്ഥിക്കുന്ന ആൾ എല്ലാറ്റിനെയുംകുറിച്ച് പ്രാർത്ഥി ക്കരുത്, എന്നാൽ അവന്റെ ആവശ്യങ്ങളും സ്തുതിയും സ്തോത്രവു മൊക്കെ ലളിതമായ വാക്കുകളിൽ ആയിരിക്കട്ടെ.—CG 521, 522 (1884).

## ലോകവുമായുള്ള സഹവാസത്തെ കാക്കുക

(വെളിപ്പാടു 18:1-3 വരെ വായിക്കുക). ഈ ദൂത് ശബ്ദിക്കുകയും സത്യത്തിന്റെ വിളംബരം അതിന്റെ വേർതിരിക്കുന്ന വേല ചെയ്യുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ കാവൽഭടന്മാരെന്നവണ്ണം നാം നമ്മുടെ യഥാർത്ഥ സ്ഥാനം എന്താണെന്ന് തിരിച്ചറിയണം. ലോകത്തിന്റെ ആത്മാവിനാൽ നാം ഉത്തേജിതരാകുവാനും നമ്മുടെ ആത്മീയ വിവേ ചനാശക്തി കുഴപ്പത്തിലാകുവാനും സത്യമുള്ളവരെയും ദൈവത്തിന്റെ ദൂത് വഹിക്കുന്നവരെയും ക്രിസ്തീയ സഭകളാണെന്ന് അവകാശപ്പെ ടുന്നവരുടെ കാഴ്ചപ്പാടിൽനിന്നുകൊണ്ടു വീക്ഷിക്കുകയും ചെയ്യുന്ന തിന് കാരണമാകുവാൻതക്കവണ്ണം ലൗകികതയുമായി സഖ്യതയുണ്ടാ ക്കേണ്ടവരല്ല നാം. അതേസമയം പരീശന്മാരെപ്പോലെ നാം ആയി ത്തീരുകയും അവരിൽനിന്ന് ഒഴിഞ്ഞുമാറി നിൽക്കുകയും അരുത്.—EGW' 88 1161 (1893).

യേശുക്രിസ്തു ആകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് നോക്കി പ്പാർത്തിരിക്കുന്നവർ ഉല്ലാസകരമായ സമൂഹങ്ങളിലും കൂടിവരവുക

ളിലും അവരുടെ വെറും സ്വന്ത നേരംപോക്കിനുംവേണ്ടി ലോകത്തോടു ഇടകലരുകയില്ല.—Ms 4 (1898).

നമ്മുടെ വിശ്വാസത്തിലില്ലാത്തവരുമായി കരാറുകൾ ഉണ്ടാക്കുകയോ വ്യാപാര ബന്ധങ്ങൾ ഉണ്ടാക്കുകയോ ചെയ്യുന്നത് ദൈവത്തിന്റെ ക്രമീകരണത്തിൽ പെട്ടവയല്ല.—RH Aug. 4 (1904)

കഴിയുന്നിടത്തോളം നാം മറ്റുള്ളവരുമായി, തത്വങ്ങൾ ത്യജിക്കാതെ ബന്ധപ്പെട്ടുകൊണ്ടിരിക്കണം. അവരുടെ പാർപ്പുകളിലും സമൂഹങ്ങളിലും നാം ചേരണമെന്ന് ഇത് അർത്ഥമാക്കുന്നില്ല, എന്നാൽ വർജ്ജനചോദ്യത്തെ സംബന്ധിച്ച് നാം ഹാർദ്ദമായി അടുപ്പത്തിലാണെന്നത് നമ്മൾ അവരെ അറിയിക്കണം.—Te 220 (1884).

## ക്രിസ്തു അംഗീകരിക്കുന്ന വിനോദം

ക്രിസ്ത്യാനികൾ തങ്ങളുടെ ശാരീരികവും മാനസികവുമായ ശക്തികളെ ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടുകൂടി നിർമ്മലമായ വിനോദങ്ങളിലൂടെ അവരുടെ ആത്മാവിനെ പുതുക്കുകയും ശരീരങ്ങളെ ഊർജ്ജിതപ്പെടുത്തുകയും ചെയ്യുകയെന്നത് ഒരു പദവിയും കടമയുമാണ്.—MYP 364 (1871).

ക്രിസ്ത്യാനികൾക്ക് അവരുടെ കൈവശം സന്തോഷത്തിന്റെ അനേക ഉറവിടങ്ങളുണ്ട്. അവർക്ക് തെറ്റാതെ കൃത്യമായി ഏതൊക്കെ ഉല്ലാസങ്ങളാണ് വിഹിതമെന്നും ശരിയെന്നും പറയുവാൻ കഴിയും. മനസ്സിനെ നശിപ്പിക്കാത്തതും ആത്മാവിനെ നീചമാക്കാത്തതും ആത്മാഭിമാനത്തെ ഖേദകരമായി സ്വാധീനിക്കാത്തതും പ്രയോജനകരമായവയുടെ വഴി തടസ്സപ്പെടുത്താത്തതുമായ വിനോദങ്ങൾ മാത്രമേ അവർ ആസ്വദിക്കുകയുള്ളു. യേശുവിനെ അവരോടൊപ്പം കൊണ്ടുപോകുവാനും പ്രാർത്ഥനാനിരതമായ ഒരു ആത്മാവിനെ നിലനിർത്തുവാനും കഴിയുകയാണെങ്കിൽ അവർ സമ്പൂർണ്ണമായും സുരക്ഷിതരാണ്.—MYP 38 (1884).

മനസ്സാക്ഷിക്കു ദൈവത്തോടും മനുഷ്യനോടും കുറ്റംവരാത്തവിധമായിരിക്കണം നമ്മെയും നമ്മുടെ കൂടിവരവുകളെയും നടത്തേണ്ടത്. ആരെയും നാം ഒരു രീതിയിലും മുറിവേല്പിക്കുകയോ അവരുടെ മേൽ മുറിവേല്പിക്കുന്ന ഒരു സ്വാധീനമുണ്ടാക്കുകയോ ചെയ്തിട്ടില്ലാത്തതായ ഒരു മനസ്സാക്ഷിയാണ് നമുക്കുണ്ടായിരിക്കേണ്ടത്....

നിങ്ങൾക്ക് വിശ്വാസത്തോടുകൂടി ദൈവാനുഗ്രഹം ആവശ്യപ്പെടുവാൻ കഴിയുന്ന ഏത് വിനോദത്തിലും ഏർപ്പെടുന്നത് അപകടകരമാ



കുകയില്ല. എന്നാൽ രഹസ്യപ്രാർത്ഥനയ്ക്കും പ്രാർത്ഥനയെന്ന യാഗപീഠത്തിൽ എത്തുന്നതിനും അല്ലെങ്കിൽ പങ്കുകൊള്ളുന്നതിനും നിങ്ങളെ അയോഗ്യരാക്കുന്ന ഏതു വിനോദവും സുരക്ഷിതമല്ല എന്നു മാത്രമല്ല അപകടകരവുമാണ്.—MYP 386 (1913).

## ഉയർത്തുന്ന സംഗീതം

യിസ്രായേൽ മക്കളുടെ മരുഭൂയാത്രയിൽ വിശുദ്ധ സംഗീതം അവരുടെ യാത്രയെ സന്തോഷിപ്പിച്ചതുപോലെ, ഇന്നു ദൈവം തന്റെ മക്കളുടെ പരദേശയാത്രയെ അവർ സന്തോഷപ്രദമാക്കണമെന്ന് ആവശ്യപ്പെടുന്നു. അവന്റെ വാക്കുകൾ ഓർമ്മയിൽ ഉറപ്പിക്കുന്നതിന് അവയെ പാട്ടുരൂപത്തിൽ ആവർത്തിക്കുന്നതിനെക്കാളും ഫലപ്രദമായ ചുരുക്കം ചില മാർഗ്ഗങ്ങളുണ്ട്. അങ്ങനെയുള്ള പാട്ടുകൾക്ക് അത്ഭുത ശക്തിയുണ്ട്. പരുഷമായതും വളർത്തിയെടുക്കപ്പെടാത്തതുമായ പ്രകൃതങ്ങളെ കീഴടക്കുവാനും ചിന്തകളെ ഊർജ്ജസ്വലമാക്കുവാനും സഹതാപം ഉണർത്തുവാനും പ്രവർത്തനങ്ങളുടെ യോജിപ്പ് അഭിവൃദ്ധിപ്പെടുത്തുവാനും ധൈര്യത്തെ നശിപ്പിക്കുകയും പ്രയത്നത്തെ മന്ദീഭവിക്കുകയും ചെയ്യുന്ന ആപൽസൂചനകളെയും മ്ലാനതയെയും തുടച്ചുമാറ്റുവാനും അതിനു ശക്തിയുണ്ട്.—Ed 167, 168 (1903).

സ്വർഗ്ഗത്തിലെ ആരാധനയുടെ ഒരു ഭാഗമായി സംഗീതം രൂപംകൊള്ളുന്നു. കഴിയുന്നിടത്തോളം നമ്മുടെ സ്തുതിസ്തോത്രങ്ങളിൽ സ്വർഗ്ഗീയ ഗായകസംഘവുമായി യോജിപ്പിലായിരിക്കുവാൻ നാം ശ്രദ്ധിക്കണം.... മതപരമായ ശുശ്രൂഷകളിലും ആരാധനയിലും പ്രാർത്ഥന എന്തു പങ്കു വഹിക്കുന്നുവോ അതുപോലെയാണ് ഗാനശുശ്രൂഷ.—PP 594 (1890).

സംഗീതോപകരണങ്ങളുടെ ഉപയോഗം ഒരിക്കലും ഒരു തടസ്സമല്ല. ഇവ പുരാതനകാലത്ത് മതപരമായ ശുശ്രൂഷകളിൽ ഉപയോഗിക്കപ്പെട്ടിരുന്നു. കിന്നരവും കൈത്താളവും ഉപയോഗിച്ച് ആരാധകർ ദൈവത്തെ സ്തുതിച്ചു. നമ്മുടെ ശുശ്രൂഷകളിലും സംഗീതത്തിന് നാം അതിന്റെ സ്ഥാനം കല്പിക്കണം.—Ev 500, 501 (1898).

## ടെലിവിഷനും തിയേറ്ററും

ഉല്ലാസത്തിനുവേണ്ടി വല്ലപ്പോഴുമൊക്കെ പോകുന്ന ഇടങ്ങളിൽ ഏറ്റവും അപകടകരമായത് തിയേറ്ററാണ്. പലപ്പോഴും അവകാശപ്പെടുന്നതുപോലെ സദാചാരത്തിന്റെയും വിശുദ്ധിയുടെയും ഒരു വിദ്യാ

ലയമാകുന്നതിനുപകരം, ഇത് അസന്മാർഗ്ഗിയതയുടെ അഴുക്കുചാലായിരിക്കുന്നു. ഈ വിനോദങ്ങളിലൂടെ ദുരാചാരപരമായ ശീലങ്ങളും പാപകരമായ പ്രവണതകളും ബലപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്യുന്നു. അമറുന്ന സ്വരത്തിലുള്ള ഗാനങ്ങൾ, കാമാവേശമുള്ള ആംഗ്യങ്ങൾ, പ്രകടനങ്ങൾ, ഭാവങ്ങൾ എന്നിവ മനസ്സിന്റെ സങ്കല്പങ്ങളെ തകർക്കുകയും സാന്മാർഗ്ഗികതയെ വിലയില്ലാതാക്കുകയും ചെയ്യുന്നു.

അപ്രകാരമുള്ള പ്രദർശനങ്ങളിൽ പതിവായി സംബന്ധിക്കുന്ന എല്ലാ യുവജനങ്ങളും തത്വപരമായി ദുഷിച്ചവരായിത്തീരും. ഭാവനകളെ വിഷലിപ്തമാക്കുന്നതിനും ആത്മീയ മുദ്രണം തകർക്കുന്നതിനും പ്രശാന്തമായ ആനന്ദത്തിനുവേണ്ടിയുള്ള ആവേശത്തെയും ജീവിതത്തിന്റെ ഗൗരവസ്വഭാവമുള്ള യാഥാർത്ഥ്യത്തെയും മന്ദമാക്കുന്നതിനും നാടകാഭിനയത്തിലുള്ള വിനോദങ്ങളെക്കാളും കൂടുതൽ ശക്തിയേറിയ മറ്റൊരു സ്വാധീനവും നമ്മുടെ ദേശത്തില്ല. ഉത്തേജകമായ പാനീയങ്ങളുടെ ഉപയോഗത്തെ ശക്തിപ്പെടുത്തുന്നതുപോലെ ഈ ദൃശ്യങ്ങളോടുള്ള സ്നേഹം എല്ലാവിധമായ ആസക്തിയെയും വർദ്ധിപ്പിക്കുന്നു.—4T 652, 653 (1881).

തിയേറ്ററിലോ നൃത്തത്തിലോ ചിലവഴിക്കുന്ന സമയം ദൈവാനുഗ്രഹം ആവശ്യപ്പെടുവാൻ കഴിയാത്ത മണിക്കൂറുകളാണ്. അങ്ങനെയുള്ള ഒരു സ്ഥലത്തുവച്ച് മരണത്തെ അഭിമുഖീകരിക്കുവാൻ ഒരു ക്രിസ്ത്യാനിയും ആഗ്രഹിക്കുകയില്ല. ക്രിസ്തു വരുമ്പോൾ അവിടെ വച്ച് കണ്ടുമുട്ടുവാൻ ആരും ആഗ്രഹിക്കുകയില്ല.—MYP 398 (1882).

ഗൗരവകരവും ആത്മീയവുമായ ചിന്തകളെ പുറന്തള്ളാത്തവ മാത്രമാണ് സുരക്ഷിതമായ വിനോദങ്ങൾ. യേശുവിനെക്കൂടെ നമ്മോടൊപ്പം കൊണ്ടുപോകുവാൻ കഴിയുന്ന സ്ഥലങ്ങൾമാത്രമാണ് കൂടെക്കൂടെ പോകുവാൻ കഴിയുന്ന സുരക്ഷിതമായ സ്ഥലം.—OHC 284 (1883).

## വസ്ത്രധാരണവും അലങ്കാരങ്ങളും

വസ്ത്രധാരണത്തെ നിങ്ങളുടെ മതപരമായ പ്രധാന ചോദ്യമാക്കേണ്ട കാര്യമില്ല. സംസാരിക്കുന്നതിന് ഇതിലും ധന്യമായ ഒരു കാര്യമുണ്ട്. ക്രിസ്തുവിനെ സംബന്ധിച്ച് സംസാരിക്കുക. ഹൃദയത്തിന് മാനസാന്തരമുണ്ടാകുമ്പോൾ വചനയോഗ്യമല്ലാത്തവയെല്ലാം ഇല്ലാതെയാകും.—Ev 272 (1889).



നമ്മൾ ക്രിസ്ത്യാനികളാണെങ്കിൽ നാം നടക്കേണ്ടുന്ന വഴി നമ്മുടെ പ്രകൃത്യായുള്ള പ്രവണതകൾക്കെതിരെ വന്നാലും നാം ക്രിസ്തുവിനെ അനുഗമിക്കും. നിങ്ങൾ അതുമിതും ധരിക്കുവാൻ പാടില്ല എന്നു പറയുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല, കാരണം ഈ വ്യർത്ഥാവായ കാര്യങ്ങൾ ഹൃദയത്തിലുണ്ടെങ്കിൽ നിങ്ങളുടെ അലങ്കാരങ്ങൾ മാറ്റിവയ്ക്കുന്നത് ഒരു വൃക്ഷത്തിന്റെ ഇലവെട്ടി മാറ്റുന്നതുപോലെയാണ്. ഹൃദയത്തിന്റെ പ്രകൃത്യായുള്ള പ്രവണതകൾ വീണ്ടും അവയെ അവകാശപ്പെടും. നിങ്ങൾക്കു നിങ്ങളുടെതന്നെ ഒരു മനഃസാക്ഷിയുണ്ടായിരിക്കണം.—CG429, 430 (1892).

ദൈവത്തിനു മുമ്പാകെ ശ്രദ്ധയോടും ജാഗ്രതയോടുംകൂടെ നാം ജീവിക്കണമെന്ന് ഞാൻ നമ്മുടെ ജനത്തോട് ആവശ്യപ്പെടുന്നു. ആരോഗ്യപരമായ തത്വങ്ങൾക്കൊത്തവണ്ണം വരുന്നിടത്തോളം വസ്ത്രധാരണത്തിലുള്ള ആചാരങ്ങൾ പിൻപറ്റുക. അനേകരും ചെയ്യുന്നതുപോലെ നമ്മുടെ സഹോദരിമാർ നല്ലതും ഈടുറ്റതും ഇക്കാലത്തേക്കു യോജിച്ചതുമായ വസ്ത്രം അനാഡംബരമായി ധരിക്കുകയും വസ്ത്രധാരണത്തെ സംബന്ധിച്ച ചോദ്യങ്ങൾ മനസ്സിൽ നിറയ്ക്കാതിരിക്കുകയും ചെയ്യട്ടെ. നമ്മുടെ സഹോദരിമാർ ലാഘവത്തോടുകൂടി വസ്ത്രധാരണം ചെയ്യണം. അവർ യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടുംകൂടെ തങ്ങളെ അലങ്കരിക്കണം. ദൈവകൃപയുടെ ആന്തരിക അലങ്കാരമായ ജീവിതത്തിന്റെ ഒരു മാതൃക അവർ ലോകത്തിനു കൊടുക്കണം.—3SM 242 (1897).

ബാഹ്യവേഷം ഹൃദയത്തിന്റെ സൂചികയാണ്.—IT 136 (1856).

## പ്രസിദ്ധീകരണങ്ങളുടെ ആവശ്യകത

വ്യക്തമായും ലളിതമായ ഭാഷയിലും മർമ്മപ്രധാനമായ വിഷയങ്ങൾ വിശദീകരിക്കുന്നതും ലോകത്തിൽ വരുവാൻ പോകുന്ന സംഗതികളെ അറിയിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ ഉണ്ടായിവരട്ടെ. —HM Feb. 1 (1890).

ഒന്നും രണ്ടും ദൂതുകൾ 1843-ലും 1844-ലും കൊടുക്കപ്പെടുകയുണ്ടായി. ഇപ്പോൾ നാം ആയിരിക്കുന്നത് മൂന്നാം ദൂതുഘോഷണത്തിലാണ്, എന്നിരുന്നാലും ഈ മൂന്നു ദൂതുകളും ഇന്നും ഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു.... ഇപ്പോഴുള്ളതും വരുവാനിരിക്കുന്നതുമായ പ്രാവ

ചനിക ചരിത്ര പരമ്പരകളെ കാണിച്ചുകൊണ്ട് ഈ ലോകത്തോട് നാമിന്ന് ഈ ദൂതുകൾ അറിയിക്കേണ്ടത് പ്രസിദ്ധീകരണങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയുമാണ്.—CW 26,27 (1896).

ചായം തേയ്ക്കാത്ത സത്യം ലഘുലേഖകളിലൂടെ പ്രസംഗിക്കപ്പെടുകയും ശരത്ക്കാലത്തെ ഇലപോലെ വിതറപ്പെടുകയും വേണം.—9T 230 (1897).

ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, ദാനീയേലും വെളിപ്പാടും, വൻപോരാട്ടം എന്നീ പുസ്തകങ്ങൾ ഇതിനുമുമ്പുണ്ടായിരുന്നതിനെക്കാളുമുപരി ഇപ്പോൾ ആവശ്യമായിരിക്കുകയാണ്. അന്ധത പിടിച്ച അനേക കണ്ണുകളെ അതിലടങ്ങുന്ന സത്യങ്ങൾ തുറക്കുമെന്നുള്ളതുകൊണ്ട് അവ വിപുലമായ രീതിയിൽ വിതരണം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.—CM 123 (1905).

കൃപയുടെ വാതിൽ തുറന്നിരിക്കുന്നിടത്തോളം ഗ്രന്ഥസുവിശേഷകന് വേല ചെയ്യുവാൻ അവസരമുണ്ട്.—6T 478 (1900).

## നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ മൂർച്ചയേറിയ അടിച്ചേല്പിക്കലില്ല

തീർച്ചയായും ഉപദ്രവം ചെയ്യുന്നവരിലേക്കും കത്തോലിക്കർ ഉൾപ്പടെ എല്ലാ തരത്തിലുമുള്ളവരിലേക്കും എത്തുന്നതിനുള്ള വേല ചെയ്യുന്നതിൽനിന്നും നമ്മെ തടസ്സപ്പെടുത്തുന്നതും വേലി കെട്ടിയടയ്ക്കുന്നതുമായ ദയയില്ലാത്ത കർശനവാക്കുകൾ നമ്മുടെ ലേഖനങ്ങൾ എഴുതുന്നവർ ഉപയോഗിക്കാതിരിക്കട്ടെ. സ്നേഹത്തിൽ സത്യം സംസാരിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. സ്വാഭാവികമായ ഹൃദയത്തിന്റെ വിശുദ്ധീകരിക്കപ്പെടാത്ത അംശങ്ങൾ സത്യത്തോടു ചേർക്കുകയോ നമ്മുടെ ശത്രുക്കളിൽ കുടികൊണ്ടിരിക്കുന്ന അതേ ആത്മാവിന്റെ ചായ്‌വ് സംസാരിക്കുകയോ ചെയ്യരുത്....

പരുഷവും അറ്റുപോകുന്നതുമായ വാക്കുകൾ ഉപയോഗിക്കേണ്ടവരല്ല നാം. എഴുതപ്പെടുന്ന ഓരോ ലേഖനത്തിൽനിന്നും കൊടുക്കപ്പെടുന്ന ഓരോ അഭിസംബോധനയിൽനിന്നും അവയെ പുറത്തുവയ്ക്കുക. മുറിക്കുന്നതും ശാസിക്കുന്നതും ദൈവവചനം ചെയ്യട്ടെ നശ്വരമായ മനുഷ്യൻ ക്രിസ്തുവിൽ മറയുകയും അവനിൽ വസിക്കുകയും ചെയ്യട്ടെ.—9T 240, 241, 244 (1909).



നമ്മുടെ എഴുത്തുകളിലും വാക്കുകളിലുമുള്ള ഓരോ പ്രകടനത്തെയും അങ്ങനെതന്നെയെടുക്കുകയാണെങ്കിൽ, ക്രമസമാധാനത്തിനു പ്രതികൂലമെന്നു തോന്നത്തക്കവിധം തെറ്റായി വ്യാഖ്യാനിക്കപ്പെടുവാൻ കാരണമാകുന്നതുകൊണ്ട് അവ കള പറിച്ച വിധമായിരിക്കണം. രാജ്യത്തോടും അതിന്റെ നിയമങ്ങളോടും അവിശ്വസ്തരാണെന്ന് പ്രത്യക്ഷപ്പെടുത്തുന്ന രേഖകളും സംസാരങ്ങളും ഉണ്ടാകാത്തവിധം സകലവും ശ്രദ്ധയോടെ പരിഗണിക്കപ്പെടണം.—Letter 36, (1895).

മുഷ്ടിയുദ്ധപരമായ ആരോപണങ്ങളിലൂടെയും ശിക്ഷാവിധികളിലൂടെയും വെളിപ്പെടേണ്ടതല്ല ക്രിസ്ത്യാനിത്വം.—6T 397 (1900).

## പാർശ്വപ്രശ്നങ്ങളെ സൂക്ഷിക്കുക

ദൈവം തന്റെ സത്യത്തെ ഭരമേല്പിക്കുന്നതിന് തന്റെ ജനത്തെ ഒഴിവാക്കിയിട്ട് യോഗ്യമായ ഏക വ്യക്തിയെന്നവണ്ണം ഒരാളിനെ ഇവിടെയും മറ്റൊരാളിനെ അവിടെയുമെന്നപോലെ തെരഞ്ഞെടുക്കുകയല്ല ചെയ്തിരിക്കുന്നത്. സുസ്ഥാപിതമായ വിശ്വാസത്തിന് വിപരീതമായ ഒരു പുതിയ വെളിച്ചത്തെ ഒരുവന് ദൈവം കൊടുക്കുകയില്ല. എല്ലാ നവീകരണത്തിലും ഈ അവകാശവുമായി മനുഷ്യർ എഴുന്നേറ്റിട്ടുണ്ട്.... അവരുടെ സഹോദരന്മാർക്കു ലഭിച്ചതിനു മേലായി പ്രത്യേക വെളിച്ചം ലഭിച്ചു എന്നവണ്ണം ആരും ആത്മവിശ്വാസമുള്ളവരായിത്തീരരുത്....

സത്യത്തിനെതിരായി വരുന്നില്ല എന്ന് തോന്നാത്ത പുതിയതും മൂലവുമായ ചില ആശയത്തെ ഒരുവൻ സ്വീകരിക്കുന്നു. സാത്താന് വ്യാജമായ ഈ രൂപം കൊടുക്കുവാൻ അധികാരമുള്ളതുകൊണ്ട് മനോഹരവും പ്രധാനവുമെന്നു തോന്നുന്നതുവരെ അയാൾ അതിൽതന്നെയായിരിക്കുന്നു. അവസാനം സകലവും കേന്ദ്രീകരിക്കുന്ന ഒരു വലിയ ബിന്ദുവിനു ചുറ്റും സർവ്വും ആഗിരണം ചെയ്യുന്നതായിത്തീരുകയും ഹൃദയത്തിൽനിന്നും സത്യം പറിച്ചെറിയപ്പെടുകയും ചെയ്യുന്നു....

സത്യത്തിൽനിന്നും മനസ്സിനെ വ്യതിചലിപ്പിക്കുന്ന ഈവക പാർശ്വവിഷയങ്ങളെ സൂക്ഷിക്കുവാൻ ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു തരുന്നു. തെറ്റ് ഒരിക്കലും ഉപദ്രവകരമല്ലാതിരിക്കുകയില്ല. ഇത് ഒരിക്കലും വിശുദ്ധീകരിക്കുന്നില്ല, എന്നാൽ എല്ലായ്പോഴും സംഭ്രാന്തിയും കലഹവും കൊണ്ടുവരുന്നു.—5T 291, 292 (1885).

## ഭിന്നതകൾക്കല്ല ഐക്യത്തിന് ഊന്നൽ കൊടുക്കുക

സത്യത്തിന്റെ വെളിച്ചം ലഭിച്ചിരിക്കുന്നവർക്കുവേണ്ടി ഒരായിരം പരീക്ഷകൾ മറയ്ക്കപ്പെട്ട രീതിയിൽ തയ്യാറാക്കപ്പെട്ടിരിക്കുകയാണ്. നമുക്കാർക്കായിരുന്നാലും, അനുഭവസമ്പന്നരായ സഹോദരങ്ങൾക്ക് ആദ്യമായി സമർപ്പിക്കുകയല്ലാതെ, പുതിയ ഉപദേശമോ, തിരുവെഴുത്തുകളുടെ പുതിയ വ്യാഖ്യാനമോ അല്ല സുരക്ഷിതമായിരിക്കുന്നത്. താഴ്മയോടും പഠിപ്പിക്കാവുന്ന ആത്മാവോടും ആത്മാർത്ഥമായ പ്രാർത്ഥനയോടുംകൂടി അവരുടെ മുമ്പിൽ സമർപ്പിക്കുക. അവരിൽ ഒരു വെളിച്ചവും കാണുന്നില്ലെങ്കിൽ, "മന്ത്രിമാരുടെ ബഹുത്വത്തിലോ രക്ഷയുണ്ട്" എന്നുള്ളതുകൊണ്ട് അവരുടെ വിധിന്യായത്തിനു കീഴ്പ്പെടുക....

പ്രധാന ചരിത്ര സംഭവത്തിൽ വിശ്വാസത്തെ സ്ഥിരപ്പെടുത്താത്ത പ്രവണതയുള്ള സ്ത്രീ പുരുഷന്മാർ പുതിയ വെളിച്ചമോ ചില പുതിയ വെളിപ്പാടുകളോ ഉണ്ടായി എന്ന അവകാശവുമായി എഴുന്നേറ്റുവരും. അവരുടെ ഉപദേശങ്ങൾക്ക് ദൈവവചത്തിന്റെ സാക്ഷീകരണമുണ്ടായിരിക്കുകയില്ല. എന്നിരുന്നാലും ആത്മാക്കൾ വഞ്ചിക്കപ്പെടും. വ്യാജ വിവരങ്ങൾ പ്രചരിപ്പിക്കപ്പെടും, ചിലർ ഈ കെണിയിൽ അകപ്പെടും....

സാത്താൻ മനുഷ്യരെ സത്യത്തിൽനിന്ന് അകറ്റുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് തെറ്റിന്റെ ഓരോ രൂപത്തിനുമെതിരെ നമുക്ക് അത്രയധികം ജാഗ്രതയുള്ളവരായിരിക്കുവാൻ കഴിയുകയില്ല.—5T 293, 295, 296 (1885).

ഐക്യതയിൽ ആയിരിക്കുന്നത് ആവശ്യമാണെന്നവണ്ണം നാമിത് പ്രത്യക്ഷമാക്കണം. അത് മറ്റുള്ളവർ നമ്മുടെ ആശയത്തോടൊത്തു വരണമെന്നുള്ളതുകൊണ്ടാകരുത്, എന്നാൽ എല്ലാവരും ക്രിസ്തുവിന്റെ സൗമ്യതയും താഴ്മയും അന്വേഷിക്കുകയാണെങ്കിൽ അവർക്കു ക്രിസ്തുവിന്റേതുപോലുള്ള മനസ്സുണ്ടായിരിക്കും. അപ്പോൾ അവിടെ ആത്മാവിന്റെ ഐക്യതയുണ്ടാകും.—Letter 15 (1892).

സത്യത്തിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നവർ സഹോദരങ്ങളുമായി ഐക്യത്തിലായിരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നാം തീവ്രവാദികളും അനൈക്യത്തിലുള്ളവരാണെന്നും, ഒരാൾ ഒന്നു പഠിപ്പിക്കുകയും മറ്റൊരാൾ മറ്റൊന്ന് പഠിപ്പിക്കുകയും ചെയ്യുന്ന



വരാണെന്നും ലോകത്തിനു പറയുവാനുള്ള അവസരം ഒരിക്കലും ഉണ്ടാക്കിക്കൊടുക്കരുത്. അനൈക്യം ഉണ്ടാക്കരുത്.—TM 57 (1893).

## വിമർശകരെ എങ്ങനെ നേരിടാം

ദൈവം ചെയ്യുമായിരുന്ന വേലയിൽനിന്നും നമ്മുടെ ശ്രദ്ധ തിരിക്കുവാൻ തക്കവണ്ണം വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോയവർ വരും. സത്യത്തിൽനിന്നും കല്പിതകഥകളിലേക്കു നിങ്ങളുടെ ചെവി തിരിച്ചുകളയുവാൻ നിങ്ങൾക്കു കഴിയുകയില്ല. നിങ്ങളുടെ വേലയ്ക്കെതിരെ ശാസനയുടെ വാക്കുകൾ ഉച്ചരിക്കുന്നവരെ മാനസാന്തരപ്പെടുത്തുവാനുള്ള നിങ്ങളുടെ പിരശ്രമം നിറുത്തരുത്, എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ആത്മാവിനാൽ നിറയപ്പെട്ടവരാണെന്നും എതിരാളികളുടെ ഹൃദയത്തിലേക്കെത്തുന്ന വാക്കുകൾ ദൈവത്തിന്റെ മാലാഖമാർ തരുമെന്നുള്ളതും അവർ കാണട്ടെ. ഈ മനുഷ്യർ ഉള്ളിലേക്കു വരത്തക്കവിധം തങ്ങളുടെ വഴി കണ്ടെത്തുവാൻ നിർബന്ധിക്കുകയാണെങ്കിൽ നിങ്ങളുടേതാണ് ഉന്നത നിലവാരമുള്ളതെന്ന് സഭയിൽ ബുദ്ധിപൂർവ്വമുള്ള മനസ്സുള്ളവർ ഗ്രഹിച്ചെടുക്കും. യേശുക്രിസ്തു നിങ്ങളോടു സംസാരിക്കുന്നു എന്ന് അറിയത്തക്കവിധം സംസാരിക്കുക.—9T 148, 149 (1909).

## ദൈവവചനത്തെ ഉയർത്തിക്കാണിക്കുക

വികാരങ്ങളുടെ ഒരു ഇളക്കം സൃഷ്ടിക്കുന്നതിനുവേണ്ടി നാം പ്രവർത്തിക്കുകയാണെങ്കിൽ, നമുക്കു ആവശ്യമുള്ളതെല്ലാം ഉണ്ടായിരിക്കുകയും കൈകാര്യം ചെയ്യുവാൻ അറിയാത്തതിനെക്കാളുമധികം ഉണ്ടായിരിക്കുവാൻ കഴിയുകയും ചെയ്യും. ശാന്തമായും വ്യക്തമായും "വചനം പ്രസംഗിക്കുക." ഒരു ഇളക്കം സൃഷ്ടിക്കേണ്ടത് നമ്മുടെ വേലയാണെന്ന് ചിന്തിക്കരുത്. ആരോഗ്യകരമായ ഒരു ഉത്സാഹം സൃഷ്ടിക്കുവാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയുകയുള്ളു. നിരീക്ഷിച്ചും കാത്തിരുന്നു പ്രാർത്ഥിച്ചും വെളിച്ചവും ജീവനുമായ വിലയേറിയ ആത്മാവിനാൽ നടത്തപ്പെട്ടും നിയന്ത്രിക്കപ്പെട്ടും ഓരോ നിമിഷവും യേശുവിനെ നോക്കിക്കൊണ്ട് കാത്തിരുന്നും പ്രാർത്ഥിച്ചും കൊണ്ട് അവന്റെ മുമ്പിൽ താഴ്മയോടെ നടന്ന് ദൈവം പ്രവർത്തിക്കുവാൻ അനുവദിക്കുക.—2SM 16,17 (1894).

സുദൃഢമായ ദൈവവചനത്തോടുകൂടി നാം ജനത്തിന്റെ അടുത്തേക്കു

പോകണം. ആ വചനത്തെ അവർ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് വന്നേക്കാം. എന്നാൽ ഞാൻ മുമ്പ് പ്രസ്താവിച്ചതുപോലെ, ദൈവത്തിന്റെ വിധിന്യായത്തോടുതന്നെയുള്ള അതിന്റെ ശുപാർശയുടെ രീതിയിൽ അത് എല്ലായ്പ്പോഴും വരുന്നു. നമ്മുടെ സംസാരത്തിലും പാട്ടുകളിലൂടെയും എല്ലാ ആത്മീയ പ്രവർത്തനങ്ങളിലൂടെയും ശാന്തതയും കുലീനതയും എല്ലാ ദൈവമക്കളെയും പ്രവർത്തിപ്പിക്കുന്ന ദൈവഭയവും നാം വെളിപ്പെടുത്തണം.—2SM 43 (1908).

വികാരങ്ങളിലും ആവേശങ്ങളിലും കൂടെയല്ല, വചനത്തിലൂടെയാണ് വചനം അനുസരിക്കേണ്ടതിന് ജനത്തെ സ്വാധീനിക്കേണ്ടത്. ദൈവവചനത്തിന്റെ വേദിയിൽ നമുക്കു സുരക്ഷിതമായി നിൽക്കുവാൻ കഴിയും.—3SM 375 (1908).



## അധ്യായം ഏഴ്

# ഗ്രാമീണ ജീവിതം

### ദിവ്യ ആദർശം

ദൈവം സൃഷ്ടിച്ചവയെല്ലാം മനോഹാരിതയിൽ സമ്പൂർണ്ണമായിരിക്കുകയും ആദാമിനെയും ഹവ്വയെയും സന്തോഷമുള്ളവരാക്കുവാൻ ദൈവം ഭൂമിയിൽ സൃഷ്ടിച്ചവയെല്ലാം തന്നെ ഒന്നിനും മുട്ടില്ലാത്തവയായി കാണപ്പെടുകയും ചെയ്തുവെങ്കിലും പ്രത്യേകിച്ച് അവർക്കുവേണ്ടി ഒരു തോട്ടം ഉണ്ടാക്കിയതിലൂടെ അവന് അവരോടുള്ള സ്നേഹത്തെ അവൻ വെളിപ്പെടുത്തി. തോട്ടത്തെ കാത്തുസൂക്ഷിക്കുന്ന സന്തോഷകരമായ വേലയ്ക്കുവേണ്ടി അവരുടെ സമയത്തിന്റെ ഒരു ഭാഗവും ദൂതന്മാരുടെ സന്ദർശനത്തെ സ്വീകരിക്കുകയും അവരുടെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും ആനന്ദകരമായ ധ്യാനത്തിനുമായി ഒരു ഭാഗവും ചിലവഴിച്ചിരുന്നു. അവരുടെ അദ്ധ്വാനം ക്ഷീണമുണ്ടാക്കുന്നതായിരുന്നില്ല, എന്നാൽ ആനന്ദകരവും ശക്തിപ്പെടുത്തുന്നതുമായിരുന്നു. ഈ മനോഹരമായ തോട്ടം അവരുടെ ഭവനവും പ്രത്യേക വാസസ്ഥലവും ആയിരിക്കണമായിരുന്നു.—3SG 34 (1864).

അനാദിയായ ദൈവം തന്റെ പുത്രനുവേണ്ടി തിരഞ്ഞെടുത്ത അവസ്ഥകളെന്തെല്ലാമായിരുന്നു? ഗലീലാക്കുന്നുകളിൽ ഒരു ഏകാന്തമായ ഭവനം; സത്യസന്ധതയാലും സ്വാഭിമാനത്തോടുകൂടിയ അദ്ധ്വാനത്താലും നിലനിർത്തപ്പെട്ടിരുന്ന ഒരു കുടുംബം; ലാളിത്യത്തിന്റെ ഒരു ജീവിതം; വിഷമതകളും ബുദ്ധിമുട്ടുകളുംകൊണ്ടുള്ള ദൈനംദിന പോരാട്ടം; സ്വയത്യാഗം, സാമ്പത്തികം, ക്ഷമ, സന്തോഷകരമായ സേവനം; മാതാവിനോടൊപ്പമിരുന്നുള്ള തിരുവെഴുത്തുകളുടെ ചുരുളുകൾ തുറന്നുള്ള പഠനത്തിന്റെ മണിക്കൂറുകൾ; പ്രഭാതത്തിന്റെ പ്രശാന്തത അല്ലെങ്കിൽ പച്ചപ്പുൽതാഴ്വരകളിലെ മങ്ങിയ വെളിച്ചം; പ്രകൃതിയുടെ വിശുദ്ധ ശുശ്രൂഷകൾ; സൃഷ്ടിപ്പിനെയും ദിവ്യ നടത്തിപ്പിനെയും സംബന്ധിച്ച പഠനങ്ങൾ ദൈവവുമായുള്ള ആത്മാവിന്റെ

ബന്ധം എന്നിവയായിരുന്നു യേശുവിന്റെ ആദ്യകാല ജീവിതത്തിലെ അവസ്ഥകളും അവസരങ്ങളും.—MH 365, 366 (1905).

## പട്ടണങ്ങളിൽനിന്നുമകലെ

കഴിയുന്നിടത്തോളം പട്ടണങ്ങളിൽനിന്നും പുറത്തുവന്ന്, നിങ്ങൾക്ക് ഒരു ചെറിയ തോട്ടമുണ്ടാക്കുവാനും പുഷ്പങ്ങൾ വളരുന്നത് കുഞ്ഞുങ്ങൾ നിരീക്ഷിക്കുകയും അവയിൽനിന്ന് ലാളിത്യത്തിന്റെയും നിർമ്മലതയുടെയും പാഠങ്ങൾ പഠിക്കുകയും ചെയ്യുവാൻ കഴിയുന്നിടത്തും അല്പസ്ഥലം വാങ്ങിക്കുക.—2SM 356 (1903).

പട്ടണങ്ങളിൽനിന്നും പുറത്തുവരുക എന്നതാണ് ഇക്കാലത്തേയ്ക്കുള്ള എന്റെ സന്ദേശം. വൻ നഗരങ്ങളിൽനിന്നും മൈലുകൾ അകലെ ഒരു സ്ഥാനം കണ്ടെത്തുക എന്നതാണ് നമ്മുടെ ജനത്തിനു വേണ്ടിയുള്ള ക്ഷണമെന്നത് ഉറപ്പുവരുത്തുക. സാൻഫ്രാൻസിസ്കോ നഗരത്തെ ഇന്ന് ആയിരിക്കുന്ന അവസ്ഥയിൽ ഒന്ന് നോക്കിയാൽ നഗരങ്ങളിൽനിന്ന് പുറത്തുവരേണ്ട ആവശ്യകത കാണിച്ചുകൊണ്ട് ബുദ്ധിശക്തിയുള്ള നിങ്ങളുടെ മനസ്സുകളോട് അത് സംസാരിക്കും....

നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ ഈ പട്ടണങ്ങളുടെ മേൽ ദൈവം സ്വർഗ്ഗത്തിൽനിന്ന് അഗ്നിയും ഗന്ധകവും വർഷിപ്പിക്കുമെന്നതുകൊണ്ട് അവന്റെ ജനം നഗരങ്ങൾ വിട്ട് ഒരു സ്ഥാനം കണ്ടെത്തുവാൻ ദൈവം ആവശ്യപ്പെടുന്നു. അവരുടെ മേലുള്ള സന്ദർശനം അവരുടെ പാപങ്ങൾക്കാനുപാതികമായിട്ടായിരിക്കും. ഒരു പട്ടണം നശിപ്പിക്കപ്പെടുമ്പോൾ, അതൊരു ലളിതമായ കാര്യമാണെന്ന് നമ്മുടെ ജനം കരുതുകയോ, അനുകൂല സാഹചര്യമുണ്ടായാൽ നശിപ്പിക്കപ്പെട്ട ആ നഗരത്തിൽ വീടുകൾ പണിയാമെന്നോ ആരും ചിന്തിക്കരുത്....

ഇക്കാര്യങ്ങൾ മനസ്സിലാകുന്നവർ വെളിപ്പാട് പതിനൊന്നാമദ്ധ്യായം വായിക്കട്ടെ. ഓരോ വാക്യവും വായിച്ച് പട്ടണങ്ങളുടെമേൽ ഇനിയും വരുവാൻ പോകുന്ന സംഗതികളെ പഠിപ്പിക്കുക. അതേ പുസ്തകം പതിനെട്ടാമദ്ധ്യായത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന ദൃശ്യങ്ങളും വായിക്കുക.—MR 1518 (May 10, 1906).

ഒരു സ്ഥലവും ഒരു വീടും സ്വന്തമാക്കുന്ന മാതാപിതാക്കൾ രാജാക്കന്മാരും രാജ്ഞികളുംപോലെയാണ്.—AH 141 (1894).



## പുറത്തുനിന്നും പട്ടണങ്ങളിൽ വേല ചെയ്യുക

ദൈവത്തിന്റെ കല്പനയനുസരിക്കുന്ന ജനമെന്ന നിലയിൽ നാം പട്ടണങ്ങൾ വിട്ടുപോകണം. ഹാനോക്ക് ചെയ്തതുപോലെ, നാം പട്ടണങ്ങളിൽ വേല ചെയ്യുകയും പട്ടണത്തിൽ താമസിക്കാതിരിക്കുകയും വേണം.—Ev 77, 78 (1899).

പട്ടണങ്ങൾക്കു പുറത്തുനിന്നുകൊണ്ട് നാം പട്ടണത്തിൽ വേല ചെയ്യണം. "പട്ടണങ്ങൾക്കു മുന്നറിയിപ്പു കൊടുക്കേണ്ടതില്ലയോ? അതേ, അവിടെ വസിക്കുന്ന ദൈവജനത്താലല്ല, അവിടെ സന്ദർശിക്കുന്നവരാണ് ഭൂമിയിൽ വരുവാനുള്ളവയെ സംബന്ധിച്ച് മുന്നറിയിപ്പു കൊടുക്കേണ്ടത്" എന്ന് ദൂതൻ പറഞ്ഞു.—2 SM 358 (1902).

പട്ടണങ്ങളിലെ വേലയല്ല നാം കേന്ദ്രീകരിക്കേണ്ടത് എന്ന പ്രത്യേക വെളിച്ചം വർഷങ്ങളായി എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ പട്ടണങ്ങളെ നിറയ്ക്കുന്ന ശബ്ദകോലാഹലങ്ങളും തൊഴിൽ സംഘടനകൾ ഉണ്ടാക്കുന്ന സ്ഥിതിവിശേഷങ്ങളും അവരുടെ പ്രതിഷേധങ്ങളുമൊക്കെ നമ്മുടെ വേലക്കു ഒരു വലിയ തടസ്സമായിരിക്കും.—7T 84 (1902).

ഒരു ദേശത്ത് അധർമ്മം പെരുകുമ്പോൾ സൊദോമിൽ ലോത്തിന്റെ ശബ്ദം കേട്ടതുപോലെ, മുന്നറിയിപ്പിന്റെയും നിർദ്ദേശത്തിന്റെയും എന്തെങ്കിലും ശബ്ദമുണ്ടായിക്കൊണ്ടിരിക്കണം. ദുഷ്ടത നിറഞ്ഞതും ദുഷിച്ചതുമായ ഈ പട്ടണത്തിൽ ലോത്ത് തന്റെ ഭവനമുണ്ടാക്കാതിരുന്നെങ്കിൽ പല തിന്മകളിൽനിന്നും തനിക്കു തന്റെ കുടുംബത്തെ രക്ഷിക്കുവാൻ കഴിയുമായിരുന്നു. സൊദോമിൽ ലോത്തും തന്റെ കുടുംബവും ചെയ്തതൊക്കെ അവർ പട്ടണത്തിൽനിന്നും അകലെ താമസിച്ചിരുന്നെങ്കിലും ചെയ്യുവാൻ കഴിയുമായിരുന്നു.—Ev 78 (1903).

ഇന്നത്തെ അവസ്ഥയിൽ, ചിക്കാഗോയിൽ വേല ചെയ്യുവാൻ ചിലർ നിർബ്ബന്ധിതരാകും, എന്നാൽ ഇവർ പട്ടണങ്ങളിൽ വേല ചെയ്യുന്നതിനുവേണ്ടി ഗ്രാമീണ ജില്ലകളിൽ പ്രവർത്തന കേന്ദ്രങ്ങൾ തയ്യാറാക്കുകയായിരിക്കണമായിരുന്നു. ദൈവമക്കൾ എളിയതും ചിലവു കുറഞ്ഞതുമായ വേലസ്ഥലങ്ങൾ അവരുടെ വേലയ്ക്കു കേന്ദ്രങ്ങളാക്കുന്നത് കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. സമയാസമയങ്ങളിൽ ആശ്ചര്യകരമാം വിധം വിലകുറഞ്ഞ സ്ഥലങ്ങൾ ശ്രദ്ധയിൽപ്പെടുകയും വിശാലമായ ഇടങ്ങൾ ലഭ്യമാകുകയും ചെയ്യും. - Ev 402 (1906).

## സ്വാഭാവികമായ ചുറ്റുപാടുകളിൽ ധന്യമായ അനുഗ്രഹങ്ങൾ

"പട്ടണങ്ങൾ വിട്ടു പോരുക" എന്ന് ഞങ്ങൾ വീണ്ടും പറയുന്നു. കുന്നുകളിലേക്കും പർവ്വതങ്ങളിലേക്കും നിങ്ങൾ പോകുകയെന്നത് ഒരു വലിയ അപഹരിക്കപ്പെടലാണെന്ന് കരുതരുത്, എന്നാൽ അവന്റെ ഹിതവും വഴിയും പഠിക്കുന്നതിന് നിങ്ങൾക്കു ദൈവത്തോടൊപ്പം കഴിയുവാൻ മതിയായ ആ ഏകാന്തതയ്ക്കായി അന്വേഷിക്കുക....

ആത്മീയതയ്ക്കുവേണ്ടി അന്വേഷിക്കുകയെന്നത് നമ്മുടെ ജനം അവരുടെ ജീവിതചര്യയാക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. ക്രിസ്തു വാതിൽക്കലായിരിക്കുന്നു. ഇക്കാരണത്താലാണ് "പട്ടണങ്ങൾവിട്ട് നാട്ടിൻപുറങ്ങളിലേക്കു നീങ്ങുവാൻ ആവശ്യപ്പെടുമ്പോൾ അത് ജീവിതാവശ്യങ്ങളുടെ ഒരു ഇല്ലായ്മയാണെന്ന് ചിന്തിക്കരുത് എന്ന് ഞാൻ ജനത്തോടു പറയുന്നത്. അവയെ മുറുകെപ്പിടിക്കുന്നവർക്ക് ഇവിടെ ധന്യമായ അനുഗ്രഹങ്ങൾ കാത്തിരിക്കുന്നു. പ്രകൃതിയിലെ ദൃശ്യങ്ങളും സ്രഷ്ടാവിന്റെ കൈവേലകളും നോക്കിക്കൊണ്ടും അവയെ പഠിച്ചുകൊണ്ടും കാണുവാൻ കഴിയാതവണ്ണം അവന്റെ പ്രതിരൂപത്തിലേക്കു നാം മാറ്റപ്പെടും".—2SM 355, 356 (1908).

## ഗ്രാമങ്ങളിൽ സ്വഭാവ രൂപീകരണം എളുപ്പമാണ്

ഗ്രാമങ്ങളെക്കാളും ജീവിതമാർഗ്ഗം കണ്ടെത്തുവാൻ പട്ടണങ്ങളിൽ എളുപ്പമായതുകൊണ്ട് മാതാപിതാക്കൾ അവരുടെ കുടുംബങ്ങളോടൊപ്പം പട്ടണങ്ങളിൽ തിങ്ങിക്കൂടുന്നു. വിദ്യാലയങ്ങളില്ലാത്ത സമയങ്ങളിൽ കുട്ടികൾക്കു ചെയ്യുവാൻ തക്കവണ്ണം ഒന്നുമില്ലാതിരിക്കുമ്പോൾ തെരുവിലെ ഒരു അഭ്യസനം നേടുന്നു. തിന്മക്കൂട്ടുകെട്ടുകളിൽനിന്നും ദുഷ്ടതയുടെയും കലഹത്തിന്റെയും ശീലങ്ങളെ അവർ കൊയ്തെടുക്കുന്നു.—5T 232 (1882).

ആകർഷിക്കുന്നതിനും ധാർമ്മികമായി ദുർബ്ബലമാക്കുന്നതിനും മക്കൾക്കും മാതാപിതാക്കൾക്കും സ്വഭാവരൂപീകരണവേല പതിന്മടങ്ങ് കഠിനമാക്കിത്തീർക്കുന്നതിനും പരീക്ഷയുടെ എല്ലാ മേഖലകളും കാത്തിരിക്കുന്ന പട്ടണങ്ങളിൽ സ്ഥാപിതമായിരിക്കുന്ന വിദ്യാലയങ്ങളിൽ കുട്ടികളെ അയക്കുക.—FE 326 (1894).

പട്ടണങ്ങൾ പരീക്ഷകൾകൊണ്ട് നിറയപ്പെട്ടിരിക്കുകയാണ്. ഈ ജീർണ്ണതയിൽനിന്നും നമ്മുടെ യുവജനങ്ങളെ മാറ്റി സൂക്ഷിക്കുവാൻ നമുക്കു കഴിയുന്നതെല്ലാം നാം ചെയ്യണം.—AH 136 (1902).



കൂടുതൽ ഒഴിഞ്ഞ സ്ഥലങ്ങളിലേക്കു നമ്മുടെ കുടുംബങ്ങളെ കൊണ്ടുപോകേണ്ട സമയമിതാണ്, അല്ലെങ്കിൽ നമ്മുടെ അനേക യുവജനങ്ങളും പ്രായം ചെന്നവരും കെണിയിൽ അകപ്പെടുകയും ശത്രുവിനാൽ എടുക്കപ്പെടുകയും ചെയ്യും.—8T 101 (1904).

പട്ടണത്തിൽ വസിക്കുന്നതിലൂടെ നൂറിൽ ഒരു കുടുംബംപോലും ശാരീരികമായും മാനസികമായും അഥവാ ആത്മീയമായും അഭിവൃദ്ധി പ്രാപിക്കുന്നില്ല. വിശ്വാസം, പ്രത്യാശ, സ്നേഹം, സന്തോഷം എന്നിവ നല്ലവണ്ണം നേടിയെടുക്കുവാൻ കഴിയുന്നത് വയൽപ്രദേശവും കുന്നിൻപുറങ്ങളും വൃക്ഷങ്ങളുമുള്ള ഇടങ്ങളിൽ മാത്രമാണ്. നിങ്ങളുടെ കുഞ്ഞുങ്ങളെ പട്ടണത്തിന്റെ കാഴ്ചകളിലും ശബ്ദങ്ങളിലും നിന്ന് അകലെ കൊണ്ടുപോകുക. കിലുകിലുക്കങ്ങളിലും തെരുവുവാഹനങ്ങളുടെ മുഴക്കത്തിലുംനിന്ന് അവർ അകലെയായിരിക്കട്ടെ. അവരുടെ മനസ്സുകൾ ആരോഗ്യകരമായിത്തീരും. തൽഫലമായി അവരുടെ ഹൃദയങ്ങളിലേക്കു ഭവനവും ദൈവവചനത്തിലെ സത്യവും കൊണ്ടുവരുവാൻ എളുപ്പമെന്ന് കണ്ടെത്തും.—AH 137 (1905).

## ഗ്രാമീണ ചുറ്റുപാടുകളിൽ നല്ല ശാരീരികാരോഗ്യം

നിരന്തരം കലക്കങ്ങളും കുഴപ്പങ്ങളുംകൊണ്ട് നിറഞ്ഞിരിക്കുന്ന പട്ടണങ്ങളിൽ ദൈവജനം വാസമുറപ്പിക്കുകയെന്നത് അവന്റെ താല്പര്യമല്ല. ബദ്ധപ്പാട്, ഇരച്ചുകയറ്റം, ശബ്ദകോലാഹലം എന്നിവയാൽ മുഴുവൻ വ്യവസ്ഥയും ദുഷിക്കപ്പെടുമെന്നുള്ളതുകൊണ്ട് അവരുടെ മക്കൾ ഇവയിൽനിന്നും ഒഴിഞ്ഞിരിക്കട്ടെ.—2SM 357 (1902).

കാലൂന്നുവാൻ ഒരു പച്ചപ്പുൽപ്പുറമില്ലാതെ പട്ടണങ്ങളിൽ താമസിക്കുന്ന നിരവധിപേർക്കും വർഷംതോറും അവർ നോക്കിക്കാണുന്ന വൃത്തികെട്ട മുറ്റം, ഇടുങ്ങിയ ഇടവഴികൾ, ഇഷ്ടികച്ചുമരുകൾ, കല്ലുപാകിയ തറകൾ, പുകയും പൊടിപടലവുംകൊണ്ടു നിറഞ്ഞ ആകാശം എന്നിവ പച്ചവിരിച്ച വയലുകൾ, മരക്കൂട്ടങ്ങൾ, കുന്നുകൾ, അരുവികൾ, നീലാകാശം, നാട്ടിൻപുറത്തെ ശുദ്ധവായു എന്നിവയടങ്ങുന്ന കൃഷിയിടങ്ങളിലേക്കു കൊണ്ടുപോകുകയാണെങ്കിൽ അത് ഒരു സ്വർഗ്ഗംപോലെ കാണപ്പെടുമായിരുന്നു.—MH 191, 192 (1905).

നഗരത്തിലെ ഭൂപ്രകൃതി പലപ്പോഴും ആരോഗ്യത്തിന് ദുർഘടം പിടിച്ചതാണ്. രോഗങ്ങളുമായുള്ള തുടർച്ചയായ ബന്ധം, മലിനമായ വായു, അശുദ്ധജലം, അശുദ്ധ ഭക്ഷണം, ഞെരുങ്ങിയതും ഇരുണ്ടതും

അനാരോഗ്യകരവുമായ താമസങ്ങൾ എന്നിവ അവർ നേരിടേണ്ട പല തിന്മകളിൽ ചിലതാണ്.—MH 365 (1905).

## നിങ്ങളുടെ സ്വന്ത ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുക

നിങ്ങൾക്കാവശ്യമായ പഴവർഗ്ഗങ്ങളും പച്ചക്കറികളും കൃഷിചെയ്തെടുക്കുവാൻ കഴിയുന്ന സ്ഥലത്തേക്കും നിങ്ങളുടെ മക്കൾക്കു ദൈവത്തിന്റെ പ്രകൃതിയിലെ വേലകളുമായി നേരിട്ട് ബന്ധമുണ്ടാകുന്നതിനും മതിയായ സ്ഥലത്തേക്കും ദൈവത്തിന്റെ ജനം നീങ്ങണമെന്ന് അവൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളെ പട്ടണങ്ങളിൽനിന്നും അകലെ കൊണ്ടുപോകുക എന്നതാണ് എന്റെ സന്ദേശം. —2SM 357, 358 (1902).

നമ്മുടെ ജനം പട്ടണങ്ങളിൽനിന്നും അവരുടെ സ്വന്തം ഭക്ഷണസാധനങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്ന ഗ്രാമങ്ങളിലേക്കു പോകണമെന്ന് ദൈവം വീണ്ടും വീണ്ടും എനിക്കു നിർദ്ദേശം തന്നു. കാരണം, വാങ്ങുകയും വിൽക്കുകയും ചെയ്യുക എന്നത് ഭാവിയിൽ ഒരു ഗൗരവകരമായ പ്രശ്നമാകുവാൻ പോകുകയാണ്. വീടുകൾ ഞെരുങ്ങിയ അവസ്ഥയിൽ കാണപ്പെടാത്തതും ശത്രുക്കളുടെ ഇടപെടലിൽനിന്നു ഒഴിഞ്ഞിരിക്കുവാൻ കഴിയുന്നതുമായ ഗ്രാമപ്രദേശങ്ങളിലേക്കു പോകണമെന്ന് വീണ്ടും വീണ്ടും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങളെ നാം പാലിക്കേണ്ടിയിരിക്കുകയാണ്.—2SM 141 (1904).

## വലിയ നഗരങ്ങൾക്കു പുറത്ത് സ്ഥാപനങ്ങൾക്കു സ്ഥാനം കണ്ടുപിടിക്കുക

നഗരങ്ങളെ എളുപ്പത്തിൽ സമീപിക്കാവുന്നതും പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനകേന്ദ്രങ്ങൾക്കനുയോജ്യമായതും സത്യം അറിഞ്ഞുകൂടാത്ത ക്ഷീണിതരായ ആത്മാക്കളെയും രോഗികളെയും കൈകാര്യം ചെയ്യുവാൻ സൗകര്യങ്ങളുള്ളതുമായ സ്ഥലങ്ങൾ ഗ്രാമപ്രദേശങ്ങളിൽ അന്വേഷിച്ചു കണ്ടെത്തുന്നതിന് ആരോഗ്യകരമായ തീരുമാനങ്ങളെടുക്കത്തക്ക മനുഷ്യരെ നിയമിക്കുക. എന്നാൽ അവരുടെ താല്പര്യങ്ങൾ വിദേശത്ത് എത്തിക്കുന്നതിനുവേണ്ടി ആകരുത്. അനുയോജ്യമായ കെട്ടിടങ്ങൾ ഉണ്ടാക്കത്തക്ക ഇടങ്ങൾ ഉടമസ്ഥരിൽനിന്നും ദാനമായോ നമ്മുടെ ജനത്തിന്റെ ദാനത്തിലൂടെ ന്യായമയ വിലകൊടുത്ത് വാങ്ങുകയോ ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ പട്ടണത്തിനു പുറത്ത് കണ്ടെത്തുക. ശബ്ദകോലാഹലമുള്ള നഗരങ്ങളിൽ കെട്ടിടങ്ങളുണ്ടാക്കരുത്.—Ev 77 (1909).



## കൂരൻ ബോംഗ്, ന്യൂ സൗത്ത് വെയ്ൽസ്

നമ്മുടെ ആസ്ട്രേലിയൻ ബൈബിൾ സ്കൂൾ സ്ഥാപിതമാകേണ്ടത് എവിടെയാണ്?.... സ്കൂളുകൾ സ്ഥാപിതമാകേണ്ടത് പട്ടണത്തിലാണോ അതോ നഗരത്തിൽനിന്നും ഏതാനും മൈലുകൾ അകലെയാണോ? ഈ അവധി ദിവസങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ സ്വീകരിച്ച പ്രാഥമിക വിദ്യാഭ്യാസത്തെയും അതുമായി ബന്ധപ്പെട്ടുള്ള കുതിരപ്പന്തയം, വാതുവയ്പ്, സമ്മാനദാനങ്ങൾ എന്നിങ്ങനെയുള്ളവയെയും സംബന്ധിച്ച സ്വാധീനത്തെ തോല്പിക്കുക വളരെ പ്രയാസമാണ്....

പട്ടണങ്ങളിൽനിന്നും അകലെ നമ്മുടെ സ്കൂൾ സ്ഥാപിക്കപ്പെടണമെന്നുള്ളത് ഒരു ആവശ്യമായി നാം കണ്ടെത്തും. എന്നിരുന്നാലും, അവയുമായി ബന്ധപ്പെടുവനും അവർക്കു നന്മചെയ്യുവാനും ധാർമ്മിക അന്ധകാരത്തിനു മദ്ധ്യേ വെളിച്ചം പ്രകാശിപ്പിക്കുവാനും കാഴിയാത വണ്ണം വളരെ അകലെ ആകുവാനും പാടില്ല.—FE310, 313 (1894).

യാത്രയുടെ തെരുവീഥിയിൽനിന്നും വളരെ അകലെയായിരുന്നു എന്ന വസ്തുത ഒഴികെ സ്ഥലത്തെ സംബന്ധിച്ച സകലവും എന്നെ അനുകൂലമായി സ്വാധീനിച്ചു. അതുകൊണ്ട് മരണത്തിന്റെ മൂടുതുണിപോലെ നമ്മുടെ വലിയ പട്ടണങ്ങളെ മൂടുന്ന ധാർമ്മിക അന്ധകാരത്തിനുമദ്ധ്യേ നമ്മുടെ വെളിച്ചം വീശുവാൻ ഒരു അവസരം ഉണ്ടാകുന്നില്ല. എന്റെ മനസ്സിലുദിക്കുന്ന ഏക എതിർപ്പ് ഇതാണെന്ന് തോന്നുന്നു. എന്നാൽ ഒരു പട്ടണത്തിലും നമ്മുടെ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുന്നത് ശരിയായ ഉപദേശമായിരിക്കുകയില്ല.—8MR 137 (1894).

ഇത് സ്കൂളിനുവേണ്ടിയുള്ള ശരിയായ സ്ഥാനമാണ് എന്നതിൽ എനിക്കു മുമ്പിലത്തെക്കാളും ബോധ്യമുണ്ട്.—8MR 360 (1894).

## ഹൺസ്വില്ലെ, അലബാമാ

ഗ്രേയ്സ്വില്ലെയിലും ഹൺസ്വില്ലെയിലുമുള്ള സ്കൂൾവേലയിൽ ചുമതലയുള്ളവർ ഈ സ്ഥാപനത്തിലൂടെ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് എന്തുചെയ്യുവാൻ കഴിയുമെന്ന് ചിന്തിക്കണം. അങ്ങനെ ചെയ്യുമ്പോൾ പട്ടണങ്ങൾ വിടുവാൻ ആഗ്രഹിക്കുന്ന നമ്മുടെ ജനത്തിന് വലിയ ചിലവുകൾ കൂടാതെ യോഗ്യമായ വസതികൾ ഉണ്ടാക്കുവാനും തൊഴിൽ കണ്ടെത്തുവാനും സാധിക്കും.—Letter 25 (1902).

ഹൺസ്‌വില്ലെ സ്കൂളിന്റെ കൃഷിയിടം വാങ്ങിക്കുവാൻ കഴിഞ്ഞത് ദൈവത്തിന്റെ നടത്തിപ്പായിരുന്നു. അതൊരു നല്ല പ്രദേശത്തിലാണ്. അതിനു സമീപം വലിയ നഴ്സറികളുണ്ട്. ഹൺസ്‌വില്ലെ സ്കൂളിൽ പഠിക്കുന്ന ചില വിദ്യാർത്ഥികൾ അവരുടെ ഫീസ് കൊടുക്കുവാൻ വേനൽക്കാലങ്ങളിൽ ഈ നഴ്സറികളിൽ വേല ചെയ്തിട്ടുണ്ട്.—SpT-B(12) 11 (1904).

ഹൺസ്‌വില്ലെ സ്കൂളിന്റെ കൃഷിയിടം ഒരു നല്ല മനോഹരമായ ഭൂപ്രദേശമാണ്; അതിന്റെ മുന്നൂറു ഏക്കറിലധികം വരുന്ന സ്ഥലം വ്യവസായ മേഖലയിലെ പരിശീലനത്തിനും കൃഷിക്കുമായി ഉപയോഗപ്പെടുത്തണം.—SpT - B (12x) 13 (1904).

ഹൺസ്‌വില്ലെ സ്കൂളിന്റെ ഈ സ്ഥലം വിറ്റതിനുശേഷം ഒരു ചെറിയ സ്ഥലം വാങ്ങുകയല്ലയോ നല്ലത്" എന്ന ഒരു ചോദ്യം എന്നോട് ചോദിക്കുകയുണ്ടായി. ഈ കൃഷിയിടം വിൽക്കുവാൻ പാടില്ല എന്നും വർണ്ണശബളമായ ഒരു സ്കൂൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് മതിയായ എല്ലാ സാഹചര്യങ്ങളും അവിടെയുണ്ട് എന്നുമുള്ള നിർദ്ദേശം എനിക്കു ലഭിച്ചു.—SpM 359 (1904).

## ബറീൻ സ്പ്രിംഗ്സ് മിഷിഗൺ

മിഷിഗണിന് തെക്കുകിഴക്കുഭാഗത്ത് ബറീൻസ്പ്രിംഗ്സിൽ സ്കൂൾ സ്ഥാപിക്കുന്നു എന്ന ചിന്തയുണ്ടെന്ന് ഞാൻ കേൾക്കുകയുണ്ടായി. ഈ സ്ഥലത്തിന്റെ കിടപ്പിനെ സംബന്ധിച്ച് ഞാൻ വളരെ സന്തുഷ്ടയാണ്.... ബറീൻസ്പ്രിംഗ് പോലെയുള്ള സ്കൂളിനെ ഒരു സാധനപാഠമാക്കുവാൻ കഴിയും. ഈ വേല മുമ്പോട്ടു കൊണ്ടുപോകുന്ന കാര്യത്തിൽ ആരും തടസ്സമുണ്ടാക്കുകയില്ല എന്നു ഞാൻ ആശിക്കുന്നു. -4MR 407 (July 12, 1901).

സ്കൂളിനുവേണ്ടി ഒരു സ്ഥലം കണ്ടെത്തുന്ന കാര്യത്തിൽ നമ്മുടെ ജനത്തോടൊപ്പം ദൈവത്തിന്റെ നല്ല കരം ഉണ്ട്. സ്കൂൾ എവിടെ സ്ഥാപിക്കപ്പെടണമെന്ന കാര്യത്തിൽ എനിക്കു ലഭിച്ച പ്രാതിനിധ്യത്തിന് ഈ സ്ഥലം തുല്യമായിരിക്കുകയാണ്. ഇത് പട്ടണത്തിൽനിന്നും അകലെയാണ്, കൃഷിയാവശ്യങ്ങൾക്കായി വേണ്ടുവോളം സ്ഥലമുണ്ട്. വീടുകൾ അടുപ്പിച്ചടുപ്പിച്ച് പണിയാതിരിക്കുവാൻ മതിയായ ഇടമുണ്ട്. കൃഷിചെയ്യുവാൻ മതിയായ പരിശീലനം വിദ്യാർത്ഥികൾക്കു കൊടുക്കുന്നതിന് ധാരാളം സ്ഥലമുണ്ട്.—RH Jan. 28 (1902).



ബാറ്റിൽക്രീക്കിൽനിന്നു കോളേജ് മാറ്റി ബറീൻ സ്പ്രിംഗ്സിൽ സ്ഥാപിക്കുന്ന കാര്യത്തിൽ ബ്രദർമാഗനും സുതർലാന്റും ദൈവംകൊടുത്ത വെളിച്ചത്തിനൊത്തവണ്ണം പ്രവർത്തിച്ചു. മഹാപ്രതിസന്ധികളുടെ മദ്ധ്യേ അവർ കഠിനാദ്ധ്വാനം ചെയ്തു.... ദൈവം അവരോടൊപ്പമുണ്ട്. അവരുടെ പ്രയത്നത്തെ ദൈവം അംഗീകരിച്ചു.—4MR 260, 261 (1904).

## സ്റ്റോൺഹാം, മസ്സാച്ചുസെറ്റ്സ്

അധികം പ്രത്യേകവേല ചെയ്യേണ്ട ഒരു വയൽപ്രദേശമായ ന്യൂ ഇംഗ്ലണ്ടിൽ ദൈവത്തിന്റെ വേലക്കാർ മുന്നോട്ടുള്ള ഒരു ചുവട് വയ്ക്കുന്നതിന് ദൈവം തന്റെ നടത്തിപ്പിലൂടെ വഴിതുറന്നുകൊടുത്തു. ആരോഗ്യസംരക്ഷണ കേന്ദ്രത്തിന്റെ സ്ഥാനം സൗത്ത് ലാൻകാസ്റ്ററിൽനിന്നും ബോസ്റ്റന് വളരെ അടുത്ത സ്ഥലമായ മെൽറോസിലേക്കു മാറ്റുന്നതിന് അവിടെയുള്ള സഹോദരങ്ങൾക്കു കഴിഞ്ഞു. രോഗികൾക്ക് അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിന് അനുയോജ്യമായ അവസ്ഥയുണ്ടാകത്തക്കവിധം തിരക്കേറിയ പട്ടണത്തിൽനിന്നും വേണ്ടുവോളം അകലെ മാറ്റി. ന്യൂ ഇംഗ്ലണ്ട് ആരോഗ്യസംരക്ഷണകേന്ദ്രത്തിന്റെ വളരെ സൗകര്യപ്രദമായ ബോസ്റ്റൻ നഗരത്തിലേക്കുള്ള മാറ്റം ദൈവനടത്തിപ്പാണ്.

നമുക്കു മുമ്പിലുള്ള പാത ഒരുക്കുവാൻ ദൈവം അവന്റെ കൈവയ്ക്കുമ്പോൾ, ആരെങ്കിലും പിന്നിലേക്കു മാറിനിന്നുകൊണ്ട്, മുന്നോട്ടുപോകുന്നതിന്റെ ജ്ഞാനത്തെ ചോദ്യം ചെയ്യുകയോ അല്ലെങ്കിൽ പ്രേരണയും സഹായവും കൊടുക്കുവാൻ വിസമ്മതിക്കുകയോ ചെയ്യുന്നതിനെ ദൈവം വിലക്കുന്നു. ന്യൂ ഇംഗ്ലണ്ട് ആരോഗ്യസംരക്ഷണ കേന്ദ്രം സൗത്ത് ലാൻകാസ്റ്ററിൽനിന്നു മെൽറോസിലേക്കു മാറ്റുന്നതിനെ ദൈവം നടത്തുന്നതാണെന്ന് എനിക്കു കാണിച്ചുതന്നു.—SpT-B(13) 3 (1902).

## തക്കോമാ പാർക്ക്, വാഷിംഗ്ടൺ, ഡി.സി.

നമ്മുടെ സ്കൂളിനും ആരോഗ്യസംരക്ഷണ കേന്ദ്രത്തിനുംവേണ്ടി കണ്ടെത്തിയ സ്ഥലം ആഗ്രഹിക്കുവാൻ കഴിയുന്ന എല്ലാമാണ്. ദൈവം എനിക്കു കാണിച്ചുതന്ന പ്രതിരൂപത്തിന് അനുരൂപമാണ് ദേശം. ഇത് ഉപയോഗിക്കപ്പെടേണ്ടത് എന്തുദ്ദേശത്തിനുവേണ്ടിയാണൊ അതിനൊത്തവണ്ണം ചേർച്ച വരുത്തിയതാണ്. ഓരോ സ്കൂളിനും ആരോഗ്യസംരക്ഷണകേന്ദ്രത്തിനും ഞെരുക്കം കൂടാതെ സ്ഥിതിചെയ്യുവാൻ

ആവശ്യത്തിന് ഇടമുണ്ട്. അന്തരീക്ഷവും വെള്ളവും ശുദ്ധമാണ്. വടക്കുനിന്നും തെക്കുഭാഗത്തേക്ക് മനോഹരമായ ഒരു അരുവി നമ്മുടെ ഭൂപ്രദേശത്തുകൂടെ ഒഴുകുന്നു. ഈ അരുവി പൊന്നിനെയും വെള്ളിയെയുംകാൾ കൂടുതൽ വിലപ്പെട്ടതാണ്. ഏറ്റവും നല്ല അഴുക്കുചാലോടുകൂടിയ ഈ സ്ഥാനം കെട്ടിടത്തിനു അനുയോജ്യമാണ്.

ഒരു ദിവസം തക്കോമാ പാർക്കിന്റെ വിവിധ ഭാഗങ്ങളിലൂടെ ഞങ്ങൾ യാത്ര ചെയ്തു. പട്ടണപ്രദേശത്തിന്റെ ഒരു വലിയ ഇടം പ്രകൃത്യായുള്ള വനമാണ്. വീടുകൾ ചെറുതല്ല. അടുത്തടുത്ത് തിങ്ങിക്കൂടിയിരിക്കുന്നു. എന്നാൽ വിസ്താരമുള്ളതും സൗകര്യമുള്ളതുമാണ്. പുഷ്ടിയുള്ളതും രണ്ടാംഘട്ട വളർച്ചയുള്ളതുമായ ദേവദാരു, ഓക്കുമരം, തണൽവൃക്ഷങ്ങൾ മനോഹരമായ മറ്റു വൃക്ഷങ്ങൾ എന്നിവയാൽ അവ ചുറ്റപ്പെട്ടതാണ്. ഈ ഭവനങ്ങളുടെ ഉടമസ്ഥർ അധികവും കച്ചവടക്കാരാണ്. അനേകരും വാഷിംഗ്ടണിലെ സർക്കാർ കാര്യാലയങ്ങളിൽ ക്ലർക്കുമാരായി പ്രവർത്തിക്കുന്നു. അവർ ദിവസവും പട്ടണങ്ങളിൽ പോയതിനുശേഷം വൈകുന്നേരമാകുമ്പോൾ ഭവനങ്ങളിലേക്ക് മടങ്ങുന്നു.

എളുപ്പത്തിൽ തപാലാഫീസിൽ എത്തിച്ചേരത്തക്കവിധം അച്ചടിശാല സ്ഥാപിക്കുന്നതിന് ഒരു നല്ല സ്ഥലം കണ്ടെത്തി. കൂടിവരവിനുള്ള ഒരു കെട്ടിടം പണിയുന്നതിനും ഒരു ഇടം കണ്ടെത്തി. തക്കോമാ പാർക്ക് നമുക്കുവേണ്ടി പ്രത്യേകം തയ്യാറാക്കപ്പെട്ട ഒരു സ്ഥലംപോലെയും നമ്മുടെ സ്ഥാപനങ്ങളും അവയിലെ വേലക്കാരും അത് കൈവശമാക്കുവാൻ കാത്തിരിക്കുന്നതുപോലെയും തോന്നുന്നു.—ST June 15 (1904).

നിശ്ചയമായും ദൈവം ഈ വസ്തുത എനിക്കു തുറന്നുതന്നിരിക്കുകയാണ്. ബാറ്റിൽ ക്രീക്കിൽ നടന്നുകൊണ്ടിരിക്കുന്ന പ്രസിദ്ധീകരണവേല വാഷിംഗ്ടനു സമീപം വ്യാപിക്കേണ്ടിയിരിക്കുന്നു. കുറച്ചു സമയം കഴിഞ്ഞിട്ട് വാഷിംഗ്ടണിൽനിന്നും ഒഴിഞ്ഞ് അകലെ പോകുവാൻ ദൈവം ആവശ്യപ്പെടുകയാണെങ്കിൽ നാം പോകേണ്ടിയിരിക്കുന്നു. - RH Aug. 11 (1903).

## മഡിസൻ ടെന്നസി

തെക്ക് ചെയ്യണമെന്ന് അവർ ആഗ്രഹിക്കുന്നു വേലയെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു. നാഷ്‌വില്ലെയിൽനിന്നും വളരെ അകലെ ഒരു സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അവർ സംസാരിച്ചു. എനിക്കു ലഭിച്ച വെളിച്ചമനുസരിച്ച് ചെയ്യേണ്ട ശരിയായ കാര്യമിതല്ല എന്ന് ഞാൻ അറിയുകയും അത് അവരോട് പറയുകയും ചെയ്തു. ബെറീൻസ്പ്രിംഗ്സിൽ നിന്നുമുണ്ടായ അനുഭവം കാരണം ഈ സഹോദരങ്ങൾക്കു (ഇ.എ. സുതർലന്റ് പി.റ്റി മാഗൺ) ചെയ്യുവാൻ കഴിയുന്ന വേല നാഷ്‌വില്ലെയിൽ ചെയ്യേണ്ടതുപോലെ വേല നടന്നിട്ടില്ല. നാഷ്‌വില്ലെക്കു സമീപമുള്ള സ്കൂളിലെ വേലക്കാർക്ക്, ആവശ്യമായ ഉപദേശങ്ങൾ കൊടുക്കുവാൻ കഴിയുന്നതുകൊണ്ട് സമീപമായിരിക്കുന്നത് ഒരു അനുഗ്രഹമായിരിക്കും.

സ്കൂളിനുവേണ്ടി ഒരു സ്ഥലം അന്വേഷിച്ചപ്പോൾ നമ്മുടെ സഹോദരങ്ങൾ നാഷ്‌വില്ലെയിൽനിന്നും ഒൻപതു മൈൽ അകലെ നാനൂറ് ഏക്കർ വരുന്ന ഒരു കൃഷിയിടം കണ്ടെത്തി. കൃഷിയിടത്തിന്റെ വലിപ്പം, അത് സ്ഥിതിചെയ്യുന്ന സ്ഥലം, നാഷ്‌വില്ലെയിൽ നിന്നുമുള്ള അകലം, അത് വാങ്ങിക്കുവാൻ മതിയായ പണം എന്നിവ പരിഗണിച്ചപ്പോൾ സ്കൂൾ വേലക്കു വളരെ അനുയോജ്യമായ ഒരു സ്ഥലമാണെന്ന് തോന്നി, ഈ സ്ഥലം വാങ്ങിക്കണമെന്ന് ഞങ്ങൾ ഉപദേശിച്ചു. ആ എല്ലാ സ്ഥലവും അന്തിമമായി വേണ്ടിവരുമെന്ന് എനിക്കറിയാമായിരുന്നു.—RH Aug. 18 (1904).

## മൗണ്ടൻ വ്യൂ; കാലിഫോർണിയ

പസിഫിക് പ്രസ്സ് ഓക്‌ലന്റിൽനിന്നും മാറ്റണമെന്നുള്ള നിർദ്ദേശവും എനിക്കു ലഭിച്ചു. ആണ്ടുകൾ കഴിഞ്ഞുപോയപ്പോൾ പട്ടണം വളരുകയും തൊഴിലാളികൾക്ക് താമസസൗകര്യങ്ങളുംകൂടെ ഉറപ്പാക്കുവാൻ കഴിയുന്ന ഒരു സ്ഥലം ഗ്രാമപ്രദേശത്ത് കണ്ടെത്തി പ്രിന്റിംഗ് പ്രസ്സ് അവിടെ സ്ഥാപിക്കുകയും ചെയ്യേണ്ടത് ആവശ്യമായി വന്നു. നമ്മുടെ പ്രസിദ്ധീകരണത്തിന്റെ കാര്യാലയങ്ങളുമായി ബന്ധപ്പെട്ടവർ ഞെരുങ്ങിയ പട്ടണങ്ങളിൽ പാർക്കുന്നതിനു നിർബന്ധിതമാകുവാൻ പാടില്ല. ഉയർന്ന വേതനം ആവശ്യമായി വരാത്തവിധം അവർ പാർപ്പിടങ്ങൾ കണ്ടെത്തുന്നതിന് അവർക്കു അവസരങ്ങൾ ഉണ്ടാകണം.—FE 492 (1904).

പല അനുഗ്രഹങ്ങളുള്ള ഒരു പട്ടണമാണ് മൗണ്ടൻ വ്യൂ. ഇത് മനോഹരമായ പഴത്തോട്ടങ്ങളാൽ ചുറ്റപ്പെട്ടതാണ്. കാലാവസ്ഥ മൃദുവും എല്ലാ തരത്തിലുമുള്ള പഴവർഗ്ഗങ്ങളും പച്ചക്കറികളും കൃഷിചെയ്യുവാൻ കഴിയാവുന്നതുമാണ്. പട്ടണം അത്ര വലുതല്ലെങ്കിലും വൈദ്യുതിയും വെളിച്ചവും തപാൽ സൗകര്യവും സാധാരണ പട്ടണ

ങ്ങളിൽ മാത്രം കാണാവുന്ന മറ്റു പല സൗകര്യങ്ങളും അവിടെയു ണ്ട്.—Letter 141 (1904).

നമ്മുടെ പ്രസിദ്ധീകരണ കാര്യാലയം ഓക്ലന്റിൽനിന്നു മൗണ്ടൻ വ്യൂവിലേക്കു മാറ്റപ്പെടണം എന്നതിനെപ്പറ്റി ചിലർ ആശ്ചര്യപ്പെട്ടിട്ടു ണ്ട്. പട്ടണങ്ങൾ വിട്ടുപോകുവാൻ ദൈവം തന്റെ ജനത്തെ വിളിക്കു ന്നു. നമ്മുടെ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന യുവജനങ്ങൾ പട്ട ണങ്ങളിൽ കാണപ്പെടുന്ന പരീക്ഷകളിലും ദുഷ്ടതയിലും പെട്ടുപോ കുവാൻ പാടില്ല. പ്രിന്റിംഗ് കാര്യാലയം സ്ഥാപിക്കപ്പെടുവാൻ അനു യോജ്യമായ ഒരു സ്ഥലമാണ് മൗണ്ടൻ വ്യൂ.—CL 29 (1905).

## ലോമാ ലിൻഡാ, കാലിഫോർണിയ

സാൻഡിഗോയിൽ നിന്നും ഏഴു മൈൽ അകലെ നമുക്കൊരു നല്ല ആരോഗ്യസംരക്ഷണകേന്ദ്രം ഉള്ളതുകൊണ്ട് നമുക്കു ദൈവത്തിനു നന്ദി പറയാം; ലോസ് ഏഞ്ചലസിൽനിന്നും എട്ട് മൈൽ മാറി ഗ്ലെൻഡേ യ്ലിൽ ഒരു ആരോഗ്യസംരക്ഷണ കേന്ദ്രമുണ്ട്. ലോസ് ഏഞ്ചല സിൽനിന്നും അറുപത്തിരണ്ട് മൈൽ കിഴക്കുമാറി റെഡ്ലാന്റ്സ് റിവർ സൈടിനും സാൻ ബർണാർഡിനോയ്ക്കും സമീപം ലോമാലിൻഡാ യിൽ വിശാലവും മനോഹരവുമായ ഒരു സ്ഥലമുണ്ട്. ഞാൻ കണ്ടിട്ടു ള്ളതിൽവച്ച് ഏറ്റവും മനോഹരമായ ആരോഗ്യസംരക്ഷണകേന്ദ്രങ്ങ ളിൽ ഒരെണ്ണത്തിനു അനുയോജ്യമായ സ്ഥലമാണ് ലോമാലിൻഡാ യിലെ സ്ഥലം.—LLM 141 (1905).

മെഡിക്കൽ മിഷറിമാരെ പരിശീലിപ്പിക്കുന്നതിനു ഒരു കേന്ദ്രമെന്ന വണ്ണം ദൈവം പ്രത്യേകിച്ച് രൂപകല്പന ചെയ്തതാണ് ലോമാ ലിൻഡാ.—Letters 188 (1907).

ഒരു സ്കൂളിനു വേണ്ടിയുമുള്ള അത്ഭുതകരമായ സൗകര്യങ്ങൾ ഇവിടെയുണ്ട്. കൃഷിയിടം, പഴത്തോട്ടം, മേച്ചിൽപുറം, വലിയ കെട്ടി ടങ്ങൾ, വിശാലമായ തറ, മനോഹാരിത എന്നിവയെല്ലാം ഒരു വലിയ അനുഗ്രഹമാണ്.—LLM 310 (1907).

ലോമാ ലിൻഡായ്ക്കു അത്ഭുതകരമായ സൗകര്യങ്ങളുണ്ട്, ഇവി ടെയുള്ളവർ യഥാർത്ഥ മിഷനറിമാരാകുവാൻ ഈ സൗകര്യങ്ങൾ വിശ്വ സ്തയോടെ അവകാശമാക്കുകയാണെങ്കിൽ അവർക്കു ചുറ്റുപാടുമുള്ള വരിലേക്കു വെളിച്ചം പകരുവാൻ അവ അവർക്കു കഴിയും. ദിനന്തോറും ദൈവം അവന്റെ ജ്ഞാനം പകർന്നു തരുന്നതിന് നാം അവനെ അന്വേ ഷിക്കണം.—Letter 374 (1907).



ഇവിടെ നമുക്കു ഒരു സ്കൂളിനും ഒരു ആരോഗ്യസംരക്ഷണ കേന്ദ്ര ത്തിനും അനുയോജ്യമായ സൗകര്യമുണ്ട്. വിദ്യാർത്ഥികൾക്കും രോഗി കൾക്കും നല്ല സൗകര്യങ്ങളുണ്ട്. പുരാതനകാലത്തെ പ്രവാചക പള്ളി ക്കൂടത്തിന്റെ തത്വങ്ങൾ പാലിക്കപ്പെടുന്ന ഒരു സ്കൂൾ നമുക്കിവിടെ ഉണ്ടായിരിക്കണം.... ഡോക്ടർമാർക്ക് അവരുടെ പരിശീലനം ലഭി ക്കേണ്ടത് ഇവിടെയാണ്.—MM 75, 76 (1907).

## ആംഗ്വിൻ, കാലിഫോർണിയ

ഞാൻ ഈ സ്ഥലത്തെ നോക്കിയപ്പോൾ, പല രീതിയിലും ഇത് ശ്രേഷ്ഠമാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. ഈ സ്കൂൾ ഒരു നല്ല സ്ഥലത്ത് സ്ഥാപിക്കപ്പെടുവാൻ കഴിഞ്ഞിട്ടില്ല. ഇത് സെന്റ് ഹെലീന യിൽനിന്ന് എട്ട് മൈൽ അകലെയും നഗരത്തിന്റെ പരീക്ഷകളിൽനിന്നും സ്വാതന്ത്രവുമാണ്....

അതേസമയം, വിദ്യാർത്ഥികൾക്കുവേണ്ടി കൂടുതൽ പാർപ്പിടങ്ങൾ ഉണ്ടാക്കണം. ഇവ അതിനു ശേഷിയുള്ള അദ്ധ്യാപകരുടെ നിർദ്ദേശ ത്തോടുകൂടി വിദ്യാർത്ഥികൾതന്നെ പണിയേണ്ടതാണ്. ഈ വേല യ്ക്കാവശ്യമായ തടിത്തരങ്ങൾ അവിടെത്തന്നെ തയ്യാറാക്കപ്പെടുകയും ഒരു വിശ്വസനീയമായ രീതിയിൽ എങ്ങനെ പണിയാമെന്ന് വിദ്യാർത്ഥി കളെ പഠിപ്പിക്കുകയും വേണം. ദൈവത്തിന്റെ കലവറയിൽനിന്നും വെള്ളം ധാരാളമായി ലഭിക്കുന്നതുകൊണ്ട് നമുക്കു മലിനജലം കുടി ക്കേണ്ടിവരുമെന്ന് ഭയക്കേണ്ടതില്ല. ഈ വക അനുഗ്രഹങ്ങളെല്ലാം ലഭ്യമായിരിക്കുന്നതുകൊണ്ട് എങ്ങനെ നന്ദിയുള്ളവളായിരിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ....

നമുക്കു എന്താണ് ആവശ്യമായിരിക്കുന്നതെന്നും അവന്റെ ദിവ്യന ടത്തിപ്പാണ് നമ്മെ ഇവിടെ കൊണ്ടുവന്നതെന്നും നാം മനസ്സിലാക്കു ന്നു.... ദൈവത്തിനു നമ്മെ ഇവിടെ ആവശ്യമുണ്ട്. അവൻ നമ്മെ ഇവിടെ ആക്കിയിരിക്കുന്നു. ഈ സ്ഥലത്തേക്കു ഞാൻ വന്നപ്പോൾ എനിക്കു ആ ഉറപ്പുണ്ടായി.... ഈ ഇടങ്ങളിലൂടെ നിങ്ങൾ നടക്കു മ്പോൾ ദൈവം നമുക്കുവേണ്ടി ഈ സ്ഥലത്തെ ഒരുക്കി എന്ന തീരു മാനത്തിൽ നിങ്ങൾ എത്തിച്ചേരുവാൻ ഞാൻ വിശ്വസിക്കുന്നു.— 1 MR 340, 341, 343 (1909).

## അധ്യായം എട്ട്

# നഗരങ്ങൾ

### ആദ്യപട്ടണം പണിതവർ

ശാപം ഏറ്റുവാങ്ങിയശേഷം, കയീൻ തന്റെ പിതാവിന്റെ ഭവനത്തിൽനിന്നും പിൻവാങ്ങിപ്പോയി. ഒരു കൃഷിക്കാരന്റെ തൊഴിൽ അവൻ ആദ്യംതന്നെ തിരഞ്ഞെടുത്തിരുന്നു. ഇപ്പോൾ അവൻ ഒരു പട്ടണം പണിയുകയും അതിനു അവന്റെ മൂത്തമകന്റെ പേരു വിളിക്കുകയും ചെയ്തു (ഉല്പ. 4:17). അവൻ ദൈവത്തിന്റെ സന്നിധി വിട്ട് അകന്നുപോയി, വീണ്ടെടുക്കപ്പെടുന്ന ഏദെന്റെ വാഗ്ദത്തങ്ങളൊക്കെ ഉപേക്ഷിച്ചിട്ട് പാപത്തിന്റെ ശാപത്തിൻ കീഴിലുള്ള ഭൂമിയിൽ അവന്റെ വസ്തുവകകളും ആനന്ദവും കണ്ടെത്തുന്നതിന് അന്വേഷിച്ചു. അങ്ങനെ ഈ ലോകത്തിന്റെ ദൈവത്തെ ആരാധിക്കുന്ന ഒരു വലിയ കൂട്ടം മനുഷ്യരുടെ തലവനായി നിൽക്കുന്നു.—PP 81 (1890).

കുറെക്കാലത്തേക്കു നോഹയുടെ സന്തതികൾ പെട്ടകം ഉറച്ച പർവ്വതനിരകളുടെ ഇടയിൽ അവരുടെ വാസം തുടർന്നു. അവരുടെ എണ്ണം വർദ്ധിച്ചപ്പോൾ വിശ്വാസത്യാഗം പെട്ടെന്ന് വിഭജനത്തിലേക്കു നയിച്ചു. സൃഷ്ടാവിനെ മറക്കുകയും അവന്റെ നിയമത്തിന്റെ നിയന്ത്രണങ്ങളെ തള്ളിക്കളയുവാനും ആഗ്രഹിച്ചവർ അവരുടെ കൂടെയുള്ളവരുടെ ഉപദേശവും മാതൃകയും നിരന്തരം ഒരു ശല്യമാണെന്ന് കരുതുകയും പിന്നീട് ദൈവത്തെ ആരാധിക്കുന്നവരിൽനിന്ന് വേർപെട്ടു പോകുവാൻ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ അവർ യൂഫ്രട്ടീസ് നദീതീരത്ത് ശിനാർദേശത്തിലെ സമഭൂമിയിലേക്കു യാത്ര ചെയ്തു....

ഇവിടെ ഒരു പട്ടണം പണിയുവാൻ അവർ തീരുമാനിക്കുകയും അതിൽ ലോകത്തിലെ അത്ഭുതമെന്നവണ്ണം അതിഗംഭീരമായ ഉയരത്തിൽ ഒരു ഗോപുരം പണിയുകയും ചെയ്തു (ഉല്പ. 11:2–4).—PP 118, 119 (1890).



### നഗരങ്ങൾ ദുരാചാരത്തിന്റെ വിളനിലങ്ങളാണ്

ഉല്ലാസത്തിന്റെയും വിനോദങ്ങളുടെയും ശ്രമം നഗരങ്ങളെയാണ് കേന്ദ്രീകരിക്കുന്നത്. മക്കൾക്ക് വലിയ അനുഗ്രഹങ്ങൾ കൊടുക്കാമെന്നു കരുതി പട്ടണത്തിൽ വീടുകൾ കണ്ടെത്തുന്ന മാതാപിതാക്കൾ നിരാശയെ നേരിടുകയും അവരുടെ ഭയങ്കര തെറ്റിൽനിന്ന് പശ്ചാത്തപിക്കുവാൻ വൈകിപ്പോകുകയും ചെയ്യും. ഇന്നത്തെ പട്ടണങ്ങളെല്ലാം വളരെവേഗത്തിൽ സൊദോമും ഗൊമോറയുംപോലെ ആയിക്കൊണ്ടിരിക്കുകയാണ്. അനേക ഒഴിവുദിവസങ്ങൾ അലസതയെ പ്രോത്സാഹിപ്പിക്കുന്നു. ഇളക്കം സൃഷ്ടിക്കുന്ന കായികമത്സരങ്ങൾ, സനിമാശാലകൾ, കുതിരപ്പന്തയം, ചൂതുകളി, മദ്യപാനം, മധുപാനോത്സവം എന്നിവ ഓരോ വികാരത്തെയും തീവ്രപ്രവർത്തനങ്ങളിലേക്കു ഉത്തേജിപ്പിക്കുന്നു. ജനസ്വാധീനമുള്ള ഒഴുക്കിനാൽ യുവജനങ്ങൾ വഴുതി അകന്നുപോകുന്നു.—COL 54 (1900).

കുഴപ്പം, അക്രമം, കുറ്റകൃത്യങ്ങൾ എന്നിവകൊണ്ട് പട്ടണങ്ങൾ നിറയുകയും അവ ലോകചരിത്രത്തിന്റെ അന്ത്യംവരെ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് എനിക്കു കാണിച്ചുതന്നു.—7T 84 (1902).

പട്ടണങ്ങൾ ലോകം മുഴുവനും ദുരാചാരത്തിന്റെ വിളനിലമായി മാറിക്കൊണ്ടിരിക്കുന്നു. എല്ലായിടത്തും ദുഷ്ടതയുടെ ദൃശ്യങ്ങളും ശബ്ദങ്ങളും കാണാവുന്നതാണ്. ഭോഗേച്ഛയിലേക്കും ദുർവൃത്തിയിലേക്കും മുഴുകുവാനുള്ള വശീകരണം എല്ലായിടത്തുമുണ്ട്.—MH 363 (1905).

### പട്ടണങ്ങളിന്മേൽ ന്യായവിധി വന്നുകൊണ്ടിരിക്കുന്നു

ഭൂമിമേൽ ഭയാനകമായ നടുക്കങ്ങൾ വരുകയും അതിഭയങ്കരമായ ചിലവിൽ പടുത്തുയർത്തിയതും പ്രൗഢിയോടുകൂടിയതുമായ കൊട്ടാരങ്ങൾ തീർച്ചയായും നാശത്തിന്റെ കൂനകളായി മാറും.—3 MR 312 (1891).

നിയന്ത്രിക്കുന്ന ദൈവകരം മാറ്റപ്പെടുമ്പോൾ, നാശകൻ അവന്റെ വേല ആരംഭിക്കുന്നു. അപ്പോൾ നമ്മുടെ പട്ടണങ്ങളിൽ ഭയങ്കര ദുരന്തങ്ങൾ വരും.—3 MR 314 (1897).

ചിക്കാഗോ അഗ്നിപോലെ മെൽബണിലും ലണ്ടനിലും ന്യൂയോർക്കു നഗരത്തിലും അഗ്നിബാധ ഉണ്ടാകുന്നതിനെ സംബന്ധിച്ച് ദൈവം ഭൂവാസികൾക്ക് മുന്നറിയിപ്പ് കൊടുക്കുന്നു.—Ms 127 (1897).

അന്ത്യം സമീപിച്ചിരിക്കുന്നു. എല്ലാ പട്ടണങ്ങളും എല്ലാ വഴികളിലും തലകീഴായി മാറിക്കൊണ്ടിരിക്കുന്നു. എല്ലാ പട്ടണങ്ങളിലും കുഴപ്പങ്ങളുണ്ടായിരിക്കും. ഉലയ്ക്കപ്പെടേണ്ടതെല്ലാം ഉലയ്ക്കപ്പെടുകയും അടുത്ത് എന്ത് എന്ന് നമുക്കറിയാതെ വരുകയും ചെയ്യും. ജനത്തിന്റെ ദുഷ്ടതയ്ക്കൊത്തവണ്ണവും അവർക്കു ലഭിച്ച സത്യത്തിനും വെളിച്ചത്തിനുമൊത്തവണ്ണവുമായിരിക്കും ന്യായവിധി ഉണ്ടാകുന്നത്.—1 MR 248 (1902).

ഇപ്പോൾ ഏകദേശം വിഗ്രഹാരാധനയിൽ മുഴുകിയിരിക്കുന്ന ആയിരക്കണക്കിനു പട്ടണങ്ങളുടെ ആസന്നമായ നാശത്തെ സംബന്ധിച്ച ഒരു ബോധം ദൈവജനത്തിന് ഉണ്ടായിരുന്നെങ്കിൽ.—Ev 29 (1903).

വലിയ പട്ടണങ്ങൾ നശിപ്പിക്കപ്പെടുന്ന സമയം അടുത്തിരിക്കുന്നു. വരുവാൻ പോകുന്ന ഈ ന്യായവിധിയെപ്പറ്റിയുള്ള മുന്നറിയിപ്പ് എല്ലാവർക്കും കൊടുക്കേണ്ടിയിരിക്കുന്നു.—Ev 29 (1910).

## ദുരന്തനിവാരക കെട്ടിടങ്ങൾ ചാരമായിത്തീരും

ഏറ്റവും വിലപിടിപ്പുള്ള കെട്ടിടങ്ങൾ പണിതുയർത്തുന്നതും അവതീ പിടിക്കാത്തതുമായിരിക്കുന്നതും ഞാൻ കണ്ടു. എന്നാൽ ദൈവത്തിന്റെ പ്രതികാരത്തിന്റെ ജ്വാലയാൽ സൊദോം നശിച്ചതുപോലെ പ്രൗഢിയോടുകൂടിയ ഈ സാധനങ്ങൾ ചാരമായിത്തീരും.... മനുഷ്യന്റെ ശ്രേഷ്ഠതയുടെ പ്രശംസയായ ഓർമ്മസ്തംഭങ്ങൾ ഈ ലോകത്തിനു അന്ത്യനാശം വന്നുഭവിക്കുന്നതിനു മുമ്പ് തകർന്ന് പൊടിയായി മാറും. —3SM 418 (1901).

സൊദോമിനെയും ഗൊമോറയെയും ജലപ്രളയത്തിനു മുമ്പുണ്ടായിരുന്ന പട്ടണങ്ങളെയും പോലെയുള്ള ദുഷിച്ച പട്ടണങ്ങളിൽനിന്നും ദൈവം തന്റെ പരിശുദ്ധാത്മാവിനെ മാറ്റിക്കൊണ്ടിരിക്കുന്നു.... വിലപിടിപ്പുള്ള സൗധനങ്ങളെയും ശില്പശാസ്ത്ര സാമർത്ഥ്യത്തിന്റെ അത്ഭുതങ്ങളെയും, അവയുടെ ഉടമസ്ഥന്മാർ ക്ഷമയോടെ അതിരുകടന്നു എന്ന് ദൈവം കാണുമ്പോൾ ഒരു മുന്നറിയിപ്പും കൂടാതെ അവൻ നശിപ്പിക്കും. അഗ്നിക്കതീതമാണെന്ന് കരുതിയിരുന്ന രാജകീയ പ്രൗഢിയുള്ള കെട്ടിടങ്ങളുടെ അഗ്നിയാലുള്ള നാശം ഒരു ചുരുങ്ങിയ സമയംകൊണ്ട് ഭൂമിയുടെ ശില്പശാസ്ത്ര സാമർത്ഥ്യങ്ങൾ നശിച്ചുപോകുമെന്നുള്ളതിന്റെ തെളിവാണ്.—TDG 152 (1902).

ദശലക്ഷക്കണക്കിനു രൂപ വിലവരുന്ന കെട്ടിടങ്ങൾ പണിതുയർത്തുന്നത് മനുഷ്യൻ തുടർന്നുകൊണ്ടിരിക്കും. ശില്പശാസ്ത്ര മനോഹാരിതയ്ക്കും ഉറപ്പിനും ഈടിനും പ്രത്യേക ശ്രദ്ധ കൊടുക്കും. എന്നാൽ ഉറപ്പും ചിലവേറിയ പ്രദർശനവുമൊക്കെ ഉണ്ടായിരുന്നാലും അവയ്ക്കു യെരുശലേം ദൈവാലയത്തിന്റെ വിധി തന്നെയായിരിക്കും എന്ന് ദൈവം എന്നെ ഉപദേശിച്ചു.—5BC 1098 (1906).



## ന്യൂയോർക്കു നഗരം

കരുണ കൂടാതെ ദൈവം അവന്റെ കോപം നടപ്പിലാക്കിയിട്ടില്ല. അവന്റെ കരം ഇപ്പോഴും നീട്ടപ്പെട്ടിരിക്കുന്നു. അവന്റെ ദൂത് മഹാന്യൂയോർക്കിൽ കൊടുക്കപ്പെടണം. അവസാന മഹാദിവസത്തിനെതിരെ ശേഖരിക്കപ്പെട്ട സ്വത്ത് നശിപ്പിക്കുന്നതിന് ദൈവത്തിന് അവന്റെ കയ്യുടെ ഒരു സ്പർശനംകൊണ്ട് എങ്ങനെ കഴിയുമെന്ന് ജനം കാണണം.—3MR 310, 311 (1902).

ന്യൂയോർക്കിന്മേൽ എന്താണ് വരുവാൻ പോകുന്നതെന്ന് പ്രത്യേകിച്ച് എനിക്കു ഒരു വെളിച്ചവുമില്ല; എന്നാൽ ഒരു ദിവസം ദൈവികശക്തിയുടെ കരം അതിനെ താഴെ ഇടും എന്ന് എനിക്കറിയാം.... എല്ലായിടങ്ങളിലും മരണമുണ്ടാകും. ഇതുകൊണ്ടാണ് നമ്മുടെ നഗരങ്ങൾക്കു മുന്നറിയിപ്പു കൊടുക്കണമെന്നതിനെ സംബന്ധിച്ച് ഞാനത്ര ഉൽക്കണ്ഠയുള്ളവളായിരിക്കുന്നത്.—RH July 5 (1906).

ഒരു അവസരത്തിൽ, ഞാൻ ന്യൂയോർക്കു പട്ടണത്തിൽ ആയിരുന്നപ്പോൾ, രാത്രിയിൽ ബഹുനില കെട്ടിടങ്ങൾ പണിതുയർത്തപ്പെടുന്നത് കണ്ടു. ഈ കെട്ടിടങ്ങൾ അഗ്നിക്കിരയാകുകയില്ല എന്നതിനുറപ്പുണ്ടായിരുന്നു. അവ പണിതുയർത്തപ്പെട്ടിരുന്നത് അവയുടെ ഉടമസ്ഥരെയും പണിതുയർത്തുന്നവരെയും മഹത്വപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നു....

അടുത്ത് എന്റെ മുമ്പിലൂടെ കടന്നുപോയ ദൃശ്യം അമ്പരപ്പിക്കുന്ന അഗ്നിയായിരുന്നു. അഗ്നിയാൽ നശിപ്പിക്കപ്പെടുകയില്ല എന്ന് മനുഷ്യർ കരുതിയിരുന്ന ഉന്നതമായ കെട്ടിടങ്ങളെ നോക്കിയിട്ട്, "അവ തികച്ചും സുരക്ഷിതമാണ്" എന്നു പറഞ്ഞു. എന്നാൽ ഈ കെട്ടിടങ്ങൾ വയ്ക്കോൽപോലെ അഗ്നിക്കിരയായി. ആ നശീകരണത്തെ നിറുത്തൽ ചെയ്യുവാൻ അഗ്നിശമന യന്ത്രങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അഗ്നിശമന സേനയ്ക്കു അവയെ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞില്ല. —9T 12, 13 (1909).

## ചിക്കാഗോയും ലോസ് ഏഞ്ചലസും

ചിക്കാഗോയിലും മറ്റു വലിയ പട്ടണങ്ങളിലും പെട്ടെന്ന് ഉണ്ടാകുവാൻ പോകുന്ന ദൃശ്യങ്ങൾ എന്റെ മുമ്പിൽക്കൂടി കടന്നുപോയി. ദുഷ്ടത വർദ്ധിക്കുകയും ദൈവത്തിന്റെ സംരക്ഷണത്തിന്റെ കരം പിൻമാറുകയും ചെയ്തപ്പോൾ നാശം വിതയ്ക്കുന്ന കാറ്റും കൊടുങ്കാറ്റും ഉണ്ടാകുവാൻ കാരണമായി. കെട്ടിടങ്ങൾ അഗ്നിക്കിരയാകുകയും ഭൂമികുലുക്കത്താൽ തകരുകയും ചെയ്തു....

ഇതിനു അല്പം കഴിഞ്ഞശേഷം ചിക്കാഗോയിലെ കെട്ടിടങ്ങളുടെ ദർശനവും നമ്മുടെ ജനത്തിനു ഇവ പണിയുന്നതിനാവശ്യമായ ധനത്തിന്റെ കരടുരൂപവും, അവയുടെ നാശവും ചിക്കാഗോയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും വൻനഗരത്തിലോ അനുകൂലമാംവിധം ദൈവം വഴികൾ തുറക്കുകയും മുന്നറിയിപ്പുകൾ കൊടുക്കുന്നതിന്റെ ആവശ്യമനുസരിച്ച് പണിയുന്നതിനോ വിലയ്ക്കു വാങ്ങുന്നതിനോ ദിവ്യനടത്തിപ്പ് ഉണ്ടാകാത്തിടത്തോളം ധനം ചിലവഴിക്കരുതെന്നുമുള്ള ഒരു മുന്നറിയിപ്പ് നമ്മുടെ ജനത്തിന് ഒരു സാധനപാഠമായിരുന്നു. ലോസ് ഏഞ്ചലസിൽ കെട്ടിടം പണിയുന്നതിനെ സംബന്ധിച്ചും ഇതേ മുന്നറിയിപ്പ് കൊടുക്കപ്പെടുകയുണ്ടായി. പട്ടണങ്ങളിൽ വിലപിടിപ്പുള്ള കെട്ടിടങ്ങൾ പണിതുയർത്തുന്നതിന് നമ്മുടെ ധനം ചിലവഴിക്കുവാൻ പാടില്ലെന്ന നിർദ്ദേശം എനിക്കു ആവർത്തിച്ച് ലഭിക്കുകയുണ്ടായി.—PC50 (1906).

## സാൻഫ്രാൻസിസ്കോയും ഓക്ക്‌ലന്റും

സാൻഫ്രാൻസിസ്കോയും ഓക്കലന്റും സൊദോമും ഗൊമോറയുംപോലെ ആയിക്കൊണ്ടിരിക്കുന്നു. ദൈവം അവരെ സന്ദർശിക്കും. സമീപഭാവിയിൽ അവർ അവന്റെ ന്യായവിധിയിൻകീഴിൽ കഷ്ടത അനുഭവിക്കും.—Ms 30 (1903).

സാൻഫ്രാൻസിസ്കോയെ സന്ദർശിച്ച ഭീകരമായ ഭൂമികുലുക്കത്തിനു പിന്നാലെ ദൈവത്തിന്റെ ശക്തിയുടെ മറ്റു പ്രകടനങ്ങളും ഉണ്ടാകും. അവന്റെ കല്പന ലംഘിക്കപ്പെട്ടു. പാപത്താൽ പട്ടണങ്ങൾ മലിനമാക്കപ്പെട്ടു. നിനവെയുടെ ചരിത്രം പഠിക്കുക. ആ പട്ടണത്തിലേക്കു ദൈവം യോനയിലൂടെ ഒരു പ്രത്യേക ദൂത് അയച്ചു.... നിനവെ ചെയ്തതുപോലെ ദുഷ്ടത നിറഞ്ഞ പട്ടണങ്ങൾ മാനസാന്തരപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള അനേക ദൂതുകൾ നമ്മുടെ കാലത്തും അയയ്ക്കും.—Ms 61a, June 3 (1906).



അങ്ങനെയുള്ള ലംഘനങ്ങളുടെ അനന്തരഫലമായി ദൈവത്തിന്റെ ന്യായവിധിയുണ്ടായ നഗരങ്ങളിൽപോലും മാനസാന്തരത്തിന്റെ ഒരു അടയാളവുമില്ല. വിനോദശാലകൾ അപ്പോഴും തുറന്നിരിക്കുന്നു. ജനത്തിനു മുമ്പിൽ അനേക പരീക്ഷകൾ നിരന്നിരിക്കുന്നു.—Letter 268, Aug. 20 (1906).

[1]1906 ഏപ്രിൽ മാസം 18,19 എന്നീ തീയതികളിൽ ഉണ്ടായ ഭൂമികുലുക്കത്തിലും അഗ്നിബാധയിലുമായി 503 പേരുടെ ജീവൻ അപഹരിക്കപ്പെടുകയും 350 ദശലക്ഷം ഡോളർ വില വരുന്ന വസ്തുവകകൾക്ക് നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു.

## ദുഷ്ടത നിറഞ്ഞ മറ്റു നഗരങ്ങൾ

ഈ ലോകചരിത്രത്തിന്റെ അന്ത്യത്തോടടുക്കുമ്പോൾ സാൻഫ്രാൻസിസ്കോ ദുരന്തം മറ്റു സ്ഥലങ്ങളിൽ ആവർത്തിക്കപ്പെടുന്നതിന്റെ ദൃശ്യങ്ങൾ ആവർത്തിച്ചു കാണപ്പെടും.... ന്യായവിധി ദിവസം നമ്മുടെ മേൽ ആയിരിക്കുന്നു എന്ന് എനിക്കറിയാമെന്നതുകൊണ്ട് ഇക്കാര്യങ്ങൾ എന്നെ വളരെ പരിപാവനമാക്കുന്നു. വന്നുകഴിഞ്ഞ ന്യായവിധികൾ ഒരു മുന്നറിയിപ്പാണ്, എന്നാൽ ദുഷ്ടത നിറഞ്ഞ നഗരങ്ങളിന്മേൽ വരുവാൻ പോകുന്ന ശിക്ഷയുടെ പൂർത്തീകരണമല്ല....

ഹബ. 2:1-20; സെഫ. 1:1-3:20; സെഖ. 1:1-4:14; മലാഖി 1:1-4 എന്നീ വാക്യങ്ങളിൽ ഇവ വ്യക്തമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്ന പ്രകാരം ഈ ദൃശ്യങ്ങൾക്ക് ഉടൻതന്നെ സാക്ഷ്യം വഹിക്കും. എല്ലാവരുടെയും പരിഗണനയ്ക്കായി തിരുവെഴുത്തുകളിൽനിന്നുമുള്ള ഈ അത്ഭുത പ്രസ്താവനകൾ ഞാൻ നിരത്തുകയാണ്. പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനങ്ങളെല്ലാം ഈ അന്ത്യനാളുകൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ വചനങ്ങളാണ്. സാൻഫ്രാൻസിസ്കോയുടെ നശീകരണത്തിൽ കണ്ടതുപോലെ അവ തീർച്ചയായും നിറവേറും.—Letter 154, May 26 (1906).

ലംഘനങ്ങൾകൊണ്ട് നിറയപ്പെട്ടിരിക്കുന്നതും പാപം അതിന്റെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്നതുമായ പട്ടണങ്ങൾ ഭൂമികുലുക്കത്താലും അഗ്നിയാലും വെള്ളത്താലും നശിപ്പിക്കപ്പെടുമെന്ന സന്ദേശം കൊടുക്കുവാൻ എന്നോട് ആജ്ഞാപിച്ചിരിക്കുകയാണ്.—Ev 27 (April 27, 1906).

ലോകചരിത്രത്തിന്റെ അന്ത്യത്തോടടുക്കുമ്പോൾ ഉണ്ടാകുന്ന സംഭവങ്ങളെ സംബന്ധിച്ച് ക്രിസ്തു കൊടുത്ത എല്ലാ മുന്നറിയിപ്പുകളും

ഇപ്പോൾ നമ്മുടെ വൻനഗരങ്ങളിൽ നിറവേറിക്കൊണ്ടിരിക്കുന്നു. ഓട്ടത്തിലായിരിക്കുന്നവൻ വായിക്കുന്നതിനുവേണ്ടിയാണ് ഈ വക കാര്യങ്ങൾ വെളിച്ചത്തിലേക്കു കൊണ്ടുവരപ്പെടുവാൻ ദൈവം അനുവദിക്കുന്നത്. മുഴുലോകവും എന്തായിത്തീർന്നുകൊണ്ടിരിക്കുന്നു എന്നതിന്റെ ഒരു മാതൃകയാണ് സാൻഫ്രാൻസിസ്കോ പട്ടണം. ദുഷ്ടത നിറഞ്ഞ കൈക്കൂലി, വസ്തുവകകൾ ദുരുപയോഗപ്പെടുത്തുക, കുറ്റവാളികളെ വിടുവിക്കുവാനും നിരപരാധികളെ കുറ്റപ്പെടുത്തുവാനും അധികാരമുള്ളവരുടെ ഇടയിലുള്ള വഞ്ചനാപരമായ ഇടപാടുകൾ എന്നീ പാപങ്ങൾ ഭൂമിയിലെ മറ്റു വൻ നഗരങ്ങളെ നിറയ്ക്കുകയും ജലപ്രളയത്തിനുമുമ്പ് ലോകം ആയിരുന്ന അവസ്ഥയിലേക്കു എത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.—Letter 230 (1907).

### നഗരങ്ങളിലെ തൊഴിൽ സംഘടനകൾ

ജനനിബിഡമായ നമ്മുടെ നഗരങ്ങളിൽ സാത്താൻ തിരക്കിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കുഴപ്പം, തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ, സഭകളിൽ കടന്നുവന്നിരിക്കുന്ന കപടഭക്തി എന്നിവയിൽ അവന്റെ പ്രവർത്തനം കാണപ്പെടുന്നു.... ജഡമോഹം, കണ്മോഹം, സ്വാർത്ഥതയുടെ പ്രദർശനം, അധികാര ദുർവ്വിനിയോഗം, ക്രൂരത, ഗൂഢസംഘങ്ങളിലും സംഘടനകളിലും ചേരുന്നതിന് മനുഷ്യരെ നിർബ്ബന്ധിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ അന്ത്യനാളുകളിലെ മഹാ അഗ്നിയാൽ എരിയപ്പെടുന്നതിന് അവരെത്തന്നെ കെട്ടുകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇവയെല്ലാം സാത്താന്റെ ദൂതന്മാരുടെ പ്രവർത്തനങ്ങളാണ്.—Ev 26 (1903).

ദുഷ്ടന്മാർ കെട്ടുകളാക്കപ്പെടുകയും ട്രസ്റ്റുകളിലും ഗൂഢസംഘടനകളിലും യൂണിയനുകളിലും കെട്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സംഘടനകളുമായി ചെയ്യുവാൻ നമുക്കൊന്നുമില്ലാതിരിക്കട്ടെ. നമ്മുടെ ഭരണാധിപനും നായകനും ദൈവമാണ്, ലോകത്തിൽനിന്നും പുറത്തുവന്നു വേർപെട്ടിരിക്കുവാൻ അവൻ നമ്മോടാവശ്യപ്പെടുന്നു. "അവരുടെ നടുവിൽ നിന്നു പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായത് ഒന്നും തൊടരുത്" (2 കൊരി. 6:17). ഇതു ചെയ്യുവാൻ നാം വിസമ്മതിക്കുകയും ലോകവുമായി കൂട്ടുചേരുകയും സകലതിനെയും ലൗകികമായ നിലപാടിൽ കാണുകയും ചെയ്യുകയാണെങ്കിൽ നാം ലോകത്തെപ്പോലെ ആയിത്തീരും. ലൗകിക നയങ്ങളും ആദർശങ്ങളും നമ്മുടെ ഇടപാടുകളെ നയിക്കുമ്പോൾ നമുക്കു ഉന്നത തലത്തിലും നിത്യസത്യത്തിന്റെ വിശുദ്ധ വേദിയിലും നിൽക്കുവാൻ കഴിയുകയില്ല. - 4 BC 1142 (1903).



### തൊഴിൽ സംഘടനകൾ അഡ്വന്റിസ്റ്റുകാർക്കു വിഷമതകളുടെ ഒരുറവിടമാണ്

ലോകമുണ്ടായതു മുതൽ ഇതുവരെയും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ ഒരു കഷ്ടകാലം ഈ ഭൂമിമേൽ കൊണ്ടുവരുന്ന ഏജൻസികളിൽ ഒരെണ്ണമാണ് തൊഴിൽ സംഘടനകൾ....

ഒരു പ്രത്യേക വ്യാപാരത്തിൽ ഉണ്ടാകാമാകുന്ന എല്ലാ ധനവും സ്വന്തമാക്കുവാൻ തക്കവണ്ണം പിടിച്ചുപറിക്കുന്നതിന് ഏതാനും ചിലർ ഒത്തുചേരുന്നു. തൊഴിൽ സംഘടനകൾ രൂപീകരിക്കപ്പെടും. ഈ സംഘടനകളിൽ സംബന്ധിക്കാത്തവർ ശ്രദ്ധിക്കപ്പെടും....

ഈ സംഘടനകളും ഗൂഢസംഘങ്ങളും കാരണം എത്രയും പെട്ടെന്ന് നമ്മുടെ സ്ഥാപനങ്ങൾക്ക് നഗരങ്ങളിൽ ചെയ്യേണ്ടതായ വേല നിർവ്വഹിക്കുവാൻ വളരെ വിഷമതകൾ അനുഭവിക്കേണ്ടിവരും. "പട്ടണത്തിനു പുറത്തു പോകുക. പട്ടണത്തിൽ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ ഉണ്ടാക്കാതിരിക്കുക". ഇതാണ് എന്റെ മുന്നറിയിപ്പ്.—2 SM 142 (1903).

തൊഴിൽ സംഘടനകളുടെ നിയന്ത്രണശക്തി വളരെ അന്യായമായിത്തീരുന്ന സമയം വേഗം വരുന്നു. – 2 SM 141 (1904).

### നഗരങ്ങളിലുള്ള അനേകരും വെളിച്ചത്തിനും സത്യത്തിനുംവേണ്ടി വാഞ്ഛിക്കുന്നു.

രാഷ്ട്രങ്ങളിലെ നഗരങ്ങൾ വിട്ടുവീഴ്ചയില്ലാത്തവിധം കൈകാര്യം ചെയ്യപ്പെടും. എന്നിരുന്നാലും ചില ആത്മാക്കൾ ശത്രുവിന്റെ മായാമോഹങ്ങളെ തകർത്ത് പുറത്തുവന്ന് പശ്ചാത്തപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുമെന്നുള്ളതുകൊണ്ട് ദൈവകോപത്തിന്റെ പരമകാഷ്ടയിൽ അവർ സന്ദർശിക്കപ്പെടുകയില്ല.—Ev 27 (1906).

ജനം തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിൽ മുഴുലോകത്തെയും മൂടുന്ന ആത്മീയ അന്ധകാരത്തിന്റെ തീവ്രത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവുമധികം പശ്ചാത്താപമില്ലായ്മയും ഏറ്റവുമധികം ആവശ്യവും സുവിശേഷ പ്രവർത്തകൻ കണ്ടെത്തുന്നത് ഈ നഗരങ്ങളിലാണ്. ആത്മനേട്ടക്കാർക്ക് ഏറ്റവും വലിയ അവസരങ്ങളുള്ളതും ഈ നഗരങ്ങളിലാണ്. ദൈവത്തെയും സ്വർഗ്ഗത്തെയും സംബന്ധിച്ച് ഒരു ചിന്തയുമി

ല്ലാത്ത ജനക്കൂട്ടത്തിനിടയിൽ വെളിച്ചത്തിനും ഹൃദയവിശുദ്ധിക്കും വേണ്ടി വെമ്പൽകൊള്ളുന്ന അനേകരുണ്ട്. അശ്രദ്ധരും ഉദാസീനരു മായവരുടെയിടയിലും ആത്മാക്കൾക്കുവേണ്ടിയുള്ള ദൈവസ്നേഹ ത്തിന്റെ വെളിപ്പാടിനാൽ ശ്രദ്ധ പിടിക്കപ്പെട്ടേക്കാവുന്നവർ അല്പം പോലുമില്ല. – RH Nov. 17 (1910).

## നഗരങ്ങളിൽ ആത്മാർത്ഥമായ പ്രയത്നം ആവശ്യമാണ്

കർത്താവിന്റെ വരവിനുവേണ്ടിയുള്ള തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് വൻനഗരങ്ങളിൽ നാമൊരു വലിയ വേല ചെയ്യേണ്ടിയിരിക്കുന്നു. ഈ നഗരങ്ങളിൽ സ്വയം പര്യാപ്തത നേടിയ പ്രവർത്തകർക്ക് ധൈര്യ ത്തിന്റെ വാക്കുകൾ പകർന്നുകൊടുക്കുന്ന പരിപാവനമായ ഒരു സാക്ഷ്യം വഹിക്കേണ്ടതുണ്ട്.—(Ph 113) 5 (1909).

വലിയ വാണിജ്യ ലോകത്ത് ഇക്കാലത്തേക്കുള്ള മുന്നറിയിപ്പിൻ സന്ദേശം ആത്മാർത്ഥമായി കൊടുക്കപ്പെടുന്നില്ല. ദിനന്തോറും കച്ച വട കേന്ദ്രങ്ങളിലും തൊഴിൽ കേന്ദ്രങ്ങളിലും ഇക്കാലത്തേക്കുള്ള സത്യം ആവശ്യമായ സ്ത്രീപുരുഷന്മാർ തിങ്ങിക്കൂടുന്നു. എന്നാൽ ഇത്തരത്തിലുള്ള ജനത്തെ അവർ ആയിരിക്കുന്ന ഇടത്തുതന്നെ കണ്ടെത്തുവാൻ സ്ഥിരോത്സാഹത്തോടുകൂടിയ പ്രയത്നമിടാത്തതു കൊണ്ട് അതിന്റെ വിലയേറിയ രക്ഷണ്യ പരിജ്ഞാനം അവർ പ്രാപി ക്കുന്നില്ല.—CW 14 (1909).

വിദൂര രാജ്യങ്ങളിൽ മാത്രമല്ല, മുന്നറിയിപ്പില്ലാതെയും രക്ഷിക്ക പ്പെടാതെയും ജനസമൂഹങ്ങൾ കഴിയുന്നതും അവഗണിക്കപ്പെട്ടു കിട ക്കുന്നതുമായ നമ്മുടെ സമീപ പ്രദേശങ്ങളിലും മൂന്നാം ദൂതന്റെ ദൂത് ഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. കർത്തൃദാസന്മാരുടെ ഹൃദയംഗമ മായതും ആത്മാർത്ഥവുമായ അദ്ധ്വാനത്തെ എല്ലായിടങ്ങളിലുമുള്ള നഗരങ്ങൾ ക്ഷണിച്ചുകൊണ്ടിരിക്കുന്നു.—RH Nov 17 (1910).

## എന്നിരുന്നാലും നഗരങ്ങൾ വിടുവാൻ എല്ലാവർക്കും കഴിയുകയില്ല

സാധ്യമാകുമ്പോഴൊക്കെ മക്കൾക്കുവേണ്ടി ഗ്രാമപ്രദേശങ്ങളിൽ വീടുപണിയുകയെന്നത് മാതാപിതാക്കളുടെ കടമയാണ്.—AH 141 (1906).

സമയം കടന്നുപോകുന്നതനുസരിച്ച് നമ്മുടെ ജനം നഗരങ്ങൾ വിട്ടു പോകേണ്ടിയിരിക്കുന്നു. നമ്മുടെ സഹോദരീസഹോദരന്മാർ, പ്രത്യേ കിച്ച് കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾ അവരുടെ മുമ്പിൽ വഴികൾ തുറ



ക്കപ്പെടുന്നതനുസരിച്ച് പട്ടണങ്ങൾ വിട്ടുപോകണമെന്ന നിർദ്ദേശം വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്നു. വഴികൾ തുറക്കപ്പെട്ടുകാണു വാൻ അനേകരും ആത്മാർത്ഥതയോടെ അദ്ധ്വാനിക്കേണ്ടിവരും. എന്നാൽ വിട്ടുപോകുന്നത് സാധ്യമായിത്തീരുന്നതുവരെ, അവർ അവിടെ ആയിരിക്കുന്നിടത്തോളം കാലം, അവരുടെ സ്വാധീന പരിധി എത്രതന്നെ പരിമിതപ്പെട്ടതായിരുന്നാലും മിഷനറി വേല ചെയ്യുന്ന തിൽ അവർ കർമ്മോന്മുഖരായിരിക്കണം.—2 SM 360 (1906).

നമ്മുടെ പട്ടണങ്ങളിൽ ദുഷ്ടത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴും ആവശ്യമില്ലാതെ അവിടെത്തന്നെ ശേഷിക്കുന്നവർ അവ രുടെ ആത്മാവിന്റെ രക്ഷയെ അപകടപ്പെടുത്തുന്നു എന്നത് കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു.—cl 9 (190).

പട്ടണങ്ങളെല്ലാം പാപവും ധാർമ്മികാധഃപതനവും കൊണ്ട് നിറ ഞ്ഞുകൊണ്ടിരിക്കുകയാണെങ്കിലും ഓരോ സൊദോമിലും ധാരാളം പേരുണ്ട്.—6T 136 (1900).

## പട്ടണങ്ങളിൽ സ്കൂളുകളും സഭകളും ഭക്ഷണശാലകളും ആവശ്യമുണ്ട്

പട്ടണങ്ങളിൽനിന്നും ഇപ്പോൾ പുറത്തുവരുവാൻ കഴിയാത്തവരുടെ കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനും വിദ്യ അഭ്യസിപ്പിക്കുന്നതിനും നമുക്കു വളരെയധികം ചെയ്യുവാൻ കഴിയും. ഇത് നമ്മുടെ നല്ല പ്രയത്നം അർഹിക്കുന്ന ഒരു സംഗതിയാണ്. പട്ടണങ്ങളിൽ കുട്ടി കൾക്കുവേണ്ടി സഭാ പള്ളിക്കൂടങ്ങൾ ആരംഭിക്കുകയും ഈ പള്ളി ക്കൂടങ്ങളുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസം ആവശ്യമായി വരു ന്നിടത്ത് അതിനു വഴികളുണ്ടാക്കുകയും വേണം.—CG 306 (1903).

പട്ടണങ്ങളിൽ നമുക്കു ഭക്ഷണശാലകൾ ഉണ്ടായിരിക്കണം. ഇല്ലാ തിരുന്നാൽ ഈ ഭക്ഷണശാലകളിലെ വേലക്കാർക്ക് ജനത്തിലേക്കു എത്തുവാനും അവരെ ശരിയായ ജീവിത തത്വങ്ങൾ പഠിപ്പിക്കുവാനും കഴിയുകയില്ല.—2 SM 142 (1903).

വെളിസ്ഥലങ്ങളിൽ നിന്നുകൊണ്ട് നാം നഗരങ്ങളിലെ വേല ചെയ്യ ണമെന്ന് ദൈവം ആവർത്തിച്ച് നിർദ്ദേശം തന്നിട്ടുണ്ട്. ദൈവത്തിനു വേണ്ടിയുള്ള സ്മാരകങ്ങളെന്നവണ്ണം നമുക്കു ഈ പട്ടണങ്ങളിൽ ആരാ ധനാലയങ്ങളുണ്ടായിരിക്കണം. എന്നാൽ നമ്മുടെ പ്രസിദ്ധീകരണ ങ്ങൾക്കും രോഗികളുടെ സൗഖ്യത്തിനും വേലക്കാരെ പരിശീലിപ്പി

ക്കുന്നതിനും (കോളേജുകൾ) വേണ്ടിയുള്ള സ്ഥാപനങ്ങൾ പട്ടണത്തിനു പുറത്തായിരിക്കണം. പ്രത്യേകിച്ച് പട്ടണജീവിതത്തിലെ ശോധനകളിൽനിന്നും നമ്മുടെ യുവജനങ്ങളെ സംരക്ഷിക്കുക വളരെ പ്രധാനമാണ്.—2 SM 358 (1907).

## ഗ്രാമങ്ങളിലേക്കുള്ള കിഴുക്കാംതൂക്കായ മാറ്റം നിർദ്ദേശിക്കപ്പെടുന്നില്ല

നിർമ്മാണമാരംഭിക്കുകയും അത് പൂർത്തിയാക്കുവാൻ കഴിയാതെ വരുകയും ചെയ്ത ഉപമയിലെ മനുഷ്യനെപ്പോലെ ആകാതെ എല്ലാവരും വേണ്ടുവോളം സമയമെടുത്ത് ശ്രദ്ധാപൂർവ്വം ആലോചിക്കുക. ഓരോ ചലനവും, വരുവാൻ പോകുന്നവയുടെ സൂചനയായ സകലവും തുലാസിൽ തൂക്കി വളരെ കരുതലോടെ അല്ലാതെ ഒരു നീക്കവും ഉണ്ടാക്കരുത്....

ചില കാര്യങ്ങൾക്കുവേണ്ടി തിരക്കു കൂട്ടുകയും അവർക്കു യാതൊന്നും അറിഞ്ഞുകൂടാത്ത വ്യാപാരത്തിലേക്കു എത്തിപ്പെടുകയും ചെയ്യുന്ന വ്യക്തികൾ ഉണ്ടായേക്കാം. ദൈവം ഇതാവശ്യപ്പെടുന്നില്ല....

അത്യുത്സാഹം ജനിപ്പിക്കുന്നതും ദൈവഹിതപ്രകാരമല്ലാത്തതുമായ തീക്ഷ്ണവും ആവേശവുമുള്ള സംസാരം കാരണം വസ്തുവകകൾക്കു നഷ്ടമോ ത്യാഗമോ വരത്തക്കവിധം ക്രമീകരണമില്ലാത്ത രീതിയിൽ ഒന്നും ചെയ്യരുത്. ഉയർച്ച താഴ്ചകളില്ലാത്ത മിതത്വം, ശരിയായ ആലോചന, ആരോഗ്യകരമായ തത്വങ്ങൾ, ഉദ്ദേശ്യങ്ങൾ എന്നിവയുടെ അഭാവം കാരണം നേടിയെടുക്കേണ്ടതായ വിജയം ഒരു പരാജയമായി മാറുന്നു.—2SM 362, 373 (1893)

## പട്ടണങ്ങളിൽനിന്നും ഓടിപ്പോകുന്നതിനുള്ള അടയാളങ്ങൾ

ആദ്യകാല ശിഷ്യന്മാരെപ്പോലെ വിജനവും ഏകാന്തവുമായ സ്ഥലങ്ങളിൽ ഒരു അഭയം അന്വേഷിക്കേണ്ടതായ സമയം വിദൂരതയിലല്ല. യെഹൂദ്യയിലെ ക്രിസ്ത്യാനികൾക്ക് അവരുടെ ഓടിപ്പോക്കിന് റോമൻ പട്ടാളത്താലുള്ള യെരൂശലേമിന്റെ നിരോധനം ഒരു അടയാളമായിരുന്നതുപോലെ, പാപ്പാത്വ ശബ്ബത്തിനെ നിർബ്ബന്ധമാക്കുവാനുള്ള കല്പനയ്ക്കായി രാഷ്ട്രീയ അധികാരം തേടുന്നത് നമുക്കു ഒരു മുന്നറിയിപ്പ് ആയിരിക്കും. അത് വൻനഗരങ്ങൾ വിട്ടുപോകുന്നതിനും പർവ്വതങ്ങളുടെ ഇടയിൽ ഒഴിഞ്ഞ സ്ഥലങ്ങൾ കണ്ടെത്തി പാർപ്പിടങ്ങൾ



ഉണ്ടാക്കുന്നതിനുമായി ചെറിയ നഗരങ്ങളും വിടുന്നതിനുള്ള തയ്യാറെടുപ്പുമായി മാറുന്നു - 5T 464, 465 (1885).

## കൊല്ലുന്നതിനുള്ള കല്പന പുറപ്പെട്ടതിനുശേഷവും ചില നീതിമാന്മാർ പട്ടണങ്ങളിൽ തന്നെയായിരിക്കുന്നു

പീഡനകാലത്ത് ഞങ്ങളെല്ലാവരും പട്ടണങ്ങളും ഗ്രാമങ്ങളും വിട്ട് ഓടിപ്പോയി. എന്നാൽ ദുഷ്ടന്മാർ പിന്നാലെ പായുകയും വാളുമേന്തിക്കൊണ്ട് വിശുദ്ധന്മാരുടെ വീടുകളിലേക്കു പ്രവേശിക്കുകയും ചെയ്തു.—EW 34 (1851).

എല്ലാ വിശുദ്ധന്മാരും പട്ടണങ്ങളും ഗ്രാമങ്ങളും വിട്ടു. അവരെ കൊല്ലുവാൻ അന്വേഷിച്ചുകൊണ്ട് ദുഷ്ടന്മാർ പിന്നാലെ പാഞ്ഞു. എന്നാൽ അവരെ കൊല്ലുവാൻ ഉയർത്തപ്പെട്ട വാളുകൾ പുല്ലുപോലെ ശക്തിയില്ലാത്തതായിത്തീർന്നു. വിശുദ്ധന്മാർക്ക് ദൈവദൂതന്മാർ കവചമായി.—EW 284, 285 (1858).

ദൈവകല്പന പ്രമാണിക്കുന്നവരെ കൊലചെയ്യുവാൻ പൊതുവായ ഒരു കല്പന സമയം നിശ്ചയിച്ചുയെങ്കിലും, അവരുടെ ശത്രുക്കൾ ചില സന്ദർഭങ്ങളിൽ മുൻകൂട്ടി കല്പന നടപ്പിലാക്കുവാൻ ആലോചിക്കുകയും നിർദ്ദിഷ്ട സമയത്തിനുമുമ്പ് അവരുടെ ജീവൻ എടുക്കുവാൻ ഒരുമ്പെടുകയും ചെയ്യും. എന്നാൽ വിശ്വസ്തരായ ഓരോ ആത്മാവിന്റെയും ചുറ്റുമുള്ള ശക്തരായ കാവൽമാലാഖമാരെ കടന്ന് ആർക്കും വരുവാൻ കഴിയുകയില്ല. പട്ടണങ്ങളിൽനിന്നും ഗ്രാമങ്ങളിലേക്കുള്ള ഓടിപ്പോക്കിൽ ചിലർ ആക്രമിക്കപ്പെട്ടു. എന്നാൽ അവരുടെ നേരെ ഉയർത്തപ്പെട്ട വാൾ പുല്ലുപോലെ ശക്തിയില്ലാത്തതായിത്തീർന്നു. മറ്റു പലരും മനുഷ്യരൂപത്തിൽ വന്ന മാലാഖമാരാൽ സംരക്ഷിക്കപ്പെട്ടു.—GC 631 (1911).

## അധ്യായം ഒൻപത്

# ഞായറാഴ്ച നിയമങ്ങൾ

### ദൈവത്തിന്റെ അധികാരത്തോടുള്ള സാത്താന്റെ വെല്ലുവിളി

"ബാബിലോൺ തന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ചതുകാരണം" ദൈവം ബാബിലോണിനെ വെളിപ്പെടുത്തുന്നു....

ദൈവം ആറു ദിവസംകൊണ്ട് ലോകത്തെ സൃഷ്ടിക്കുകയും ഏഴാം ദിവസത്തിൽ വിശ്രമിക്കുകയും ആ ദിവസത്തെ ശുദ്ധീകരിക്കുകയും ചെയ്തതിനുശേഷം മറ്റെല്ലാ ദിവസങ്ങളിൽനിന്നും അവർ അത് വിശുദ്ധമായിരിക്കുവാനും അവന്റെ സകല ജനവും അവരുടെ എല്ലാ തലമുറയിലും ആചരിക്കുവാനുംവേണ്ടി വേർതിരിക്കുകയും ചെയ്തു. എന്നാൽ ദൈവാലയത്തിലിരുന്നുകൊണ്ട് ദൈവത്തിനു മേലായി തന്നെത്താൻ ഉയർത്തുകയും ദൈവമെന്ന് നടിക്കുകയും ചെയ്യുന്ന അധർമ്മമൂർത്തി ദൈവത്തിന്റെ സമയത്തെയും നിയമത്തെയും മാറ്റുവാൻ തീരുമാനിച്ചു. ദൈവത്തിനു സമനെന്നു മാത്രമല്ല, ദൈവത്തിനു മീതെയുള്ളവൻ എന്നു തെളിയിക്കുവാൻ ശ്രമിച്ചുകൊണ്ട് ഈ അധികാരം വിശ്രമദിവസം ഏഴാം ദിവസം ആയിരിക്കേണ്ട സ്ഥാനത്ത് ഒന്നാം ദിവസത്തെ പ്രതിഷ്ഠിച്ചു. നവോത്ഥാന പ്രസ്ഥാനം അഥവാ പ്രൊട്ടസ്റ്റന്റ് ലോകം ഈ പാപ്പാത്വ ശിശുവിനെ വിശുദ്ധമായി പരിഗണിക്കുന്നു. ദൈവത്തിന്റെ വചനത്തിൽ ഇതിനെ അവളുടെ ദുർന്നടപ്പ് എന്ന് വിളിക്കുന്നു (വെളിപ്പാട് 14:8).— 7 BC 979 (1900).

ക്രിസ്തീയ കാലഘട്ടത്തിൽ മനുഷ്യന്റെ സന്തോഷത്തിന്റെ മഹാശത്രു നാലാം കല്പനയായ ശബ്ബത്തിനെ തന്റെ പ്രത്യേക ആക്രമണത്തിന്റെ പ്രധാന വിഷയമാക്കി മാറ്റി. സാത്താൻ പറയുന്നു, "ദൈവത്തിന്റെ പദ്ധതികൾക്കെതിരെ ഞാൻ പ്രവർത്തിക്കും. ദൈവത്തിന്റെ സൃഷ്ടിപ്പിൻ സ്മാരകമായ ഏഴാംദിന ശബ്ബത്തിനെ മാറ്റിവയ്ക്കുവാൻ ഞാൻ എന്റെ അനുയായികളെ ശക്തീകരിക്കും. അങ്ങനെ ദൈവത്താൽ



വിശുദ്ധീകരിക്കപ്പെട്ടതും അനുഗ്രഹിക്കപ്പെട്ടതുമായ ദിവസം മാറ്റപ്പെട്ടു എന്ന് ഞാൻ കാണിക്കും. ആ ദിവസം മനുഷ്യരുടെ മനസ്സിൽ നിൽക്കുകയില്ല. അതിന്റെ ഓർമ്മ ഞാൻ മായിച്ചുകളയും. അതിന്റെ സ്ഥാനത്ത്, ദൈവത്തിന്റെ സാക്ഷ്യപ്പത്രം വഹിക്കാത്തതും ദൈവത്തിനും അവന്റെ ജനത്തിനും മദ്ധ്യേ ഒരു അടയാളമായിരിക്കുവാൻ കഴിയാത്തതുമായ ഒരു ദിവസത്തെ സ്ഥാപിക്കും. ദൈവം ഏഴാം ദിനത്തിനു കൊടുത്ത വിശുദ്ധി ഈ ദിവസത്തിനു കൊടുക്കുവാൻ ഇത് സ്വീകരിക്കുന്നവരോട് ഞാൻ പറയും."—PK 183, 184 (c. 1914).

### ശബ്ബത്ത് ചർച്ചയ്ക്കുള്ള വലിയ വിഷയം

അന്ത്യനാളുകളിൽ നടക്കുവാൻ പോകുന്ന യുദ്ധത്തിൽ, യഹോവയുടെ കല്പന അനുസരിക്കാതെ അതിൽനിന്നും വ്യതിചലിച്ച് വിശ്വാസ ത്യാഗത്തിലേക്കുപോയ എല്ലാ ദുഷ്ടശക്തികളും ദൈവജനത്തിനെതിരേ അണിനിരക്കും. "ശബ്ബത്ത് നാളിനെ ശുദ്ധീകരിക്കുവാൻ ഓർക്ക" എന്ന കല്പനയിൽ നിയമദാതാവിനെ ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവമെന്നവണ്ണം പ്രതിപാദിച്ചിരിക്കുകകൊണ്ട് ഈ യുദ്ധത്തിൽ ശബ്ബത്ത് ആയിരിക്കും പ്രധാന വിഷയം.—3 SM 392 (1891).

"നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്ന് അറിയേണ്ടതിനു അതു തലമുറ തലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു." (പുറപ്പാട് 31:12). "ശബ്ബത്തു ദിവസം ഏതാണെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു പറഞ്ഞുകൊണ്ട് ചിലർ ശബ്ബത്തനുസരണത്തിന് തടസ്സങ്ങൾ സൃഷ്ടിക്കും. എന്നാൽ ഞായറാഴ്ച ഏതാണെന്ന് അവർക്കറിയാം, അതിന്റെ ആചാരത്തിനായിട്ട് നിയമങ്ങൾ ഉണ്ടാക്കുവാൻ വലിയ തീക്ഷ്ണത കാണിക്കുകയും ആചരിക്കുവാൻ നിർബ്ബന്ധിക്കുകയും ചെയ്യും.—KC 148 (1900).

### ഞായറാഴ്ച പ്രസ്ഥാനം 1880–കളിൽ

നമ്മുടെ ദേശത്ത് ഞായറാഴ്ചാചാരം നടപ്പിലാക്കുന്നത് കാണുവാൻ വളരെ നാളായി ഞങ്ങൾ കാത്തിരിക്കുകയാണ്. ഇപ്പോൾ ആ പ്രസ്ഥാനം നമ്മുടെ മേൽ ആയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ ജനം എന്താണ് ചെയ്യുവാൻ പോകുന്നത്" എന്ന് നാം ചോദിക്കുന്നു .... ഇപ്പോൾ ദൈവം അവന്റെ ജനത്തിന് അവന്റെ കൃപയും കരുണയും കൊടുക്കുവാൻ പ്രത്യേകിച്ച് അപേക്ഷിക്കണം. ദൈവം ജീവി

ക്കുന്നു, നമ്മുടെ സ്വാതന്ത്ര്യത്തെ അവൻ നിയന്ത്രിക്കുന്ന സമയം പൂർണ്ണമായി വന്നു എന്ന് നാം വിശ്വസിക്കുന്നില്ല.

"അതിന്റെശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിനു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ട് ഭൂമിയുടെ നാലുകോണിലും നിൽക്കുന്നു" എന്ന് യോഹന്നാൻ കണ്ടു. മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കുനിന്ന് കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോട്: നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടുകഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുത് എന്നു ഉറക്കെ വിളിച്ചുപറഞ്ഞു." ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും മിഷനറിമാരെ അയയ്ക്കുകയും ദൈവത്തിന്റെ കല്പന ലംഘിക്കുന്നതിനെതിരെ മുന്നറിയിപ്പു കൊടുത്തുകഴിയുകയും ചെയ്യുവോളം നാലു ദൂതന്മാർ നാലു കാറ്റും പിടിച്ചു നിർത്തുവാൻ ദൈവത്തോട് അപേക്ഷിക്കുക എന്നതാണ് ഇപ്പോൾ നമ്മുടെ വേല.—RH Extra, Dec. 11 (1888).

## ഞായറാഴ്ച നിയമം ശുപാർശ ചെയ്യുന്നവർക്ക് എന്താണ് ചെയ്യുന്നതെന്ന് അറിഞ്ഞുകൂടാ

ഞായറാഴ്ച പ്രസ്ഥാനം അതിന്റെ വഴി അന്ധകാരത്തിലേക്കു നീക്കിക്കൊണ്ടിരിക്കുകയാണ്. നേതാക്കന്മാർ അതിന്റെ യഥാർത്ഥ സംഗതിയെ മറച്ചുപിടിച്ചിരിക്കുന്നു. ഈ പ്രസ്ഥാനവുമായി ബന്ധപ്പെടുന്നവർതന്നെ അടിയൊഴുക്ക് ഒരു ദിശയിലേക്കു നീങ്ങുകയാണോ എന്നു കാണുന്നില്ല.... അവർ അന്ധകാരത്തിൽ പ്രവർത്തിക്കുകയാണ്. അവരെ സ്വതന്ത്രരാക്കുകയും ഒരു സ്വതന്ത്ര രാഷ്ട്രമാക്കുകയും ചെയ്ത തത്വങ്ങളെ ഒരു പ്രൊട്ടസ്റ്റന്റ് സർക്കാർ ത്യജിക്കുന്നതും നിയമനിർമ്മാണത്തിലൂടെ പാപ്പാത്വ വ്യാജ ഉപദേശങ്ങളും പാപ്പാത്വ മിഥ്യാധാരണകളും ഘോഷിക്കുന്ന തത്വങ്ങൾ ഭരണഘടനയിലേക്കു കൊണ്ടുവരുന്നതും അവർ കാണുന്നില്ലെങ്കിൽ അന്ധകാരയുഗത്തിന്റെ റോമൻ ഭീകരതയിലേക്കു അവർ എടുത്തുചാടുകയാണ്.—RH Extra, Dec. 11 (1888).

ഞായറാഴ്ച നിയമം നിർബ്ബന്ധമാക്കുവാനുള്ള ഈ പ്രസ്ഥാനത്തിൽ വ്യാപൃതരായിരിക്കുന്ന അനേകരും ഇതിന്റെ പിന്നാലെയുള്ള ഫലങ്ങളെ സംബന്ധിച്ച് അന്ധരാണ്. അവർ മതസ്വാതന്ത്ര്യത്തിനെതിരെ ആഞ്ഞടിക്കുകയാണെന്നത് അറിയുന്നില്ല. ബൈബിൾ ശബ്ബത്തിന്റെ



അവകാശങ്ങളും ഞായറാഴ്ച സ്ഥാപനം നിലനിൽക്കുന്ന വ്യാജ അടിസ്ഥാനവും സംബന്ധിച്ച് ഒട്ടുംതന്നെ മനസ്സിലാക്കാത്ത അനേകരുണ്ട്.... ഭരണഘടനയെ മാറ്റുകയും ഞായറാഴ്ച ആചാരം നിർബ്ബന്ധിക്കുന്ന ഒരു നിയമം ഉണ്ടാക്കുകയും ചെയ്യുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർ അതിന്റെ ഫലമെന്തായിരിക്കുമെന്ന് അല്പംപോലും മനസ്സിലാക്കുന്നില്ല. നമ്മുടെ മേൽ ഒരു പ്രതിസന്ധി നിൽക്കുന്നു.—ST 711, 753 (1889).

## ഒന്നും ചെയ്യാതെ നിശ്ചലമായി ഇരിക്കരുത്

ഭീഷണിയായിരിക്കുന്ന അപായത്തെ ഒഴിവാക്കുന്നതിന് കഴിയാവുന്നതെല്ലാം ചെയ്യുക നമ്മുടെ ചുമതലയാണ് .... തിന്മയുടെ ഈ മേഘത്തെ ദൈവം തുടച്ചുമാറ്റിയിട്ട് അവനുവേണ്ടി കുറച്ചുനാൾ കൂടെ പ്രവർത്തിക്കുവാൻ ആവശ്യമായ കൃപ തരുന്നതിന് പ്രാർത്ഥിക്കുകയെന്നത് ദേശത്തിലുടനീളമുള്ള പ്രാർത്ഥിക്കുന്ന സ്ത്രീപുരുഷന്മാരുടെ മേൽ നിക്ഷിപ്തമായിരിക്കുന്ന ഒരു വലിയ ഉത്തരവാദിത്വമാണ്.—RH Extra Dec. 11 (1888).

ദൈവത്തിനു മാത്രം തരുവാൻ കഴിയുന്ന പ്രത്യേക സഹായം ലഭ്യമാക്കുന്നതിന് ഇപ്പോൾ ദൈവത്തിന്റെ കല്പന അനുസരിക്കുന്ന അവരെത്തന്നെ ഉത്സാഹിപ്പിക്കേണ്ട ആവശ്യമുണ്ട്. ഭീഷണിയായിരിക്കുന്ന ദുരന്തത്തെ വൈകിപ്പിക്കുവാൻ കഴിയുന്നിടത്തോളം ആത്മാർത്ഥമായി അവർ പ്രവർത്തിക്കണം.—RH Dec. 18 (1888).

ഈ സാഹചര്യത്തെ നാം കൃപാപൂർവ്വം സ്വീകരിക്കുകയാണെന്ന വണ്ണം ദൈവത്തിന്റെ കല്പന അനുസരിക്കുന്ന ജനം മൗനമായിരിക്കരുത്.—7 BC 975 (1889).

മനസ്സാക്ഷി സ്വാതന്ത്ര്യം നിലനിർത്തുന്നതിന് ഒന്നും ചെയ്യാതെ നിശ്ചലമായി ഇരിക്കുകയാണെങ്കിൽ നാം ദൈവത്തിന്റെ ഇഷ്ടം ചെയ്യുകയല്ല ചെയ്യുന്നത്. ഇത്രയുംനാൾകൊണ്ട് അവഗണിക്കപ്പെട്ടു കിടക്കുന്ന വേല പൂർത്തീകരിക്കുന്നതുവരെ ഈ ദുരന്തത്തെ താമസിപ്പിക്കുവാൻ തക്കവണ്ണം എരിവുള്ളതും ഫലപ്രദവുമായ പ്രാർത്ഥന സ്വർഗ്ഗത്തേക്കു ഉയർന്നുകൊണ്ടിരിക്കണം. ആത്മാർത്ഥമായ പ്രാർത്ഥന ഉണ്ടായിരിക്കുകയും ആ പ്രാർത്ഥനയ്ക്കൊത്തവണ്ണമുള്ള പ്രവർത്തനം ഉണ്ടായിരിക്കുകയും ചെയ്യട്ടെ.—5T 714 (1889).

ഉറക്കാവസ്ഥയിൽ ആയിരുന്നതുപോലെ ഇപ്പോഴും ആയിരിക്കുന്ന അനേകരുണ്ട്. "ഞായറാഴ്ച നിയമമുണ്ടാകുമെന്ന് പ്രവചനം മുൻകൂട്ടി

പറഞ്ഞിട്ടുണ്ടെങ്കിൽ അത് തീർച്ചയായും വരും. ഈ നിഗമനത്തിലെത്തിയതിനുശേഷം ഈ സംഭവത്തെ സംബന്ധിച്ച്, കഷ്ടകാലത്ത് ദൈവം തന്റെ ജനത്തെ സംരക്ഷിച്ചുകൊള്ളും എന്ന് ചിന്തിച്ചുകൊണ്ട് നിഷ്ക്രിയാവസ്ഥയിൽ കാത്തിരിക്കുന്നു. നമ്മുടെ ഉത്തരവാദിത്വത്തിൽ ദൈവം ഏല്പിച്ചിരിക്കുന്ന വേലയെ സംബന്ധിച്ച് നമുക്കു ഒരു പ്രയത്നവുമില്ലെങ്കിൽ അവൻ നമ്മെ രക്ഷിക്കുകയില്ല....

സ്ത്രീപുരുഷന്മാർ അജ്ഞതയുടെ പിന്നാലെ പോകാതിരിക്കത്തക്കവണ്ണം അവർ സത്യം അറിയുകാണെങ്കിൽ, വിശ്വസ്തരായ കാവൽക്കാർ എന്ന നിലയിൽ വാൾ വരുന്നത് അവർ കണ്ട് അത് ഒഴിവാക്കുകയും മുന്നറിയിപ്പ് കൊടുക്കുകയും വേണം.—RH Extra, Dec. 24 (1889).

## പേനയിലൂടെയും വോട്ടിലൂടെയും ഞായറാഴ്ച നിയമത്തെ എതിർക്കുക

മതസ്വാതന്ത്ര്യത്തെ നിയന്ത്രിച്ചു നിർത്തുവാൻ സ്വാധീനത്തെ ഉപയോഗിക്കുകയും ശബ്ബത്ത് എന്നവണ്ണം ഞായറാഴ്ചയെ ആചരിക്കുവാൻ അടിച്ചമർത്തുന്ന മുറകളെടുക്കുകയോ നിർബ്ബന്ധിക്കുകയോ ചെയ്യുന്ന മനുഷ്യരെ പ്രസാദിപ്പിക്കുവാൻവേണ്ടി നമുക്കു അദ്ധ്വാനിക്കുവാൻ കഴിയുകയില്ല. ഭയഭക്തിയോടുകൂടി കരുതേണ്ട ഒരു ദിവസമല്ല ആഴ്ചയുടെ ഒന്നാം ദിവസം. ഇതൊരു വ്യാജ ശബ്ബത്തും ഈ ദിവസത്തെ ഉയർത്തിപ്പിടിക്കുകയും അവന്റെ വിശുദ്ധ ശബ്ബത്തിനെ ചവിട്ടിമെതിച്ചുകൊണ്ട് ലംഘിക്കുകയും ചെയ്യുന്ന മനുഷ്യരോടു ചേരുവാനും ദൈവകുടുംബത്തിലെ അംഗങ്ങൾക്ക് കഴിയുകയില്ല. അങ്ങനെയുള്ള മനുഷ്യർ ഔദ്യോഗിക സ്ഥാനങ്ങളിൽ വരുന്നതിനുവേണ്ടി ദൈവത്തിന്റെ ജനത്തിന് വോട്ടുചെയ്യുവാൻ കഴിയുകയില്ല. കാരണം, അവർ ഇത് ചെയ്യുമ്പോൾ ഔദ്യോഗിക സ്ഥാനങ്ങളിൽ ഇരിക്കുന്നവർ ചെയ്യുന്ന പാപങ്ങൾക്ക് അവർ പങ്കുവഹിക്കുകയാണ് ചെയ്യുന്നത്.—FE 475 (1899).

കാഹളം ഈ ഞായറാഴ്ച നിയമത്തെ സംബന്ധിച്ച് ഒരുതരം ശബ്ദമുണ്ടാക്കുമെന്ന് ഞാൻ ആശിക്കുന്നു. ദൈവകല്പനയുടെ ചിരസ്ഥായിത്വം നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ ഒരു പ്രത്യേകതരത്തിൽ ഇടം പിടിക്കുകയാണെങ്കിൽ അത് നന്നായിരിക്കുമായിരുന്നു എന്ന് ഞാൻ ചിന്തിക്കുന്നു.... ഈ ഞായറാഴ്ച നിയമത്തെ പരാജയപ്പെടുത്തുവാൻ



നമുക്കു കഴിയാവുന്നതെല്ലാം നാം ചെയ്തുകൊണ്ടിരിക്കണം.—CW 97, 98 (1906).

## അമേരിക്ക ഒരു ഞായറാഴ്ച നിയമം പുറപ്പെടുവിക്കും

ഒരു ഞായറാഴ്ച നിയമം ഉണ്ടാക്കത്തക്കവിധം നമ്മുടെ രാഷ്ട്രം അതിന്റെ സർക്കാരിന്റെ തത്വങ്ങളെ ആണയിട്ട് ഉപേക്ഷിക്കുമ്പോൾ പ്രൊട്ടസ്റ്റന്റ് ലോകം ഈ പ്രവൃത്തിയിൽ പാപ്പാത്വത്തോട് കരങ്ങൾ കോർത്തുപിടിക്കും.—5T 712 (1889).

പ്രൊട്ടസ്റ്റന്റുകാർ അവരുടെ മുഴുസ്വാധീനവും ബലവും പാപ്പാത്വത്തിന്റെ വശത്ത് ഏല്പിക്കും. ഒരു ദേശീയ കല്പനയിലൂടെ ഒരു വ്യാജ ശബ്ബത്തിനെ നിർബന്ധമായി കൊണ്ടുവരുന്നതിലൂടെ അവളുടെ ക്രൂരതയും മനസ്സാക്ഷിയുടെ അടിച്ചമർത്തലും ശക്തിപ്പെടുത്തിക്കൊണ്ട് അവർ റോമിന്റെ ദുഷിച്ച വിശ്വാസത്തിന് ജീവനും ഓജസ്സും കൊടുക്കും.—Mar 179 (1893).

പെട്ടെന്നോ വൈകിയോ ഞായറാഴ്ച നിയമം പുറപ്പെടുവിക്കപ്പെടും.—RH Feb. 16 (1905).

ഞായറാഴ്ച നിയമം പെട്ടെന്ന് നടപ്പിലാക്കപ്പെടുകയും, ഉത്തരവാദിത്വങ്ങളുടെ സ്ഥാനങ്ങൾ അലങ്കരിക്കുന്ന മനുഷ്യർ ദൈവത്തിന്റെ കല്പന അനുസരിക്കുന്ന ചുരുക്കം വരുന്നവരെ ദുഃഖിപ്പിക്കും.—4 MR 278 (1909).

കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്ന മൃഗത്താൽ പ്രതിനിധീകരിക്കപ്പെടുന്ന അധികാരം "ഭൂമിയെയും അതിൽ വസിക്കുന്നവരെയും" "പുള്ളിപ്പുലിക്കു സദൃശമായ" മൃഗത്താൽ പ്രതിനിധീകരിക്കപ്പെടുന്ന പാപ്പാത്വത്തെ നമസ്ക്കരിക്കുന്നതിന് നിർബ്ബന്ധിക്കുമെന്ന് വെളിപ്പാട് 13-ാമദ്ധ്യായത്തിലെ പ്രവചനം പ്രഖ്യാപിക്കുന്നു. റോം അവളുടെ പരമാധികാരത്തിന്റെ പ്രത്യേക അംഗീകാരത്തിന്റെ അവകാശമായ ഞായറാഴ്ചാചാരത്തെ അമേരിക്ക ഒരു നിർബ്ബന്ധ നിയമമായി കൊണ്ടുവരുമ്പോൾ ഈ പ്രവചനം നിറവേറപ്പെടുന്നു....

രാഷ്ട്രീയ അഴിമതി നീതിയോടുള്ള സ്നേഹത്തെയും ന്യായത്തെയും കൂറിനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്വതന്ത്ര അമേരിക്കയിൽപോലും ഭരണാധികാരികളും നിയമനിർമ്മാതാക്കളും പൊതുജനത്തിന്റെ പ്രീതി സമ്പാദിക്കുന്നതിനുവേണ്ടി ജനം ആവശ്യപ്പെടുന്നതുപോലെ ഞായറാഴ്ച ആചാരം നിർബ്ബന്ധമാക്കുന്ന നിയമം കൊണ്ടുവരുവാൻ നിർബന്ധിതരാകും.—GC 578, 579, 592 (1911).

## ഞായറാഴ്ച നിയമം ശുപാർശ ചെയ്യുന്നവർ ഉന്നയിക്കുന്ന വാദഗതികൾ

ജനം ചിന്തിക്കണമെന്ന് സാത്താൻ ആഗ്രഹിക്കുന്ന പ്രകാരം, ദേശത്തെ നിറയ്ക്കുന്ന ദുരന്തങ്ങൾ ഞായറാഴ്ച ലംഘനത്തിന്റെ അനന്തര ഫലമാണെന്ന അവന്റെ സ്വന്തവ്യാഖ്യാനം അവൻ സംഭവങ്ങളുടെ മേൽ കൊടുക്കുന്നു. ദൈവകോപത്തെ ശമിപ്പിക്കണമെന്ന് ചിന്തിച്ചുകൊണ്ട് സ്വാധീനമുള്ള ഈ മനുഷ്യർ ഞായറാഴ്ച ആചാരത്തിനുള്ള നിയമം നടപ്പിൽ വരുത്തുന്നു.—10 MR 239 (1899).

വളരെ വ്യാപകമായി പരന്നുകൊണ്ടിരിക്കുന്ന അഴിമതിക്കു കാരണം "ക്രിസ്തീയ ശബ്ബത്തെന്നു" വിളിക്കപ്പെടുന്ന ഞായറാഴ്ചയുടെ നശിപ്പിക്കലാണെന്ന് ചുമത്താവുന്നതും ഞായറാഴ്ച ആചാരം വലിയൊരളവുവരെ സമൂഹത്തിന്റെ സാന്മാർഗ്ഗീയതയെ വർദ്ധിപ്പിക്കുമെന്നുമുള്ള അവകാശം ഈ ജനം മുമ്പോട്ടുകൊണ്ടുവരും. ഈ അവകാശം, യഥാർത്ഥ ശബ്ബത്തിന്റെ സത്യ ഉപദേശം പ്രത്യേകിച്ച് അതിവിപുലമായി പ്രസംഗിക്കപ്പെടുന്ന അമേരിക്കയിൽ ഉന്നയിക്കപ്പെടും.—GC 587 (1911).

## പ്രൊട്ടസ്റ്റന്റ് മതസംഹിതയും കത്തോലിക്കാ മതസംഹിതയും യോജിച്ച് പ്രവർത്തിക്കുന്നു

പ്രൊട്ടസ്റ്റന്റ് മതസംഹിത റോമാധികാരത്തോട് കൂട്ടായ്മയുടെ കരം കോർത്തുപിടിക്കുമ്പോൾ ദെവത്തിന്റെ സൃഷ്ടിപ്പിൻ സ്മാരകമായ ശബ്ബത്തിനെതിരെ ഒരു നിയമമുണ്ടാകുകയും ദൈവം അവനു "അന്യമായ വേല" ഈ ഭൂമിയിൽ ചെയ്യുകയും ചെയ്യും.—7 BC 910 (1886).

നമുക്കു കാണുവാൻ കഴിയാത്ത വിഗ്രഹാരാധനയുടെ കുറ്റത്തിൽ നിന്നും റോമൻ സഭയ്ക്കു എങ്ങനെ സ്വതന്ത്രമാകുവാൻ കഴിയും.... പ്രൊട്ടസ്റ്റന്റുകാർ വളരെയധികം പ്രീതിയോടെ നോക്കുവാൻ കാത്തിരിക്കുന്നതും പ്രൊട്ടസ്റ്റന്റ് മതസംഹിതയോട് അന്തിമമായി ഐകമത്യപ്പെട്ടുവരുകയും ചെയ്യുന്ന മതമിതാണ്. ഈ ഐക്യത എങ്ങനെയായിരുന്നാലും കത്തോലിക്കാ മതസംഹിതയിലുള്ള ഒരു മാറ്റം കൊണ്ട് ബാധിക്കപ്പെടുന്നില്ല. കാരണം റോം ഒരിക്കലും മാറുന്നില്ല. അവൾ അപ്രമാദിത്വം അവകാശപ്പെടുന്നു. മാറ്റം സംഭവിക്കുന്നത് പ്രൊട്ടസ്റ്റന്റ് മതസംഹിതയ്ക്കാണ്. അതിന്റെ ഭാഗത്തുള്ള ഉദാരമായ ആശയങ്ങളുടെ സ്വീകാരം അതിനെ കത്തോലിക്ക മതസംഹിതയുടെ



കരത്തെ കോർത്തു പിടിക്കുന്ന അവസ്ഥയിലേക്കു കൊണ്ടുവരുന്നു. —RH June 1 (1886).

നവീകരണ പ്രസ്ഥാനമെന്നവകാശപ്പെടുന്ന ലോകം അധർമ്മമൂർത്തിയുമായി സഖ്യമുണ്ടാക്കുകയും സഭയും ലോകവും ദുഷിച്ച യോജിപ്പിലെത്തുകയും ചെയ്യും.—7 BC 975 (1891).

പഴയ ലോകത്തിലെ റോമനിസവും പുതിയ കാലത്തിലെ വിശ്വാസത്യാഗിയായ പ്രൊട്ടസ്റ്റന്റ് മതസംഹിതയും എല്ലാ ദിവ്യ ചട്ടങ്ങളും അനുസരിക്കുന്നവരുടെ നേരെ അതേ രീതിതന്നെ കൈക്കൊള്ളും.—GC 616 (1911).

## ഞായറാഴ്ച നിയമങ്ങൾ റോമിനെ വണങ്ങുന്നു

അമേരിക്കയിൽ മുൻനിരയിൽ നിൽക്കുന്ന സഭകൾ അങ്ങനെയുള്ള ഉപദേശങ്ങളോട് ഒത്തുചേർന്നുകൊണ്ട് നിയമം നിർബ്ബന്ധിതമാക്കുവാനും അവരുടെ സ്ഥാപനങ്ങൾ നിലനിർത്തുവാനും രാഷ്ട്രത്തെ സ്വാധീനിക്കും. അപ്പോൾ പ്രൊട്ടസ്റ്റന്റ് അമേരിക്ക റോമാ മേൽക്കോയ്മയ്ക്കു പ്രതിമയുണ്ടാക്കുകയും വിയോജിക്കുന്നവരുടെ മേൽ രാഷ്ട്രീയമായ ശിക്ഷ ഒഴിച്ചുകൂടുവാൻ കഴിയാത്ത ഫലമായി മാറുകയും ചെയ്യും....

ഞായറാഴ്ചാചാരം നിർബ്ബന്ധമാക്കുവാൻ പ്രൊട്ടസ്റ്റന്റ് സഭകളുടെ ഭാഗത്തുനിന്നുമുള്ള നിർബ്ബന്ധം പാപ്പാത്വ ആരാധന പ്രാബല്യത്തിൽ വരുത്തുന്നതു മാത്രമാണ്....

മതേതര ശക്തിയാൽ ഒരു മതചടങ്ങിനെ നിർബ്ബന്ധിക്കുന്ന ആ പ്രവൃത്തിയിൽ സഭകൾതന്നെ മൃഗത്തിനു പ്രതിമയുണ്ടാക്കുന്നു; അങ്ങനെ അമേരിക്കയിലെ ഞായറാഴ്ചാചാര നിയമം മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നതിനുള്ള ഒരു നിർബ്ബന്ധ നിയമമാണ്.—GC 445, 448, 449 (1911).

നവീകരണ പ്രസ്ഥാനം റോമൻ അധികാരത്തോടു കൈകോർക്കുവാൻ വിടവിനു മറുവശത്തേക്കു കരംനീട്ടുകയും പ്രേതാത്മവാദത്തോടു കൈകോർക്കുന്നതിനു എത്തിപ്പറ്റുകയും ഈ മൂന്നു ശക്തികളുടെയും സ്വാധീനത്താൽ ഒരു പ്രൊട്ടസ്റ്റന്റ് രാഷ്ട്രവും ജനാധിപത്യ സർക്കാരുമെന്നവണ്ണം അതിന്റെ ഭരണഘടനയുടെ എല്ലാ തത്വങ്ങളും അവർ നിരാകരിക്കുകയും പാപ്പാത്വ കാപട്യങ്ങളും മിഥ്യാധാരണകളും ഘോഷിക്കുന്നതിന് വഴിയൊരുക്കുകയും ചെയ്യുമ്പോൾ, സാത്താന്റെ

ആശ്ചര്യജനകമായ പ്രവൃത്തിയുടെ സമയം വന്നു എന്നും അന്ത്യം അടുത്തു എന്നും നാം അറിയും.—5T 451 (1885).

### റോം അവളുടെ നഷ്ടപ്പെട്ട പരമാധികാരം വീണ്ടെടുക്കും

അന്ത്യ പ്രതിസന്ധിയോടു നാം അടുക്കുന്തോറും ദൈവത്തിന്റെ സംവിധാനങ്ങൾക്കിടയിൽ യോജിപ്പും ഐക്യതയും നിലനിൽക്കുകയെന്നത് പരമപ്രധാനമാണ്. ഈ ലോകം കൊടുങ്കാറ്റും യുദ്ധവും വിവാദവുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. എന്നിരുന്നാലും പാപ്പാത്വ ശക്തിയായ ഒരു തലയ്ക്കു കീഴിൽ ദൈവത്തിന്റെ സാക്ഷികളിലൂടെ ദൈവത്തെ എതിർക്കുന്നതിന് ജനം ഒരുമിച്ചുകൂടും. ഈ ബന്ധം മഹാവിശ്വാസത്യാഗിയുമായി ബന്ധപ്പെടുത്തുന്നതാണ്.—7T 182 (1902).

ഞായറാഴ്ചയെ ശബ്ബത്തെന്നവണ്ണം ആചരിക്കുവാനുള്ള നിയമം പ്രാബല്യത്തിൽ വരുത്തുമ്പോൾ അത് ഭരണകൂടം സ്ഥാപിതമായിരിക്കുന്ന ജനാധിപത്യത്തിന്റെ തത്വങ്ങളിൽ നിന്നും ഒരു ദേശീയ വിശ്വാസത്യാഗത്തിലേക്കു നയിക്കുന്നു. ഭരണകർത്താക്കൾ പപ്പാത്വമതം സ്വീകരിക്കുകയും ദൈവത്തിന്റെ കല്പനയെ ഇല്ലായ്മ ചെയ്യുകയും ചെയ്യും. —7 MR 192 (1906).

ബുദ്ധിശക്തിപരമായ ഒരു വലിയ അന്ധകാരദിനം പാപ്പാത്വത്തിനുവേണ്ടിയുള്ള വിജയമായി കാണപ്പെടും. ബുദ്ധിശക്തിപരമായ ഒരു വലിയ വെളിച്ചത്തിന്റെ ദിനം ഇതിനു തുല്യമായ വിജയത്തിനുവേണ്ടിയുള്ളതുപോലെ വെളിപ്പെടുത്തപ്പെടും.—4 SP 390 (1884).

സഭയുടെ സ്ഥാപനങ്ങൾക്കും ഉപയോഗങ്ങൾക്കുംവേണ്ടി രാഷ്ട്രത്തിന്റെ പിൻതാങ്ങൽ ഉണ്ടാകുന്നതിന് ഇപ്പോൾ അമേരിക്കയിൽ അഭിവൃദ്ധി പ്രാപിച്ചുവരുന്ന പ്രസ്ഥാനങ്ങളിൽ നവീകരണക്കാർ പാപ്പാത്വത്തിന്റെ ചുവടുകൾ പിൻപറ്റുകയാണ്. അതിൽ കൂടുതലായി, പ്രൊട്ടസ്റ്റന്റ് അമേരിക്കയിൽ പാപ്പാത്വത്തിന് പഴയ ലോകത്തിൽ നഷ്ടമായ പരമാധികാരം വീണ്ടെടുക്കുവാൻ അവർ വാതിലുകൾ തുറന്നുകൊണ്ടിരിക്കുന്നു.—GC 573 (1911).

### ദേശീയ ഞായറാഴ്ച നിയമം എന്നു പറഞ്ഞാൽ ദേശീയ വിശ്വാസത്യാഗം

ജനസ്വാധീനവും രക്ഷാധികാരിത്വവും ഉറപ്പുവരുത്തുവാൻ നിയമകർത്താക്കൾ ഒരു ഞായറാഴ്ച നിയമത്തിന്റെ ആവശ്യത്തിനു കീഴ്പ്പെടും.... ദൈവകല്പന ലംഘിച്ചുകൊണ്ട് പാപ്പാത്വം സ്ഥാപിക്കുവാൻ



നിയമമുണ്ടാക്കിയിട്ട് അത് അടിച്ചേല്പിക്കുമ്പോൾ നമ്മുടെ രാജ്യം പൂർണ്ണമായും നീതിയിൽനിന്നു ചോദിക്കപ്പെടും....

ആസന്നമായിരുന്ന യെരൂശലേമിന്റെ നാശത്തിന് റോമൻ പട്ടാളത്തിന്റെ സമീപനം ശിഷ്യന്മാർക്ക് ഒരടയാളമായിരുന്നതുപോലെ, ദൈവത്തിന്റെ ദീർഘക്ഷമയുടെ പരിധി കവിഞ്ഞു എന്നതിന് ഈ വിശ്വാസത്യാഗം നമുക്ക് ഒരടയാളമായിരിക്കട്ടെ.—5T 451 (1885).

ശബ്ബത്തെന്നവണ്ണം നാം ഒരിക്കലും ഒന്നാം ദിവസത്തെ വിശുദ്ധമായി കാണുകയില്ല എന്ന ഒരുറച്ച തീരുമാനം നാമെടുക്കേണ്ടിയിരിക്കുന്നു, കാരണം ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിച്ച ദിവസം ഇതല്ല. ഞായറാഴ്ചയെ ബഹുമാനിക്കുന്നതിലൂടെ ആ മഹാവഞ്ചകന്റെ വശത്ത് ചേരുകയാണ്....

ദൈവത്തിന്റെ കല്പനയെ ഇല്ലായ്മ ചെയ്യുകയും വിശ്വാസത്യാഗം ഒരു ദേശീയ പാപമായി മാറുകയും ചെയ്യുമ്പോൾ, ദൈവം തന്റെ ജനത്തിനുവേണ്ടി പ്രവർത്തിക്കും.—3 SM 388 (1889).

അമേരിക്കൻ ജനത ഒരു അനുഗ്രഹിക്കപ്പെട്ട ജനമാണ്; എന്നാൽ അവർ മതസ്വാതന്ത്ര്യത്തെ ഹനിക്കുകയും നവോത്ഥാനത്തെ അടിയറവച്ച് പാപ്പാത്വത്തിന് അംഗീകാരം കൊടുക്കുകയും ചെയ്യുമ്പോൾ, അവരുടെ പാപത്തിന്റെ അളവ് പൂർണ്ണമാകുകയും സ്വർഗ്ഗത്തിലെ പുസ്തകങ്ങളിൽ "ദേശീയത്യാഗം" രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്യും. —RH May 2, 1893.

### ദേശീയ വിശ്വാസത്യാഗത്തെ തുടർന്ന് ദേശീയ നാശമുണ്ടാകും

നമ്മുടെ രാഷ്ട്രം അവളുടെ നിയമ നിർമ്മാണ സഭയിൽ, ഞായറാഴ്ച നിയമം അടിച്ചേല്പിച്ചുകൊണ്ട് മനുഷ്യരുടെ മതപരമായ അവസരങ്ങളെ സംബന്ധിച്ച് അവരുടെ മനഃസാക്ഷിയെ ബന്ധിക്കുന്നതിന് നിയമ നിർമ്മാണം നടത്തുകയും ദൈവത്തിന്റെ കല്പനയായ ഏഴാം ദിന ശബ്ബത്തനുഷ്ഠിക്കുന്നവർക്കെതിരേ പീഡനമുറകൾ കൊണ്ടുവരുകയും ദൃഢനിശ്ചയങ്ങളും ഉദ്ദേശ്യങ്ങളും നമ്മുടെ രാജ്യത്തിൽ ഇല്ലായ്മ ചെയ്യപ്പെടുകയും ചെയ്യുമ്പോൾ ദേശീയ വിശ്വാസത്യാഗം സംഭവിക്കുകയും അതിന്റെ പിന്നാലെ ദേശീയ നാശം ഉണ്ടാകുകയും ചെയ്യും.—7 BC 977 (1888).

ദേശീയ വിശ്വാസത്യാഗത്തിന്റെ സമയത്ത് സാത്താന്റെ നയത്തിന്മേൽ പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രത്തിലെ ഭരണാധികാരികൾ

അധർമ്മമൂർത്തിയുടെ വശത്ത് ഒത്തുചേരും. അപ്പോഴാണ് പാപത്തിന്റെ അളവ് പൂർണ്ണതയിലാകുന്നത്. ദേശീയ നാശത്തിനുള്ള അടയാളമാണ് ദേശീയ വിശ്വാസത്യാഗം.—2 SM 373 (1891).

രാഷ്ട്രത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി റോമൻ കത്തോലിക്കാ സഭയുടെ തത്വങ്ങൾ സ്വീകരിക്കപ്പെടും. ഈ വിശ്വാസത്യാഗത്തിനു പിന്നാലെ വേഗത്തിൽ ദേശീയ ദുരന്തം ഉണ്ടാകും.—RH June 15 (1897).

നവീകരണ സഭകൾ ഒരു വ്യാജമതം നിലനിർത്തുന്നതിന് രാഷ്ട്രീയ ശക്തികളുമായി ഐക്യത്തിലെത്തുമ്പോൾ, രാഷ്ട്രീയ അധികാരവും സഭാധികാരവും ഒത്തുചേർന്ന് പാപ്പാത്വ ശബ്ബത്ത് നിർബ്ബന്ധമാക്കും. പൂർവ്വപിതാക്കന്മാർ ഇതിനെ എതിർത്തതുകൊണ്ടായിരുന്നു അവർ അതിക്രൂരമായ പീഡനത്തിലൂടെ കടന്നുപോകേണ്ടിവന്നത്. ദേശീയ നാശത്തിൽ മാത്രം അവസാനിക്കുന്ന ഒരു ദേശീയ വിശ്വാസത്യാഗം ഉണ്ടാകും.—Ev 235 (1899).

നിയമങ്ങൾ അടിച്ചേല്പിക്കുവാൻ രാഷ്ട്രം അതിന്റെ അധികാരം ഉപയോഗിക്കുകയും സഭാനിയമങ്ങളെ നിലനിർത്തുകയും ചെയ്യുമ്പോൾ, പ്രൊട്ടസ്റ്റന്റ് അമേരിക്ക പാപ്പാത്വത്തിന് പ്രതിമയുണ്ടാക്കുകയും ദേശീയ ദുരന്തത്തിൽ മാത്രം അവസാനിക്കുന്ന ദേശീയ വിശ്വാസത്യാഗം സംഭവിക്കുകയും ചെയ്യും.—7 BC 976 (1910).

## സാർവ്വത്രികമായ ഞായറാഴ്ച നിയമം

ചരിത്രം ആവർത്തിക്കപ്പെടും. വ്യാജമതം ഉയർത്തപ്പെടും. ഒരു സാധാരണ പ്രവൃത്തിദിവസവും ഒരു തരത്തിലും ഒരു വിശുദ്ധിയും ഇല്ലാത്തതുമായ ആഴ്ചയുടെ ഒന്നാം ദിവസത്തെ ബാബിലോണിൽ വിഗ്രഹത്തെ ഉയർത്തിയതുപോലെ ഉയർത്തും. ഈ കൃത്രിമമായ ശബ്ബത്തിനെ ആരാധിക്കുവാൻ എല്ലാ ജാതിയും ഭാഷയും വംശവുമായവരോട് ആജ്ഞാപിക്കും.... ഈ ദിവസത്തെ ആരാധിക്കുവാൻ നിർബ്ബന്ധിച്ചുകൊണ്ടുള്ള കല്പന ലോകം മുഴുവനും എത്തും.—7 BC 976 (1897).

മതസ്വാതന്ത്ര്യത്തിന്റെ രാജ്യമെന്ന നിലയിൽ അമേരിക്ക വ്യാജശബ്ബത്തിനെ ആരാധിക്കുവാൻ മനുഷ്യരെ നിർബ്ബന്ധിക്കുന്നതിലൂടെ പാപ്പാത്വത്തോട് ചേരുകയും എല്ലാ രാജ്യങ്ങളിലുമുള്ള ജനത്തോട് അവളുടെ മാതൃക അനുകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യും.—6T 18 (1900).



മുഴുലോകവും ഒരു പങ്കു വഹിക്കുന്ന അന്ത്യ മഹാപോരാട്ടത്തിൽ ശബ്ബത്താണ് പോരാട്ട വിഷയം.—6 T 352 (1900).

വിദേശ രാജ്യങ്ങൾ അമേരിക്കയുടെ മാതൃക പിൻപറ്റും. അവൾ നയിക്കുന്നു എങ്കിലും, അതേ പ്രതിസന്ധി ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള നമ്മുടെ ജനത്തിനുമുണ്ടാകും.—6T 395 (1900).

യഥാർത്ഥമായതിന്റെ സ്ഥാനത്ത് വ്യാജമായതിനെ പ്രതിഷ്ഠിക്കുകയെന്നത് നാടകത്തിലെ ഏറ്റവും അവസാന അരങ്ങേറ്റമാണ്. ഈ അരങ്ങേറ്റം സാർവ്വലൗകികമാകുമ്പോൾ ദൈവം തന്നെത്താൻ വെളിപ്പെടുത്തും. ദൈവത്തിന്റെ നിയമത്തിനുമേലായി മനുഷ്യന്റെ നിയമത്തെ ഉയർത്തുകയും ഭൗമികാധികാരങ്ങൾ ആഴ്ചയുടെ ഒന്നാം ദിവസത്തെ ആചരിക്കുവാൻ മനുഷ്യരെ നിർബ്ബന്ധിക്കുന്നതിനു ശമിക്കുകയും ചെയ്യുമ്പോൾ ദൈവം പ്രവർത്തിക്കുവാൻ സമയമായി എന്നറിയുക.—7 BC 980 (1901).

ദൈവകല്പനയുടെ സ്ഥാനത്ത് മാനുഷിക കല്പനയെ പ്രതിഷ്ഠിക്കുക, വെറും മാനുഷികാധികാരത്താൽ അതിനെ ഉയർത്തിക്കാണിക്കുക, ശബ്ബത്തിന്റെ സ്ഥാനത്ത് ഞായറാഴ്ച എന്നിവയാണ് നാടകത്തിലെ അന്ത്യ അരങ്ങേറ്റം. പകരമായി നിയമിക്കൽ സാർവ്വദേശീയമാകുമ്പോൾ ദൈവം തന്നെത്താൻ വെളിപ്പെടുത്തും. ഭൂമിയെ അതിഭയങ്കരമായി ഉലയ്ക്കുവാൻ ദൈവം തന്റെ തേജസ്സിൽ എഴുന്നേൽക്കും. —7 T 141 (1902).

## ലോകം മുഴുവനും ഞായറാഴ്ച നിയമത്തെ പിന്താങ്ങും

ദുഷ്ടന്മാരുടെ പക്ഷത്ത് സത്യമുണ്ട്, അവരുടെ ഇടയിൽ അത്ഭുതങ്ങളുണ്ട്; സ്വർഗ്ഗീയ മാലാഖമാർ അവരോടൊപ്പം നടക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു. അവരുടെ ഇടയിൽ വലിയ ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നു, അവർ ഇത്രയും നാൾ നോക്കിപ്പാർത്തിരുന്ന താൽക്കാലിക സഹസ്രാബ്ദം ഇതാണ്. ലോകം മുഴുവനും മാനസാന്തരപ്പെടുകയും ഞായറാഴ്ച നിയമവുമായി യോജിപ്പിലുമാണ് എന്നൊക്കെ ദുഷ്ടന്മാർ പറയും.—3 SM 427, 428 (1884).

ക്രിസ്തുവിന്റെ ഈ എതിർശക്തിയുടെ അധികാരമായ ഞായറാഴ്ചയെ ബഹുമാനിക്കുന്നതിലൂടെ പാപ്പാത്വത്തിന് ആദരവ് കൊടുക്കാത്തതുകൊണ്ട് മുഴുലോകവും സെവന്ത്-ഡെ അഡ്വന്റിസ്റ്റുകാർക്കെതിരെ ശത്രുതയിലായിരിക്കുകയാണ്.—TM 37 (1893).

ദൈവകല്പനയെ ചവിട്ടി മെതിക്കുന്ന മനുഷ്യർ മാനുഷിക നിയമങ്ങളുണ്ടാക്കുകയും ജനം അത് സ്വീകരിക്കുവാൻ നിർബ്ബന്ധിതരാകുകയും ചെയ്യും. മനുഷ്യർ ചെയ്യുവാൻ പോകുന്നത് എന്താണോ അത് ആസൂത്രണം ചെയ്യുകയും ഉപദേശിക്കുകയും പദ്ധതികളുണ്ടാക്കുകയുമൊക്കെ ചെയ്യും. ദേശീയ നിയമമനുസരിച്ച് മുഴുലോകവും ഞായറാഴ്ച ആചരിക്കുമ്പോൾ ചുരുക്കം പേരായ നിങ്ങൾക്ക് എന്തുകൊണ്ടായിക്കൂടാ എന്നുചോദിക്കും.—MS 163 (1897).

## പോരാട്ടം ക്രിസ്തീയ ലോകത്തെ കേന്ദ്രീകരിക്കുന്നു

ക്രിസ്തീയ ലോകം മഹത്തും നിർണ്ണായകവുമായ പ്രവൃത്തികളുടെ ഒരു പ്രദർശനശാലയായിരിക്കും. പാപ്പാത്വത്തിന്റെ മാതൃകപ്രകാരം അധികാരികൾ മനസ്സാക്ഷിയെ നിയന്ത്രിക്കുന്ന നിയമങ്ങളുണ്ടാക്കും. ബാബിലോൺ അവളുടെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിക്കും. എല്ലാ രാഷ്ട്രങ്ങളും അതിൽ ഉൾപ്പെടും. ഇതിനെപ്പറ്റി വെളിപ്പാടുകാരനായ യോഹന്നാൻ ഇങ്ങനെ പറയുന്നു: "അവർ ഏക അഭിപ്രായമുള്ളവർ". സാർവ്വത്രികമായ ഒരു ബന്ധവും ഒരു വലിയ യോജിപ്പും സാത്താന്യ ശക്തികളുടെ ഒരു കൂട്ടുകെട്ടും ഉണ്ടാകും. "അവർ അവരുടെ അധികാരവും ബലവും മൃഗത്തിനു ഏല്പിച്ചുകൊടുക്കും" (വെളി. 18:3-7; 17:13,14). അങ്ങനെ മഹാസ്വാതന്ത്ര്യത്തിനെതിരെയും മനഃസാക്ഷി കല്പിക്കുന്ന പ്രകാരം ആരാധിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനെതിരെയും കഴിഞ്ഞ കാലങ്ങളിൽ മതാചാരങ്ങളോടും റോമാചാരങ്ങളോടുമൊത്തുപോകുവാൻ കൂട്ടാക്കാതിരുന്നവരെ പാപ്പാത്വം സ്വേച്ഛാപരമായും അതിക്രൂരമായും പീഡിപ്പിച്ചതുപോലെ വെളിപ്പെടും.—3 SM 392 (1891).

വിശ്വാസവും അവിശ്വാസവും തമ്മിലുള്ള മഹാപോരാട്ടത്തിൽ ക്രിസ്തീയലോകം മുഴുവനും ഉൾപ്പെടും.—RH Feb 7 (1893).

ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുസൂക്ഷിക്കുന്നവരും മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ച് അതിന്റെ മുദ്രയേറ്റവരും എന്ന് രണ്ടു വിഭാഗമായി ക്രിസ്തീയ ലോകം മുഴുവനും വിഭജിക്കപ്പെടും.—GC 450 (1911).

ക്രിസ്തീയ ലോകത്തിലുടനീളം ശബ്ബത്ത് പോരാട്ടത്തിലെ ഒരു പ്രത്യേക വിഷയമാകുകയും മതപരവും മതേതരവുമായ അധികാരങ്ങൾ ഒത്തുചേർന്ന് ഞായറാഴ്ചാചാരം നിർബ്ബന്ധിക്കുകയും ചെയ്യുമ്പോൾ ഒരു ചെറിയ ന്യൂനപക്ഷം ജനസ്വാധീനമുള്ള ആവശ്യത്തെ



നിർബന്ധപൂർവ്വം തള്ളിക്കളയുന്നത് സാർവ്വത്രികമായ വെറുപ്പിന് അവരെ പാത്രങ്ങളാക്കുന്നു.—GC 615 (1911).

ദൈവകല്പന കാക്കുന്ന വിശ്വസ്തരായ ദൈവജനത്തിനെതിരെ ഭരണാധികാരികൾ ഉത്തരവു പുറപ്പെടുവിച്ചു കഴിയുമ്പോൾ അവർക്കു ലഭിക്കേണ്ട സംരക്ഷണം പിൻവലിക്കപ്പെടുകയും അവരെ നശിപ്പിക്കുന്നതിനുവേണ്ടി അവസരം നോക്കി ഇരിക്കുന്ന ശത്രുക്കൾക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അപ്പോൾ ദൈവജനം പട്ടണങ്ങളെയും ഗ്രാമങ്ങളെയും ഉപേക്ഷിച്ചു നിർജ്ജന പ്രദേശങ്ങളിലേക്കും വനാന്തരങ്ങളിലേക്കും ഓടിപ്പോയി ചെറിയ ചെറിയ കൂട്ടമായി മലകളിലും ഗുഹകളിലും ചിതറിപ്പാർക്കേണ്ടിവരും.—GC 626 (1911).

## ഒരു എതിർപ്പും കാണിക്കുകയില്ല

തെറ്റിദ്ധാരണമൂലം ഞായറാഴ്ച വേല ചെയ്യുവാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോൾ നമ്മുടെ വിശ്വാസികൾക്കുപോലും കോപിഷ്ഠരാകുവാനുള്ള സ്വഭാവ സവിശേഷതകളുണ്ട്. പക്ഷെ ഈ ഒരു വിഷയത്തിന്മേൽ വികാരാവേശം കൊള്ളാതെ എല്ലാം പ്രാർത്ഥനയോടെ ദൈവത്തിൽ സമർപ്പിക്കുക. ദൈവത്തിനു മാത്രമേ ഭരണാധികാരികളുടെ ശക്തിയെ നിയന്ത്രിക്കുവാൻ കഴിയുകയുള്ളു. മുൻപിൽ നോക്കാതെ നടക്കരുത്. ആരും തങ്ങളുടെ സ്വാതന്ത്ര്യത്തെപ്രതി ബുദ്ധിയില്ലാതെ അഹങ്കരിക്കുകയും അത് മറ്റുള്ളവരെ ദ്രോഹിക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്യാതെ ദൈവദാസന്മാരെന്ന നിലയിൽ "എല്ലാവരെയും ബഹുമാനിപ്പിൻ, സഹോദരവർഗ്ഗത്തെ സ്നേഹിപ്പിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവിനെ ബഹുമാനിപ്പിൻ" (1 പത്രൊ. 2:17).

കഷ്ടതയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന എല്ലാവർക്കും ഉപദേശം ഒരു യഥാർത്ഥ മൂല്യമുള്ളതാണ്. അനുസരണക്കേടോ ദ്രോഹമായതോ ഒന്നും കാണപ്പെടരുത്.—2 MR 193, 194 (1898).

## വേലയിൽനിന്ന് ഞായറാഴ്ച ഒഴിഞ്ഞു നിൽക്കുക

ഞായറാഴ്ച നിയമം വളരെ കഠിനമാക്കിയിരുന്ന തെക്കൻ സംസ്ഥാനങ്ങളിൽ വേലചെയ്യുന്നത് വളരെ ശ്രദ്ധയോടും ബുദ്ധിപൂർവ്വവുമായിരിക്കണം. യേശുക്രിസ്തു ചെയ്തതുപോലെയൊരു വേലയായിരിക്കണം അത്. അപ്പോൾ നിങ്ങൾ ഞായറാഴ്ചയെക്കുറിച്ചും ശബ്ബത്തിനെക്കുറിച്ചും എന്താണ് വിശ്വസിച്ചിരിക്കുന്നതെന്ന് ജനങ്ങൾ വേഗത്തിൽ കണ്ടുപിടിക്കുകയും അതിനെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കു

കയും ചെയ്യും. അപ്പോൾ നിങ്ങൾക്ക് അവരോട് ശബ്ബത്തിനെക്കുറിച്ച് പറയാം. പക്ഷെ അവരുടെ ശ്രദ്ധ നിങ്ങളുടെ വേലയിലേക്ക് ആകർഷിച്ചുകൊണ്ടാവരുത്. ഞായറാഴ്ച വേലചെയ്തുകൊണ്ട് നിങ്ങളുടെ വേല കുറയ്ക്കരുത്....

1880-കളിലും 1890-കളിലും അമേരിക്കയിലെ, പ്രത്യേകിച്ച് തെക്കൻ സംസ്ഥാനങ്ങളിൽ ഞായറാഴ്ചനിയമം വളരെ കർശനമായിരുന്നു. See American State Papers (Review and Herald, 1945) pp. 517 - 562.

ഞായറാഴ്ച വേലയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നത് മൃഗത്തിന്റെ മുദ്ര സ്വീകരിക്കുന്നതല്ല.... ദൈവമക്കൾക്കെതിരെ പീഡനം ആരംഭിക്കുവാൻ ശക്തരായ ശത്രുക്കൾ ഉള്ളയിടങ്ങളിൽ ദൈവമക്കൾ ഞായറാഴ്ച വേല ചെയ്യുകയാണെങ്കിൽ ആ ദിവസം ശരിയായ സുവിശേഷീകരണവേല ചെയ്യുന്ന ദിവസമാക്കി മാറ്റണം.—SW 69,70 (1895).

"നിങ്ങൾ ഞായറാഴ്ചകളിൽ നിങ്ങളുടെ അച്ചടിശാലകൾ അടച്ചുപൂട്ടുകയും നിങ്ങളുടെ വേലയിൽനിന്നു വിരമിക്കുകയും വേണം" എന്ന് അവർ പറഞ്ഞാൽ, "നിങ്ങളുടെ വേല നിങ്ങൾ തുടരണം" എന്ന് ഞാൻ പറയുകയില്ല, കാരണം വിവാദം നിങ്ങളും നിങ്ങളുടെ ദൈവവുമായിട്ട് വരുന്നില്ല.—Ms 163 (1898).

ഞങ്ങൾ സ്വതന്ത്രരാണെന്ന് കാണിക്കുവാനായി ഞായറാഴ്ച മനഃപൂർവ്വം വേല ചെയ്തുകൊണ്ട് ഞായറാഴ്ചയെ ഒരു വിഗ്രഹമായി ആരാധിക്കുന്ന നമ്മുടെ അയൽക്കാരെ അസഹ്യപ്പെടുത്തണമെന്ന് നമ്മോട് കല്പിച്ചിട്ടുണ്ടെന്ന് ആരും ചിന്തിക്കരുത്. നമ്മുടെ സഹോദരിമാർ നമ്മുടെ തുണികൾ അലക്കി പ്രദർശിപ്പിക്കുവാനായി ഞായറാഴ്ചയെ തെരഞ്ഞെടുക്കരുത്.—3SM 399 (1889).

### ഞായറാഴ്ച ആത്മീക കാര്യങ്ങളിൽ ഏർപ്പെടുക

ഞായറാഴ്ച നിയമം പ്രാബല്യത്തിൽ വന്നാൽ എന്താണ് ചെയ്യേണ്ടതെന്ന നിങ്ങളുടെ ചോദ്യത്തിനുത്തരം തരുവാൻ ഞാൻ ശ്രമിക്കാം. ആസന്നമായൊരു പ്രതിസന്ധിഘട്ടം നമ്മൾ പ്രതീക്ഷിച്ചിരിക്കുമ്പോൾ നമ്മൾ എന്തുചെയ്യണമെന്ന് ഒരു വെളിച്ചം ദൈവം എനിക്കു തന്നതിങ്ങനെയാണ്: ഞായറാഴ്ച നിയമം പ്രാബല്യത്തിലാക്കുവാൻ ഭൂമിയിൽനിന്നുള്ളൊരു ശക്തിയാൽ ജനം പ്രേരിപ്പിക്കപ്പെടുമ്പോൾ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരായ നാം ഞായറാഴ്ച സാധാരണ ജോലികളിൽനിന്ന് ഒഴിഞ്ഞുനിന്നു അന്നേദിവസം സുവിശേഷ വേലയിലേർപ്പെട്ടുകൊണ്ട് നമ്മുടെ ജ്ഞാനത്തെ പ്രദർശിപ്പിക്കണം.



ഞായറാഴ്ച നിയമത്തെ നാം പരസ്യമായി എതിർക്കുമ്പോൾ അതിനെ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ തക്കംപാർത്തിരിക്കുന്ന മതഭ്രാന്തന്മാരെ പീഡനത്തിനായി ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. നമ്മൾ കല്പനാലംഘികൾ എന്ന് വിളിക്കപ്പെടുവാൻ അവർക്ക് ഒരു അവസരവും കൊടുക്കരുത്.... നിയമലംഘനം നടത്തേണ്ടതായ ജോലികളിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കുന്നതാണ് ജ്ഞാനം എന്നു ചിന്തിക്കുന്ന ഒരാളും മൃഗത്തിന്റെ മുദ്ര സ്വീകരിക്കുകയില്ല.

കർത്താവിനുവേണ്ടി പലരെയും നേടുവാനുള്ള ഒരു ദിവസമായി ഞായറാഴ്ചയെ ഉപയോഗിക്കാം. ഈ ദിവസത്തിൽ വീട്ടിനകത്തുവച്ചും തുറസ്സായ സ്ഥലങ്ങളിൽവച്ചും സുവിശേഷയോഗങ്ങൾ നടത്താം. വീടുകൾതോറും നടന്നുള്ള പ്രവർത്തനങ്ങൾ നടത്താം. എഴുതുവാൻ താല്പര്യമുള്ളവർ ലേഖനങ്ങൾ എഴുതുവാൻ ഈ ദിവസം ഉപയോഗിക്കാം. സാധ്യമാകുന്ന ഞായറാഴ്ചകളിലെല്ലാം മതപരമായ ചടങ്ങുകൾ നടത്താം. ഈ യോഗങ്ങളെല്ലാം വളരെയധികം താല്പര്യജനകമാക്കണം. ഉണർവുഗീതങ്ങൾ പാടണം, ശക്തിയോടും ഉറപ്പോടും കൂടെ ദൈവസ്നേഹം പ്രസംഗിക്കണം.—9T 232, 233 (1909).

ആരോഗ്യസുവിശേഷീകരണത്തിനായിട്ടും യോഗങ്ങൾ നടത്തുന്നതിനായിട്ടും വിദ്യാർത്ഥികളെ ഉപയോഗിക്കുക. അവർ വീടുകൾതോറും ജനങ്ങളെ കണ്ടുപിടിക്കുകയും സത്യം പങ്കിടുവാനുള്ള ഒരു നല്ല അവസരമായി മാറുകയും ചെയ്യും. ഞായറാഴ്ചയെ ഇങ്ങനെ ചിലവഴിക്കുന്നത് ദൈവത്തിന് സ്വീകാര്യമായിരിക്കും.—9T 238 (1909).

### എതിർപ്പുകളാൽ സത്യത്തിന്റെ മനോഹാരിത വെളിവാക്കപ്പെടുന്നു

ദൈവകല്പനയെ ഇല്ലായ്മ ചെയ്യുവാൻ സഭയും ലോകവും ഒരുമിക്കുമ്പോൾ ദൈവത്തെ അനുസരിക്കുന്നവരുടെ ആവേശം വർദ്ധിക്കും. ദൈവകല്പനയ്ക്കെതിരായി ഉയരുന്ന ഓരോ എതിർപ്പും സത്യത്തിന്റെ പുരോഗമനത്തിനു വഴിതെളിക്കുകയും ജനങ്ങളുടെ മുൻപിൽ സത്യത്തിന്റെ മൂല്യം എന്താണെന്നു കാണിക്കുവാൻ അതിന്റെ വക്താക്കളെ ശക്തരാക്കുകയും ചെയ്യുന്നു. പീഡനത്തിനും എതിർപ്പുകൾക്കുമല്ലാതെ മറ്റൊന്നിനും സത്യത്തെ വെളിവാക്കാൻ കഴിയാത്തത്രയും ഭംഗിയും ശക്തിയും സത്യത്തിനുണ്ട്.—13 MR 71, 72 (1896).

ഞായറാഴ്ചാനുസരണത്തെ ശക്തമാക്കുവാനുള്ള പരിശ്രമങ്ങൾ നടക്കുന്ന സമയമാണ് വ്യാജ ശബ്ബത്തിനു പകരമായി സത്യശബ്ബത്തിനെ ലോകത്തിനു മുൻപിൽ അവതരിപ്പിക്കുവാൻ പറ്റിയ സമയം. ദൈവത്തിന്റെ കരുതൽ നാം ചിന്തിക്കുന്നതിനുമപ്പുറമാണ്. നാലാം കല്പനയായ ശബ്ബത്തിനെ നിയമനിർമ്മാണ സഭകളിൽ അവതരിപ്പിക്കുവാൻ ഇടവരത്തക്കവിധം ഞായറാഴ്ചയെക്കുറിച്ചുള്ള സംശയങ്ങളും ചോദ്യങ്ങളും ജനങ്ങളുടെ മുൻപിലേക്ക് കൊണ്ടുവരപ്പെടുവാൻ ദൈവം അനുവദിച്ചു. അങ്ങനെ സത്യശബ്ബത്തിന് അനുകൂലമായ ദൈവവചന സാക്ഷ്യങ്ങളിലേക്ക് രാജ്യത്തിൽ നേതൃത്വസ്ഥാനങ്ങളിലുള്ളവരുടെ ശ്രദ്ധ തിരിക്കുവാൻ ഇടയാകുന്നു.—2MR 197 (1890).

### നാം മനുഷ്യരെക്കാളും ദൈവത്തെ അനുസരിക്കണം

ഒന്നുകിൽ തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുക അല്ലെങ്കിൽ ശബ്ബത്ത് അനുസരിക്കുക എന്ന ദൈവവചനം അവഗണിക്കുക. ഇവ രണ്ടിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കുവാൻ സത്യാനുയായികൾ ഇപ്പോൾ വിളിക്കപ്പെടുന്നു. മനുഷ്യരുടെ പാരമ്പര്യത്തെയും ആചാരങ്ങളെയും അനുസരിച്ചുകൊണ്ട് നാം ദൈവവചനത്തോട് അനുസരണക്കേടു കാണിക്കുവാൻ വഴങ്ങുകയാണെങ്കിൽ നമുക്ക് ഇവിടെ വാങ്ങുവാനും വില്ക്കുവാനും മനുഷ്യരുടെ ഇടയിൽ ജീവിക്കുവാനും അനുവാദം ലഭിക്കുകയും നമ്മുടെ അവകാശങ്ങളൊക്കെയും മാനിക്കപ്പെടുകയും ചെയ്യും. എന്നാൽ നമ്മൾ ദൈവത്തോട് കൂറ് പുലർത്തുകയാണെങ്കിൽ അത് മനുഷ്യരുടെ ഇടയിലുള്ള നമ്മുടെ അവകാശങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ടാവണം, കാരണം നമ്മുടെ മതവിശ്വാസത്തെ തകർക്കുവാനും മനുഷ്യമനഃസാക്ഷിയെ നിയന്ത്രിക്കുവാനും വേണ്ടി ദൈവകല്പനയുടെ ശത്രുക്കൾ കൂട്ടം കൂടിയിരിക്കുന്നു....

മനുഷ്യന്റെ ഭരണകൂടങ്ങളെല്ലാംതന്നെ ദൈവികമായ നടത്തിപ്പിനാൽ ഉണ്ടായതാണെന്നും അതിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കേണ്ടത് ദൈവമക്കളുടെ കടമയാണെന്നും ദൈവജനം മനസ്സിലാക്കും. പക്ഷെ അതിന്റെ പ്രസ്താവനകൾ ദൈവകല്പനയ്ക്കെതിരായി വരുമ്പോൾ നാം മനുഷ്യരെക്കാളുപരി ദൈവത്തെ അനുസരിക്കേണ്ടതാണ്. എല്ലാ മാനുഷിക കല്പനകൾക്കും ഉപരിയായ അധികാരമാണ് ദൈവവചനത്തിനുള്ളതെന്ന് തിരിച്ചറിയപ്പെടേണ്ടതും അനുസരിക്കേണ്ടതുമാണ്. സഭ ഇങ്ങനെ പറയുന്നു അല്ലെങ്കിൽ ഗവണ്മെന്റ് ഇങ്ങനെ പറയുന്നു എന്നിവയ്ക്കുവേണ്ടി യഹോവ ഇങ്ങനെ അരുളി



ചെയ്യുന്നു എന്നത് മാറ്റിവയ്ക്കരുത്. ഭൗമിക അധികാരിയുടെ കിരീടത്തിനു മുകളിലായി ക്രിസ്തുവിന്റെ കിരീടം ഉയർത്തപ്പെടേണ്ടതാണ് —HM Nov. 1 (1893).

സാത്താന്റെ പരമാധികാരത്തിന് കീഴ്പ്പെടുകയാണെങ്കിൽ അവൻ ലോകരാജ്യങ്ങളുടെ മേലുള്ള അധികാരം മനുഷ്യന് വാഗ്ദാനം ചെയ്യുന്നു. പലരും ഇതിനു കീഴ്പ്പെട്ടുകൊണ്ട് സ്വർഗ്ഗം ത്യജിക്കുന്നു. പാപം ചെയ്യുന്നതിനെക്കാൾ മരിക്കുന്നതാണ് നല്ലത്; കബളിപ്പിച്ച് നേടുന്നതിനെക്കാൾ ദരിദ്രനായിരിക്കുന്നതാണ് നല്ലത്; കള്ളം പറയുന്നതിനെക്കാൾ വിശന്നിരിക്കുന്നതാണ് ഉത്തമം.—4T 495 (1880).

## അധ്യായം പത്ത്

# ചെറിയ കഷ്ടകാലം

### കൃപയുടെ കാലം അടയുന്നതിനുമുമ്പുള്ള ഒരു കഷ്ടകാലം

പ്രാരംഭകാല എഴുത്തുകൾ എന്ന ഗ്രന്ഥത്തിലെ 13-ാം പുറത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "....കഷ്ടകാലം ആരംഭിക്കുന്ന സമയത്ത് ഞങ്ങളെല്ലാവരും പരിശുദ്ധാത്മ പൂരിതരായി എല്ലായിടത്തും പോയി ശബ്ബത്തിനെ പ്രസംഗിച്ചു".

പുനരാഗമന കാംക്ഷികളായ സഹോദരർ വളരെ ചുരുക്കമായിരുന്ന കാലമായ 1847-ൽ ആണ് ഈ ദർശനം കൊടുക്കപ്പെട്ടത്. ദൈവജനവും അവിശ്വാസികളും തമ്മിലുള്ള വേർതിരിവിന് ഏറ്റവും പര്യാപ്തമായതാണ് ശബ്ബത്തനുസരണം എന്ന് അവരിൽ കുറച്ചുപേർ മാത്രമേ ചിന്തിച്ചിരുന്നുള്ളു. ഇപ്പോൾ ആ ദർശനത്തിന്റെ പൂർത്തീകരണം കാണുവാൻ തുടങ്ങിയിരിക്കുന്നു. ഇവിടെ സൂചിപ്പിച്ചിരിക്കുന്ന കഷ്ടകാലത്തിന്റെ ആരംഭസമയം എന്നത് ഏഴു ബാധകൾ ഭൂമിയിലേക്കു ചൊരിയപ്പെടുന്ന സമയമല്ല. പിന്നെയോ ബാധകൾ ഭൂമിയിലേക്ക് ചൊരിയപ്പെടുന്നതിന് കുറച്ചുസമയം മുൻപ്, യേശുക്രിസ്തു തന്റെ ആലയത്തിൽ ആയിരിക്കുമ്പോൾതന്നെയാണ്. രക്ഷണ്യവേല തീർന്നുകൊണ്ടിരിക്കുന്ന ആ സമയം, ഭൂമിയിൽ പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കും. രാജ്യങ്ങൾ രോഷംപൂണ്ട് വരും, എന്നിരുന്നാലും മൂന്നാം ദൂതന്റെ ദൗത്യം തടയപ്പെടാതിരിക്കുവാൻ അതെല്ലാം തടസ്സപ്പെടുന്നു.—EW 85, 86 (1854).

### അമേരിക്കയിൽ മതസ്വാതന്ത്ര്യം അവസാനിക്കുന്നു

സാത്താന്റെ പ്രതിനിധികളാൽ ദൈവകല്പന ഇല്ലാതാക്കപ്പെടുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ച് വീമ്പിളക്കിയിരുന്ന നമ്മുടെ രാജ്യത്തുതന്നെ മതസ്വാതന്ത്ര്യം അവസാനിക്കുന്നു. ശബ്ബത്തിന്മേലുണ്ടാകുന്ന മത്സരം ലോകത്തെ മുഴുവനും പ്രക്ഷോഭത്തിലാക്കും.—Ev 236 (1875).



ഒരു വലിയ പ്രതിസന്ധി ദൈവജനത്തെ കാത്തിരിക്കുന്നു. ആഴ്ചയുടെ ഒന്നാം ദിവസത്തെ വിശുദ്ധമായി ആചരിക്കുവാൻ നമ്മുടെ രാജ്യം എല്ലാവരെയും നിർബന്ധിക്കുന്നതിന് വളരെ പെട്ടെന്ന് ശ്രമിക്കും. തങ്ങളുടെ രാജ്യം ശബ്ബത്തായി പ്രഖ്യാപിക്കുന്ന ദിവസത്തെ ആചരിക്കുവാൻ മനഃസാക്ഷിക്കെതിരായി മനുഷ്യരെ നിർബന്ധിക്കുന്നതിൽ അവർക്ക് ഒരു സന്ദേഹവുമുണ്ടാകില്ല.—RH Extra Dec. 11 (1888).

ഏഴാംദിന ശബ്ബത്തിന്മേലുള്ള യുദ്ധം ഏഴാംദിന പുനരാഗമന കാംക്ഷികൾ പോരാടും. അമേരിക്കയിലും മറ്റു രാജ്യങ്ങളിലുമുള്ള അധികാരികൾ അഹങ്കാരത്തോടെയും ശക്തിയോടെയും ഉണരുകയും മതസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുവാനുള്ള നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യും.—Ms 78 (1897).

അമേരിക്കൻ ഐക്യനാടുകളിലെ പ്രോട്ടസ്റ്റന്റുകാർതന്നെ ആദ്യമായി തങ്ങളുടെ കരങ്ങൾ പ്രേതാത്മവാദസിദ്ധാന്തത്തിലേക്കു നീട്ടുകയും റോമിന്റെ അധികാരവുമായി കൈകോർത്തുപിടിക്കുന്നതിന് അഗാധകൂപത്തിലേക്കു എത്തിച്ചേരുകയും ഇങ്ങനെ ഈ മൂന്നു ശക്തികൾ തമ്മിൽ യോജിച്ചുകൊണ്ട് ഈ രാജ്യം റോമിന്റെ ചവിട്ടുപടികൾ പിൻതുടർന്ന് മനസ്സാക്ഷി സ്വാതന്ത്ര്യത്തെ നിലംപരിചാക്കുകയും ചെയ്യും. —GC 588 (1911)

### സഭയും രാഷ്ട്രവും ദൈവജനത്തെ എതിർക്കുന്നു

അധർമ്മമൂർത്തി സ്ഥാപിച്ച ശബ്ബത്തിനെ ഉയർത്തിക്കാണിക്കുന്ന ദേശീയ നിയമങ്ങളെ അനുസരിക്കാത്തവരും ദേശീയ ഭരണസമിതികളുടെ കല്പനകൾക്ക് കീഴടങ്ങാത്തവരുമായവർ പീഡിപ്പിക്കുന്ന ശക്തി പാപ്പാത്വം മാത്രമല്ല, മൃഗത്തിന്റെ പ്രതിമയായ പ്രൊട്ടസ്റ്റന്റ് ലോകം മുഴുവനുമാണെന്ന് മനസ്സിലാക്കും.—2SM 380 (1886)

ദൈവത്തിന്റെ മുന്നറിയിപ്പിൻ ദൂതുകളെ നിരസിക്കുന്ന എല്ലാ മതവിഭാഗങ്ങളും ശക്തമായ വഞ്ചനയിൻ കീഴിലാവുകയും വിശുദ്ധന്മാരെ പീഡിപ്പിക്കുന്നതിനായി രാഷ്ട്രീയ ശക്തികളുമായി കൂട്ടുച്ചേരുകയും ചെയ്യും. ദൈവകല്പനയനുസരിക്കുന്നവരെ പീഡിപ്പിക്കുന്നതിൽ പ്രൊട്ടസ്റ്റന്റ് സഭകൾ റോമാസഭയോടു കൂടിച്ചേരും....

കുഞ്ഞാടിനെപ്പോലെയുള്ള ശക്തി ദൈവകല്പനയും യേശുവിന്റെ സാക്ഷ്യമുള്ളവരുമായവരോട് യുദ്ധം ചെയ്യുവാൻ മഹാസർപ്പവുമായി ഒത്തുചേരും.—14MR 162 (1899).

രാഷ്ട്രീയ ശക്തികളുടെ ശക്തമായ കരങ്ങളെ സഭ ഇതിനായി അഭ്യർത്ഥിക്കുകയും പാപ്പാ അനുയായികളും പ്രൊട്ടസ്റ്റന്റ് സഭകളും ഇതിനായി ഒരുമിച്ചു കൂടുകയും ചെയ്യും.—GC 607 (1911).

## കോടതികൾക്കു മുൻപിൽ

സത്യത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുക എന്നാൽ എന്താണ് എന്ന് ഈ ഭൂമിയുടെ ചരിത്രത്തിന്റെ അന്ത്യനാളുകളിൽ ജീവിക്കുന്നവർക്ക് മനസ്സിലാകും. കോടതികളിൽ അന്യായം നടമാടും. ദൈവകല്പന യോട് വിശ്വസ്തരായവരുടെ കാരണങ്ങൾ കേൾക്കുവാൻ ന്യായാധി പന്മാർ തയ്യാറാകുന്നില്ല. കാരണം നാലാം കല്പനയ്ക്ക് അനുകൂല മായ വാദഗതികൾ ഉത്തരം പറയുവാനാവാത്തതാണെന്ന് അവർക്ക് അറിയാം. "ഞങ്ങൾക്ക് ഒരു നിയമമുണ്ട്. ഞങ്ങളുടെ നിയമമനുസ രിച്ച് നിങ്ങൾ മരണശിക്ഷയ്ക്ക് യോഗ്യരാണ്" എന്ന് അവർ തീർപ്പു കല്പിക്കും. ദൈവകല്പന അവർക്ക് ഏതുമല്ല. 'ഞങ്ങളുടെ നിയമം' എന്നതാണ് അവർക്ക് ഉന്നതമായത്. ഈ മാനുഷ കല്പന അനുസരി ക്കുന്നവരോട് പ്രീതിയുണ്ടാകും. എന്നാൽ അതിനു വഴങ്ങാത്തവർക്കു നേരെ ഒരു ദാക്ഷിണ്യവും കാണിക്കപ്പെടുകയില്ല.—ST May 26 (1898).

നമ്മെ കോടതികൾക്കു മുൻപിൽ കൊണ്ടുവരേണ്ടിവന്നാൽ ദൈവ വുമായി എതിർപ്പുണ്ടാക്കുന്ന നമ്മുടെ എല്ലാ അവകാശങ്ങളും നമ്മൾ ഉപേക്ഷിക്കേണ്ടിവരും. നമ്മുടെ അവകാശങ്ങൾക്കുവേണ്ടിയല്ല നമ്മൾ യാചിക്കേണ്ടത്, നമ്മെ സഹായിക്കുവാനുള്ള ദൈവത്തിന്റെ അവകാ ശത്തിനു വേണ്ടിയായിരിക്കണം.—5MR 69 (1895).

## പുനരാഗമനകാംക്ഷികൾ നിന്ദയോടെ കൈകാര്യം ചെയ്യപ്പെടും

കഴിഞ്ഞ യുഗങ്ങളിൽ വിശുദ്ധന്മാർക്കെതിരെ ഗൂഢാലോചന നട ത്തിയ അതേ ബുദ്ധികേന്ദ്രംതന്നെ ദൈവമക്കളെ ഭൂമിയിൽനിന്നും തുടച്ചുനീക്കുന്നതിന് പദ്ധതികൾ നിർമ്മിക്കുന്നു....

ധനം, വിദ്യാഭ്യാസം, ബുദ്ധിസാമർത്ഥ്യം എന്നിവ യോജിച്ച് വിശു ദ്ധന്മാരെ പരിഹാസപാത്രങ്ങളാക്കും. പീഡിപ്പിക്കുന്ന അധികാരികൾ, മന്ത്രിമാർ, സഭാവിശ്വാസികൾ എന്നിവർ ദൈവജനത്തിനെതിരായി ഗൂഢാലോചന നടത്തും. പൊങ്ങച്ചം, ഭീഷണി, പരിഹാസം എന്നിവ യിലൂടെ അവരുടെ പേനകൊണ്ടും ശബ്ദംകൊണ്ടും വിശ്വാസത്തെ തകർക്കുവാൻ അവർ ശ്രമിക്കും.—5T 450 (1885).

ബൈബിൾ സത്യങ്ങളെ പിൻതാങ്ങുന്നതുമൂലം നമ്മൾ ചതിയന്മാ രായി കണക്കാക്കപ്പെടുന്ന ഒരു സമയം വരും.—6T 394 (1900).



വേദപുസ്തകശബ്ബത്തിനെ ബഹുമാനിക്കുന്നവരെ സമൂഹത്തിലെ ക്രമസമാധാനത്തിന്റെ ശത്രുക്കൾ, സാന്മാർഗ്ഗിക പരിധികളെ ലംഘി ക്കുന്നവർ, അഴിമതിക്കും അരാജകത്വത്തിനു കാരണക്കാർ, ദൈവ ത്തിന്റെ ന്യായവിധിയെ ഭൂമിയിലേക്ക് വിളിച്ചുവരുത്തുന്നവർ എന്നൊക്കെ മുദ്രകുത്തും. അവരുടെ ഔചിത്യനിഷ്ഠയോടും ബോധ പൂർവ്വവുമുള്ള എല്ലാ കാര്യങ്ങളും അധികാരത്തോട് അവർ കാണി ക്കുന്ന വെറുപ്പും വാശിയുമാണെന്നു പറയപ്പെടും. ഗവണ്മെന്റിനോട് സ്നേഹമില്ലാത്തവർ എന്ന് കുറ്റപ്പെടുത്തും.—GC 592 (1911).

മനഃസാക്ഷിയുടെ നിർദ്ദേശപ്രകാരം ഭയലേശമെന്യേ ദൈവത്തെ സ്നേഹിക്കുന്ന എല്ലാവർക്കും ആ ദുർദിനത്തിൽ ധൈര്യവും ഉറപ്പും ദൈവത്തിലും ദൈവവചനത്തിലുമുള്ള അറിവും വേണ്ടതാണ്, കാരണം ദൈവത്തോട് വിശ്വസ്തരായിരിക്കുന്നവരൊക്കെയും പീഡി പ്പിക്കപ്പെടുകയും അവരുടെ താല്പര്യങ്ങളെ സംശയിക്കുകയും നല്ല ശ്രമങ്ങളെയെല്ലാം ദുർവ്യാഖ്യാനം ചെയ്യുകയും അവരെ ദുഷ്ടന്മാ രായി കണക്കാക്കുകയും ചെയ്യും.—A4 431, 432 (1911).

## എല്ലാതരത്തിലുമുള്ള പീഡനം

ക്രിസ്തുവിന്റെ സഭയെ ഏകദേശം ഉന്മൂലനാശം വരുത്തിയ റോമാ സഭ പ്രൊട്ടസ്റ്റന്റുകാരുടെമേൽ അഴിച്ചുവിട്ട പീഡനത്തെക്കാളധികമാ യിരിക്കും പ്രൊട്ടസ്റ്റന്റുകാരും പാപ്പാത്വവും കൂടിച്ചേരുമ്പോൾ ഉണ്ടാ കുവാൻ പോകുന്നത്.—3SM 387 (1889).

ദൈവത്തോടു കൂറുള്ള കല്പനാനുസാരികളായവരെ അവരുടെ മനഃസാക്ഷിക്കെതിരായി പ്രവർത്തിക്കുവാൻ നിർബന്ധിക്കുന്നതിന് അവരുടെമേൽ പ്രയോഗിക്കുവാൻ മുഖം മൂടിയണിഞ്ഞ അനേകം പീഡ ങ്കികൾ സാത്താനുണ്ട്.—Letters 30a (1892).

ഇപ്പോൾ സംഭവിക്കുന്ന ഒരു കാര്യത്തെക്കുറിച്ചും നമ്മൾ അത്ഭുത പ്പെടേണ്ടതില്ല. ഭീകരതയുടെ വളർച്ച കണ്ട് അതിശയിക്കേണ്ടതില്ല. ദൈവിക നിയമത്തെ തങ്ങളുടെ അശുദ്ധമായ കാലുകൾക്കടിയിലിട്ടു ചവിട്ടുന്നവർക്കുള്ള ആത്മാവ് അന്ന് യേശുവിനെ അപമാനിച്ചവർക്കും ഒറ്റിക്കൊടുത്തവർക്കും ഉള്ള ആത്മാവുതന്നെയാണ്. ഒരു മനഃസാ ക്ഷിക്കുത്തുമില്ലാതെ അവർ അവരുടെ പിതാവായ സാത്താന്റെ പ്രവൃത്തികൾതന്നെ ചെയ്യും.—3SM 416 (1897).

സത്യത്താൽ അഭ്യസിപ്പിക്കപ്പെടണമെന്നും മനസ്സിനെ ശുദ്ധമായി സൂക്ഷിക്കണമെന്നും ആഗ്രഹിക്കുന്ന ഏവരും പെന്തെക്കൊസ്തിന് മുൻപും അതിനു ശേഷവുമുള്ള സഭയുടെ ചരിത്രം പഠിക്കണം. പൗലൊസിന്റെയും മറ്റ് അപ്പൊസ്തലന്മാരുടെയും അനുഭവങ്ങൾ അപ്പൊസ്തലപ്രവൃത്തികൾ ശ്രദ്ധയോടെ പഠിച്ചു മനസ്സിലാക്കണം. കാരണം ഇപ്പോഴുള്ള ദൈവജനവും ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്.—PC 118 (1907).

### എല്ലാ ഭൗമിക പിന്തുണയും നീക്കപ്പെടും

ശേഖരിച്ചു വച്ചിരിക്കുന്ന ധനമെല്ലാം വേഗത്തിൽ വിലയില്ലാത്തതാകും. മൃഗത്തിന്റെ മുദ്രയുള്ളവർക്കു മാത്രമേ വാങ്ങുവാനോ വില്ക്കുവാനോ കഴിയുകയുള്ളു എന്ന കല്പന പുറപ്പെട്ടുകഴിയുമ്പോൾ അധികമായ ധനം സൂക്ഷിച്ചു വച്ചിരിക്കുന്നവർക്ക് അത് ഒരു പ്രയോജനവുമില്ലാത്തതാകും. ലോകത്തിനു മുന്നറിയിപ്പ് കൊടുക്കുവാൻ നമുക്ക് ചെയ്യാവുന്നതെല്ലാം ചെയ്യുവാൻ ദൈവം നമ്മെ വിളിക്കുന്നു.—RH March 21 (1878).

എന്തു വിലയ്ക്കായാലും ഒന്നും നമുക്ക് വിൽക്കുവാൻ കഴിയാത്ത സമയം വരുന്നു. മൃഗത്തിന്റെ മുദ്രയുള്ളവർക്കല്ലാതെ മറ്റാർക്കും ഒന്നും വാങ്ങുവാനോ വിൽക്കുവാനോ പാടില്ല എന്ന കല്പന പുറപ്പെടുന്നു. നാളുകൾക്കുമുൻപ് കാലിഫോർണിയായിൽ ഇത് പ്രാവർത്തികമാക്കി. പക്ഷെ ഇത് നാലുകാറ്റും വീശുന്നതിന്റെ ഒരു ഭീഷണി മാത്രമായിരുന്നു. നാലു കാറ്റുകളെയും ഭൂമിമേൽ ഊതുവാൻ നാലു ദൂതന്മാർക്കും കല്പന കൊടുക്കുന്നു.—5T 152 (1882).

സാത്താനുമായിട്ടുള്ള വിവാദത്തിന്റെ അന്തിമ പോരാട്ടത്തിൽ ദൈവത്തോടു വിശ്വസ്തരായവർക്ക് ഭൗമികമായ എല്ലാ പിന്തുണയും നഷ്ടപ്പെടുന്നു. ഭൗമിക അധികാരങ്ങളോട് അനുസരണ കാണിച്ചുകൊണ്ട് ദൈവത്തിന്റെ നിയമം ലംഘിക്കുവാൻ മനസ്സില്ലാത്തവർക്ക് വാങ്ങുവാനോ വിൽക്കുവാനോ സാധിക്കാതെ വരുന്നു.—DA 121, 122 (1898).

സാത്താൻ പറയുന്നു, "ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും അഭാവം ഭയന്ന് അവർ ദൈവകല്പന ലംഘിച്ചുകൊണ്ട് ലോകവുമായി ചേരും. ലോകം മുഴുവൻ എന്റെ അധീനതയിലായിത്തീരും.—PK 183, 184 (c. 1914).



### ചിലർ തങ്ങളുടെ വിശ്വാസം മൂലം തടവിലാക്കപ്പെടും

വിശുദ്ധ ശബ്ബത്തിന്റെ പരിശുദ്ധിയെ നഷ്ടപ്പെടുത്താൻ വിസമ്മതിക്കുന്ന ചിലർ തടവറകളിലാക്കപ്പെടും.—PC 118 (1907).

സത്യത്തിനുവേണ്ടി നിലകൊള്ളുന്നവർ ഞായറാഴ്ച ശബ്ബത്തിനെ ബഹുമാനിക്കുവാൻ വിസമ്മതിക്കുന്നതിനാൽ അവരിൽ ചിലർ തടവറകളിൽ ആക്കപ്പെടുകയും ചിലർ നാടുകടത്തപ്പെടുകയും ചിലർ അടിമകളാക്കപ്പെടുകയും ചെയ്യും. മാനുഷിക ജ്ഞാനത്തിൽ ഇപ്പോൾ ഇത് അസാദ്ധ്യമായി തോന്നുമെങ്കിലും ദൈവത്തിന്റെ നിയന്ത്രിക്കുന്ന ആത്മാവിനെ മനുഷ്യരിൽ നിന്നെടുക്കുമ്പോൾ അവർ ദൈവിക നിയമങ്ങളെ വെറുക്കുന്ന സാത്താന്റെ പിടിയിലാവുകയും വളരെ വിചിത്രമായ സംഭവഗതികൾ ഉണ്ടാവുകയും ചെയ്യും. ദൈവഭയവും സ്നേഹവും ഇല്ലാതാവുമ്പോൾ ഹൃദയം വളരെ ക്രൂരമാക്കപ്പെടും.—GC 608 (1911).

യേശുവിനായി കഷ്ടം സഹിക്കുവാൻ നാം വിളിക്കപ്പെടുമ്പോൾ കുഞ്ഞുങ്ങൾ മാതാപിതാക്കളെ ആശ്രയിക്കുന്നതുപോലെ നമ്മൾ ദൈവത്തിലാശ്രയിക്കുവാനും ജയിലിൽ പോകുവാൻവരെയും തയ്യാറായിരിക്കും. ഇപ്പോഴാണ് ദൈവത്തിലുള്ള വിശ്വാസം വളർത്തുവാനുള്ള സമയം.—OHC 357 (1892).

### പലരും മരണത്തിനേൽപ്പിക്കപ്പെടും

ദൈവത്തോടു കൂടുതൽ അടുത്തു ജീവിക്കുന്നതാണ് നമ്മുടെ ജീവിതത്തിന് ഏറ്റവും നല്ലത്. സത്യത്തിനുവേണ്ടി രക്തസാക്ഷിയാകണമെന്നാണ് ദൈവം എന്നെക്കുറിച്ച് ആഗ്രഹിക്കുന്നതെങ്കിൽ അത് അനേകരെ സത്യത്തിലേക്കു വഴിനടത്തുന്നതിനായിരിക്കും.—3SM 420 (1886).

അനേകരും ജയിലിൽ അടയ്ക്കപ്പെടും, ജീവരക്ഷാർദ്ധം അനേകരും പട്ടണങ്ങളിൽനിന്നും ഓടിപ്പോകും, സത്യത്തിനുവേണ്ടി നിലകൊള്ളുന്ന അനേകരും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളാകും.—3SM 397 (1889).

ദൈവിക ന്യായപ്രമാണത്തിന്റെ പരിരക്ഷണത്തിനുവേണ്ടി വസ്തുവകകളും ജീവൻപോലും നഷ്ടപ്പെടുകയോ ജയിലിലടയ്ക്കപ്പെടുകയോ ചെയ്യപ്പെടുന്ന രീതിയിലുള്ള ഒരു പീഡന പരമ്പരതന്നെ നമ്മുടെ മുമ്പിൽ ഒരു വിശാലദൃശ്യംപോലെയുണ്ട്.—5T 712 (1889).

ദൈവത്തിന്റെ ന്യായപ്രമാണം ലംഘിച്ചുകൊണ്ട് മനുഷ്യരുടെ ഇഷ്ട പ്രകാരം ഉണ്ടാക്കപ്പെട്ട പ്രമാണങ്ങളെ അനുസരിക്കുവാൻ മനുഷ്യർ നിർബന്ധിക്കപ്പെടുന്നു. ദൈവത്തോടു വിശ്വസ്തരായിരിക്കുന്നവരെ ഭീഷണിപ്പെടുത്തുകയോ പരസ്യമായി ആക്ഷേപിക്കുകയോ നാടുകട ത്തുകയോ ചെയ്യും. അവരുടെ മാതാപിതാക്കളോ സഹോദരങ്ങളോ ബന്ധുക്കളോ സുഹൃത്തുക്കളോ ഒറ്റിക്കൊടുക്കുകയോ മരണത്തിനായി ഏല്പിച്ചുകൊടുക്കുകയോ ചെയ്യും.—PK 588 (c 1914).

പണ്ടുകാലത്തുണ്ടായിരുന്ന രക്തസാക്ഷികളുടെ അവസ്ഥയിലേക്കു നമ്മൾ വന്നില്ലെങ്കിൽ നമുക്ക് അവരുടേതായ ധൈര്യവും സഹനശ ക്തിയും ഉണ്ടാവുകയില്ല.... യഥാർത്ഥ ധീരത പ്രകടിപ്പിക്കുവാനുള്ള ഊർജ്ജം എല്ലാ ആത്മാക്കളിലും ഉണർത്തുവാനുള്ള ദൈവകൃപ നൽകപ്പെടാതെ ഇനിയും പീഡനം വരികയില്ല.—OHC 125 (1889).

ആ കൃപ ആവശ്യമായി വരുമ്പോൾ മാത്രമേ ശിഷ്യന്മാർക്ക് രക്ത സാക്ഷികളുടെ ധൈര്യവും സഹനശക്തിയും നൽകപ്പെടുകയുള്ളു. —DA 354 (1898).

## പീഡനത്തിൽ എങ്ങനെ ഉറച്ചുനിൽക്കാം

യേശുവിന്റെ കരം ഒഴികെ മറ്റെല്ലാ കരങ്ങളിൽനിന്നും നാം പിടിവി ടേണ്ടതാണ് എന്ന് നാം മനസ്സിലാക്കും. സുഹൃത്തുക്കളെല്ലാം ചതിയ ന്മാരാണെന്ന് തെളിവാകുകയും അവർ നമ്മെ ഒറ്റിക്കൊടുക്കുകയും ചെയ്യും. നാം നമ്മുടെ വിശ്വാസം ത്യജിക്കുമെന്ന് ശത്രുക്കളാൽ വഞ്ചി ക്കപ്പെട്ട ബന്ധുക്കൾ ആശിച്ചുകൊണ്ട് നമ്മെ എതിർക്കുകയും കഠിന മായ പരീക്ഷകളിൽ എത്തിക്കുകയും ചെയ്യുന്നതിലൂടെ അവർ ദൈവ ത്തിനുവേണ്ടി സേവനം ചെയ്യുകയാണെന്ന് ചിന്തിക്കും. പക്ഷെ അന്ധ കാരത്തിന്റെയും പ്രതിസന്ധിയുടെയും മദ്ധ്യത്തിൽ നാം യേശുവിന്റെ കരത്തിലായിരിക്കുന്ന നമ്മുടെ കരത്തെ ആശ്രയിക്കുന്നു.—Mar 197 (!889).

യേശുവിൽ അടിസ്ഥാനപ്പെട്ടും വേരൂന്നിയും ഇരിക്കുക മാത്രമാണ് ഈ പോരാട്ടത്തിൽ വീഴാതെ നിൽക്കേണ്ടതിനുള്ള ഏകവഴി. യേശു വിലുള്ള സത്യത്തെ അതേപടി സ്വീകരിക്കുക. ആ സത്യത്തെ അതേ പോലെതന്നെ അവതരിപ്പിക്കുകയാണെങ്കിൽമാത്രമേ ഓരോ ആത്മാ വിന്റെയും ആവശ്യങ്ങൾ നിറവേറ്റപ്പെടുകയുള്ളു. നമ്മുടെ നീതിയും ക്രൂശിതനുമായ യേശുവിനെക്കുറിച്ചുള്ള പ്രസംഗങ്ങളാണ് നമ്മുടെ



ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്നത്. ഈ വലിയ സത്യത്തിലേക്ക് ജനങ്ങളുടെ താല്പര്യം കേന്ദ്രീകരിക്കപ്പെടുമ്പോൾ ഹൃദയത്തിൽ വിശ്വാസവും പ്രത്യാശയും ധൈര്യവും ഉണ്ടാകും.—GCDB Jan. 28 (1893).

അനേകരും തങ്ങളുടെ വിശ്വാസത്താൽ സ്വഭവനങ്ങളിൽനിന്നും പിതൃബന്ധത്തിൽനിന്നും ഒഴിവാക്കപ്പെടും. എങ്കിലും അവർ ക്രിസ്തു വിനായി അവരുടെ ഹൃദയം കൊടുക്കുകയാണെങ്കിൽ അവന്റെ കൃപ യുടെ ദൂതിനെ സ്വീകരിക്കുകയും അവരുടെ പകരക്കാരനായ ദൈവ പുത്രനിൽ ആശ്രയം വയ്ക്കുകയും ചെയ്യുകയാണെങ്കിൽ എപ്പോഴും ആനന്ദം നിറഞ്ഞവരായിരിക്കും.—ST June 2 (1898).

## പീഡനം ദൈവജനത്തെ ചിതറിക്കുന്നു

ദൈവത്തിന്റെ വിശുദ്ധ ശബ്ബത്തിനെ ബഹുമാനിക്കുന്നവർക്കെതി രായ ശത്രുത്വം പല സ്ഥലങ്ങളിലും ഉടലെടുക്കുമ്പോൾ ദൈവജനം അങ്ങനെയുള്ള സ്ഥലങ്ങൾ വിട്ട് അധികം എതിർപ്പില്ലാത്ത മറ്റുസ്ഥല ങ്ങളിലേക്ക് പോകേണ്ടത് ആവശ്യമായി വരുന്നു.

ദുഷ്ടത നിറഞ്ഞ ജനത്തിന്റെ പ്രവർത്തനങ്ങൾ മൂലം ദൈവജന ത്തിന് അവരുടെ സ്വാധീനം ഫലപ്രദമല്ലാതെയും അവരുടെ ജീവിത ത്തിന് അപകടമാകുന്ന അവസ്ഥയിലാകുകയും ചെയ്യുമ്പോൾ ദൈവ ജനം ആ സ്ഥലങ്ങളിൽതന്നെ നിൽക്കണമെന്ന് ദൈവം ആവശ്യപ്പെ ടുന്നില്ല. സ്വാതന്ത്ര്യവും ജീവനും അപകടത്തിലാകുമ്പോൾ, ജീവന്റെ വചനം കേൾക്കുവാൻ ജനം ഒരുക്കമുള്ളതും ദൈവവചനം പ്രസംഗി ക്കുവാൻ കൂടുതൽ അനുയോജ്യവുമായ സ്ഥലങ്ങളിൽ പോകുക എന്നത് നമ്മുടെ വെറും അവസരമല്ല, ഇതു സൃഷ്ടിപരമായ കടമ യാണ്.—Ms 26 (1904).

പീഡനം കാരണം ദൈവജനം പല രാജ്യങ്ങളിലായി ചിതറി പ്പോകുന്ന സമയം വരുന്നു. എല്ലാ തുറയിലും പര്യാപ്തമായ ഒരു വിദ്യാഭ്യാസം ലഭിച്ചവർക്ക് അവർ എവിടെയായിരുന്നാലും അവർക്ക് അവരുടേതായ നേട്ടങ്ങൾ ഉണ്ടായിരിക്കും.—5 MR 280 (1908).

## പീഡനം ദൈവജനത്തെ ഐക്യതയിലേക്ക് നയിക്കുന്നു

പീഡനത്തിന്റെ കാറ്റ് നമ്മുടെ മേൽ പൊട്ടിപുറപ്പെടുമ്പോൾ യഥാർത്ഥ ആടുകൾ യഥാർത്ഥ ഇടയന്റെ ശബ്ദം കേൾക്കും. നഷ്ട പ്പെട്ടുപോയവയെ രക്ഷിക്കുവാനായി സ്വയത്തെ ത്യജിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുകയും കൂട്ടം തെറ്റിയ അനേകർ മടങ്ങിവന്ന്

മഹാ ഇടയനെ പിൻപറ്റുകയും ചെയ്യും. ദൈവജനം ഒത്തൊരുമിച്ച് കൂടിവന്ന് ശത്രുവിനെതിരെ ശക്തമായി അണിനിരക്കും. പൊതുവായ അപകടത്തെക്കുറിച്ച് ബോധ്യപ്പെട്ടതുകൊണ്ട് ആരാണ് വലിയവൻ എന്ന തർക്കം ഉപേക്ഷിക്കുകയും അധികാരത്തിനായുള്ള ആഗ്രഹം ഇല്ലാതാവുകയും ചെയ്യും.—6 T 401 (1900).

## ഒരു പ്രതിസന്ധി ദൈവത്തിന്റെ ഇടപെടൽ കൂടുതൽ ശ്രദ്ധേയമാക്കുന്നു

സമയാസമയങ്ങളിൽ ദൈവം തന്റെ വേലയുടെ രീതി വെളിപ്പെടുത്തിയിട്ടുണ്ട്. ഭൂമിയിൽ സംഭവിക്കുന്നതിനെ സംബന്ധിച്ച വ്യക്തമായ ബോധ്യം ദൈവത്തിനുണ്ട്. പ്രതിസന്ധി ഉണ്ടാകുമ്പോഴൊക്കെയും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുകയും പിശാചിന്റെ പദ്ധതികളിൽ ഇടപെട്ട് അതിന് ഭംഗം വരുത്തുകയും ചെയ്തിട്ടുണ്ട്. ദൈവം പലപ്പോഴും തന്റെ ശ്രദ്ധേയമായ ഇടപെടൽ വ്യക്തമാക്കുന്നതിനായി രാജ്യങ്ങളുടെമേലും കുടുംബങ്ങളുടെമേലും വ്യക്തികളുടെമേലും ചില പ്രതിസന്ധികൾ കടന്നുവരുവാൻ അനുവദിച്ചിട്ടുണ്ട്; ശേഷം തന്റെ ജനത്തെ പോറ്റിപ്പുലർത്തുകയും കുറ്റവിമുക്തരാക്കുകയും ചെയ്യുന്ന ഒരു ദൈവം യിസ്രയേലിൽ ഉണ്ടെന്ന യാഥാർത്ഥ്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

യഹോവയുടെ ന്യായപ്രമാണത്തെ ലോകവ്യാപകമായി അവഹേളിക്കുകയും തന്റെ ജനം മറ്റു മനുഷ്യരാൽ പീഡിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ, ദൈവം തീർച്ചയായും ഇടപ്പെടും. തന്റെ ജനത്തിന്റെ ഉത്കടമായ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുകയും ദൈവം തന്നെ പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുന്നവരെയും രക്ഷകൻ എന്ന നിലയിൽ തന്നെ ആശ്രയിക്കുന്നവരെയും സ്നേഹിക്കുകയും ചെയ്യുന്നു. —RH June 15 (1897).

അല്പസമയത്തേക്ക് എതിരാളികൾ ദൈവകല്പനയെ സംബന്ധിച്ചു അറിവുള്ളവരുടെ മേൽ വിജയം നേടും.... ഒടുവിൽ കള്ളം പറയുന്നവൻ, കൊലപാതകൻ, കുറ്റംചുമത്തുന്നവൻ എന്നിങ്ങനെയുള്ള പിശാചിന്റെ യഥാർത്ഥ സ്വഭാവത്തെ വെളിപ്പെടുത്തുവാൻ ദൈവം അനുവദിക്കുന്നു. അങ്ങനെ ദൈവജനത്തിന്റെ അവസാനത്തെ വിജയം കൂടുതൽ ശ്രദ്ധേയവും കൂടുതൽ മഹത്വകരവും കൂടുതൽ നിറവും സമ്പൂർണ്ണവും ആക്കിത്തീർക്കും.— 3 SM 414 (1904).



## പീഡനം ദൈവജനത്തെ ശുദ്ധീകരിക്കുന്നു

വേഗത്തിൽ ലോകമെമ്പാടും പ്രശ്നങ്ങൾ ഉണ്ടാകും. ഏവരും ദൈവത്തെ അന്വേഷിച്ച് അറിയേണ്ടതായി വരും. നമുക്ക് വൈകിക്കുവാൻ ഒട്ടും സമയമില്ലാ....

സഭയോടുള്ള ദൈവത്തിന്റെ സ്നേഹം അനന്തമാണ്. സ്വന്തമായവയിൻമേലുള്ള അവന്റെ കരുതൽ നിലയ്ക്കാത്തതാണ്. സഭയുടെ മേൽ കഷ്ടതകൾ വരുവാൻ അവൻ അനുവദിക്കുകയില്ല എന്നിരുന്നാലും ഇപ്പോഴും നിത്യതയ്ക്കുമുള്ള അവളുടെ നന്മയ്ക്ക് ഇത് അനിവാര്യമാണ്.

ഭൂമിയിലെ തന്റെ ശുശ്രൂഷയുടെ ആരംഭത്തിലും അവസാനത്തിലും ആലയം ശുദ്ധീകരിച്ചതുപോലെ തന്റെ സഭയെ അവൻ ശുദ്ധീകരിക്കുന്നു. അവൻ സഭയുടെ മേൽ കൊണ്ടുവരുന്ന എല്ലാ പരീക്ഷകളും പ്രതിസന്ധികളും തന്റെ ജനത്തെ ആഴത്തിലുള്ള ആത്മീക അനുഭവം, അധിക ശക്തി എന്നിവ പ്രാപിച്ച് ക്രിസ്തുവിന്റെ ക്രൂശിലെ വിജയത്തെ ലോകത്തെല്ലായിടവും പ്രചരിപ്പിക്കുവാൻ ശക്തരാക്കുന്നു.—9 T 228 (1909).

വിപത്തുകളും ക്രൂശും പരീക്ഷകളും കഷ്ടപ്പാടുകളും മറ്റ് വിവിധ പ്രയാസങ്ങളും നമ്മെ ശുദ്ധീകരിക്കുവാനുള്ള ദൈവിക ഉപാധികളും സ്വർഗ്ഗീയ കളപ്പുരക്ക് യോഗ്യരാക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ്.—3 T 115 (1872).

## അധ്യായം പതിനൊന്ന്

# സാത്താന്റെ അന്ത്യകാല വഞ്ചനകൾ

### ക്രിസ്ത്യാനിത്വത്തിന്റെ വേഷത്തിൽ

നാമേവരും ഭൂമിയുടെ ചരിത്രത്തിന്റെ അന്ത്യനാളുകളിലേക്ക് കടന്നുവന്നിരിക്കുകയും മറ്റേതൊരു സമയത്തെക്കാളും അധികമായി പിശാചും തന്റെ വേല നിവൃത്തിയാക്കിക്കൊണ്ടിരിക്കുകയുമാണ്. ക്രിസ്തീയ ലോകത്തിന്റെ അധിപനായി അവൻ അഭിനയിക്കുകയും തന്റെ മാസ്മരിക ശക്തിയാൽ, അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവൻ ഏവരെയും വഞ്ചിക്കുകയും ചെയ്യുന്നു. സാത്താനെ അലറി നടക്കുന്ന സിംഹമായും ആരെ വിഴുങ്ങേണ്ടൂ എന്നു നോക്കിപ്പാർത്ത് നടക്കുന്നവനായും ചിത്രീകരിച്ചിരിക്കുന്നു. സകല ലോകത്തെയും തന്റെ കൂട്ടുകെട്ടിൻ കീഴിൽ കൊണ്ടുവരുവാൻ അവൻ ആഗ്രഹിക്കുന്നു. അവൻ തന്റെ യഥാർത്ഥ ലക്ഷ്യത്തെയും സ്വഭാവത്തെയും ക്രിസ്ത്യാനിത്വത്തിന്റെ മറയിൽ ഒളിച്ചുവെയ്ക്കുകയും ഒരു ക്രിസ്ത്യാനിയുടേതായ സ്വഭാവത്തെ പ്രതിഫലിപ്പിച്ച് സ്വയം ക്രിസ്തുവാണെന്നുപോലും അവകാശപ്പെടുകയും ചെയ്യുന്നു.—8 MR 346 (1901).

ശത്രുവിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അവൻ ക്രിസ്ത്യാനിത്വത്തിന്റെ കപടവേഷം ധരിച്ച് തന്റേതായ നിരവധി ഉപാധികളിലൂടെ തന്റെ മഹത്തായ ശക്തിയാൽ കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിച്ചുകളയും എന്നത്രേ ദൈവവചനം പ്രഖ്യാപിക്കുന്നത് (മത്തായി 24:24).—Ms 125 (1901).

ആത്മാക്കൾ ദൈവവചനത്തിൽ വിശ്വസിക്കുന്നു എന്നും സഭയുടെ സ്ഥാപനങ്ങളെ ബഹുമാനിക്കുന്നു എന്നു അവകാശപ്പെടുകയും ചെയ്യുമ്പോൾ അവരുടെ വേല ദൈവിക ശക്തിയാൽ ആണെന്ന ഭാവത്തോടെ ഏവരും സ്വീകരിക്കും.—GC 588 (1911).

ഉപേക്ഷിക്കപ്പെട്ട പാപിയുടെയോ മാനഹീനനും പുറന്തള്ളപ്പെട്ടവ



നുമായവന്റെയോ അധാർമ്മിക ജീവിതമല്ല നമ്മുടെ ലോകത്തിലെ ദുരാചാരത്തിന്റെ ഏറ്റവും ശക്തിയേറിയ ചുറ്റുമതിൽക്കെട്ട്; കുറ്റമറ്റതും മാന്യവും ഉന്നതവും എന്നവണ്ണം പ്രത്യക്ഷപ്പെട്ടിട്ട് ഒരു പാപത്തെ പോഷിപ്പിക്കുന്നതും ഒരു തിന്മയിൽ മുഴുകുന്നതുമായ ഒരു ജീവിതമാണ്.... കഴിവു കാട്ടുക, താലന്ത്, അനുകമ്പ, ഉദാരമതിയും ദയയോടു കൂടിയ പ്രവർത്തനങ്ങൾ എന്നിവപോലും ആത്മാക്കളെ നാശത്തിലേക്കു തള്ളിയിടുവാൻവേണ്ടി സാത്താൻ വശീകരിക്കുന്ന അവന്റെ കെണികളായിത്തീർന്നേക്കാം.—Ed 150 (1903).

### അഡ്വന്റിസ്റ്റ് സഭകളിൽപോലും

പുറത്തുള്ളവരെക്കാളും അകത്തുള്ളവരെ നാം ധാരാളമായി ഭയപ്പെടേണ്ടിയിരിക്കുന്നു. വിജയത്തിനും ശക്തീകരണത്തിനും എതിരായിട്ടുള്ള തടസ്സങ്ങൾ ലോകത്തിൽ നിന്നുള്ളതിൽ നിന്നും അധികമായി സഭക്കുള്ളിൽനിന്നു തന്നെയാണ്. ദൈവകല്പനകൾ അനുസരിക്കുന്നവരും യേശുവിന്റെ വിശ്വാസമുള്ളവരും ഈ ലോകത്തിൽ നിന്നുള്ള മറ്റേതൊരു കൂട്ടത്തെക്കാളും അധികമായി തങ്ങൾ വിശ്വസിക്കുന്നതിനെ സംബന്ധിച്ച് ഒരു ജീവിക്കുന്ന സാക്ഷ്യമുള്ളവരും മറ്റുള്ളവർക്ക് ഉത്തമ മാതൃകയുള്ളവരും സ്വാധീനമുള്ളവരും ആയിരിക്കണമെന്ന് അവിശ്വാസികൾക്ക് പ്രതീക്ഷിക്കുന്നതിന് അവകാശമുണ്ട്. എന്നാൽ എത്ര അധികമായാണ് സത്യത്തിന്റെ അനുസാരികൾ എന്ന് അവകാശപ്പെടുന്നവർ അതേ വേലയുടെ പുരോഗതിക്കെതിരായി തടസ്സം നിൽക്കുന്നത്! അവിശ്വാസത്തിന് വഴങ്ങി രസിക്കുകയും സംശയങ്ങൾ പ്രകടിപ്പിക്കുകയും ഇരുട്ടിനെ മനസ്സിൽ താലോലിക്കുകയും ചെയ്യുന്ന ഏവരും ദുഷ്ട ദൂതന്റെ സാന്നിദ്ധ്യത്തെ പ്രോത്സാഹിപ്പിക്കുകയും സാത്താന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ഒരു വാതിൽ തുറന്നിടുകയും ചെയ്യുകയാണ്.—ISM 122 (1887).

### വ്യാജാത്മാക്കൾ വേദപുസ്തകത്തെ നിഷേധിക്കുന്നു

തിരുവെഴുത്തുകളിൽ പാലിക്കുവാൻ കടപ്പെട്ട ഏതൽക്കാല സത്യത്തെ സംബന്ധിച്ച് വിശുദ്ധന്മാർക്ക് ഒരു പരിപൂർണ്ണ ഗ്രാഹ്യമുണ്ടായിരിക്കണം. ദുഷ്ട ദൂതന്മാർ നമ്മുടെ മരണപ്പെട്ടുപോയ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും രൂപത്തിൽ വന്ന് ശബ്ബത്തും തിരുവെഴുത്തുകളെ അടിസ്ഥാനമാക്കാത്ത മറ്റു പല ഉപദേശങ്ങളും മാറ്റപ്പെട്ടുവെന്ന് പറയേണ്ടതിന് വെളിപ്പെടുവാൻ പോകുന്ന സമയം അടുത്തിരിക്കുന്നതിനാൽ നമുക്ക് മരണത്തിൽ മനുഷ്യന്റെ അവസ്ഥയെ

സംബന്ധിക്കുന്ന പഠനത്തെക്കുറിച്ചു വ്യക്തമായ അറിവുണ്ടായിരിക്കേ ണം.—EW 87 (1854).

വിശുദ്ധ അപ്പൊസ്തലന്മാർ അവരുടെ ഇഹലോക ജീവിത കാലത്തു പരിശുദ്ധാത്മശക്തികൊണ്ട് രേഖപ്പെടുത്തിയതിനെ ഇപ്പോൾ ഈ വ്യാജാത്മാക്കൾ എതിർക്കുന്നു. വേദപുസ്തകത്തിന്റെ ദിവ്യമായ ഉത്ഭവത്തെ അവർ തള്ളിക്കളയുന്നു.—GC 557 (1911).

ആത്മാവിന്റെ അമർത്യത, ഞായറാഴ്ചയുടെ പവിത്രത എന്നീ രണ്ടു തെറ്റുകളിലൂടെ സാത്താൻ ജനങ്ങളെ തന്റെ വഞ്ചനയ്ക്കുള്ളിൽ കൊണ്ടുവരുന്നു. ഇതിൽ ആദ്യത്തേതു പ്രേതാത്മവാദത്തിനടിസ്ഥാ നമിടുമ്പോൾ മറ്റേതു റോമിനോടു അനുകമ്പാപൂർണ്ണമായ ബന്ധം സ്ഥാപിക്കുന്നു.—GC 588 (1911).

ലോകരക്ഷിതാവിനു മാത്രമുള്ള പേരും ആരാധനയും അവകാശ പ്പെട്ട് കള്ളക്രിസ്തുക്കൾ പലരും എഴുന്നേൽക്കും. തിരുവെഴുത്തിൽ കാണുന്ന സാക്ഷ്യത്തിനെതിരായി അവർക്കു സ്വർഗ്ഗത്തിൽനിന്ന് വെളി പ്പാടുണ്ടെന്ന് അവകാശപ്പെടുകയും വലിയ അത്ഭുത രോഗശാന്തി നട ത്തുകയും ചെയ്യും....

എന്നാൽ ദൈവത്തിന്റെ ജനം തെറ്റിപ്പോകുകയില്ല. ഈ കള്ളക്രി സ്തുക്കളുടെ ഉപദേശങ്ങൾ വചനാനുസൃതമല്ല. മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവരുടെ മേൽ കലർപ്പില്ലാതെ പകർന്നി രിക്കുന്ന ദൈവക്രോധമദ്യം ചൊരിയപ്പെടുമെന്നു ബൈബിൾ പ്രസ്താ വിക്കുമ്പോൾ കള്ളക്രിസ്തുക്കൾ അവരുടെ തന്നെ മേൽ അനുഗ്രഹ ങ്ങൾ ആശംസിക്കുന്നു.—GC 624, 625 (1911).

## വ്യാജ ഉണർവ്വുകൾ

പേരിനുവേണ്ടി മാത്രം അഡ്വന്റിസ്റ്റുകാരായി നിലനിൽക്കുന്നവരിലും വീണുപോയ സഭകളിലും ദൈവത്തിനു വിശ്വസ്തരായ മക്കളുണ്ടു എന്നതും ബാധകൾ വർഷിക്കപ്പെടുന്നതിനുമുമ്പു ശുശ്രൂഷകന്മാരും ജനങ്ങളും ഈ സഭകളിൽനിന്നും പുറത്തേക്കു കൊണ്ടുവരപ്പെടുന്നതും സത്യത്തെ സന്തോഷത്തോടെ സ്വീകരിക്കുന്നതും ഞാൻ കണ്ടു. സാത്താനു ഇതറിയാം; മൂന്നാം ദൂതന്റെ ആർപ്പുവിളിക്കു മുമ്പുതന്നെ ഈ മത സംഘടനകളിൽ ഒരു ഇളക്കമുണ്ടാക്കുകയും സത്യത്തെ തള്ളി ക്കളഞ്ഞവർ ദൈവം അവരോടൊപ്പമുണ്ടെന്ന് ചിന്തിക്കുവാൻ ഇടയാ യേക്കാവുന്നതുമാണ്.—EW 261 (1858).



ദൈവത്തിന്റെ അന്ത്യ ന്യായവിധി ഭൂമിയിൽ വരുന്നതിനുമുമ്പേ, ദൈവജനത്തിന്റെ ഇടയിൽ, അപ്പൊസ്തലിക കാലത്തിനുശേഷം കണ്ടിട്ടില്ലാത്ത പുരാതനമായ ദൈവികത്വത്തിന്റെ ഒരു ഉണർവ്വ് ഉണ്ടാ കും.... ഈ വേലയെ തടസ്സപ്പെടുത്തുവാൻ ശത്രുവായ സാത്താൻ ആഗ്രഹിക്കുന്നു. അപ്രകാരമുള്ള ഒരു ചലനമുണ്ടാകുന്നതിനുമുമ്പ് ഒരു വ്യാജമാർഗ്ഗം അവതരിപ്പിച്ചുകൊണ്ട് അതിനെ തടയുവാൻ ശ്രമി ക്കും. തന്റെ വഞ്ചനക്ക് വിധേയമാക്കാവുന്ന സഭകളിൽ, ദൈവത്തിന്റെ പ്രത്യേക അനുഗ്രഹങ്ങൾ ചൊരിയപ്പെട്ടിരിക്കുന്നു എന്നു തോന്നു മാറ് പ്രവർത്തിക്കും; വലിയ ആത്മീയ താല്പര്യമെന്നു തോന്നുംവിധം വെളിപ്പാടുകൾ ഉണ്ടാക്കും....

സത്യവും അസത്യവുമായി ഒരു കൂട്ടിക്കുഴയ്ക്കൽ, വൈകാരിക മായ ഇളക്കം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ എന്നിവയാണ് തെറ്റിക്കു വാനായി കൊണ്ടുവരപ്പെടുന്ന ഉപാധികൾ. എങ്കിലും ആരും വഞ്ചി ക്കപ്പെടേണ്ട ആവശ്യമില്ല. ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഈ പ്രസ്ഥാനങ്ങളുടെ സ്വഭാവം കണ്ടുപിടിക്കുക ദുഷ്ക്കരമല്ല, വേദപുസ്ത കത്തിന്റെ സാക്ഷ്യത്തെ മനുഷ്യൻ ത്യജിക്കുകയും അതിന്റെ തെളിവു റ്റതും ആത്മപരിശോധന നടത്തുന്നതുമായ ദൈവിക സത്യങ്ങളെ വിട്ടുമാറുകയും ചെയ്യുമ്പോൾ, അവിടെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ വർഷിക്കപ്പെടുകയില്ലായെന്ന് അപ്പോൾ നമുക്ക് ഉറപ്പിക്കാം.—GC 464 (1911).

## സംഗീതം ഒരു കെണിയാക്കപ്പെടുന്നു

ഇന്ത്യാനയിൽ സംഭവിക്കുന്നുവെന്ന് നിങ്ങൾ എന്നോട് പറഞ്ഞ് വിവരിച്ച കാര്യങ്ങളൊക്കെയും തന്നെ കൃപയുടെ വാതിൽ അടയുന്ന തിനു തൊട്ടുമുൻപ് സംഭവിക്കുമെന്ന് ദൈവം എനിക്ക് കാണിച്ചുതന്നു. അവലക്ഷണമായ പല കാര്യങ്ങളും പ്രകടമാക്കപ്പെടും. അവിടെ ഡ്രം, സംഗീതം, നൃത്തം എന്നിവ ഉണ്ടായിരിക്കും. ശരിയായ തീരുമാനങ്ങ ളെടുക്കുവാൻ വിവേകമുള്ളവരുടെ ഇന്ദ്രിയങ്ങൾക്കു അവയെ ആശ്ര യിക്കുവാൻ കഴിയാത്തവണ്ണം ചിന്താക്കുഴപ്പത്തിലാക്കുന്നു....

ശരിയായി നടത്തിയിരുന്നുവെങ്കിൽ അവർക്ക് ഒരു അനുഗ്രഹമാ യിരിക്കുമായിരുന്നതിനെ ശബ്ദകോലാഹലംകൊണ്ട് ഇന്ദ്രിയത്തിന് ആഘാതമേല്പിക്കുകയും വഴിതെറ്റിക്കുകയും ചെയ്തിരിക്കുന്നു. പൈശാചിക ശക്തികൾ ഈ ശബ്ദകോലാഹലത്തിൽ പങ്കെടുത്ത് അതൊരു ആഘോഷമായി മാറ്റുകയും ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്ന് പറയുകയും ചെയ്യും.... കഴിഞ്ഞ കാലങ്ങളിൽ

ഉണ്ടായിരുന്നവ ഭാവിയിലും ഉണ്ടാകുന്നു. സംഗീതം, അത് നടത്തപ്പെടുന്ന രീതിയാൽ പിശാച് കെണിവയ്ക്കുന്നു. – 2 SM 36, 38 (1900).

പരിശുദ്ധാത്മാവിന്റെ ആഴത്തിലുള്ള പ്രവർത്തനത്തിൽനിന്നു നമ്മെ വേർപെടുത്തുന്ന തെറ്റായ യാതൊരു അപരിചിത ശീലങ്ങൾക്കും നമുക്കു ഇടംകൊടുക്കാതിരിക്കാം. 2 SM 42 (1908).

## വ്യാജ അന്യഭാഷ

മതഭ്രാന്ത്, തെറ്റായ ആവേശം, വ്യാജമായ അന്യഭാഷ, ശബ്ദകോലാഹലങ്ങൾ എന്നിവയെല്ലാം ദൈവം സഭയ്ക്കായി നൽകിയ ദാനങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. ചിലർ ഇവിടെ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെയൊക്കെ ഫലം ഒരിക്കലും നല്ലതല്ല. "അവരുടെ ഫലത്താൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം". വിശ്വാസ ജീവിതത്തിന്റെ ഒരു മാനദണ്ഡമായി മതഭ്രാന്തിനെയും ശബ്ദകോലാഹലത്തെയും കണക്കാക്കിയിരിക്കുന്നു. വളരെ സന്തോഷപ്രദവും ശക്തിയേറിയതുമായ ഒരു കൂട്ടായ്മയല്ലെങ്കിൽ പലർക്കും തൃപ്തിവരുന്നില്ല. അവർ ഇതിനുവേണ്ടി അദ്ധ്വാനിക്കുകയും ആ ഒരു വികാരത്തോടെ എഴുന്നേലൽക്കുകയും ചെയ്യുന്നു. എന്നാൽ ഇപ്രകാരമുള്ള കൂട്ടായ്മകളുടെ സ്വാധീനം ഒരിക്കലും ഫലപ്രദമല്ല. അവരുടെ സന്തോഷത്തിന്റെ അവസ്ഥ ശരിയായവനിൽ നിന്നല്ല വന്നത് എന്നുള്ളതിനാൽ മീറ്റിംഗിനുമുമ്പ് അവർ ആയിരുന്നതിനെക്കാളും വളരെ താണ ഒരുതരം വികാരത്തിന് അടിമകളായി മാറുന്നു.

ആത്മീയ ഉണർവ്വിനായുള്ള ഫലപ്രദമായ കൂട്ടായ്മകൾ എപ്പോഴും ആഴത്തിലുള്ള ഹൃദയ പരിശോധന നടത്തുന്നവയും വളരെ താഴ്മയോടും സത്യസന്ധതയോടും തങ്ങളുടെ അവസ്ഥയെ തിരിച്ചറിയുന്നവയും ക്രിസ്തുവിനെക്കുറിച്ച് പഠിക്കുന്നവയും ആയിരിക്കും.—IT 412 (1864).

## ദുഷ്ട ദൂതന്മാർ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

മനുഷ്യരെ ദൈവത്തോടുള്ള അവരുടെ ഭക്തിയിൽനിന്നും മാറ്റുന്നതിന് സാത്താൻ സാധ്യമായ എല്ലാ അവസരങ്ങളും ഉപയോഗിക്കുന്നു. അവനും വീഴ്ച ഭവിച്ച മറ്റ് ദൂതന്മാരും തെറ്റിക്കുവാനായി ഭൂമിയിൽ പ്രത്യക്ഷരാകും. ദൈവദൂതന്മാരും അപ്രകാരം പ്രത്യക്ഷപ്പെടുകയും അവരുടെ സാധ്യമായ എല്ലാ ശക്തികളും ഉപയോഗിച്ച് ശത്രുവിന്റെ ഉദ്ദേശത്തെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. – 8 MR 399 (1903).



മനുഷ്യരൂപത്തിൽ വരുന്ന ദുഷ്ട ദൂതന്മാർ സത്യം അറിയാവുന്നവരുമായി സംസാരിക്കും. അവർ ദൈവിക ദൂതുവാഹകരുടെ ദൂതുകളെ തെറ്റായി വ്യാഖ്യാനിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യും.... എഫെസ്യർക്കെഴുതിയ ലേഖനം 6-ാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്ന മുന്നറിയിപ്പ് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ മറന്നുപോയോ? നാം ഇരുട്ടിന്റെ ദുഷ്ടാത്മസേനയോട് ഒരു പോരാട്ടത്തിലാണ്. നാം നമ്മുടെ നേതാവിനെ വളരെ അടുത്തായി പിൻതുടരുന്നില്ലായെങ്കിൽ സാത്താൻ നമ്മുടെമേൽ വിജയം നേടും.—3 SM 411 (1903).

വിശ്വാസികളെന്ന ഭാവത്താൽ കടന്നുവരുന്ന ദുഷ്ടദൂതന്മാർ നമ്മുടെ കൂട്ടത്തിൽ അവിശ്വാസത്തിന്റെ ആത്മാവിനെ കൊണ്ടുവരുവാൻ ശ്രമിക്കും. ഇക്കാര്യം നിങ്ങളെ നിരാശരാക്കരുത്, മറിച്ച് സാത്താന്യ ദൂതന്മാർക്കെതിരായി നിൽക്കുന്നതിന് ആവശ്യമായ സഹായത്തിനായി നമുക്ക് ചെല്ലാം. ഈ ദുഷ്ടശക്തികൾ നമ്മുടെ മീറ്റിംഗുകളിലേക്ക് കടന്നുവരുന്നത് അനുഗ്രഹം നേടാനായിട്ടല്ല, മറിച്ച് ദൈവിക ശക്തിയുടെ സ്വാധീനത്തിനെതിരായി പ്രവർത്തിക്കുവാനത്രേ.—2MCP 504, 505 (1909).

## മരിച്ചവരുടെ രൂപത്തിൽ

മരിച്ച വിശുദ്ധന്മാരുടെയും പാപികളുടെയും രൂപത്തിൽ നമുക്കു മുമ്പിൽ പ്രത്യക്ഷമാകുകയെന്നത് ദുഷ്ട ദൂതന്മാർക്ക് വലിയ പ്രയാസമേറിയ കാര്യമല്ല. ഈ വെളിപ്പാടുകൾ കൂടെക്കൂടെ ഉണ്ടാവുകയും കൂടുതൽ ഞെട്ടിപ്പിക്കുന്ന വ്യക്തിത്വങ്ങൾ അന്ത്യകാലങ്ങളിൽ നമുക്കു മുമ്പിൽ പ്രത്യക്ഷമാവുകയും ചെയ്യും.—Ev 604 (1875).

കല്ലറകളിൽ അടക്കം ചെയ്ത സ്നേഹഭാജനങ്ങളുടെ രൂപത്തിൽ കടന്നുവന്ന് ജീവിക്കുന്നവരുടെ സ്നേഹവായ്പ് പിടിച്ചുപറ്റുകയെന്നത് പിശാചിന്റെ വിജയകരമായ ഒരു വഞ്ചനയാണ്. തങ്ങളുടെ സ്നേഹഭാജനങ്ങളുടെ രൂപത്തിൽ വരുന്ന ദുഷ്ടദൂതന്മാർ അവർ ജീവിച്ചിരുന്നപ്പോൾ ചെയ്ത ചില പ്രവൃത്തികൾ ചെയ്യുകയും നടന്ന ചില സംഭവങ്ങളിലേക്ക് ശ്രദ്ധയെ തിരിക്കുകയും ചെയ്യും. ഇപ്രകാരം പ്രവൃത്തിക്കുന്നതിലൂടെ മരിച്ച തങ്ങളുടെ സുഹൃത്തുക്കൾ ഇപ്പോൾ ദൂതന്മാർ ആണെന്നും അവർ ചിറകടിച്ച് ആകാശത്തിൽ പറക്കുകയും തങ്ങ

ളോട് സംസാരിക്കുന്നുയെന്നും വിശ്വസിക്കുമാറാക്കുന്നു. ഇപ്രകാരം മരിച്ച സുഹൃത്തായി കടന്നുവരുന്ന ഈ ദുഷ്ട ദൂതന്മാരെ ദൈവമെന്നു കണക്കാക്കുകയും വേദപുസ്തക വചനത്തെക്കാളും അധികമായി ഇവരുടെ വാക്കുകൾക്ക് പ്രാധാന്യം നൽകുകയും ചെയ്യും.—ST Aug. 26 (1889).

മരിച്ചവരുടെ രൂപത്തിൽ അവരുടെ സ്നേഹിതർക്കു മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ സാത്താനു ശക്തിയുണ്ട്. വഞ്ചനാകരമായ ഈ പ്രവർത്തനം പൂർണ്ണതയുള്ളതായിരിക്കും; അതേ നോട്ടം, വാക്കുകൾ, ശബ്ദം എന്നിവ അത്ഭുതവും വ്യക്തവുമായ വിധം പുനഃസ്ഥാപിക്കപ്പെടുന്നു.... സ്നേഹിതരും ബന്ധുക്കളുമായ സ്നേഹഭാജനങ്ങളുടെ രൂപം ധരിച്ചുകൊണ്ട് ഭൂതാത്മാക്കൾ അപകടകരമായ ദുരുപദേശങ്ങൾ പ്രസ്താവിക്കുന്നത് പലരും നേരിടേണ്ടിവരും. നമ്മുടെ മൃദുലമായ അനുകമ്പ അർഹിക്കത്തക്കവിധം ഈ സന്ദർശകർ അവരുടെ അഭിനയങ്ങൾ നിലനിർത്തുവാൻ അത്ഭുതങ്ങൾ പ്രവർത്തിക്കും.—GC 552, 560 (1911).

## സാത്താൻ ക്രിസ്തുവിന്റെ വേഷമെടുക്കുന്നു

അത്ഭുതങ്ങൾ പ്രവർത്തിപ്പാനുള്ള ശക്തിയാൽ ശത്രു മുഴുലോകത്തെയും വഞ്ചിക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കർത്താവായ യേശുവിന്റെ രൂപമെടുക്കുവാൻ അവൻ വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു.—2 SM 96 (1894).

മനുഷ്യരൊക്കെയും അത്ര എളുപ്പത്തിൽ ഇപ്പോൾ തെറ്റിക്കപ്പെട്ടുപോകുന്നുവെങ്കിൽ അവൻ അത്ഭുതങ്ങൾ കാണിച്ച് യേശുവിനെപ്പോലും അനുകരിക്കുമ്പോൾ അവർ എപ്രകാരം നിൽക്കും? അവൻ ക്രിസ്തുവാണെന്ന് നടിച്ച്, ക്രിസ്തുവിന്റെ വേഷം ധരിച്ച് ക്രിസ്തുവിന്റെ വേലകൾ സ്വയം ചെയ്യുമ്പോൾ അവനെയും അവന്റെ പ്രവൃത്തികളെയും ആർ തിരിച്ചറിയും?—2 SM 394 (1897).

സാത്താൻ കളം ഏറ്റെടുത്ത് ക്രിസ്തുവിന്റെ വേഷമെടുക്കുന്നു. അവൻ തെറ്റായി പ്രതിനിധീകരിച്ച്, തെറ്റായി പ്രയോഗിച്ച് തനിക്കാകുന്നതൊക്കെയും തെറ്റായി ചെയ്യുന്നു.—TM 411 (1898).

അനീതിയുടെ സകല വഞ്ചനകളിലും ഏർപ്പെട്ട് തങ്ങളെത്തന്നെ രഹസ്യ സമൂഹങ്ങളിൽ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നവരുമായി ചേർന്ന് പിന്നണിയിൽനിന്നും ശക്തിയോടെ നാടകത്തിലെ അവസാനത്തെ



മഹത്തായ അരങ്ങേറ്റത്തിലേക്ക് പ്രവേശിക്കുന്നതിനായി തയ്യാറെടുത്തുകൊണ്ട് സാത്താൻ യേശുവിന്റെ വേഷത്തിൽ വരുന്നു. - 8 T 28 (1904).

## സാത്താൻ എല്ലാ കാര്യത്തിലും ക്രിസ്തുവിനു സദൃശമാക്കുന്നു

ഒരു പരിധിക്ക് അപ്പുറത്തേക്ക് പോകുവാൻ പിശാചിന് സാദ്ധ്യമല്ല. യഥാർത്ഥത്തിൽ അവന് ചെയ്യുവാൻ സാധിക്കാത്തതിനെ ചെയ്യുന്നുവെന്ന് കാണിച്ചുകൊണ്ട് വഞ്ചനയുടെ പ്രവൃത്തിയെ കാണിക്കുന്നു. അവസാന നാളുകളിൽ യേശുക്രിസ്തു രണ്ടാമതു ലോകത്തിൽ വന്നു എന്നു വിശ്വസിക്കുമാറ് അവൻ പ്രത്യക്ഷനാകുന്നു. ഒരു വെളിച്ചദൂതന്റെ വേഷം സ്വയം ധരിക്കുന്നു. വേഷത്തിൽ ക്രിസ്തുവിനെ അവൻ എല്ലാ കാര്യത്തിലും അനുകരിക്കുമെങ്കിലും ഫറവോനെപ്പോലെ സത്യത്തോട് എതിർത്തുനിൽക്കുന്നവരെ അല്ലാതെ മറ്റാരെയും വഞ്ചിക്കുവാൻ സാധിക്കുകയില്ല.—5T 698 (1889).

മഹാവഞ്ചനയുടെ നാടകത്തിന്റെ മകുടപ്രവൃത്തിയെന്നവണ്ണം സാത്താൻ ക്രിസ്തുവിന്റെ വേഷത്തിൽ പ്രത്യക്ഷമാകും. സഭ അതിന്റെ പ്രത്യാശയുടെ നിറവേറലായി കർത്താവിന്റെ രണ്ടാം വരവിനുവേണ്ടി ഏറെ നാളുകളായി നോക്കിപ്പാർക്കുകയാണല്ലോ! ഇപ്പോൾ വലിയ വഞ്ചകനായ സാത്താൻ ക്രിസ്തു നേരത്തേ വന്നുകഴിഞ്ഞു എന്നു വിശ്വസിക്കത്തക്കവണ്ണം പ്രവർത്തിക്കും. വെളിപ്പാടിൽ യോഹന്നാൻ വിവരിക്കുന്ന ക്രിസ്തുവിന്റെ സൗന്ദര്യത്തോടും പ്രഭയോടുംകൂടി സാത്താൻ ലോകത്തിൽ പലയിടത്തും അവനെത്തന്നെ കാണിക്കും (വെളി. 1:13-15). അവനെ ചുറ്റിയിരിക്കുന്ന തേജസ്സ് ഇതുവരെയും മാനുഷിക ദൃഷ്ടികൾ ദർശിച്ചിട്ടുള്ളവയല്ല. "ക്രിസ്തു വന്നിരിക്കുന്നു, ക്രിസ്തു വന്നിരിക്കുന്നു" എന്ന ശബ്ദം വിജയത്തിന്റെ വിളിയായി ആകാശത്തിൽ ധ്വനിക്കും.

ജനമൊക്കെയും അവന്റെ മുമ്പാകെ സാഷ്ടാംഗം വീഴും. കർത്താവായ യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് കൈകൾ ഉയർത്തി തന്റെ ശിഷ്യഗണത്തെ അനുഗ്രഹിച്ചതുപോലെ അനുഗ്രഹം ജനത്തിൻമേൽ ചൊരിയും. അവന്റെ ശബ്ദം ലാവണ്യവും മധുരമേറിയതും ഇമ്പം നിറഞ്ഞതും ആയിരിക്കും. യേശുക്രിസ്തു ലോകത്തിൽ ആയിരുന്നപ്പോൾ ഉച്ചരിച്ചതായ ചില വാക്കുകൾ ഏറ്റവും കരുണയോടും ഭയത്തോടും അനുകമ്പയോടുംകൂടെ അവൻ ഉച്ചരിക്കും; അവൻ രോഗികളെ സൗഖ്യമാക്കും. ക്രിസ്തു എന്നു നടിച്ചു വിശുദ്ധ ശബ്ബ

ത്തിനെ ഞായറാഴ്ചയിലേക്ക് മാറ്റിയതിനാൽ അവൻ അനുഗ്രഹിച്ച ദിവസത്തെ മാനിപ്പിൻ എന്നു പ്രസ്താവിക്കും. – (GC 624, 1911).

## വിശുദ്ധന്മാരുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്നുവെന്ന് സാത്താൻ നടിക്കുന്നു

വ്യവഹാരത്തിൽ സാത്താൻ നഷ്ടപ്പെടുവാൻ പോകുന്നുവെന്ന് അവൻ കാണുന്നു. മുഴുലോകത്തെയും അടിച്ചുവാരുവാൻ അവന് സാധിക്കുകയില്ല. വഞ്ചനയിലൂടെ വിശ്വസ്തരായവരെ കീഴടക്കുവാൻ അവൻ ഒരവസാന ആശയറ്റ ശ്രമംകൂടി നടത്തുന്നു. ക്രിസ്തുവിന്റെ വേഷം ധരിക്കുന്നതിലൂടെ അവനിത് ചെയ്യുന്നു. യോഹന്നാന്റെ ദർശനത്തിൽ കൃത്യമായി ചിത്രീകരിച്ചിരിക്കുന്നതുപോലെ രാജകീയ വസ്ത്രം ധരിച്ചുതന്നെ പ്രത്യക്ഷപ്പെടുന്നു. ഇതു ചെയ്യുവാനുള്ള അധികാരം അവനുണ്ട്. സത്യത്തെ സ്നേഹിക്കാതെ ദൈവകല്പനകളെ ലംഘിച്ച് അനീതിയിൽ രസിച്ച്, കബളിപ്പിക്കപ്പെട്ട ക്രിസ്തീയ ലോകത്തിനു മദ്ധ്യേ ക്രിസ്തു രണ്ടാമതു വന്നവനെപ്പോലെ അവൻ പ്രത്യക്ഷപ്പെടും.

അവൻ ക്രിസ്തുവാണെന്ന് സ്വയം ഘോഷിക്കുകയും ക്രിസ്തുവാണെന്ന് വിശ്വസിക്കുമാറ് ക്രിസ്തുവിന്റെ സൗന്ദര്യത്തോടും മഹാതേജസ്സോടുംകൂടെ വേഷം ധരിക്കുകയും വളരെ ഇമ്പമേറിയ മധുര സ്വരത്തിൽ സംസാരിക്കുകയും ചെയ്യും. അവനെ ചുറ്റിയിരിക്കുന്ന തേജസ്സ് ഇതുവരെയും മാനുഷിക ദൃഷ്ടികൾ ദർശിച്ചിട്ടുള്ളവയല്ല. "ക്രിസ്തു രണ്ടാമത് വന്നിരിക്കുന്നു, ക്രിസ്തു വന്നിരിക്കുന്നു എന്ന് അവനാൽ വഞ്ചിതരായി കബളിപ്പിക്കപ്പെട്ടവർ ഉച്ചത്തിൽ വിളിച്ച് പറഞ്ഞ് വിജയധ്വനി മുഴക്കുവാൻ വഴിയൊരുക്കുന്നു. ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്തതുപോലെ അവൻ കൈകൾ ഉയർത്തി അവരെ അനുഗ്രഹിക്കുന്നു...."

വിശുദ്ധൻമാരൊക്കെയും വിസ്മയത്തോടെ നോക്കുന്നു. അവരും വഞ്ചിക്കപ്പെടുമോ? അവരും സാത്താനെ ആരാധിക്കുമോ? ദൈവദൂതന്മാർ അവരുടെ അടുക്കൽ തന്നെയുണ്ട്. മുകളിലേക്ക് നോക്കുക. വളരെ വ്യക്തവും മധുരതരവുമായ ഒരു സംഗീതസ്വരം അവർ കേട്ടു.

അവരുടെ ആത്മാവിന്റെ അന്തിമവും നിത്യവുമായ രക്ഷയെന്ന ഒരു ലക്ഷ്യം മാത്രമാണ് പ്രാർത്ഥിക്കുന്ന അവരുടെ മുമ്പിലുള്ളത്. ആ അമർത്യത അന്ത്യത്തോളം സഹിച്ചു നിൽക്കുന്നവർക്ക് വാഗ്ദത്തം



ചെയ്യപ്പെട്ടതായിരുന്നു. അവരുടെ ആഗ്രഹങ്ങൾ എത്ര സത്യസന്ധവും ഉത്സുകവും ആയിരുന്നു. ന്യായവിധിയും നിത്യതയും കാഴ്ചയിൽ ഉണ്ടായിരുന്നു. വെള്ള അങ്കി ധരിച്ചവർ നിൽക്കുംമുമ്പുതന്നെ അവരുടെ കണ്ണുകൾ ആ ജ്വലിക്കുന്ന സിംഹാസനത്തിൽ പതിപ്പിച്ചിരുന്നു. ഇത് പാപത്തിൽ രസിക്കുന്നതിൽനിന്നും അവരെ പിൻതിരിപ്പിച്ചു....

ഒരു അവസാന ശ്രമമെന്ന നിലയ്ക്ക് സാത്താൻ തന്റെ വഞ്ചനാപരമായ അവസാന പ്രവൃത്തി ചെയ്യുന്നു. ക്രിസ്തു തങ്ങളെ വിടുവിക്കുവാൻ വേഗം വരേണമെന്നുള്ള അവരുടെ നിലവിളി അവൻ കേൾക്കുന്നു. ഈ അവസാന തന്ത്രം ക്രിസ്തുവിന്റെ വേഷം ധരിക്കുകയും തങ്ങളുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചുവെന്ന് ചിന്തിക്കുവാൻ അവർക്കിടയാക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ്.—Ms 16 (1884).

## കൃത്രിമമായത് യഥാർത്ഥമായതിൽനിന്നും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു

കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയെ കൃത്രിമമായി കാണിക്കുവാൻ ദൈവം സാത്താനെ അനുവദിക്കുന്നില്ല.— GC 625 (1911).

സാത്താൻ.... ക്രിസ്തുവിന്റെ വേഷം ധരിച്ചുകൊണ്ട് വലിയ അത്ഭുതങ്ങൾ ചെയ്യുകയും മനുഷ്യർ യേശുക്രിസ്തു എന്നവണ്ണം സാഷ്ടാംഗം വീണ് അവനെ ആരാധിക്കുകയും ചെയ്യും. ലോകം യേശുവെന്നപോലെ മഹത്വീകരിക്കുന്ന ഈ സൃഷ്ടിയെ ആരാധിക്കുവാൻ നമ്മോട് ആജ്ഞാപിക്കും. നാം എന്താണ് ചെയ്യേണ്ടത്? സാത്താൻ മനുഷ്യന്റെ ഏറ്റവും മോശമായ ശത്രുവാണെങ്കിലും ദൈവമെന്ന് അവകാശപ്പെടുന്ന ഇങ്ങനെയുള്ള ഒരു വൈരിക്കെതിരേ ക്രിസ്തു മുന്നറിയിപ്പു തന്നിട്ടുണ്ട് എന്നും ക്രിസ്തു പ്രത്യക്ഷപ്പെടുമ്പോൾ അത് മഹാതേജസ്സോടും അധികാരത്തോടും ആയിരം ആയിരം പതിനായിരം പതിനായിരം ദൂതന്മാരോടുകൂടെ ആയിരിക്കുകയും അവൻ വരുമ്പോൾ നാം അവന്റെ ശബ്ദം അറിയുകയും ചെയ്യുമെന്നും അവരോട് പറയുക.—6 BC 1106 (1888).

സാത്താൻ സാഹചര്യങ്ങൾ തനിക്കനുകൂലമാക്കുവാൻ കഴിവതും പരിശ്രമിക്കുന്നു. വെളിച്ചദൂതന്റെ വേഷം ധരിച്ച് ഭൂമിയിൽ അത്ഭുത പ്രവർത്തകനായി അവൻ നടക്കും. മനോഹരമായ ഭാഷയിൽ ഉന്നത ഭാവം അവതരിപ്പിക്കും. നല്ല വാക്കുകൾ പറയുകയും നല്ല പ്രവൃത്തി

കൾ ചെയ്യുകയും ചെയ്യും. ക്രിസ്തു പ്രതിനിധാനം ചെയ്യപ്പെടും. എന്നാൽ ഒരു കാര്യത്തിൽ മാത്രം വ്യക്തമായ ഒരു വ്യത്യാസം ഉണ്ടായിരിക്കും. അതായത് ദൈവിക ന്യായപ്രമാണത്തിൽനിന്നും സാത്താൻ മനുഷ്യരെ പിന്തിരിപ്പിക്കും. എന്നിരുന്നാലും കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കുവാനായി അവൻ കാണിക്കുന്ന നീതിയിൽ കൃത്രിമമായ പ്രവർത്തനം നല്ലവണ്ണമായിരിക്കും. കിരീടധാരികളും പ്രസിഡന്റുമാരും ഉന്നത ഭരണാധികാരികളും അവന്റെ തെറ്റായ സിദ്ധാന്തങ്ങൾക്കു മുമ്പിൽ തലകുനിക്കും.— FE 471, 472 (1897).

## അത്ഭുതങ്ങൾ നടക്കും

രോഗികൾ നമുക്കു മുൻപിൽ സൗഖ്യമാക്കപ്പെടും. നമുക്കു മുൻപിൽ അത്ഭുതങ്ങൾ നടക്കും. വഞ്ചനാപരമായ ആത്മാവോടെ സാത്താൻ കൊണ്ടുവരുവാൻ പോകുന്ന പരീക്ഷകളെ നേരിടുവാൻ നാം തയ്യാറെടുത്തിട്ടുണ്ടോ?—IT 302 (1862).

ദുഷ്ട ദൂതൻമാരുടെ സ്വാധീനത്താൽ അനേകർ അത്ഭുതങ്ങൾ പ്രവർത്തിക്കും. അവർ അവരുടെ മായാജാലത്താൽ മനുഷ്യരെ രോഗികളാക്കുകയും ശേഷം മായാജാലം മാറ്റിയിട്ട് രോഗികളൊക്കെയും അത്ഭുതകരമായി സൗഖ്യം നേടിയെന്ന് മറ്റുള്ളവരെവിട്ട് പറയിപ്പിക്കുകയും ചെയ്യും. ഈ പ്രവൃത്തിയെ സാത്താൻ വീണ്ടും വീണ്ടും ആവർത്തിക്കും.—2 SM 53 (1903).

സാത്താനുമായി വളരെ അടുത്ത് ബന്ധമുള്ള അത്ഭുകരമായ കാഴ്ചകൾ വളരെ വേഗം നടപ്പിലാകും. സാത്താൻ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് ദൈവവചനം പ്രസ്താവിക്കുന്നു. അവൻ മനുഷ്യരെ രോഗികളാക്കുകയും തന്റെ പൈശാചിക ശക്തി പെട്ടെന്ന് അവരിൽനിന്നും മാറ്റുകയും ചെയ്യും. അവർ രോഗസൗഖ്യം പ്രാപിച്ചവരായി കണക്കാക്കപ്പെടും. സൗഖ്യമാക്കുന്ന ഈ പൈശാചിക വേല നിമിത്തം സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ പരീക്ഷയിലേക്കു നയിക്കപ്പെടും.—2 SM 53 (1904).

യഥാർത്ഥമായ അത്ഭുതങ്ങൾ തന്നെയാണ് എന്നു തോന്നുമാറ് അത്ഭുതങ്ങളുടെ ഒരു പരമ്പരതന്നെ സൃഷ്ടിക്കുവാൻ സാത്താന് സാധിക്കും. ഇസ്രായേൽ മക്കൾക്ക് മിസ്രയീമിൽനിന്നും വിടുതൽ ലഭിച്ച് പുറപ്പെടേണ്ടുന്ന സമയത്തും അവരുടെ ഉള്ളിൽ അവൻ ഇട്ടുകൊടുത്തതും ഇതേ പരീക്ഷയുടെ ചോദ്യംതന്നെയാണ്.—2 SM 52 (1907).



## സ്വർഗ്ഗത്തിൽ നിന്നും തീ

മനുഷ്യരുടെ അവകാശവാദത്തിൽ നാം ആശ്രയിക്കുവാൻ പാടില്ല. ക്രിസ്തുവിന്റെ അനുയായികളെന്ന് അവർ ഭാവിച്ചുകൊണ്ട് രോഗികളെ സൗഖ്യമാക്കുന്നു. എത്ര അതിശയകരമായ പ്രവൃത്തി! എന്നാൽ അവരുടെ പിന്നിൽ നിൽക്കുന്നത് വലിയ വഞ്ചകനാണ്, അവൻ മനുഷ്യരുടെ മുമ്പാകെ സ്വർഗ്ഗത്തിൽനിന്നും തീ ഇറങ്ങുമാറ് അത്ഭുതങ്ങൾ ചെയ്യുവാനിരിക്കുന്നതേയുള്ളൂ.—2 SM 49 1887).

തന്റെ വഞ്ചനാപരമായ അതിശയങ്ങളാൽ സാത്താൻ ലോകത്തെ തന്റെ കാൽകീഴിലാക്കുകയും മനുഷ്യരുടെ മുമ്പിൽവച്ച് സ്വർഗ്ഗത്തിൽനിന്നും തീയിറങ്ങുമാറ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും. അവൻ അത്ഭുതങ്ങൾ ചെയ്യുകയും അതിശയിപ്പിക്കുന്ന അത്ഭുത പ്രവൃത്തികളാൽ ലോകത്തെ തന്റെ കീഴിലാക്കുകയും ചെയ്യും.—2SM 51 (1890).

സാത്താൻ കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കും. ക്രിസ്തുവെന്ന വ്യാജേന ഒരു വലിയ മെഡിക്കൽ മിഷനറിയാണെന്ന രീതിയിൽ അവൻ വരും. താൻ ദൈവം തന്നെയെന്ന് തെളിയിക്കുവാനായി അവൻ മനുഷ്യരുടെ മുമ്പാകെ സ്വർഗ്ഗത്തിൽനിന്നും തീ ഇറക്കുന്നു.—MM 87, 88 (1903).

വിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോയ തന്റെ അനുയായികളിലൂടെ സാത്താൻ അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്നും മനുഷ്യരുടെ മുൻപിൽ തീ ഇറക്കുന്ന പ്രവർത്തനങ്ങൾ വരെയും ചെയ്യുമെന്നും വചനത്തിൽ പരാമർശിച്ചിരിക്കുന്നു.—2 SM 54 (1907).

"അതു മനുഷ്യർ കാൺകെ ആകാശത്തുനിന്ന് ഭൂമിയിലേക്കു തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിപ്പാൻ തനിക്കു ബലംകിട്ടിയ അടയാളങ്ങളെക്കൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും ചെയ്യും" (വെളി 13:13,14). ഇവിടെ പ്രവചിച്ചിരിക്കുന്നത് വെറും വഞ്ചനയല്ല. സാത്താന്റെ ദൂതന്മാർ മനുഷ്യരെ വഞ്ചിക്കുന്നത് തങ്ങളുടെ ശക്തിയാൽ പ്രവർത്തിക്കുന്ന വലിയ അത്ഭുതങ്ങളാലാണ്; വെറും നാട്യമല്ല, യാഥാർത്ഥ്യമാണ്.— GC 553 (1911).

## സാത്താനെ ദൈവമാക്കുന്നു

ഈ കാലത്തുതന്നെ യഥാർത്ഥ ക്രിസ്തുവെന്നവണ്ണം എതിർക്രിസ്തു വരികയും, ലോക രാഷ്ട്രങ്ങളൊക്കെ ദൈവത്തിന്റെ

ന്യായപ്രമാണത്തെ ഇല്ലായ്മ ചെയ്യുകയും ചെയ്യും. ദൈവത്തിന്റെ വിശുദ്ധ കല്പനകൾക്കെതിരായ എതിർപ്പ് പൂർണ്ണ വളർച്ച പ്രാപിക്കുന്നു. എന്നാൽ എല്ലാ എതിർപ്പിന്റെയും യഥാർത്ഥ നേതാവ് വെളിച്ച ദൂതന്റെ വേഷം ധരിച്ച സാത്താനാണ്. മനുഷ്യരൊക്കെയും വഞ്ചിക്കപ്പെടുകയും അവനെ ദൈവത്തിന്റെ സ്ഥാനത്തേക്കു ഉയർത്തുകയും ദൈവമാക്കുകയും ചെയ്യും. എന്നാൽ സർവ്വശക്തൻ ഇടപെടുകയും, വിശ്വാസ ത്യാഗികളായ സഭകൾ സാത്താനെ സ്തുതിക്കുവാനായി കൂടിവരികയും ചെയ്യുമ്പോൾ ദൈവം ഇങ്ങനെ പ്രസ്താവിക്കും: "അതു നിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽതന്നെ വരും; അവളെ തീയിൽ ഇട്ടു ചുട്ടുകളയും; അവളെ ന്യായം വിധിച്ച ദൈവമായ കർത്താവ് ശക്തനല്ലോ" (വെളി. 18:8).—TM 62 (1893).

കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ സമയം അടുക്കുമ്പോഴെക്കും, സാത്താന്യ ശക്തികൾ എഴുന്നേൽക്കും. സാത്താൻ മനുഷ്യരൂപത്തിൽ മാത്രമല്ല, യേശുക്രിസ്തുവിന്റെ രൂപത്തിൽപോലും പ്രത്യക്ഷപ്പെടുകയും സത്യത്തെ തിരസ്കരിച്ച് ലോകം സാത്താനെ കർത്താധികർത്താവായും രാജാധിരാജാവായും സ്വീകരിക്കുകയും ചെയ്യും.—5 BC 1105, 1106 (1900).

## അത്ഭുതങ്ങൾ യാതൊന്നും തെളിയിക്കുന്നില്ല

നിങ്ങൾക്കുവേണ്ടി നിങ്ങൾതന്നെ ദൈവത്തിങ്കലേക്കു ചെല്ലുക. നിങ്ങൾക്കു സത്യം എന്താണെന്ന് അറിയാം എന്ന് നിങ്ങൾ അറിയുന്നതിന് ദിവ്യപ്രകാശത്തിനുവേണ്ടി പ്രാർത്ഥിക്കുക. അത്ഭുത പ്രവൃത്തിയുടെ ശക്തി പ്രദർശിപ്പിക്കപ്പെടുകയും, ശത്രു വെളിച്ചദൂതന്റെ വേഷത്തിൽ വരുകയും ചെയ്യുമ്പോൾ യഥാർത്ഥ ദൈവത്തിന്റെ പ്രവൃത്തിയും അന്ധകാര ശക്തികളുടെ കൃത്രിമമായ വേലയും തമ്മിൽ തിരിച്ചറിയുവാൻ സാധിക്കട്ടെ.—3 SM 389 (1888).

വചനം പ്രസംഗിക്കുകയും കഷ്ടതയിലായിരുന്ന അനേകർക്ക് തന്റെ അത്ഭുതകരമായ പ്രവർത്തനത്തിലൂടെ സൗഖ്യം നൽകുകയും ചെയ്യുകയായിരുന്നു ക്രിസ്തുവിന്റെ പ്രവർത്തനരീതി. ഈ രീതിയിൽ പ്രവർത്തിക്കുവാൻ നമുക്കിപ്പോൾ കഴിയുകയില്ല എന്ന് എനിക്ക് നിർദ്ദേശം ലഭിച്ചു; *കാരണം സാത്താനും തന്റെ ശക്തിയാൽ അനേക അത്ഭുതങ്ങൾ ചെയ്യും. ദൈവത്തിന്റെ ദാസൻമാർക്ക് അത്ഭുതത്തിന്റെ വഴിയിൽ പ്രവർത്തിക്കുവാൻ കഴിയുകയില്ല; കാരണം സാത്താനും



ദൈവികമാണെന്ന് അവകാശപ്പെട്ടുകൊണ്ട് വ്യാജ സൗഖ്യ പ്രവർത്തനങ്ങൾ നടത്തുന്നു.—2 SM 54, 1904).

ദൈവജനത്തിന് അത്ഭുത പ്രവർത്തനത്തിൽ തങ്ങളുടെ സുരക്ഷിതത്വത്തെ കണ്ടെത്തുവാൻ സാദ്ധ്യമല്ല; കാരണം സാത്താനും കൃത്രിമമായ തന്റെ ശക്തിയാൽ അത്ഭുതങ്ങൾ ചെയ്യും എന്നുള്ളതുതന്നെ. —9 T 16 (1909).

* അന്ത്യ ആർപ്പുവിളിയുടെ പ്രവർത്തനത്തോടൊപ്പം ദൈവജനത്തിനും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കുമെങ്കിലും അത് ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷാസമയത്ത് ലഭിച്ച പ്രാധാന്യത്തോടെയാകുകയില്ല. അത്ഭുതങ്ങൾ പ്രവർത്തിക്കുക എന്നത് ഈ സമയത്ത് ദൈവിക അംഗീകാരത്തിന്റെ തെളിവുകളല്ല.

## അത്ഭുതങ്ങൾ വേദപുസ്തകത്തിനു പകരമാകുകയില്ല

അത്ഭുത സൗഖ്യ പ്രവർത്തനങ്ങൾ നടത്തിയവർ ഈ പ്രദർശനത്തിന്റെ പേരിൽ ദൈവിക ന്യായപ്രമാണത്തെ അനുസരിക്കാതിരിക്കുന്നതിന് ഒഴികഴിവു പറയുകയും അനുസരണക്കേടിൽതന്നെ തുടർന്നും ആയിരിക്കുകയും ചെയ്യുമ്പോൾ, അവർ എന്തും ഏതും തന്നെ ചെയ്യുവാൻ ശക്തിയുണ്ടായിരുന്നാലും അതവർക്ക് ദൈവിക ശക്തിയുണ്ടെന്നുള്ളതിന് തെളിവാകുകയില്ല; മറിച്ച് അവരുടെ ആ ശക്തി അത്ഭുത പ്രവർത്തകനായ വലിയ വഞ്ചകന്റെ ശക്തിയാലത്രേ.—2 SM 50, 51 (1885).

അത്ഭുത പ്രവർത്തനത്തിന്റെ പ്രദർശനം ഒരിക്കലും വേദപുസ്തകത്തിനു പകരമാക്കുവാൻ കഴിയുകയില്ല. പൂഴ്ത്തിവയ്ക്കപ്പെട്ട നിധി പോലെ സത്യത്തെ തെരഞ്ഞ് നാം പഠിക്കേണ്ടതായിട്ടുണ്ട്. വചനത്തിന് പുറത്തുനിന്നുള്ളതോ പകരമായതോ ആയ പ്രബോധനങ്ങളൊന്നും നൽകപ്പെടുകയില്ല. വചനത്തെ മുറുകെ പിടിക്കുക; രക്ഷയ്ക്കു ജ്ഞാനികളാക്കുന്ന ചേർത്തു വച്ച വചനത്തെ മാത്രം സ്വീകരിക്കുക. —2 SM 48 (1894).

അവസാനത്തെ ഏറ്റവും വലിയ വഞ്ചന നമ്മുടെ മുമ്പിൽ വളരെ വേഗം പ്രത്യക്ഷമാകും. എതിർ ക്രിസ്തു തന്റെ അത്ഭുത പ്രവർത്തനങ്ങൾ നമ്മുടെ മുമ്പിൽ കാണിക്കും. ഇതിനു സത്യത്തോടു വളരെ സാമ്യമുള്ളതിനാൽ വിശുദ്ധ തിരുവചനം കൂടാതെ തിരിച്ചറിയുവാൻ അസാദ്ധ്യമാണ്. അതിന്റെ സാക്ഷ്യത്താൽ ഓരോ പ്രസ്താവനയും ഓരോ അത്ഭുതവും പരിശോധിക്കപ്പെടേണ്ടതാണ്.—GC 593 (1911).

### വഞ്ചന ഏകദേശം സാർവ്വ ലൗകികമാണ്

സാത്താൻ ശക്തനായ ഒരു സൈന്യാധിപനെപ്പോലെ കളം ഏറ്റെടുത്തിരിക്കുകകൊണ്ട്, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന സ്ത്രീപുരുഷൻമാരെയാണിന്നാവശ്യം. ശേഷിക്കുന്ന ഈ അന്ത്യകാല സമയങ്ങളിൽ വഞ്ചിതരാക്കുവാൻ തനിക്കാവുന്ന വഴികളിലൂടെയെല്ലാം പ്രവർത്തിച്ച് ദൈവം തന്റെ ജനത്തിനുവേണ്ടി പ്രകാശിപ്പിക്കുന്ന വെളിച്ചത്തെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നു. മുഴുലോകത്തെയും അവൻ തന്റെ കാൽക്കീഴിൻ പരിധിയിൽ കൊണ്ടുവരുന്നു; എന്നാൽ ദൈവിക കല്പനകളോട് വിശ്വസ്തത പുലർത്തുന്നവർക്കുമാത്രം അവനോട് എതിർത്ത് നിൽക്കുവാൻ സാധിക്കും. ഇവരെപ്പോലും കീഴടക്കുവാൻ അവൻ പരിശ്രമിക്കുന്നു.—3 SM 389 (1889).

വഞ്ചനാപരവും പൈശാചികവുമായ ശക്തിയാൽ മരിച്ചവരുടെ രൂപങ്ങൾ പ്രത്യക്ഷപ്പെടുകയും അനേകരും കള്ളം സ്നേഹിക്കുകയും ഒരു കള്ളത്തെ ഉണ്ടാക്കുകയും ചെയ്യുന്നവനിലേക്ക് തങ്ങളെത്തന്നെ ബന്ധിപ്പിക്കുകയും ചെയ്യും. നമ്മുടെ ഇടയിൽനിന്നുതന്നെ അനേകർ വിശ്വാസം വിട്ടകന്ന് വഞ്ചകാത്മാക്കൾക്കും പൈശാചിക സിദ്ധാന്തങ്ങൾക്കും തങ്ങളെ ഏൽപ്പിച്ചുകൊടുക്കുകയും സത്യത്തെ പൈശാചികമായി സംസാരിക്കുകയും ചെയ്യുമെന്ന് ഞാൻ നമ്മുടെ ജനത്തിനു താക്കീത് കൊടുക്കുന്നു.

അതിശയകരമായ ഒരു പ്രവൃത്തി നടക്കും. വിവേചനത്തിന്റെ ആത്മാവിനെ തെറ്റായ സിദ്ധാന്തങ്ങളിൽ രസിക്കാൻ അനുവദിച്ച ഭരണകർത്താക്കളും അഭിഭാഷകന്മാരും ഡോക്ടർമാരും തങ്ങളെത്തന്നെ വഞ്ചിക്കുകയും വഞ്ചിക്കുന്നവനുമായി ഐക്യത്തിലാവുകയും ചെയ്യും. ഒരു ആത്മീയ അന്ധകാരം അവരെ പിടിച്ചടക്കും ചെയ്യും.—UL 317 (1905).



## അധ്യായം പന്ത്രണ്ട്

# ഉലയ്ക്കൽ

### സഭാംഗത്വം രക്ഷയ്ക്കുറപ്പല്ല

സഭാപുസ്തകത്തിൽ പേർ രേഖപ്പെടുത്തിയിരിക്കുന്നവരുടെ കൂട്ടത്തിൽ 20 പേരിൽ ഒരാൾപോലും അവരുടെ ഭൗമിക ചരിത്രം അവസാനിപ്പിക്കുവാൻ ഒരുങ്ങിയവരല്ല എന്ന പരിപാവനമായ പ്രസ്താവനയാണ് ഞാൻ സഭയോടുണ്ടാക്കുന്നത്. അവർ ലോകത്തിൽ സാധാരണ പാപികളെപ്പോലെ ദൈവവും പ്രത്യാശയും ഇല്ലാത്തവരാണ്.—ChS 41 (1893).

സത്യം കേൾക്കുവാനും സ്വീകരിക്കുവാനും അവസരങ്ങളുള്ളവരും ദൈവത്തിന്റെ കല്പനയനുസരിക്കുന്നവരെന്ന് പറഞ്ഞുകൊണ്ട് സെവന്ത്-ഡെ അഡ്വന്റിസ്റ്റു സഭയോട് ചേർന്നവരും ആകുന്നു എങ്കിലും നാമധേയ സഭകളെക്കാളും കൂടുതൽ ഓജസ്സും സമർപ്പണവും ഇല്ലാത്തവരാണ്. ദൈവിക കല്പനകളെ എതിർക്കുന്ന സഭകൾ ബാധകൾ സ്വീകരിക്കുന്നതുപോലെ തന്നെ അവരും സ്വീകരിക്കും.—19 MR 176 (1898).

### ഗോതമ്പിൽ നിന്നും പതിർ വേർതിരിക്കപ്പെടുന്നു

സഭയിൽ വിഭജനങ്ങൾ ഉണ്ടാകും. രണ്ടു കൂട്ടർ ഉയർന്നുവരും. കൊയ്ത്തോളം ഗോതമ്പും കളയും ഒരുമിച്ചു വളരും.—2 SM 114 (1896).

അരിപ്പയുടെ ഒരു ഉലയ്ക്കൽ ഉണ്ടാകും. ഗോതമ്പിൽനിന്നും പതിര് വേർതിരിക്കപ്പെടണം. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ വിശ്വാസം തണുത്തുപോകുന്നു. യഥാർത്ഥമായത് ബലവത്തായിരിക്കേണ്ട സമയം ഇതാണ്.—Letter 46 (1887).

ദാഥാന്റെയും അബീരാമിന്റെയും മത്സരത്തിന്റെ ചരിത്രം ആവർത്തിക്കപ്പെടുന്നു, കാലത്തിന്റെ അന്ത്യംവരെ ഇത് ആവർത്തിക്കപ്പെടും.

കർത്താവിന്റെ വശത്ത് ആരുണ്ടായിരിക്കും? ആര് വഞ്ചിക്കപ്പെടും, മറിച്ച് ആര് വഞ്ചകർ ആയിത്തീരുന്നു?—Letter 15 (1892).

കർത്താവ് വേഗം വരുന്നു. നമ്മുടെയിടയിൽ സത്യത്തെ സ്നേഹിക്കാത്തവരും അഥവാ ദൈവത്തെ മാനിക്കാത്തവരുമായ മനുഷ്യർ ഉള്ളതുകൊണ്ട് സഭയിൽ ശുദ്ധീകരണത്തിന്റെയും തരംതിരിക്കലിന്റെയും ഒരു പ്രക്രിയ ഉണ്ടാകണം.—RH March 19 (1895).

ഉലയ്ക്കുവാൻ കഴിയുന്ന സകലവും ഉലയ്ക്കപ്പെടുന്ന ഒരു ഉലയ്ക്കലിന്റെ സമയത്താണ് നാം ജീവിക്കുന്നത്. സത്യം അറിയാകുന്നവർ വാക്കിലും പ്രവൃത്തിയിലുംകൂടെ ദൈവത്തിന്റെ കല്പന അനുസരിക്കുന്നില്ലെങ്കിൽ ദൈവം ഒരു ഒഴികഴിവും കൊടുക്കുകയില്ല.—6T 332 (1900).

## പീഡനം സഭയെ ശുദ്ധീകരിക്കുന്നു

അഭിവൃദ്ധി ഒരു കൂട്ടം മതവിശ്വാസ പ്രഖ്യാപകരെ ജനിപ്പിക്കുന്നു. ആപത്തുകാലം അവരെ സഭയിൽനിന്നും നിർമ്മാർജ്ജനം ചെയ്യുന്നു. —4T 89 (1876).

ഓരോരുത്തരുടേയും മേൽ പരീക്ഷ വരുവാനുള്ള സമയം വിദൂരതയിലല്ല. മൃഗത്തിന്റെ മുദ്ര നമ്മുടെമേൽ അടിച്ചേല്പിക്കപ്പെടും. പടിപടിയായി ലോകത്തിന്റെ ആവശ്യങ്ങൾക്കു കീഴ്പ്പെട്ടുപോയവർക്കും ലോകപ്രകാരമുള്ള പതിവുകളോട് ഒത്തുചേർന്നവർക്കും പരിഹാസം, നിന്ദ, ജയിലറയുടെ ഭീഷണി, മരണം എന്നിവയ്ക്കു മുന്നിൽ കീഴടങ്ങുക അത്ര പ്രയാസമല്ല. ദൈവത്തിന്റെ കല്പനകൾക്കും മനുഷ്യന്റെ കല്പനകൾക്കും മദ്ധ്യേയാണ് പോരാട്ടം. ഈ സമയം സഭയുടെ മാലിന്യങ്ങളിൽനിന്നും സ്വർണ്ണം വേർതിരിക്കപ്പെടും.—5T 81 (1882).

പീഡനത്തിന്റെ അസാന്നിദ്ധ്യത്തിൽ നല്ലതും ചോദ്യം ചെയ്യപ്പെടാത്തതുമായ ക്രിസ്ത്യാനിത്വം ഉണ്ടെന്ന രീതിയിൽ പ്രത്യക്ഷപ്പെടുന്നതും, എന്നാൽ ഒരു പീഡനം ഉയർന്നു വരേണ്ടിവന്നാൽ വിട്ടുപോകുന്നതുമായ മനുഷ്യർ നമ്മുടെ നിരയിലുണ്ട്.—Ev 360 (1890).

ദൈവത്തിന്റെ കല്പനയെ ഇല്ലായ്മ ചെയ്യുമ്പോൾ സഭ അഗ്നിശോധനയിലൂടെ കടന്നുപോകുകയും നാം ഇപ്പോൾ നോക്കിപ്പാർക്കുന്നതിനാനുപാതികമായി ഒരു വലിയ കൂട്ടം വഞ്ചനാത്മാവിനും സാത്താന്റെ ഉപദേശങ്ങൾക്കും ചെവി കൊടുക്കുകയും ചെയ്യും.—2 SM 368 (1891).



## ഉപരിപ്ലവതരത്തിലുള്ളവർ വിശ്വാസം ഉപേക്ഷിക്കും

സമാധാനത്തിന്റെയും സമൃദ്ധിയുടെയും സമയത്ത് ചെയ്യുവാൻ സഭ പരാജയപ്പെട്ട വേല ഭയങ്കരമായ പ്രതിസന്ധിയുടെയും നിരാശയുടെയും വിലക്കപ്പെട്ട സാഹചര്യങ്ങളിലായി ചെയ്യേണ്ടിവരും. ലൗകിക അനുരൂപത നിശ്ശബ്ദമാക്കിയ അഥവാ പിടിച്ചുവച്ച മുന്നറിയിപ്പ് വിശ്വാസത്തിന്റെ ശത്രുവിൽ നിന്നുമുള്ള നിഷ്ഠൂരമായ എതിർപ്പിൽ കൊടുക്കേണ്ടിവരും. അപ്പോൾ എങ്ങും തൊടാതെ നിൽക്കുന്നവരും യാഥാസ്ഥിതികരുമായവർ അവരുടെ സ്വാധീനംകൊണ്ട് വേലയുടെ പുരോഗതിക്കു ഭംഗം വരുത്തി. അവർ വിശ്വാസമുപേക്ഷിക്കുകയും ചെയ്യും. —5T 463 (1885).

ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കുകയും സാത്താന്റെ വഞ്ചനകൾ വിവേചിച്ചറിയുവാൻ അവരെ ഒരുക്കുകയും ചെയ്യുന്നു എന്ന് അവൻ കാണുമ്പോൾ ആത്മാക്കളുടെ കൊയ്ത്ത് നടത്തുന്നതിന് ഒരു വശത്ത് മതഭ്രാന്തും മറുവശത്ത് തണുത്ത ആചാരാനുഷ്ഠാനങ്ങളും കൊണ്ടുവരുന്നതിന് അവന്റെ സർവ്വശക്തിയുമുപയോഗിക്കുന്നു.—2 SM 19 (1890).

സത്യത്തെ സംബന്ധിച്ച് ബുദ്ധിശക്തിയുള്ളവരാകുവാൻ പദവികളും അവസരങ്ങളുമുണ്ടായിരുന്നിട്ടും ദൈവത്തിനു പൂർത്തിയാക്കുവാൻ കഴിയുമായിരുന്നതിനെതിരായി പ്രവർത്തിക്കുന്നവരെ ശുദ്ധീകരിക്കും, കാരണം താല്പര്യങ്ങൾ വിഭജിക്കപ്പെട്ട ഒരു മനുഷ്യന്റെയും സേവനത്തെ ദൈവം സ്വീകരിക്കുന്നില്ല.—Ms 64 (1898).

നമുക്കുചുറ്റും കഷ്ടതകൾ വർദ്ധിക്കുമ്പോൾ നമ്മുടെ നിരയിൽ വേർതിരിവ്, ഐക്യത ഇവ രണ്ടും കാണപ്പെടും. യുദ്ധത്തിന്റെ ആയുധങ്ങളേന്തുവാൻ ഇപ്പോൾ തയ്യാറായിരിക്കുന്ന ചിലർ യഥാർത്ഥ കഷ്ടതയുടെ സമയം വരുമ്പോൾ ഉറപ്പുള്ള പാറമേൽ അവർ പണിയപ്പെട്ടിട്ടില്ല എന്നു തെളിയിക്കപ്പെടും.; അവർ പരീക്ഷയിൽ വീണുപോകും. വലിയ വെളിച്ചവും പ്രത്യേകാവസരങ്ങളുമൊക്കെയുണ്ടായിരുന്നിട്ടും അവയെ നല്ലവണ്ണം വളർത്തിയെടുക്കാത്തവർ ഒരിക്കലല്ലെങ്കിൽ മറ്റൊരു സമയത്ത് നമ്മിൽനിന്നും പുറത്തുപോകും.—6T 400 (1900).

## നേരായുള്ള സാക്ഷ്യം ഒരു ഉലയ്ക്കലുണ്ടാക്കുന്നു

ഞാൻ കണ്ട ഉലയ്ക്കലിന്റെ അർത്ഥം ഞാനാരാഞ്ഞു, ലവൊദിക്യ സഭയിലെ സത്യവാനായ സാക്ഷിയുടെ ഉപദേശം ആവശ്യപ്പെ

ടുന്ന നേരുള്ള സാക്ഷ്യം കാരണമുണ്ടാകുന്നതാണെന്ന് എനിക്കു കാണിച്ചുതന്നു. ഇത് സ്വീകരിക്കുന്നവന്റെ ഹൃദയത്തിൽ അതിന്റെ ഫലമുണ്ടാകുകയും നിലവാരത്തെ ഉയർത്തുകയും നേരുള്ള സത്യം ചൊരിയുകയും ചെയ്യും. ചിലർ ഈ നേരുള്ള സാക്ഷ്യം വഹിക്കുകയില്ല. അവർ അതിനെതിരെ എഴുന്നേൽക്കുകയും അത് ദൈവജനത്തിനിടയിൽ ഒരു ഉലയ്ക്കൽ ഉണ്ടാകുവാൻ കാരണമാക്കുകയും ചെയ്യും.—IT 181 (1857).

ആഖാൻ ചെയ്തതുപോലെ, തങ്ങളെത്തന്നെ രക്ഷിക്കുന്നതിനു വേണ്ടി വളരെ വൈകി ഏറ്റുപറച്ചിലുകൾ നടത്തുന്നവർ നമ്മുടെ ഇടയിലുണ്ട്.

....അവർ ശരിയോട് യോജിപ്പിലാകുന്നില്ല. ഹൃദയത്തിലേക്കു കടന്നുചെല്ലുന്ന സത്യസന്ധമായ സാക്ഷ്യങ്ങളെ അവർ നിന്ദിക്കുകയും മുന്നറിയിപ്പുകൾ നൽകുന്നവരെ നിശ്ശബ്ദരാക്കുമ്പോൾ സന്തോഷിക്കുകയും ചെയ്യുന്നു.—3T 272 (1873).

കഴിഞ്ഞ നാളുകളിലുണ്ടായിരുന്ന സത്യസന്ധമായ സാക്ഷീകരണങ്ങളുടെ ഒരു പുനർജീവനത്തിനായി ദൈവം വിളിക്കുന്നു. ആത്മീയ ജീവിതത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയാണ് അവൻ വിളിക്കുന്നത്. അവന്റെ ജനത്തിന്റെ ആത്മീയ ഊർജ്ജമെല്ലാം നാളുകളായി മരവിച്ച അവസ്ഥയിലാണ് എങ്കിലും ഈ വ്യക്തമായ മരണത്തിൽ നിന്നുമുള്ള ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ടാകേണ്ടത് ആവശ്യമാണ്. പ്രാർത്ഥനയാലും പാപം ഏറ്റുപറഞ്ഞുകൊണ്ടും നമുക്ക് രാജാവിന്റെ പാതയൊരുക്കാം.—8T 297 (1904).

## നീതിപൂർവ്വമല്ലാത്ത വിമർശനം ആത്മാക്കളുടെ നഷ്ടത്തിനു കാരണമാകുന്നു

ഒരിക്കൽ സത്യത്തിൽ സന്തോഷിച്ചിരുന്ന കുടുംബങ്ങൾ അവരെ സ്നേഹിച്ചവരെയും അവർക്ക് നല്ല ഉപദേശങ്ങൾ കൊടുത്തിരുന്നവരെയുംകുറിച്ചുള്ള അപവാദപ്രചരണവും കള്ളങ്ങളും കേട്ടിട്ട് നഷ്ടപ്പെടുന്ന അനുഭവങ്ങൾ ഇക്കാലത്തു ഉണ്ടായിട്ടുണ്ട്, ഭാവിയിലുണ്ടാവുകയും ചെയ്യും. ഈ കള്ളങ്ങളാകുന്ന കളകൾ വിതയ്ക്കപ്പെടുവാൻ അവർ ഹൃദയം തുറന്നുകൊടുക്കുകയും ഗോതമ്പിനോടുകൂടെ കളകൾ വളർന്നുവരികയും അവ ശക്തി പ്രാപിക്കുകയും ഗോതമ്പു കുറഞ്ഞുവരികയും അങ്ങനെ വിലയേറിയ സത്യങ്ങൾക്ക് അവരിൽ ശക്തിയില്ലാതെ വരികയും ചെയ്തു.—TM 411 (1898).



## തെറ്റായ ഉപദേശങ്ങൾ ചിലരെ അകറ്റിക്കളയുന്നു

ശാസ്ത്രത്തെയും മതത്തെയും പരസ്പര വിരുദ്ധങ്ങളായി മനുഷ്യൻ കണക്കാക്കുന്നതിനു കാരണം പരിമിതികളുള്ള മനുഷ്യൻ ദൈവത്തിന്റെ ശക്തിയെയും മഹത്വത്തെയും ഗ്രഹിക്കുന്നില്ല എന്നുള്ളതാണ്. വേദപുസ്തകത്തിലെ ഈ വാക്യങ്ങൾ എനിക്കു കാണിച്ചുതന്നു, "ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേൽക്കും (അപ്പൊ. 20:30). ദൈവജനത്തിനിടയിൽ ഇത് ഉറപ്പായും കാണപ്പെടും.—Ev 593 (1890).

ഒരിടത്തും ഉറച്ചുനിൽക്കാത്ത ഉപരിതല വായനക്കാർ, സഭയിൽ കുലുക്കമുണ്ടാകുമ്പോൾ തെറ്റായ സിദ്ധാന്തങ്ങൾ കടന്നുവരുന്നതിലൂടെ ഒഴുകുന്ന മണൽപോലെയാകുന്നു. അസന്തുഷ്ടിയുടെ ഉയർന്ന വികാരത്താൽ അവർ ഏതു പക്ഷത്തേക്കും ചായും.—TM112 (1897).

സത്യത്തോട് സ്നേഹമില്ലാതെ അവർ ശത്രുവിന്റെ തന്ത്രങ്ങളാൽ സ്വാധീനിക്കപ്പെട്ട് സാത്താന്റെ ഉപദേശങ്ങൾക്കും പ്രലോഭനത്തിന്റെ ആത്മാവിനും ചെവികൊടുത്തുകൊണ്ട് വിശ്വാസത്തിൽനിന്ന് അകന്നുപോകുന്നു. - 6T 401 (1900).

വിശുദ്ധമന്ദിരം എന്നൊന്നില്ല എന്നതുപോലെയുള്ള തെറ്റായ ഉപദേശങ്ങൾ ശത്രുവായവൻ കൊണ്ടുവരും. വിശ്വാസത്തിൽനിന്നു വിട്ടുപോകേണ്ടതിന്റെ ഒരു കാരണങ്ങളിലൊരെണ്ണമിതായിരിക്കും.—Ev 224 (1905).

## സാക്ഷ്യങ്ങളുടെ ത്യജിക്കൽ വിശ്വാസത്യാഗത്തിനു കാരണമാകുന്നു

ഒരു കാര്യം ഉറപ്പാണ്: സാത്താന്റെ കൊടിക്കീഴിൽ അണിനിരക്കുന്ന സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ ആദ്യം ത്യജിക്കുന്നത് ദൈവാത്മാവിന്റെ സാക്ഷ്യങ്ങളിലുള്ള താക്കീതുകളെയും ശാസനകളെയുമായിരിക്കും.—3SM 84 (1903).

ദൈവാത്മാവിന്റെ സാക്ഷ്യങ്ങൾക്ക് ഒരു ഫലവുമില്ലെന്ന് ആക്കിത്തീർക്കുന്നതായിരിക്കും സാത്താന്റെ ഏറ്റവും അവസാനത്തെ വഞ്ചന. "ദർശനം ഇല്ലാത്തിടത്ത് ജനം നശിക്കുന്നു" (സദൃശ. 29:18). യഥാർത്ഥ സാക്ഷ്യങ്ങളിലുള്ള ദൈവത്തിന്റെ ശേഷിപ്പു ജനത്തിന്റെ വിശ്വാസത്തെ അസ്ഥിരപ്പെടുത്തുവാൻ സാത്താൻ തന്റെ വിവിധ ചാരന്മാരിലൂടെയും വിവിധ മാർഗ്ഗങ്ങളിലൂടെയും സമർത്ഥമായി പ്രവർത്തിക്കും. —ISM 48 (1890).

സാക്ഷ്യങ്ങളിലുള്ള നമ്മുടെ സ്വന്തം ജനങ്ങളുടെ വിശ്വാസത്തെ അസ്ഥിരപ്പെടുത്തുവാൻ ശത്രുവായവൻ തന്റെ അതിവിദഗ്ദ്ധമായ തന്ത്രങ്ങളിലൂടെ പരിശ്രമിക്കുന്നു. അത് സാത്താൻ രൂപകല്പന ചെയ്തതുപോലെയായിരിക്കും. ദൈവാത്മാവിന്റെ സാക്ഷ്യങ്ങളിലൂടെയുള്ള താക്കീതുകളെയും ശാസനകളെയും ശ്രദ്ധിക്കാതിരിക്കുവാനായി ജനങ്ങളെ ഒരുക്കുന്നവർക്ക് ജീവിതത്തിലേക്ക് തെറ്റുകളുടെ ഒരു വേലിയേറ്റം ഉണ്ടാകുന്നതായി കാണും.—3SM 83 (1890).

സാക്ഷ്യങ്ങളിലുള്ള ദൈവജനത്തിന്റെ വിശ്വാസത്തെ ബലഹീനമാക്കുകയെന്നത് സാത്താന്റെ പദ്ധതിയാണ്. അതിനുശേഷം നമ്മുടെ വിശ്വാസത്തിന്റെ പ്രധാന തത്വങ്ങളിൽ സംശയം ജനിപ്പിക്കും അവസാനം ദൈവവചനത്തെപ്പോലും അവിശ്വസിക്കുന്ന രീതിയിലാക്കുകയും ആ വ്യക്തിയെ നിത്യനാശത്തിലേക്കു നയിക്കുകയും ചെയ്യും. ഒരിക്കൽ വിശ്വസിച്ചിരുന്ന സാക്ഷ്യങ്ങളെ അവിശ്വസിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ ഈ വഞ്ചിക്കപ്പെട്ടവർ അവിടെവച്ച് നിറുത്തുകയില്ല എന്ന് സാത്താനറിയാം. ഒരിക്കലും സൗഖ്യമാക്കുവാൻ കഴിയാത്തതും അവസാനം നാശത്തിലേക്കു നയിക്കുന്നതുമായ ദൈവവചനത്തിന്റെ ഒരു തുറന്ന നിഷേധത്തിൽ അവർ എത്തുന്നതുവരെ അവൻ തന്റെ ഇരട്ടി ശക്തിയോടെ പരിശ്രമിക്കും.—4T 211.

## സഭാനേതാക്കന്മാരുടെ ഇടയിൽ കൂറുമാറ്റം

പ്രകാശം കണ്ട് നമ്മൾ അഭിനന്ദിച്ചിരുന്ന പല നക്ഷത്രങ്ങളും അന്ധകാരത്തിലേക്കു പോകും.—PK 188 (c. 1914).

ദൈവം വളരെയധികം ആദരിച്ചിരുന്ന പല പുരുഷന്മാരും ലോകചരിത്രത്തിന്റെ അവസാന ഭാഗങ്ങളിൽ പുരാതന യിസ്രായേലിന്റെ മാതൃക പിൻതുടരും.... യേശുക്രിസ്തു തന്റെ ഉപദേശങ്ങളിലൂടെ സ്ഥാപിച്ചിരുന്ന തത്വങ്ങളിൽ നിന്നുമുള്ള വേർപിരിയൽ, ലൂസിഫറിന്റെ വിവേകശൂന്യമായ പ്രവർത്തനത്തിൻകീഴിൽ നടക്കുന്ന തെറ്റായ ചെയ്തികളെ ന്യായീകരിക്കുവാൻ മാനുഷിക പദ്ധതികളിലൂടെ തിരുവചനങ്ങളെ ഉപയോഗിക്കുകയും മനുഷ്യരെ തെറ്റിദ്ധാരണയിൽത്തന്നെ ഉറപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യരെ അവരുടെ തെറ്റായ ചെയ്തികളിൽനിന്നും അകറ്റി നിർത്തുവനാവശ്യമായ സത്യം ചോർച്ചയുള്ള പാത്രത്തിൽനിന്നും വെള്ളം ചോർന്നുപോകുന്നതുപോലെ അവരിൽനിന്നും നഷ്ടപ്പെടുന്നു.—13 MR 379, 381 (1904).



അനേകരും തങ്ങൾ ക്രിസ്തുവിനോടൊപ്പം അല്ല എന്നും ലോകസംബന്ധമായി മരിച്ചവരല്ല എന്നും അവർ അവനോടൊപ്പം ജീവിക്കുന്നില്ല എന്നും കാണിക്കും; ഉത്തരവാദിത്വത്തിലിരിക്കുന്ന അവരുടെ വിശ്വാസത്യാഗം അടിക്കടി ഉള്ളതായിരിക്കും. - RH Sept 11 (1888).

## വിശുദ്ധീകരണം പ്രാപിക്കാത്ത ശുശ്രൂഷകന്മാർ പറിച്ചെറിയപ്പെടും

ഏറ്റവും വലിയ പ്രശ്നം (ഞായറാഴ്ച നിയമം) കയ്യെത്തും ദൂരത്തായിരിക്കുമ്പോൾ ദൈവത്താൽ നിയമിക്കപ്പെടാത്തവർ പറിച്ചെറിയപ്പെടുകയും ദൈവത്തിന്റെ പിന്മഴയ്ക്കുവേണ്ടി ഒരുക്കപ്പെട്ട നിർമ്മലവും യഥാർത്ഥവും വിശുദ്ധീകരിക്കപ്പെട്ടതുമായ ഒരു ശുശ്രൂഷ ഉണ്ടാകുകയും ചെയ്യും.—3SM 385 (1886).

കരങ്ങളിൽ വ്യാജപ്രവചനങ്ങളുടെ ചുട്ടുംപിടിച്ച്, സാത്താന്റെ നരകതുല്യമായ വിളക്കിന്റെ പ്രചോദനത്തോടും കൂടി അനേകരും നമ്മുടെ പ്രസംഗപീഠങ്ങളിൽ നിൽക്കും....

ഇനിയൊരിക്കലും സാക്ഷ്യം വഹിക്കാത്തവർ നമ്മിൽനിന്നും പുറത്തുപോകും. പക്ഷെ അവർക്കൊന്നും സത്യത്തെ തടുക്കുവാനുള്ള മതിൽ സൃഷ്ടിക്കുവാൻ കഴിയുകയില്ല കാരണം അത് അന്ത്യം വരേയും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കും.—TM 409, 411 (1898).

ദൈവം തന്റെ ദാസിയിലൂടെ നൽകിയ ദൂതിൻപ്രകാരവും ദൈവവചനപ്രകാരവും പല ശുശ്രൂഷകന്മാരും ഡോക്ടർമാരും വിശ്വാസത്തിൽ നിന്നും വേർപെട്ടുപോകും.—7MR 192 (1906).

## സഭ വീഴുവാൻ പോകുന്നതുപോലെ കാണപ്പെടും

ദൈവത്തിന്റെ ഉലയ്ക്കൽ അനേകരെ ഉണങ്ങിയ ഇലകൾപോലെ പറത്തിക്കളയും.—4T 89 (1876).

പതിര് ഒരു മേഘംപോലെ കാറ്റിനാൽ പറത്തിക്കൊണ്ടു പോകുന്നതും തറയിൽ പാകമായ ഗോതമ്പു കിടക്കുന്നതും ഞങ്ങൾ കണ്ടു.—5T 81 (1882).

അധികം വൈകാതെ ദൈവത്തിന്റെ ജനം അഗ്നിശോധനയാൽ പരീക്ഷിക്കപ്പെടുകയും ഇപ്പോൾ സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായി കാണപ്പെടുന്ന ഒരു വലിയ അംശം പരിശുദ്ധിയില്ലാത്തവരാണെന്നു തെളിയിക്കപ്പെടുകയും ചെയ്യും....

ക്രിസ്തുവിന്റെ മതം ഏറ്റവും പുച്ഛിക്കപ്പെടുമ്പോഴും ദൈവകല്പനകൾ ഏറ്റവും നിന്ദിക്കപ്പെടുമ്പോഴുമാണ് നമ്മുടെ തീക്ഷ്ണത ചുടുപിടിക്കേണ്ടതും നമ്മുടെ ഉറപ്പും ധൈര്യവും ഏറ്റവും അചഞ്ചലമായിരിക്കേണ്ടതും. ഭൂരിപക്ഷം ജനങ്ങളും നമ്മെ തള്ളിക്കളയുമ്പോൾ സത്യത്തിന്റെയും നീതിയുടെയും പരിരക്ഷണത്തിനായി നില്ക്കുക, നേതാക്കന്മാർ ഇല്ലാതാവുമ്പോൾ കർത്താവിന്റെ യുദ്ധം നയിക്കുക എന്നിവയായിരിക്കും നമ്മുടെ പരീക്ഷണങ്ങൾ. ഈ സമയത്താണ് മറ്റുള്ളവരുടെ നിരുന്മേഷതയിൽനിന്നും ഉത്സാഹവും അവരുടെ ഭീരുത്വത്തിൽനിന്നും ധൈര്യവും അവരുടെ വഞ്ചനയിൽനിന്നു നാം ആർജ്ജിച്ചെടുക്കേണ്ടത്.–5T 136 (1882).

സഭ വീഴുവാൻ പോകുന്നു എന്നപോലെ കാണപ്പെടും. പക്ഷെ അതു വീഴുകയില്ല. ഗോതമ്പിൽനിന്നും പതിർ വേർതിരിക്കുന്നതു പോലെ അധർമ്മികൾ സീയോനിൽനിന്നും അരിച്ചുമാറ്റപ്പെടുമ്പോഴും അതു നിലനിൽക്കും. ഇതു ഭയങ്കരമായ ഒരു അഗ്നിപരീക്ഷയാണ് എന്നിരുന്നാലും അത് നടക്കേണ്ടതാണ്.–2SM 380 (1886).

കൊടുങ്കാറ്റു സമീപിക്കുമ്പോഴേക്കും മൂന്നാം ദൂതന്റെ ദൂതിൽ വിശ്വസിച്ചിരുന്നുവെന്നു പറയപ്പെടുകയും കല്പനാനുസരണത്തിലൂടെ വിശുദ്ധീകരണം പ്രാപിക്കാതിരിക്കുകയും ചെയ്യുന്ന ഒരു വലിയ കൂട്ടം വിശ്വാസം ത്യജിച്ച് പ്രതിപക്ഷ നിരയിലേക്ക് ചേരും.–GC 608 (1911).

## ദൈവത്തിന്റെ വിശ്വസ്തർ വെളിവാക്കപ്പെടും

പരിശോധനയുടെയും ഉലയ്ക്കലിന്റെയും ഘട്ടത്തിൽ വെളിപ്പെട്ടുവരുന്ന വിശ്വസ്ത ദാസന്മാർ ദൈവത്തിനുണ്ട്. ബാലിനു മുൻപിൽ മുട്ടുമടക്കാത്ത ദൈവത്തിന്റെ വിലയേറിയ ആത്മാക്കൾ ഇപ്പോൾ ഒളിവായി കിടപ്പുണ്ടു. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന തീക്ഷ്ണതയോടെ ജ്വലിക്കുന്ന പ്രകാശം അവർക്കു ലഭിച്ചിട്ടില്ല. പക്ഷെ ദുഷ്കരവും തൃപ്തികരമല്ലാത്തതുമായ സന്ദർഭങ്ങളിലായിരിക്കും യഥാർത്ഥ ക്രിസ്തീയ സ്വഭാവത്തിന്റെ ശുദ്ധമായ പ്രകാശം തെളിവായി വരുന്നത്. പകൽസമയത്ത് ആകശത്തേക്ക് നോക്കിയാൽ നക്ഷത്രങ്ങളെ കാണുവാൻ കഴിയുകയില്ല. അവ ആകാശത്ത് ഉണ്ടെങ്കിലും നമ്മുടെ കണ്ണുകൾക്ക് അവയെ തിരിച്ചറിയുവാൻ കഴിയുകില്ല. രാത്രിയിൽ അതിന്റെ യഥാർത്ഥ ദീപ്തി നമുക്ക് കാണുവാനാകും.–5T 80,81 (1882).

പീഡനം നടക്കുന്ന എല്ലാ അവസരങ്ങളിലും സാക്ഷികൾ ഒന്നുകിൽ യേശുവിനുവേണ്ടി അല്ലെങ്കിൽ യേശുവിനെതിരായി തീരുമാനമെടുക്കും. തെറ്റായി കുറ്റം വിധിക്കപ്പെടുന്നവരോട് സഹതപിക്കുന്നവരും, അവരോട് കയ്പാകാത്തവരും ക്രിസ്തുവിനോടുള്ള അവരുടെ ബന്ധം കാണിക്കും.–ST Feb. 20 (1901).



എതിർപ്പുകൾ ഉയരട്ടെ, മതഭ്രാന്തും അസഹിഷ്ണുതയും ഉയർന്നു വരട്ടെ, പീഡനം വീണ്ടും കത്തിപ്പടരട്ടെ, അപ്പോൾ അർദ്ധമാനസരും കപടഭക്തിക്കാരും ഇടറുകയും വിശ്വാസം ത്യജിക്കയും ചെയ്യും. പക്ഷെ സത്യക്രിസ്ത്യാനികൾ അവരുടെ സമ്പൽസമൃദ്ധിയിലുണ്ടായതിനെക്കാളും തിളക്കമാർന്ന പ്രത്യാശയാലും ഉറച്ച വിശ്വാസത്താലും പാറപോലെ ഉറച്ചുനിൽക്കും.– GC 602 (1911).

## വിട്ടുപോകുന്നവരുടെ സ്ഥാനത്ത് പുതിയ വിശ്വാസികൾ കടന്നുവരും

ചിലർ വിശ്വാസത്തിൽ ഉലയ്ക്കപ്പെടുകയും വിശ്വാസം വിട്ടുപോകുകയും ചെയ്യും. അശ്രദ്ധരും അലസരുമായവരും രക്ഷയ്ക്കും വിജയത്തിനും വേണ്ടി സഹിഷ്ണുതയോടെ അപേക്ഷിക്കുകയും കരയുകയും ചെയ്യുന്നവരോട് കൂട്ടുചേരാത്തവരുമായവർ പിന്നിൽ അന്ധകാരത്തിലേക്ക് തള്ളപ്പെടുകയും പൊടുന്നനെ അവരുടെ സ്ഥാനം സത്യത്തെ മുറുകെ പിടിക്കുന്നവരാൽ നിറയുകയും അവർ ആ സ്ഥാനങ്ങളിലേക്കു വരികയും ചെയ്യും.–EW 271 (1858).

തകർന്നുപോയ സ്ഥാനങ്ങൾ പതിനൊന്നാം മണിക്കൂറിൽ കടന്നു വരുന്ന ക്രിസ്തുവിന്റെ പ്രതിനിധികളാൽ നികത്തപ്പെടും. ദൈവാത്മാവ് വാദിച്ചുകൊണ്ടിരിക്കുന്ന അനേകർ ഉണ്ട്. സത്യമെന്തെന്നറിയാൻ ഇപ്പോൾ അവസരം ലഭിക്കാത്തവർക്കുള്ള കരുണയുടെ സമയമാണ് ദൈവത്തിന്റെ ഭയങ്കരമായ ന്യായവിധികൾ. ദൈവം അവരെ അരുമയോടെ നോക്കുന്നു. അനുകമ്പാർദ്രമായ അവന്റെ ഹൃദയം സ്പർശിക്കപ്പെട്ടിരിക്കുകയാണ്, രക്ഷിക്കുന്നതിനായി അവൻ കൈകൾ നീട്ടിയിരിക്കയാണ്, പ്രവേശിക്കാത്തവർക്കുവേണ്ടി വാതിലടച്ചിരിക്കുകയാണെങ്കിലും ഈ അന്ത്യകാലത്ത് ആദ്യമായി സത്യം കേൾക്കുന്ന ഒരു വലിയ കൂട്ടം പ്രവേശിക്കപ്പെടും.–Letter 103 (1903).

പിതാവിന്റെ സൈന്യത്തിൽനിന്ന് കൂട്ടംകൂട്ടമായി ശത്രുപക്ഷത്തേക്കു ചേരുകയും ശത്രുപക്ഷത്തുനിന്ന് കൂട്ടംകൂട്ടമായി ദൈവകല്പനയനുസരിക്കുന്ന ദൈവജനത്തോടു ചേരുകയും ചെയ്യുമ്പോൾ അനേകരുടെയും ഗുണനിലവാരം പൂഴിയിൽ പതിച്ച കാൽപാടുകൾ പോലെയാകും.–8T 41 (1904).

# അധ്യായം പതിമൂന്ന്

# പിന്മഴ

## പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മഴപോലെയായിരിക്കും

അവൻ നിങ്ങൾക്ക് മഴ അതായത് മുൻമഴയും പിൻമഴയും ചൊരിയപ്പെടുവാൻ ഇടയാക്കും. പൗരസ്ത്യദേശത്ത് വിത്തുവിതയ്ക്കുന്ന കാലത്താണ് മുൻമഴ പെയ്യുന്നത്. വിത്തു മുളയ്ക്കുവാൻ അത് ആവശ്യമാണ്. ഫലഭൂയിഷ്ഠമാക്കുന്ന മഴയുടെ സ്വാധീനത്താൽ ഇളം മുളകൾ പൊട്ടിമുളയ്ക്കുന്നു. ആ ഋതുവിന്റെ അന്ത്യത്തോടടുക്കുമ്പോൾ പെയ്യുന്ന പിന്മഴ വിളവിനെ കൊയ്ത്തിനു പാകമാക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുവാൻ ദൈവം പ്രകൃതിയിലെ ഈ പ്രവർത്തനങ്ങളെ ഉപയോഗിക്കുന്നു.

മഞ്ഞും മഴയും ആദ്യം വിത്തു മുളപ്പിക്കുവാനും പിന്നീട് അതിനെ കൊയ്ത്തിനു പാകമാക്കുവാനും സഹായിക്കുന്നതുപോലെ ആത്മീയ വളർച്ച അതിന്റെ ഓരോ ഘട്ടത്തിലും നടക്കുന്നതിനായി പരിശുദ്ധാത്മാവിനെ നൽകപ്പെടുന്നു. ധാന്യം പാകമാകുന്നത് മനുഷ്യനിലുള്ള ദൈവകൃപയുടെ പ്രവർത്തനത്തിന്റെ പൂർത്തീകരണത്തെയാണ് പ്രതിനിധീകരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവസാദൃശ്യം നമ്മുടെ സ്വഭാവങ്ങളിൽ പരിപൂർണ്ണമാക്കപ്പെടുന്നു. നമ്മൾ ക്രിസ്തുവിന്റെ സ്വഭാവവമുമായി പൂർണ്ണമായും രൂപാന്തരപ്പെടണം.

പിന്മഴയും കൊയ്ത്തിനു പാകമാകുന്നതും പ്രതിനിധീകരിക്കുന്നത് മനുഷ്യപുത്രന്റെ വരവിനായി സഭയെ ഒരുക്കുന്ന ആത്മീയ കൃപയെയാണ്. പക്ഷെ മുൻമഴ പെയ്തില്ലെങ്കിൽ ജീവൻ ഉണ്ടാകുകയില്ല, പച്ചില നാമ്പുകൾ മുളച്ചുവരുകയില്ല. മുൻമഴ അതിന്റെ പ്രവർത്തനം നടത്തിയില്ലെങ്കിൽ പിന്മഴയ്ക്ക് വിത്തുകളെ പരിപൂർണ്ണതയിലേക്ക് കൊണ്ടുവരുവാൻ കഴിയില്ല.—TM 506 (1897).



## എ.ഡി. 31 – ലെ പെന്തെക്കൊസ്തുനാളിൽ മുൻമഴ ലഭിച്ചു

യേശുക്രിസ്തുവിന്റെ കല്പനയനുസരിച്ച് ശിഷ്യന്മാർ യെരുശലേമിൽ പിതാവിന്റെ ദൈവവാഗ്ദത്ത നിവേറലായ പരിശുദ്ധാത്മവർഷത്തിനായി കാത്തിരുന്നു. അവർ ഉദാസീനരായിരുന്നില്ല. അവർ എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു" എന്നാണ് വചനം പറയുന്നത്. ലൂക്കൊ. 24:53.

വാഗ്ദത്ത നിവൃത്തിക്കായി ശിഷ്യന്മാർ കാത്തിരുന്നപ്പോൾ അവർ അവരുടെ ഹൃദയങ്ങളെ യഥാർത്ഥ മാനസാന്തരത്താൽ താഴ്ത്തുകയും അവരുടെ അവിശ്വാസത്തെ ഏറ്റുപറയുകയും ചെയ്തു. മനുഷ്യരെ അഭിമുഖീകരിക്കുവാൻ തങ്ങളെ യോഗ്യരാക്കണമെന്നും, പാപികളെ ക്രിസ്തുവിങ്കലേക്കു നയിക്കുവാനുള്ള വാക്കുകൾ തങ്ങളുടെ സംസാരത്തിൽ വരണമെന്നും അവർ അത്യുത്സാഹത്തോടെ പ്രാർത്ഥിച്ചു. എല്ലാ ഭിന്നതകളും അധികാരമോഹങ്ങളും വിട്ടൊഴിഞ്ഞ് അവർ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ ഒന്നിച്ചുചേർന്നു.—AA 35-37 (1911).

ശിഷ്യന്മാർ ഉന്നതസ്ഥാനത്തിനുവേണ്ടി ആഗ്രഹിക്കാതെയും പൂർണ്ണമായ ഐക്യതയിലാവുകയും ചെയ്തതിനുശേഷം മാത്രമാണ് പരിശുദ്ധാത്മവർഷം ഉണ്ടായത്.—8T 20 (1904).

അപ്പൊസ്തലന്മാരുടെ കാലത്തുണ്ടായ പരിശുദ്ധാത്മവർഷമാണ് മുൻമഴയുടെ ആരംഭം. അതിന്റെ ഫലം വളരെ മഹത്വപൂർണ്ണവുമായിരുന്നു. കാലാന്ത്യംവരെയും ഈ ആത്മാവിന്റെ സാന്നിദ്ധ്യം സത്യസഭയോടുകൂടെ ഉണ്ടായിരിക്കും.—AA 54,55 (1911).

## പെന്തെക്കൊസ്തുനാളിലെ മുൻമഴയുടെ അനന്തരഫലം

ആത്മാവിന്റെ സ്വാധീനത്താൽ അനുതാപത്തിന്റെ വാക്കുകളും ഏറ്റുപറച്ചിലും പാപക്ഷമ ലഭിച്ചതിനുള്ള സ്തോത്രഗാനങ്ങളും ഒരുമിച്ചു കേൾക്കാമായിരുന്നു.... ഓരോ ദിവസവും ആയിരങ്ങൾ മാനസാന്തരപ്പെട്ടു സഭയോടു ചേർന്നു.

അവർക്ക് അന്നുവരെ പരിചിതമില്ലാത്ത ഭാഷകളിൽ വാക്ചാതുര്യത്തോടെ സംസാരിക്കുവാൻ പരിശുദ്ധാത്മാവ് അവർക്ക് കഴിവു കൊടുത്തു. അവരുടെ ജീവിതകാലം മുഴുവനുംകൊണ്ട് നേടുവാൻ കഴിയാതിരുന്ന കാര്യങ്ങൾ പരിശുദ്ധാത്മാവ് അവർക്കുവേണ്ടി ചെയ്തു.—AA 38-40 (1911).

ഭൂമിയുടെ അറ്റത്തോളം ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ

അവരെ പ്രേരിപ്പിക്കുന്ന തരത്തിൽ അവരുടെ ഹൃദയം മനുഷ്യസ്നേഹംകൊണ്ട് നിറഞ്ഞു.—AA 46 (1911).

പെന്തെക്കൊസ്തുനാളിലെ ആത്മവർഷത്തിന്റെ ഫലമെന്തായിരുന്നു? ഉയിർത്തെഴുന്നേറ്റ യേശുവിനെക്കുറിച്ചുള്ള സന്തോഷവാർത്ത അന്നു ജനവാസമുള്ള സ്ഥലങ്ങളിലെല്ലാം കൊണ്ടുപോകപ്പെട്ടു. എല്ലാ ദിശകളിൽനിന്നും മാനസാന്തരപ്പെട്ടവർ സഭയിലേക്കു വന്നുകൊണ്ടിരുന്നു. പിന്മാറ്റക്കാർ തിരിച്ചുവന്നു. യേശുവിന്റെ സ്വഭാവംപോലെയുള്ള സ്വഭാവം വെളിപ്പെടുത്തുകയും ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി പ്രയത്നിക്കുകയും ചെയ്യുക മാത്രമായിരുന്നു വിശ്വാസികളുടെ തീവ്രമായ അഭിലാഷം.—AA 48 (1911).

## പിന്മഴയ്ക്കായുള്ള വാഗ്ദത്തം

അപ്പൊസ്തലന്മാരുടെ കാലത്തുണ്ടായിരുന്ന പരിശുദ്ധാത്മവർഷമാണ് മുൻമഴയുടെ ആരംഭം. അതിന്റെ ഫലം വളരെ മഹത്വപൂർണ്ണമായിരുന്നു. പിന്മഴ അതിലും സമൃദ്ധമായിരിക്കും.—8T 21 (1904).

ഭൂമിയിലെ കൊയ്ത്തിന്റെ അവസാനത്തോടടുക്കുമ്പോഴേക്കും മനുഷ്യപുത്രന്റെ വരവിനായി സഭയെ ഒരുക്കുന്നതിനുവേണ്ടി ആത്മകൃപകളുടെ ഒരു പ്രത്യേക വർഷച്ചാറ്റൽ ഉണ്ടാകും. ഈ പരിശുദ്ധാത്മവർഷം പിന്മഴപോലെതന്നെയായിരിക്കും.—AA 55 (1911).

ദൈവത്തിന്റെ ന്യായവിധിയുടെ അന്ത്യസന്ദർശനത്തിനുമുൻപ് അപ്പൊസ്തലന്മാരുടെ കാലത്തിനുശേഷം കാണാതിരുന്ന ദൈവീകത്വത്തിന്റെ ഒരു ഉണർവ് ദൈവജനങ്ങളിൽ കാണുവാൻ സാധിക്കും. ദൈവത്തിന്റെ ശക്തിയും, ആത്മാവും ദൈവജനങ്ങളിൽ വർഷിക്കപ്പെടും.—GC 464 (1911).

വേല പെന്തെക്കൊസ്തുനാളിനു സമാനമായിരിക്കും. സുവിശേഷവേലയുടെ ആരംഭകാലഘട്ടത്തിൽ മുൻമഴപോലെ പരിശുദ്ധാത്മാവിനെ നൽകിയപ്പോൾ വിലയേറിയ വിത്തുകൾ മുളച്ചുവന്നതുപോലെ കാലാന്ത്യത്തിൽ വിത്തുകളെ കൊയ്ത്തിനു പാകമാക്കുവാൻ പിന്മഴ നൽകപ്പെടും.—GC 611 (1911).

## പിന്മഴ ആർപ്പുവിളിയിലേക്കു നയിക്കും

അവസാന ഏഴുബാധകൾ ചൊരിയപ്പെടുമ്പോൾ നിലനിൽക്കുന്നതിന് വിശുദ്ധന്മാരെ ഒരുക്കുവാനും മൂന്നാം ദൂതന്റെ ദൂത് കൂടുതൽ



ഉച്ചത്തിൽ ഘോഷിക്കുവാനുമുള്ള ശക്തി ലഭിക്കുവാനുമായി ദൈവസന്നിധിയിൽനിന്നും പിന്മഴയോ പുതുശക്തിയോ വരും.—EW86 (1854).

ദൈവത്തിന്റെ രക്ഷാകവചം ധരിച്ചിരിക്കുന്നവർ വലിയ ശക്തിയോടെ സത്യം പ്രസംഗിക്കുന്നതു ഞാൻ കേട്ടു. അതിന് ഫലമുണ്ടായിരുന്നു.... ഈ വലിയ മാറ്റം ആര് വരുത്തി എന്നു ഞാൻ ചോദിച്ചു. ഒരു ദൂതൻ പറഞ്ഞു: “ഇത് പിന്മഴയും ദൈവത്തിൽനിന്നുമുള്ള പുതുശക്തിയും മൂന്നാം ദൂതന്റെ ദൂതുമാണ്”.—EW 271 (1858).

## മുൻമഴ മാനസാന്തരം കൊണ്ടുവരുന്നു
## പിന്മഴ ക്രിസ്തുസമാനമായ സ്വഭാവം വളർത്തുന്നു

ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിനു ശക്തി നൽകിയ ആത്മാവിനെ ഒഴിച്ചുനിർത്തിയുള്ള ഒരു ജീവിതം നയിക്കുവാൻ നമുക്ക് കഴിയുകയില്ല. മുൻമഴയാൽ ലഭിച്ച അനുഗ്രഹങ്ങൾ നമുക്ക് അന്ത്യനാളുകൾവരെ ആവശ്യമുണ്ട്. നമ്മൾ പരിശുദ്ധാത്മാവിനുവേണ്ടി ദൈവത്തോടു യാചിക്കുമ്പോൾ അത് നമ്മിൽ താഴ്മയുടെയും വിനയത്തിന്റെയും മനസ്സുണ്ടാക്കുന്നു, പിന്മഴയെ പരിപൂർണ്ണമാക്കുവാൻ ബോധപൂർവ്വം ദൈവത്തിലാശ്രയിക്കുന്നു.—TM 507, 509 (1897).

ഓരോ ആത്മാവിലും വസിക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. ഒരു ബഹുമാന്യനായ അതിഥിയായി സ്വാഗതം ചെയ്യുകയാണെങ്കിൽ അത് സ്വീകരിക്കുന്നവരെ ക്രിസ്തുവിൽ പരിപൂർണ്ണരാക്കുന്നു. ആരംഭിച്ച നല്ല വേല പൂർത്തീകരിക്കപ്പെടും. അശുദ്ധ ചിന്തകൾ, അപഥവികാരങ്ങൾ, നിഷേധാത്മ പ്രവൃത്തികൾ എന്നിവയുടെ സ്ഥാനത്ത് വിശുദ്ധമായ ചിന്തകളും സ്വർഗ്ഗീയമായ സ്നേഹവും വാത്സല്യവും ക്രിസ്തുസമാനമായ പ്രവൃത്തികളും ഉണ്ടാകും.—CH 561 (1896).

ദൈവാത്മാവ് നമ്മളിൽ ഒരളവുവരെ ഉണ്ടായിരുന്നിരിക്കണം. എന്നാൽ ഈ ആത്മാവ് കൂടുതലായി ഉണ്ടാകുവാൻ പ്രാർത്ഥനയോടും വിശ്വാസത്തോടുംകൂടെ നമ്മൾ തുടർച്ചയായി അന്വേഷിക്കേണ്ടിയിരിക്കുന്നു. നാം പുരോഗമിക്കുകയും മുന്മഴയും പിന്മഴയും പ്രാപിക്കുവാനുള്ള ഒരു മനോഭാവത്തിൽ നാം നമ്മെ എത്തിച്ചില്ലെങ്കിൽ നമ്മുടെ ആത്മാവ് നഷ്ടമാകുകയും അതിന്റെ ഉത്തരവാദിത്വം നമ്മുടെ വാതിൽക്കൽതന്നെ ആയിരിക്കുകയും ചെയ്യും....

സഭാകൂട്ടായ്മകളും ക്യാമ്പ് മീറ്റിംഗുകളും ഭവന കൂടിവരവുകളും പോലെയുള്ള ആത്മനേട്ട പ്രയത്നങ്ങൾ മുൻമഴയും പിൻമഴയും വർഷിപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ അവസരങ്ങളാണ്.—TM 508 (1897).

ദൈവാത്മാവിനുള്ള വഴി ഒരുക്കിക്കഴിയുമ്പോൾ അനുഗ്രഹം വരും. ഭൂമിയിലേക്കുള്ള മഴ പെയ്യാതിരിക്കുവാനായി സ്വർഗ്ഗത്തിന്റെ കിളിവാതിലുകളെ അടയ്ക്കുവാൻ സാത്താനു കഴിഞ്ഞാലും ദൈവകുഞ്ഞുങ്ങളുടെമേൽ പകരുന്ന അനുഗ്രഹ വർഷത്തെ തടയുവാൻ കഴിയുകയില്ല.—ISM 124 (1887).

## പരിശുദ്ധാത്മാവിന്റെ വരവിനായി അത്യുത്സാഹത്തോടെ പ്രാർത്ഥിക്കണം

പെന്തെക്കൊസ്തു നാളിൽ ശിഷ്യന്മാർ പ്രാർത്ഥിച്ചതുപോലെ അത്യുത്സാഹത്തോടെ നാം പരിശുദ്ധാത്മാവ് ഇറങ്ങിവരുവാനായി പ്രാർത്ഥിക്കണം. അവർക്ക് അന്ന് അതാവശ്യമായിരുന്നങ്കിൽ, അതിലധികമായി നമുക്ക് ഇന്ന് ആവശ്യമുണ്ട്.—5T 158 (1882).

സഭയുടെമേൽ പരിശുദ്ധാത്മാവിന്റെ ഇറങ്ങിവരവ് ഭാവിയിൽ സംഭവിക്കുവാനുള്ള ഒരു കാര്യമായി നോക്കിപ്പാർക്കുന്നു. പക്ഷെ അത് ഇപ്പോൾ കിട്ടുക എന്നത് സഭയ്ക്ക് അത്യാഹ്ലാദം തരുന്ന ഒന്നാണ്. അതിനുവേണ്ടി ആഗ്രഹിക്കുക, പ്രാർത്ഥിക്കുക, വിശ്വസിക്കുക. നമുക്ക് അത് വേണം. അത് തരുവാൻ സ്വർഗ്ഗം കാത്തിരിക്കുന്നു.—Ev 701 (1895).

പരിശുദ്ധാത്മാവിനുവേണ്ടിയുള്ള നമ്മുടെ ആഗ്രഹത്തിന്റെയും വിശ്വാസത്തിന്റെയും അതിൽനിന്നു കിട്ടുന്ന അറിവും വെളിച്ചവും നമ്മൾ ഉപയോഗിക്കുന്നതിന്റെയും അളവിന് ആനുപാതികമായിട്ടായിരിക്കും നമുക്ക് ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ അളവ്.—RH May 5 (1896.)

പരിശുദ്ധാത്മദാനത്തിനായി യാചിക്കുവാനോ നമ്മുടെ പരാതികളാൽ ദൈവത്തെ അസഹ്യപ്പെടുത്തുവാനോ നാം ആഗ്രഹിക്കുന്നില്ല. ഇക്കാര്യത്തിനായി ദൈവത്തെ അസഹ്യപ്പെടുത്തണം എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ അപേക്ഷകൾ ദൈവസിംഹാസനത്തിലേക്ക് എത്തിക്കൊണ്ടിരിക്കണം എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്.—FE 537 (1909).



## യഥാർത്ഥ അനുതാപത്താൽ നമ്മുടെ ഹൃദയങ്ങളെ വിനയപ്പെടുത്തണം

ദൈവികമായ ഒരു യഥാർത്ഥ ഉണർവ് നമ്മിലുണ്ടാകണം എന്നതാണ് നമ്മുടെ ഏറ്റവും വലിയതും അത്യാവശ്യവുമായ ആവശ്യം. ഇതിനുവേണ്ടി ആഗ്രഹിക്കുന്നതായിരിക്കണം നമ്മുടെ പ്രഥമ ഉത്തരവാദിത്വം. ദൈവത്തിൽനിന്നും അനുഗ്രഹങ്ങളെ പ്രാപിക്കുവാൻ നാം അത്യുത്സാഹപൂർവ്വം പരിശ്രമിക്കണം. കാരണം നമ്മിൽ അനുഗ്രഹം ചൊരിയുവാൻ ദൈവത്തിനു മനസ്സിലാത്തതുകൊണ്ടല്ല, നമ്മൾ അത് പ്രാപിക്കുവാൻ തയ്യാറാകാത്തതുകൊണ്ടാണ്. ഭൗമിക പിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കുവാൻ ആഗ്രഹിക്കുന്നതിനെക്കാൾ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകുവാൻ എത്ര അധികമായി ആഗ്രഹിക്കുന്നു. പക്ഷെ നമ്മളെത്തന്നെ താഴ്ത്തിക്കൊണ്ട് അനുതാപത്തിലൂടെയും ഏറ്റുപറച്ചിലിലൂടെയും നിരന്തരമായ പ്രാർത്ഥനയിലൂടെയും ദൈവം വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങളെ പ്രാപിക്കുവാനുള്ള നിബന്ധനകൾ നിറവേറ്റേണ്ടത് നമ്മുടെ വേലയാണ്. പ്രാർത്ഥനയ്ക്കുള്ള ഉത്തരമായിട്ടുമാത്രമേ ഒരു ഉണർവ്വിന്റെ ആവശ്യം പ്രതീക്ഷിക്കുവാൻ പാടുള്ളു.—ISM121 (1887).

നമ്മുടെ ഇടയിൽ ഒരു വലിയ ഉണർവ് ഉണ്ടാകേണ്ടിയിരിക്കുന്നു. മാനസാന്തരം വന്ന ഒരു ശുശ്രൂഷ ഉണ്ടാകേണ്ടതാണ്. അനുതാപവും ഏറ്റുപറച്ചിലും മാനസാന്തരവും ഉണ്ടാകണം. ദൈവവചനം പ്രസംഗിക്കുന്ന അനേകർക്കും ഹൃദയങ്ങളിൽ യേശുവിന്റെ രൂപപ്പെടുത്തുന്ന കൃപ ഉണ്ടാകേണ്ടതാണ്. സമയം കഴിയുന്നതിനു മുൻപേ കഠിനമായ വേല ചെയ്യേണ്ടതുകൊണ്ട് അവരുടെ മുൻപിൽ യാതൊന്നും തടസ്സമായി നിൽക്കരുത്.—Letter 51 (1886).

## ഉണർവിനോടൊപ്പം നവീകരണവും വേണം

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാൽ ഉണർവും നവീകരണവും ഉണ്ടായിരിക്കണം. ഉണർവും നവീകരണവും രണ്ടു വ്യത്യസ്ത കാര്യങ്ങളാണ്. ഒരു ആത്മീയ ജീവിതത്തിന്റെ പുതുക്കം, മനസ്സിന്റെയും ഹൃദയത്തിന്റെയും ശക്തികളുടെ ഒരു ഉത്തേജനം, ആത്മീയ മരണത്തിൽ നിന്നുമുള്ള ഒരു പുനരുത്ഥാനം എന്നിവയാണ് ഉണർവ് സൂചിപ്പിക്കുന്നത്. ഒരു പുനരൂപീകരണം, ആശയങ്ങളിലും സിദ്ധാന്തങ്ങളിലും ശീലങ്ങളിലും ചെയ്തികളിലുമുള്ള മാറ്റം എന്നിവയാണ് നവീ

കരണം സൂചിപ്പിക്കുന്നത്. ആത്മാവിന്റെ ഉണർവിനോട് ബന്ധപ്പെടാതിരിക്കുന്നിടത്തോളം നവീകരണം നീതിയുടെ നല്ല ഫലങ്ങളെ ഒരിക്കലും കൊണ്ടുവരികയില്ല. ഉണർവും നവീകരണവും അവയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന വേല ചെയ്യണം. ഇത് ചെയ്യുന്നതിന് അവ ഒരുമിച്ചു ചേരണം. – RH Feb 25 (1902).

### നമ്മുടെ എല്ലാ കിടമത്സരങ്ങളും വിയോജിപ്പും നിർത്തലാക്കണം

ദൈവവേലക്കാരുടെ ഉള്ളിൽ യേശുക്രിസ്തു വസിക്കുകയും എല്ലാ സ്വാർത്ഥതയും ചാകുകയും അധികാരത്തിനുവേണ്ടിയുള്ള കിടമത്സരങ്ങളും വൈരാഗ്യങ്ങളും ഇല്ലാതാകുകയും ഐക്യത നിലനില്ക്കുകയും പരസ്പര സ്നേഹം മറ്റുള്ളവർ അവരിൽ കാണുകയും അനുഭവിക്കുകയും ചെയ്യുന്ന വിധത്തിൽ അവർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും ചെയ്യുമ്പോൾ ദൈവവാഗ്ദത്തത്തിന്റെ ഒരു വള്ളിയോ പുള്ളിയോ ഒരിക്കലും മാറുകയില്ല എന്നതുപോലെ പരിശുദ്ധാത്മാവിന്റെ കൃപാവർഷം അവരുടെമേൽ ചൊരിയപ്പെടും. പക്ഷെ മറ്റുള്ളവരുടെ വേല അവഗണിക്കുകയും തങ്ങളുടെ വേല മറ്റുള്ളവരുടേതിനെക്കാൾ നല്ലതാണെന്ന് സ്വയം ഭാവിക്കുകയും അവരുടെ വേലയിൽ ദൈവത്തിന്റെ അംഗീകാരം ഇല്ലെന്ന് അവർതന്നെ തെളിയിക്കുകയുമാണ്. അവരെ അനുഗ്രഹിക്കുവാൻ ദൈവത്തിനു കഴിയുകയില്ല.—ISM 175 (1896).

യേശുക്രിസ്തുവിനെ നമ്മുടെ സങ്കേതവും കോട്ടയുമായി അംഗീകരിച്ചുകൊണ്ട് നമ്മൾ അവന്റെ മഹാദിവസത്തിൽ നിൽക്കുമ്പോൾ എല്ലാ അസൂയയും അധികാരമോഹങ്ങളും കിടമത്സരങ്ങളും നമ്മൾ അകറ്റണം. ഈ ലൗകിക ചിന്തകൾ നമ്മിൽ വീണ്ടും മുളച്ചുവരാതിരിക്കുവാനായി അതിന്റെയെല്ലാം അടിവേരുതന്നെ നാം നശിപ്പിക്കണം. നമ്മെ മുഴുവനായിട്ടു ദൈവസന്നിധിയിൽ സമർപ്പിക്കണം.—TDG 258 (1913).

ക്രിസ്ത്യാനികൾ അവരിലുള്ള എല്ലാ വിയോജിപ്പും നിർത്തലാക്കി തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് നഷ്ടപ്പെട്ടുപോയവരുടെ രക്ഷയ്ക്കായി പ്രവർത്തിക്കട്ടെ. വാഗ്ദത്തം ചെയ്യപ്പെട്ട അനുഗ്രഹത്തിനായി അവർ വിശ്വാസത്താൽ യാചിക്കട്ടെ അപ്പോൾ അത് വരും.—8T 21 (1904).

### അന്യോന്യം സ്നേഹിക്കുക

അന്യോന്യമുള്ള വാത്സല്യസ്നേഹം വെളിപ്പെടുത്തുന്നതാണ്



ക്രിസ്ത്യാനിത്വം. തന്റെ സൃഷ്ടികളിൽനിന്നും ഉന്നതമായ സ്നേഹം ക്രിസ്തുവിന് ലഭിക്കേണ്ടതാണ്. മനുഷ്യർ തങ്ങളുടെ സഹവാസികൾക്കായി വിശുദ്ധമായ കരുതലുള്ളവരായിരിക്കണമെന്നും ക്രിസ്തു ആഗ്രഹിക്കുന്നു. രക്ഷിക്കപ്പെട്ട ഓരോ ആത്മാവും ദൈവത്തിൽനിന്ന് ആരംഭിക്കുന്ന സ്നേഹത്താലാണ് രക്ഷിക്കപ്പെട്ടത്. യഥാർത്ഥ മാനസാന്തരം എന്നത് സ്വാർത്ഥതയിൽനിന്നും ദൈവത്തോടുള്ള സ്നേഹത്തിലേക്കും അപരനോടുള്ള സ്നേഹത്തിലേക്കുമുള്ള ഒരു മാറ്റമാണ്. —ISM 114,115 (1901).

ദൈവം ഏറ്റവുമധികം വിലമതിക്കുന്ന ഗുണങ്ങൾ പരോപകാരവും വിശുദ്ധിയുമാണ്. എല്ലാ ക്രിസ്ത്യാനികളും ഈ രണ്ടു ഗുണങ്ങളും തങ്ങളുടെ ജീവിതത്തിൽ ആശ്ലേഷിക്കേണ്ടതാണ്.—5T85 (1882).

സുവിശേഷത്തെ പിൻതുണയ്ക്കുന്നതിനുള്ള ശക്തമായ വാദം എന്നത് സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്ത്യാനിയാണ്.—MH 470 (1905).

### പരിപൂർണ്ണ സമർപ്പണം ആവശ്യമാണ്

ഒന്നും മാറ്റിവയ്ക്കാത്ത സമർപ്പണത്തിൽ കുറഞ്ഞ യാതൊന്നും ദൈവം സ്വീകരിക്കയില്ല. അരമനസ്സുള്ളവരും പാപികളുമായ ക്രിസ്ത്യാനികൾക്ക് ഒരിക്കലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുകയില്ല. അവിടെ അവർക്ക് സന്തോഷം കണ്ടെത്തുവാൻ കഴിയുകയില്ല. കാരണം ആ രാജകീയ കുടുംബാംഗങ്ങളെ ഭരിക്കുന്ന ഉന്നതവും വിശുദ്ധവുമായ തത്വങ്ങളെക്കുറിച്ച് അവർക്ക് ഒന്നും അറിഞ്ഞുകൂടാ. യഥാർത്ഥ ക്രിസ്ത്യാനികളുടെ ആത്മാവിന്റെ കവാടങ്ങൾ സ്വർഗ്ഗത്തിലേക്ക് തുറന്നിരിക്കും. അവൻ ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ ജീവിക്കും. അവരുടെ ഇഷ്ടങ്ങൾ ക്രിസ്തുവിന്റെ ഇഷ്ടവുമായി യോജിച്ചിരിക്കും. അവന്റെ ഏറ്റവും വലിയ ആഗ്രഹം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതാണ്.—RH May 16 (1907).

നമുക്ക് പരിശുദ്ധാത്മാവിനെ ഉപയോഗിക്കുവാൻ കഴിയുകയില്ല. പരിശുദ്ധാത്മാവ് നമ്മെ ഉപയോഗിക്കണം. പരിശുദ്ധാത്മാവിലൂടെ ദൈവം തന്റെ മക്കളിൽ പ്രവർത്തിക്കുന്നു. "ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത്" ഫിലി. 2:13. പക്ഷെ അനേകരും ഇതിനു കീഴ്പ്പെടുന്നില്ല. അവർക്ക് എല്ലാം തനിയെ ചെയ്യുന്നതാണാഗ്രഹം. അതുകൊണ്ടാണ് അവർക്ക് സ്വർഗ്ഗീയ ദാനങ്ങൾ ലഭിക്കാത്തത്. താഴ്മ

യോടെ ദൈവത്തെ കാത്തിരിക്കുന്നവർക്കും അവന്റെ കൃപയ്ക്കും നിയന്ത്രണത്തിനുംവേണ്ടി നോക്കിപ്പാർത്തിരിക്കുന്നവർക്കും മാത്രമേ ആത്മാവിനെ കൊടുക്കുകയുള്ളു.—DA 672 (1898).

## പിൻമഴയ്ക്കുവേണ്ടി വഴിയൊരുക്കുക

ലോകമോഹങ്ങൾ, എല്ലാവിധ തെറ്റായ പ്രവൃത്തികളും വാക്കുകളും സ്വാർത്ഥത, അഹങ്കാരം, വക്രത എന്നിവയിൽ വിജയം വരിച്ചവർക്കല്ലാതെ ആർക്കും ദൈവത്തിൽ നിന്നുള്ള പുതുബലം ലഭിച്ചില്ലെന്നു ഞാൻ കണ്ടു. അതിനാൽ നാം കൂടുതലായി ദൈവത്തോട് അടുത്തടുത്ത് വരികയും കർത്താവിന്റെ ദിവസത്തിലുള്ള ആ യുദ്ധത്തിൽ നിൽക്കുവാൻ കഴിയുന്നതിനുള്ള ഒരുക്കത്തിനായി ശ്രമിക്കുകയും വേണം.—EW 71 (1851).

നമ്മുടെ സ്വഭാവത്തിന്റെ ന്യൂനതകൾ പരിഹരിക്കുക, ആത്മാവാകുന്ന ആലയത്തിന്റെ കറകളെല്ലാം നീക്കി ശുദ്ധീകരിക്കുക എന്നിവ നമ്മൾ ചെയ്യേണ്ടതാണ്. അപ്പോൾ പെന്തെക്കൊസ്തുനാളിൽ ശിഷ്യരിൽ മുൻമഴ ചൊരിഞ്ഞതുപോലെ നമ്മിൽ പിൻമഴ ചൊരിയപ്പെടും. —5T 214 (1882).

എല്ലാ തടസ്സങ്ങളും നീക്കി ദൈവജനം തങ്ങളുടെ പാത വൃത്തിയാക്കുന്നതുപോലെ സാത്താൻ പേടിക്കുന്നതൊന്നുമില്ല. അപ്പോൾ ദൈവത്തിന് തളർന്നുപോകുന്ന സഭയുടെ മേൽ തന്റെ ആത്മാവിനെ പകരുവാൻ കഴിയും.... എല്ലാ പ്രലോഭനങ്ങളെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള എല്ലാ എതിർപ്പുകളെയും വിജയപ്രദമായി ചെറുത്തു നിൽക്കുവാൻ കഴിഞ്ഞേക്കും. അത് "സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രെ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" സെഖ. 4:6.—ISM 124 (1887).

പിൻമഴ വരികയും എല്ലാ കറകളും കഴുകിക്കളഞ്ഞ ആത്മാക്കളിൽ ദൈവത്തിന്റെ അനുഗ്രഹം നിറയുകയും ചെയ്യും. ദൈവസന്നിധിയിൽ നിന്ന് പുതുശക്തി പകരുമ്പോൾ അതിനു നമ്മൾ യോഗ്യരാകുവാൻ അഥവാ പരിശുദ്ധാത്മാവിന്റെ സ്നാനത്തിനു യോഗ്യരാകുവാൻ നമ്മുടെ ആത്മാക്കളെ ദൈവത്തിനു സമർപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്.—ISM 191 (1892).

## ക്രിസ്തുവിന്റെ സേവനത്തിൽ കർത്തവ്യ നിരതരാകുക

സഭകൾ ജീവനുള്ളതും കർത്തവ്യ നിരതവും ആകുമ്പോൾ അവ



രുടെ ആത്മാർത്ഥമായ അഭ്യർത്ഥനയ്ക്ക് മറുപടിയായി പരിശുദ്ധാത്മാവിനെ നൽകപ്പെടും. അപ്പോൾ സ്വർഗ്ഗത്തിന്റെ കിളിവാതിലുകളെ തുറന്ന് പിൻമഴ ചൊരിയപ്പെടും.—RH Feb 25 (1890).

ദൈവത്തോടൊത്ത് വേലക്കാരാകുക എന്നതിന്റെ അർത്ഥം അനുഭവങ്ങളിലൂടെ മനസ്സിലാക്കിയ ഒരുകൂട്ടം പ്രബുദ്ധരായ ജനം ഉണ്ടാകുന്നതുവരെ ഭൂമിയെ മുഴുവൻ തന്റെ തേജസ്സിനാൽ പ്രകാശിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ ഒരു വലിയ വർഷച്ചാറ്റൽ ഉണ്ടാവുകയില്ല. നമുക്ക് ക്രിസ്തുവിന്റെ വേലയ്ക്കായി പൂർണ്ണ ഹൃദയത്തോടെയുള്ള സമർപ്പണമുണ്ടാവുമ്പോൾ അളവില്ലാതെ പരിശുദ്ധാത്മാവിനെ പകരണമെന്നു ദൈവം ആഗ്രഹിക്കും. പക്ഷെ സഭയുടെ ഒരു വലിയ ഭാഗം ദൈവത്തോടൊത്ത് വേലക്കാരാകാതെ അത് ഉണ്ടാവുകയില്ല.—ChS 253 (1896).

സഭയിൽനിന്നും ഉദാസീനതയുടെയും അലസതയുടെയും നിന്ദ തുടച്ചുമാറ്റപ്പെടുമ്പോൾ ദൈവത്തിന്റെ ആത്മാവ് അനുഗ്രഹപൂർവ്വം വെളിപ്പെടും. ദിവ്യശക്തി വെളിപ്പെടും. സൈന്യങ്ങളുടെ യഹോവയുടെ പ്രവർത്തനം സഭ കാണും.—9T 46 (1909)

## ഒരുക്കമുള്ളവരായിരിക്കുക

പിന്മഴയെച്ചൊല്ലി നാം വിഷമിക്കേണ്ടതില്ല, ഹൃദയമൊരുക്കി സ്വർഗ്ഗീയമാരി സ്വീകരിക്കുവാൻ തയ്യാറായിക്കൊണ്ട് "പിന്മഴ എന്റെ ഹൃദയത്തിൽ വീഴട്ടെ, മൂന്നാം ദൂതനോടു ചേരുന്ന തേജസ്സേറിയ ദൂതന്റെ പ്രകാശം എന്റെ മേൽ പതിക്കട്ടെ; ആ വേലയിൽ ഒരു പങ്കു എനിക്കു തരുക, ദൂതുഘോഷണം ഞാനും നടത്തട്ടെ; ക്രിസ്തുവിനോടൊപ്പം ഞാനും ഒരു സഹപ്രവർത്തകനാകട്ടെ" എന്നീവണ്ണം പ്രാർത്ഥന തുടരുക. അങ്ങനെ ദൈവത്തെ അന്വേഷിക്കുകയെന്നത് അവന്റെ കൃപ നിങ്ങൾക്കു തന്ന് നിങ്ങളെ എല്ലാ സമയവും യോഗ്യതയുള്ളവരാക്കി നിർത്തുകയാണ് ചെയ്യുന്നത് എന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ.—UL 283 (1891).

വേഗത്തിലും അതിശക്തമായും ഉത്തരം വരുകയോ അഥവാ ദിവസങ്ങളോ ആഴ്ചകളോ വൈകുകയും നമ്മുടെ വിശ്വാസം ശോധന ചെയ്യപ്പെടുകയും ചെയ്തേക്കാം. നമ്മുടെ പ്രാർത്ഥനയ്ക്കു എങ്ങനെ എപ്പോൾ ഉത്തരം തരണമെന്നു ദൈവത്തിനറിയാം. ദിവ്യചാലുമായി ബന്ധത്തിലായിരിക്കുകയെന്നത് നമ്മുടെ വേലയുടെ ഭാഗമാണ്. വേലയുടെ ദൈവത്തിന്റെ ഭാഗത്തിനു ഉത്തരവാദി ദൈവമാണ്. വാഗ്ദത്തം

ചെയ്തവൻ വിശ്വസ്തനാണ്. ഏകഹൃദയത്തോടും ഒരുമനപ്പെട്ടും എല്ലാ പകയും പിണക്കവും മാറ്റിവച്ച് താഴ്മയുള്ള അപേക്ഷ കനെപ്പോലെ നോക്കിപ്പാർത്തിരിക്കുകയെന്നത് നമ്മുടെ മഹത്തും പ്രധാനപ്പെട്ടതുമായ കാര്യമാണ്. പെന്തെക്കൊസ്തദിനത്തിൽ പ്രാർത്ഥിച്ചും കാത്തുമിരുന്നവർക്കുവേണ്ടി നമ്മുടെ പ്രതിനിധിയും നായകനുമായ യേശു ചെയ്തത് നമുക്കുവേണ്ടിയും ചെയ്യുവാൻ അവൻ ഒരുക്കമുള്ളവനാണ്.—3 SP 272 (1878).

ആത്മമാരി എപ്പോൾ ഉണ്ടാകുമെന്നും ഈ ഭൂമിയിലെ വേല അവസാനിപ്പിക്കുന്നതിന് മൂന്നാം ദൂതനോടൊപ്പം ചേരുവാൻ ശക്തനായ ദൂതൻ എപ്പോൾ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുമെന്നുമുള്ളതിന് പ്രത്യേകിച്ചൊരു സമയം എനിക്കില്ല. നമ്മുടെ വിളക്കു തെളിച്ചതും കത്തിക്കൊണ്ടിരിക്കുന്നതുമായ അവസ്ഥയിലാക്കി സ്വർഗ്ഗീയ മാരിക്കുവേണ്ടി ഒരുങ്ങിയിരിക്കുകയാണ് സുരക്ഷിതം എന്നതു മാത്രമാണ് എന്റെ സന്ദേശം.—1 SM 192 (1892).

## എല്ലാവരും പിന്മഴ പ്രാപിക്കുകയില്ല

ദൈവത്തിന്റെ ജനം അവരുടെ ഭാഗത്തുനിന്നുമുള്ള ഒരു പ്രയത്നവും കൂടാതെ അവരുടെമേൽ ആത്മവർഷമുണ്ടായി തെറ്റുകളെ തിരുത്തുകയും മാറ്റുകയും ചെയ്യുന്നതിനും അത് അവരെ അവരുടെ ജഡത്തിന്റെയും ആത്മാവിന്റെയും അശുദ്ധികളിൽനിന്നു ശുദ്ധീകരിച്ച് മൂന്നാം ദൂതന്റെ ആർപ്പുവിളിയിൽ ചേരുവാൻ യോഗ്യതയുള്ളവരാക്കുകയും ചെയ്യുന്നതിനും കാത്തിരുന്നാൽ അവർ കുറവുള്ളവരായി കാണപ്പെടും.—1 T 619 (1867).

സഭ മുഴുവനും ജീവങ്കലേക്കു വരുന്നത് കാണുവാൻ നിങ്ങൾ ആശിക്കുന്നുണ്ടോ? ആ സമയം ഒരിക്കലും വരുകയില്ല. മാനസാന്തരപ്പെടാത്തവരും ആത്മാർത്ഥവും ഫലപ്രദവുമായ പ്രാർത്ഥനയ്ക്കു ചേരാത്തതുമായ വ്യക്തികൾ സഭയിലുണ്ട്. വ്യക്തിപരമായി നാം വേലയിൽ പ്രവേശിക്കണം. നാം കുറച്ചു സംസാരിക്കുകയും കൂടുതൽ പ്രാർത്ഥിക്കുകയും വേണം.—1 SM 122 (1887).

ആത്മവർഷമുണ്ടായപ്പോൾ അഥവാ മുന്മഴ ചൊരിഞ്ഞപ്പോൾ അത് സ്വീകരിക്കാതെയും വിലമതിക്കാതെയുമിരുന്നവർ പിന്മഴയുടെ വിലയറിയുകയോ കാണുകയോ ചെയ്യുകയില്ല എന്നതിന് നാം ഉറപ്പുള്ളവരായേക്കാം.—TM 399 (1896).



ലഭിച്ച വെളിച്ചത്തിനൊത്തവണ്ണം ജീവിക്കുന്നവർക്കു മാത്രമേ വലിയ വെളിച്ചമുണ്ടാകുകയുള്ളൂ. കർമ്മോന്മുഖമായ ക്രിസ്തീയ ഗുണവിശേഷങ്ങളുടെ ദൃഷ്ടാന്തീകരണത്തിൽ ദിനന്തോറും നാം മുന്നേറുന്നില്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ പിന്മഴയിലൂടെയുള്ള വെളിപ്പെടൽ നാം തിരിച്ചറിയുകയില്ല. നമുക്കു ചുറ്റുമുള്ള എല്ലാ ഹൃദയങ്ങളിലും അത് വീഴുകയായിരിക്കും, എന്നാൽ നാമതു തിരിച്ചറിയുകയോ പ്രാപിക്കുകയോ ഇല്ല.—TM 507 (1897).

നിർണ്ണായകമാംവിധം പ്രയത്നിക്കാതെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിന് വെറുതെ കാത്തിരിക്കുന്നവർ അന്ധകാരത്തിൽ നശിച്ചുപോകും. ദൈവവേലയിൽ ഒന്നും ചെയ്യാതെ നിശ്ചലമായി ഇരിക്കേണ്ടവരല്ല നിങ്ങൾ.—ChS 228 (1903).

## അധ്യായം പതിനാല്

# ആർപ്പുവിളി

### എല്ലാ സഭകളിലും ദൈവത്തിനു മുത്തുകളുണ്ട്.

ദൈവത്തിനു എല്ലാ സഭകളിലും മുത്തുകളുള്ളതുകൊണ്ട് മതപരമായ ലോകത്തെ സംബന്ധിച്ച് മൊത്തത്തിലുള്ള കുറ്റം ചുമത്തൽ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ല. - 4 BC 1184 (1893).

ദൈവത്തിനു അവന്റെ പ്രതിനിധികൾ എല്ലാ സഭകളിലുമുണ്ട്. അവരുടെ ഹൃദയത്തെയും മനസ്സിനെയും സ്പർശിക്കത്തക്ക ഈ പ്രത്യേക അന്ത്യകാല സന്ദേശം കേൾക്കുവാൻ അവർക്ക് ഇടയായിട്ടില്ല; അതുകൊണ്ട് വെളിച്ചത്തെ തള്ളിക്കളയുന്നതിലൂടെ ദൈവവുമായുള്ള അവരുടെ ബന്ധം വിഛേദിക്കപ്പെട്ടിട്ടില്ല.—6T 70, 71 (1900).

കത്തോലിക്കരുടെയിടയിൽ ശ്രദ്ധയോടും സത്യസന്ധതയോടുമുള്ളവരും അവരുടെമേൽ പതിക്കുന്ന സകല വെളിച്ചത്തിനനുസരിച്ച് ജീവിക്കുന്നവരുമായ അനേകരുണ്ട്. അവർക്കുവേണ്ടി ദൈവം പ്രവർത്തിക്കും.—9 T 243 (1909).

വെളിപ്പാടു പുസ്തകം 18-ാമദ്ധ്യായത്തിൽ ദൈവജനത്തോടു ബാബിലോണിൽനിന്നു പുറത്തുവരുവാൻ ആവശ്യപ്പെടുന്നു. ഈ വേദഭാഗമനുസരിച്ച്, ദൈവജനത്തിൽ അനേകം പേർ ഇപ്പോഴും ബാബിലോണിൽ ആയിരിക്കുകയാണ്. ഏതു മതവിഭാഗത്തിലാണ് ഏറ്റവും വലിയ കൂട്ടം ക്രിസ്തുവിന്റെ അനുയായികൾ കാണപ്പെടുന്നത്? പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിലായിരിക്കുകയാണെന്ന് നടിക്കുന്ന വിവിധ സഭകളിലാണെന്നുള്ളതിന് സംശയമില്ല.—GC 383 (1911).

ബാബിലോൺ ആയ സഭകളിൽ ആത്മീയ അന്ധകാരവും ദൈവത്തിൽ നിന്നുള്ള അന്യപ്പെടലും നിലനിൽക്കുന്നു എങ്കിലും ക്രിസ്തുവിന്റെ വലിയ ശരീരത്തിന്റെ യഥാർത്ഥ അനുയായികൾ അവരുടെ കൂട്ടായ്മയിൽ ഇപ്പോഴുമുണ്ട്.—GC 390 (1911).



### ബാബിലോണിന്റെ വീഴ്ച പൂർണ്ണമായിട്ടില്ല

“അവളുടെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ചു”. (വെളി. 14:6-8). ഇത് ചെയ്തത് എങ്ങനെയാണ്? ഒരു വ്യാജ ശബ്ബത്തിനെ സ്വീകരിക്കുവാൻ മനുഷ്യരെ നിർബ്ബന്ധിച്ചുകൊണ്ട്.—8 T 94 (1904).

“അവളുടെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെ അവൾ കുടിപ്പിച്ചു” എന്ന് എങ്ങനെയായിരുന്നാലും പറയുവാൻ കഴിയുമോ? സകല ജാതികളെയും അവൾ ഇത് കുടിപ്പിച്ചിട്ടില്ല....

ഈ അവസ്ഥ എത്തുകയും ക്രിസ്തീയ ലോകത്തിലുടനീളം സഭ ലോകത്തോട് ഒത്തുചേരുകയും ചെയ്യുന്നതുവരെയും ബാബിലോണിന്റെ വീഴ്ച പൂർണ്ണമാകുകയില്ല. ഈ മാറ്റം ഒരു പുരോഗമനപരമായ ഒന്നാണ്. വെളിപ്പാട് 14:8-ലെ സമ്പൂർണ്ണ നിറവേറൽ ഭാവിയിൽ സംഭവിക്കേണ്ടിയിരിക്കുന്നു.—GC 389, 390 (1911).

അവളുടെ പാപം ആകാശത്തോളം കുന്നിക്കുന്നതെപ്പോഴാണ്: (വെളി. 18:2-5)? നിയമം മൂലം ദൈവകല്പനയെ അന്തിമമായി ഇല്ലായ്മ ചെയ്യുമ്പോൾ.—ST June 12, 1893.

### ദൈവത്തിന്റെ അന്ത്യ മുന്നറിയിപ്പ്

വെളിപ്പാട് 14-ലെ സന്ദേശങ്ങൾക്ക് പ്രവചനത്തിന്റെ നിരയിൽ ദൈവം ഒരു സ്ഥാനം കൊടുത്തിട്ടുണ്ട്. ഈ ഭൂമിയുടെ ചരിത്രത്തിന്റെ അന്ത്യംവരെ അവരുടെ വേല നിർത്തലാക്കുവാൻ പാടില്ല.—EGW, 88 804 (1890).

വെളിപ്പാട് 14:6-12 വരെയുള്ള ത്രിവിധ മുന്നറിയിപ്പ് തള്ളിക്കളയുന്നതിന്റെ ഫലമായി രണ്ടാം ദൂതൻ മുൻകൂട്ടി പറഞ്ഞ അവസ്ഥയിലേക്കു സഭ പൂർണ്ണമായി എത്തുകയും അപ്പോഴും ബാബിലോണിൽ തന്നെയായിരിക്കുന്ന അവളുടെ കൂട്ടായ്മയിൽനിന്നും വേർപ്പെട്ട് വരുവാൻ വിളിക്കപ്പെടുകയും ചെയ്യുന്ന സമയത്തെ വെളിപ്പാട് 18 ചൂണ്ടിക്കാണിക്കുന്നു. ലോകത്തിനു കൊടുക്കപ്പെടുന്ന സന്ദേശങ്ങളിൽവെച്ച് ഏറ്റവും അവസാനത്തേതാണ് ഇത്.—GC 390 (1911).

രണ്ടാമത്തെ ദൂതൻ അറിയിച്ചതുപോലെ, ബാബിലോണിന്റെ വീഴ്ചയെ സംബന്ധിച്ച് 1844 വേനൽക്കാലത്ത് ആദ്യമായി ഘോഷിച്ചതുമുതൽ ബാബിലോൺ ആയി മാറിയിരിക്കുന്ന വിവിധ സംഘടനകളിൽ കടന്നുകൂടിയിരിക്കുന്ന ദുഷിച്ച അവസ്ഥ ഒന്നുകൂടി പരാ

മർശിച്ചുകൊണ്ട് ബാബിലോണിന്റെ വീഴ്ചയെ സംബന്ധിച്ച് പ്രഘോഷിക്കുന്ന ഒരു സമയത്തെയാണ് വെളിപ്പാട് 18:1, 2, 4 എന്നീ വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.... മൂന്നാം ദൂതന്റെ ദൂതിനോടൊപ്പം ചേർന്നു കൊടുക്കുന്ന ഈ അറിയിപ്പുകൾ ഭൂലോകവാസികൾക്കു കൊടുക്കുന്ന അന്ത്യ മുന്നറിയിപ്പാണ്....

ബാബിലോണിന്റെ പാപങ്ങൾ തുറന്നു കാട്ടപ്പെടും. രാഷ്ട്രീയ അധികാരംകൊണ്ട് സഭയുടെ ആചാരാനുഷ്ഠാനങ്ങളെ അടിച്ചേൽപിക്കുന്നതിന്റെ ഭയാനകമായ അനന്തരഫലങ്ങളായ പ്രേതാത്മവാദവും കപടമായ, എന്നാൽ അതിവേഗത്തിലുള്ള പാപ്പാത്വ ശക്തിയുടെ വളർച്ച എന്നു തുടങ്ങി സകലവും തുറന്നു കാട്ടപ്പെടും. പരിപാവനമായ ഈ മുന്നറിയിപ്പുകളാൽ ജനം ഇളകിമറിയും. ഇങ്ങനെയുള്ള വചനങ്ങൾ ഒരിക്കലും കേട്ടിട്ടില്ലാത്ത ആയിരം പതിനായിരക്കണക്കിനു മനുഷ്യർ അവ ശ്രദ്ധിക്കും.—GC 603, 604, 606 (1911).

## ദൈവത്തിന്റെ അന്ത്യ ദൂതിന്റെ കേന്ദ്രഭാഗം

മൂന്നാം ദൂതന്റെ ദൂത് വിശ്വാസത്താലുള്ള നീതീകരണത്തിന്റെ ദൂതാണോ എന്ന് അന്വേഷിച്ചുകൊണ്ട് അനേകരും എനിക്ക് എഴുതിയിട്ടുണ്ട്. “സത്യമായും അത് മൂന്നാം ദൂതന്റെ ദൂതാണ്” എന്ന് ഞാൻ ഉത്തരം കൊടുത്തിട്ടുണ്ട്.—ISM 372 (1890).

മൂപ്പന്മാരായ ഇ.ജെ. വാഗ്നർ, ഏ.റ്റി. ജോൺസ് എന്നിവരിലൂടെ ദൈവം തന്റെ കരുണയിൽ ഏറ്റവും വിലയേറിയ ഒരു ദൂത് അയച്ചിട്ടുണ്ട്. ഉയർത്തപ്പെട്ട രക്ഷകനെയും മുഴുലോകത്തിന്റെയും പാപങ്ങൾക്കു വേണ്ടിയുള്ള യാഗത്തെയും ലോകത്തിനു മുമ്പിൽ കൂടുതൽ മുഖ്യമായ രീതിയിൽ കൊണ്ടുവരുന്നതിനുവേണ്ടിയായിരുന്നു ഈ ദൂത്. ഇത് പകരക്കാരനിലുള്ള വിശ്വാസത്തിലൂടെയുള്ള നീതീകരണം അവതരിപ്പിച്ചു; ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുന്നതിലൂടെ പ്രകടമാകുന്ന ക്രിസ്തുവിന്റെ നീതി സ്വീകരിക്കുവാൻ ഇത് ജനത്തെ ക്ഷണിച്ചു.

അനേകർക്കും യേശുവിന്റെ ദൃശ്യം നഷ്ടമായി. അവന്റെ ദിവ്യ വ്യക്തിത്വം, യോഗ്യതകൾ എന്നിവയിലേക്കും മാനവ കുലത്തിനുവേണ്ടിയുള്ള അവന്റെ മാറ്റമില്ലാത്ത സ്നേഹത്തിലേക്കും അവരുടെ കണ്ണുകളെ തിരിക്കേണ്ടിയിരിക്കുന്നു. നിസ്സഹായരായ മനുഷ്യരിലേക്കു വിലയില്ലാത്ത അവന്റെ സ്വന്തനീതിയുടെ ദാനം പകർന്നുകൊടുത്തുകൊണ്ട് മനുഷ്യർക്ക് സമൃദ്ധിയായ ദാനങ്ങൾ പകർന്നുകൊടുക്കത്തക്കവിധം



സർവ്വ അധികാരവും അവന്റെ കരങ്ങളിൽ കൊടുത്തിരിക്കുകയാണ്. ലോകത്തിനു കൊടുക്കുവാൻ ദൈവം കല്പിച്ചിരിക്കുന്ന ദൂതിതാണ്. അത്യുച്ചത്തിലും ഒരു വലിയ അളവിലുള്ള ആത്മമാരിയോടുകൂടിയും ഘോഷിക്കപ്പെടേണ്ടതാണ് മൂന്നാം ദൂതന്റെ ദൂത്.—TM 91, 92 (1895).

ദൈവത്തിന്റെ വഴിയൊരുക്കുന്നതിന് ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ മുഴങ്ങേണ്ടതാണ് ക്രിസ്തുവിന്റെ നീതിയിൻ സന്ദേശം. മൂന്നാം ദൂതന്റെ വേല അവസാനിപ്പിക്കുന്ന ദൈവത്തിന്റെ മഹത്വമാണിത്.—6 T 19 (1900).

അവന്റെ സ്നേഹ സ്വഭാവത്തിന്റെ ഒരു വെളിപ്പാടാണ് ലോകത്തിനു കൊടുക്കേണ്ട അന്ത്യകൃപാദൂത്. ദൈവമക്കൾ അവന്റെ മഹത്വം വെളിപ്പെടുത്തണം. ദൈവകൃപ അവരുടെ ജീവിതത്തിൽ ചെയ്തതിനെ അവരുടെ സ്വന്ത ജീവിതത്തിലും സ്വഭാവത്തിലുംകൂടെ വെളിപ്പെടുത്തണം.—COL 415, 416 (1900).

## ദൂത് മഹാശക്തിയോടുകൂടെ പ്രസംഗിക്കപ്പെടും

മൂന്നാം ദൂത് ഒരു ആർപ്പുവിളിയിലേക്കു നീങ്ങുകയും മഹാശക്തിയും മഹത്വവും വേല അവസാനിപ്പിക്കുന്നതിന് ശ്രദ്ധ കൊടുക്കുമ്പോൾ വിശ്വസ്തരായ ദൈവജനം ആ മഹത്വത്തിന് പങ്കാളികളാകും. കഷ്ടകാലത്തിലൂടെ കടന്നുപോകുവാൻ അവരെ ജീവസ്സുറ്റവരാക്കുന്നതും ബലപ്പെടുത്തുന്നതും പിന്മഴയാണ്.—7 BC 984 (1862).

അന്ത്യം സമീപിക്കുന്തോറും, ദൈവമക്കളുടെ സാക്ഷ്യങ്ങൾ കൂടുതൽ നിർണ്ണായകവും ശക്തിയേറിയതും ആയിത്തീരും.—3 SM 407 (1892).

മുമ്പുള്ള രണ്ടു ദൂതുകളെ ഇത് ആശ്ലേഷിക്കുന്നു (വെളി. 14:9-12). ഒരു അത്യുച്ചനാദത്തോടുകൂടി അതായത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, കൊടുക്കപ്പെടുന്നതായിട്ടാണ് ഇത് പ്രതിനിധീകരിക്കുന്നത്. —7 BC 980 (1900).

മൂന്നാം ദൂതന്റെ ദൂത് ഒരു ആർപ്പുവിളിയിലേക്കു നീങ്ങുമ്പോൾ, അതിന്റെ ഘോഷണത്തിൽ മഹാശക്തിയും മഹത്വവും ഉണ്ടായിരിക്കും. സ്വർഗ്ഗീയ വെളിച്ചത്താൽ ദൈവമക്കളുടെ മുഖം പ്രശോഭിതമാകും.—7 T 17 (1902).

ഭൂമിയിലെ അന്ത്യ പ്രതിസന്ധിയുടെ ആഴമേറിയ നിഴലിനു മദ്ധ്യേ, ദൈവത്തിന്റെ വെളിച്ചം അതിശോഭയോടെ പ്രകാശിക്കുകയും പ്രത്യാ

ശയുടെയും ആശ്രയത്തിന്റെയും ഗീതങ്ങൾ വ്യക്തമായും സംഗീതാത്മകമായും കേൾക്കപ്പെടുകയും ചെയ്യും.—Ed 166 (1903).

വെളിപ്പാട് പതിനെട്ടാമദ്ധ്യായത്തിൽ മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നതുപോലെ, മൃഗത്തിനും അതിന്റെ പ്രതിമയ്ക്കുമെതിരെ അന്ത്യമുന്നറിയിപ്പു കൊടുക്കുന്നവരാൽ മഹാശക്തിയോടെ മൂന്നാം ദൂതന്റെ ദൂത് ഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു.—8 T 118 (1904).

## 1844-ലെ പ്രസ്ഥാനത്തെപ്പോലെ

1844-ലെ പ്രസ്ഥാനത്തിൽ ജനത്തെ ഇളക്കിയ ശക്തി വീണ്ടും വെളിപ്പെടും. മൂന്നാം ദൂതന്റെ ദൂത് മർമ്മര സ്വരത്തിലല്ല, അത്യുച്ചസ്വരത്തിൽ ഘോഷിക്കപ്പെടും.—5 T 252 (1885).

അർദ്ധരാത്രിയിലെ ആർപ്പുവിളിയെ വെല്ലുന്ന അധികാരത്തോടും ശക്തിയോടുംകൂടെ ദൂത് അവസാനിക്കുന്നത് ഞാൻ കണ്ടു.—EW 278 (1858).

## പെന്തെക്കൊസ്തു ദിനത്തെപ്പോലെ

പെന്തെക്കൊസ്തു നാളിലെ സംഭവങ്ങൾ അന്നുണ്ടായതിനെക്കാളും ശക്തിയോടെ ഉണ്ടാകുന്ന സമയത്തെ ആത്മാർത്ഥമായ ഒരു വാഞ്ഛയോടെയാണ് ഞാൻ നോക്കിപ്പാർക്കുന്നത്. യോഹന്നാൻ പറയുന്നു, “അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു” (വെളി. 18:1). പിന്നീട് പെന്തെക്കൊസ്തു നാളിലെന്നപോലെ ജനത്തോടു സംസാരിക്കുന്ന സത്യത്തെ ഓരോ മനുഷ്യനും അവന്റെ സ്വന്ത ഭാഷയിൽ കേൾക്കും.—6 BC 1055 (1886).

രാത്രിയിലെ ദർശനങ്ങളിൽ ദൈവജനങ്ങളുടെയിടയിൽ മഹാ നവീകരണത്തിന്റെ ഒരു ചലനം ഉണ്ടാകുന്നതിന്റെ ദൃശ്യം എനിക്കു മുന്നിലൂടെ കടന്നുപോയി. അനേകരും ദൈവത്തെ സ്തുതിക്കുകയായിരുന്നു. രോഗികൾക്കു സൗഖ്യമുണ്ടായി. മറ്റു അത്ഭുതങ്ങൾ നടന്നു. പെന്തെക്കൊസ്തുനാളിനുമുമ്പ് പ്രകടമായതുപോലെയുള്ള മദ്ധ്യസ്ഥതയുടെ ഒരു ദൃശ്യം കാണുവാനിടയായി.—9 T 126 (1909).

മഹാ സുവിശേഷവേല, അതിന്റെ ആരംഭത്തിൽ ഉണ്ടായതിനെക്കാളും കുറഞ്ഞ ദൈവിക ശക്തിയുടെ വെളിപ്പെടലോടുകൂടി അവസാനിക്കേണ്ടതല്ല. സുവിശേഷം ആരംഭിച്ചപ്പോൾ മുന്മഴ ചൊരിഞ്ഞ



തിലൂടെ നിറവേറിയ പ്രവചനങ്ങൾ അതിന്റെ അവസാന സമയത്ത് പിന്മഴയിൽ വീണ്ടും നിറവേറേണ്ടിയിരിക്കുന്നു....

കർത്തൃദാസന്മാരുടെ മുഖം വിശുദ്ധ സമർപ്പണത്താൽ പ്രകാശമാനമാകുകയും ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു സ്വർഗ്ഗീയ സന്ദേശം ഘോഷിക്കുകയും ചെയ്യും. ലോകമെങ്ങും ആയിരക്കണക്കിനുള്ള ശബ്ദങ്ങളാൽ മുന്നറിയിപ്പ് കൊടുക്കപ്പെടും. അത്ഭുതങ്ങൾ നടക്കും, രോഗികൾ സൗഖ്യം പ്രാപിക്കും, അടയാളങ്ങളും അത്ഭുതങ്ങളും വിശ്വാസികൾക്കു പിന്നാലെ ഉണ്ടായിരിക്കും.—GC 611, 612 (1911).

## നമ്മെ ആശ്ചര്യപ്പെടുത്തുന്ന പ്രതിനിധികളെ ദൈവം നിയോഗിക്കും

ഈ അവസാന വേലയിൽ, സംഗതികളുടെ സാധാരണ ഗതിയിലുള്ള ക്രമം വിട്ടുള്ള രീതിയിലും മാനുഷിക പദ്ധതികൾക്കു വിപരീതമായും ദൈവം പ്രവർത്തിക്കുമെന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ. മൂന്നാം ദൂതന്റെ ദൂതിനോടു ചേർന്നു പ്രവർത്തിക്കുന്ന ദൂതന്റെ നിയന്ത്രണത്തിൻകീഴിൽ വേല മുന്നോട്ടു പോകുമ്പോഴും എന്തു ചലനങ്ങളാണുണ്ടാകുന്നതെന്നുപോലും ആജ്ഞ കൊടുത്തുകൊണ്ട് ദൈവവേലയെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. ദൈവം തന്റെ സ്വന്ത കരങ്ങളിൽ ഭരണം ഏറ്റെടുത്തിരിക്കുകയാണെന്ന് തോന്നുംവിധം അവൻ വഴികളെയും മുഖാന്തിരങ്ങളെയും ഉപയോഗിക്കും. അവൻ കൊണ്ടുവരുകയും അവന്റെ നീതിയുടെ വേല പൂർത്തീകരിക്കുകയും ചെയ്യുന്ന ലളിതമായ മുഖാന്തിരങ്ങളാൽ വേലക്കാർ ആശ്ചര്യപ്പെട്ടുപോകും.—TM 300 (1885).

ഭാവിക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സാധിക്കുമെന്ന് സങ്കല്പിക്കരുത്. സദാസമയവും ഓരോ സാഹചര്യത്തിലും ചുക്കാൻ പിടിക്കുവാൻ നിൽക്കുന്നത് ദൈവമാണെന്നത് തിരിച്ചറിയുക. അനുയോജ്യമായ ഉപാധികളാൽ അവൻ പ്രവർത്തിക്കുകയും നിലനിർത്തുകയും വർദ്ധിപ്പിക്കുകയും അവന്റെ സ്വന്തജനത്തെ കെട്ടിപ്പടുക്കുകയും ചെയ്യും.—CW 71 (1895).

ആശ്വാസകൻ തന്നെത്താൻ വെളിപ്പെടുത്തേണ്ടത് ഒരു പ്രത്യേക തരത്തിലും മനുഷ്യൻ ശ്രദ്ധിക്കത്തക്കവഴിയിലും അല്ല എന്നാൽ ദൈവത്തിന്റെ നാമം മഹത്വപ്പെടേണ്ടതിന് അപ്രതീക്ഷിതമായ സമയത്തിലും വഴികളിലും ദൈവത്തിന്റെ ക്രമപ്രകാരവും ആയിരിക്കണം.—EGW, 88 1478 (1896).

പഴയ കാലത്ത്  ശിഷ്യന്മാരാകുവാൻ മീൻപിടിത്തക്കാരെ വിളിച്ചതുപോലെ അവന്റെ വേല ചെയ്യുവാൻ ദൈവം സാധാരണക്കാരുടെ ഇടയിൽ നിന്നും അവൻ സ്ത്രീപുരുഷന്മാരെ വിളിക്കും.  അനേകരെ ആശ്ചര്യപ്പെടുത്തത്തക്കവിധം ഒരു വലിയ ഉണർവ്വ് ഉടൻതന്നെയുണ്ടാകും. ചെയ്യപ്പെടേണ്ടവയുടെ ആവശ്യകത തിരിച്ചറിയാത്തവർ അവഗണിക്കപ്പെടുകയും സാധാരണക്കാരെന്നു വിളിക്കപ്പെടുന്നവരും അനേകസ്ഥലങ്ങളിലേക്കു സത്യം വഹിച്ചുകൊണ്ടുപോകുവാൻ യോജിച്ചവരുമായവരോടൊപ്പം സ്വർഗ്ഗീയ മാലാഖമാർ വേലചെയ്യും.—15 MR 312 (1905).

## പരിശുദ്ധാത്മാവ് യോഗ്യരാക്കുന്ന വേലക്കാർ

അവസാന പരിപാവനമായ വേലയിൽ ചുരുക്കം ചില മഹാന്മാർ മാത്രം വ്യാപൃതരായിരിക്കും....  നമ്മുടെ കാലങ്ങളിൽ വളരെ ചുരുക്കം പേർ മാത്രം മുൻകൂട്ടി കാണുന്ന ഒരു വേല ദൈവം ചെയ്യും.  ശാസ്ത്രസ്ഥാപനങ്ങളുടെ ബാഹ്യമായ പരിശീലനം സിദ്ധിച്ചവരെക്കാളും പിശുദ്ധാത്മാഭിഷേകത്താൽ പരിശീലിപ്പിക്കപ്പെട്ടവരെന്നവിധം അവൻ നമ്മുടെ ഇടയിൽനിന്ന് വേലക്കാരെ എഴുന്നേല്പിക്കുകയും ഉയർത്തുകയും ചെയ്യും.  ഈ സൗകര്യങ്ങൾ നിന്ദിക്കപ്പെടേണ്ടതോ, തള്ളിക്കളയേണ്ടതോ അല്ല; അവ ദൈവത്താൽ അഭിഷിക്തമായവയാണ്, എന്നാൽ അവയ്ക്കു ബാഹ്യമായ യോഗ്യതകൾ നൽകുവാൻ മാത്രമേ കഴിയുകയുള്ളൂ.  പാണ്ഡിത്യമുള്ളവരും സ്വയം പ്രധാനപ്പെട്ടവർ എന്നു ചിന്തിക്കുന്ന നശ്വരവുമായവരിൽ ദൈവം ആശ്രയിക്കുന്നില്ല എന്ന് അവൻ വെളിപ്പെടുത്തും.—5T 80, 88 (1882).

ആത്മാർത്ഥതയോടെ വെളിച്ചത്തിനുവേണ്ടി അന്വേഷിക്കുകയും അവന്റെ വചനത്തിൽനിന്നുമുള്ള ദിവ്യപ്രകാശം സന്തോഷത്തോടുകൂടി സ്വീകരിക്കുകയും ചെയ്യുന്നവർക്കു മാത്രമേ വെളിച്ചം കൊടുക്കുകയുള്ളു.  അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിതമാക്കപ്പെടുന്ന വെളിച്ചവും അധികാരവും ദൈവം വെളിപ്പെടുത്തുന്നത് ഈ ആത്മാക്കളിലൂടെയാണ്.—5T 729 (1889).

ആത്മാവിന്റെ ശിക്ഷണവും ചിന്തയുടെയും ഹൃദയത്തിന്റെയും ശുദ്ധിയുമാണ് ആവശ്യമായിരിക്കുന്നത്.  അത്യുജ്ജ്വലമായ താലന്തുകളോ നയപരമായ പെരുമാറ്റമോ അല്ലെങ്കിൽ പരിജ്ഞാനമോ ഉള്ളതിനെക്കാളും കൂടുതൽ വിലപ്പെട്ടതാണിത്. “യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു” എന്നതിനെ അനുസരിക്കുവാൻ പരിശീലിപ്പിക്കപ്പെട്ട



ഒരു സാധാരണ മനസ്സുള്ളവരാണ് കഴിവുകളുണ്ടെങ്കിലും അവയെ ശരിയായ വിധത്തിൽ ഉപയോഗിക്കാത്തവരെക്കാളും ദൈവവേലയ്ക്കു യോഗ്യരായവർ.—RH Nov. 27 (1900).

സാഹിത്യപരമായ സ്ഥാപനങ്ങളുടെ പരിശീലനത്തെക്കാളും ദൈവത്തിന്റെ ആത്മാഭിഷേകമാണ് വേലക്കാരെ യോഗ്യരാക്കിത്തീർക്കുന്നത്.  വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും മനുഷ്യർ, ദൈവം അവർക്കു കൊടുക്കുന്ന വചനം ഘോഷിക്കുവാൻ പരിശുദ്ധ തീക്ഷ്ണതയോടുകൂടി പോകുവാൻ നിർബ്ബന്ധിക്കപ്പെടും.—GC 606 (1911).

## നിരക്ഷരരായവരെപ്പോലും ദൈവം ഉപയോഗിക്കുന്നു

ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചവർ ഈ അന്ത്യകാലത്തിലുണ്ടാകുന്ന ശോധനകളും പീഡനങ്ങളും അതിജീവിക്കും. ക്രിസ്തുവിലുള്ള ചോദ്യം ചെയ്യപ്പെടാത്ത വിശ്വാസത്താൽ ബലപ്പെട്ടുകൊണ്ട് സംശയങ്ങളെയും നിരീശ്വരത്വം ഉന്നയിക്കുന്ന ചോദ്യങ്ങളെയും അതിജീവിക്കുവാനും പരിഹാസികളുടെ ചോദ്യങ്ങളെ ലജ്ജിപ്പിക്കുവാനും നിരക്ഷരർക്കുപോലും കഴിയും.

എതിരാളികൾ മറുത്തു പറയുന്നതിനോ തടസ്സപ്പെടുത്തുന്നതിനോ കഴിയാതവണ്ണമുള്ള ഒരു നാവും ജ്ഞാനവും കർത്താവായ യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്കു കൊടുക്കും.  സാത്താന്യ വ്യാമോഹങ്ങളെ യുക്തിപൂർവ്വം ജയിക്കുവാൻ കഴിയാത്തവർ വിദ്യാസമ്പന്നരെന്ന് തോന്നുന്നവരെ ചിന്താക്കുഴപ്പത്തിലാക്കുന്ന അംഗീകാര സ്വഭാവമുള്ള ഒരു സാക്ഷ്യം വഹിക്കും. സത്യത്തിലേക്കുള്ള മാനസാന്തരങ്ങൾ ഉണ്ടാകത്തക്കവിധം ശക്തിയോടും ജ്ഞാനത്തോടുമുള്ള വാക്കുകൾ വിദ്യാഹീനരുടെ നാവിൽനിന്നും പുറപ്പെടും.  അവരുടെ സാക്ഷ്യത്തിലൂടെ ആയിരങ്ങൾ  മാനസാന്തരപ്പെടും.

വിദ്യാസമ്പന്നനായ മനുഷ്യന് ഇല്ലാത്ത ഈ ശക്തി എന്തുകൊണ്ട് വിദ്യാവിഹീനന് ഉണ്ടായിരിക്കണം? വിദ്യാസമ്പന്നൻ സത്യത്തിൽനിന്നും തിരിഞ്ഞുപോയപ്പോൾ, വിദ്യാവിഹീനൻ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ, വിശുദ്ധിയുടെയും വ്യക്തമായ സത്യത്തിന്റെയും അന്തരീക്ഷത്തിലേക്കു വന്നു.  പാവപ്പെട്ട മനുഷ്യൻ ക്രിസ്തുവിന്റെ സാക്ഷിയാണ്. ചരിത്രത്തോടോ അല്ലെങ്കിൽ ഉന്നത ശാസ്ത്രമെന്നു വിളിക്കപ്പെടുന്നവയോടോ അപേക്ഷിക്കുവാൻ അവനു കഴിയുകയില്ല. എന്നാൽ അവൻ ദൈവത്തിന്റെ വചനത്തിൽനിന്നും ശക്തിയേറിയ തെളിവുകൾ ശേഖരിക്കും. ആത്മാവിന്റെ പ്രേരണയാൽ അവൻ

സംസാരിക്കുന്ന സത്യം അത്ര നിർമ്മലവും ശ്രദ്ധേയവും അവന്റെ സാക്ഷ്യം മറുത്തുപറയുവാൻ കഴിയാതവണ്ണം അത്ര അവിതർക്കിതമായ ഒരു ശക്തി വഹിക്കുന്നതുമാണ്.—8 MR 187, 188 (1905).

## കുട്ടികൾ ദൂതു ഘോഷിക്കുന്നു

വിദ്യാവിഹീനരായവരുടെ ഇടയിൽനിന്നുപോലും അനേകരും ദൈവവചനം പ്രസംഗിക്കുന്നു. സ്വർഗ്ഗീയ ദൂതുമായി മുന്നോട്ടു പോകുവാൻ കുഞ്ഞുങ്ങൾ ദൈവാത്മാവിനാൽ പ്രേരിതരാകും. ആത്മാവിന്റെ പ്രചോദനത്തിനു കീഴ്പ്പെടുകയും മനുഷ്യന്റെ കെട്ടിവരിയുന്ന നിയമങ്ങളും താക്കീതുകളടങ്ങിയ രീതികളുമായ അവന്റെ തന്ത്രങ്ങളെ തകർത്തെറിഞ്ഞുകൊണ്ട് അവർ ആത്മാവിന്റെ ശക്തിയാൽ സത്യം പ്രസംഗിക്കും.—Ev 700 (1895).

യേശു ചെയ്തതുപോലെ ലാളിത്യത്തോടുകൂടി മനുഷ്യൻ ഇനി ഒരിക്കലും സത്യം ഘോഷിക്കുകയില്ല എന്ന് സ്വർഗ്ഗീയ ബുദ്ധിശക്തികൾ കാണുമ്പോൾ, ദൈവത്തിന്റെ ആത്മാവിനാൽ കുഞ്ഞുങ്ങൾ നീങ്ങുകയും ഏതൽക്കാല സത്യം ഘോഷിക്കുകയും ചെയ്യും.—SW 66 (1895).

## ദൂതന്മാരുടെ ശുശ്രൂഷ

ബൈബിളിലെ പ്രതിപാദ്യവിഷയങ്ങളുടെ ആഴങ്ങളിലേക്കു പോകുവാൻ മനുഷ്യമനസ്സുകളെ ഉണർത്തുന്നതിന് സ്വർഗ്ഗീയ മാലാഖമാർ അവരുടെമേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ ചെയ്തതിൽവെച്ച് ഏറ്റവും വലിയൊരു വേല നടക്കുകയും അവയിലൊന്നിന്റെയും മഹത്വം മനുഷ്യരുടെ മേൽ വീഴുകയുമില്ല, കാരണം രക്ഷയ്ക്കവകാശികളായവരുടെ മേൽ ദൂതന്മാർ രാപ്പകൽ വേല ചെയ്തുകൊണ്ടിരിക്കുന്നു.—CW 140 (1875).

നമ്മുടെ ലോകത്തിൽ കൊർന്നല്ല്യോസിനെപ്പോലുള്ള അനേകരുണ്ട്.... ദൈവം കൊർന്നല്ല്യോസിനുവേണ്ടി പ്രവർത്തിച്ചതുപോലെ ഈ വാസ്തവമായ മാനദണ്ഡം കാത്തുസൂക്ഷിക്കുന്നവർക്കുവേണ്ടി അവൻ പ്രവർത്തിക്കുന്നു.... കൊർന്നല്ല്യോസ് ചെയ്തതുപോലെ സ്വർഗ്ഗത്തിലെ ദൂതന്മാരുടെ സന്ദർശനത്തിലൂടെ ദൈവത്തിന്റെ ഒരു പരിജ്ഞാനം പ്രാപിക്കും.—Letter 197 (1904).

മനുഷ്യന്റെ പ്രയത്നത്തോടൊപ്പം ദിവ്യശക്തി ചേരുമ്പോൾ കച്ചിക്കുറ്റിയിൽ അഗ്നി എന്നപോലെ വേല വ്യാപിക്കും. ആരംഭം എവിടെ



നിന്നാണെന്ന് മനുഷ്യൻ വിവേചിച്ചറിയുവാൻ കഴിയാത്തവിധം പ്രതിനിധികളെ ദൈവം നിയോഗിക്കും. ദൈവത്തിന്റെ അവകാശങ്ങൾക്കു ഉത്തരം കൊടുക്കുന്നതിൽ മനുഷ്യർ അവഗണന കാട്ടാതിരുന്നെങ്കിൽ അവർക്കു ആ വേല പൂർത്തിയാക്കുന്നതിൽ ഉണ്ടാകാമായിരുന്ന ഒരു വേല ദൂതന്മാർ ചെയ്യും.—1 SM 118 (1885).

## ലോകവ്യാപകമായ ദൂതു ഘോഷണം

മൂന്നാം ദൂതന്റെ ദൂതുഘോഷണത്തോടു ചേരുന്ന ദൂതൻ ഭൂമി മുഴുവനും അവന്റെ തേജസ്സിനാൽ പ്രകാശപൂരിതമാക്കും. ഒരു ലോകവ്യാപകവും പതിവല്ലാത്ത ശക്തിയും ഇവിടെ മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നു.... ദൈവത്തിന്റെ ദാസന്മാർ അവരുടെ പ്രകാശിക്കുന്ന മുഖത്തോടെയും വിശുദ്ധ സമർപ്പണത്താൽ തിളങ്ങിയുംകൊണ്ട് ത്വരിതഗതിയിൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു നീങ്ങി സ്വർഗ്ഗത്തിൽനിന്നുള്ള ദൂത് ഘോഷിക്കും. ആയിരക്കണക്കിനു ശബ്ദത്താൽ ഭൂമി മുഴുവനും മുന്നറിയിപ്പു കൊടുക്കപ്പെടും.—GC 611, 612 (1911).

മൂന്നാം ദൂതന്റെ പിന്നാലെയുള്ള ദൂതന്റെ സന്ദേശം ഇപ്പോൾ ലോകം മുഴുവനും കൊടുക്കപ്പെടേണ്ടിയിരിക്കുന്നു. ഇത് കൊയ്ത്തിൻ സന്ദേശമാകേണ്ടിയിരിക്കുന്നു. ഭൂമി മുഴുവനും ദൈവത്തിന്റെ തേജസ്സിനാൽ പ്രകാശിക്കും.—Letter 86, 1900.

പീഡനത്തിന്റെ കൊടുങ്കാറ്റ് നമ്മുടെമേൽ ആഞ്ഞടിക്കുമ്പോൾ,.... മൂന്നാം ദൂതന്റെ ദൂത് ആർപ്പുവിളിയായി മാറുകയും ഭൂമി മുഴുവനും ദൈവത്തിന്റെ തേജസ്സിനാൽ പ്രകാശിക്കുകയും ചെയ്യും.—6 T 401 (1900).

അമേരിക്കയിലെ ഓരോ പട്ടണത്തിലും സത്യം ഘോഷിക്കപ്പെടണം. ലോകത്തിലെ എല്ലാ രാജ്യത്തിലും മുന്നറിയിപ്പിൻദൂത് കൊടുക്കപ്പെടണം.—GCB March 30, 1903.

ഓരോ പട്ടണത്തിലും വെളിച്ചം പകരത്തക്കവിധം ആർപ്പുവിളിയുടെ കാലം സഭ അവളുടെ ഉയർത്തപ്പെട്ട കർത്താവിന്റെ ദിവ്യ ഇടപെടലിലൂടെ രക്ഷയുടെ പരിജ്ഞാനം പരത്തും.—Ev 694 (1904).

ഒരു പ്രതിസന്ധി നമ്മുടെ മേൽ വന്നിരിക്കുകയാണ്. ഇപ്പോൾ നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയിലൂടെ ഈ അന്ത്യനാളുകളിലേക്കുള്ള മഹൽസത്യങ്ങളെ ഘോഷിക്കേണ്ടതാണ്. എല്ലാവരും മുന്നറിയിപ്പ് ശ്രവിക്കും. അവരുടെ തീരുമാനങ്ങൾ എടുക്കേണ്ട സമയം വിദൂരതയിലല്ല. അപ്പോൾ അവസാനം വരും.—6 T 24 (1900).

## രാജാക്കന്മാരും നിയമജ്ഞന്മാരും ഉപദേശകരും ദൂത് ശ്രവിക്കും

ഒറ്റയ്ക്കു നിൽക്കുക സാധ്യമെന്ന് നമുക്കു തോന്നുന്നില്ല, എന്നാൽ ദൈവം എപ്പോഴെങ്കിലും എന്നോടു സംസാരിച്ചിട്ടുണ്ടെങ്കിൽ, ഉപദേശക സമിതിയുടെയും ദൈവനാമ മഹത്വത്തിനുവേണ്ടി ആയിരക്കണക്കിനു ആളുകളുടെ മുമ്പിലും കൊണ്ടുവരപ്പെടുകയും ഓരോരുത്തരും അവരവരുടെ വിശ്വാസത്തിനു കാരണം ബോധിപ്പിക്കുകയും ചെയ്യേണ്ടിവരും. അപ്പോൾ സത്യത്തിനുവേണ്ടി എടുത്ത ഓരോ തീരുമാനത്തിന്റെ മേലും അതിഭയങ്കരമായ വിമർശനം ഉണ്ടാകും. നാം ഘോഷിക്കുന്ന ഉപദേശങ്ങൾ എന്തുകൊണ്ട് നാം വിശ്വസിക്കുന്നു എന്ന് അറിയുന്നതിന് ദൈവവചനം പഠിക്കേണ്ടിയിരിക്കുന്നു.—RH Dec. 18 (1888).

അനേകരും കോടതിക്കുമുമ്പിൽ നിൽക്കേണ്ടിവരും; ചിലർക്ക് അവരുടെ വിശ്വാസത്തിന് ഉത്തരം കൊടുക്കേണ്ടതിന് രാജാക്കന്മാരുടെയും ഭൂമിയിലെ വിദ്യാസമ്പന്നരുടെയും മുമ്പിൽ നിൽക്കേണ്ടിവരും. സത്യത്തെ സംബന്ധിച്ച് എങ്ങും തൊടാതെ മാത്രം മനസ്സിലാക്കിയിട്ടുള്ളവർക്ക് തിരുവെഴുത്തുകളെ ആധാരമാക്കി അവരുടെ വിശ്വാസത്തെക്കുറിച്ച് തക്കതായ കാരണം കൊടുക്കുവാൻ കഴിയാതെവരും. അവർ ആശയക്കുഴപ്പത്തിലാകും. ലജ്ജിതരാകേണ്ടതില്ലാത്ത വേലക്കാർ ആകുകയില്ല. വിശുദ്ധ പീഠത്തിൽനിന്നുകൊണ്ട് പ്രസംഗിക്കേണ്ടതില്ലാത്തതുകൊണ്ട് അവർ പഠിക്കേണ്ടതില്ല എന്ന് ആരും ചിന്തിക്കരുത്. എന്തായിരിക്കും ദൈവം നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നതെന്ന് നിങ്ങൾ അറിയുകയില്ല.—FE 217 (1893).

## അനേക അഡ്വന്റിസ്റ്റുകാരും വെളിച്ചത്തിനെതിരെ കൂട്ടുകെട്ടുണ്ടാക്കുന്നു

സഭകളിൽ (സെവന്ത്-ഡെ അഡ്വന്റിസ്റ്റ്) ദൈവശക്തിയുടെ അത്ഭുത വെളിപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു, എന്നാൽ ദൈവസന്നിധിയിൽ അവരെത്തന്നെ താഴ്ത്തി ഏല്പിക്കുകയും അനുതാപത്തിലും ഏറ്റുപറച്ചിലിലുംകൂടെ ഹൃദയകവാടം തുറക്കുകയും ചെയ്യാത്തവരുടെമേൽ അതുണ്ടാകുകയില്ല. ദൈവത്തിന്റെ തേജസ്സിനാൽ ഭൂമി പ്രകാശിക്കേണ്ട ആ ശക്തിയുടെ വെളിപ്പെടലിൽ അവരുടെ അന്ധത കാരണം അവർ അപകടകരമെന്ന് ചിന്തിക്കുന്നതും ഭയത്തെ ഉണർത്തുന്നതുമായവ മാത്രം കാണുകയും അതിനെ എതിർക്കുവാൻ അവർ



തന്നെ കൂട്ടുകെട്ടുണ്ടാക്കുകയും ചെയ്യും. അവരുടെ ആശയ്ക്കും പ്രതീക്ഷയ്ക്കുമൊത്തവണ്ണം ദൈവം പ്രവർത്തിക്കാത്തതുകൊണ്ട് അവർ വേലയെ എതിർക്കും. “എന്തുകൊണ്ട്”, “ഇത്രയും ദീർഘനാൾ ഞങ്ങൾ വേലയിൽ ആയിരുന്നിട്ടും ദൈവത്തിന്റെ ആത്മാവിനെ ഞങ്ങൾക്കറിഞ്ഞുകൂടെയോ? എന്ന് അവർ പറയും.—RH Extra, Dec. 23 (1890).

മൂന്നാം ദൂതന്റെ സന്ദേശത്തിന്റെ തേജസ്സേറിയ മുന്നേറ്റത്തിൽ നടക്കുവാൻ കൂട്ടാക്കാത്തവർ അത് ഗ്രഹിക്കാതെ ഭൂമിയെ അതിന്റെ മഹത്വത്താൽ പ്രകാശിപ്പിക്കുന്ന വെളിച്ചത്തെ ഒരു വ്യാജ വെളിച്ചമെന്ന് അവർ വിളിക്കും.—RH May 27 (1890).

## അഡ്വന്റിസ്റ്റുകാരല്ലാത്തവരിലധികം പേരും മുന്നറിയിപ്പ് നിരസിക്കും

ദൂത് കേൾക്കുന്നവരിൽ വലിയോരു കൂട്ടം ഈ പരിപാവനമായ മുന്നറിയിപ്പിന് വില കല്പിക്കുകയില്ല. സ്വഭാവത്തിന്റെ പരിശോധനയ്ക്കുള്ള ദൈവത്തിന്റെ കല്പനയോട് അനേകരും അവിശ്വസ്തരായി കാണപ്പെടും. കർത്താവിന്റെ ദാസന്മാരെ അത്യാസക്തർ എന്നു വിളിക്കും. അവരെ ശ്രദ്ധിക്കരുതെന്ന മുന്നറിയിപ്പു ശുശ്രൂഷകന്മാർ ജനത്തിനു കൊടുക്കും. ജനം ചെവിക്കൊണ്ടാലും ഒഴിവാക്കിയാലും ദൂത് ഘോഷിക്കുവാൻ ദൈവത്തിന്റെ ആത്മാവ് നോഹയെ നിർബ്ബന്ധിക്കുകയും നോഹ ഇതേ പെരുമാറ്റം അനുഭവിക്കേണ്ടിയും വന്നു.—TM 233 (1895).

ചിലർ ഈ മുന്നറിയിപ്പുകൾ ശ്രവിക്കും, എന്നാൽ ഭൂരിഭാഗം പേരും അതിനെ തള്ളിക്കളയും.—HP 343 (1897).

പഴയ കാലത്ത് പരീശന്മാരുടെ അധികാരത്തെ ചോദ്യം ചെയ്തപ്പോൾ കോപംകൊണ്ട് നിറഞ്ഞതുപോലെ ജനസ്വാധീനമുള്ള ശുശ്രൂഷയെ സംബന്ധിച്ച് ഇത് സാത്താന്റെ സന്ദേശമെന്ന് പറഞ്ഞുകൊണ്ട് തള്ളിക്കളയുകയും ഇത് ഘോഷിക്കുന്നവരെ ഉപദ്രവിക്കുവാനും പീഡിപ്പിക്കുവാനുമായി പാപസ്നേഹികളെ ഇളക്കിവിടുകയും ചെയ്യും.—GC 607 (1911).

## അനേകരും വിളിക്കുത്തരം കൊടുക്കും

വിവിധ മത സംഘടനകളിൽ ചിതറിക്കിടക്കുന്ന ആത്മാക്കൾ വിളിക്കുത്തരം കൊടുക്കുകയും ആ വിലയേറിയ ആത്മാക്കൾ, സൊദോ

മിന്റെ നാശത്തിനുമുമ്പ് അത് വിട്ടുപോരുവാൻ ലോത്ത് തിടുക്കം കാണിച്ചതുപോലെ, നാശത്തിനു വിധിക്കപ്പെട്ട സഭകളിൽനിന്ന് പുറത്തുവരുവാൻ തിടുക്കം കാണിക്കും.—EW 279 (1858).

അന്ത്യശോധനയിലൂടെ പാറപോലെ ഉറച്ചുനിൽക്കുന്ന വിശ്വാസികളുടെ ഒരു സൈന്യനിരതന്നെ ഉണ്ടായിരിക്കും.—3SM 390 (1888).

ലോകത്തിന്റെ നിരയിലും സഭകളിലും കത്തോലിക്ക സഭയിൽനിന്നുപോലും ഇതിനു മുമ്പ് സത്യം ഘോഷിക്കുന്ന നിരയിൽ നിൽക്കുന്നവരെക്കാളുമധികമായ തീക്ഷ്ണതയുള്ള അനേക ആത്മാക്കൾ പുറത്തുവരേണ്ടതായിട്ടുണ്ട്.—3SM 386,387 (1889).

വലിയൊരു സമൂഹം വിശ്വാസം സ്വീകരിക്കുകയും കർത്താവിന്റെ സൈന്യത്തിൽ ചേരുകയും ചെയ്യും.—EV 700 (1895).

യഥാർത്ഥ തൊഴുത്തിൽനിന്നും അലഞ്ഞുതിരിഞ്ഞ അനേകരും മഹാ ഇടയനെ പിൻപറ്റുവാൻ മടങ്ങിവരും.—6T 401 (1900).

ജാതികളുടെ ആഫ്രിക്ക, യൂറോപ്പിലെയും തെക്കെ അമേരിക്കയിലെയും കത്തോലിക്കാ പ്രദേശങ്ങൾ, ചൈന, ഇൻഡ്യാ, ദ്വീപുസമൂഹങ്ങൾ, ഭൂമിയിലെ ഇരുളടഞ്ഞ മൂലകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം അന്ധകാരത്തിനു മദ്ധ്യേ പ്രകാശിക്കുന്ന നക്ഷത്ര സമൂഹം ദൈവത്തിനുവേണ്ടി അവന്റെ കലവറയിലുണ്ട്. വിശ്വാസം ത്യജിച്ച ഈ ലോകത്തിൽ അവന്റെ കല്പന അനുസരിക്കുന്നതിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി അവർ വ്യക്തമായി വെളിപ്പെടുത്തും. ഇപ്പോൾതന്നെ അവർ എല്ലാ ദേശങ്ങളിലും എല്ലാ ഭാഷയുടെയും ജനത്തിന്റെയും ഇടയ്ക്ക് പ്രത്യക്ഷമാകുന്നു; ആഴമേറിയ വിശ്വാസത്യാഗത്തിന്റെ നാളുകളിൽ "ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രനും ദാസനും" ആയ എല്ലാവരെ മരണശിക്ഷയിൻകീഴിൽ, വ്യാജവിശ്രമദിവസത്തോടുള്ള ഭക്തിയുടെ അടയാളം സ്വീകരിക്കുവാൻ സാത്താൻ തന്റെ പരമാധികാരം ഉപയോഗിക്കുമ്പോൾ, "ദൈവത്തിന്റെ മക്കളും കുറ്റമറ്റവരും നിരുപദ്രവകാരികളുമായ ഈ വിശുദ്ധ ജനം ശകാരം കൂടാതെ," ലോകത്തിൽ വെളിച്ചങ്ങളായി ശോഭിച്ചുകൊണ്ടിരിക്കും.—PK 188, 189 (c 1914).

## ദിനന്തോറും ആയിരങ്ങൾ മാനസാന്തരപ്പെടുന്നു

പതിനൊന്നാം മണിനേരത്ത് ആയിരങ്ങൾ സത്യം കണ്ടെത്തുകയും സ്വീകരിക്കുകയും ചെയ്യും.... സത്യത്തിലേക്കു തിടുക്കത്തിലുള്ള ഈ



മാനസാന്തരങ്ങൾ സഭയെ ആശ്ചര്യപ്പെടുത്തുകയും ദൈവനാമം മഹത്വപ്പെടുകയും ചെയ്യും.—2SM 16 (1890).

പതിനൊന്നാം മണിനേരത്ത് ആയിരങ്ങൾ മാനസാന്തരപ്പെട്ട് സത്യത്തോടു ചേരുകയും സത്യത്തെയും ദൈവത്തിന്റെ ആത്മാവിന്റെ ചലനങ്ങളെയും അംഗീകരിക്കുകയും ചെയ്യും.—EGW, 88 755 (1890).

പെന്തെക്കൊസ്തനാളിൽ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ ഒരു ദിവസത്തിൽ അനേകം മാനസാന്തരം ഉണ്ടായതുപോലെയുള്ള സമയം വരുന്നു.—EV 692 (1905).

## ഹൃദയപരമാർത്ഥതയുള്ളവർ ദീർഘനാൾ അറച്ചുനിൽക്കയില്ല

നല്ലൊരു കൂട്ടം അവരുടെ തീരുമാനം എടുക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ കാണുകയില്ല. എന്നാൽ ഇവ അവരുടെ ജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുകയും അത്യുച്ചസ്വരത്തിൽ ദൂത് പ്രസംഗിക്കപ്പെടുമ്പോൾ അവർ അതിനുവേണ്ടി തയ്യാറെടുക്കുകയും ചെയ്യും. അധികനാൾ അറച്ചിരിക്കുകയില്ല; അവർ പുറത്തുവന്ന് അവരുടെ നിലയുറപ്പിക്കും.—Ev 300, 301 (1890).

സകല ഭൂവാസികളുടെയും മേൽ അന്ത്യപരിശോധന വരേണ്ടിയിരിക്കുന്നു. ആ സമയത്ത് അനുയോജ്യമായ തീരുമാനങ്ങൾ എടുക്കപ്പെടും. ദൈവവചനം ശ്രവിച്ച് കുറ്റബോധമുണ്ടായവർ ഇമ്മാനുവൽ രാജകുമാരന്റെ രക്തം പുരണ്ട കൊടിക്കീഴിൽ അണിനിരക്കും.—9T 149 (1909).

വാസ്തവമായും സത്യസന്ധതയുള്ള എല്ലാ ആത്മാക്കളും സത്യത്തിന്റെ വെളിച്ചത്തിലേക്കു വരും.—GC 522 (1911).

അത്ര വാദപ്രതിവാദത്തിലൂടെയല്ല, പരിശുദ്ധാത്മാവിന്റെ ആഴമേറിയ ബോധം വരുത്തലിലൂടെയാണ് ദൂത് മുന്നോട്ടു പോകുന്നത്. വാദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വിത്തു വിതച്ചുകഴിഞ്ഞു. ഇപ്പോൾ അത് മുളച്ചുവന്ന് ഫലം കായ്ക്കും. മിഷനറി വേലക്കാർ വിതരണം ചെയ്ത പ്രസിദ്ധീകരണങ്ങൾ അവയുടെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എന്നിരുന്നാലും ആഴത്തിൽ പതിയപ്പെട്ട മനസ്സുകൾ സത്യം പൂർണ്ണമായി ഗ്രഹിക്കുന്നതിൽനിന്നോ അല്ലെങ്കിൽ അനുസരിക്കുവാൻ കീഴ്പ്പെടുന്നതിൽനിന്നോ തടയപ്പെട്ടു. ഇപ്പോൾ സത്യത്തിന്റെ പ്രകാശകിരണങ്ങൾ എല്ലായിടത്തും തുളച്ചുകയറുകയാണ്. സത്യം അതിന്റെ വ്യക്തതയിൽ കാണപ്പെടുന്നു. സത്യസന്ധരായ ദൈവമക്കൾ അവ

രുടെ ബന്ധനങ്ങളെല്ലാം വിച്ഛേദിക്കുന്നു. കുടുംബബന്ധങ്ങൾ സഭാബന്ധങ്ങൾ എന്നിവ അവരെ പിടിച്ചുവയ്ക്കുവാൻ ശക്തിയില്ലാത്തവയായി മാറുന്നു. കൂടാതെ എല്ലാറ്റിനെക്കാളും സത്യം കൂടുതൽ വിലപ്പെട്ടതായിത്തീരുന്നു. ഏജൻസികൾ സത്യത്തിനെതിരെ ഒത്തുചേരുമെങ്കിലും ഒരു വലിയ കൂട്ടം കർത്താവിന്റെ വശത്ത് നിലയുറപ്പിക്കും. —GC 612 (1911).

### അച്ചടിക്കപ്പെട്ട താളുകളുടെ സ്വാധീനം

ആയിരത്തിലധികംപേർ പെട്ടെന്ന് ഒരു ദിവസത്തിൽ മാനസാന്തരപ്പെടും, അതിലധികം പേരും നമ്മുടെ പ്രസിദ്ധീകരണങ്ങൾ വായിച്ചതിലൂടെ ആദ്യം സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചവരാണെന്ന് കണ്ടെത്തും. – EV 693 (1885).

ഈ പുസ്തകം (വൻപോരാട്ടം) വിതരണം ചെയ്യുന്നതിന്റെ ഫലങ്ങളെ അവ ഇപ്പോൾ കാണപ്പെടുന്നതുപോലെ വിലയിരുത്തപ്പെടേണ്ടവയല്ല. ഈ പുസ്തകം വായിക്കുന്നതിലൂടെ ചിലർ എഴുന്നേറ്റ് ഉടൻതന്നെ ദൈവത്തിന്റെ കല്പന അനുസരിക്കുന്നവരുടെ ഗണത്തോടൊപ്പം ചേരും. എന്നാൽ ഇത് വായിക്കുന്നതിലധികംപേരും അതിൽ മുൻകൂട്ടി എഴുതിയിരിക്കുന്ന കാര്യങ്ങൾ സംഭവിക്കുന്നത് കാണുന്നതുവരെ തീരുമാനമെടുക്കുകയില്ല. അതിലെ പ്രവചനങ്ങളുടെ നിറവേറൽ വിശ്വാസം വർദ്ധിപ്പിക്കുകയും വേലയുടെ അന്ത്യത്തിൽ ഭൂമി മുഴുവനും ദൈവത്തിന്റെ തേജസ്സിനാൽ പ്രകാശപൂരിതമാകുകയും ചെയ്യുമ്പോൾ, ഈ പ്രവർത്തനത്തിലൂടെ ദൈവത്തിന്റെ കല്പന അനുസരിക്കുന്നതിന് അനേകരും തീരുമാനമെടുക്കും.—CM 128, 129 (1890).

വലിയ അധികാരത്തോടുകൂടി മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നിറങ്ങുകയും അവന്റെ തേസ്സിനാൽ ഭൂമി പ്രകാശിക്കുകയും ചെയ്യും. ഈ ദൂതന്റെ വേല ഒരു വലിയ അളവുവരെ പൂർത്തിയാക്കേണ്ടത് നമ്മുടെ പ്രസിദ്ധീകരണശാലകളിലൂടെയാണ് (വെളി. 18:1).—7T 140 (1902).



## അദ്ധ്യായം പതിനഞ്ച്

# ദൈവത്തിന്റെ മുദ്രയും മൃഗത്തിന്റെ മുദ്രയും

### രണ്ടുവിഭാഗങ്ങൾ മാത്രം

രണ്ടു വിഭാഗം ജനം മാത്രമേ ഉണ്ടായിരിക്കുവാൻ കഴിയുകയുള്ളൂ. ഒന്നുകിൽ ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റവർ അല്ലെങ്കിൽ മൃഗത്തിന്റെ മുദ്ര അഥവാ അവന്റെ പ്രതിമ ധരിച്ചവർ എന്നിങ്ങനെ ഓരോ വിഭാഗവും വ്യക്തമായി അടയാളപ്പെടുത്തപ്പെട്ടിരിക്കും.—RH Jan. 30 (1900).

വിശ്വാസവും അവിശ്വാസവും തമ്മിലുള്ള മഹാപോരാട്ടത്തിൽ ലോകം മുഴുവനും ഉൾപ്പെട്ടിരിക്കും. എല്ലാവരും ഏതെങ്കിലും പക്ഷത്തു ചേരും. ചിലർ, ഈ പോരാട്ടത്തിൽ ഏതെങ്കിലും പക്ഷത്തു ചേർന്ന് പ്രത്യക്ഷമായി പ്രവർത്തിക്കുകയില്ലായിരിക്കാം. അവർ സത്യത്തിനെതിരെ പക്ഷം ചേരുന്നതായി കാണപ്പെടുകയില്ലായിരിക്കാം. എന്നിരുന്നാലും, വസ്തുവകകൾ നഷ്ടപ്പെടുന്നതിലും നിന്ദ സഹിക്കുന്നതിലും ഉള്ള ഭയം നിമിത്തം അവർ സധൈര്യം ക്രിസ്തുവിനുവേണ്ടി മുന്നോട്ടു വരികയില്ല. അത്തരത്തിലുള്ള എല്ലാവരും ക്രിസ്തുവിന്റെ ശത്രുക്കളുടെ ഗണത്തിൽ എണ്ണപ്പെട്ടവരായിരിക്കും.—RH Feb. 7 (1893).

നാം കാലത്തിന്റെ അന്ത്യത്തോട് അടുക്കുമ്പോൾ, വെളിച്ചത്തിന്റെ മക്കളും ഇരുളിന്റെ മക്കളും തമ്മിലുള്ള വ്യത്യാസം അത്യധികമായ ദൃഢതയുള്ളതായിരിക്കും. അവർ കൂടുതൽ കൂടുതൽ പരസ്പരം വ്യത്യാസപ്പെട്ടിരിക്കും. ക്രിസ്തുവിൽ പുതുതായി സൃഷ്ടിക്കപ്പെടുക, ലോകസംബന്ധമായി മരിക്കുക, ദൈവത്തിനായി ജീവിക്കുക എന്നീ അർത്ഥം വരുന്ന “വീണ്ടും ജനനം” എന്ന ക്രിസ്തുവിന്റെ വാക്കുകളിൽ ഈ വ്യത്യാസം പ്രകടമായിരിക്കുന്നു. സ്വർഗ്ഗീയമായതിനെ ഭൗതികമായതിൽ നിന്നും വ്യത്യാസപ്പെടുത്തുകയും ലോകത്തിനുള്ള

വരും ലോകത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവരും ദൈവത്തിന്റെ ദൃഷ്ടിയിൽ വിലപ്പെട്ടവരായ വൃതന്മാരും തമ്മിലുള്ള വ്യത്യാസത്തെ വിവരിക്കുന്ന വേർപാടിന്റെ ചുവരാണ് ഇവ.—Special Testimony to the Battle Creek Church (Ph. 155) 3 (1882).

### കുടുംബത്തിലെ അംഗങ്ങൾ അകറ്റപ്പെടുന്നു

ഒരേ കുടുംബത്തിലെ അംഗങ്ങളായവർ അകറ്റപ്പെടുന്നു. നീതിമാന്മാരുടെ മേൽ ഒരു മുദ്ര ചാർത്തപ്പെടും. "ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്കു ഒരു നിക്ഷേപം ആയിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും'' (മലാഖി. 3:17). ദൈവകല്പനകളോട് അനുസരണം കാട്ടിയിരുന്നവർ വെളിച്ചത്തിൽ വിശുദ്ധന്മാരുടെ സംഘത്തിൽ ഒന്നിച്ചു ചേരും. അവർ ഗോപുരങ്ങളിൽക്കൂടി അകത്തു കടക്കുകയും അവർക്ക് ജീവവൃക്ഷത്തിന്മേൽ അവകാശം ലഭിക്കുകയും ചെയ്യും.

"ഒരുവൻ എടുക്കപ്പെടും." പേര് ജീവപുസ്തകത്തിൽ നിലനില്ക്കുമ്പോൾ, അവൻ സഹകരിച്ചുപോന്നിട്ടുള്ള അനേകർക്കും ദൈവവുമായുള്ള നിത്യമായ വേർപെടലിന്റെ മുദ്രയാകും ലഭിക്കുക.—TM 234,235 (1895).

### നമുക്കു ലഭിച്ച വെളിച്ചത്താൽ നാം വിധിക്കപ്പെടുന്നു

നമുക്കുണ്ടായിരുന്ന വിശേഷഭാഗ്യങ്ങൾ ലക്ഷ്യമാകാതെയിരുന്ന അനേകരും വലിയ വെളിച്ചം ലഭിച്ചിട്ടും അതിൽ നടക്കാതെയിരുന്ന അനേകർക്കും മുമ്പായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കും. തങ്ങൾക്കു ലഭിച്ച ശ്രേഷ്ഠ വെളിച്ചത്തിനൊത്തു ജീവിച്ചവർ അനേകരുണ്ട്. ആ വെളിച്ചത്തിനനുസരിച്ച് അവർ ന്യായം വിധിക്കപ്പെടും.—Letter 36 (1895).

മുന്നറിയിപ്പ് ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തുകയും എല്ലാ ആത്മാക്കൾക്കും മതിയായ വെളിച്ചവും തെളിവുകളും നല്കപ്പെടുകയും ചെയ്യുന്നതുവരെ, നിയുക്ത സമയത്തിനുവേണ്ടി എല്ലാവരും കാത്തിരിക്കണം. വെളിച്ചം ചിലർക്ക് മറ്റുള്ളവരെക്കാൾ കുറച്ചായിരിക്കാം ലഭിച്ചത്. എന്നാൽ ഓരോ വ്യക്തിയും തനിക്കു ലഭിച്ച വെളിച്ചത്തിന്റെ അടിസ്ഥാനത്തിലാണ് ന്യായം വിധിക്കപ്പെടുക.—Ms 77 (1899).



ദൈവത്തിന്റെ കല്പനയെക്കുറിച്ച് നമുക്ക് വലിയ വെളിച്ചം നല്കപ്പെട്ടിരിക്കുന്നു. സ്വഭാവത്തിന്റെ മാനദണ്ഡമാണ് കല്പന. മനുഷ്യൻ അതിന്റെ അനുസരണത്തിനു വഴിപ്പെടേണ്ടതുണ്ട്. അവസാന മഹാദിവസത്തിൽ അതിനാൽ അവൻ ന്യായം വിധിക്കപ്പെടും. ആ ദിവസത്തിൽ തങ്ങൾക്കു ലഭ്യമായിരുന്ന വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ ദൈവം മനുഷ്യനോട് ഇടപെടും.—RH Jan. 1 (1901).

വലിയ വെളിച്ചം ലഭിച്ചിട്ട് അതിനെ അഗണ്യമാക്കിക്കളഞ്ഞവർ അത്തരം അനുകൂല സന്ദർഭം ലഭിക്കാതെയിരുന്നവരെക്കാൾ അപകടകരമായ സ്ഥാനത്താണ് നില്ക്കുന്നത്. കർത്താവിനെയല്ല, പ്രത്യുത തങ്ങളെത്തന്നെയാണ് അവർ ഉയർത്തുന്നത്. മനുഷ്യരുടെ മേൽ നല്കപ്പെടുന്ന ശിക്ഷ, ഏതു രീതിയിലും അവർ ദൈവത്തിനു വരുത്തിയ അപമാനത്തിന് ആനുപാതികമായിരിക്കും.—8MR 168 (1901).

ബുദ്ധിപൂർവ്വം തന്റെ തീരുമാനം കൈക്കൊള്ളുവാൻ എല്ലാവർക്കും അവശ്യം വേണ്ട വെളിച്ചം നല്കപ്പെടേണ്ടതാണ്.—GC 605 (1911).

### മനഃപൂർവ്വമായ അന്ധതയ്ക്ക് മാപ്പ് ലഭ്യമല്ല

തങ്ങൾക്ക് ഇല്ലാതിരുന്നതും നേടുവാൻ കഴിയാതെയിരുന്നതുമായ വെളിച്ചവും ജ്ഞാനവും കാര്യമാക്കിയില്ല എന്ന കാരണത്താൽ ആരും ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല. എന്നാൽ തങ്ങൾ ലോകത്തിന്റെ നിലവാരത്തിന് അനുരൂപരാകുവാൻ താല്പര്യപ്പെടുന്നതുകൊണ്ട്, ക്രിസ്തുവിന്റെ സ്ഥാനാപതിമാർ നല്കിയ സത്യത്തെ അനുസരിക്കുന്നത് അനേകരും നിരസിക്കുന്നു. അതുനിമിത്തം അവരുടെ ആത്മാവിൽ പ്രകാശിച്ച വെളിച്ചം അവരെ ശിക്ഷാർഹരാക്കും.—5 BC 1145 (1884).

സത്യം കേൾക്കുവാൻ അവസരം ലഭിക്കുകയും, എന്നാൽ അതു കേൾക്കാതെയുമിരുന്നാൽ തങ്ങൾ കണക്കു ബോധിപ്പിക്കേണ്ടി വരികയില്ല എന്നു ചിന്തിക്കകൊണ്ട് അതു ഗ്രഹിക്കുവാൻ കൂട്ടാക്കാത്തവർ, സത്യം കേട്ടിട്ടും അതു നിരസിച്ചു കളഞ്ഞവരെപ്പോലെ ദൈവമുമ്പാകെ കുറ്റക്കാരായി ന്യായം വിധിക്കപ്പെടും. സത്യം എന്തെന്ന് അറിയുവാൻ അവസരം ഉണ്ടായിട്ടും തെറ്റിന്റെ പാത തിരഞ്ഞെടുക്കുന്നവർക്കുവേണ്ടി യാതൊരു നീക്കുപോക്കും ഉണ്ടാവുകയില്ല. അറിവില്ലായ്മയുടെ സകല പാപങ്ങൾക്കും യേശു തന്റെ കഷ്ടതകളിൽക്കൂടിയും മരണത്തിൽക്കൂടിയും പാപപരിഹാരം വരുത്തിയിട്ടുണ്ട്,

എന്നാൽ മനഃപൂർവ്വമായി സൃഷ്ടിക്കുന്ന അന്ധതയ്ക്ക് യാതൊരു നീക്കുപോക്കും സാധ്യമല്ല.

നമുക്ക് അവബോധമില്ലാതിരുന്ന വെളിച്ചത്തെക്കുറിച്ച് നാം കണക്കു കൊടുക്കേണ്ടി വരികയില്ല. എന്നാൽ എതിർത്തു നിന്നതും നിരസിച്ചതുമായ വെളിച്ചത്തിനു നാം കണക്കു നൽകേണ്ടിവരും. തനിക്കു ലഭ്യമാകാതെയിരുന്ന സത്യത്തെ ഒരു മനുഷ്യൻ ഭയപ്പെടേണ്ടതില്ല. അതുകൊണ്ട് തനിക്കു ലഭിക്കാതെയിരുന്ന വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ അവൻ ശിക്ഷിക്കപ്പെടുകയില്ല.— 5 BC 1145 (1893).

## പ്രായോഗിക നന്മപ്രവൃത്തികളുടെ പ്രാധാന്യം

അവസാന ദിവസത്തിലെ തീരുമാനം നമ്മുടെ പ്രായോഗികമായ പരോപകാരശീലത്തിന്മേലും വന്നു ഭവിക്കും. നാം ചെയ്യുന്ന ഓരോ നന്മപ്രവൃത്തിയും തനിക്കു ചെയ്തതായി ക്രിസ്തു കണക്കാക്കും.—TM 399 (1896)

ജാതികളെ അവന്റെ മുമ്പിൽ കൂട്ടിവരുത്തുമ്പോൾ രണ്ടു വിഭാഗക്കാർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അവരുടെ നിത്യമായ വിധി തീരുമാനിക്കപ്പെടുന്നത്, ദരിദ്രരുടെയും കഷ്ടപ്പെടുന്നവരുടെയും ആളത്വത്തിൽ അവൻ കടന്നുവന്നപ്പോൾ, അവർ അവനുവേണ്ടി എന്തു ചെയ്തു, എന്തൊക്കെ ചെയ്യുവാൻ വിമുഖത കാട്ടി എന്നതിനെ ആശ്രയിച്ചിരിക്കും....

ദൈവത്തിന്റെ ഉപകരണങ്ങളായ മനുഷ്യർ വെളിച്ചം പകർന്നു കൊടുക്കായ്കയാൽ വിജാതീയരുടെ ഇടയിൽ അജ്ഞത കാരണം ദൈവത്തെ ആരാധിക്കുന്നവരുണ്ട് എന്നിരുന്നാലും അവർ നശിക്കുകയില്ല.

ദൈവത്തിന്റെ എഴുതപ്പെട്ട നിയമത്തെക്കുറിച്ച് അറിവില്ലാത്തവർ എങ്കിലും, അവൻ സംസാരിക്കുന്ന ശബ്ദം പ്രകൃതിയിൽനിന്നും അവർ കേട്ടിട്ടുണ്ട്. അങ്ങിനെ നിയമം അനുശാസിക്കുന്ന കാര്യങ്ങൾ അവർ ചെയ്തിട്ടുണ്ട്.

“എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു” (മത്തായി 25:40) എന്ന വാക്കുകൾ രക്ഷകന്റെ അധരങ്ങളിൽനിന്നും കേൾക്കുമ്പോൾ ദേശത്തിലെ താഴ്മ ധരിച്ച ഇക്കൂട്ടർ എത്ര ആശ്ചര്യവും ആനന്ദവും നിറഞ്ഞവരായിത്തീരും. തന്റെ അനുയായികൾ തന്റെ ശബ്ദത്തെ അതിശയത്തോടും ആനന്ദത്തോടും ഉറ്റു നോക്കുമ്പോൾ അതുല്യമായ സ്നേഹത്തിന്റെ ആ ഹൃദയം എത്രമാത്രം ആഹ്ളാദിക്കും! – DA 637, 638 (1898).



## മനോഭാവം പ്രവൃത്തികൾക്കു സ്വഭാവം നൽകുന്നു

ന്യായവിധി ദിവസത്തിൽ ചിലർ തങ്ങൾ ചെയ്ത സൽക്കർമ്മങ്ങൾ ഉയർത്തിക്കാട്ടുകയും അവർക്കു പരിഗണന ലഭിക്കുവാൻ അത് ഒരു കാരണമായി അപേക്ഷിക്കും. “ഞാൻ യുവാക്കളെ വ്യാപാരത്തിന്റെ ചുമതലയേല്പിച്ചു. ആശുപത്രികൾ പണിയുന്നതിന് ഞാൻ പണം നല്കി. ഞാൻ വിധവകളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും സാധുക്കളെ എന്റെ വീട്ടിൽ ചേർത്തുകൊള്ളുകയും ചെയ്തു” എന്ന് അവർ പറയും. എന്നാൽ നിങ്ങളുടെ ലക്ഷ്യങ്ങൾ സ്വാർത്ഥതയാൽ മലിനപ്പെട്ടിരിക്കുന്നതുകൊണ്ട് ആ പ്രവൃത്തികൾ ദൈവത്തിന്റെ മുമ്പിൽ സ്വീകാര്യമല്ല. നിങ്ങൾ ചെയ്ത സകലത്തിലും “സ്വയം” എന്നത് പ്രധാനമായും ഉയർന്നു നിന്നിരുന്നു.—Ms 53 1906.

നമ്മുടെ മനോഭാവമാണ് പ്രവൃത്തികൾക്ക് സ്വഭാവം നല്കുന്നത്. അത് പ്രവൃത്തികളിന്മേൽ കളങ്കത്തിന്റെയോ ഉന്നതമായ ധാർമ്മിക മൂല്യത്തിന്റെയോ മുദ്ര പതിപ്പിക്കുന്നു.—DA 615 (1898).

## എന്താകുന്നു ദൈവത്തിന്റെ മുദ്ര?

ദൈവത്തിന്റെ മക്കളെ അവരുടെ നെറ്റിമേൽ മുദ്രയിട്ടയുടൻ – അതു കാണാവുന്ന മുദ്രയോ അടയാളമോ അല്ല, പ്രത്യുത ബൗദ്ധികവും ആത്മികവുമായി ശ്രേഷ്ഠ സത്യത്തിൽ, അവർ അതിൽ നിന്നും മാറിപ്പോകാതെയിരിക്കത്തക്കവിധം, ഒരു അടിയുറയ്ക്കലാണ് – ദൈവത്തിന്റെ മക്കൾ മുദ്രയിടപ്പെടുകയും വലിയ ഉലച്ചിലിന്റെ സമയത്തിനായി ഒരുക്കപ്പെടുകയും ചെയ്ത ഉടനെ അതു വരും. തീർച്ചയായും അതു മുന്നമേ തുടങ്ങിക്കഴിഞ്ഞു.—4 BC 1161 (1902).

മനഃസാക്ഷി അനുസരിച്ചുകൊണ്ട് യഹോവയുടെ ശബ്ബത്തിനെ വിശുദ്ധമായി അനുഷ്ഠിക്കുന്നവരുടെമേൽ ജീവനുള്ള ദൈവത്തിന്റെ മുദ്ര പതിപ്പിക്കപ്പെടും.—7 BC 980 (1897).

തങ്ങളുടെ നെറ്റിമേൽ ദൈവത്തിന്റെ മുദ്ര വേണം എന്ന് ആഗ്രഹിക്കുന്നവർ നാലാം കല്പനയായ ശബ്ബത്ത് അനുസരിക്കേണം.—7 BC 970 (1899).

ദൈവത്തോടുള്ള ആത്മാർത്ഥതയുടെ അടയാളമാണ് യഥാർത്ഥ മായ ശബ്ബത്തനുഷ്ഠാനം.—7 BC 981 (1899).

പത്തു കല്പനകളിൽ നാലാമത്തെ കല്പനയിൽ മാത്രമാണ് നിയ മദാതാവും ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടികർത്താവുമായ ദൈവത്തിന്റെ മുദ്ര അന്തർലീനമായിരിക്കുന്നത്.—6T 350 (1900)

ദൈവത്തിന്റെ സൃഷ്ടിസ്മാരകവും ഏദെനിൽ സ്ഥാപിതവുമായ ഏഴാം ദിന ശബ്ബത്തിന്റെ അനുഷ്ഠാനം ദൈവത്തോടുള്ള നമ്മുടെ വിശ്വസ്തതയെ പരിശോധിക്കുന്ന ഉപകരണമാകുന്നു. - Letter 94 (1900).

പൊതുവായ നാശത്തിൽനിന്നും എബ്രായരെ സംരക്ഷിക്കുവാൻ അവരുടെ വീടുകളുടെ കട്ടളപ്പടിമേൽ ഒരു അടയാളം വയ്ക്കപ്പെട്ടതു പോലെ ദൈവത്തിന്റെ സകല ജനത്തിന്മേലും ഒരു അടയാളം വയ്ക്ക പ്പെടും. യഹോവ അരുളിച്ചെയ്യുന്നു, "ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിനു എനിക്കും അവർക്കും ഇട യിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു" (യെഹെസ്കേൽ 20:12).—7 BC 969 (1900).

## ക്രിസ്തുവിന്റേതിനു സദൃശമായ സ്വഭാവം

ക്രിസ്തുവിന്റെ സ്വഭാവത്തിനു സദൃശമായ സ്വഭാവം ഉള്ളവരുടെ മേൽ മാത്രമേ ജീവനുള്ള ദൈവത്തിന്റെ മുദ്ര പതിപ്പിക്കപ്പെടുകയു ള്ളൂ.—7 BC 970 (1895).

ജീവനുള്ള ദൈവത്തിന്റെ മുദ്ര ലഭിക്കുകയും മഹാകഷ്ടതയുടെ സമയത്തു സംരക്ഷിക്കപ്പെടുകയും ചെയ്യുന്നവർ യേശുവിന്റെ സ്വഭാവം പൂർണ്ണമായും പ്രതിഫലിപ്പിക്കണം.—EW 71 (1851).

അശുദ്ധിയുള്ള ഒരു പുരുഷന്റെയോ സ്ത്രീയുടെയോ നെറ്റിമേൽ ദൈവത്തിന്റെ മുദ്ര പതിക്കപ്പെടുകയില്ല. ലോകത്തിന്റെ പ്രതാപം ആഗ്ര ഹിക്കുകയോ ലോകത്തെ സ്നേഹിക്കുകയോ ചെയ്യുന്ന പുരുഷ ന്റെയോ സ്ത്രീയുടെയോ നെറ്റിമേൽ അത് ഒരിക്കലും പതിക്കപ്പെടു കയില്ല. വ്യാജമുള്ള നാവും വഞ്ചന നിറഞ്ഞ ഹൃദയവുമുള്ള ഒരു പുരു ഷന്റെയോ സ്ത്രീയുടെയോ നെറ്റിമേൽ അത് ഒരിക്കലും പതിയുക യില്ല. ഈ മുദ്ര ലഭിക്കുന്നവർ എല്ലാവരും സ്വർഗ്ഗത്തിനുവേണ്ടി സ്ഥാനാർത്ഥികളായി, ദൈവമുമ്പാകെ കളങ്കം ഇല്ലാത്തവരായിരിക്കേ ണം.—5 T 216 (1882).



സ്നേഹം പ്രകടിപ്പിക്കപ്പെടുന്നത് അനുസരണത്തിൽ കൂടിയാണ്. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു. ദൈവത്തെ സ്നേഹി ക്കുന്നവരുടെ നെറ്റിമേൽ അവന്റെ മുദ്രയുണ്ടായിരിക്കും. അവർ ദൈവ ത്തിന്റെ പ്രവൃത്തി ചെയ്യും.—SD 51 (1894).

ലോകത്തെയും ജഡത്തെയും പിശാചിനെയും ജയിക്കുന്നവർ ദൈവ ത്തിനു പ്രിയപ്പെട്ടവരാകുന്നു. അവർക്കു ജീവനുള്ള ദൈവത്തിന്റെ മുദ്ര ലഭിക്കും.—TM 445 (c. 1886).

ക്രിസ്തുവിൽ ആയിത്തീർന്ന സ്ത്രീപുരുഷന്മാരുടെ അളവോളം വളരുവാൻ, ദൈവം നമുക്കു നല്കിയ സകല ശക്തിയുമുപയോഗിച്ച്, നാം ബദ്ധപ്പെട്ടു പരിശ്രമിക്കുന്നുവോ? വളർന്നുവളർന്ന് അവന്റെ സ്വഭാ വത്തിന്റെ പൂർണ്ണതയിൽ എത്തിച്ചേരുവാൻ നാം തീവ്രമായി ആഗ്ര ഹിക്കുന്നുവോ? ദൈവത്തിന്റെ ദാസന്മാർ ഈ ശ്രേണിയിൽ എത്തി ച്ചേരുമ്പോൾ അവരുടെ നെറ്റിമേൽ ദൈവത്തിന്റെ മുദ്ര പതിക്കപ്പെ ടും. രേഖകൾ തയ്യാറാക്കുന്ന മാലാഖ പ്രഖ്യാപിക്കും, "സകലവും പൂർത്തിയായിരിക്കുന്നു". സൃഷ്ടിപ്പിനാലും വീണ്ടെടുപ്പിനാലും തങ്ങൾ ആരുടെ വകയാണോ, അവനിൽ അവർ പൂർണ്ണരായിത്തീരും.—3 SM 427 (1899).

## നാമിപ്പോൾ മുദ്രയിടുന്ന സമയത്തിലാണ്

യേശു വിശുദ്ധ സ്ഥലത്തുവച്ചുള്ള തന്റെ ശുശ്രൂഷ അവസാനിപ്പി ച്ചിട്ട് രണ്ടാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുവരെ ശബ്ബത്തിനെ കേന്ദ്രമാക്കിക്കൊണ്ടുള്ള പരിശോധന ഉണ്ടാവുകയില്ല എന്ന് ഞാൻ എന്റെ ദർശനത്തിൽ കണ്ടു; ആയതിനാൽ, 1844 ഏഴാം മാസം അർത്ഥ രാത്രിയുടെ ആർപ്പുവിളി അവസാനിച്ചപ്പോൾ, അതിവിശുദ്ധ സ്ഥല ത്തേക്കുള്ള വാതിൽ തുറക്കപ്പെടുന്നതിനുമുമ്പ് നിദ്രയിലേക്കു പോയ, ശബ്ബത്ത് അനുസരിച്ചിട്ടില്ലാത്ത, ക്രിസ്തീയ ഭക്തന്മാർ ഇപ്പോൾ പ്രത്യാ ശയിൽ വിശ്രമിക്കുകയാണ്. ആ വാതിൽ തുറക്കപ്പെട്ടതിനുശേഷം നമുക്കു ലഭ്യമായിത്തീർന്ന ശബ്ബത്തിനെക്കുറിച്ചുള്ള വെളിച്ചവും അതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനയും അവർക്കു ലഭ്യമാ യിരുന്നില്ല. സാത്താൻ ദൈവജനത്തിൽ ചിലരെ ഈ വിഷയത്തിൽ പരീക്ഷിക്കുന്നത് ഞാൻ കണ്ടു. അനേക സത്യക്രിസ്ത്യാനികൾ, ശബ്ബത്ത് അനുസരിക്കാതെ തന്നെ, വിശ്വാസ സംബന്ധമായി വിജ യിച്ച് നിദ്രപ്രാപിച്ചിരിക്കുന്നതിനാൽ, ശബ്ബത്ത് ഇക്കാലത്ത് പരിശോ ധനയുടെ ഒരു തോത് ആകുമോ എന്ന് അവർ സംശയിക്കുന്നു....

മുദ്രയിട്ടുകൊണ്ടിരിക്കുന്ന ഈ സമയത്ത് ദൈവജനത്തിന്റെ മനസ്സിനെ ഏതല്ക്കാല സത്യത്തിൽനിന്നും അകറ്റുവാനും അവർ ഉഴന്നു നടക്കുവാനുമായി, പിശാച് സകല തന്ത്രങ്ങളും ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.—EW 42, 43 (1851).

സഹോദരി ഹേസ്റ്റിംഗ്സ് മുദ്രയിടപ്പെട്ടതായും, ദൈവശബ്ദത്തിങ്കൽ 144000 പേരോടൊപ്പം ഉയിർത്തെഴുന്നേറ്റതായും ഞാൻ കണ്ടു. അവൾക്കുവേണ്ടി ദുഃഖിച്ചു കരയേണ്ടതില്ല എന്നു ഞാൻ മനസ്സിലാക്കി; മഹാ കഷ്ടതയുടെ സമയത്ത് അവൾ വിശ്രമിക്കുകയായിരിക്കും.—2 SM 263 (1850).

തൊണ്ണൂറു വയസ്സു കവിഞ്ഞ മനുഷ്യർ നമ്മുടെ ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നു. വാർദ്ധക്യത്തിന്റെ നൈസർഗ്ഗികമായ ഫലങ്ങൾ അവരുടെ ബലക്ഷയത്തിൽക്കൂടി നമുക്കു ദർശിക്കുവാൻ കഴിയും. എന്നാൽ അവർ ദൈവത്തിൽ വിശ്വസിക്കുകയും, ദൈവം തങ്ങളെ സ്നേഹിക്കുന്നുവെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ മുദ്ര അവരുടെ മേൽ ഉണ്ട്. "കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ", (വെളിപ്പാട്. 14:18) എന്ന് കർത്താവു പറഞ്ഞ ഗണത്തിൽ അവരും ഉൾപ്പെട്ടിരിക്കും.—7 BC 982 (1899).

## കർത്താവിന്റെ മുദ്ര നമ്മുടെ മേൽ പതിച്ചേക്കാം!

കുറച്ചു സമയത്തിനുള്ളിൽ ദൈവത്തിന്റെ മക്കളായ എല്ലാവരുടെയും മേൽ അവന്റെ മുദ്ര പതിക്കപ്പെടും. ഓ, അതു നമ്മുടെ നെറ്റിമേൽ പതിച്ചേക്കാം. ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിമേൽ മുദ്രവയ്ക്കുവാൻ ദൂതൻ കടന്നുപോകുന്ന സമയത്ത് അവഗണിക്കപ്പെട്ടു എന്ന ചിന്ത ആർക്കാണ് സഹിക്കുവാൻ കഴിയുക?—7 BC 969, 970 (1889).

താരതമ്യേന സമാധാനം ഉള്ള ഈ സമയത്ത്, സത്യത്തിൽ വിശ്വസിക്കുന്നവർ തങ്ങളുടെ വിശ്വാസത്താൽ നിലനിർത്തപ്പെടുന്നില്ല എങ്കിൽ, മഹാശോധന വരികയും മൃഗത്തിന്റെ പ്രതിമയെ നമസ്കരിക്കാതെയിരിക്കയും കൈമേലോ നെറ്റിമേലോ അതിന്റെ മുദ്രയേല്ക്കാതെയിരിക്കയും ചെയ്യുന്നവർക്കെതിരെ വിധി നിർണ്ണയിക്കപ്പെടുമ്പോൾ, ഉറച്ചു നില്ക്കുവാൻ എന്താണ് അവരെ സഹായിക്കുക? ഗൗരവമേറിയ ഈ കാലഘട്ടം അതിവിദൂരമല്ല. ബലഹീനരും തീരുമാനം ഇല്ലാത്തവരുമായി മാറുന്നതിനുപകരം, ദൈവജനം മഹാകഷ്ടതയുടെ സമയത്തിനായി ബലവും ധൈര്യവും ധരിക്കേണ്ടതാണ്.—4T 251 (1876).



## എന്താണ് മൃഗത്തിന്റെ മുദ്ര?

ആഴ്ചയുടെ ആദ്യത്തെ ദിവസം സ്വസ്ഥതയാചരിച്ചുകൊണ്ട് മൃഗത്തെ ആരാധിക്കുന്ന ജനത്തിൽനിന്നും വ്യത്യസ്തമായുള്ള ഒരു ജനതയെ വീക്ഷിക്കുവാൻ യോഹന്നാൻ ക്ഷണിക്കപ്പെട്ടു. ഈ ദിവസത്തിന്റെ അനുഷ്ഠാനമാണ് മൃഗത്തിന്റെ മുദ്ര.—TM 133 (1898)

പാപ്പാത്വ ശബ്ബത്താകുന്നു മൃഗത്തിന്റെ മുദ്ര.—Ev 234 (1899).

പരിശോധന ഉണ്ടാകുമ്പോൾ എന്താകുന്നു മൃഗത്തിന്റെ മുദ്ര എന്ന് വ്യക്തമായി കാണിക്കപ്പെടും. ഞായറാഴ്ച ആചരണംതന്നെ.—7 BC 980 (1900).

ദൈവത്തിന്റെ ഒപ്പ് അഥവാ മുദ്ര, കർത്താവിന്റെ സൃഷ്ടിപ്പിന്റെ സ്മാരകമായ ഏഴാംദിന ശബ്ബത്തിന്റെ അനുഷ്ഠാനത്തിൽക്കൂടെ വെളിവാക്കപ്പെടുന്നു.... ഇതിനു നേരെ വിപരീതമായതാണ് മൃഗത്തിന്റെ മുദ്ര അതായത് ആഴ്ചയുടെ ഒന്നാം ദിവസത്തിന്റെ അനുഷ്ഠാനം. —8 T 117 (1904).

"അതു ചെറിയവരും വലിയവരും.... വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറാക്കും" (വെളി. 13:16). മനുഷ്യർ ഞായറാഴ്ച തങ്ങളുടെ കൈകൊണ്ടു വേല ചെയ്യാതെയിരിക്കുക മാത്രമല്ല, അവരുടെ മനസ്സുകൊണ്ട് ഞായറാഴ്ച ശബ്ബത്തായി അംഗീകരിക്കുകയും വേണം.—Special Testimony to Battle Creek Church (Ph 86) 6, 7 (1897).

## മൃഗത്തിന്റെ മുദ്ര ലഭിക്കുന്നത് എപ്പോൾ?

ഇതുവരെ ആർക്കും മൃഗത്തിന്റെ മുദ്ര ലഭിച്ചിട്ടില്ല. - Ev 234 (1899)

ഈ സമയംവരെ ഞായറാഴ്ചയാചരണം മൃഗത്തിന്റെ മുദ്ര അല്ല. ഈ പ്രത്യേക ശബ്ബത്ത്-വിഗ്രഹത്തെ വണങ്ങുവാൻ മനുഷ്യരെ അനുശാസിക്കുന്ന വിധിപ്രഖ്യാപനം വരുന്നതുവരെ അത് മൃഗത്തിന്റെ മുദ്ര ആയിരിക്കുകയില്ല. ഈ ദിവസം വിശ്വാസത്തിന്റെ പരിശോധന ആയിത്തീരുന്ന ദിവസം വരും. എന്നാൽ ആ സമയം ഇതുവരെ സമാഗതമായിട്ടില്ല.—7 BC 977 (1899).

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ അടയാളമായിരിക്കുവാനും മനുഷ്യന്റെ വിശ്വസ്തതയുടെ പരിശോധനയ്ക്കുമായി അവൻ മനുഷ്യനു ശബ്ബത്ത് നൽകിയിരിക്കുന്നു. ദൈവത്തിന്റെ കല്പനയെ സംബന്ധിക്കുന്ന വെളിച്ചം ലഭിച്ചതിനുശേഷവും അത് തുടർന്നും അനുസരി

ക്കാതിരിക്കയും, തങ്ങളുടെ മുമ്പിലുള്ള മഹാകഷ്ടതയുടെ സമയത്ത് ദൈവത്തിന്റെ കല്പനയ്ക്കപ്പുറമായി മനുഷ്യന്റെ കല്പനയെ ഉയർത്തുകയും ചെയ്യുന്നവർ മൃഗത്തിന്റെ മുദ്ര ഏൽക്കും.—Ev 235 (1900).

ആത്മാർത്ഥതയുടെ വലിയ പരിശോധനയായിരിക്കും ശബ്ബത്ത്. അവസാന പരീക്ഷ മനുഷ്യന്റെ നേരെ കൊണ്ടുവരപ്പെടുമ്പോൾ ദൈവത്തെ സേവിക്കുന്നവരും ദൈവത്തെ സേവിക്കാത്തവരും തമ്മിലുള്ള വ്യത്യാസത്തിന്റെ രേഖ ദൃഢമായി വരയ്ക്കപ്പെടും.

നാലാം കല്പനയ്ക്കു വിരുദ്ധമായി രാഷ്ട്രത്തിന്റെ നിയമത്തിനനുയോജ്യമായ വ്യാജശബ്ബത്ത് അനുഷ്ഠിക്കുന്നത് ദൈവത്തിന് എതിരായ ഒരു ശക്തിയോട് കൂറു പ്രഖ്യാപിക്കുന്നതായിരിക്കുമ്പോൾത്തന്നെ, ദൈവത്തെ അനുസരിച്ചുകൊണ്ട് ശബ്ബത്തനുഷ്ഠിക്കുന്നത് സൃഷ്ടാവിനോടുള്ള ആത്മാർത്ഥതയുടെ ഒരു തെളിവ് ആകുന്നു. ലോകത്തിന്റെ ശക്തികളോടുള്ള വിനയത്തിന്റെ അടയാളത്തെ അംഗീകരിച്ചുകൊണ്ട് ഒരു വിഭാഗം മൃഗത്തിന്റെ മുദ്ര സ്വീകരിക്കുമ്പോൾ, മറ്റൊരു വിഭാഗം ദൈവത്തോടുള്ള സഖ്യതയുടെ അടയാളം തിരഞ്ഞെടുത്തുകൊണ്ട് ദൈവത്തിന്റെ മുദ്ര സ്വീകരിക്കും.—GC 605 (1911).

### ഞായറാഴ്ചാചാരം അടിച്ചേല്പിക്കലാണ് പരീക്ഷ

വെളിച്ചം ലഭിക്കുന്നതുവരെയും, നാലാം കല്പനയോടുള്ള ധാർമ്മികമായ ബാദ്ധ്യത മനസ്സിലാകുന്നതുവരെയും ആരും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. എന്നാൽ വ്യാജശബ്ബത്തിന്റെ ആചാരം അടിച്ചേല്പിക്കുന്ന വിധിപ്രഖ്യാപനം വരുകയും മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നതിനെതിരെ മൂന്നാമത്തെ ദൂതൻ ഉച്ചത്തിൽ മുന്നറിയിപ്പു കൊടുക്കുകയും ചെയ്യുമ്പോൾ വ്യാജവും സത്യവും തമ്മിലുള്ള വേർതിരിവിന്റെ രേഖ വ്യക്തമായി വരച്ചിടപ്പെടും. അപ്പോൾ അകൃത്യത്തിൽ തുടരുന്നവർക്ക് മൃഗത്തിന്റെ മുദ്ര ലഭിക്കും.—Ev 234, 235 (1899).

ഞായറാഴ്ചാചാരം നിയമത്താൽ അടിച്ചേല്പിക്കപ്പെടുകയും യഥാർത്ഥ ശബ്ബത്ത് അനുഷ്ഠിക്കുന്നതിനെക്കുറിച്ചുള്ള ധാർമ്മികമായ ബാദ്ധ്യത ലോകത്തിന് മനസ്സിലാവുകയും ചെയ്തതിനുശേഷം കേവലം റോമിന്റെ അധികാരത്താൽ മാത്രം നല്കപ്പെട്ട ഒരു ചട്ടം അനുസരിക്കുന്നതിനുവേണ്ടി ദൈവത്തിന്റെ കല്പന ലംഘിക്കുന്ന ഏവനും താൻ അപ്രകാരം ചെയ്യുന്നതിൽക്കൂടി, ദൈവത്തെക്കാളുപരി പാപ്പാത്വത്തെ അനുസരിക്കുകയാണ് ചെയ്യുന്നത്. അവൻ റോമിനെയും



റോം സ്ഥാപിച്ച ആചാരങ്ങളെ പ്രാബല്യത്തിൽ കൊണ്ടുവരുന്ന ശക്തിയെയും ആദരിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ അവൻ വണങ്ങുന്നത് മൃഗത്തെയും അതിന്റെ പ്രതിമയെയുമാണ്.

അപ്പോൾ മനുഷ്യർ, ദൈവം തന്റെ അധികാരത്തിന്റെ അടയാളമായി പ്രഖ്യാപിച്ച സ്ഥാപനത്തെ അവഗണിച്ചിട്ട്, അതിനുപകരം റോം അതിന്റെ ആധിപത്യത്തിന്റെ അടയാളമായി തിരഞ്ഞെടുത്ത ദിവസത്തെ മാനിക്കുമ്പോൾ, അവർ അതിൽക്കൂടി റോമുമായുള്ള സഖ്യത്തിന്റെ ചിഹ്നമായ "മൃഗത്തിന്റെ മുദ്ര"തിരഞ്ഞെടുക്കും. അങ്ങിനെ ഇക്കാര്യം ജനങ്ങളുടെ മുമ്പാകെ വ്യക്തമായി പ്രകടമാക്കപ്പെടുന്നതുവരെയും, ദൈവത്തിന്റെ കല്പനകളും മനുഷ്യന്റെ കല്പനകളും തമ്മിൽ തിരഞ്ഞെടുപ്പു നടത്തുവാൻ അവർക്ക് അവസരം ലഭിക്കുന്നതുവരെയും അതുണ്ടാവുകയില്ല. അകൃത്യത്തിൽ തുടരുന്നവർക്ക് "മൃഗത്തിന്റെ മുദ്ര ലഭിക്കും".—GC 449 (1911).

## അധ്യായം പതിനാറ്

# കൃപയുടെ കാലം അവസാനിക്കുന്നു

### കൃപയുടെ കാലം അവസാനിക്കുന്നത് എപ്പോഴാണെന്ന് ആർക്കും അറിഞ്ഞുകൂടാ

ഈ ദൂത് എപ്പോൾ അവസാനിക്കുമെന്നും കൃപയുടെ കാലം എപ്പോൾ കഴിയുമെന്നും ദൈവം നമുക്ക് വെളിപ്പെടുത്തിത്തന്നിട്ടില്ല. വെളിപ്പെടുത്തിത്തന്നിരിക്കുന്ന കാര്യങ്ങൾ നമുക്കും നമ്മുടെ മക്കൾക്കുംവേണ്ടി നമുക്കു സ്വീകരിക്കാം. എന്നാൽ ദൈവം തന്റെ ആലോചനയിൽ രഹസ്യമായി വച്ചിരിക്കുന്ന കാര്യങ്ങൾ അറിയുവാൻ നാം പരിശ്രമിക്കേണ്ടതില്ല....

കൃപയുടെ കാലം അവസാനിക്കുന്ന സമയത്തെക്കുറിച്ച് എനിക്ക് പ്രത്യേകമായ വെളിച്ചം വല്ലതും ലഭിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ചു കൊണ്ട് എനിക്ക് കത്തുകൾ കിട്ടിയിട്ടുണ്ട്. അതിന്, ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു, പകൽ ഉള്ളിടത്തോളം നാം വേല ചെയ്യേണ്ട സമയമാണ് ഇത് എന്ന ദൂത് ഞാൻ മറുപടിയായി നല്കും.—ISM 191 (1894).

### കൃപയുടെ കാലം അവസാനിക്കുന്നതിനു മുമ്പ് ഞായറാഴ്ച നിയമം നിർബ്ബന്ധമാക്കപ്പെടും

കൃപയുടെ കാലം അവസാനിക്കുന്നതിനു മുമ്പ് മൃഗത്തിന്റെ പ്രതിമ രൂപപ്പെട്ടിരിക്കും എന്ന് കർത്താവ് എനിക്കു വ്യക്തമായി കാണിച്ചുതന്നു. ദൈവജനത്തിന്റെ നിത്യമായ ഭാവി തീരുമാനിക്കപ്പെടുന്ന ഏറ്റവും വലിയ പരിശോധനയാകുന്നു അത്.—2SM 81 (1890).

"എന്താകുന്നു മൃഗത്തിന്റെ പ്രതിമ?" അത് എപ്രകാരമാണ് നിർമ്മിക്കപ്പെടുന്നത്? രണ്ടു കൊമ്പുള്ള മൃഗമാണ് ഈ പ്രതിമ ഉണ്ടാക്കുന്നത്, അതു മൃഗത്തിനുവേണ്ടിയുള്ള പ്രതിമയാണ്. അതിനെ മൃഗത്തിന്റെ പ്രതിമ എന്നു പറയുന്നു. അതുകൊണ്ട്, പ്രതിമ എങ്ങിനെയിരിക്കും എന്നും അത് എപ്രകാരമാണ് നിർമ്മിക്കപ്പെടുന്നത് എന്നും മനസ്സിലാക്കുവാൻ നാം മൃഗത്തിന്റെ അഥവാ പാപ്പാത്വത്തിന്റെ സ്വഭാവ സവിശേഷതകൾ നിർബ്ബന്ധമായും പഠിക്കണം.



ആദിമസഭ സുവിശേഷത്തിന്റെ ലാളിത്യത്തിൽനിന്നും അകന്ന് വിജാതീയമായ ആചാരാനുഷ്ഠാനങ്ങൾ സ്വീകരിച്ചപ്പോൾ, അതു ദുഷിക്കുകയും അതിനു ദൈവാത്മാവും ദൈവശക്തിയും നഷ്ടപ്പെടുകയും ചെയ്തു; ജനങ്ങളുടെ മനഃസാക്ഷിയെ നിയന്ത്രിക്കുന്നതിനുവേണ്ടി ലൗകിക അധികാരത്തിന്റെ സഹായം അവൾ തേടി. രാഷ്ട്രത്തിന്റെ അധികാരത്തെ നിയന്ത്രിക്കുകയും, തങ്ങളുടെ തുടർന്നുള്ള ലക്ഷ്യപ്രാപ്തിക്കുവേണ്ടി, പ്രത്യേകിച്ച് "മതനിന്ദ"യ്ക്കുള്ള ശിക്ഷ കൊടുക്കുന്നതിനുവേണ്ടി, ഒരു സഭയുടെ അഥവാ പാപ്പാത്വത്തിന്റെ, ആവിർഭാവമായിരുന്നു അതിന്റെ അനന്തരഫലം. അമേരിക്കൻ ഐക്യനാടുകൾ മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കുവാൻവേണ്ടി മതത്തിന്റെ അധികാരി രാഷ്ട്രത്തിന്റെ ഭരണകൂടത്തെ നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. അതായത് തന്റെ ലക്ഷ്യം നിറവേറ്റുന്നതിന് രാഷ്ട്രീയ അധികാരവും സഭ കൈകാര്യം ചെയ്യും....

തങ്ങളുടേതായ വിശ്വാസ തത്വങ്ങൾ അടിച്ചേല്പിക്കുന്നതിനുവേണ്ടി പ്രോട്ടസ്റ്റന്റു സഭകൾ രാഷ്ട്രീയ ശക്തികളുടെ സഹായം ആവശ്യപ്പെടുമ്പോൾ, ആ തരത്തിൽ വിശ്വാസ ത്യാഗത്തിലേക്കു പോയ പ്രൊട്ടസ്റ്റന്റു വിശ്വാസം "മൃഗത്തിന്റെ പ്രതിമയെ" പ്രതിനിധാനം ചെയ്യുന്നു.—GC 443, 445 (1911).

### മുദ്രയിട്ടു കഴിയുമ്പോൾ കൃപയുടെ കാലം അവസാനിക്കും

കഷ്ടതയുടെ കാലത്തിൽ നാം പ്രവേശിക്കുന്നതിനുമുമ്പ് നമുക്കെല്ലാവർക്കും ജീവനുള്ള ദൈവത്തിന്റെ മുദ്ര ലഭിക്കും. പിന്നെ നാലു ദൂതന്മാർ നാലു കാറ്റും അഴിച്ചുവിടുന്നത് ഞാൻ കണ്ടു. ക്ഷാമവും മഹാമാരിയും വാളും രാഷ്ട്രങ്ങൾ രാഷ്ട്രങ്ങൾക്കെതിരെ എഴുന്നേല്ക്കുന്നതും മുഴുലോകവും പരിഭ്രമത്തിലാകുന്നതും ഞാൻ കണ്ടു. —7 BC 968 (1846).

സ്വർഗ്ഗത്തിൽ മാലാഖമാർ ധൃതഗതിയിൽ അങ്ങോട്ടുമിങ്ങോട്ടും പോകുന്നത് ഞാൻ കണ്ടു. ഒരു മാലാഖ എഴുത്തുകാരന്റെ മഷിക്കുപ്പിയുമായി ഭൂമിയിൽ നിന്നും മടങ്ങിയിട്ട് തന്റെ ജോലി പൂർത്തിയായെന്നും വിശുദ്ധന്മാർ എണ്ണപ്പെടുകയും മുദ്രയിടപ്പെടുകയും

ചെയ്തുകഴിഞ്ഞുവെന്നും യേശുവിനോടു പറഞ്ഞു. അതിനുശേഷം, പത്തു കല്പനകൾ അടങ്ങുന്ന പെട്ടകത്തിനുമുമ്പിൽ ശുശ്രൂഷ ചെയ്തു കൊണ്ടിരുന്ന യേശു ധൂപകലശം താഴേക്ക് എറിയുന്നതു ഞാൻ കണ്ടു. കരങ്ങളുയർത്തി അത്യുച്ചത്തിൽ അവൻ പറഞ്ഞു, "സംഭവിച്ചുകഴി ഞ്ഞിരിക്കുന്നു".—EW 279 (1858).

അല്പസമയം മാത്രം ബാക്കി നില്ക്കുന്നു. ജാതി ജാതിക്കെതി രെയും രാഷ്ട്രം രാഷ്ട്രത്തിനെതിരെയും എഴുന്നേറ്റിരിക്കുന്ന ഈ സമയം പൊതുവായ ഒരു ധാരണ ഇപ്പോൾ ഉണ്ടാവുകയില്ല. ദൈവ ദാസന്മാരുടെ നെറ്റിമേൽ മുദ്രയിട്ടു തീരുന്നതുവരെ, ഇപ്പോൾ നാലു കാറ്റും പിടിച്ചിരിക്കുകയാണ്. അതിനുശേഷം അവസാനത്തെ മഹാ യുദ്ധത്തിനുവേണ്ടി ഭൂമിയിലെ ശക്തികൾ തങ്ങളുടെ ശക്തികളെ അണിനിരത്തുന്നു.—6 T 14 (1900).

ഭൂമിയിൽനിന്നും മടങ്ങുന്ന ഒരു മാലാഖ തന്റെ വേല അവസാനി ച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു; അവസാന പരീക്ഷ ഭൂമിയുടെ മേൽ കൊണ്ടുവരപ്പെട്ടു. ദിവ്യമായ കല്പനകളോടു തങ്ങൾ വിശ്വ സ്തരായിരുന്നു എന്നു തെളിയിച്ചവർക്ക് "ജീവനുള്ള ദൈവത്തിന്റെ മുദ്ര" ലഭിച്ചു. അപ്പോൾ മുകളിലുള്ള വിശുദ്ധ കൂടാരത്തിലെ മദ്ധ്യസ്ഥ ശുശ്രൂഷ യേശു അവസാനിപ്പിക്കും. തന്റെ കരം ഉയർത്തി അത്യുച്ച ത്തിൽ "സകലതും പൂർത്തിയായിരിക്കുന്നു" എന്ന് അവൻ പറയും.—GC 613 (1911).

## കൃപയുടെ കാലം പെട്ടെന്നും അപ്രതീക്ഷിതമായും അവസാനിക്കും

യേശുവിന്റെ മനുഷ്യനുവേണ്ടിയുള്ള പക്ഷവാദം അവസാനിക്കു മ്പോൾ സകല മനുഷ്യരുടെയും വിധി എന്നെന്നേയ്ക്കുമായി തീർച്ച പ്പെടുത്തിക്കഴിഞ്ഞിരിക്കും.... കൃപാകാലവും ക്രിസ്തുവിന്റെ മദ്ധ്യ സ്ഥതയും അവസാനിക്കുന്നു. ഈ പ്രത്യേക സമയം പൊടുന്നനെ സകലരുടെമേലും വരും. അപ്പോൾ, സത്യം അനുസരിക്കുന്നതിൽക്കൂടി തങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കുവാൻ നിരസിച്ചവർ ഉറങ്ങുന്ന തായി കാണപ്പെടും.—2 T 191 (1868) .

പെട്ടെന്നും അപ്രതീക്ഷിതവുമായിട്ടായിരിക്കും കൃപയുടെ കാലം അവസാനിക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നമ്മെക്കുറിച്ച് ഒരു വിശുദ്ധ മായ രേഖ ഉണ്ടായിരിക്കുവാനും ദൈവം നമ്മെ സ്വീകരിക്കുന്നു എന്ന് അറിയുവാനും നമുക്കു കഴിയും.—7BC 989 (1906).



പരിശോധനാന്യായവിധി കഴിയുമ്പോൾ സകലരുടെയും വിധി മരണത്തിനോ ജീവനോ ആയി തീരുമാനിക്കപ്പെട്ടിരിക്കും. കർത്താവ് സ്വർഗ്ഗീയ മേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനു കുറച്ചുമുമ്പ് കൃപയുടെ കാലം അവസാനിക്കും....

ജലപ്രളയത്തിനുമുമ്പ് നോഹ പെട്ടകത്തിനകത്തു കയറിയതിനു ശേഷം ദൈവം അവനെ അതിനുള്ളിലടയ്ക്കുകയും അഭക്തരായവരെ പുറത്തു നിർത്തുകയും ചെയ്തു, എന്നാൽ തങ്ങളുടെ വിധി ഉറപ്പാ ക്കപ്പെട്ടിരിക്കുന്നു എന്നറിയാതെയിരുന്ന ജനം ഏഴു ദിവസത്തേ യ്ക്കുകൂടി തങ്ങളുടെ ലക്കുകെട്ട സുഖലോലുപതയിലുള്ള ജീവിതം തുടരുകയും, ആസന്നമായിക്കൊണ്ടിരിക്കുന്ന ന്യായവിധിയുടെ മുന്ന റിയിപ്പിനെ പരിഹസിക്കുകയും ചെയ്തു. "മനുഷ്യപുത്രന്റെ വരവും അങ്ങിനെ തന്നെയാകും" എന്നു രക്ഷകനായ ക്രിസ്തു പറഞ്ഞിരി ക്കുന്നു (മത്തായി 24:39). നിശ്ശബ്ദമായി അർദ്ധരാത്രിയിൽ പ്രതീക്ഷി ക്കപ്പെടാതെ കള്ളൻ വരുന്നതുപോലെ, എല്ലാ മനുഷ്യരുടെയും വിധി ഉറപ്പിക്കുന്ന, അപരാധികളായ മനുഷ്യർക്ക് ദൈവം നല്കുന്ന ആ കരു ണയെ അവസാനമായി പിൻവലിക്കുന്ന ആ നിർണ്ണായക നിമിഷം വരും....

വ്യാപാരികൾ ലാഭം ഉണ്ടാക്കുന്ന ഉദ്യമത്തിൽ മുഴുകിയിരിക്കുകയും ലൗകിക സുഖത്തിൽ തത്പരരായവർ അതിൽ അനിയന്ത്രിതമായി മുഴുകുകയും അണിഞ്ഞൊരുങ്ങലിന്റെ പുത്രി തന്റെ ഉടയാടകൾ അടുക്കി വയ്ക്കുകയും ചെയ്യുന്ന അത്തരം ഒരു സമയത്തായിരിക്കും സർവ്വ ഭൂമിയുടെയും ന്യായാധിപതി, "നിന്നെ തുലാസിൽ തൂക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു" (ദാനിയേൽ 5:27) എന്ന വിധി പ്രഖ്യാപിക്കുന്നത്. - GC 490, 491 (1911).

## കൃപയുടെ കാലം കഴിഞ്ഞതിനുശേഷമുള്ള മനുഷ്യന്റെ പ്രവൃത്തി

നീതിമാന്മാരും ദുഷ്ടന്മാരും അപ്പോഴും തങ്ങളുടെ മർത്യാവസ്ഥ യിൽ ഭൂമിയിൽ ജീവിക്കുന്നുണ്ടാകും അവസാനത്തേതും മാറ്റമില്ലാ ത്തതുമായ തീരുമാനം ഉയരത്തിലെ വിശുദ്ധ കൂടാരത്തിൽനിന്നും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന വസ്തുത അറിയാതെ മനുഷ്യർ നടുകയും കെട്ടിടങ്ങൾ പണിയുകയും തിന്നുകയും കുടിക്കുകയും ചെയ്തുകൊ ണ്ടിരിക്കും.—GC 491 (1911).

മാറ്റമില്ലാത്ത തീരുമാനം വിശുദ്ധ കൂടാരത്തിൽ പ്രഖ്യാപിക്കുന്നതും എന്നെന്നേയ്ക്കുമായി ഭൂമിയുടെ വിധി ഉറപ്പിക്കപ്പെടുന്നതും ഭൂമിയിലെ നിവാസികൾ അറിയുകയില്ല. ദൈവത്തിന്റെ ആത്മാവു എന്നെന്നേയ്ക്കുമായി പിൻവലിക്കപ്പെട്ട മനുഷ്യർ ഭക്തിയുടെ വേഷം ധരിക്കുന്നത് തുടരും. തങ്ങളുടെ ദുഷിച്ച പദ്ധതികൾ നിറവേറ്റുന്നതിനുവേണ്ടി പിശാച് അവരെ പ്രചോദിപ്പിക്കുവാൻ ഉപയോഗിക്കുന്ന സാത്താന്റെ മുദ്രയ്ക്ക് ദൈവത്തിന്റെ മുദ്രയോട് സാമ്യം ഉണ്ടായിരിക്കും.—GC 615 (1911).

കോതമ്പും കളയും "കൊയ്ത്തുവരെ ഒരുമിച്ചു വളരും". ജീവിതത്തിന്റെ കർത്തവ്യനിർവ്വഹണത്തിൽ, അവസാനംവരെ, നീതിമാന്മാർ അഭക്തരുമായി ഇടപെടേണ്ടിവരും. തമ്മിലുള്ള വൈരുദ്ധ്യം എല്ലാവരും കാണുന്നതിനുവേണ്ടി വെളിച്ചത്തിന്റെ മക്കൾ ഇരുളിന്റെ മക്കളുടെയിടയിൽ ചിന്നിച്ചിതറി പാർക്കുന്നു.—5 T 100 (1882).

തന്റെ പ്രത്യക്ഷതയുടെ സമയത്ത് തന്നെ കാത്തിരിക്കുന്ന ചിലർ വ്യാപാരങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരിക്കും എന്ന് ക്രിസ്തു പറഞ്ഞു. ചിലർ നിലം വിതയ്ക്കുകയായിരിക്കും. മറ്റു ചിലർ കൊയ്യുകയോ ശേഖരിക്കുകയോ, തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കുകയോ ആവാം. – Ms 26 (1901).

## അവിശ്വാസവും വിലക്കപ്പെട്ട ഉല്ലാസങ്ങളും തുടരും

യുക്തിവാദവും ശാസ്ത്രം എന്നു വിളിക്കുന്നവയും ചേർന്ന് വലിയ ഒരളവുവരെ ക്രൈസ്തവ ലോകത്തിന്റെ ബൈബിളിലുള്ള വിശ്വാസത്തെ കുറച്ചുകളഞ്ഞു. ഭോഗാസക്തിയുടെ പാത പിന്തുടരുന്നതിനും അപകട സൂചന ലഭിക്കാതിരിക്കേണ്ടതിനും അവർ അബദ്ധങ്ങളും കെട്ടുകഥകളും സസന്തോഷം സ്വീകരിക്കുന്നു. തങ്ങളുടെ അറിവിന്റെ മണ്ഡലത്തിൽ ദൈവത്തിനു സ്ഥാനം കൊടുക്കാതിരിക്കുവാൻ അവർ ബദ്ധപ്പെടുന്നു. "നാളത്തെ ദിവസവും ഇന്നത്തേതുപോലെ തന്നെയായിരിക്കും. കൂടുതൽ സമൃദ്ധിയുള്ളതായിരിക്കും എന്ന് അവർ പറയുന്നു. എന്നാൽ തങ്ങളുടെ അവിശ്വാസത്തിന്റെയും അഭക്തി നിറഞ്ഞ സുഖഭോഗത്തിന്റെയും മധ്യത്തിൽ പ്രധാന ദൂതന്റെ ശബ്ദവും ദൈവത്തിന്റെ കാഹളവും മുഴങ്ങും....

ഈ ലോകം മുഴുവനും തിരക്കേറിയ പ്രവർത്തനത്തിലായിരിക്കുമ്പോൾ, ലാഭത്തിനുവേണ്ടി സ്വാർത്ഥ അഭിലാഷങ്ങളിൽ ആഴ്ന്നിരിക്കുമ്പോൾ, യേശു ഒരു കള്ളനെപ്പോലെ വരും.—(Ms 15b 1886).



ദൈവത്തിന്റെ ജനം എന്ന് സ്വയം അഭിമാനിക്കുന്നവർ ലോകത്തോടു ചേർന്നിട്ട്, അവരെപ്പോലെ ജീവിക്കുകയും അവരോടൊപ്പം വിലക്കപ്പെട്ട ഉല്ലാസത്തിൽ പങ്കുചേരുകയും ലോകത്തിന്റെ സമ്പന്നത സഭയുടെ സമ്പന്നതയായി മാറുകയും വിവാഹമണികൾ മുഴങ്ങുകയും, എല്ലാവരും അനേകവർഷങ്ങളിലെ സമൃദ്ധിയെ നോക്കിപ്പാർക്കുകയും ചെയ്യുമ്പോൾ പെട്ടെന്ന് ആകാശത്തുനിന്ന് മിന്നൽ വീശുന്നതുപോലെ, തങ്ങളുടെ പ്രകാശമാനമായ ദർശനങ്ങൾക്കും വിനാശകരമായ പ്രത്യാശകൾക്കും അന്ത്യം സംഭവിക്കും.—GC 338, 339 (1911).

## മനുഷ്യർ പൂർണ്ണമായും പ്രവർത്തന മേഖലകളിൽ ഏർപ്പെട്ടിരിക്കും

സൊദോമിന്റെ നാശത്തെക്കുറിച്ച് ലോത്ത് തന്റെ കുടുംബാംഗങ്ങൾക്ക് മുന്നറിയിപ്പു കൊടുത്തപ്പോൾ അവർ അവന്റെ വാക്കുകൾക്ക് ചെവി കൊടുത്തില്ല. പ്രത്യുത ഒരു ആവേശം നിറഞ്ഞ മതഭ്രാന്തനെന്ന വണ്ണം അവർ അവനെ നോക്കി. കടന്നുവന്ന നാശം അവരെ ഒരുക്കമില്ലാത്തവരായി കണ്ടു. ക്രിസ്തു വരുമ്പോഴും അപ്രകാരം തന്നെയായിരിക്കും. കൃഷിക്കാർ, കച്ചവടക്കാർ, അഭിഭാഷകർ, വ്യാപാരികൾ ഇവരെല്ലാം പൂർണ്ണമായും തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിൽ മുഴുകിയിരിക്കുകയായിരിക്കും. യഹോവയുടെ ദിവസം അവരുടെ മേൽ കെണിപോലെ വരും.—RH March 10 (1964).

മന്ത്രിമാർ, കൃഷിക്കാർ, കച്ചവടക്കാർ, അഭിഭാഷകർ, നല്ല മനുഷ്യർ എന്ന് അഭിമാനിക്കുന്നവർ എന്നിവരെല്ലാം "സമാധാനമെന്നും നിർഭയമെന്നും" വിളിച്ചു പറയുമ്പോൾ പെട്ടെന്നു നാശം വന്നു ഭവിക്കും. അത് ഇരയെ പിടിക്കുവാൻ വനത്തിൽ ഒളിച്ചിരിക്കുന്ന ഒരു മൃഗം വേട്ടക്കാരൻ ഒളിപ്പിച്ചുവച്ചിരിക്കുന്നു വലയിൽ കുടുങ്ങുന്നതുപോലെയായിരിക്കും.—10 MR 266 (1876).

## മതനേതാക്കൾ തികഞ്ഞ ശുഭാപ്തിവിശ്വാസത്തിൽ ആയിരിക്കും

തത്ത്വചിന്തകൾ ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചുള്ള ഭയത്തെ മനുഷ്യനിൽനിന്നും മാറ്റിക്കളഞ്ഞിരിക്കുകയും മതനേതാക്കൾ സമാധാനത്തിന്റെയും സമൃദ്ധിയുടെയും നീണ്ട യുഗങ്ങളിലേക്കു വിരൽചൂണ്ടുകയും ലോകം അതിന്റെ വ്യാപാരത്തിലും സുഖങ്ങളിലും നടുന്നതിലും പണിയുന്നതിലും തിന്നുന്നതിലും ഉല്ലസിക്കുന്നതിലും ദൈവ

ത്തിന്റെ മുന്നറിയിപ്പുകളെ നിരസിക്കുന്നതിലും അവന്റെ ദൂതന്മാരെ പരിഹസിക്കുന്നതിലും മുഴുകിയിരിക്കുകയും ചെയ്യുമ്പോൾ അവരുടെ മേൽ പെട്ടെന്നു നാശം വരും. അവർക്ക് അത് ഒഴിയാവതല്ല.—PP 104 (1890).

ഏതു സമയം ആയിരുന്നാലും ദൈവത്തിന്റെ ദിവസം പ്രതീക്ഷിക്കാതെയിരിക്കുന്ന സമയത്ത് അഭക്തരുടെമേൽ വരും. ജീവിതം വ്യതിചലനമില്ലാതെ അതിന്റെ ചക്രത്തിലൂടെ മുമ്പോട്ടു നീങ്ങുകയും; മനുഷ്യർ ഉല്ലാസങ്ങളിലും വ്യാപാരങ്ങളിലും യാത്രയിലും ധനസമ്പാദനത്തിലും മുഴുകിയിരിക്കുകയും മതനേതാക്കന്മാർ ലോകത്തിന്റെ പുരോഗതിയും വിജ്ഞാനവും പെരുപ്പിച്ചു കാണിക്കുകയും വ്യാജമായ ഒരു സുരക്ഷിത ബോധത്തിന്റെ താരാട്ടിനാൽ മനുഷ്യർ ഉറയ്ക്കപ്പെടുന്ന അവസ്ഥയിൽ എത്തുകയും ചെയ്യുമ്പോൾ കള്ളൻ രാത്രിയിൽ കാവലില്ലാതിരുന്ന വീട്ടിൽ മോഷണം നടത്തുന്നതുപോലെ, ജാഗ്രതയില്ലാതെയിരുന്നവരുടെയും അഭക്തരായിരുന്നവരുടെയും മേൽ നാശം ശീഘ്രഗതിയിൽ വന്നു ഭവിക്കും. "അവർക്കു അതിനെ ഒഴിഞ്ഞുപോകാവതല്ല".—GC 38 (1911).

## കൃപാകാലം അവസാനിച്ചു എന്ന് പിശാച് അനുമാനിക്കുന്നു

മഹാകഷ്ടതയുടെ സമയത്ത് സാത്താൻ ദുഷ്ടന്മാരുടെമേൽ ദുഷ്ടപ്രേരണ ചെലുത്തും. ദൈവജനത്തെ നശിപ്പിക്കുന്നതിനുവേണ്ടി അവർ അവരെ ചുറ്റി വളയും. എന്നാൽ സ്വർഗ്ഗത്തിലെ പുസ്തകങ്ങളിൽ അവരുടെ പേരിനു നേരെ "പാപം ക്ഷമിച്ചിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നു എന്ന് അവന് അറിയില്ല.—RH NOV. 19 (1908).

യാക്കോബിനെതിരെ നീങ്ങുവാൻ സാത്താൻ ഏശാവിനെ പ്രേരിപ്പിച്ചതുപോലെ, മഹാകഷ്ടതയുടെ സമയത്ത് ദൈവജനത്തെ നശിപ്പിക്കുന്നതിന് അവൻ ദുഷ്ടന്മാരായവരെ സ്വാധീനിക്കും.... വിശുദ്ധ മാലാഖമാർ അവരെ സംരക്ഷിക്കുന്നത് അവൻ കാണുന്നു. അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്ന് അവൻ അറിയുന്നു. എന്നാൽ സ്വർഗ്ഗീയ കൂടാരത്തിൽ അവരുടെ വിധി തീരുമാനിക്കപ്പെട്ടിരിക്കുന്നു എന്നത് അവൻ അറിയുന്നില്ല.—GC 618 (1911).

## വചനത്തിനായുള്ള ക്ഷാമം

ദൈവദാസന്മാർ പ്രസ്താവിച്ച ദൈവവചനം പഠിക്കുകയോ അതു വിലയുള്ളതായി പരിഗണിക്കുകയോ ചെയ്യാത്തവർക്ക് ദുഃഖിക്കേണ്ടി



വരും. ന്യായം വിധിക്കുന്ന ദൈവം അന്ത്യസമയത്ത് ഭൂമിയിൽക്കൂടി നടക്കുന്നത് ഞാൻ കണ്ടു; ഭയാനകമായ ബാധകൾ വർഷിച്ചുതുടങ്ങും. അപ്പോൾ ദൈവത്തിന്റെ വചനത്തെ പുച്ഛിക്കുകയും അതിനെ ഗൗരവമില്ലാത്ത ഒരു കാര്യമായി പരിഗണിക്കുകയും ചെയ്തവർ "സമുദ്രം മുതൽ സമുദ്രം വരെയും വടക്കു മുതൽ കിഴക്കുവരെയും ഉഴന്നുചെന്ന് യഹോവയുടെ വചനം അന്വേഷിച്ചു അലഞ്ഞു നടക്കും; കണ്ടുകിട്ടുകയില്ല താനും" (ആമോസ് 8.12). വചനം കേൾക്കുന്നതിനുവേണ്ടിയുള്ള ഒരു ക്ഷാമം ദേശത്ത് ഉണ്ടാകും.—Ms 1 (1857).

## ദുഷ്ടന്മാർക്കുവേണ്ടി മേലാൽ പ്രാർത്ഥന ഉണ്ടാവുകയില്ല

ദൈവത്തിന്റെ ശുശ്രൂഷക്കാർ തങ്ങളുടെ അവസാനത്തെ വേലയും പൂർത്തീകരിച്ചിരിക്കും. തങ്ങളുടെ അവസാനത്തെ പ്രാർത്ഥന അർപ്പിച്ചിരിക്കും. മൽസരിയായ സഭയ്ക്കുവേണ്ടിയും അഭക്തരായ മനുഷ്യർക്കുവേണ്ടിയും അവരുടെ കയ്പു നിറഞ്ഞ അവസാന കണ്ണുനീർ തൂകിക്കഴിഞ്ഞിരിക്കും. ഗൗരവമേറിയ അവരുടെ അവസാന മുന്നറിയിപ്പ് നല്കി കഴിഞ്ഞിരിക്കും. സത്യം ഉണ്ടെന്നഭിമാനിക്കുകയും അതിൻപ്രകാരം ജീവിച്ചിട്ടില്ലാത്തവരുമായവർ രക്ഷയുടെ മാർഗ്ഗം വിവരിച്ചുകൊടുക്കുന്നതിനും തങ്ങളുടെ പുരോഹിതന്മാരിൽനിന്നും പ്രത്യാശയുടെ വാക്കുകളോ, പ്രാർത്ഥനകളോ, ഉപദേശങ്ങളോ ലഭിക്കുന്നതിനുംവേണ്ടി തങ്ങളുടെ വീടുകളും നിലങ്ങളും ലുബ്ധിച്ചു പൂഴ്ത്തിവയ്ക്കുകയും സൂക്ഷിച്ചു ശേഖരിക്കുകയും ചെയ്ത പണം അല്പം ആശ്വാസത്തിനായി എങ്ങനെയാണ് ചെലവഴിക്കപ്പെടുന്നത്! എന്നാൽ വ്യഥാവായി അവർ വിശക്കുകയും ദാഹിക്കുകയും ചെയ്യണം; അവരുടെ ദാഹം ശമിപ്പിക്കുകയില്ല. ഒരു ആശ്വാസവും അവർക്കു ലഭിക്കുകയില്ല. അവരുടെ വിധി തീരുമാനിക്കപ്പെടുകയും നിത്യമായി ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഭയാനകവും ഭയങ്കരവുമാകുന്നു ആ സമയം.—Ms 1 (1857).

യാതൊരു കരുണയും കൂടാതെ ദൈവത്തിന്റെ ന്യായവിധികൾ വന്നു പതിക്കുന്ന ആ സമയത്ത് "അത്യുന്നതന്റെ മറവിൽ വസിക്കുകയും" തന്റെ കല്പനകൾ അനുസരിക്കുകയും തന്നെ സ്നേഹിക്കുകയും ചെയ്യുന്നവരെ ദൈവം ഒളിപ്പിക്കുന്ന സങ്കേതം ദുഷ്ടൻമാരിൽ എത്ര അസൂയ ഉളവാക്കുന്നതായിരിക്കും! തങ്ങളുടെ പാപം നിമിത്തം നരകിക്കുന്നവർക്ക്, ആ സമയം നീതിമാന്മാരുടെ സൗഖ്യം വാസ്തവമായും അസൂയയുളവാക്കുന്നതുതന്നെയായിരിക്കും.

എന്നാൽ ദുഷ്ടന്മാർക്ക് കൃപയുടെ വാതിൽ അടയ്ക്കപ്പെട്ടുകഴിഞ്ഞു. കൃപാകാലം അവസാനിച്ചു കഴിഞ്ഞാൽ അവർക്കുവേണ്ടി ഒരു പ്രാർത്ഥനയും അർപ്പിക്കപ്പെടുകയില്ല.—3 Bc 1150 (1901).

## സ്വഭാവത്തിന്റെ വച്ചുമാറ്റൽ സാധ്യമല്ല

കർത്താവു മഹത്വത്തിലും ശക്തിയിലും വരുന്നു. നീതിമാന്മാരും ദുഷ്ടന്മാരും തമ്മിൽ ഒരു വേർതിരിവ് ഉണ്ടാക്കുക എന്നത് അപ്പോൾ അവന്റെ ജോലിയാണ്. എണ്ണയില്ലാത്തവരുടെ വിളക്കിൽ അപ്പോൾ എണ്ണ പകരുക സാധ്യമല്ല. അപ്പോൾ "അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും" (മത്തായി. 24:40,41) എന്ന ക്രിസ്തുവിന്റെ വാക്കുകൾ നിറവേറും. ജീവിതത്തിന്റെ പ്രവൃത്തി മണ്ഡലത്തിൽ നീതിമാന്മാരും ദുഷ്ടന്മാരും ഒരുമിച്ച് ഇടപഴകേണ്ടതാണ്. എന്നാൽ കർത്താവു സ്വഭാവത്തെ വായിക്കുന്നു. തന്റെ കല്പനകളെ സ്നേഹിക്കുകയും മാനിക്കുകയും ചെയ്യുന്ന അനുസരണമുള്ള മക്കൾ ആരാണ് എന്ന് അവൻ വിവേചിച്ചറിയുന്നു.—TM 234 (1895).

മരിക്കുക എന്നത് ഗൗരവമേറിയ ഒരു കാര്യമാണ്. എന്നാൽ ജീവിച്ചിരിക്കുക എന്നത് വളരെയേറെ ഗൗരവമേറിയ കാര്യമാണ്. നമ്മുടെ ജീവിതത്തിലെ ഓരോ ചിന്തയും വാക്കും പ്രവൃത്തിയും നമ്മെ വീണ്ടും കട്ടുമുട്ടും. കൃപയുടെ കാലഘട്ടത്തിൽ നാം എപ്രകാരം നമ്മെത്തന്നെ രൂപപ്പെടുത്തുന്നുവോ, നിത്യതയോളം അതുതന്നെയായി നാം തുടരും. മരണം ശരീരത്തിന് അഴിവു കൊണ്ടുവരുന്നു. എന്നാൽ അതു സ്വഭാവത്തിന് ഒരു മാറ്റവും കൊണ്ടുവരുന്നില്ല. ക്രിസ്തുവിന്റെ ആഗമനം നമ്മുടെ സ്വഭാവത്തിന് മാറ്റം കൊണ്ടുവരുന്നില്ല; സകല മാറ്റത്തിനുമതീതമായി അത് അതിനെ ഉറപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.—5T 466 (1885).

## മറ്റൊരു കൃപാകാലം ദുഷ്ടന്മാരെ നല്ലവരാക്കുകയില്ല

ഇപ്പോഴത്തെ നമ്മുടെ അവസരം നാം ഏറ്റവും നല്ലതായി ഉപയോഗിക്കണം. സ്വർഗ്ഗത്തിനുവേണ്ടി ഒരുങ്ങുവാൻ മറ്റൊരു കൃപാകാലം നമുക്ക് നല്കപ്പെടുകയില്ല. അവന്റെ കല്പനകൾ അനുസരിക്കുന്നവർക്കുവേണ്ടി കർത്താവ് ഒരുക്കിയിട്ടുള്ള ആ ഭാവിഭവനത്തിന് യോഗ്യരായിത്തീരുവാനും ഒരു സ്വഭാവം രൂപീകരിക്കുവാനും നമുക്കു നല്ക



പ്പെട്ട ഏക അവസരവും അവസാന അവസരവും ഇതു മാത്രമാണ്.—Letter 20 (1899).

കർത്താവു വന്നതിനുശേഷം കൃപയുടെ കാലം ഉണ്ടാവുകയില്ല. വഞ്ചിക്കപ്പെട്ടവരും തെറ്റായി നയിക്കപ്പെട്ടവരുമാണ് അപ്രകാരം കൃപാകാലം ഉണ്ടായിരിക്കും എന്നു പറയുന്നത്. ക്രിസ്തു വരുന്നതിനുമുമ്പ് ജലപ്രളയത്തിനുമുമ്പ് നിലനിന്നിരുന്നതുപോലെയുള്ള ഒരു അവസ്ഥ നിലനിൽക്കും. രക്ഷകൻ മേഘത്തിൽ പ്രത്യക്ഷപ്പെട്ടതിനുശേഷം രക്ഷ നേടുന്നതിനുവേണ്ടി ആർക്കും മറ്റൊരവസരം നല്കപ്പെടുകയില്ല. എല്ലാവരും തങ്ങളുടെ തീരുമാനം എടുത്തിരിക്കും.—Letter 45 (1891).

തങ്ങൾക്കു ലഭിച്ച വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരും ശോധന ചെയ്യപ്പെടുകയും പരീക്ഷിക്കപ്പെടുകയും ചെയ്യും. സത്യത്തിൽനിന്നും കെട്ടുകഥകളിലേക്കു തിരിയുന്നവർക്കു രണ്ടാം കൃപാകാലത്തെ നോക്കുവാൻ കഴിയുകയില്ല. താല്ക്കാലിക സഹസ്രാബ്ദം എന്ന ഒന്നില്ല. പരിശുദ്ധാത്മാവ് തങ്ങളുടെ ഹൃദയത്തിൽ പാപത്തെക്കുറിച്ചുള്ള ബോധം കൊണ്ടുവന്നതിനുശേഷം അവർ സത്യത്തെ നിരസിക്കുകയും, മറ്റുള്ളവർക്ക് അതു ലഭിക്കാതിരിക്കത്തക്കവണ്ണം വഴിയടയ്ക്കുന്നതിന് തങ്ങളുടെ സ്വാധീനം ഉപയോഗിക്കുകയും ചെയ്താൽ, അവരെ ഒരിക്കലും ബോദ്ധ്യപ്പെടുത്തുവാൻ കഴിയുകയില്ല. തങ്ങൾക്കു ലഭിച്ച കൃപാകാലത്തിൽ സ്വഭാവ രൂപാന്തരത്തിന് അവർ ശ്രമിച്ചിട്ടില്ല. വീണ്ടും അതേ അവസ്ഥകളിൽക്കൂടി കടന്നുപോകുവാൻ ക്രിസ്തു അവർക്ക് അവസരം കൊടുക്കുകയില്ല. തീരുമാനം അവസാനത്തേതാണ്.—Letter 25 (1900).

## അധ്യായം പതിനേഴ്

# അന്ത്യ ഏഴു ബാധയും ദുഷ്ടന്മാരും

**(വലിയ കഷ്ടകാലം, ഭാഗം - 1)**

### ദൈവക്രോധത്തിന്റെ കലശം ഒഴിക്കപ്പെടും

നമ്മുടെ മുമ്പിലുള്ള ഗൗരവമേറിയ സംഭവങ്ങൾ പുറത്തു വരുവാൻ പോകുന്നു. കാഹളങ്ങൾ ഒന്നിനു പിറകേ മറ്റൊന്നായി മുഴങ്ങും. ഭൂമിയിലെ നിവാസികളുടെമേൽ ക്രോധകലശം ഒന്നിനു പിറകേ മറ്റൊന്നായി ഒഴിക്കപ്പെടും.—3 SM 426 (1890).

കരുണയുടെ മാലാഖ വേഗത്തിൽ ഈ ഭൂമിയിൽനിന്നും പോവുകയും അന്ത്യ ഏഴു ബാധകൾ ഒഴിക്കപ്പെടുകയും ചെയ്യും.... ദൈവക്രോധത്തിന്റെ ഓടാമ്പൽ വേഗത്തിൽ വന്നു പതിക്കും. അവൻ ലംഘനക്കാരെ ശിക്ഷിച്ചുതുടങ്ങുമ്പോൾ, അന്ത്യംവരെ തൽക്കാലാശ്വാസത്തിനു സമയം ഉണ്ടാവുകയില്ല.—TM 182 (1894).

### രാഷ്ട്രങ്ങൾ കലഹിക്കുന്നു

ദൈവദാസന്മാരുടെ നെറ്റിമേൽ മുദ്രയിട്ടു തീരുവോളം നാലു ശക്തരായ മാലാഖമാർ ഈ ഭൂമിയിലെ ശക്തികളെ പിടിച്ചുവയ്ക്കും. ലോകരാഷ്ട്രങ്ങൾ സംഘട്ടനത്തിനായി ഉത്സാഹം ഉള്ളവരാണ്, എന്നാൽ മാലാഖമാർ അവരെ തടഞ്ഞുനിർത്തുന്നു. തടസ്സമായി നില്ക്കുന്ന ഈ ശക്തി മാറ്റപ്പെടുമ്പോൾ കഷ്ടതയുടെയും തീവ്രമായ വേദനയുടെയും സമയം വന്നുചേരും. മാരകമായ യുദ്ധോപകരണങ്ങൾ കണ്ടുപിടിക്കപ്പെടും. മനുഷ്യർ യാത്രചെയ്യുന്ന കപ്പലുകൾ സമുദ്രത്തിന്റെ ആഴങ്ങളിൽ അടക്കപ്പെടും. സത്യത്തിന്റെ ആത്മാവ് ഇല്ലാത്തവരെല്ലാം സാത്താന്യശക്തികളുടെ നേതൃത്വത്തിൻകീഴിൽ ഒത്തുചേരും. എന്നാൽ ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ കാലമാകുന്നതുവരെ അവ നിയന്ത്രിച്ചു നിർത്തപ്പെടേണ്ടതാണ്.—7 BC 967 (1900).



### മുഴുലോകവും നാശത്തിൽ അകപ്പെടും

ലോകത്തിന് അതിന്മേൽ വരുവാൻപോകുന്ന നാശത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കിക്കഴിയുന്നതുവരെ, കലഹത്തിന്റെ കാറ്റുകൾ വീശാതവണ്ണം ദൂതന്മാർ അവയെ തടഞ്ഞുവച്ചിരിക്കുന്നു. എന്നാൽ ഭൂമിയുടെമേൽ ശക്തമായി വന്നുപതിക്കേണ്ടതിന് ഒരു കാറ്റ് ഒരുങ്ങിക്കൊണ്ടിരിക്കുന്നു. കാറ്റുകളെ അഴിച്ചുവിടുവാൻ ദൈവം തന്റെ മാലാഖമാരോടു കല്പിക്കുമ്പോൾ ഒരു തൂലികയ്ക്കും വിവരിക്കുവാനാവാത്ത ഒരു കലഹത്തിന്റെ രംഗം ഉണ്ടാകും.—Ed. 179, 180 (1903).

യെരുശലേമിന്റെ നാശത്തെക്കുറിച്ച് രക്ഷകൻ നല്കിയ പ്രവചനത്തിന് മറ്റൊരു നിറവേറൽ ഉണ്ടാകുവാൻ പോകുന്നു. അവിടെ സംഭവിച്ച ഭീകരമായ നാശം ഒരു നിഴൽ മാത്രമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ആ പട്ടണത്തിനു സംഭവിച്ച ആ വിധിയിലൂടെ, ദൈവത്തിന്റെ കരുണയെ നിഷേധിക്കുകയും അവന്റെ കല്പനയെ ചവിട്ടിമെതിക്കുകയും ചെയ്ത ഒരു ലോകത്തെ നാം നോക്കിക്കാണുകയാണ് ചെയ്യുന്നത്.—GC 36 (1911).

അതിനുശേഷം ഭൂമിയിലെ നിവാസികളെ വലുതും അവസാനത്തേതുമായ കഷ്ടതയിലേക്ക് പിശാച് ആഴ്ത്തിക്കളയും. ദൈവത്തിന്റെ മാലാഖമാർ മനുഷ്യകോപത്തിന്റെ കാറ്റുകൾ പിടിച്ചുവയ്ക്കുന്നത് അവസാനിക്കുമ്പോൾ കലഹം അഴിച്ചുവിടപ്പെടും. പഴയകാല യെരുശലേമിന്മേൽ വന്നതിനേക്കാളും ഘോരമായ നാശത്തിൽ മുഴുലോകവും അകപ്പെടും.— GC 614 (1911).

### ദൈവം നീതിമാനും കരുണയുള്ളവനും ആകുന്നു

കരുണയുള്ളവനായിരിക്കുക, ദീർഘക്ഷമയുള്ളവനായിരിക്കുക, ദയ, നന്മ, സത്യം ഇവ ഉണ്ടായിരിക്കുക, ഇവയെല്ലാം ചേരുന്നതാണ് ദൈവമഹത്വം. എന്നാൽ പാപിയെ ശിക്ഷിക്കുന്നതിൽക്കൂടി കാണിക്കുന്ന നീതി, തന്റെ കരുണയുടെ പ്രദർശനം പോലെതന്നേ, തീർച്ചയായും ദൈവമഹത്വം തന്നെയാണ്.—RH March 10 (1904).

യിസ്രായേലിന്റെ ദൈവമായവൻ, മിസ്രയീമിന്റെ ദൈവങ്ങളുടെമേൽ ന്യായവിധി നടപ്പാക്കിയതുപോലെ, ഈ ലോകത്തിന്റെ ദൈവങ്ങളുടെമേലും ന്യായവിധി നടപ്പിലാക്കും. തീയാലും വെള്ളപ്പൊക്കത്താലും ബാധകളാലും ഭൂമികുലുക്കത്താലും അവൻ മുഴുലോകത്തെയും നശിപ്പിക്കും. അപ്പോൾ തന്റെ വീണ്ടെടുക്കപ്പെട്ട ജനം അവന്റെ

നാമത്തെ ഉയർത്തുകയും ഭൂമിയിൽ അതിനെ മഹത്വകരം ആക്കുകയും ചെയ്യും. ഭൂമിയുടെ ചരിത്രത്തിന്റെ ശേഷിപ്പുസമയത്തു ജീവിക്കുന്ന വർ ദൈവം നല്കുന്ന പാഠങ്ങളെക്കുറിച്ച് വിവേകം ഉള്ളവരായിരിക്കേണ്ടതല്ലയോ?—10 MR 240, 241 (1899).

നമുക്കുവേണ്ടി മധ്യസ്ഥനായി നിലകൊണ്ടവനും അനുതാപം നിറഞ്ഞ പ്രാർത്ഥനകളും ഏറ്റുപറച്ചിലുകളും കേൾക്കുന്നവനും കൃപയുടെയും സ്നേഹത്തിന്റെയും പ്രതീകമായ മഴവില്ല് തന്റെ ശിരസ്സിനു ചുറ്റും വച്ചിട്ടുള്ളവനുമായവൻ വേഗത്തിൽ സ്വർഗ്ഗീയ കൂടാരത്തിലെ തന്റെ വേല അവസാനിപ്പിക്കും. അപ്പോൾ കൃപയും കരുണയും സിംഹാസനത്തിൽനിന്നും താഴേയ്ക്കു പൊഴിക്കും. നീതി അതിന്റെ സ്ഥാനം ഏറ്റെടുക്കും. തന്റെ ജനം നോക്കിപ്പാർത്തിരുന്നവൻ പരമാധികാരമുള്ള ന്യായാധിപൻ എന്ന തന്റെ അവകാശം ഏറ്റെടുക്കും.—RH Jan 1 (1889).

വിശുദ്ധ വേദപുസ്തകം മുഴുവനും സ്നേഹത്തിന്റെയും ആർദ്രതയുടെയും മൂർത്തിയായി മാത്രമല്ല ദൈവത്തെ അവതരിപ്പിച്ചിരിക്കുന്നത്, ഖണ്ഡിതവും മുഖപക്ഷമില്ലാത്ത നീതിമാനായ ഒരു ദൈവവും കൂടി ആയിട്ടാണ്.—ST March 24 (1881).

## ദൈവത്തിന്റെ ന്യായവിധിയുടെ ഉറപ്പ്

നമ്മുടെ ഈ കാലയളവിൽ ദൈവസ്നേഹത്തെ വരച്ചുകാട്ടുന്നത്, പാപിയെ നശിപ്പിച്ചുകളയുന്നതിനെ വിലക്കുന്ന തരത്തിലുള്ള ഒരു സ്നേഹമായിട്ടാണ്. ശരി, നീതി എന്നിവയെക്കുറിച്ചുള്ള തരംതാണതായ അളവുകോലിന്റെ അടിസ്ഥാനത്തിൽ മനുഷ്യർ വാദിക്കുന്നു. “ഞാൻ നിന്നെപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു” (സങ്കീർത്തനം 50:21). തങ്ങൾതന്നെയാണ് ദൈവത്തെ അളക്കുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ തങ്ങൾ എപ്രകാരം പ്രവർത്തിക്കുമോ, അതേ പ്രകാരം ദൈവവും പ്രവർത്തിക്കും എന്ന് അവർ സങ്കല്പിക്കുന്നു....

ഒരു രാജ്യത്തിലും ഭരണകൂടത്തിലും നിയമം ലംഘിക്കുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത് എന്നു തീരുമാനിക്കുവാനുള്ള അവകാശം നിയമലംഘകർക്കു വിട്ടുകൊടുത്തിട്ടില്ല. നമുക്കുള്ള സകലത്തിനും നാം കൈവശം വച്ചിരിക്കുന്ന അവന്റെ കൃപയുടെ ധനത്തിനും നാം ദൈവത്തോടു കടപ്പെട്ടിരിക്കുന്നു. അപ്രകാരമുള്ള ദൈവത്തിനെതിരെ വർദ്ധിച്ചും വഷളായിക്കൊണ്ടുമിരിക്കുന്ന



പാപംകൊണ്ട് അളക്കുന്നത് സ്വർഗ്ഗത്തെ ചാണുകൊണ്ട് അളക്കുന്നതുപോലെയാണ്. ദൈവം ധാർമ്മികതയുള്ള ഒരു നീതിപതിയും ഒരു പിതാവുമാണ്. അവൻ ആകുന്നു നിയമത്തിന്റെ ദാതാവ്. അവൻ നിയമം ഉണ്ടാക്കുകയും അതു നടപ്പാക്കുകയും ചെയ്യുന്നു. ലംഘനത്തിനു ശിക്ഷയില്ലാത്ത നിയമം ശക്തിയില്ലാത്തതാകുന്നു.

തന്റെ മക്കൾ അഗ്നിയാലുള്ള ദൈവത്തിന്റെ ശിക്ഷ അനുഭവിക്കുന്നത് കാണുവാൻ ഇടവരരുത് എന്ന അപേക്ഷ ഉണ്ടായേക്കാം. അവരെ വിടുവിക്കുന്നതിന് ദൈവത്തിന് ശക്തിയുണ്ട്. എന്നാൽ തന്റെ ജനത്തിന്റെ നന്മയ്ക്കും അവരുടെ സുരക്ഷിതത്വത്തിനുംവേണ്ടി ലംഘനക്കാരെ ശിക്ഷിക്കും. മനുഷ്യന്റെ പദ്ധതിപ്രകാരം ദൈവം പ്രവർത്തിക്കുകയില്ല. മനുഷ്യന് തന്റെ സഹജീവികളോടു ചെയ്യുവാൻ അവകാശമില്ലാത്ത അതുല്യമായ നീതിനിർവ്വഹണം നടത്തുവാൻ ദൈവത്തിനു കഴിയും. തന്നെ ഉപദ്രവിച്ച ഒരു പരിഹാസിയെയെങ്കിലും നോഹ വെള്ളത്തിൽ മുക്കിക്കളഞ്ഞിരുന്നെങ്കിൽ അവൻ ദൈവത്തിന് അനിഷ്ടനാകുമായിരുന്നു. എന്നാൽ ദൈവം മുഴുലോകത്തെയും വെള്ളത്തിൽ മുക്കിക്കളഞ്ഞു. മരുമക്കളെ ശിക്ഷിക്കുവാൻ ലോത്തിന് അധികാരം ഇല്ലായിരുന്നു. എന്നാൽ കർശനമായ നീതിയിൽ ദൈവം അതു ചെയ്തു.

താൻ ചെയ്യും എന്ന് ദൈവം പറഞ്ഞ കാര്യം താൻ ചെയ്യുകയില്ല എന്ന് ആർ പറയും?—12 MR 207-209; 10 MR 265 (1876).

## ദൈവം തന്റെ സംരക്ഷണം എടുത്തു മാറ്റുമ്പോൾ ന്യായവിധി വരും

ദൈവത്തിന്റെ ന്യായവിധി തന്നിൽനിന്നും നേരിട്ടുവരികയില്ല എന്ന് എനിക്കു കാണിച്ചുതന്നു. അത് ഈ രീതിയിലായിരിക്കും : ദൈവത്തിന്റെ സംരക്ഷണവലയത്തിനു പുറത്താണ് അവർ നിലയുറപ്പിക്കുന്നത്. അവൻ അവർക്കു മുന്നറിയിപ്പു കൊടുക്കുകയും അവരെ തിരുത്തുകയും ശാസിക്കുകയും സുരക്ഷിതത്വത്തിന്റെ ഏക വഴി അവർക്കു കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. അതിനുശേഷം തന്റെ പ്രത്യേക സംരക്ഷണം ലഭിച്ചവർ, ദൈവാത്മാവിനെ വിട്ടുകളഞ്ഞിട്ട്, തങ്ങളുടേതായ മാർഗ്ഗം പിന്തുടർന്നാൽ, നിരന്തരമായ മുന്നറിയിപ്പുകൾ ലഭിച്ചിട്ടും തങ്ങളുടേതായ വഴി തിരഞ്ഞെടുത്താൽ, അവർക്കു നേരെയുള്ള പിശാചിന്റെ ആക്രമണത്തെ തടയുവാൻ ദൈവം തന്റെ മാലാഖമാരെ നിയോഗിക്കുകയില്ല.

സാത്താന്റെ ശക്തി കടലിലും കരയിലും പ്രവർത്തിക്കുന്നു. അതു കെടുതികളും ആപത്തുകളും കൊണ്ടുവരുകയും മനുഷ്യനെ തുടച്ചുനീക്കുകയും ചെയ്യുന്നു.—14 MR 3 (1883).

ദൈവത്തിന്റെ സത്യം തെറ്റിദ്ധരിക്കപ്പെടുവാനും, തെറ്റായി വിധിക്കപ്പെടുവാനും അപമാനിക്കപ്പെടുവാനുമായി തങ്ങളുടെ വിനാശകരമായ വഴികളെ പിന്തുടരുന്നവരെ ശിക്ഷിക്കുവാനുള്ള ഉപകരണങ്ങളായി ദൈവം തന്റെ ശത്രുക്കളെ ഉപയോഗിക്കും.—(PC 136 (1894).

നേരത്തേതന്നെ പരിഹസിക്കുകയും നിരസിക്കുകയും നിന്ദിക്കുകയും ചെയ്യപ്പെട്ടുകഴിഞ്ഞ പരിശുദ്ധാത്മാവ് ഭൂമിയിൽ നിന്നും തിരികെ എടുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ ആത്മാവ് ഭൂമിയിൽനിന്നും എടുക്കപ്പെടുമ്പോൾ സാത്താന്റെ ക്രൂരപ്രവൃത്തികൾ കരയിലും കടലിലും അരങ്ങേറും.—Ms 134 (1898).

ദുഷ്ടന്മാർ തങ്ങളുടെ അതിർ കടന്നിരിക്കുന്നു; നിരന്തരമായി ചെറുത്തുനില്ക്കപ്പെട്ട പരിശുദ്ധാത്മാവ് അവസാനം തിരികെ എടുക്കപ്പെട്ടിരിക്കുന്നു. ദിവ്യകൃപയുടെ സംരക്ഷണം ഇല്ലാതെയിരിക്കെ, ദുഷ്ടനായവനിൽനിന്നും അവർക്ക് യാതൊരു സംരക്ഷണവും ലഭിക്കുകയില്ല.—GC 614 (1911).

## ചില സന്ദർഭങ്ങളിൽ വിശുദ്ധദൂതന്മാർ തങ്ങളുടെ സംഹാരശക്തി ഉപയോഗിക്കും

(പാപിക്കു നല്കപ്പെട്ട ശിക്ഷയുടെ പൂർണ്ണ ഉത്തരവാദിത്തം അവന്റേതുതന്നെയാണ്. എല്ലൻ വൈറ്റ് ഇങ്ങിനെ പ്രസ്താവിക്കുന്നു: "ദൈവം ആരെയും നശിപ്പിക്കുന്നില്ല. തന്റേതായ പശ്ചാത്താപം ഇല്ലായ്കയിൽ പാപി സ്വയം നശിപ്പിക്കുകയാണ് ചെയ്യുന്നത്".—5T. 120. Great Controversy 25-37 പേജുകൾ കാണുക).

യെരിഹോവിനുനേരെ ദൈവത്തിന്റെ ന്യായവിധി ഉണ്ടായി. അതു ശക്തിയായ ഒരു കോട്ടയായിരുന്നു. എന്നാൽ പട്ടണത്തെ ആക്രമിക്കുന്നതിനു സ്വർഗ്ഗീയ സൈന്യത്തെ നയിക്കുവാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിതന്നേ നേരിട്ടുവന്നു. ദൈവത്തിന്റെ ദൂതന്മാർ അതിശക്തമായ മതിലുകളെ നിലത്തു തള്ളിയിട്ടു കളഞ്ഞു.—3 T 264 (1873).

ദൈവത്തിന്റെ കീഴിൽ, മാലാഖമാർ സർവ്വശക്തരാണ്. ഒരിക്കൽ ക്രിസ്തുവിന്റെ ആജ്ഞപ്രകാരം, ഒരു രാത്രിയിൽ ഒരു ലക്ഷത്തി എൺപത്തയ്യായിരം അസ്സീറിയൻ സൈന്യങ്ങളെ അവർ കൊന്നൊടുക്കി.—DA 700 (1898).



പത്രൊസിനെ രക്ഷിക്കുന്നതിനുവേണ്ടി ദൈവസന്നിധിയിൽനിന്നും വന്ന അതേ മാലാഖ ഹെരോദാവിന് ക്രോധത്തിന്റെയും ന്യായവിധിയുടെയും ദൂതൻ ആയിരുന്നു. ഉറക്കത്തിൽ നിന്ന് മാലാഖ പത്രൊസിനെ തട്ടിയുണർത്തി. ദുഷ്ടനായ രാജാവിനെ അവൻ തട്ടിയത് ശക്തമായ അടിയോടുകൂടിയായിരുന്നു. അത് അവന്റെ അഹങ്കാരത്തെ താഴ്ത്തി സർവ്വശക്തനായ ദൈവത്തിന്റെ ശിക്ഷ അവന്റെ മേൽ കൊണ്ടുവന്നു. ദൈവത്തിൽനിന്നും പ്രതികാരത്തിന്റെ ന്യായവിധി ഉണ്ടായപ്പോൾ, മനസ്സിലും ശരീരത്തിലും തീവ്രമായ വ്യഥ അനുഭവിച്ചുകൊണ്ട് ഹെരോദാവു മരിച്ചു.—AA 152 (1911).

കേവലം ഒരൊറ്റ മാലാഖയാണ് മിസ്രയീമ്യരുടെ എല്ലാ ആദ്യജാതന്മാരെയും കൊന്ന് ദേശത്തെ വിലാപംകൊണ്ടു നിറച്ചത്. ദാവീദ്, തന്റെ ജനത്തെ എണ്ണിയതിലൂടെ ദൈവത്തിനെതിരെ പാപം ചെയ്തപ്പോൾ, അവന്റെ പാപത്തിന്റെ ശിക്ഷയായി ഒരു മാലാഖ ആ ഭീകരമായ സംഹാരം അവിടെ നടത്തി. ദൈവം കല്പിക്കുമ്പോൾ വിശുദ്ധ മാലാഖമാർ പ്രയോഗിക്കുന്ന അതേ നാശത്തിന്റെ ശക്തി തന്നെ, ദൈവം അനുവദിക്കുന്ന സമയത്ത് ദുഷ്ട മാലാഖമാരും പ്രയോഗിക്കുന്നു. സകലയിടങ്ങളിലും നാശം വ്യാപിപ്പിക്കുവാൻ ദിവ്യമായ അനുമതി മാത്രം പ്രതീക്ഷിച്ചുകൊണ്ട്, ദുഷ്ടശക്തികൾ ഒരുങ്ങിക്കാത്തിരിക്കുന്നു.—GC 614 (1911).

## ആദ്യത്തെ രണ്ടു ബാധകൾ

ക്രിസ്തു വിശുദ്ധമന്ദിരത്തിലെ തന്റെ മധ്യസ്ഥത അവസാനിപ്പിക്കുമ്പോൾ, മൃഗത്തെ ആരാധിക്കുകയും അതിന്റെ മുദ്ര സ്വീകരിക്കുകയും ചെയ്യുന്നവരുടെമേൽ വരുമെന്നു മുന്നറിയിപ്പു കൊടുത്തിരുന്ന കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധം വർഷിക്കപ്പെടും (വെളിപ്പാട് 14:9, 10). ദൈവം യിസ്രായേലിനെ വിടുവിക്കുന്നതിനു തൊട്ടുമുമ്പേ മിസ്രയീമ്യരുടെമേൽ വന്ന ബാധകളും ദൈവജനത്തിന്റെ അന്തിമമായ വിടുതലിനുമുമ്പ് ഭൂമിയിൽ പതിക്കേണ്ടതായ ഭയാനകവും വ്യാപകവുമായ ന്യായവിധിക്കും സാമ്യം ഉള്ളവയായിരുന്നു. ആ ഭീകരമായ ദണ്ഡനത്തെ വിവരിച്ചുകൊണ്ട് വെളിപ്പാടുകാരൻ ഇങ്ങിനെ പറയുന്നു: "അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്കു വല്ലാത്ത ദുർവ്രണം ഉണ്ടായി". സമുദ്രം "മരിച്ചവന്റെ രക്തംപോലെ ആയിത്തീർന്നു; സമു

ദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി" (വെളിപ്പാട് 16:23).— GC 627, 628 (1911).

ഭൂമിയിലെ നിവാസികളുടെമേൽ ബാധ വന്നു വീഴുകയായിരുന്നു. ചിലർ ദൈവത്തെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. മറ്റുള്ളവർ ദൈവജനത്തിന്റെ അരികിലേക്ക് ഓടിച്ചെന്നിട്ട് തങ്ങൾക്ക് ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് എങ്ങിനെ രക്ഷപ്പെടുവാനാകുമെന്ന് പഠിപ്പിച്ചുകൊടുക്കുവാൻ അവരോട് കേണപേക്ഷിച്ചു. എന്നാൽ അവർക്കു നല്കുവാൻ വിശുദ്ധന്മാരുടെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല. പാപികൾക്കുവേണ്ടിയുള്ള അവസാനത്തെ കണ്ണുനീർ തൂകപ്പെട്ടിരുന്നു. ഹൃദയം നുറുങ്ങുന്ന അവസാനത്തെ പ്രാർത്ഥന അർപ്പിക്കപ്പെട്ടിരുന്നു. അവസാനത്തെ ഭാരം വഹിക്കപ്പെട്ടിരുന്നു. അവസാനത്തെ മുന്നറിയിപ്പു നല്കപ്പെട്ടിരുന്നു.—EW 281 (1858).

## മൂന്നാമത്തെ ബാധ

വിശുദ്ധകൂടാരത്തിലെ യേശുവിന്റെ വേല കഴിയുന്നതുവരെ നാലു മാലാഖമാർ നാലു കാറ്റുകളെ പിടിച്ചുകൊണ്ടു നില്ക്കുന്നത് ഞാൻ കണ്ടു. അതിനുശേഷം ഏഴു അന്ത്യബാധകൾ ഉണ്ടാകും. ഈ ബാധകൾ നിമിത്തം ദുഷ്ടന്മാർക്ക് നീതിമാന്മാരുടെ നേരേ കോപം ജ്വലിക്കും; നാമാണ് ദൈവത്തിന്റെ ന്യായവിധി അവരുടെമേൽ വരുത്തിയതെന്നും നമ്മെ ഭൂമിയിൽനിന്നും നീക്കിക്കളഞ്ഞാൽ ബാധ അവസാനിക്കുമെന്നും അവർ ചിന്തിച്ചു. നീതിമാന്മാരെ കൊല്ലുവാൻ ഒരു കല്പന പുറപ്പെട്ടു. വിടുതലിനായി അവർ രാവും പകലും നിലവിളിക്കുവാൻ അത് ഇടയാക്കി.—EW 36,37 (1851).

"നദികളിലും നീരുറവകളിലും വെള്ളം.... രക്തമായിത്തീർന്നു". ഈ ദണ്ഡനങ്ങൾ അതിഭീകരം എങ്കിലും, ദൈവത്തിന്റെ നീതി പൂർണ്ണമായും ന്യായീകരിക്കത്തക്കതായി നിലകൊണ്ടു. ദൈവത്തിന്റെ മാലാഖ പ്രഖ്യാപിക്കുന്നു: "നീ ഇങ്ങനെ ന്യായം വിധിച്ചതുകൊണ്ടു നീതിമാൻ ആകുന്നു. വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം അവർ ചിന്നിച്ചതുകൊണ്ടു നീ അവർക്കു രക്തം കുടിപ്പാൻ കൊടുത്തു; അതിനു അവർ യോഗ്യർതന്നെ" (വെളിപ്പാടു 16:2-6). ദൈവത്തിന്റെ ജനത്തെ മരണത്തിനു വിധിക്കയാൽ, അവരുടെ രക്തം ഇവർ ചിന്തിയെന്നതുപോലെ, അവരുടെ രക്തത്തിന് ഇക്കൂട്ടർ കുറ്റക്കാരായിത്തീർന്നു.—GC 628 (1911).



## നാലാമത്തെ ബാധ

പിന്നാലെ വന്ന ബാധയ്ക്കുവേണ്ടി സൂര്യന് അധികാരം കൊടുത്തിരിക്കുന്നു. "അപ്പോൾ തീകൊണ്ടു മനുഷ്യരെ തൊടുവാൻ തക്കവണ്ണം അതിനു അധികാരം ലഭിച്ചു. മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി" (വെളിപ്പാട് 16:8,9). ഈ സമയത്ത് ഭൂമിക്കുണ്ടാകുവാൻ പോകുന്ന അവസ്ഥയെക്കുറിച്ച് പ്രവാചകർ ഇങ്ങിനെ വിവരിച്ചിരിക്കുന്നു. "വയൽ ശൂന്യമായിത്തീർന്നു, ധാന്യം നശിച്ചു.... ദേശം ദുഃഖിക്കുന്നു.... പറമ്പിലെ സകല വൃക്ഷങ്ങളും ഉണങ്ങിപ്പോയിരിക്കുന്നു; ആനന്ദം മനുഷ്യരെ വിട്ടുമാഞ്ഞുപോയല്ലോ". "വിത്തു കട്ടകളുടെ കീഴിൽ കിടന്നു കെട്ടുപോകുന്നു.... മൃഗങ്ങൾ എത്ര ഞരങ്ങുന്നു; കന്നുകാലികൾ മേച്ചിൽ ഇല്ലായ്കകൊണ്ടു ബുദ്ധിമുട്ടുന്നു.... നീർത്തോടുകൾ വറ്റിപ്പോകയും മരുഭൂമിയിലെ പുഷ്പങ്ങൾ തീക്കു ഇരയായിത്തീരുകയും ചെയ്യുന്നു". "അന്നാളിൽ മന്ദിരത്തിലെ ഗീതങ്ങൾ മുറവിളിയാകും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു. ശവം അനവധി! എല്ലായിടത്തും അവയെ നിശ്ശബ്ദമായി എറിഞ്ഞുകളയും". (യോവേൽ. 1:10-12, 17-20; ആമോസ് 8:3).

ഈ ബാധകൾ ആഗോളവ്യാപകമല്ല, അങ്ങിനെയായാൽ ഭൂതലത്തിലെങ്ങുമുള്ള സർവ്വ നിവാസികളും പൂർണ്ണമായും ഛേദിക്കപ്പെടും. എന്നിരുന്നാലും മനുഷ്യർക്ക് അറിവുള്ളതിൽവെച്ച് ഏറ്റവും ഭീതിനിറഞ്ഞ ദണ്ഡനങ്ങളായിരിക്കും അവ.— GC 628, 629 (1911).

## അഞ്ചാമത്തെ ബാധ

വിജയാരവത്തോടും, പരിഹാസത്തോടും ശാപവചനങ്ങളോടും കൂടെ ദുഷ്ടമനുഷ്യരുടെ സമൂഹം തങ്ങളുടെ ഇരയുടെമേൽ ചാടിവീഴാൻ ഒരുങ്ങി. അപ്പോൾ, അതാ, രാത്രിയുടെ ഇരുളിനെക്കാൾ ആഴത്തിലുള്ള കൂരിരുൾ ഭൂമിയുടെമേൽ പതിക്കുന്നു. അപ്പോൾ, ദൈവത്തിന്റെ സിംഹാസനത്തിന്റെ പ്രഭയാൽ പ്രകാശിക്കുന്ന ഒരു മഴവില്ല് ആകാശത്തെ നിറയ്ക്കുകയും, പ്രാർത്ഥിക്കുന്ന ഓരോ സമൂഹത്തെയും വലയം ചെയ്യുന്നതായി അനുഭവപ്പെടുകയും ചെയ്തു. കോപാകുലരായ ആ ജനക്കൂട്ടം പെട്ടെന്നു തടയപ്പെട്ടു. അവരുടെ പരിഹാസത്തിന്റെ നിലവിളി നിലച്ചുപോയി. തങ്ങളുടെ മാരകമായ കോപം ആരെയാണോ ഉന്നം വച്ചത്, അവരെ അവർ മറന്നു. ഭയാനകമായ ആപത്സൂചന ലഭിച്ചിട്ടെന്നവണ്ണം ദൈവത്തിന്റെ ഉടമ്പടിയുടെ പ്രതീ

കത്തിലേക്ക് അവർ നോക്കി. അതിന്റെ അപ്രതിരോധ്യമായ പ്രഭ യിൽനിന്നും മറയ്ക്കപ്പെടുവാൻ അവർ അതിയായി ആഗ്രഹിച്ചു....

തന്റെ ജനത്തിന്റെ വിടുതലിനായുള്ള തന്റെ ശക്തി ദൈവം വെളി പ്പെടുത്തുന്നത് അർദ്ധരാത്രിയിൽ ആകുന്നു. സൂര്യൻ തന്റെ സർവ്വ പ്രഭയോടുംകൂടെ പ്രത്യക്ഷമായി. ശീഘ്രത്തിൽ ഒന്നിനുപിറകെ മറ്റൊ ന്നായി അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ടായി. ദുഷ്ടന്മാർ ആ കാഴ്ച ഭീതിയോടും വിസ്മയത്തോടുംകൂടി നോക്കിയപ്പോൾ, തങ്ങ ളുടെ വിടുതലിന്റെ അടയാളമായ ആ കാഴ്ചയെ നീതിമാന്മാർ പവി ത്രമായ ആനന്ദത്തോടുകൂടി ദർശിച്ചു.—GC 635, 636 (1911).

## ദൈവത്തിന്റെ കല്പന ആകാശത്തു പ്രത്യക്ഷമാകുന്നു

രണ്ടു കല്പലകകൾ ചേർത്തുപിടിച്ചിരിക്കുന്ന ഒരു കൈ ആകാ ശത്തു പ്രത്യക്ഷമായി. പ്രവാചകൻ ഇപ്രകാരം പറയുന്നു: "ദൈവം തന്നെ ന്യായാധിപതിയായിരിക്കയാൽ, ആകാശം അവന്റെ നീതിയെ ഘോഷിക്കും" (സങ്കീർത്തനം 50:6). ജീവിതത്തിന്റെ മാർഗ്ഗരേഖയായി, ഇടിമുഴക്കത്തിന്റെയും തീയുടെയും മധ്യത്തിൽ, സീനായിൽവെച്ച് അരു ളിചെയ്യപ്പെട്ടതും ദൈവത്തിന്റെ നീതിയുമായ ആ പരിശുദ്ധ കല്പന ന്യായവിധിയുടെ അളവുകോലായി ഇപ്പോൾ മനുഷ്യർക്കു വെളിപ്പെ ടുത്തിക്കൊടുത്തിരിക്കുന്നു. ആ കൈ പെട്ടകം തുറക്കുകയും അപ്പോൾ നീതിയുടെ ചട്ടങ്ങൾ, തീയുടെ പേനകൊണ്ടെന്നവണ്ണം അടയാളപ്പെ ടുത്തിയിരിക്കുന്നതായി കാണപ്പെടുകയും ചെയ്യും. എല്ലാവർക്കും വായിക്കാവുന്ന വിധത്തിൽ അത്ര വ്യക്തമായിട്ടായിരുന്നു അതിന്റെ എഴുത്ത്. ഓർമ്മശക്തി ഉണർത്തപ്പെട്ടു. അന്ധവിശ്വാസത്തിന്റെയും ദുരുപദേശത്തിന്റെയും അന്ധകാരം ഓരോ മനസ്സിൽനിന്നും അകറ്റ പ്പെട്ടു. സംക്ഷിപ്തവും വിശദവും ആധികാരികവുമായ ദൈവത്തിന്റെ പത്തു വാക്കുകൾ ഭൂവാസികളായ സകലരുടെയും കണ്ണിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ടു.—GC 639, (1911).

## നഷ്ടപ്പെട്ടു പോയവർ തങ്ങളുടെ വ്യാജ ഇടയന്മാരെ പഴിക്കും

വെളിച്ചം ലഭിക്കുകയും അതു ബോധ്യമാവുകയും ചെയ്തിട്ട് തങ്ങ ളുടെ ആത്മാവിന്റെ രക്ഷ തങ്ങളുടെ പുരോഹിതന്മാരെ ഏല്പിച്ച സഭാവിശ്വാസികൾ, തങ്ങളുടെ ലംഘനങ്ങൾക്ക് മറുവില കൊടുക്കു വാൻ മറ്റൊരു വ്യക്തിക്കും സാധ്യമല്ല എന്ന്, കർത്താവിന്റെ ആ ദിവ സത്തിൽ മനസ്സിലാക്കും. "ഞാൻ നഷ്ടപ്പെട്ടിരിക്കുന്നു, എന്നെന്നേ യ്ക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു" എന്ന ഭീതിയോടുകൂടിയ ഒരു നില



വിളി ഉയരും. വ്യാജം പ്രസംഗിക്കുകയും സത്യത്തെ മറച്ചുവെയ്ക്കു കയും ചെയ്ത പുരോഹിതന്മാരെ കഷണങ്ങളായി വലിച്ചുകീറുവാൻ മനുഷ്യർക്കു തോന്നും.—4 BC 1157 (1900).

പുരോഹിതന്മാരെ ഏറ്റവും കയ്പായ രീതിയിൽ കുറ്റപ്പെടുത്തുന്ന തിന് എല്ലാവരും ഒത്തുചേരും. അവിശ്വസ്തരായ ഇടയന്മാർ സുഖ കരമായ കാര്യങ്ങൾ സംഭവിക്കുമെന്ന് പ്രവചിച്ചിരുന്നു; ദൈവത്തിന്റെ കല്പനകളെ തുച്ഛീകരിക്കുവാനും അതിനെ വിശുദ്ധമായി ആചരി ക്കുന്നവരെ പീഡിപ്പിക്കുവാനും അവർ തങ്ങളുടെ കേൾവിക്കാരെ ആഹ്വാനം ചെയ്തിരുന്നു. ഇപ്പോൾ, തങ്ങളുടെ പരിഭ്രമത്തിൽ, ഈ ഉപദേഷ്ടാക്കന്മാർ ലോകത്തിനുമുമ്പിൽ തങ്ങളുടെ വഞ്ചനാ പ്രവൃ ത്തിയെ ഏറ്റുപറയും. ജനങ്ങൾ കോപം നിറഞ്ഞവരായിത്തീർന്നു. "ഞങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു". "ഞങ്ങളുടെ നാശത്തിന് നിങ്ങളാണ് കാരണം", എന്ന് അവർ നിലവിളിച്ചു പറയും; എന്നിട്ട് അവർ കണ്ണ് ഇടയന്മാരുടെ നേരെ തിരിക്കും. തങ്ങളെ ഒരിക്കൽ ഏറ്റവും അധികം ആദരിച്ചിരുന്നവർ ഏറ്റവും ഭീതിദമായ ശാപം ഇപ്പോൾ തങ്ങൾക്കു നേരെ വർഷിക്കുന്നു. ഒരിക്കൽ ബഹുമതിയുടെ കിരീടങ്ങൾ തങ്ങളെ അണിയിച്ചിരുന്ന അതേ കരങ്ങൾ തങ്ങളുടെ നാശത്തിനായി ഉയർത്ത പ്പെടും. ദൈവജനങ്ങളെ കൊല്ലേണ്ടിയിരുന്ന വാളുകൾ ഇപ്പോൾ അവരുടെ ശത്രുക്കളെ നശിപ്പിക്കുന്നതിന് ഉപയോഗിക്കപ്പെടുന്നു.— GC 655, 656 (1911).

യഹോവയുടെ ആലയമായ സഭയാണ് ദൈവക്രോധത്തിന്റെ ദണ്ഡനം ആദ്യം അനുഭവിക്കുന്നത് എന്നു നാം കാണുന്നു. ദൈവം വലിയ വെളിച്ചം ഏല്പിക്കുകയും ജനങ്ങളുടെ ആത്മീക കാര്യങ്ങ ളുടെ പരിരക്ഷകരായി നിലകൊണ്ടിരുന്നതുമായ പ്രാചീന മനുഷ്യർ (യെഹെസ്കേൽ 9:6) തങ്ങളെ ഏല്പിച്ച ദൗത്യത്തിൽ വിശ്വാസവഞ്ചന കാണിച്ചു.—5 T 211 (1882).

വ്യാജ ഇടയന്മാർ ദൈവവചനത്തെ സ്വാധീനം ഇല്ലാത്തതാക്കി ത്തീർത്തു. അവരുടെ വേലയുടെ പ്രതിപ്രവർത്തനം വേഗത്തിൽ അവ രുടെമേൽ വരും. അപ്പോൾ വെളിപ്പാടു പുസ്തകം 18-ാം അദ്ധ്യായ ത്തിൽ വിവരിച്ചിട്ടുള്ളതുപോലെ, ദൈവത്തിന്റെ ന്യായവിധി മർമ്മം മഹതിയാം ബാബിലോണിന്റെ മേൽ പതിക്കുമ്പോൾ പ്രകടമാകുന്ന കാഴ്ചകൾ എല്ലാവരും കാണും.—Ms 60 (1900).

## ആറാമത്തെ ബാധ

വഞ്ചനാപ്രവർത്തനങ്ങളിൽ തങ്ങളെ ഉറപ്പിക്കുന്നതിനും, സ്വർഗ്ഗീയ ഭരണകൂടത്തിനെതിരെയുള്ള സാത്താന്റെ അവസാന പോരാട്ടത്തിൽ അവനോടൊപ്പം ചേരുവാൻ തങ്ങളെ ആഹ്വാനം ചെയ്യുന്നതിനും പിശാചുക്കളുടെ ആത്മാവ് ഭൂമിയിലെ രാജാക്കന്മാരുടെ അരികിലേക്കും ഭൂമിയിലെ മുഴുവൻ മനുഷ്യരുടെ അരികിലേക്കും പുറപ്പെട്ടു പോകും.—GC 624 (1911).

ദൈവത്തിന്റെ ആത്മാവ് ഭൂമിയിൽനിന്നും അല്പാല്പമായി പിന്മാറിക്കൊണ്ടിരിക്കുകയാണ്. "സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ", സാത്താന്റെ കൊടിക്കീഴിൽ "സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർപ്പാൻ" പരിശീലിപ്പിക്കേണ്ടതിന് സാത്താൻ തന്റെ ദുഷ്ടശക്തികളെ ഒരുമിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നു (വെളിപ്പാട് 16:14).— 7 BC 983 (1890).

വെളിപ്പാടു 16-ാം അധ്യായത്തിലെ, അവസാനത്തെ മഹാപോരാട്ടത്തിന് ലോകത്തെ കൂട്ടിച്ചേർക്കുന്ന ആ അത്ഭുതം പ്രവർത്തിക്കുന്ന ശക്തിയെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണത്തിനുശേഷം പ്രതീകങ്ങൾ ഉപേക്ഷിക്കപ്പെടുന്നു. കാഹളശബ്ദം ഒരിക്കൽക്കൂടി "ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ" (വെളിപ്പാട് 16:15) എന്ന ശബ്ദം പുറപ്പെടുവിക്കുന്നു. ആദാമിന്റെയും ഹൗവ്വയുടെയും ലംഘനത്തിനുശേഷം അവർ നഗ്നരായിത്തീർന്നു. കാരണം, വെളിച്ചത്തിന്റെയും സംരക്ഷണത്തിന്റെയും വസ്ത്രം അവരിൽനിന്നും വേർപെട്ടുപോയിരുന്നു.

നോഹയുടെ കാലത്തെ നിവാസികൾ ചെയ്തതുപോലെയും സൊദോമിലെ നിവാസികളെപ്പോലെയും ലോകം ദൈവത്തിന്റെ ഉപദേശങ്ങളും മുന്നറിയിപ്പുകളും മറന്നുപോകും. അനീതി ചെയ്യുവാനുള്ള തങ്ങളുടെ സകല പദ്ധതികളും ആസൂത്രണങ്ങളുമായി അവർ ഉണർന്നു. എന്നാൽ പെട്ടെന്ന് ആകാശത്തുനിന്ന് തീയുടെ വർഷം ഉണ്ടായിട്ട് അഭക്തരായ നിവാസികളെ ദഹിപ്പിച്ചുകളഞ്ഞു. "മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നേ ആകും" (ലൂക്കൊസ് 17:30).—14 MR 96, 97 (1896).



## നന്മയും തിന്മയും തമ്മിലുള്ള അന്ത്യ മഹായുദ്ധം

അവസാനത്തെ മഹായുദ്ധത്തിൽ രണ്ടു മഹാ എതിർശക്തികൾ വെളിപ്പെടും. ഒരു ഭാഗത്ത് ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവു നില്ക്കുന്നു. അവന്റെ വശത്തുള്ള എല്ലാവരും അവന്റെ രാജമുദ്ര വഹിക്കുന്നു. അവന്റെ ആജ്ഞകളെ അനുസരിക്കുന്നവരാണ് അവർ. മറുഭാഗത്ത് അന്ധകാരത്തിന്റെ പ്രഭു, വിശ്വാസ ത്യാഗവും മത്സരവും തിരഞ്ഞെടുത്തവരോടൊപ്പം നില്ക്കുന്നു.—7 BC 982, 983 (1901).

ഭീകരമായ ഒരു പോരാട്ടം നമുക്കു മുമ്പിൽ ഉണ്ട്. സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തോട് നാം അടുത്തുകൊണ്ടിരിക്കുന്നു. നിയന്ത്രണത്തിൽ വയ്ക്കപ്പെട്ടിരുന്നത് അഴിച്ചുവിടപ്പെടേണം. സിംഹാസനത്തിൽനിന്നും താഴെയിറങ്ങുന്നതിനു ഒരുങ്ങുന്നതിനും ലോകത്തെ സാത്താന്റെ നിയന്ത്രണത്തിനു വിട്ടുകൊടുക്കുന്നതിനുമായി കരുണയുടെ ദൂതൻ തന്റെ ചിറകുകളെ മടക്കുന്നു. ഭൂമിയിലെ വാഴ്ചകളും അധികാരങ്ങളും സ്വർഗ്ഗത്തിന്റെ ദൈവവുമായി കടുത്ത പോരാട്ടത്തിലാണ്. അവനെ സ്നേഹിക്കുന്നവർക്കുനേരെ കടുത്ത വെറുപ്പാണ് അവർക്കുള്ളത്. വളരെ പെട്ടെന്ന്, നന്മയും തിന്മയും തമ്മിലുള്ള അവസാന മഹാപോരാട്ടം ഉണ്ടാകും. ഭൂമിയായിരിക്കും യുദ്ധക്കളം - അവസാന മത്സരത്തിന്റെയും അവസാന വിജയത്തിന്റെയും വേദി. സാത്താൻ വളരെയേറെക്കാലം മനുഷ്യരെ ദൈവത്തിനെതിരെ തിരിച്ചിരുന്ന ഇവിടെനിന്നും മത്സരം പൂർണ്ണമായും ഇല്ലായ്മയാകേണ്ടതാണ്.—RH May 13 (1902).

ഈ രണ്ടു സൈന്യങ്ങൾ തമ്മിലുള്ള യുദ്ധം, ഈ ലോകത്തിലെ സൈന്യങ്ങൾ തമ്മിൽ പോരാടുന്നതുപോലെ യാഥാർത്ഥ്യമാണ്. ആത്മിക പോരാട്ടത്തെ ആശ്രയിച്ചിരിക്കും നിത്യമായ ഭാവി.—PK 176 (c 1914).

## മുഴുലോകവും ഒരു ഭാഗത്ത് അല്ലെങ്കിൽ മറു ഭാഗത്ത് ചേർക്കപ്പെടും

മുഴുലോകവും ചോദ്യത്തിന്റെ ഒരു ഭാഗത്ത് അല്ലെങ്കിൽ മറ്റെ ഭാഗത്ത് ആയിരിക്കും. ഹർമ്മഗെദ്ദോൻ യുദ്ധം ഉണ്ടാകും. ആ ദിവസം നമ്മെ ഉറങ്ങുന്നവരായി കാണുവാൻ പാടില്ല. ആ ബുദ്ധിയുള്ള കന്യകമാരെപ്പോലെ, പാത്രത്തിൽ എണ്ണയും, കയ്യിൽ വിളക്കുമായി നാം ഉണർന്നി

രിക്കണം. പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെ മേൽ ഉണ്ടായിരിക്കണം. യഹോവയുടെ സൈന്യത്തിന്റെ നായകൻ യുദ്ധത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിലെ മാലാഖമാരുടെ മുൻപിൽ നില്ക്കും.—3 SM 426 (1890).

മത്സരത്തിന്റെ അവസാനത്തെ വേലയിൽ, തന്റെ സൈന്യത്തെ സാത്താൻ സജീവമാക്കുമ്പോൾ, നന്മയുടെ നേരെയുള്ള അവന്റെ ശത്രുത കൂടുതൽ കൂടുതൽ പ്രകടമാകും. പരിപൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചിട്ടില്ലാത്തതും ദിവ്യശക്തിയാൽ കാക്കപ്പെടാത്തതുമായ സകല ആത്മാക്കളും സ്വർഗ്ഗത്തിനെതിരെ പിശാചിനോടുചേർന്ന് സഖ്യം ഉണ്ടാക്കുകയും, അഖിലാണ്ഡത്തിന്റെ ഭരണാധികാരിക്കെതിരെയുള്ള യുദ്ധത്തിൽ പങ്കുചേരുകയും ചെയ്യും.—TM 465 (1892).

വേഗത്തിൽ ഭൂമിയിലെ സകല നിവാസികളും സ്വർഗ്ഗീയ ഭരണകൂടത്തിന് അനുകൂലമായോ പ്രതികൂലമായോ പക്ഷം ചേരും.—7T 141 (1902).

### ഏഴാമത്തെ ബാധ

ഏഴാമത്തെ കലശം ഒഴിക്കുന്നതിനെക്കുറിച്ച് നാം പഠിക്കേണ്ടതുണ്ട് (വെളിപ്പാട് 16:17-21). ദുഷ്ടശക്തികൾ ഒരു യുദ്ധമില്ലാതെ പോരാട്ടം അവസാനിപ്പിക്കുകയില്ല. എന്നാൽ ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ദൈവത്തിന് ഒരു പങ്കു നിർവ്വഹിക്കുവാനുണ്ട്. വെളിപ്പാടു പുസ്തകം 18-ാം അദ്ധ്യായത്തിലെ മാലാഖയുടെ പ്രഭയാൽ ഭൂമി പ്രകാശിക്കുമ്പോൾ മതശക്തികളും നന്മയും തിന്മയും ഉറക്കത്തിൽനിന്ന് ഉണരും. ജീവനുള്ള ദൈവത്തിന്റെ സൈന്യം ഭൂമി പിടിച്ചെടുക്കും.—7 BC 983 (1899).

വളരെ വേഗം ഹർമ്മഗെദ്ദോൻ യുദ്ധം ഉണ്ടാകും. തന്റെ വസ്ത്രത്തിന്മേൽ രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിട്ടുള്ളവൻ ശുദ്ധവും ശുഭ്രവുമായ വെള്ളവസ്ത്രം ധരിച്ച്, ഒരു വെള്ളക്കുതിരപ്പുറത്തു കയറി സ്വർഗ്ഗീയ സൈന്യങ്ങളെ മുമ്പോട്ടു നയിക്കും. (വെളിപ്പാട് 19:11-16).—7BC 982 (1899).

സമുദ്രത്തിലെ തിരമാലകളെന്നപോലെ മുഴുവൻ ഭൂമിയും ഉരുണ്ടുകൂടും. അതിന്റെ ഉപരിതലം പൊട്ടിക്കൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനങ്ങൾ ഇളകിക്കൊണ്ടിരിക്കുന്നു. പർവ്വതനിരകൾ താണുകൊണ്ടിരിക്കുന്നു. മനുഷ്യവാസമുള്ള ദ്വീപുകൾ അപ്രത്യക്ഷമാകുന്നു. ദുഷ്ട



തയുടെ കാര്യത്തിൽ സൊദോമിനു തുല്യമായിത്തീർന്ന തുറമുഖങ്ങളെ വെള്ളം വിഴുങ്ങിക്കളഞ്ഞു.... ഭൂമിയിലെ അഹന്ത നിറഞ്ഞ നഗരങ്ങൾ നിലംപരിശായി. ഭൂമിയിലെ മഹത്തുക്കൾ തങ്ങൾക്കുതന്നേ മഹത്വം നേടുന്നതിനായി തങ്ങളുടെ ധനം ധാരാളമായി ചെലവഴിച്ചു നിർമ്മിച്ച ആർഭാടം നിറഞ്ഞ മണിമാളികകൾ അവരുടെ കൺമുമ്പിൽ തകർന്നു വീണു നശിക്കും. തടവറയുടെ വാതിലുകൾ മലർക്കെ തുറക്കുകയും, തങ്ങളുടെ വിശ്വാസം നിമിത്തം അടയ്ക്കപ്പെട്ടിരുന്ന ദൈവജനം സ്വതന്ത്രരാക്കപ്പെടുകയും ചെയ്യും.—GC 637 (1911).

# അധ്യായം പതിനെട്ട്

# അന്ത്യ ഏഴു ബാധയും നീതിമാന്മാരും

**(മഹാ കഷ്ടകാലം – ഭാഗം 2)**

## കൃപാകാലം അവസാനിച്ചതിനുശേഷം മഹാ കഷ്ടകാലം അവസാനിക്കുന്നു

ക്രിസ്തു മനുഷ്യനുവേണ്ടി അവന്റെ മധ്യസ്ഥനെന്നവണ്ണം ചെയ്തു കൊണ്ടിരിക്കുന്ന ശുശ്രൂഷ അവസാനിക്കുമ്പോൾ ഈ കഷ്ടതയുടെ സമയം ആരംഭിക്കും. അപ്പോൾ എല്ലാ ആത്മാവിന്റെയും വിധി നിർണ്ണയിക്കപ്പെട്ടിരിക്കും. പാപത്തിൽനിന്നും ശുദ്ധീകരിക്കുവാൻ അപ്പോൾ ഒരു പാപപരിഹാര രക്തവും ഉണ്ടായിരിക്കുകയില്ല. ദൈവമുമ്പാകെ മനുഷ്യന്റെ മധ്യസ്ഥൻ എന്ന സ്ഥാനം ക്രിസ്തു ഉപേക്ഷിക്കുമ്പോൾ, "അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ" (വെളിപ്പാട് 22:11) എന്ന പാവനമായ പ്രഖ്യാപനം ഉണ്ടാകും. അപ്പോൾ അതുവരെ തടസ്സം നിന്നിരുന്ന വൈവാത്മാവ് ഭൂമിയിൽനിന്നും പിൻവലിക്കപ്പെടും.—PP 201 (1890).

## ദൈവജനങ്ങൾ തങ്ങളുടെ മുമ്പിലുള്ള പരിശോധനയുടെ സമയത്തിനായി ഒരുക്കപ്പെട്ടിരിക്കും

മൂന്നാമത്തെ മാലാഖയുടെ ദൂത് പ്രസംഗിച്ചുകഴിയുമ്പോൾ, ഭൂമിയിലെ കുറ്റക്കാരായ നിവാസികൾക്കുവേണ്ടി കരുണ പിന്നെ യാചിക്കുകയില്ല. ദൈവജനം തങ്ങളുടെ വേല പൂർത്തീകരിച്ചുകഴിഞ്ഞു. അവർക്ക് "ദൈവസന്നിധിയിൽനിന്നും പുതുക്കുന്ന അനുഭവമായ 'പിന്മഴ' ലഭിച്ചു." അങ്ങിനെ തങ്ങളുടെ മുമ്പിലുള്ള പരിശോധനയുടെ സമയത്തിനായി അവർ ഒരുക്കപ്പെട്ടിരിക്കുന്നു.



സ്വർഗ്ഗത്തിൽ മാലാഖമാർ തിരക്കിട്ട് അങ്ങോട്ടുമിങ്ങോട്ടും പോകുന്നു. ഭൂമിയിൽനിന്നും തിരിച്ചെത്തിയ ഒരു മാലാഖ തന്റെ വേല പൂർത്തിയായി എന്ന് അറിയിച്ചു; ഭൂമിയുടെ മേലുള്ള അവസാനത്തെ പരീക്ഷ കഴിഞ്ഞു. ദൈവ കല്പനകളോട് തങ്ങൾ വിശ്വസ്തരാണ് എന്നു തെളിയിച്ചവർക്ക് "ജീവനുള്ള ദൈവത്തിന്റെ മുദ്ര" ലഭിച്ചു. അതിനുശേഷം യേശു ഉയരത്തിലുള്ള വിശുദ്ധമന്ദിരത്തിലെ തന്റെ മധ്യസ്ഥതയുടെ ശുശ്രൂഷ അവസാനിപ്പിച്ചു. തന്റെ ജനത്തിന്റെ പാപപരിഹാരം ക്രിസ്തു നിർവ്വഹിക്കുകയും അവരുടെ പാപങ്ങൾ തുടച്ചു നീക്കുകയും ചെയ്തു. തന്റെ പ്രജകളുടെ സംഖ്യ നിശ്ചയിക്കപ്പെട്ടു; "രാജ്യവും ആധിപത്യവും ആകാശത്തിൻകീഴെങ്ങുമുള്ള രാജ്യത്തിന്റെ മഹത്വവും" രക്ഷയുടെ അവകാശികൾക്കു നല്കപ്പെടുവാൻ പോകുന്നു. അതിനുശേഷം യേശു രാജാധിരാജാവും കർത്താധികർത്താവുമായി വാഴും.—GC 613, 614 (1911).

## ഗ്രഹിക്കാവുന്നതിലുമപ്പുറം ഭീകരം

നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള തീവ്രമായ ദുരിതവും അതിവേദനയും നേരിടുന്നതിന്, ക്ഷീണത്തെയും കാലതാമസത്തെയും പട്ടിണിയെയും സഹിക്കുവാൻ കെല്പുള്ളതും കഠിനമായി ശോധന ചെയ്യപ്പെട്ടാലും പതറാത്തതുമായ വിശ്വാസം ആവശ്യമാണ്....

"ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം" വളരെ വേഗം നമ്മുടെ മേൽ വരും. നമുക്കിപ്പോൾ ഇല്ലാത്തതും സ്വായത്തമാക്കുവാൻ അനേകർ വളരെ ഉദാസീനത കാട്ടുന്നതുമായ ഒരു അനുഭവം നമുക്ക് ആവശ്യമാകുന്നു. കഷ്ടതയെക്കുറിച്ചുള്ള സങ്കല്പം അതിന്റെ യാഥാർത്ഥ്യത്തെക്കാളും ഭീതി നിറഞ്ഞതാകുന്നു എന്നത് പതിവായി കാണുന്ന കാര്യമാണ്; എന്നാൽ നമ്മുടെ മുമ്പിലുള്ള സങ്കീർണ്ണമായ കഷ്ടത്തെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല. ഏറ്റവും വ്യക്തമായ വിവരണത്തിന് ആ അഗ്നിപരീക്ഷയുടെ വ്യാപ്തിയോളം എത്താനാവില്ല .—GC 621, 622, (1911).

യേശു അതിവിശുദ്ധ സ്ഥലത്തുനിന്നും പുറത്തിറങ്ങുമ്പോൾ, ഭരണാധികാരികളിൽനിന്നും ജനങ്ങളിൽനിന്നും, അവരോട് സംവാദിച്ചു കൊണ്ടിരിക്കുന്ന ആത്മാവിനെ അവൻ പിൻവലിക്കും. ദുഷ്ടദൂതന്മാരുടെ നിയന്ത്രണത്തിനായി അവർ വിട്ടുകൊടുക്കപ്പെട്ടിരിക്കുന്നു. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷപ്പെടാത്ത തരത്തിൽ പിശാചിന്റെ ആലോചനയിലും നിയന്ത്രണത്തിലും നിയമങ്ങൾ നിർമ്മിക്കപ്പെടും.—IT 204 (1859).

## മഹാകഷ്ടകാലത്തിനുമുമ്പ് അനേകർ വിശ്രമത്തിലേക്കു പോകും

വ്യവസ്ഥയില്ലാത്ത സൗഖ്യത്തിനുവേണ്ടി ചോദിക്കുന്നത് എപ്പോഴും സുരക്ഷിതമല്ല.... ആർക്കുവേണ്ടി അപേക്ഷ കഴിക്കുന്നുവോ, അവർ ജീവിച്ചിരുന്നാൽ, അവർക്ക് ശോധനയെ തരണം ചെയ്യുവാൻ സഹന ശക്തി ഉണ്ടോ ഇല്ലയോ എന്ന് അവൻ അറിയുന്നു. അവൻ ആരംഭ ത്തിൽത്തന്നെ അവസാനവും അറിയുന്നു. നമ്മുടെ ഭൂമിയിന്മേൽ മഹാ കഷ്ടതയുടെ കാലത്തിലെ അഗ്നിപരീക്ഷ വരുന്നതിനുമുമ്പ് അനേക രെ ദൈവം വിശ്രമത്തിലേക്ക് കടത്തിവിടും.—CH 375 (1897).

കഷ്ടകാലത്തിനുമുമ്പ് അനേക കുഞ്ഞുങ്ങൾ വിശ്രമത്തിലേക്കു പോകേണ്ടതാകുന്നു എന്ന് ദൈവം പലപ്പോഴും എനിക്കു നിർദ്ദേശം തന്നിട്ടുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ നാം വീണ്ടും കാണും. നാം അവരെ വീണ്ടും കണ്ടുമുട്ടുകയും സ്വർഗ്ഗത്തിൽവച്ച് അവരെ അറിയുകയും ചെയ്യും.—2SM 259 (1899).

## സകല ശബ്ബത്തനുഷ്ഠാനക്കാരെയും നശിപ്പിച്ചുകളയുക സാത്താന്റെ ലക്ഷ്യം

മഹാവഞ്ചകൻ ഇപ്രകാരം പറയുന്നു: "നമ്മുടെ മുഖ്യ ലക്ഷ്യം ശബ്ബ ത്തനുഷ്ഠാനക്കാരുടെ ഈ വിഭാഗത്തെ നിശ്ശബ്ദരാക്കുക എന്ന താണ്.... നമ്മുടെ അധികാരത്തിനു വഴങ്ങാത്തവരെ ഉന്മൂലനം ചെയ്യു ന്നതിനുവേണ്ടി നമുക്ക് അവസാനമായി ഒരു നിയമം വേണം".—TM 472, 473 (1884).

ഭൂമിയുടെമേലുള്ള തന്റെ മേല്ക്കോയ്മ ചോദ്യം ചെയ്യപ്പെടാതെ യിരിക്കുവാൻ, അവരെ ഭൂമിയിൽനിന്നും തുടച്ചു നീക്കുക എന്നതാണ് പിശാചിന്റെ ലക്ഷ്യം.—TM 37 (1893).

ശേഷിപ്പുസഭ മഹാശോധനയിലൂടെയും ദുരിതത്തിലൂടെയും കട ന്നുപോകും. ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാക്കു ന്നവർ മഹാസർപ്പത്തിന്റെയും അവന്റെ സൈന്യത്തിന്റെയും ക്രോധം അനുഭവിക്കും. ലോകത്തെ തന്റെ പ്രജകളെന്നവണ്ണം പിശാച് കണ ക്കാക്കും. വിശ്വാസത്യാഗികളായ സഭകളുടെ മേൽ അവൻ നിയന്ത്രണം നേടിക്കഴിഞ്ഞു; എന്നാൽ ഇവിടെ ഇതാ അവന്റെ മേല്ക്കോയ്മയെ എതിർത്തു നില്ക്കുന്ന ഒരു ചെറിയ സമൂഹം. അവരെ ഭൂമിയിൽനിന്നും നീക്കിക്കളയുവാൻ സാധിച്ചാൽ അവന്റെ വിജയം സമ്പൂർണ്ണമാകും. യിസ്രായേലിനെ നശിപ്പിക്കുവാൻ അവൻ വിജാതീയരായ രാഷ്ട്രങ്ങളെ



സ്വാധീനിച്ചതുപോലെ, സമീപഭാവിയിൽ ദൈവജനത്തെ നശിപ്പിക്കു വാൻ അവൻ ദുഷ്ടശക്തികളെ എഴുന്നേല്പിക്കും.—9 T 231 (1909).

## ദൈവജനത്തിനെതിരേ ഉപയോഗിക്കുന്ന വാദഗതികൾ

യേശുവിന്റെ വിശുദ്ധമന്ദിരത്തിലെ ശുശ്രൂഷ കഴിയുന്നതുവരെ നാലു മാലാഖമാർ നാലു കാറ്റും പിടിച്ചു നിർത്തിയിരിക്കുന്നത് ഞാൻ കണ്ടു. അതിനുശേഷം ഏഴു ബാധകൾ ഉണ്ടാകും. ഈ ബാധകൾ നിമിത്തം ദുഷ്ടൻമാർക്ക് നീതിമാൻമാരുടെ നേരെ ക്രോധം ജ്വലിക്കും; അവരു ടെമേൽ ന്യായവിധി കൊണ്ടുവന്നത് അവരാണെന്നും, അവരെ ഭൂമി യിൽനിന്നും നിർമ്മാർജ്ജനം ചെയ്താൽ ബാധകൾ അവസാനിക്കു മെന്നും അവർ വിചാരിക്കും.—EW 36 (1851).

കരുണയുടെ മാലാഖ തന്റെ ചിറകുകൾ മടക്കി മടങ്ങിപ്പോകുമ്പോൾ, വളരെ കാലമായി താൻ ചെയ്യുവാൻ ആഗ്രഹിച്ചിരുന്ന ദുഷ്ടപ്രവൃത്തി കൾ സാത്താൻ ചെയ്തുതുടങ്ങും. കൊടുങ്കാറ്റ് കടൽക്ഷോഭം യുദ്ധം രക്തച്ചൊരിച്ചിൽ എന്നിത്യാദി കാര്യങ്ങളിൽ അവൻ പ്രമോദിക്കുകയും, തന്റെ കൊയ്ത്തു നടത്തി ഫലം ശേഖരിക്കുകയും ചെയ്യും. അവൻ ജനങ്ങളെ പരിപൂർണ്ണമായി വഞ്ചിച്ചിരിക്കകൊണ്ട്, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം കളങ്കപ്പെടുത്തിയതിന്റെ പരിണിതഫലമാണ് ഈ ആപ ത്തുകൾ എന്ന് അവർ പ്രഖ്യാപിക്കും. ഞായറാഴ്ച വേണ്ടവിധത്തിൽ ആദരിക്കപ്പെടായ്കയാൽ ലോകം ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുക യാണ് എന്ന പ്രസ്താവന പ്രധാനപ്പെട്ട സഭകളുടെ പ്രസംഗപീഠ ങ്ങളിൽനിന്നും കേൾക്കും.—RH Sept 17 (1901).

സഭയുടെ സ്ഥാപനത്തിനും രാഷ്ട്രത്തിന്റെ നിയമത്തിനും എതി രായി നില്ക്കുന്ന ആ ചെറിയ കൂട്ടത്തെ നിലനില്ക്കുവാൻ അനുവദി ക്കരുത് എന്ന വാദം ഉയർന്നുവരും; രാഷ്ട്രം മുഴുവൻ ആശയക്കുഴപ്പ ത്തിലേക്കും നിയമരാഹിത്യത്തിലേക്കും പോകുന്നതിലും ഭേദം അവർ കഷ്ടപ്പെടുന്നതുതന്നെയാണ് നല്ലത്. ആയിരത്തി എണ്ണൂറു വർഷ ങ്ങൾക്കുമുമ്പ് ഇതേ വാദഗതി "ജനങ്ങളുടെ ഭരണാധികാരികൾ" ക്രിസ്തുവിനെതിരെ കൊണ്ടുവന്നിരുന്നു.... ഈ വാദഗതി അവസാ നത്തേതായിരിക്കും.— GC 615 (1911).

## ഞായറാഴ്ചയെ ആദരിക്കാത്ത എല്ലാവർക്കും മരണശിക്ഷ

വിശുദ്ധന്മാരെ കൊല്ലുവാൻ ഒരു കല്പന പുറപ്പെട്ടു. വിടുതലിനു വേണ്ടി രാവും പകലും അവർ നിലവിളിക്കുവാൻ അത് ഇടയാക്കി. - EW 36, 37 (1851).

ബാബേൽ രാജാവായ നെബുഖദ്നേസർ നിർത്തിയ പ്രതിമയെ വണങ്ങി ആരാധിക്കാത്തവരെയെല്ലാം കൊന്നുകളയേണം എന്ന് താൻ കല്പിച്ചതുപോലെ, ഞായറാഴ്ച എന്ന സ്ഥാപനത്തെ വണങ്ങാത്ത എല്ലാവർക്കും തടവോ, മരണശിക്ഷയോ കൊടുക്കണമെന്ന ഒരു വിളംബരം ഉണ്ടാകും. എല്ലാവരും വെളിപ്പാടു പുസ്തകം 13-ാം അദ്ധ്യായം ശ്രദ്ധിച്ചു വായിക്കട്ടെ. വലിയവരും ചെറിയവരുമായ സകലരെയും സംബന്ധിക്കുന്നതാണ് അത്.—14 MR 91 (1896).

ദൈവജനത്തിനുമേൽ മഹാകഷ്ടതയുടെ സമയം വരുവാൻ പോകുന്നു. അപ്പോൾ ദൈവത്തിന്റെ ശബ്ബത്ത് അനുസരിക്കുന്നവർക്ക് വാങ്ങുന്നതിനും വില്ക്കുന്നതിനും വിലക്ക് ഏർപ്പെടുത്തുന്നതും, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ ശബ്ബത്തായി ആചരിക്കാത്തപക്ഷം മരണം ഉൾപ്പെടെയുള്ള ശിക്ഷ അനുഭവിക്കേണ്ടിവരും എന്ന ഭീഷണി ഉൾക്കൊള്ളുന്നതുമായ ഒരു കല്പന പുറപ്പെടും.—HP 344 (1908).

ദൈവകല്പനകൾക്കെതിരെ യുദ്ധം ചെയ്യുവാൻ ഒരുമിക്കുന്ന ഭൂമിയിലെ ശക്തികൾ "ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും" (വെളിപ്പാട് 13:16) ആയ എല്ലാവരും, വ്യാജശബ്ബത്ത് അനുഷ്ഠിച്ചുകൊണ്ട്, സഭയുടെ ആചാരങ്ങൾക്ക് അനുരൂപപ്പെടണം എന്ന കല്പന പുറപ്പെടുവിക്കും. അതിനു വഴങ്ങാത്ത എല്ലാവരും ശിക്ഷ നേരിടേണ്ടിവരും. അവർ മരണം അർഹിക്കുന്നവരാണ് എന്ന് അവസാനം പ്രഖ്യാപിക്കും.—GC 604 (1911).

നാലാം കല്പനയിലെ ശബ്ബത്ത് വിശുദ്ധമായി ആചരിക്കുന്നവർക്കെതിരെ മനുഷ്യന്റെ കോപം പ്രത്യേകമായും ഉണരും. അവസാനം ഇക്കൂട്ടർ മരണം അർഹിക്കുന്നവരാണെന്ന് ആഗോള വ്യാപകമായ ഒരു തീർപ്പ് ഉണ്ടാകും.—PK 512 (c 1914).

### അഹശ്വരോശ് പുറപ്പെടുവിച്ചതിനു തുല്യമായ മരണശിക്ഷയുടെ തീർപ്പ്

ദൈവത്തിന്റെ ശേഷിപ്പിനെതിരെ പുറപ്പെടുന്ന കല്പന, യെഹൂദന്മാർക്കെതിരെ അഹശ്വരേശ് പുറപ്പെടുവിച്ചതിനു സാമ്യമുള്ളതായിരിക്കും. സത്യസഭയുടെ ശത്രുക്കൾ, ശബ്ബത്തുകല്പന അനുസരിക്കുന്ന ചെറിയ സമൂഹത്തിൽ പടിവാതില്ക്കൽ ഇരിക്കുന്ന മൊർദ്ദേഖായിയയെയാണ് ഇന്നു കാണുന്നത്. ദൈവജനം അവന്റെ കല്പനയോടു കാണിക്കുന്ന ഭക്തി, ദൈവഭയം ഇല്ലാത്തതും അവന്റെ ശബ്ബത്തിനെ



ചവിട്ടിമെതിക്കുന്നതുമായ ആളുകൾക്ക് ഒരു നിരന്തര ശകാരമാകുന്നു.—PK 605 (c 1914).

ഭൂമിയിലെ പ്രമുഖരായ മനുഷ്യർ ഒരുമിച്ച് ആലോചിക്കുന്നതും സാത്താനും അവന്റെ ദൂതന്മാരും അവർക്കു ചുറ്റും തിരക്കുള്ളവരായി നില്ക്കുന്നതും ഞാൻ കണ്ടു. ഒരു എഴുത്ത് ഞാൻ കണ്ടു - വിശുദ്ധന്മാർ തങ്ങളുടെ പ്രത്യേക വിശ്വാസം അടിയറവയ്ക്കുകയും ശബ്ബത്ത് ഉപേക്ഷിക്കുകയും ചെയ്തിട്ട്, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ ആചരിക്കാത്തപക്ഷം, ഒരു പ്രത്യേക സമയപരിധി കഴിഞ്ഞിട്ട്, ജനങ്ങൾക്ക് അവരെ കൊല്ലുവാനുള്ള സ്വാതന്ത്ര്യം നല്കുന്ന എഴുത്തിന്റെ പ്രതികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതറുന്ന ഒരു കാഴ്ച ഞാൻ കണ്ടു.—EW 282, 283 (1858).

ദൈവജനം തങ്ങളുടെ ആശ്രയം ദൈവത്തിൽ വയ്ക്കുകയും, വിശ്വാസത്താൽ അവന്റെ ശക്തിയിൽ ആശ്രയിക്കുകയും ചെയ്താൽ, മൊർദ്ദേഖായിയുടെ സമയത്ത് അസാധാരണമായി സംഭവിച്ചതുപോലെ നമ്മുടെ കാലത്തും സാത്താന്റെ തന്ത്രങ്ങൾ പരാജയപ്പെടും.—ST Feb. 22 (1910).

### ശേഷിപ്പു ജനം ദൈവത്തെ തങ്ങളുടെ കോട്ടയാക്കുന്നു

"ആ കാലത്ത് നിന്റെ സ്വജാതികൾക്കു തുണ നില്ക്കുന്ന മഹാപ്രഭുവായ മിഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനുംതന്നേ രക്ഷപ്രാപിക്കും" (ദാനിയേൽ 12:1). ഈ കഷ്ടതയുടെ സമയം വരുമ്പോഴേക്കും എല്ലാവരുടെയും വിധി തീരുമാനിക്കപ്പെട്ടുകഴിഞ്ഞിരിക്കും; കൃപാകാലം ഇനി ഉണ്ടാകയില്ല, അനുതപിക്കാത്തവർക്കുവേണ്ടി ഇനി കരുണ നല്കപ്പെടുകയില്ല. ദൈവജനത്തിനുമേൽ അവന്റെ മുദ്ര ഉണ്ടായിരിക്കും.

മഹാസർപ്പത്തിന്റെ സൈന്യത്താൽ നയിക്കപ്പെടുന്ന ഭൂമിയിലെ സൈന്യവുമായി മരണകരമായ പോരാട്ടത്തിൽ ഏർപ്പെട്ട് സ്വയം പ്രതിരോധിക്കുവാനാവാത്ത ചെറിയ ശേഷിപ്പ് ദൈവത്തെ തങ്ങളുടെ സങ്കേതമാക്കും. അവർ മൃഗത്തെ നമസ്കരിക്കണമെന്നും, പീഡനവും മരണവും ഒഴിവാക്കുവാൻ അവന്റെ മുദ്ര സ്വീകരിക്കണമെന്നുമുള്ള തീർപ്പ് ഭൂമിയിലെ ഏറ്റവും വലിയ അധികാരിയിൽനിന്നും പുറപ്പെട്ടു. ഈ

സമയത്ത് ദൈവം തന്റെ ജനത്തെ സഹായിക്കട്ടെ. ഇത്രയും ഭയാനകമായ പോരാട്ടത്തിൽ അവന്റെ സഹായമില്ലാതെ അവർക്ക് എന്തു ചെയ്യുവാൻ സാധിക്കും! – 5 T 212, 213 (1882).

## ദൈവജനം പട്ടണങ്ങളിൽനിന്നും ഓടിപ്പോകുന്നു; അനേകർ തടവിലായി

ക്രിസ്തീയ രാജ്യങ്ങളിലെ ഭരണാധികാരികൾ, തങ്ങളുടെ തീർപ്പിനാൽ, കല്പനയനുസരിക്കുന്നവർക്കെതിരേ കല്പന പുറപ്പെടുവിക്കുകയും സർക്കാരിന്റെ സംരക്ഷണം പിൻവലിക്കുകയും, അവരുടെ നാശം ആഗ്രഹിക്കുന്നവരുടെ കയ്യിൽ അവരെ വിട്ടുകൊടുക്കുകയും ചെയ്യുമ്പോൾ ദൈവജനം പട്ടണങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നും ഓടിപ്പോകുകയും നിർജ്ജനപ്രദേശങ്ങളിലും ഏകാന്ത സ്ഥലങ്ങളിലും പാർത്തുകൊണ്ട് ചെറിയ കൂട്ടങ്ങളായി ഒന്നിച്ചു സഹവസിക്കുകയും ചെയ്യും. അനേകർ പർവ്വതങ്ങളിൽ അഭയം കണ്ടെത്തും.... എന്നാൽ എല്ലാ രാജ്യങ്ങളിലും വിഭാഗങ്ങളിലുമുള്ള ഉയർന്നവരും താണവരും സമ്പന്നരും ദരിദ്രരും കറുത്തവരും വെളുത്തവരും ആയ അനേകരും, നീതി ലഭിക്കാതെ, ഏറ്റവും ക്രൂരമായ തടവറകളിൽ അടയ്ക്കപ്പെടും. ചങ്ങലകളാൽ ബന്ധിക്കപ്പെട്ടും, തടവറകളിൽ അടയ്ക്കപ്പെട്ടും കൊല്ലപ്പെടുവാൻ വിധിക്കപ്പെട്ടും ദൈവത്തിനു പ്രിയപ്പെട്ടവർ ക്ലേശകരമായ ദിവസങ്ങൾ തള്ളിവിടും. ചിലർ ഇരുട്ടറകളിലും ഭീഭത്സമായ തുറുങ്കുകളിലും പട്ടിണികിടന്നു മരിക്കുവാനായി ഉപേക്ഷിക്കപ്പെടും.—GC 626 (1911).

കല്പന അനുസരിക്കുന്നവരെ കൊല്ലുവാനുള്ള സമയം പൊതുവായ ഒരു തീർപ്പിനാൽ നിശ്ചയിക്കപ്പെട്ടു. എങ്കിലും, അവരുടെ ശത്രുക്കൾ ചില സന്ദർഭങ്ങളിൽ ആ തീർപ്പ് മുൻകൂട്ടി പ്രതീക്ഷിച്ചുകൊണ്ട്, നിശ്ചയിക്കപ്പെട്ട സമയത്തിനുമുമ്പ് അവരുടെ ജീവനെ അപഹരിക്കുവാൻ പ്രയത്നിക്കും. എന്നാൽ വിശ്വസ്തരായ ആത്മാക്കൾക്കു ചുറ്റും സ്ഥാനമുറപ്പിച്ചിരിക്കുന്ന ശക്തരായ കാവൽക്കാരെ കടന്നുപോകുവാൻ ആർക്കും സാധ്യമല്ല. ചിലർ പട്ടണങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നുമുള്ള തങ്ങളുടെ ഓട്ടത്തിനിടയിൽ ആക്രമിക്കപ്പെടും; എന്നാൽ അവർക്കെതിരെ ഉയരുന്ന വാളുകൾ പുല്ലുപോലെ ഒടിഞ്ഞു താഴെ വീഴും. മറ്റു ചിലരെ യോദ്ധാക്കളായ മനുഷ്യരുടെ വേഷത്തിൽവരുന്ന മാലാഖമാർ പ്രതിരോധിക്കും.—GC 631 (1911).



ഈ സമയത്ത് ദൈവത്തിന്റെ ജനം എല്ലാവരും ഒരു സ്ഥലത്തു തന്നെ ആയിരിക്കുകയില്ല. അവർ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലും പല സമൂഹങ്ങളിലും ആയിരിക്കും ഉണ്ടാവുക; അവർ ഒറ്റയ്ക്കൊറ്റയ്ക്കായിരിക്കും പരീക്ഷിക്കപ്പെടുക, സമൂഹമായിട്ടല്ല. ഓരോരുത്തരും സ്വയമായി വേണം പരീക്ഷയെ നേരിടുവാൻ.—4 BC 1143 (1908).

ഈ ഭൂമിയിൽ മറ്റൊരു വ്യക്തി ഇല്ലാത്തതുപോലെ സഭയിലെ ഓരോ വ്യക്തിയുടെയും വിശ്വാസം ശോധന ചെയ്യപ്പെടും.—7 BC 983 (1890).

## വീടുകളും നിലങ്ങളും ഉപകരിക്കുകയില്ല

കോപാക്രാന്തരായ ജനക്കൂട്ടത്തിൽനിന്നും ഓടിരക്ഷപ്പെടേണ്ടതുകൊണ്ട്, കഷ്ടതയുടെ സമയത്ത്, വിശുദ്ധന്മാർക്ക്, വീടുകളും നിലങ്ങളും ഉപകരിക്കപ്പെടുകയില്ല. ഏതല്ക്കാല സത്യത്തിന്റെ പ്രചരണത്തിനുവേണ്ടി ആ സമയത്ത് അവരുടെ സമ്പാദ്യങ്ങൾ വിൽക്കുവാനാകുകയില്ല....

ആരെങ്കിലും തങ്ങളുടെ വസ്തുവകകളെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുകയും തങ്ങളുടെ കർത്തവ്യങ്ങൾ എന്തൊക്കെയാണെന്ന് കർത്താവിനോട് ചോദിക്കാതെയിരിക്കുകയും ചെയ്താൽ, കർത്താവ് അവനു അതു കാണിച്ചുകൊടുക്കുകയില്ല എന്നതു ഞാൻ കണ്ടു. തങ്ങളുടെ വസ്തുവകകൾ സൂക്ഷിച്ചു വയ്ക്കുവാൻ അവർ അനുവദിക്കപ്പെടും. മഹാകഷ്ടതയുടെ സമയത്ത്, തങ്ങളെ ഞെരിച്ചു തകർക്കുന്ന ഒരു പർവ്വതംപോലെ അതു തങ്ങളുടെ മുമ്പിൽ നിവർന്നു നില്ക്കും. അതു വിറ്റുകളയുവാൻ അവർ പരിശ്രമിക്കും, പക്ഷേ അവർക്കതിനു സാധിക്കുകയില്ല. എന്നാൽ അവർക്കു ഗ്രഹിക്കുവാൻ താല്പര്യം ഉണ്ടെങ്കിൽ, ആവശ്യസമയത്ത്, എപ്പോൾ വില്ക്കണമെന്നും എത്രമാത്രം വില്ക്കണമെന്നും, അവൻ അവരെ പഠിപ്പിക്കും. – EW 56, 57 (1851).

ലൗകിക നിക്ഷേപങ്ങളോടു പറ്റിച്ചേർന്നിരിക്കരുത്, സമയം അത്രയധികം വൈകിയിരിക്കുന്നു. വേഗത്തിൽ വീടുകളും നിലങ്ങളും ആർക്കും പ്രയോജനമില്ലാത്തതായിത്തീരും. കാരണം, ദൈവത്തിന്റെ ശാപം അധികമധികമായി ഭൂമിമേൽ പതിയുവാൻ പോകുന്നു. “നിങ്ങൾക്കുള്ളതു വിറ്റു ഭിക്ഷ കൊടുപ്പിൻ” (ലൂക്കൊസ് 12:33) എന്ന ആഹ്വാനം വരുന്നു. ദൈവത്തിന്റേതായ വസ്തുവകകൾ അവന്റെ ഈ ഭൂമിയിലെ വേല ത്വരിതപ്പെടുത്തുവാനായി അവനു തിരികെ കാഴ്ച

യായി അർപ്പിക്കേണ്ടതിന് ഈ ദൂത് വിശ്വസ്തതയോടെ വഹിക്കു കയും ജനങ്ങളുടെ ഹൃദയത്തിൽ കടക്കുവാൻ നിർബ്ബന്ധിക്കുകയും വേണം.—16 MR 348 (1901)

## യാക്കോബിന്റെ കഷ്ടകാലംപോലെയുള്ള സമയം

നാലാം കല്പനപ്രകാരം ശബ്ബത്തിനെ വിശുദ്ധീകരിക്കുന്നവർ കടുത്ത ശിക്ഷയ്ക്കർഹരാണ് എന്നു വിധിച്ചുകൊണ്ട്, അവർക്കെതിരെ ഒരു തീർപ്പു പുറപ്പെടും. അതിനുശേഷം, അല്പസമയം കഴിഞ്ഞ്, അവരെ കൊല്ലുവാൻ ജനങ്ങൾക്ക് അനുവാദം കൊടുക്കും. ദൈവ ത്തിന്റെ കല്പനകളെ മുഴുവനായും മാനിക്കുന്നവർക്കുനേരെ പഴയ ലോകത്തിലെ റോമനിസവും പുതിയ ലോകത്തിലെ വിശ്വാസത്യാഗം സംഭവിച്ച പ്രൊട്ടസ്റ്റാന്റിസവും ചേർന്ന് ഒരേ രീതിയിലുള്ള നടപടി കൾ ആരംഭിക്കും. പ്രവാചകൻ യാക്കോബിന്റെ കഷ്ടകാലം എന്നു വിവരിച്ച കഷ്ടതയിലേക്കും ദുരിതത്തിലേക്കും ദൈവത്തിന്റെ ജനം അപ്പോൾ ആഴ്ന്നു പോകും.—GC 615, 616 (1911).

ദൈവജനം, അവർക്ക് മുമ്പുണ്ടായിരുന്ന രക്തസാക്ഷികൾ ചെയ്ത തുപോലെ, അവരുടെ സാക്ഷ്യം അവരുടെ രക്തംകൊണ്ടു വേഗം മുദ്രയിടുമെന്ന് മറ്റു മനുഷ്യർക്കു തോന്നും. അവരുടെ ശത്രുക്കളുടെ കയ്യാൽ അവർ വീഴുവാൻ ദൈവം അവരെ കൈവിട്ടുകളഞ്ഞുവോ എന്ന് അവർ ഭയപ്പെട്ടുതുടങ്ങും. ഭയവിഹ്വലമായ വ്യഥയുടെ കാലമാ കുന്നു അത്. രാവും പകലും വിടുതലിനുവേണ്ടി അവർ ദൈവത്തോടു നിലവിളിക്കും.... യാക്കോബിനെപ്പോലെ എല്ലാവരും ദൈവത്തോടു മല്ലുപിടിച്ചുകൊണ്ടിരിക്കും. അവരുടെ വദനങ്ങൾ അവരിലെ ആന്ത രിക സംഘർഷത്തെ വിളിച്ചറിയിക്കും. എല്ലാ മുഖവും വിളറിയിരി ക്കും. എങ്കിലും തീവ്രമായി പക്ഷവാദം ചെയ്യുന്നത് അവർ അവസാ നിപ്പിക്കുകയില്ല.—GC 630 (1911).

ക്രിസ്തുവിന്റെ രണ്ടാംവരവിനു തൊട്ടുമുമ്പ് ദൈവജനം കടന്നു പോകുന്നതായ ശോധനയെ പ്രതിനിധാനം ചെയ്യുന്നതാണ് മൽപ്പിടി ത്തത്തിന്റെയും വേദനയുടെയും രാത്രിയിലെ യാക്കോബിന്റെ അനു ഭവം. യിരെമ്യാപ്രവാചകൻ തന്റെ വിശുദ്ധ ദർശനത്തിൽ ഈ സമയ ത്തെ നോക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: "നാം നടുക്കത്തിന്റെ മുഴക്കം കേട്ടിരിക്കുന്നു; സമാധാനമല്ല, ഭയമത്രേ ഉള്ളതു.... എല്ലാ മുഖവും വിളറിയിരിക്കുന്നതും ഞാൻ കാണുന്നതു എന്തു? ആ നാൾപോലെ വേറെ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു. കഷ്ടം!



അതു യാക്കോബിന്റെ കഷ്ടകാലം തന്നേ; എങ്കിലും അവൻ അതിൽനിന്നു രക്ഷിക്കപ്പെടും" (യിരെമ്യാവ് 30:5-7).—pp 201 (1890).

## നീതിമാന്മാർക്ക് വെളിപ്പെടുത്തുവാൻ ഒളിപ്പിച്ചു വച്ച പാപങ്ങൾ ഇല്ല

മഹാകഷ്ടതയുടെ കാലത്ത്, ഭയത്താലും വേദനയാലും ദൈവ ജനം പീഡിപ്പിക്കപ്പെടുമ്പോൾ, ഏറ്റുപറയാത്ത പാപങ്ങൾ അവരിൽ ഉണ്ട് എങ്കിൽ, അവർ പ്രതിരോധമില്ലാത്തവരായിരിക്കും; നിരാശ അവ രുടെ വിശ്വാസത്തെ തകർത്തുകളയും. വിടുതലിനുവേണ്ടി ദൈവ ത്തോടു യാചിക്കുവാൻ അവർക്കു ധൈര്യം ഉണ്ടാവുകയില്ല. എന്നാൽ തങ്ങളുടെ അയോഗ്യതയെക്കുറിച്ച് തങ്ങൾക്ക് ആഴമായ ബോധം ഉള്ള പ്പോൾതന്നെ, വെളിച്ചത്തു കൊണ്ടുവരുവാൻ, ഒളിപ്പിച്ചുവച്ചിരിക്കുന്ന പാപങ്ങൾ അവരിൽ ഉണ്ടാവുകയില്ല. അവരുടെ പാപങ്ങൾ നേരത്തേ തന്നെ ന്യായവിസ്താരത്തിനു വിധേയപ്പെട്ടിരുന്നു. അവ മായ്ക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു; അവയെ ഓർമ്മയിലേക്കു കൊണ്ടുവരുവാൻ അവയ്ക്കു കഴിയുകയില്ല.—GC 620 (1911).

ദൈവത്തിന്റെ ജനത്തിന് തങ്ങളുടെ കുറവുകളെക്കുറിച്ച് ആഴമായ ബോധം ഉണ്ടാവുകയും, അവർ തങ്ങളുടെ ജീവിതത്തെ പുഃനപരി ശോധന ചെയ്യുമ്പോൾ അത് അവരുടെ പ്രതീക്ഷയെ കെടുത്തിക്കള യുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ കരുണയുടെ ബഹുത്വ ത്തെയും തങ്ങളുടെ നിഷ്കളങ്കമായ അനുതാപത്തെയുംകുറിച്ച് ഓർക്കുമ്പോൾ, ക്രിസ്തുവിൽക്കൂടി അശരണരും അനുതപിക്കുന്ന വരുമായ പാപികൾക്ക് നല്കപ്പെട്ട വാഗ്ദത്തത്തിനുവേണ്ടി അവർ കേണപേക്ഷിക്കും. തങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉടനടി മറുപടി ലഭി ച്ചില്ല എന്നതുകൊണ്ട് അവരുടെ വിശ്വാസം ക്ഷയിച്ചുപോവുകയില്ല. യാക്കോബ് ദൂതനെ മുറുകെ പിടിച്ചതുപോലെ, അവർ ദൈവശക്തി യിൽ മുറുകെപ്പിടിക്കും. "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" എന്നതായിരിക്കും അവരുടെ ആത്മാവിന്റെ ഭാഷ.—PP 202 (1890) .

## വിശുദ്ധന്മാർക്ക് തങ്ങളുടെ ജീവൻ നഷ്ടപ്പെടുകയില്ല

മൃഗത്തിന്റെ കല്പനയ്ക്കു വഴങ്ങുകയോ അവന്റെ മുദ്ര സ്വീകരി ക്കുകയോ ചെയ്യാതെ രൂപാന്തരപ്പെടുന്ന അനുഭവത്തിനുവേണ്ടി കാത്തി രിക്കുന്നവരെ നശിപ്പിച്ചുകളയുവാൻ ദൈവം ദുഷ്ടനെ അനുവദിക്കു

കയില്ല. വിശുദ്ധന്മാരെ കൊല്ലുന്നതിന് ദുഷ്ടന്മാരെ അനുവദിച്ചാൽ സാത്താനും അവന്റെ ദുഷ്ട സൈന്യവും ദൈവത്തെ വെറുക്കുന്ന എല്ലാവരും സംതൃപ്തരാകും എന്ന് ഞാൻ കണ്ടു. ഈ അവസാന പോരാട്ടത്തിൽ ഇതുവരെ തങ്ങൾ പ്രിയം വച്ചവനെ കാത്തിരുന്നവരു ടെമേൽ അധികാരം ഉണ്ടായിരിക്കുക എന്നത് സാത്താന്റെ മഹത്വ ത്തിന് എത്ര വലിയ വിജയമായിരിക്കും! വിശുദ്ധന്മാർ ഉയരങ്ങളിലേക്ക് എടുക്കപ്പെടും എന്ന ആശയത്തെ പരിഹസിച്ചവർ, ദൈവത്തിനു തന്റെ ജനത്തോടുള്ള കരുതലും അവരുടെ മഹത്വകരമായ വിടുതലും ദർശിക്കും.—EW 284 (1858).

ദൈവത്തിന്റെ ജനം ദുരിതങ്ങളിൽനിന്നും മോചിതരാവുകയില്ല; എന്നാൽ പീഡിപ്പിക്കപ്പെടുമ്പോഴും നിരാശയിലകപ്പെടുമ്പോഴും ഇല്ലായ്മ സഹിക്കുകയും ആഹാരം ഇല്ലാതെ കഷ്ടപ്പെടുകയും ചെയ്യു മ്പോഴും നശിക്കുന്നതിനുവേണ്ടി അവർ ഉപേക്ഷിക്കപ്പെടുകയില്ല. - GC 629 (1911).

ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷികളുടെ രക്തം ഈ സമയത്ത് ചിന്തപ്പെട്ടാൽ, രക്തസാക്ഷികളുടെ രക്തംപോലെയും ദൈവത്തിനു കൊയ്ത്തിനായി വളരേണ്ട വിത്തുപോലെയും ആയിരിക്കുകയില്ല അത്.—GC 634 (1911).

## ദൈവം കരുതിക്കൊള്ളും

മഹാകഷ്ടതയുടെ സമയത്ത്, നമ്മുടെ താല്കാലിക ആവശ്യ ങ്ങൾക്കായി എന്തെങ്കിലും ക്രമീകരണങ്ങൾ ചെയ്യുന്നത് വിശുദ്ധ തിരു വെഴുത്തുകൾക്ക് വിരുദ്ധമായ കാര്യമാണെന്ന് കർത്താവ് എനിക്കു തുടർച്ചയായി കാണിച്ചുതന്നു. മഹാകഷ്ടതയുടെ സമയത്ത് വിശുദ്ധ ന്മാർ തങ്ങളുടെ ഭവനത്തിലോ വയലിലോ ആഹാരം കരുതി വെച്ചി ട്ടുണ്ടെങ്കിൽ, ദേശത്തിൽ വാളും ക്ഷാമവും മഹാമാരിയും ഉണ്ടാകു മ്പോൾ, അക്രമത്തിന്റെ കരങ്ങൾ അത് അവരിൽനിന്നും എടുത്തു കൊണ്ടുപോകുന്നതും അപരിചിതർ അവരുടെ നിലങ്ങൾ കൊയ്യു ന്നതും ഞാൻ കണ്ടു.

നാം ദൈവത്തിൽ മാത്രം ആശ്രയിക്കേണ്ട സമയമായിരിക്കും അത്, അവൻ നമ്മെ പുലർത്തും. ആ സമയത്ത് നമ്മുടെ അപ്പവും വെള്ളവും ഉറപ്പായും നമുക്കു ലഭിക്കും എന്ന് ഞാൻ കണ്ടു. നമുക്ക് ഇല്ലായ്മ ഉണ്ടാവുകയോ നാം പട്ടിണി അനുഭവിക്കുകയോ ഇല്ല. മരുഭൂമിയിൽ നമുക്കു മേശയൊരുക്കുവാൻ ദൈവത്തിനു സാധിക്കും. അത്യാവശ്യ



മെങ്കിൽ, ഏലിയാവിനോടു ചെയ്തതുപോലെ നമ്മെ പോഷിപ്പിക്കു ന്നതിന് അവൻ കാക്കകളെ അയക്കും, അല്ലെങ്കിൽ യിസ്രായേല്യർക്കു വേണ്ടി ചെയ്തതുപോലെ ആകാശത്തുനിന്നും മന്ന വർഷിക്കും.—EW 56 (1851).

അപ്പവും വെള്ളവും മാത്രം ഭക്ഷിച്ചു ജീവിക്കുവാൻ അടിയന്തിര സാഹചര്യം ദൈവജനത്തെ നിർബ്ബന്ധിക്കുന്ന വിധത്തിൽ ഒരു മഹാ കഷ്ടതയുടെ കാലം നമ്മുടെ മുമ്പിലുണ്ട് എന്നു ഞാൻ കണ്ടു. ആ കഷ്ടതയുടെ സമയത്ത് ആരും തങ്ങളുടെ കരംകൊണ്ട് അദ്ധ്വാനി ക്കുകയില്ല. മാനസികമായതായിരിക്കും അവരുടെ കഷ്ടത. ദൈവം അവർക്കുവേണ്ടി ആഹാരം ഒരുക്കും.—Ms 2, 1858.

മഹാകഷ്ടതയുടെ കാലം നമുക്കു തൊട്ടുമുൻപിൽ ഉണ്ട്. അപ്പോ ഴത്തെ കടുത്ത സാഹചര്യം, ദൈവജനത്തെ സ്വയം ത്യജിക്കുവാനും ജീവൻ നിലനിർത്തുവാൻ മാത്രം ഭക്ഷിക്കുവാനും അവരുടെമേൽ സമ്മർദ്ദം ചെലുത്തും. എന്നാൽ ആ സമയത്തെ നേരിടുവാൻ ദൈവം നമ്മെ ഒരുക്കും. ആ ഭയപ്പാടിന്റെ സമയങ്ങളിൽ നമ്മുടെ നിസ്സഹായ ത, ദൈവത്തിനു തന്റെ ബലപ്പെടുത്തുന്ന ശക്തിയെ നമുക്കു നല്കു വാനും തന്റെ ജനത്തെ പുലർത്തുവാനും ഒരു അവസരമായിരിക്കും.— IT 206 (1859).

മഹാകഷ്ടതയുടെ കാലത്ത് ശേഷിപ്പു ജനത്തിനു വാഗ്ദത്തം ചെയ്യ പ്പെട്ടിരിക്കുന്നത് അപ്പവും വെള്ളവും മാത്രമാണ്.—SR 129 (1870).

ക്രിസ്തുവിന്റെ വരവിനു തൊട്ടുമുമ്പുള്ള മഹാകഷ്ടതയുടെ സമ യത്ത്, സ്വർഗ്ഗീയ മാലാഖമാരുടെ ശുശ്രൂഷയാൽ നീതിമാന്മാർ സംര ക്ഷിക്കപ്പെടും.—PP 256 (1890).

## മദ്ധ്യസ്ഥൻ ഇല്ല, ക്രിസ്തുവുമായി നിരന്തര സംസർഗ്ഗം മാത്രം

ക്രിസ്തു തന്റെ ജനത്തിനു പാപപരിഹാരം വരുത്തി അവരുടെ പാപങ്ങളെ മായിച്ചുകളഞ്ഞിരിക്കുന്നു. തന്റെ ജനത്തിന്റെ എണ്ണവും തിട്ടപ്പെടുത്തിയിരിക്കുന്നു. . . .

അവൻ സ്വർഗ്ഗീയ കൂടാരം വിട്ടിറങ്ങുമ്പോൾ, അന്ധകാരം ഭൂവാസി കളെ മൂടും. ആ ഭയാനകമായ സമയത്ത്, നീതിമാന്മാർ, ഒരു മദ്ധ്യ സ്ഥൻ ഇല്ലാതെ, വിശുദ്ധനായ ദൈവത്തിന്റെ മുമ്പാകെ ജീവിക്കും.—GC 613, 614 (1911).

ഈ ശോധനയുടെ സമയത്ത് ദൈവം തന്റെ ജനത്തെ മറക്കുമോ? ശത്രുക്കൾ അവരെ തടവിലേക്കു വലിച്ചെറിഞ്ഞാലും, കാരാഗൃഹത്തിന്റെ മതിലുകൾക്ക് അവരുടെ ആത്മാവിനും ക്രിസ്തുവിനുമിടയിലുള്ള സംസർഗത്തെ വിച്ഛേദിക്കുവാൻ കഴിയുകയില്ല. തങ്ങളുടെ സകല ബലഹീനതകളും കാണുന്നവനും സകല ശോധനകളുമായി പരിചിതനായിത്തീർന്നവനുമായവൻ സകല ഭൗമിക ശക്തികൾക്കും അതീതനാകുന്നു. സ്വർഗ്ഗത്തിൽനിന്നും വെളിച്ചവും സമാധാനവും വഹിച്ചുകൊണ്ട്, തങ്ങളുടെ തടവറകളിലേക്ക് മാലാഖമാർ കടന്നുവരും. കാരാഗൃഹം ഒരു കൊട്ടാരം പോലെയാകും. കാരണം വിശ്വാസത്താൽ സമ്പന്നരായവരാണ് അവിടെ പാർക്കുന്നത്. പൗലൊസും ശീലാസും ഫിലിപ്പ്യയിലെ കാരാഗൃഹത്തിൽ കിടന്നുകൊണ്ടു അർദ്ധരാത്രി പാടുകയും പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ സംഭവിച്ചതുപോലെ, മ്ലാനത മൂടിനിൽക്കുന്ന മതിൽക്കെട്ടുകൾ പ്രകാശമുള്ളതായിത്തീരും.—GC 626, 627 (1911).

സ്വർഗ്ഗീയ ദർശനത്താൽ മനുഷ്യർക്കു കാണുവാൻ കഴിഞ്ഞിരുന്നെങ്കിൽ, ക്രിസ്തുവിന്റെ വചനം സഹിഷ്ണുതയോടെ അനുസരിച്ചവരുടെ ചുറ്റും അമിത ബലമുള്ള മാലാഖമാരുടെ സമൂഹം നിലയുറപ്പിച്ചിരിക്കുന്നത് അവർക്കു കാണാമായിരുന്നു. സഹതപിക്കുന്ന വാത്സല്യത്തോടെ മാലാഖമാർ അവരുടെ നിരാശയെ കാണുകയും അവരുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു. അവരെ തങ്ങളുടെ ആപത്തിൽനിന്നും വിടുവിക്കുന്നതിന് അവരുടെ നായകന്റെ ഉത്തരവിനായി അവൻ കാത്തുനില്ക്കുന്നു. നമുക്ക് ആവശ്യമുള്ള സമയത്ത് അരുമരക്ഷകൻ സഹായം അയച്ചുതരും.—GC 630, 633 (1911).

സ്വർഗ്ഗീയ മഹത്വവും കഴിഞ്ഞ കാലത്തെ പീഡനത്തിന്റെ ആവർത്തനവും സമ്മേളിക്കുന്ന സമയത്ത് ഭൂമുഖത്ത് ജീവിച്ചിരിക്കുന്ന ദൈവജനത്തിന്റെ അനുഭവത്തെക്കുറിച്ച് എന്തെങ്കിലും സങ്കല്പരൂപം നല്കുന്നത് അസാദ്ധ്യമാകുന്നു. ദൈവത്തിന്റെ സിംഹാസനത്തിൽനിന്നും പുറപ്പെടുന്ന വെളിച്ചത്തിൽ അവർ നടക്കും. മാലാഖമാർ മുഖാന്തരം സ്വർഗ്ഗവും ഭൂമിയും തമ്മിൽ നിരന്തരമായ ബന്ധം നിലനില്ക്കും....

ഒരു ജാതി ഉണ്ടായതു മുതൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത ആകഷ്ടതയുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം കുലുങ്ങാതെ നില്ക്കും. അതുല്യ ശക്തിയുള്ള മാലാഖമാർ അവരെ സംരക്ഷിക്കുന്നതുകൊണ്ട് സാത്താനും അവന്റെ സൈന്യത്തിനും അവരെ നശിപ്പിക്കുവാൻ കഴിയുകയില്ല.—9T 16, 17 (1909).



## ദൈവത്തിന്റെ ജനം യാതൊരു പാപകരമായ ആഗ്രഹങ്ങളും താലോലിക്കുകയില്ല

നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു നമുക്കുവേണ്ടി പാപ പരിഹാരശ്രുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ഈ സമയത്ത്, നാം ക്രിസ്തുവിൽ സമ്പൂർണ്ണരാകുവാൻ പരിശ്രമിക്കണം. ഒരു ചിന്ത കൊണ്ടുപോലും പ്രലോഭനങ്ങളുടെ ശക്തിക്കുമുമ്പിൽ നമ്മുടെ രക്ഷകനെ നാം വിട്ടുകളഞ്ഞുകൂടാ. തനിക്കു കാൽ വയ്ക്കുവാൻ ഒരു ഇടം സാത്താൻ മനുഷ്യഹൃദയങ്ങളിൽ കണ്ടെത്തുന്നു; താലോലിക്കുന്ന ചില പാപകരമായ ആഗ്രഹങ്ങളിൽക്കൂടെ അവന്റെ പ്രലോഭനങ്ങൾ അവയുടെ ശക്തി പ്രയോഗിക്കുന്നു. എന്നാൽ ക്രിസ്തു തന്നെപ്പറ്റി പ്രഖ്യാപിച്ചത്: “ലോകത്തിന്റെ പ്രഭു വരുന്നു; അവനു എന്നോടു ഒരു കാര്യവുമില്ല” (യോഹന്നാൻ 14:30) എന്നാകുന്നു. താൻ വിജയിയായിത്തീരേണ്ടതിനു തന്നെ സഹായിക്കുന്ന യാതൊന്നും സാത്താന് ദൈവപുത്രനിൽ കണ്ടെത്തുവാൻ കഴിഞ്ഞില്ല. അവൻ തന്റെ പിതാവിന്റെ കല്പനകൾ അനുസരിച്ചിരുന്നു. സാത്താനു തന്റെ നേട്ടത്തിനുവേണ്ടി പ്രയോജനപ്പെടുത്തുവാൻ അവനിൽ ഒരു പാപവും ഇല്ലായിരുന്നു. മഹാകഷ്ടതയുടെ സമയത്ത് വീഴാതവണ്ണം നില്ക്കുന്നവരുടെ അവസ്ഥയും ഇതുതന്നെ ആയിരിക്കും.—GC 623 (1911).

## ‘സ്വയ’ത്തിനെതിരെയുള്ള യുദ്ധം തുടരുന്നു

സാത്താൻ വാഴുന്നേടത്തോളം കാലം നമുക്ക് സ്വയത്തെ അടിച്ചമർത്തേണ്ടതായിട്ടുണ്ട്. അതുപോലെ മുറുകെപ്പറ്റുന്ന പാപത്തെ അതിജീവിക്കേണ്ടതായും ഉണ്ട്. ജീവൻ നിലനില്ക്കുന്നേടത്തോളം കാലം ഒരു വിശ്രമസ്ഥലമോ, ഞാൻ സകലവും നേടിയിരിക്കുന്നു എന്നു പറയത്തക്ക ഒരു സ്ഥാനമോ ഇല്ല. വിശുദ്ധീകരണം എന്നത് ആജീവനാന്ത അനുസരണത്തിന്റെ ഒരു ഫലമാകുന്നു.—AA 560, 561 (1911).

ജഡിക മനസ്സിനെതിരെയുള്ള നിരന്തരമായ യുദ്ധം നിലനിർത്തേണ്ടതായിട്ടുണ്ട്; അതിനു നാം ദൈവകൃപയുടെ ശുദ്ധീകരിക്കുന്ന സ്വാധീനത്താൽ താങ്ങപ്പെടേണം. അതു മനസ്സിനെ മുകളിലേക്ക് ആകർഷിക്കുകയും നിർമ്മലവും വിശുദ്ധവുമായ കാര്യങ്ങൾ മാത്രം ചിന്തിക്കുവാൻ മനസ്സിനെ ശീലിപ്പിക്കുകയും ചെയ്യും.—2 T 479 (1870).

നാം നമ്മുടെ മനസ്സിൽ അയാഥാർത്ഥ്യമായ ഒരു ലോകത്തെ സൃഷ്ടിക്കുകയോ, തിന്മ ചെയ്യുവാനായി പ്രേരിപ്പിക്കുന്ന സാത്താന്റെ

പ്രലോഭനം ഇല്ലാത്ത ഒരു മാതൃകാപരമായ സഭയെ വിഭാവനം ചെയ്യു കയോ ചെയ്യാം; എന്നാൽ പൂർണ്ണത നിലനില്ക്കുന്നത് നമ്മുടെ സങ്ക ല്പത്തിൽ മാത്രമായിരിക്കും.—RH Aug. 8 (1893).

മനുഷ്യർക്ക് വിശുദ്ധമായ ശരീരം ലഭിക്കുമ്പോൾ, അവർ ഭൂമിയിൽ താമസിക്കുകയില്ല, പ്രത്യുത സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും. ഈ ജീവിതത്തിൽ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു എന്നതുകൊണ്ട്, അതിന്റെ പരിണിത ഫലങ്ങൾ പൂർണ്ണമായും ഇല്ലാതാകുന്നില്ല. അവന്റെ വര വിങ്കലാണ് ക്രിസ്തു നമ്മുടെ "താഴ്ചയുള്ള ശരീരത്തെ അവന്റെ മഹ ത്വമുള്ള ശരീരംപോലെ രൂപപ്പെടേണ്ടതിനു" രൂപാന്തരപ്പെടുത്തുന്ന ത്.—2 SM 33 (1901).

## 144000 പേർ

അവർ സിംഹാസനത്തിനു മുമ്പാകെ ഒരു "പുതിയ പാട്ടു" പാടും. നൂറ്റി നാല്പത്തിനാലായിരം പേർക്കല്ലാതെ ആർക്കും പഠിക്കുവാൻ കഴിയാത്തതാണ് ആ പാട്ട്. അതു മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടും വിടുതലിന്റെ പാട്ടും നൂറ്റിനാല്പത്തി നാലായിരം പേർക്കല്ലാതെ മറ്റാർക്കും പഠിക്കുവാൻ കഴിയാത്തതുമായ പാട്ടാണ്. കാരണം അത് അവരുടെ അനുഭവത്തിന്റെ ഗാനമാണ്. മറ്റൊരു സമൂഹത്തിനും ഇതു വരെ ഉണ്ടായിട്ടില്ലാത്ത ഒരു അനുഭവമാണത്. "കുഞ്ഞാടു പോകു ന്നേടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു". ഭൂമിയിൽ ജീവ നോടെയിരിക്കുന്നവരുടെ ഇടയിൽനിന്നും രൂപാന്തരപ്പെടുകകൊണ്ട് "ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി" അവർ എണ്ണപ്പെട്ടിരി ക്കുന്നു (വെളിപ്പാട് 15:2,3; 14:1–5). "ഇവർ മഹാകഷ്ടത്തിൽനിന്നു വന്ന വർ". ഒരു ജാതി ഉണ്ടായതുമുതൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത മഹാ കഷ്ടതയിൽക്കൂടി അവർ കടന്നുപോയിരിക്കുന്നു; യാക്കോബിന്റെ കഷ്ടകാലത്തിന്റെ വേദന സഹിച്ചവരാണ് അവർ; ദൈവത്തിന്റെ അവ സാനത്തെ ന്യായവിധി ചൊരിഞ്ഞുകൊണ്ടിരുന്ന സമയത്ത് ഒരു മധ്യ സ്ഥനില്ലാതെ അവർ നിലനിന്നു.—GC 648, 649 (1911).

ആരെയും ആത്മീകമായി സഹായിക്കാനിടയില്ലാത്ത, "ആരായി രിക്കും നൂറ്റിനാല്പത്തിനാലായിരം പേർ?" എന്നതുപോലെയുള്ള ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് മനുഷ്യർ തർക്കത്തിൽ ഏർപ്പെടുന്നത് ദൈവത്തിന്റെ ഹിതം അല്ല. ദൈവത്തിന്റെ വൃതന്മാരായവർ, യാതൊരു സന്ദേഹവുമില്ലാതെ അല്പസമയത്തിനുള്ളിൽ ഇത് അറിയും.—ISM 174 (1901).



## ദൈവജനം വിടുവിക്കപ്പെടുന്നു

ദൈവത്തിന്റെ ജനത്തിന് രക്ഷപ്പെടുവാൻ ഒരു മാർഗ്ഗവും ഇല്ല എന്നു തോന്നിയതുകൊണ്ട് സാത്താന്റെ സൈന്യവും ദുഷ്ട മനുഷ്യരും അവരെ ചുറ്റിവളയുകയും അവരുടെമേൽ വിജയോത്സവം നടത്തുകയും ചെയ്യും. എന്നാൽ അവരുടെ ആഹ്ലാദലഹരിയുടെയും വിജയാഹ്ലാദ ത്തിന്റെയും മധ്യത്തിൽ അത്യുച്ചത്തിലുള്ള ഇടിനാദത്തിന്റെ ശബ്ദം മുഴങ്ങിക്കൊണ്ടേയിരുന്നു. ആകാശം ഇരുണ്ടുമൂടി. ദൈവം തന്റെ ശബ്ദം തന്റെ വിശുദ്ധനിവാസത്തിൽ നിന്നും കേൾപ്പിച്ചപ്പോൾ, ആ ആകാശത്തെ പ്രകാശിപ്പിച്ചത് ഇടിമിന്നലിന്റെ വെളിച്ചവും സ്വർഗ്ഗത്തിൽ നിന്നുമുള്ള ഉഗ്രപ്രഭയും ആയിരുന്നു.

ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങി. കെട്ടിടങ്ങൾ കുലുങ്ങുകയും ഉഗ്രകോപത്തോടെ നിലംപതിക്കുകയും ചെയ്തു. സമുദ്രം ഒരു കല ത്തിലെ വെള്ളംപോലെ തിളച്ചു, ഭൂമി മുഴുവനും ഭീതിയുടെ അസ്വാ സ്ഥ്യത്തിലായി. നീതിമാന്മാരുടെ അടിമത്തം മാറിപ്പോയിരിക്കുന്നു. മധുരവും പവിത്രവുമായി അവർ പരസ്പരം ഈവണ്ണം മന്ത്രിച്ചു: "നാം വിടുവിക്കപ്പെട്ടിരിക്കുന്നു. ഇതു ദൈവത്തിന്റെ ശബ്ദമത്രേയാകുന്നു".— IT 353, 354 (1862).

ദൈവത്തിന്റെ കല്പന അനുസരിക്കുന്നവരിൽനിന്നും മനുഷ്യ സുര ക്ഷയുടെ നിയമം പിൻവലിക്കപ്പെടുമ്പോൾ, ഒരേ സമയത്ത്, പല ദേശ ങ്ങളിലും അവരെ നശിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടക്കും. വിധി പ്രഖ്യാപനത്തിൽ സൂചിപ്പിക്കപ്പെട്ട സമയം അടുത്തുവരുമ്പോൾ വെറു ക്കപ്പെട്ട ഈ കൂട്ടത്തെ പിഴുതെറിയുവാൻ ജനങ്ങൾ ഗൂഢാലോചന നടത്തും. നിർണ്ണായകമായ ഒരു ആക്രമണം നടത്തുവാൻ നിശ്ചയിക്ക പ്പെടും. അത് വിയോജിപ്പിന്റെയും ശാസനയുടെയും ശബ്ദത്തെ പരി പൂർണ്ണമായും നിശ്ശബ്ദമാക്കും.

എല്ലായിടങ്ങളിലും ദുഷ്ടദൂതന്മാരാൽ പ്രേരിതരായി, ആയുധധാ രികളായ മനുഷ്യർ വിശുദ്ധന്മാരെ കൊല്ലുന്നതിന് ഒരുക്കങ്ങൾ കൂട്ടു മ്പോൾ, ദൈവത്തിന്റെ ജനം അപ്പോഴും ദിവ്യമായ സംരക്ഷണത്തിനു വേണ്ടി യാചിച്ചുകൊണ്ടിരിക്കുകയായിരിക്കും. അവരിൽ ചിലർ കാരാ ഗൃഹങ്ങളിലും, ചിലർ മലകളിലെയും വനാന്തരങ്ങളിലെയും ഏകാ ന്തതകളിലുമായിരിക്കും.... വിജയാരവത്തോടും പരിഹാസത്തോടും ശാപവാക്കുകൾ ഉച്ചരിച്ചുകൊണ്ടും ദുഷ്ടന്മാരുടെ സമൂഹം തങ്ങളുടെ ഇരകളുടെ മേൽ ചാടിവീഴുവാൻ ഒരുമ്പെടുന്നു. അപ്പോഴതാ രാത്രി

യുടെ ഇരുട്ടിനെക്കാൾ ആഴത്തിലുള്ള കടുത്ത അന്ധകാരം ഭൂമിയുടെ മേൽ പതിഞ്ഞു....

അർദ്ധരാത്രിയിലാണ് തന്റെ ജനത്തിന്റെ വിടുതലിനുവേണ്ടി ദൈവം തന്റെ ശക്തിയെ വെളിപ്പെടുത്തുന്നത്.... കോപിച്ചിരിക്കുന്ന ആകാശത്തിന്റെ നടുവിൽ അവർണ്ണനീയമായ ഒരു പ്രഭ കാണപ്പെട്ടു. അവിടെ നിന്നും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയുള്ള ശബ്ദത്തിൽ "സംഭവിച്ചുതീർന്നു" (വെളിപ്പാട് 16:17) എന്ന ദൈവത്തിന്റെ ശബ്ദം കേട്ടു. ആ ശബ്ദം ആകാശത്തെയും ഭൂമിയെയും ഇളക്കി....

ഭൂമിയിലെ അഹന്ത നിറഞ്ഞ പട്ടണങ്ങൾ നിലംപരിശാകും. ലോകത്തിലെ മഹത്തുക്കൾ തങ്ങളുടെ ധനം സമൃദ്ധമായി ചിലവഴിച്ചു നിർമ്മിച്ച രാജകീയ കൊട്ടാരങ്ങൾ അവരുടെ കൺമുമ്പിൽ ഇടിഞ്ഞു പൊളിഞ്ഞുപോകും. കാരാഗൃഹഭിത്തികൾ നടുവെ പിളരുകയും, തങ്ങളുടെ വിശ്വാസം നിമിത്തം തടവിലാക്കപ്പെട്ട ദൈവമക്കൾ അപ്പോൾ സ്വതന്ത്രരാവുകയും ചെയ്യും.—GC 635-637 (1911).



## അധ്യായം പത്തൊമ്പത്

# ക്രിസ്തുവിന്റെ രണ്ടാംവരവ്

### ഏഴാമത്തെ ബാധയും പ്രത്യേക പുനരുത്ഥാനവും

അതിശക്തമായ ഒരു ഭൂകമ്പം ഉണ്ടായി. "ഭൂമിയിൽ മനുഷ്യർ ഉണ്ടായതുമുതൽ അതുപോലെ അത്ര വലുതായൊരു ഭൂകമ്പം ഉണ്ടായിട്ടില്ല" (വെളിപ്പാടു 16:17, 18). ആകാശവിതാനം തുറക്കുകയും അടയുകയും ചെയ്യുന്നതുപോലെ കാണപ്പെട്ടു. ദൈവത്തിന്റെ സിംഹാസനത്തിൽനിന്നുമുള്ള പ്രഭ മിന്നിക്കൊണ്ടിരിക്കുന്നതായി തോന്നി. പർവ്വതങ്ങൾ കാറ്റിൽ ഉലയുന്ന ഓടയെപ്പോലെ കുലുങ്ങി. പരുപരുത്ത പാറക്കെട്ടുകൾ എല്ലായിടത്തും ചിതറി.... ഭൂമി മുഴുവൻ സമുദ്രത്തിലെ തിരമാലകളെപ്പോലെ കുമിഞ്ഞുകൂടി. അതിന്റെ ഉപരിതലം പൊട്ടിത്തുടങ്ങി. അതിന്റെ അടിസ്ഥാനങ്ങൾ ഇളകുന്നതായി തോന്നി. പർവ്വതനിരകൾ താഴുന്നു. ജനവാസമുള്ള ദ്വീപുകൾ അപ്രത്യക്ഷമാകുന്നു. ദുഷ്ടതയുടെ കാര്യത്തിൽ സൊദോംപോലെ ആയിത്തീർന്ന തുറമുഖങ്ങൾ വെള്ളത്താൽ വിഴുങ്ങപ്പെട്ടു.... "താലന്തോളം ഘനമുള്ള"കന്മഴ തങ്ങളുടെ നശിപ്പിക്കുന്ന ജോലി ചെയ്തുകൊണ്ടിരിക്കുന്നു (19, 21 വാക്യങ്ങൾ).

കല്ലറകൾ തുറന്നു. "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും" (ദാനിയേൽ 12:2). മൂന്നാം ദൂതന്റെ ദൂതിൽ വിശ്വസിച്ചു മരിച്ചവർ, തന്റെ കല്പനകൾ അനുസരിച്ചവരുമായുള്ള ദൈവത്തിന്റെ സമാധാന ഉടമ്പടി കേൾക്കുവാൻ, തേജസ്കരിക്കപ്പെട്ടവരായി കല്ലറയിൽനിന്നു പുറത്തു വരും. "അവനെ കുത്തിത്തുളച്ചവരും", (വെളിപ്പാട് 1:7) ക്രിസ്തുവിന്റെ മരണവേദനയെ നിന്ദിച്ചവരും പരിഹസിച്ചവരും തന്റെ സത്യത്തിന്റെയും തന്റെ ജനത്തിന്റെയും ഏറ്റവും നീചരായ എതിരാളികളും അവർ എല്ലാവരും അവന്റെ മഹത്വം

ദിർശിക്കുന്നതിനും അവനോടു അനുസരണയും വിശ്വസ്തതയും പുലർത്തിയവർക്കു നല്കപ്പെടുന്ന മഹത്വം ദർശിക്കുന്നതിനുമായി ഉയിർപ്പിക്കപ്പെടും.—(GC 636, 637 (1911).

## ക്രിസ്തുവിന്റെ വരവിന്റെ സമയം ദൈവം പ്രഖ്യാപിക്കുന്നു

കറുത്ത ഘനമുള്ള മേഘങ്ങൾ ആകാശത്തു പ്രത്യക്ഷമായി, അവ പരസ്പരം കൂട്ടിമുട്ടി. വായുമണ്ഡലം വിഭജിക്കപ്പെടുകയും പിന്മാറുകയും ചെയ്തു. ഓറിയൻ എന്ന നക്ഷത്രസമൂഹത്തിലെ തുറന്ന സ്ഥലത്തുകൂടി ഞങ്ങൾക്കു മുകളിലേക്കു നോക്കുവാൻ കഴിഞ്ഞു. അവിടെ നിന്നും ദൈവത്തിന്റെ ശബ്ദം പുറപ്പെട്ടു വന്നു.—Ew 41 (1851).

വേഗം ഞങ്ങൾ ദൈവത്തിന്റെ ശബ്ദം കേട്ടു. (ക്രിസ്തുവിന്റെ വരവിനു തൊട്ടുമുമ്പുള്ള സമയത്ത് ദൈവത്തിന്റെ ശബ്ദം നിരന്തരമായി കേൾക്കപ്പെടും. Great Controversy - 632, 633, 636, 638, 640, 641 എന്നീ പുറങ്ങൾ കാണുക). അതു പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ ആയിരുന്നു. യേശുവിന്റെ വരവിന്റെ ദിവസവും മണിക്കൂറും അതു ഞങ്ങളെ അറിയിച്ചു. ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ, 1,44,000 പേർ, ആ ശബ്ദം തിരിച്ചറിഞ്ഞു. അതു ഇടിയും ഭൂമികുലുക്കവുമാണെന്ന് അപ്പോൾ ദുഷ്ടന്മാർ ചിന്തിച്ചു.—(EW 15 (1851).

ദൈവം യേശുവിന്റെ വരവിന്റെ ദിവസവും മണിക്കൂറും അറിയിക്കുകയും തന്റെ ജനവുമായുള്ള നിത്യ ഉടമ്പടി അവർക്കു നല്കുകയും ചെയ്ത സമയത്ത്, അവൻ ഒരു വാചകം പ്രസ്താവിക്കുകയും, പിന്നീട് അല്പസമയം നിർത്തുകയും ചെയ്യുമായിരുന്നു. ആ സമയത്ത് തന്റെ വാക്കുകൾ ഭൂമിയിൽക്കൂടി ഒഴുകിക്കൊണ്ടിരിക്കുകയായിരുന്നു. യഹോവയുടെ വായിൽനിന്നും ആ ശബ്ദം പുറപ്പെട്ട് ഒരു ഇടിമുഴക്കംപോലെ അതു ഭൂമിയിൽക്കൂടി ഒഴുകിപ്പോകുമ്പോൾ, ദൈവത്തിന്റെ യിസ്രായേൽ ആ ശബ്ദം ശ്രദ്ധിക്കുകയും കണ്ണുകൾ മുകളിലേക്കുയർത്തുകയും ചെയ്തു. അതു ഭയാനകമാംവിധം പവിത്രമായിരുന്നു. ഓരോ വാചകത്തിന്റെയും അവസാനം വിശുദ്ധന്മാർ “മഹത്വം! ഹാല്ലേലുയ്യാ!” എന്നു ഘോഷിച്ചു. ദൈവത്തിന്റെ പ്രഭകൊണ്ട്, മോശെ സീനായിയിൽ നിന്നിറങ്ങി വന്നപ്പോൾ അവന്റെ മുഖം പ്രകാശിച്ചതുപോലെ, അവരുടെ മുഖം പ്രകാശിച്ചു. തന്റെ ശബ്ബത്ത് വിശുദ്ധമായി അനുഷ്ഠിക്കുന്നതിൽക്കൂടി ദൈവത്തെ മാനിച്ചവരുടെമേൽ അനന്തമായ അനുഗ്രഹം പ്രഖ്യാപിക്കപ്പെട്ടപ്പോൾ, മൃഗത്തിന്റെമേലും അതിന്റെ പ്രതിമയുടെ മേലുമുള്ള വിജയത്തിന്റെ ഘോഷം ഉണ്ടായി.—EW 285, 286 (1858).



ദൈവശബ്ദം സംസാരിച്ച ആ സമയത്തെക്കുറിച്ച് നേരിയ അറിവുപോലും എനിക്കില്ല. പ്രഖ്യാപിക്കപ്പെട്ട ആ സമയം ഞാൻ കേട്ടു, എന്നാൽ ദർശനത്തിൽനിന്നും പറുത്തുവന്നശേഷം ആ സമയത്തെക്കുറിച്ചുള്ള ഓർമ്മ എനിക്കില്ലായിരുന്നു. വിവരിക്കുവാൻ യാതൊരു ഭാഷയും പോരാത്തവിധത്തിലുള്ള രോമാഞ്ചം കൊള്ളിക്കുന്നതും ഹൃദയഹാരിയും പരിപാവനവുമായ ദൃശ്യങ്ങൾ എന്റെ മുമ്പിൽക്കൂടി കടന്നുപോയി. എനിക്കു അവയെല്ലാം ജീവനുള്ള യാഥാർത്ഥ്യങ്ങളായിരുന്നു. കാരണം ഈ ദൃശ്യത്തിനു പിന്നാലെ മനുഷ്യപുത്രൻ ഉപവിഷ്ടനായിരുന്ന വെളുത്ത മേഘം പ്രത്യക്ഷപ്പെട്ടു.—ISM 76 (1888).

## നഷ്ടപ്പെട്ടുപോയവരുടെ ഭീതി

ഭൂമി മത്തനെപ്പോലെ ചാഞ്ചാടിക്കൊണ്ടിരിക്കുകയും ആകാശം കുലുങ്ങുകയും ചെയ്യുമ്പോൾ ആർക്കു നില്ക്കുവാൻ സാധിക്കും. ഭയാനകമായ വേദനയാൽ അവർ കാണുന്ന ഒരു കാഴ്ചയിൽനിന്നും രക്ഷപ്പെടുവാൻ അവർ വ്യർത്ഥമായി ആഗ്രഹിക്കും. “ഇതാ അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും” (വെളിപ്പാട് 1:7). “മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണം.... ഞങ്ങളെ മറെപ്പിൻ” (വെളിപ്പാട് 6:16) എന്നു പറഞ്ഞുകൊണ്ട് രക്ഷിക്കപ്പെടാതെയിരുന്നവർ തങ്ങളുടെ ഉരിയാടാപ്രകൃതിയെ ശപിക്കും. - (TMK 356 (1896).

ദൈവത്തിന്റെ ശബ്ദം തന്റെ ജനത്തിന്റെ അടിമത്തത്തെ നീക്കം ചെയ്യുമ്പോൾ, ജീവിതത്തിന്റെ മഹാപോരാട്ടത്തിൽ എല്ലാം നഷ്ടപ്പെട്ടവരുടെ ഒരു ഉണർവ്വുണ്ടാകും.... ഒരു ജീവിതകാലം മുഴുവൻ സമ്പാദിച്ചതെല്ലാം ഒരു നിമിഷംകൊണ്ടു തുടച്ചുനീക്കപ്പെടുന്നു. ധനികർ തങ്ങളുടെ മഹത്തായ വീടുകൾ നശിക്കുന്നതും തങ്ങളുടെ സ്വർണ്ണവും വെള്ളിയും നഷ്ടപ്പെടുന്നതും നോക്കി നിലവിളിക്കും. ദുഷ്ടന്മാർ ദുഃഖംകൊണ്ട് നിറയും. അവർ ദൈവത്തെയും അവരുടെകൂടെ ജീവിച്ച മനുഷ്യരെയും ഉപേക്ഷിച്ചുകളഞ്ഞതിലുള്ള ദുഃഖമല്ല, പ്രത്യുത ദൈവം ജയാളിയായതിലുള്ള ദുഃഖമാണ്. പരിണിത ഫലം അതുതന്നെ ആയതിലാണ് അവർ വിലപിക്കുന്നത്. എന്നാൽ അവരുടെ ദുഷ്ടതയെ ഓർത്ത് അവർ പശ്ചാത്തപിക്കുന്നില്ല.—GC 654 (1911).

### യേശു മഹത്വവും ശക്തിയും ധരിച്ച് ഇറങ്ങിവരുന്നു

പെട്ടെന്ന് ഒരു മനുഷ്യന്റെ കൈപ്പത്തിയുടെ പകുതിയോളം വലിപ്പമുള്ള ഒരു കറുത്ത മേഘം കിഴക്കേ ചക്രവാളത്തിൽ പ്രത്യക്ഷമായി. അതു രക്ഷകനെ വലയം ചെയ്യുന്ന മേഘം ആകുന്നു. ദൂരെ നിന്നു നോക്കുമ്പോൾ അത് ഒരു ഇരുട്ടിന്റെ കരിമ്പടമായി കാണപ്പെട്ടു. ദൈവജനം അതിനെ മനുഷ്യപുത്രന്റെ അടയാളമായി തിരിച്ചറിഞ്ഞു. അതു ഭൂമിയോട് അടുത്തുവന്നപ്പോൾ പവിത്രമായ നിശ്ശബ്ദതയോടെ അവർ അതിനെ നോക്കി. അതു വലിയ ഒരു വെള്ള മേഘമായിത്തീരുന്നതുവരെ അതു കൂടുതൽ കൂടുതൽ പ്രകാശവും മഹത്വവും ഉള്ളതായിക്കൊണ്ടിരുന്നു. അതിന്റെ അടിഭാഗം കത്തുന്ന അഗ്നിയായിരുന്നു. അതിനു മുകളിലായി ഉടമ്പടിയുടെ മഴവില്ലു വച്ചിട്ടുണ്ടായിരുന്നു. ശക്തനായ ഒരു വിജയാളിയായി യേശു എഴുന്നള്ളുന്നു....

എണ്ണിക്കൂടാനാവാത്ത വിശുദ്ധ മാലാഖമാർ, സ്വർഗ്ഗീയ സംഗീതത്തിന്റെ അകമ്പടിയോടെ അവന്റെ വരവിങ്കൽ അവനെ അനുധാവനം ചെയ്തു. "പതിനായിരം പതിനായിരവും ആയിരം ആയിരവും" എന്നിങ്ങനെ ആകാശവിതാനം ഉജ്ജ്വലമായ രൂപങ്ങളെക്കൊണ്ടു നിറഞ്ഞു. ആ ദൃശ്യത്തെ വിവരിക്കുവാൻ ഒരു മനുഷ്യന്റെ പേനയ്ക്കും സാധിക്കുകയില്ല. അതിന്റെ തേജസ്സു ഗ്രഹിക്കുവാനും ഒരു മനുഷ്യമനസ്സും പര്യാപ്തമല്ല.

രാജാധിരാജാവ് മേഘങ്ങളിൽ ജ്വലിക്കുന്ന തീജ്വാല ധരിച്ചവനായി താഴേയ്ക്കു വരുന്നു. ആകാശം ഒരു ചുരുൾപോലെ ചുരുണ്ടുപോയി. ഭൂമി അവന്റെ മുമ്പാകെ വിറച്ചു. ദീപുകൾ സ്വസ്ഥാനത്തുനിന്നും നീങ്ങിപ്പോയി.—GC 640-642 (1911).

### അവനെ കുത്തിത്തുളച്ചവരുടെ പ്രതികരണം

ക്രിസ്തുവിനെ നിരസിക്കുന്നതിലും ക്രൂശിക്കുന്നതിലും പ്രാഥമികമായ പങ്കുവഹിച്ചവർ അവൻ ആയിരിക്കുന്നതുപോലെ അവനെ കാണുന്നതിന് എഴുന്നേറ്റുവരും. ക്രിസ്തുവിനെ നിരസിച്ചവർ ഉയിർത്തെഴുന്നേല്ക്കുമ്പോൾ വിശുദ്ധന്മാർ തേജസ്കരിക്കപ്പെട്ടിരിക്കുന്നതു കാണും. ആ സമയത്താണ് കണ്ണിമയ്ക്കുന്നിടയിൽ, ഒരു നിമിഷംകൊണ്ട്, വിശുദ്ധന്മാർ രൂപാന്തരപ്പെടുന്നതും ആകാശത്തിൽ തങ്ങളുടെ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടുന്നതും. അവനെ ചുവന്ന അങ്കി ധരിപ്പിച്ചവരും അവന്റെ ശിരസ്സിൽ മുൾക്കിരീടം വച്ചവരും അവന്റെ കൈകളിലും കാലുകളിലും ആണികൾ തറച്ചവരും അവനെ നോക്കി നെടുവീർപ്പിടും.—9 MR 252 (1886).



അവർ അവന്റെ സ്നേഹത്തെ തുച്ഛീകരിച്ചതിനെയും അവന്റെ മനസ്സലിവിനെ ദുരുപയോഗം ചെയ്തതിനെയുംകുറിച്ച് അവർ ഓർക്കും. അവനുപകരം കൊലപാതകിയും മോഷ്ടാവുമായ ബറബ്ബാസിനെ അവർ തിരഞ്ഞെടുത്തതും അവനെ മുൾക്കിരീടം ധരിപ്പിച്ചിട്ട് ചമ്മട്ടികൊണ്ട് അടിച്ചതും ക്രൂശിച്ചതും, ക്രൂശിൽ അവൻ പ്രാണവേദനയനുഭവിക്കുന്ന സമയത്ത്, "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിക്കുവാൻ കഴിയുന്നില്ല. ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങി വരട്ടെ ഞങ്ങൾ വിശ്വസിക്കാം" എന്നു പറഞ്ഞു. പുരോഹിതന്മാരും ഭരണാധികാരികളും അവനെ നിന്ദിച്ചതും അവർ അപ്പോൾ ഓർക്കും. അവർ ക്രിസ്തുവിന് അർപ്പിച്ച സകല പരിഹാസങ്ങളും നിന്ദകളും തന്റെ ശിഷ്യന്മാർക്കു വരുത്തിവച്ച സകല കഷ്ടതകളും അവർ ആ പൈശാചിക പ്രവൃത്തികൾ ചെയ്ത നിമിഷത്തിലെന്നതുപോലെ അപ്പോൾ അവരുടെ ഓർമ്മയിൽ പച്ചയായി കടന്നുവരും.

തങ്ങൾ പലപ്പോഴായി കേട്ടിട്ടുള്ള അപേക്ഷകളും പ്രേരണകളും വീണ്ടും അവരുടെ കർണ്ണങ്ങളിൽ മുഴങ്ങും. രക്ഷകൻ പള്ളികളിലും തെരുവുകളിലും സംസാരിച്ചപ്പോഴെന്നപോലെ, ഓരോ കരുണാർദ്രമായ അപേക്ഷയും തങ്ങളുടെ കാതുകളിൽ വ്യക്തമായി മുഴങ്ങും. അപ്പോൾ അവനെ കുത്തിത്തുളച്ചവർ മലകളോടും പാറകളോടും തങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ എന്ന് നിലവിളിക്കും.— Letter 131 (1900).

### "ഉറങ്ങുന്നവരേ, ഉണരൂ, എഴുന്നേല്ക്കൂ"

മേഘങ്ങൾ ചുരുൾപോലെ ഉരുണ്ടുമാറി. അപ്പോൾ മനുഷ്യപുത്രന്റെ ശോഭയാർന്നതും വ്യക്തവുമായ അടയാളം കാണായ് വന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങൾക്ക് ആ മേഘം എന്താണ് അർത്ഥമാക്കുന്നതെന്നറിയാം. സംഗീതത്തിന്റെ ശബ്ദം കേട്ടു. അത് അടുത്തടുത്തു വന്നപ്പോൾ മരിച്ചവർ ഉയിർത്തെഴുന്നേറ്റു.—9MR 251, 252 (1886).

"ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു.... പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5:28, 29). മരിച്ചവരായ സകല ജാതികളിലും ഈ ശബ്ദത്തിന്റെ മാറ്റൊലി ഉണ്ടാകും. യേശുവിൽ വിശ്വസിക്കുന്ന എല്ലാ വിശുദ്ധരും ഉണർന്നിട്ട് തങ്ങളുടെ തടവറയെ ഉപേക്ഷിച്ചു പുറത്തുവരും.—Ms 137 (1897).

ആദാം മുതൽ അവസാനം മരിക്കുന്ന വിശുദ്ധൻവരെയുള്ള പ്രിയരായ മൃതന്മാർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും അമർത്യമായ ജീവിതത്തിനായി കല്ലറയിൽനിന്നു പുറത്തുവരികയും ചെയ്യും.—DA 606 (1898).

ഭൂമി ആടിയുലയുന്നതിന്റെയും മിന്നൽപിണരിന്റെയും ഇടിമുഴക്കത്തിന്റെയും മധ്യത്തിൽ ദൈവപുത്രന്റെ ശബ്ദം ഉറങ്ങിക്കിടക്കുന്ന വിശുദ്ധൻമാരെ വിളിക്കും. നീതിമാന്മാരുടെ കല്ലറകളുടെമേൽ അവൻ നോക്കും. എന്നിട്ട് കരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തിക്കൊണ്ട് അവൻ ഉച്ചത്തിൽ പറയും, "മണ്ണിൽ ഉറങ്ങുന്നവരേ, ഉണരുക, ഉണരുക, ഉണരുക.... എഴുന്നേല്ക്കുക!". ഭൂമിയിൽ അങ്ങോളമിങ്ങോളമുള്ള മൃതന്മാർ അവന്റെ ശബ്ദം കേൾക്കും; കേൾക്കുന്നവർ ജീവിക്കും. സകല ജാതിയും ഗോത്രവും വംശവും ഭാഷയും ആയവരുടെ ഇടയിൽനിന്നുള്ള മഹാസൈന്യത്തിന്റെ കാൽപ്പെരുമാറ്റം ഭൂമി മുഴുവനും മുഴങ്ങും. മരണത്തിന്റെ തടവറയിൽനിന്നും അമർത്യമായ തേജസ്സു ധരിച്ചുകൊണ്ട് അവർ വരും. "ഹേ മരണമേ, നിന്റെ വിഷമുള്ളു എവിടെ?" (1 കൊരിന്ത്യർ 15:55) എന്ന് അവർ ഉച്ചത്തിൽ ചോദിക്കും. ജീവനോടെയിരിക്കുന്ന നീതിമാന്മാരും പുനരുത്ഥാനം ചെയ്ത വിശുദ്ധന്മാരും ദീർഘമായ വിജയത്തിന്റെ ഉല്ലാസഘോഷം മുഴക്കുന്നതിൽ ഒന്നു ചേരും.—GC 644 (1911).

## ഗുഹകളിൽനിന്നും കാരാഗൃഹങ്ങളിൽനിന്നും

പർവ്വതങ്ങളുടെ ദൃഢതയിലും ഭൂമിയുടെ ഗുഹകളിലും രക്ഷകൻ തന്റെ സാന്നിധ്യവും മഹത്വവും വെളിപ്പെടുത്തും.

കുറഞ്ഞോന്നു കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും, താമസിക്കുകയില്ല. ശക്തമായി അടയ്ക്കപ്പെട്ട കാരാഗൃഹത്തിനുള്ളിലേയ്ക്കു അവന്റെ കണ്ണുകൾ തീജ്വാലപോലെ തുളച്ചുകയറും, ഒളിച്ചിരിക്കുന്നവരെ പുറത്തു കൊണ്ടുവരും; കാരണം അവരുടെ പേര് കുഞ്ഞാടിന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. രക്ഷകന്റെ കണ്ണുകൾ നമ്മുടെ മേലും, നമുക്കു ചുറ്റും ഉണ്ട്, എല്ലാ കഷ്ടതകളും അവൻ ശ്രദ്ധിക്കുന്നു, എല്ലാ ആപത്തുകളും അവൻ മനസ്സിലാക്കുന്നു. അവന്റെ കണ്ണുകൾക്ക് തുളച്ചുകയറിച്ചെല്ലുവാനാവാത്ത ഒരു സ്ഥലവുമില്ല. ക്രിസ്തുവിന്റെ അനുകമ്പ എത്തിച്ചേരാത്ത കഷ്ടവും പ്രയാസവും ഉള്ളയിടം ദൈവജനത്തിനില്ല....



യേശുക്രിസ്തുവിന്റെ മഹത്വം ആദ്യമായി ദർശിക്കുമ്പോൾ ഒരു ദൈവ പൈതൽ ഭയചകിതനായിത്തീരും. അവന്റെ പാവനമായ സന്നിധിയിൽ തനിക്കു ജീവിക്കുവാൻ കഴിയുകയില്ല എന്ന് അവനു തോന്നും. എന്നാൽ യോഹന്നാൻ കേട്ടതുപോലെ "ഭയപ്പെടേണ്ടാ" എന്ന ശബ്ദം അവൻ കേൾക്കും. യേശു തന്റെ കരം യോഹന്നാന്റെ മേൽ വച്ചു; സാഷ്ടാംഗം വീണു കിടക്കുകയായിരുന്ന അവനെ ക്രിസ്തു എഴുന്നേല്പിച്ചു. അവനെ ആശ്രയിക്കുന്ന അവന്റെ വിശ്വസ്തരോടും അവൻ അങ്ങിനെതന്നെ ചെയ്യും.—TMK 360, 361 (1886).

മച്ചുമ്പുറങ്ങളിൽനിന്നും ചെറ്റപ്പുരകളിൽനിന്നും കാരാഗൃഹങ്ങളിൽനിന്നും തൂക്കുമരങ്ങളുടെ തട്ടുകളിൽനിന്നും പർവ്വതങ്ങളിൽനിന്നും മരുഭൂമികളിൽനിന്നും ഭൂമിയുടെ ഗുഹകളിൽനിന്നും, സമുദ്രത്തിന്റെ അന്തർഭാഗത്തുനിന്നും ദൈവത്തിന്റെ അവകാശികൾ കടന്നുവന്നു.—GC 650 (1911).

## സമുദ്രത്തിന്റെ ആഴങ്ങളിൽനിന്നും കുഴികളിൽനിന്നും പർവ്വതങ്ങളിൽ നിന്നും

വിശ്വസ്തരായവരെ ചേർക്കുവാൻ ക്രിസ്തു വരുമ്പോൾ അവസാനത്തെ കാഹളം ധ്വനിക്കും. അപ്പോൾ ഭൂമി മുഴുവനും, ഏറ്റവും ഉയരം കൂടിയ പർവ്വതത്തിന്റെ നെറുക മുതൽ ആഴമുള്ള ഗർത്തങ്ങളുടെ അഗാധതലം വരെ, ആ ശബ്ദം കേൾക്കും. മരിച്ചുപോയ വിശുദ്ധന്മാർ കാഹളത്തിന്റെ ശബ്ദം കേൾക്കുമ്പോൾ, അമർത്യത ധരിക്കുവാനും അവരുടെ കർത്താവിനെ എതിരേല്പാനും കല്ലറയിൽനിന്നും എഴുന്നേറ്റുവരും.—7 BC 909 (1904).

പാറകളുടെ വിടവുകളിൽനിന്നും കാരാഗൃഹങ്ങളിൽനിന്നും ഭൂമിയുടെ ഗുഹകളിൽനിന്നും പുറത്തുവരുന്ന വിശുദ്ധന്മാരുടെ പുനരുത്ഥാനത്തെക്കുറിച്ച് സന്തോഷത്തോടെ ഞാൻ ശ്രദ്ധപതിപ്പിക്കുന്നു. ആരും അവഗണിക്കപ്പെടുകയില്ല. എല്ലാവരും അവന്റെ ശബ്ദം കേൾക്കും. വിജയത്തോടെ അവർ പുറത്തു വരും.—Letter 113, 1886.

ജീവദാതാവായ ക്രിസ്തു മൃതന്മാരെ പുറത്തേയ്ക്കു വിളിക്കുമ്പോൾ സ്വിറ്റ്സർലാന്റിലെ ഈ പർവ്വതങ്ങളും മലകളും എത്ര മനോഹരമായ ദൃശ്യമാണ് കാഴ്ചവയ്ക്കുവാൻ പോകുന്നത്! ഗുഹകളിൽനിന്നും കാരാഗൃഹങ്ങളിൽനിന്നും തങ്ങളുടെ ശരീരങ്ങൾ മറവു ചെയ്യപ്പെട്ട ആഴമുള്ള കിണറുകളിൽനിന്നും അവർ വരും.—Letter 97 (1886).

## ദുഷ്ടന്മാർ ഛേദിക്കപ്പെടും

തങ്ങളുടേതായ ഉഗ്ര ആവേശത്തിന്റെ വിഭ്രാന്തമായ കിടമത്സരത്തിലും ദൈവത്തിന്റെ ഭയാനകമായ, കലർപ്പില്ലാത്ത ക്രോധത്തിന്റെ വർഷത്താലും ഭൂമിയിലെ പുരോഹിന്മാർ, ഭരണാധികാരികൾ, ധനവാന്മാർ, ദരിദ്രർ, ഉയർന്നവർ, താഴ്ന്നവർ എന്നുതുടങ്ങി ഭൂമിയിലെ ദുഷ്ടനിവാസികൾ താളടിയാകും. "അന്നാളിൽ യഹോവയുടെ നിഹതന്മാർ ഭുമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ വീണു കിടക്കും; അവരെ എടുത്തു കഴിച്ചിടുകയില്ല". (യിരെമ്യാവ് 25:33).

ക്രിസ്തുവിന്റെ വരവിങ്കൽ ഭൂമിയുടെ പരപ്പിൽനിന്നും ദുഷ്ടന്മാർ തുടച്ചുനീക്കപ്പെടും. അവന്റെ വായിലെ ശ്വാസത്താൽ അവർ ദഹിപ്പിക്കപ്പെടും. അവന്റെ മഹത്വത്തിന്റെ പ്രഭയാൽ അവർ നശിപ്പിക്കപ്പെടും. അവന്റെ ജനത്തെ ദൈവപട്ടണത്തിലേക്ക് കൊണ്ടുപോകും, ഭൂമി അതിലെ നിവാസികളില്ലാതെ ശൂന്യമാക്കപ്പെടും.—GC 657 (1911).

പാപം എവിടെയുണ്ടോ, അതിനു നേരെ "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നി"യാകുന്നു (എബ്രായർ 12:29). തന്റെ ശക്തിക്കു സമർപ്പിച്ചുകൊടുക്കുന്ന എല്ലാവരിലുംനിന്ന് അവന്റെ ആത്മാവ് പാപത്തെ ദഹിപ്പിച്ചുകളയും. എന്നാൽ മനുഷ്യർ പാപത്തോടു പറ്റിച്ചേർന്നാൽ അവർ അതുമായി താദാത്മ്യപ്പെടും. അപ്പോൾ പാപത്തെ നശിപ്പിക്കുന്ന ദൈവത്തിന്റെ പ്രഭ അവരെ നശിപ്പിക്കും.—DA 107 (1898).

അവന്റെ മുഖത്തിന്റെ ശോഭ നീതിമാന്മാർക്കു ജീവനും ദുഷ്ടന്മാർക്ക് ദഹിപ്പിക്കുന്ന അഗ്നിയുമായിരിക്കും.—DA 600 (1898).

## ദുഷ്ടന്മാരെ നശിപ്പിക്കൽ കരുണയുടെ ഒരു പ്രവൃത്തി

ഹൃദയം മുഴുവനും ദൈവത്തോടും സത്യത്തോടും വിശുദ്ധിയോടും വെറുപ്പു സൂക്ഷിച്ചവർക്ക് സ്വർഗ്ഗീയ ജനതയോടു ലയിച്ചു ചേരുവാനും അവരുടെ സ്തോത്രഗീതത്തിൽ പങ്കുചേരുവാനും സാധിക്കുമോ? ദൈവത്തിന്റെയും കുഞ്ഞാടിന്റെയും പ്രഭ സഹിക്കുവാൻ അവർക്കു സാധിക്കുമോ? തീർച്ചയായും ഇല്ല. സ്വർഗ്ഗത്തിൽ ജീവിക്കുന്നതിനു അവർ സ്വഭാവം രൂപീകരിക്കുന്നതിനുവേണ്ടി കൃപാകാലത്തിന്റെ വർഷങ്ങൾ അവർക്കു നീട്ടിക്കൊടുത്തു. എന്നാൽ വിശുദ്ധിയെ സ്നേഹിക്കുന്നതിനുവേണ്ടി അവർ തങ്ങളുടെ മനസ്സിനെ പരിശീലിപ്പിച്ചില്ല; അവർ സ്വർഗ്ഗത്തിന്റെ ഭാഷ ഒരിക്കലും പഠിച്ചില്ല, ഇപ്പോൾ സമയം വളരെ വൈകിപ്പോയി. ദൈവത്തിനെതിരെ മത്സരിച്ചുകൊണ്ടുള്ള ഒരു ജീവിതം അവരെ സ്വർഗ്ഗത്തിന് അനർഹരാക്കിത്തീർത്തു. അതിലെ



നിർമ്മലതയും വിശുദ്ധിയും സമാധാനവും അവർക്ക് ഒരു ദണ്ഡനം ആയിരിക്കും; ദൈവത്തിന്റെ പ്രഭ അവർക്ക് ദഹിപ്പിക്കുന്ന അഗ്നി ആയിരിക്കും. ആ വിശുദ്ധ സ്ഥലത്തുനിന്നും ഓടിപ്പോകുവാൻ അവർ അതിയായി ആഗ്രഹിക്കും. തങ്ങളെ വീണ്ടെടുക്കുന്നതിനുവേണ്ടി മരിച്ചവന്റെ മുമ്പിൽനിന്നും മറെയ്ക്കപ്പെടേണ്ടതിന് അവർ നാശത്തെ സ്വാഗതം ചെയ്യും. ദുഷ്ടന്മാരുടെ ഭാഗധേയം തങ്ങളുടെ തിരഞ്ഞെടുപ്പിൽക്കൂടി ഉറപ്പിക്കപ്പെട്ടു. അവർ സ്വർഗ്ഗത്തിൽനിന്നും ഒഴിവാക്കപ്പെട്ടത് അവരുടെ സ്വമേധയാ തീരുമാനവും ദൈവത്തിന്റെ ഭാഗത്തുനിന്നുമുള്ള നീതിയും കരുണയും ആകുന്നു.—GC 542, 543 (1911).

## ഭവനത്തിലേക്ക്!

ജീവനോടെയിരിക്കുന്ന നീതിമാന്മാർ "പെട്ടെന്നു, കണ്ണിമയ്ക്കുന്നിടയിൽ രൂപാന്തരപ്പെടും". ദൈവത്തിന്റെ ശബ്ദത്തിങ്കൽ അവർ തേജസ്കരിക്കപ്പെട്ടു; ഇപ്പോൾ അവർക്ക് അമർത്യത ലഭിച്ചു. ഉയിർത്തെഴുന്നേറ്റ വിശുദ്ധരോടൊപ്പം കർത്താവിനെ മേഘങ്ങളിൽ എതിരേല്ക്കുന്നതിന് അവർ ചേർക്കപ്പെടും. ദൂതന്മാർ "തന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെ നാലു കാറ്റുകളിൽ നിന്നും കൂട്ടിച്ചേർക്കും". കൊച്ചുകുഞ്ഞുങ്ങളെ വിശുദ്ധ മാലാഖമാർ തങ്ങളുടെ അമ്മമാരുടെ കരങ്ങളിൽ ഏല്പിക്കും. മരണത്താൽ വളരെ നാളുകളായി വേർപിരിഞ്ഞിരുന്ന സുഹൃത്തുക്കൾ ഒരുമിച്ചു ചേരും. അവർ ഇനി പിരിയുകയില്ല. അവർ ഒരുമിച്ച് ആമോദ ഗാനങ്ങളോടെ ദൈവപട്ടണത്തിലേക്ക് ആരോഹണം ചെയ്യും.—GC 645 (1911).

ഞങ്ങൾ എല്ലാവരും മേഘത്തിൽ കയറിയിട്ട് പളുങ്കുകടലിൽ എത്തുവോളം ഏഴു ദിവസം മുകളിലേക്ക് പൊയ്ക്കൊണ്ടിരുന്നു.—EW 16 (1851).

രഥം മുകളിലേക്ക് ഉരുണ്ടപ്പോൾ "പരിശുദ്ധൻ" എന്ന് അതിന്റെ ചക്രങ്ങൾ ഘോഷിച്ചു. ചിറകുകൾ ചലിച്ചപ്പോൾ അതും "വിശുദ്ധൻ" എന്നു ഘോഷിച്ചു. മേഘത്തിനു ചുറ്റും അകമ്പടി സേവിക്കുന്ന വിശുദ്ധ മാലാഖമാർ "പരിശുദ്ധൻ, പരിശുദ്ധൻ, കർത്താവായ ദൈവം പരിശുദ്ധൻ!" എന്ന് ആർത്തു. മേഘത്തിലുണ്ടായിരുന്ന വിശുദ്ധന്മാർ "മഹത്വം! ഹാല്ലേലുയ്യാ!" എന്ന് ഉറക്കെ പറഞ്ഞു".—EW 35 (1851).

അവനെ കാണുക എന്നതും അവന്റെ വീണ്ടെടുക്കപ്പെട്ട ജനമായി സ്വാഗതം ചെയ്യപ്പെടുക എന്നുള്ളതും എത്ര മഹത്വകരം! നീണ്ട സമയം നാം അവനായി കാത്തിരുന്നു, എന്നാൽ നമ്മുടെ പ്രത്യാശ

മങ്ങേണ്ടതില്ല. നമുക്കു രാജാവിനെ അവന്റെ സൗന്ദര്യത്തോടു മാത്രം ദർശിക്കുവാൻ കഴിഞ്ഞാൽ നാം എന്നെന്നേക്കുമായി അനുഗ്രഹിക്കപ്പെട്ടു. "വീട്ടിലേക്കുള്ള യാത്രയിൽ ഞാൻ ആസക്തനായിരിക്കുന്നു!" എന്ന് ഉറക്കെ നിലവിളിക്കണമെന്ന് എനിക്കു തോന്നുന്നു".—8 T 253 (1904).

## ക്രിസ്തു ജയിച്ചിരിക്കുന്നു എന്ന് മാലാഖമാർ പാടുന്നു!

ആ നാളിൽ വീണ്ടെടുക്കപ്പെട്ടവർ പിതാവിന്റെയും പുത്രന്റെയും തേജസ്സിൽ പ്രകാശിക്കും. മാലാഖമാർ തങ്ങളുടെ സ്വർണ്ണ വീണകൾ പിടിച്ചുകൊണ്ട് രാജാവിനെയും അവന്റെ വിജയ ചിഹ്നമായ കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെൺമയാക്കപ്പെട്ടവരെയും സ്വാഗതം ചെയ്യും. സ്വർഗ്ഗത്തെ മുഴുവൻ നിറയ്ക്കുന്ന ഒരു വിജയഗാനം മുഴങ്ങും. ക്രിസ്തു ജയിച്ചിരിക്കുന്നു. കഷ്ടതകളും ത്യാഗവും നിറഞ്ഞ തന്റെ ദൗത്യം പാഴായിപ്പോയില്ല എന്നതിനു സാക്ഷികളായ വീണ്ടെടുക്കപ്പെട്ടവരുടെ അകമ്പടിയോടെ അവൻ സ്വർഗ്ഗീയ രാജസദസ്സിൽ പ്രവേശിച്ചു.—9 T 285, 286 (1909).

പറഞ്ഞറിയിക്കുവാനാകാത്ത സ്നേഹത്തോടെ, തന്റെ വിശ്വസ്തരെ തങ്ങളുടെ കർത്താവിന്റെ സന്തോഷത്തിലേക്ക് യേശു സ്വാഗതം ചെയ്യുന്നു. മഹത്വത്തിന്റെ രാജ്യത്തിൽ, തന്റെ അതിവേദനയാലും നിന്ദയാലും രക്ഷിക്കപ്പെട്ട ആത്മാക്കളെ കാണുന്നതിലാണ്, രക്ഷകന്റെ സന്തോഷം കുടികൊള്ളുന്നത്.—GC 647 (1911).

തന്റെ വേലയുടെ ഫലത്തിൽ ക്രിസ്തു തന്റെ നഷ്ടങ്ങളുടെ പാരിതോഷികത്തെ കാണും. "തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ" നല്കപ്പെട്ട, ആർക്കും എണ്ണിത്തീർക്കുവാൻ കഴിയാത്ത ആ പുരുഷാരത്തിൽ തന്റെ രക്തംകൊണ്ടു നമ്മെ വീണ്ടെടുക്കുകയും, തന്റെ ജീവിതംകൊണ്ടു നമ്മെ പഠിപ്പിക്കുകയും ചെയ്തവൻ "തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും".—Ed 309 (1903).

## വിശുദ്ധന്മാർക്കു കിരീടങ്ങളും വീണകളും നല്കപ്പെട്ടു

മാലാഖമാരുടെ വലിയൊരു സംഖ്യ നഗരത്തിൽനിന്നും തേജസ്സുള്ള കിരീടങ്ങൾ കൊണ്ടുവരുന്നതു ഞാൻ കണ്ടു. ഓരോ വിശുദ്ധനും ഒരു കിരീടം, അതിൽ അവന്റെ പേര് എഴുതിയിട്ടുണ്ട്. യേശു കിരീടങ്ങൾ ചോദിച്ചപ്പോൾ മാലാഖമാർ അത് അവനെ ഏല്പിച്ചു. തന്റെ സ്വന്തം



വലതു കരംകൊണ്ട് പ്രിയനായ യേശു ആ കിരീടങ്ങൾ വിശുദ്ധന്മാരുടെ ശിരസ്സിന്മേൽ വെച്ചുകൊടുത്തു.—EW 288 (1858).

പളുങ്കു കടലിന്റെ തീരത്ത് 144,000 പേർ ഒരു സമചതുരത്തിൽ നിലയുറപ്പിച്ചു. ചിലർക്ക് നന്നായി തിളങ്ങുന്ന കിരീടങ്ങൾ ഉണ്ടായിരുന്നു. ചിലരുടേതിന് അത്ര തിളക്കമുണ്ടായിരുന്നില്ല. ചില കിരീടങ്ങൾ അതിൽ അനേക നക്ഷത്രങ്ങൾ ഉള്ളതുകൊണ്ട് ഭാരമുള്ളവയായിരുന്നു. ചില കിരീടങ്ങളിൽ കുറച്ചു നക്ഷത്രങ്ങളേ ഉണ്ടായിരുന്നുള്ളൂ. എല്ലാവരും തങ്ങളുടെ കിരീടങ്ങളിൽ സംതൃപ്തരായിരുന്നു.—EW 16, 17 (1851).

ജീവകിരീടം, നമ്മുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ തേജസ്സു കൂടിയതോ കുറഞ്ഞതോ അനേക നക്ഷത്രങ്ങളാൽ അതു തിളങ്ങുന്നതോ കുറച്ചു മുത്തുകളാൽ പ്രകാശിക്കുന്നതോ ആയിരിക്കും.—6 BC 1105 (1895).

കിരീടത്തിൽ ഒരു നക്ഷത്രം പോലുമില്ലാതെ ആരും രക്ഷിക്കപ്പെട്ട് സ്വർഗ്ഗത്തിൽ ഉണ്ടാവുകയില്ല. നിങ്ങൾ അവിടെ പ്രവേശിച്ചാൽ നിങ്ങളുടെ പ്രയത്നം നിമിത്തം അവിടെ പ്രവേശനം ലഭിച്ച ചില ആത്മാക്കൾ ആ മഹത്വത്തിന്റെ സദസ്സിൽ ഉണ്ടായിരിക്കും.—ST June 6 (1892).

ദൈവപട്ടണത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് തന്റെ അനുയായികൾക്ക് രക്ഷകൻ വിജയത്തിന്റെ ചിഹ്നം നല്കും. എന്നിട്ട് തങ്ങളുടെ രാജകീയ ഭരണകൂടത്തിന്റെ മുദ്ര അവരെ ധരിപ്പിക്കും. തേജസ്സു ധരിച്ചവർ രാജാവിനു ചുറ്റും ഒരു സമചതുരമായി നില്ക്കും.... വിജയികളായവരുടെ ശിരസ്സിന്മേൽ യേശു തന്റെ വലതുകരംകൊണ്ട് മഹത്വത്തിന്റെ കിരീടം വയ്ക്കും.... ഓരോ കരത്തിലും വിജയിയുടെ കുരുത്തോലയും തിളങ്ങുന്ന വീണയും നല്കപ്പെടും. അതിനുശേഷം ആജ്ഞകൊടുക്കുന്ന മാലാഖ നാദം പുറപ്പെടുവിക്കുമ്പോൾ ഓരോ കരവും വീണക്കമ്പികളിൽ കരവിരുതോടെ സ്പർശിക്കുകയും, മാധുര്യമേറിയ സംഗീതം പുറപ്പെടുകയും ചെയ്യും. വീണ്ടെടുക്കപ്പെട്ടവരുടെ സമൂഹത്തിനു മുമ്പിൽ വിശുദ്ധ നഗരമുണ്ട്. മുത്തുകളാൽ നിർമ്മിതമായ ആ കവാടം യേശു തുറക്കുകയും സത്യത്തെ കാത്തുപാലിച്ച ജനം ഉള്ളിൽ പ്രവേശിക്കുകയും ചെയ്യും.—GC 645, 646 (1911).

# അധ്യായം ഇരുപത്

# വിശുദ്ധന്മാരുടെ അവകാശം

സ്വർഗ്ഗത്തെയും പുതിയ ഭൂമിയെയും സംബന്ധിച്ച് എലൻ വൈറ്റിനു കാണിച്ചു കൊടുത്ത പല തരത്തിലുള്ള കാഴ്ചകൾ, നിത്യമായ യാഥാർത്ഥ്യങ്ങളുടെ മാതൃകക ളായിരുന്നു. മാനുഷികമായ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് സ്വർഗ്ഗീയമായ കാര്യങ്ങൾ അവർക്കു കാണിച്ചുകൊടുത്തത്. ഗ്രഹിക്കുവാനുള്ള നമ്മുടെ ശക്തിയു ടെയും ഭാഷയുടെയും പരിമിതി നിമിത്തം, പ്രദർശിപ്പിച്ചു കൊടുക്കപ്പെട്ട ദൃശ്യങ്ങ ളുടെ യഥാർത്ഥ രൂപം പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്ക് കഴിയുകയില്ല. "ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും. (1 കൊരിന്ത്യർ 13:12)

## ദൈവത്തിൽ നിന്നുമുള്ള ഒരു ദാനം

നമുക്ക് സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനാനുമതിപ്പത്രം നേടിത്തരു ന്നത് ക്രിസ്തുവും അവന്റെ നീതിയും മാത്രമാകുന്നു.—Letter 6b (1890).

അഹംഭാവമുള്ള ഹൃദയം രക്ഷ സമ്പാദിക്കുവാൻ പരിശ്രമിക്കും, എന്നാൽ സ്വർഗ്ഗത്തിനു നമ്മെ അവകാശികളാക്കുന്നതും, അതിനാ യുള്ള നമ്മുടെ യോഗ്യതയും കാണപ്പെടുന്നത് ക്രിസ്തുവിന്റെ നീതി യിലാണ്.—DA 300 (1898).

നാം സ്വർഗ്ഗീയ കുടുംബത്തിലെ അംഗങ്ങളായിത്തീരേണ്ടതിന്, അവൻ ഭൗമീക കുടുംബത്തിലെ അംഗമായിത്തീർന്നു. - DA 638 (1898).

ഈ ഭൂമിയിലെ ഏറ്റവും വിശിഷ്ടമായ കൊട്ടാരത്തിന് അവകാശി യാകുന്നതിനേക്കാളും നമ്മുടെ കർത്താവ് നമുക്കുവേണ്ടി ഒരുക്കുവാൻ പോയിരിക്കുന്ന വാസസ്ഥലം അവകാശമാക്കുന്നതാണ് ഉത്തമം. ഭൗമി കമായ എല്ലാ പുകഴ്ചകളെക്കാളും, "എന്റെ പിതാവിനാൽ അനുഗ്ര ഹിക്കപ്പെട്ടവരേ, വരുവിൻ; ലോക സ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" എന്ന തന്റെ വിശ്വസ്തരായ ദാസന്മാരോടുള്ള രക്ഷകന്റെ വാക്കുകളാണ് നല്ലത്.—COL 374 (1900).



## ഭാവിലോകത്തെക്കുറിച്ച് എന്തുകൊണ്ട് നാം ചിന്തിക്കണം

നാം വിലമതിക്കുന്ന കാര്യങ്ങളിൽനിന്നും നിത്യത അപ്രത്യക്ഷമാ കാതെയിരിക്കുവാൻ യേശു സ്വർഗ്ഗവും അതിന്റെ മഹത്വവും നമ്മുടെ കാഴ്ചയ്ക്കു മുമ്പിൽ വച്ചിരിക്കുന്നു.—ST April 4 (1895).

നിത്യമായ യാഥാർത്ഥ്യങ്ങൾ കണ്ണിനു മുമ്പിൽ വച്ചുകൊണ്ട്, ദൈവ ത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള ചിന്തകൾ നാം പടിപടിയായി പരി പോഷിപ്പിക്കും. ശത്രു ഉള്ളിൽ പ്രവേശിക്കുന്നതിനെതിരെ ഇതൊരു പ്രതിരോധമായിരിക്കും; അത് ശക്തിയും ഉറപ്പും നല്കുന്നതിനോ ടൊപ്പം നമ്മുടെ ആത്മാവിനെ ഭയത്തിന് അതീതമായി ഉയർത്തുകയും ചെയ്യുന്നു. സ്വർഗ്ഗത്തിലെ അന്തരീക്ഷത്തിൽ ശ്വാസോച്ഛ്വാസം ചെയ്യുന്ന നാം പിന്നെ ഈ ഭൂമിയിലെ മലേറിയ ശ്വസിക്കുകയില്ല....

സ്വർഗ്ഗത്തിന്റെ ആകർഷണം ചിന്തകൾക്കു സുപരിചിതം ആകേ ണ്ടതിനും ഓർമ്മയുടെ ഭിത്തിയിൽ സ്വർഗ്ഗീയമായ ചിത്രങ്ങളും സ്വർഗ്ഗീയ ലാവണ്യവും തൂക്കേണ്ടതിനും സ്വർഗ്ഗീയമായതിന്റെ നേട്ട ങ്ങളും സ്വർഗ്ഗീയമായതിന്റെ മനോഹരമായ പ്രതിബിംബങ്ങളും അവ തരിപ്പിച്ചുതരേണ്ടതിനു യേശു വരുന്നു....

മഹാഗുരു ഭാവിലോകത്തിന്റെ ഒരു ദൃശ്യം മനുഷ്യനു നല്കുന്നു. അതിന്റെ ആകർഷണങ്ങളോടുകൂടി, മനുഷ്യന്റെ കാഴ്ചയ്ക്കുള്ളിൽ വരുന്ന കാര്യങ്ങളെ അവൻ കാട്ടിത്തരുന്നു..... ഭാവി ജീവിതത്തിലും അതിന്റെ അനുഗ്രഹങ്ങളിലും അവന് തന്റെ മനസ്സിനെ ഉറപ്പിക്കാമെ ങ്കിൽ, ഈ ലോകത്തിലെ താല്ക്കാലിക താല്പര്യങ്ങളുമായി താര തമ്യം ചെയ്യുമ്പോൾ, അതിൽ പ്രകടമായിരിക്കുന്ന വൈരുദ്ധ്യം മന സ്സിൽ ആഴമായി പതിയും. ഹൃദയത്തെയും ആത്മാവിനെയും വ്യക്തിയെ മുഴുവനായും അതു സ്വാധീനിക്കും.—OHC 285, 286 (1890).

## ക്രിസ്ത്യാനിയുടെ പ്രേരണകൾ

ഇതിലും ബലമുള്ള ചലനശക്തി ഇതിലും, ശക്തിയുള്ള പ്രവർത്ത നശേഷി ഒരിക്കലും കർമ്മോന്മുഖമാക്കുവാൻ കഴിയുകയില്ല: ശരിയാ യതു ചെയ്യുന്നതിലുള്ള ശ്രേഷ്ഠമായ പ്രതിഫലം, സ്വർഗ്ഗത്തിന്റെ ആനന്ദാനുഭൂതി മാലാഖമാരുടെ സഹവാസം, ദൈവത്തിന്റെയും തന്റെ പുത്രന്റെയും സ്നേഹ സംസർഗ്ഗം, നിത്യത മുഴുവനുമുള്ള നമ്മുടെ കഴിവുകളുടെ വികസനം, വളർച്ച എന്നിവ നമ്മുടെ ഹൃദയം സ്രഷ്ടാ വിന്റെയും വീണ്ടെടുപ്പുകാരന്റെയും സേവനത്തിനായി സമർപ്പിക്കുന്ന തിന് ശക്തമായ പ്രേരകങ്ങളും പ്രോത്സാഹനങ്ങളും അല്ലയോ?—SC 21,22 (1892).

നമുക്ക് യേശുവിനെ സമാധാനത്തിൽ കണ്ടുമുട്ടുവാനും രക്ഷിക്കപ്പെടുവാനും നിത്യമായി രക്ഷിക്കപ്പെടുവാനും കഴിഞ്ഞാൽ സകല ജീവജാലങ്ങളിലുംവെച്ച് ഏറ്റവും സന്തോഷമുള്ളവർ നാം ആയിരിക്കും. ഓ, ദുഷ്ടൻമാർ ശല്യമുണ്ടാക്കാത്തതും ക്ഷീണിച്ചവർ വിശ്രമിക്കുന്നതുമായ വീട്ടിൽ എത്തിച്ചേരുന്ന ആ അനുഭവമേ!—Letter 113 (1886).

ഈ ഭൂമിയിലുള്ള പ്രകൃതിയിലെ മനോഹരങ്ങളായ എല്ലാം കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ദൈവത്തിന്റെ നല്ല സൃഷ്ടികളാൽ ചുറ്റപ്പെട്ട ഈ ഭൂമി, പാപത്തിന്റെ ശാപത്താൽ നശിപ്പിക്കപ്പെട്ടിരുന്നില്ല എങ്കിൽ, ഞാൻ അതിൽ പരിപൂർണ്ണമായും സംതൃപ്തയാകുമായിരുന്നു എന്ന് ഞാൻ ചിന്തിക്കുന്നു. എന്നാൽ നമുക്ക് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ലഭിക്കും. യോഹന്നാൻ ഇതു തന്റെ വിശുദ്ധ ദർശനത്തിൽ കണ്ടു. "സിംഹാസനത്തിൽനിന്നും ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും" (വെളിപ്പാട് 21:3). ഓ, എത്ര അനുഗ്രഹീതമായ പ്രത്യാശ! എത്ര മഹത്വകരമായ പ്രതീക്ഷ!—Letter 62 (1886).

## യഥാർത്ഥവും സ്പഷ്ടവുമായ ഒരു സ്ഥലം

തങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ ഇത്ര നല്ല ഒരു സഖിയുണ്ട് എന്നറിയുന്നത് ശിഷ്യൻമാർക്ക് എത്ര നല്ല സന്തോഷത്തിന്റെ ഉറവിടമായിരിക്കും. ക്രിസ്തുവിന്റെ പ്രത്യക്ഷമായ സ്വർഗ്ഗാരോഹണത്തിൽക്കൂടി, സ്വർഗ്ഗത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകൾക്കും ധാരണകൾക്കും മാറ്റം സംഭവിച്ചു. ധാരാളം വിശാലതയുള്ളതും ശരീരമില്ലാത്ത ആത്മാക്കൾ വസിക്കുന്നതുമായ ഒരു പ്രദേശമായിട്ടാണ് അവരുടെ മനസ്സ് മുമ്പ് അതിനെ വിഭാവനം ചെയ്തിരുന്നത്. ഇപ്പോൾ, അവർ മറ്റാരെക്കാളും സ്നേഹിച്ചതും മാനിച്ചതും സംസാരിച്ചിട്ടുള്ളതും കൂടെ യാത്ര ചെയ്തിട്ടുള്ളതും പുനരുത്ഥാനം ചെയ്തിട്ടുള്ള ശരീരത്തിൽ തങ്ങൾ തൊട്ടിട്ടുള്ളതുമായ യേശുവിനെക്കുറിച്ചുള്ള ചിന്തയുമായി സ്വർഗ്ഗം ബന്ധിക്കപ്പെട്ടിരിക്കുന്നു. . . .

ഇപ്പോൾ സ്വർഗ്ഗം അവർക്ക് നിശ്ചയമില്ലാത്തതും ശരീരമില്ലാത്ത ആത്മാക്കൾ നിറഞ്ഞതും ഗ്രഹിച്ചുകൂടാനാവാത്തതുമായ ഒരു സ്ഥലം അല്ല. ഇപ്പോൾ അവർ സ്വർഗ്ഗത്തെ നോക്കിയത് അവരുടെ ഭാവി ഭവ



നമായിട്ടും അവരുടെ പ്രിയ വീണ്ടെടുപ്പുകാരൻ അവർക്കായി ഒരുക്കിക്കൊണ്ടിരുന്ന വാസസ്ഥലമായിട്ടുമാണ്.—3 SP 262 (1878).

ഭാവി വാസസ്ഥലം ഭൗതികമായ ഒന്നായി കാണുന്നതിനുള്ള ഭയം അതിനെ നമ്മുടെ ഭവനമായി കാണുന്നതിൽനിന്നും അനേകരെ വിലക്കുന്നു. അവർ ആ സത്യത്തെ ആത്മീയവത്ക്കരണം ചെയ്യുന്നു. തങ്ങൾക്കുവേണ്ടി വാസസ്ഥലം ഒരുക്കുവാൻ താൻ പിതാവിന്റെ ഭവനത്തിലേക്കു പോവുകയാണ് എന്ന് തന്റെ ശിഷ്യന്മാർക്ക് ഉറപ്പുകൊടുത്തിരുന്നു.—GC 674, 675 (1911).

പുതിയ ഭൂമിയിൽ, ആദിയിൽ ആദാമിനും ഹൗവ്വയ്ക്കും സന്തോഷം പ്രദാനം ചെയ്ത ജോലികളിലും വിനോദങ്ങളിലും വീണ്ടെടുക്കപ്പെട്ടവർ ഏർപ്പെടും. തോട്ടത്തിലും വയലിലും ഏദെൻ ജീവിതം ജീവിക്കും.—PK 730, 731 ( c. 1914).

## വിവരിക്കുവാനാവാത്ത മഹത്വം

യേശുവിന്റെ അതിരറ്റ മനോഹാരിതയും മഹത്വവും ഞാൻ കണ്ടു. അവന്റെ മുഖം ഉച്ചസമയത്തെ സൂര്യനെക്കാളും പ്രകാശമുള്ളതായിരുന്നു. ഏറ്റവും വെൺമയുള്ളതായിരുന്നു അവന്റെ വസ്ത്രം. സ്വർഗ്ഗത്തിലെ മഹത്വവും, കോമളത്തം നിറഞ്ഞ മാലാഖമാർ പത്തു കമ്പിയുള്ള വീണകൾ മീട്ടി പാടുന്നതും എങ്ങിനെയാണ് നിങ്ങൾക്കു ഞാൻ വിവരിച്ചു തരിക!—Letter 3, 1851.

ഞാൻ അവിടെ കണ്ടതായ അത്ഭുത കാര്യങ്ങൾ എനിക്ക് വിവരിക്കുവാൻ വഹിയാ. ഓ, എനിക്ക് കനാനിലെ ഭാഷയിൽ സംസാരിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ, അതിലും മെച്ചമായ ലോകത്തിന്റെ മഹത്വം അല്പമെങ്കിലും എനിക്കു പറയാമായിരുന്നു.—EW 19 (1851).

സ്വർഗ്ഗത്തെ വിവരിക്കുവാൻ പരിശ്രമിക്കുന്നതിന് ഭാഷ തീരെ ദുർബ്ബലമാകുന്നു. ആ ദൃശ്യം എന്റെ മുമ്പിൽ പ്രത്യക്ഷമായപ്പോൾ ഞാൻ വിസ്മയത്തിൽ ആഴ്ന്നുപോയി. അതിശയിപ്പിക്കുന്ന ഭാസുരത്വവും അതീവമായ ശോഭയും നിമിത്തം ആത്മനിയന്ത്രണം നഷ്ടപ്പെട്ട ഞാൻ പേന താഴെയിട്ടു, ഇങ്ങനെ ആശ്ചര്യം പ്രകടിപ്പിച്ചു! "ഓ, എത്ര വലിയ സ്നേഹം! എത്ര അത്ഭുതാവഹമായ സ്നേഹം! ഏറ്റവും ശ്രേഷ്ഠമായ ഭാഷപോലും സ്വർഗ്ഗത്തിന്റെ മഹത്വവും രക്ഷകന്റെ സ്നേഹത്തിന്റെ അതുല്യമായ ആഴവും വിവരിക്കുന്നതിൽ പരാജയപ്പെടും.—EW 289 (1858).

നീതിമാന്മാരുടെ പ്രതിഫലം വിവരിക്കുവാൻ മനുഷ്യന്റെ ഭാഷ പോരാ. അതു ദർശിക്കുന്നവർ മാത്രമേ അത് അറിയൂ. പരിമിതിയുള്ള ഒരു മനസ്സിനും ദൈവത്തിന്റെ പറുദീസയുടെ മഹത്വം ഗ്രഹിക്കുവാൻ കഴിയുകയില്ല.—GC 675 (1911).

സ്വർഗ്ഗീയ പട്ടണത്തെക്കുറിച്ച് ഒരൊറ്റ ദൃശ്യം മാത്രം നമുക്കു ലഭിച്ചാൽ, ഭൂമിയിൽ തുടർന്നു ജീവിക്കുവാനുള്ള ആഗ്രഹം നമുക്കു പിന്നീടുണ്ടാവുകയില്ല.—ST April 8 (1889).

## അരുവികളും മലകളും മരങ്ങളും

ഇവിടെ ഞങ്ങൾ ജീവവൃക്ഷവും ദൈവത്തിന്റെ സിംഹാസനവും കണ്ടു. സിംഹാസനത്തിൽനിന്നും നിർമ്മലമായ ജലം ഒഴുകുന്ന ഒരു നദി പുറപ്പെട്ടു, അതിന്റെ ഇരുകരകളിലും ജീവവൃക്ഷം നിന്നിരുന്നു. നദിയുടെ ഒരു വശത്ത് വൃക്ഷത്തിന്റെ ഒരു തായ്ത്തടിയും മറ്റെ വശത്ത് വേറൊരു തായ്ത്തടിയും ഉണ്ടായിരുന്നു. അവ രണ്ടും സ്വച്ഛമായ സ്വർണ്ണം കൊണ്ടുള്ളതായിരുന്നു. ഞാൻ കണ്ടത് രണ്ടു മരങ്ങളാണ് എന്നാണു ഞാൻ ആദ്യം ചിന്തിച്ചത്. ഞാൻ വീണ്ടും നോക്കി. അപ്പോൾ അവ മുകൾഭാഗത്ത് യോജിച്ച് ഒന്നായിരിക്കുന്നതു കണ്ടു. ജീവനദിയുടെ ഇരുവശങ്ങളിലുമുള്ള ജീവവൃക്ഷമായിരുന്നു അത്. ഞങ്ങൾ നിന്ന ഇടത്തേയ്ക്ക് അതിന്റെ കൊമ്പുകൾ ചാഞ്ഞു, അതിന്റെ ഫലം മഹത്വകരം ആയിരുന്നു; വെള്ളിയും സ്വർണ്ണവും ലയിച്ചാലെന്നതു പോലെയുള്ള നിറമായിരുന്നു അതിന്റേത്.—EW 17 (1851).

നിലയ്ക്കാതെ ഒഴുകിക്കൊണ്ടിരിക്കുന്ന തെളിഞ്ഞതും സ്വച്ഛവുമായ അരുവികൾ അവിടെ ഉണ്ടായിരുന്നു. അതിന്റെ സമീപത്തായി കർത്താവിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ പാതയിൽ തങ്ങളുടെ തണൽ വിരിക്കുന്ന വൃക്ഷങ്ങൾ നിന്നിരുന്നു. അവിടെ വിശാലമായ സമതലങ്ങൾ അഴകിന്റെ ഒരു കുന്നായിത്തീർന്നു. ദൈവത്തിന്റെ പർവ്വതങ്ങൾ അവയുടെ ഉയർന്ന നെറുകയെ പരിപോഷിപ്പിച്ചിരുന്നു. ആ ജീവ അരുവിയുടെ സമീപത്തുള്ള സ്വച്ഛതയുള്ള സമതലങ്ങളിൽ, അത്രയും കാലം അലഞ്ഞവരും പരദേശികളുമായിരുന്ന ദൈവജനം തങ്ങൾക്ക് ഒരു ഭവനം കണ്ടെത്തും.—GC 675 (1911).

## പുഷ്പങ്ങളും പഴങ്ങളും മൃഗങ്ങളും

എല്ലാ തരത്തിലുമുള്ള പുഷ്പങ്ങൾ നിറഞ്ഞ മറ്റൊരു വയൽ ഞാൻ കണ്ടു. അവ പറിച്ചെടുത്തപ്പോൾ "അവ ഒരിക്കലും വാടുകയില്ല" എന്ന്



ഞാൻ ഉറക്കെ പറഞ്ഞു. പിന്നീട് ഒരു വയലിൽ നീളമുള്ള പുല്ല് വളർന്നു നില്ക്കുന്നത് ഞാൻ കണ്ടു, കാണുവാൻ ഏറ്റവും മഹത്വകരം ആയിരുന്നു അത്; അതു നല്ല പച്ചയായിരുന്നു. യേശുരാജാവിന്റെ മഹത്വത്തിനായി അത് പ്രൗഢിയോടെ അങ്ങോട്ടുമിങ്ങോട്ടും വീശിയപ്പോൾ വെള്ളിയും സ്വർണ്ണവും ചേരുമ്പോഴുള്ളതുപോലെ ഒരു പ്രതിഫലനം ഉണ്ടായി. അതു കഴിഞ്ഞ് എല്ലാ വിഭാഗത്തിലുമുള്ള മൃഗങ്ങൾ ഉള്ള മറ്റൊരു പ്രദേശത്തേയ്ക്ക് ഞങ്ങൾ പോയി. സിംഹവും ആട്ടിൻകുട്ടിയും പുള്ളിപ്പുലിയും ചെന്നായും എല്ലാം തികഞ്ഞ സൗഹൃദത്തിലായിരുന്നു. അവയുടെ നടുവിലൂടെ ഞങ്ങൾ കടന്നുപോയി. അവ ഞങ്ങളുടെ പിന്നാലെ സൗമ്യമായി നടന്നു വന്നു.

അതിനുശേഷം ഞങ്ങൾ ഒരു വനത്തിൽ പ്രവേശിച്ചു. ഇവിടുത്തേതുപോലെ ഇരുണ്ട വനം ആയിരുന്നില്ല അത്; അല്ലേ, അല്ല; അതു നിറയെ പ്രകാശവും തേജസ്സും ആയിരുന്നു; മരത്തിന്റെ ചില്ലകൾ അങ്ങോട്ടുമിങ്ങോട്ടും ആടി, അപ്പോൾ "ഞങ്ങൾ സ്വൈര്യമായി മരുഭൂമിയിൽ പാർക്കുകയും, വനങ്ങളിൽ ഉറങ്ങുകയും ചെയ്യും" എന്ന് ഞങ്ങൾ ആർത്തു. സീയോൻ മലയിലേക്ക് പോകുന്ന വഴിയായിരുന്നതുകൊണ്ട് ഞങ്ങൾ വനത്തിൽക്കൂടെ കടന്നുപോയി.

മലയുടെ മുകളിൽ തേജസ്സേറിയ ഒരു ദൈവാലയം ഉണ്ടായിരുന്നു. ആലയത്തിനുചുറ്റും, നിത്യഹരിതമായ ഒരു ചെടി, ദേവദാരു, സരളവൃക്ഷം, കൊഴുന്ന്, മാതളം, അത്തി എന്നുതുടങ്ങി അതിനെ മനോഹരമാക്കുവാൻ എല്ലാതരത്തിലുമുള്ള വൃക്ഷങ്ങൾ ഉണ്ടായിരുന്നു. അതിന്റെ പഴങ്ങളുടെ ഭാരംകൊണ്ട് ചായ്ഞ്ഞു നിന്നു. ഇവ ആ പ്രദേശത്തെ മുഴുവൻ തേജസ്സുള്ളതാക്കി.

ശുദ്ധമായ വെള്ളികൊണ്ടു നിർമ്മിതമായ ഒരു മേശ ഞാൻ കണ്ടു; അതിന് അനേക മൈലുകളോളം നീളമുണ്ടായിരുന്നു. എങ്കിലും അതിന്റെ അറ്റംവരെ ഞങ്ങൾക്കു കാണാമായിരുന്നു. ജീവവൃക്ഷത്തിന്റെ ഫലം ഞാൻ കണ്ടു. മന്ന, ബദാം, അത്തിപ്പഴം, മാതളം, മുന്തിരിപ്പഴം, പിന്നെ മറ്റു പല തരത്തിലുമുള്ള പഴങ്ങളും ഞാൻ കണ്ടു. യേശുവിനോട് ആ പഴം ഭക്ഷിക്കുവാനുള്ള അനുവാദം ഞാൻ ചോദിച്ചു. – EW 18, 19 (1851).

## നിത്യ യുവത്വത്തിന്റെ ചൈതന്യം

എല്ലാവരും കല്ലറയിൽ പ്രവേശിച്ചപ്പോഴുണ്ടായിരുന്ന അതേ ഉയരത്തിലായിരിക്കും അവർ അതിനു പുറത്തു വരുന്നത്. ഉയിർത്തെഴു

ന്നേല്ക്കുന്നവരിൽ ഏറ്റവും ഉയരം ഉള്ളത് ആദാമിനായിരിക്കും. എന്നാൽ ദൈവപുത്രനെക്കാൾ അല്പം കുറവായിരിക്കും അവന്റെ ഉയരം. തനിക്കു ശേഷമുള്ള തലമുറകളിൽപ്പെട്ട മനുഷ്യരെക്കാൾ എടുത്തുകാണിക്കത്തക്ക തരത്തിൽ വ്യത്യസ്തമായിരിക്കും അവന്റെ രൂപം; ഇത് മനുഷ്യവർഗ്ഗത്തിന്റെ ജീർണ്ണതയെ കാണിക്കുന്നു. എന്നാൽ എല്ലാവരും നിത്യയൗവ്വനത്തിന്റെ ഉണർവ്വോടും ഓജസ്സോടുംകൂടെ ഉയിർത്തെഴുന്നേല്ക്കും.... പണ്ടു നഷ്ടപ്പെട്ടുപോയ ഏദെനിലെ ജീവവൃക്ഷത്തിങ്കലേക്കുള്ള പ്രവേശനം തിരികെ ലഭിച്ചിട്ട്, വീണ്ടെടുക്കപ്പെട്ടവർ മനുഷ്യവർഗ്ഗത്തിന്റെ ആദിമ മഹത്വത്തിന്റെ കാലത്തുണ്ടായിരുന്ന ആകാരത്തിനൊത്തവണ്ണം "വളർന്നുകൊണ്ടിരിക്കും" (മലാഖി 4:2) (ദയവായി KJV ഇംഗ്ലീഷ് ബൈബിൾ കാണുക).—GC 644, 645 (1911).

ആദാമിന്, തന്റെ സൃഷ്ടിപ്പിങ്കൽ, ഇപ്പോഴത്തെ മനുഷ്യർക്കുള്ളതിനെക്കാളും ഇരുപതു മടങ്ങു ഊർജ്ജവും ഓജസ്സും നല്കിയില്ലായിരുന്നുവെങ്കിൽ, പ്രകൃതി നിയമങ്ങൾ ലംഘിച്ചുകൊണ്ടു ജീവിക്കുന്ന ഈ വർഗ്ഗത്തിന് വംശനാശം സംഭവിക്കുമായിരുന്നു.—3 T 138 (1872).

ആർക്കും വിശ്രമത്തിന്റെ ആവശ്യം ഉണ്ടാവുകയില്ല, ആരും അത് ആഗ്രഹിക്കുകയുമില്ല. ദൈവഹിതം ചെയ്യുന്നതിലും അവന്റെ നാമത്തിനു സ്തുതി അർപ്പിക്കുന്നതിലും ക്ഷീണം ആർക്കും അനുഭവപ്പെടുകയില്ല. എല്ലായ്പോഴും പ്രഭാതത്തിലെ ഉന്മേഷം നമുക്ക് അനുഭവപ്പെടും. അത് തീർന്നു പോവുകയേ ഇല്ല.... അറിവ് ആർജ്ജിക്കുന്നതുകൊണ്ട് മനസ്സു ക്ഷീണിക്കുകയോ ഊർജ്ജം തീർന്നുപോകുകയോ ഇല്ല.— GC 676, 677 (1911).

സ്വർഗ്ഗം എന്നാൽ പൂർണ്ണ ആരോഗ്യമത്രേ.—3 T 172 (1872).

## സന്തോഷം ഉറപ്പിക്കപ്പെടുന്നു

ഭാവിജീവിതത്തിന്റെ തിരശ്ശീല യേശു മാറ്റി. "പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിനു കൊടുക്കപ്പെടുന്നതുമില്ല" എന്ന് യേശു പറഞ്ഞു (മത്തായി 22:30).—DA 605 (1898).

പുതിയ ഭൂമിയിൽ വിവാഹങ്ങളും ജനനവുമൊക്കെ ഉണ്ടായിരിക്കുമെന്ന വിശ്വാസം പ്രകടമാക്കുന്ന മനുഷ്യർ ഇന്നുണ്ട്; എന്നാൽ തിരുവെഴുത്തുകൾ വിശ്വസിക്കുന്നവർക്ക് അങ്ങനെയുള്ള ഉപദേശങ്ങൾ സ്വീകരിക്കുവാൻ കഴിയുകയില്ല. പുതിയ ഭൂമിയിൽ കുഞ്ഞുങ്ങൾ ജനിക്കുമെന്ന ഉപദേശം "അധികം സ്ഥിരമായ പ്രവാചക വാക്യത്തിന്റെ " ഒരു ഭാഗമല്ല....



ദൈവം തന്റെ വചനത്തിലൂടെ വെളിപ്പെടുത്താത്ത സിദ്ധാന്തങ്ങളിലും ഊഹാപോഹങ്ങളിലും മുഴുകുന്നത് ധിക്കാരപരമായ കാര്യങ്ങളാണ്. നമ്മുടെ ഭാവി അവസ്ഥയെപ്പറ്റി ഊഹാപോഹങ്ങളിലേക്കു കടക്കേണ്ടതില്ല.—ISM 172, 173 (1904).

പുതിയ ഭൂമിയിൽ എന്ത് അവസ്ഥ നിലനിൽക്കും എന്നതിനെ സംബന്ധിച്ച് ചിന്തിക്കുവാൻ ദൈവ വേലക്കാർ സമയം ചിലവഴിക്കരുത്. ദൈവം വെളിപ്പെടുത്താത്ത സിദ്ധാന്തങ്ങളിലും ഊഹാപോഹങ്ങളിലും മുഴുകുന്നത് ധിക്കാരപരമാണ്. നമ്മുടെ ഭാവിജീവിതത്തിന്റെ സന്തോഷത്തിനുവേണ്ടിയുള്ള സകലവും ദൈവം ഒരുക്കിയിരിക്കുന്നു. നമുക്കുവേണ്ടിയുള്ള സകലവും അവൻ ഒരുക്കിയിരിക്കുന്നു. നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതികളെ സംബന്ധിച്ച് ഊഹിക്കേണ്ട ആവശ്യമില്ല. ഈ ജീവിതത്തിന്റെ അവസ്ഥകളെ ആസ്പദമാക്കിക്കൊണ്ട് ഭാവിജീവിതത്തിന്റെ അവസ്ഥയെ അളക്കേണ്ടവരുമല്ല നാം. —GW 314 (1904).

## വീണ്ടെടുക്കപ്പെട്ടവരുടെ വ്യക്തിത്വം സംരക്ഷിക്കപ്പെടുന്നു

കർത്താവായ യേശുക്രിസ്തുവിൽ നിദ്രകൊള്ളുന്നവരുടെ അവസാന പുനരുത്ഥാനത്തിന്റെ ഒരു പ്രതീകമാണ് അവന്റെ ഉയിർത്തെഴുന്നേല്പ്. ഉയിർത്തെഴുന്നേറ്റ രക്ഷകന്റെ മുഖഭാവം, അവന്റെ രീതി, സംസാരം എന്നിവയെല്ലാം ശിഷ്യന്മാർക്കു സുപരിചയമായിരുന്നു. ക്രിസ്തു മരിച്ചവരിൽനിന്നും എഴുന്നേറ്റതുപോലെ, അവനിൽ നിദ്രകൊള്ളുന്നവരും വീണ്ടും എഴുന്നേൽക്കും. ശിഷ്യന്മാർ യേശുവിനെ തിരിച്ചറിഞ്ഞതുപോലെ നാം നമ്മുടെ കൂട്ടുകാരെ അറിയും. അവർ ഈ മർത്യമായ ജീവിതത്തിൽ വികലാംഗരോ, രോഗം ബാധിച്ചവരോ വികൃതമാക്കപ്പെട്ടവരോ ആയേക്കാം. അവർ പൂർണ്ണ ആരോഗ്യത്തിലും രൂപഭംഗിയിലും എഴുന്നേൽക്കും, എന്നിരുന്നാലും മഹത്വീകരിക്കപ്പെട്ട ശരീരത്തിലും അവരുടെ വ്യക്തിത്വം പൂർണ്ണമായി നിലനിർത്തപ്പെടും.—DA 804 (1898).

അതേ രൂപംതന്നെ പുറത്തു വരും. എന്നാൽ അത് രോഗത്തിൽ നിന്നും എല്ലാ കുറവുകളിൽ നിന്നും തികച്ചും സ്വതന്ത്രമായിരിക്കും. കൂട്ടുകാർ കൂട്ടുകാരെ തിരിച്ചറിയത്തക്കവിധം സ്വരൂപത്തിന്റെ അതേ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് വീണ്ടും ജീവിക്കും.—6 BC 1093 (1900).

നാം അറിയപ്പെടുന്നതുപോലെ തന്നെ അവിടെയും അറിയും.

ദൈവം ആത്മാവിൽ നട്ടിരിക്കുന്ന സ്നേഹവും സഹതാപങ്ങളും യഥാർത്ഥവും മാധുര്യമേറിയതുമായ ഉദ്യമം കണ്ടെത്തും.—Ed 306 (1903).

## രക്തപ്രസാദമുള്ള മുഖസൗന്ദര്യവും വെളിച്ചത്തിന്റെ ഒരു അങ്കിയും

ആദാം തന്റെ സ്രഷ്ടാവിന്റെ കരങ്ങളിൽനിന്നു പുറത്തുവന്നപ്പോൾ, അവൻ ഉയരമുള്ളവനും മനോഹരമായ രൂപഭംഗിയുള്ളവനും ആയിരുന്നു. ഇപ്പോൾ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരെക്കാളും ഒരു മടങ്ങു കൂടെ ഉയരമുള്ളവനും നല്ല അനുപാതത്തിലും ആയിരുന്നു. അവന്റെ സ്വരൂപം സമ്പൂർണ്ണവും മനോഹരവും ആയിരുന്നു. അവന്റെ മുഖ സൗന്ദര്യം വെളുത്തതോ വിളറിയതോ അല്ലായിരുന്നു. എന്നാൽ രക്ത പ്രസാദമുള്ളതും ആരോഗ്യപ്രസരിപ്പുള്ളതും ആയിരുന്നു. ഹവ്വാ ആദാമിന്റെ അത്രയും ഉയരമുള്ളവളായിരുന്നില്ല. ഹവ്വയുടെ തല ആദാമിന്റെ തോളിനും അല്പം മുകൾവരെ എത്തുമായിരുന്നു. അവൾ കുലീനയും രൂപഭംഗിയിൽ സമ്പൂർണ്ണയും സൗന്ദര്യവതിയും ആയിരുന്നു.—3SG 34 (1864).

പാപരഹിതരായ ഇണ കൃത്രിമമായ ഒരു വസ്ത്രവും ധരിച്ചിരുന്നില്ല; ദൂതന്മാർ ധരിക്കുന്നതുപോലെ അവർ വെളിച്ചവും തേജസ്സും കൊണ്ട് ആവരണം ചെയ്യപ്പെട്ടിരുന്നു. അവർ അനുസരണത്തിൽ ആയിരുന്നിടത്തോളം വെളിച്ചത്തിന്റെ ഈ അങ്കി അവരെ മൂടിയിരുന്നു.—PP 45 (1890).

## നമ്മുടെ കുടുംബത്തെ സ്വർഗ്ഗത്തിൽ കാണുന്നതിലുള്ള സന്തോഷം

കവാടത്തിന്റെ ഇരുവശങ്ങളിലുമായി മാലാഖമാരുടെ ഒരു പരിവാരം നാം കാണും. ഉള്ളിലേക്കു കടക്കുമ്പോൾ, “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കു വേണ്ടി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ” എന്ന് യേശു പറയുന്നു. ഇവിടെ യേശു പറയുന്നത് അവന്റെ സന്തോഷത്തിൽ പങ്കാളികളാകുവാനാണ്. ഇതെന്താണ്? ഇതാണ് നിങ്ങളുടെ പിതാക്കന്മാരുടെ കഠിനാദ്ധ്വാനത്തിന്റെ സന്തോഷം. നിങ്ങളുടെ അദ്ധ്വാനവും അമ്മമാർക്കുള്ള പ്രതിഫലവും കാണുന്നതിലുള്ള സന്തോഷം. ഇതാ ഇവിടെ നിങ്ങളുടെ മക്കൾ; അവരുടെ കിരീടങ്ങളിൽ ജീവന്റെ കിരീടം ഇരിക്കുന്നു.—CG 567, 568 (1895).



ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് ക്രിസ്തു. അവന്റെ ജീവൻ നമ്മുടേതും നമുക്കുവേണ്ടി കൊടുക്കപ്പെട്ടതുമാണ്. അവൻ നമുക്കു വേണ്ടി മരിച്ചു. ദൂതന്മാരുടെ മഹത്വമേറിയ ഒരു സിഖിത്വത്തോടുകൂടി നമ്മുടെ പ്രിയപ്പെട്ടവരെ കണ്ടുമുട്ടുന്നതിനും അവരുടെ മുഖം തിരിച്ചറിയുന്നതിന് കല്ലറകളിൽനിന്ന് പുറത്തു വരുന്നതിനുംവേണ്ടി അവൻ ഉയിർത്തെഴുന്നേറ്റു. കാരണം, ക്രിസ്തുവിനെപ്പോലെയാകുകയെന്നത് നമ്മുടെ പ്രതിച്ഛായ നശിപ്പിക്കുകയില്ല, എന്നാൽ അവന്റെ തേജസ്സേറിയ രൂപത്തിലേക്കു രൂപാന്തരപ്പെടുത്തുന്നു. ഇവിടെ കുടുംബ ബന്ധങ്ങളുമായി കഴിയുന്ന എല്ലാ വിശുദ്ധന്മാരും അവിടെ തമ്മിൽ അന്യോന്യം അറിയും.—3 SM 316 (1898).

## ശിശുക്കളുടെയും ശാരീരികമായി ദുർബ്ബലരായവരുടെയും രക്ഷ

പൊടിപടലങ്ങൾ നിറഞ്ഞ കിടക്കകളിൽനിന്നും ശിശുക്കൾ അമർത്യതയോടുകൂടി പുറത്തുവരുമ്പോൾ, അവർ പെട്ടെന്ന് പറന്നു അവരുടെ അമ്മമാരുടെ കരങ്ങളിലെത്തുന്നു. ഇനിയൊരു വേർപാടില്ലാതെയാണ് അവർ കണ്ടുമുട്ടുന്നത്. എന്നാൽ പല ശിശുക്കൾക്കും അവരുടെ അമ്മമാർ അവിടെ ഉണ്ടായിരിക്കുകയില്ല. എടുക്കപ്പെടലിന്റെ ജയഗീതം അമ്മയിൽനിന്ന് കേട്ടത് വൃഥാവിലായി. മാതാവില്ലാത്ത ശിശുക്കളെ മാലാഖമാർ സ്വീകരിച്ച് ജീവന്റെ വൃക്ഷത്തിലേക്കു നയിക്കും.—2 SM 260 (1858).

അവിശ്വാസികളായ മാതാപിതാക്കളുടെ കുഞ്ഞുങ്ങൾപോലും രക്ഷിക്കപ്പെടണം എന്ന് ചിലർ ചോദിച്ചിട്ടുണ്ട്. കാരണം അവർക്കു സ്വഭാവത്തിന്റെ പരിശോധന ഉണ്ടായിരുന്നിട്ടില്ല എന്നും എല്ലാവരും പരിശോധിക്കപ്പെടുകയും ശോധനയിലൂടെ അവരുടെ സ്വഭാവം തീരുമാനിക്കപ്പെടുകയും വേണം. “ശിശുക്കൾക്ക് ഈ കഷ്ടതയും പരിശോധനയും ഉണ്ടാകുന്നത് എങ്ങനെയാണ്” എന്ന് ചോദിക്കുന്നു. മിസ്രയീമ്യരുടെ ആദ്യജാതരുടെ മേൽ ദൈവം അവന്റെ ന്യായവിധി അയച്ചതുപോലെ വിശ്വസിക്കുന്ന മാതാപിതാക്കളുടെ വിശ്വാസം കുഞ്ഞുങ്ങളെ പൊതിയുന്നു എന്ന് ഞാൻ ഉത്തരം പറഞ്ഞു....

അവിശ്വാസികളായ എല്ലാ മാതാപിതാക്കളുടെയും മക്കൾ രക്ഷിക്കപ്പെടുമോ, നമുക്കു പറയുവാൻ കഴിയുകയില്ല. കാരണം ഇക്കാര്യത്തെ സംബന്ധിച്ച അവന്റെ ഉദ്ദേശ്യം എന്താണെന്നുള്ളത് ദൈവം വെളിപ്പെടുത്തിത്തന്നിട്ടില്ലാത്തതുകൊണ്ട് ഈ വിഷയത്തെ ദൈവം

വിട്ടിരിക്കുന്ന സ്ഥാനത്തുതന്നെ വിടുകയും അവന്റെ വചനത്തിൽ വ്യക്തമാക്കിയിരിക്കുന്ന വിഷയങ്ങളെ മാത്രം ധ്യാനിക്കുകയും ചെയ്യുക. —3 SM 313-315 (1885).

എ എന്ന വ്യക്തിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം അവൻ ഇപ്പോൾ ആയിരിക്കുന്നതുപോലെ നാം അവനെ കാണുകയും അവന്റെ ലാളിത്യത്തെ ഓർത്ത് ഖേദിക്കുകയും ചെയ്യുന്നു. അവൻ പാപസംബന്ധമായ ബോധം കൂടാതെയാണ് ഇരിക്കുന്നത്. ദൈവകൃപ ഈ പരമ്പരാസിദ്ധവും പകർത്തപ്പെട്ടിരിക്കുന്നതുമായ മനോമാന്ദ്യം മാറ്റുകയും വിശുദ്ധന്മാരുടെ മദ്ധ്യേ വെളിച്ചത്തിൽ ഒരു അവകാശം ഉണ്ടായിരിക്കുകയും ചെയ്യും. അതിന്റെ കാരണം കർത്താവ് നിങ്ങൾക്കു തന്നിരിക്കുന്നു. ദൈവം നിങ്ങൾക്കു വിചാരശക്തി തന്നിരിക്കുന്നു. വിചാരശക്തിയുടെ ശേഷിയെ സംബന്ധിച്ചിടത്തോളം ഏ. ഒരു ശിശുവാണ്. എന്നാൽ അവന് സമർപ്പണവും ഒരു ശിശുവിന്റെ അനുസരണവും ഉണ്ട്.—8 MR 210 (1893).

### വിശ്വസ്തരായ അമ്മമാരോടുള്ള ബഹുമാനം

ന്യായവിസ്താരസഭ ഇരിക്കുകയും പുസ്തകങ്ങൾ തുറക്കപ്പെടുകയും മഹാന്യായാധിപനിൽനിന്നും "നല്ലവൻ" എന്ന വിധിപ്രഖ്യാപനം ഉണ്ടാകുകയും ജയാളിയുടെ നെറ്റിമേൽ അമർത്യമായ മഹത്വത്തിന്റെ കിരീടം വയ്ക്കുകയും ചെയ്യുമ്പോൾ, കൂടിയിരിക്കുന്ന പ്രപഞ്ചത്തിനു മുമ്പിൽ അനേകരും അവരുടെ കിരീടങ്ങൾ ഉയർത്തിപ്പിടിക്കുകയും അമ്മമാരെ ചൂണ്ടിക്കൊണ്ട് ഇങ്ങനെ പറയുകയും ചെയ്യും: "ദൈവകൃപയാൽ ഞാൻ ആയിരിക്കുന്ന അളവിൽ അമ്മ എന്നെ എത്തിച്ചു. അവരുടെ നിർദ്ദേശങ്ങളും പ്രാർത്ഥനകളും എന്റെ നിത്യരക്ഷയ്ക്കു അനുഗ്രഹമായിരുന്നു".—MYP 330 (1881).

കുഞ്ഞുങ്ങളെ കർത്താവിലേക്കു നേടുവാൻ അദ്ധ്വാനിച്ച അമ്മമാരുടെ പേരുകളെ ദൈവത്തിന്റെ മാലാഖമാർ അനശ്വരമാക്കുന്നു.—CG 568 (1895).

### ജയാളികളായ ആത്മാക്കളുടെ പ്രതിഫലം

വീണ്ടെടുക്കപ്പെട്ടവർ ദൈവമുമ്പാകെ നിൽക്കുമ്പോൾ, അവർ ഇവിടെ എത്തുവാൻ കാരണമായ വിശ്വസ്തവും ക്ഷമയോടുകൂടിയതുമായ പ്രയത്നം, അപേക്ഷകൾ, ആത്മാർത്ഥമായ പ്രേരണ എന്നിവ



കാഴ്ചവച്ചവരുടെ പേരുകൾ ഈ വിലയേറിയ ആത്മാക്കൾ പറയും. അങ്ങനെ ഈ ലോകത്തിൽ ദൈവത്തോടൊപ്പം അവർ കൂട്ടുവേലക്കാർ ആയിരുന്നതിന്റെ പ്രതിഫലം പ്രാപിക്കുന്നു.—8 T 196, 197 (1904).

മനോഹരമായ നഗരത്തിന്റെ കവാടങ്ങൾ അവയുടെ മിന്നുന്ന വിജാഗിരിയിന്മേൽ പിന്നിലേക്കു തുറക്കപ്പെടുമ്പോൾ സത്യം കാത്തുസൂക്ഷിച്ച സർവ്വജാതികളും ഉള്ളിൽ പ്രവേശിക്കുകയും അവരുടെ തലയിൽ മഹത്വത്തിന്റെ കിരീടമണിയുകയും അവർ ദൈവത്തിനു ബഹുമാനവും മഹത്വവും തേജസ്സും അർപ്പിക്കുകയും ചെയ്യും. ആ സമയം ചിലർ നിങ്ങളുടെ അടുത്തു വന്നിട്ട്, "നിങ്ങൾ എന്നോട് ദയയോടുകൂടി സംസാരിച്ച വാക്കുകളും നിങ്ങളുടെ കണ്ണുനീരും അപേക്ഷകളും ആത്മാർത്ഥമായ പ്രയത്നങ്ങളും അല്ലാതിരുന്നെങ്കിൽ ഞാൻ ഒരിക്കലും രാജാവിനെ അവന്റെ മനോഹാരിതയിൽ കാണുകയില്ലായിരുന്നു" എന്ന് നിങ്ങളോട് പറയും. ഇതെന്തൊരു പ്രതിഫലമാണ്. വിശ്വസ്തരായവർക്കുവേണ്ടി ഭാവിയിലെ അമർത്യമായ ജീവിതത്തിൽ കാത്തിരിക്കുന്ന അനന്തമായ പ്രതിഫലങ്ങളുമായി ഈ ഭൗമികവും അസ്ഥിരവുമായ ജീവിതത്തിൽ ലഭിക്കുന്ന പുകഴ്ചകളെ താരതമ്യപ്പെടുത്തുമ്പോൾ അവ എത്ര അപ്രധാനമാണ്.—(Ph 113) 16 (1909).

### നമ്മുടെ മാറ്റപ്പെടാത്ത മനഃസ്ഥിതി

നിങ്ങൾക്കു സ്വർഗ്ഗത്തിൽ ഒരു വിശുദ്ധനാകണമെങ്കിൽ ഇവിടെ ഭൂമിയിൽ നിങ്ങൾ ഒരു വിശുദ്ധനാകണം. നിങ്ങൾ ഇവിടെ ഈ ജീവിതത്തിൽ താലോലിക്കുന്ന സ്വഭാവ സവിശേഷതകൾ മരണത്തിലോ പുനരുത്ഥാനത്തിലോ മാറ്റപ്പെടുകയില്ല. നിങ്ങളുടെ ഭവനത്തിലും സമൂഹത്തിലും പ്രകടമാക്കിയ അതേ മനോഭാവത്തോടുകൂടി നിങ്ങൾ ശവക്കല്ലറയിൽനിന്നും പുറത്തുവരും. യേശു തന്റെ വരവിൽ സ്വഭാവത്തിനു മാറ്റം വരുത്തുകയില്ല. രൂപാന്തരത്തിന്റെ വേല ചെയ്യപ്പെടേണ്ടത് ഇപ്പോഴാണ്. ദിനന്തോറുമുള്ള ജീവിതം നമ്മുടെ നിത്യത തീരുമാനിക്കുന്നു. ക്രിസ്തുവിന്റെ കൃപയിലൂടെ നമ്മുടെ സ്വഭാവ വൈകല്യങ്ങളെ ഏറ്റുപറയുകയും അവയെ ജയിക്കുകയും മുകളിലെ സ്വർഗ്ഗീയവാസത്തിന് യോഗ്യരായിത്തീരുന്നതിന് നാം ഈ ഭൂമിയിലായിരിക്കുമ്പോൾതന്നെ പ്രതിസമമായ ഒരു സ്വഭാവം രൂപപ്പെടുത്തുകയും വേണം.—13 MR 82 (1891).

## സ്വർഗ്ഗത്തിലെ സമാധാനപരവും സ്നേഹനിർഭരവുമായ അന്തരീക്ഷം

പരുഷവും അഥവാ ദയയില്ലാത്തതുമായും ഒരുവന്റെ സാന്നിദ്ധ്യത്താൽ സ്വർഗ്ഗത്തിലെ സമാധാനവും രമ്യതയും ഒരിക്കലും തകർക്കപ്പെടുകയില്ല.—8 T 140 (1904).

സ്വർഗ്ഗത്തിലുള്ള സകലവും ഉന്നതവും ഉയർന്നതുമാണ്. എല്ലാവരും മറ്റുള്ളവരുടെ സന്തോഷവും താല്പര്യവും അന്വേഷിക്കും. ആരും തന്നിലേക്കു നോക്കുകയും സ്വയത്തിനുവേണ്ടി കരുതുകയുമില്ല. ദൂതന്മാർക്കു ചുറ്റുമുള്ളവരുടെ ആനന്ദത്തിനും സന്തോഷത്തിനും സാക്ഷ്യം വഹിക്കുകയെന്നത് അവരുടെ പ്രധാന സന്തോഷമാണ്.—2 T 239 (1869).

എല്ലാം സമാധാനപരമായതും ഭൂമിയിലെ പോരാട്ടങ്ങളുടെ കൊടുങ്കാറ്റു വീശാത്തതും പരിശുദ്ധരും നിർമ്മലരും അനുഗൃഹീതരും ഒത്തുകൂടുന്നതും ആയിരം പതിനായിരങ്ങൾ ജീവിക്കുകയും സന്തോഷത്തോടും നിർമ്മലമായ അടുപ്പത്തോടുംകൂടെ നടന്ന് ദൈവത്തെയും സിംഹാസനത്തിലിരിക്കുന്ന കുഞ്ഞാടിനെയും സ്തുതിക്കുകയും ചെയ്യുന്ന സ്വർഗ്ഗത്തിൽ ഞാൻ ആയിരിക്കണമെന്ന് എനിക്കു തോന്നി.

അവരുടെ സ്വരങ്ങൾ സമ്പൂർണ്ണ യോജിപ്പിലായിരുന്നു. അവർ അന്യോന്യം തെറ്റായതൊന്നും ഒരിക്കലും ചെയ്യുകയില്ല.

അവിടെ ഏറ്റവും ശ്രേഷ്ഠൻ സ്വയവിലയിരുത്തലിൽ ഏറ്റവും ചെറിയവനും ഏറ്റവും ചെറിയവൻ അവന്റെ നന്ദിയിലും സ്നേഹത്തിന്റെ ധനത്തിലും ഏറ്റവും വലിയവനും ആണ്.

ബുദ്ധിശക്തിയെ മന്ദീഭവിപ്പിക്കുവാൻ രഹസ്യ തെറ്റുകളൊന്നും ഉണ്ടായിരിക്കുകയില്ല. വ്യക്തവും ശക്തിയേറിയതും പരിപൂർണ്ണവുമായ സത്യവും പരിജ്ഞാനവും എല്ലാ സംശയങ്ങളെയും തുടച്ചുമാറ്റുകയും സന്തോഷം നിറഞ്ഞ നിവാസികളുടെ മേൽ സംശയത്തിന്റെ ഒരു മ്ലാനതയും അതിന്റെ ഹാനികരമായ നിഴൽ പതിപ്പിക്കുകയില്ല. സ്വർഗ്ഗത്തിന്റെ മാധുര്യത്തെയും സമ്പൂർണ്ണ സമാധാനത്തെയും തർക്കസ്വരങ്ങളൊന്നും തകർക്കുകയില്ല. സങ്കടം, ദുഃഖം, കണ്ണുനീർ എന്നിവയൊന്നും അതിലെ നിവാസികൾ അറിയുകയില്ല. സകലവും സമ്പൂർണ്ണ യോജിപ്പിലും സമ്പൂർണ്ണ ക്രമത്തിലും സമ്പൂർണ്ണ പരമാനന്ദത്തിലും ആണ്....



അനുകമ്പ ഓരോ ഹൃദയത്തിലും ജീവിക്കുകയും എല്ലാ നോട്ടത്തിലും പ്രകടമാക്കപ്പെടുകയും ചെയ്യുന്ന ഒരു ഭവനമാണ് സ്വർഗ്ഗം. അവിടെ സ്നേഹം വാഴുന്നു. പരുഷമായ മൂലകങ്ങൾ, വിയോജിപ്പ് അഥവാ തർക്കങ്ങൾ അല്ലെങ്കിൽ വാക്കുകൾകൊണ്ടുള്ള പോരാട്ടങ്ങൾ എന്നിവ ഉണ്ടായിരിക്കുകയില്ല.—9 MR 104, 105 (1882).

## പരീക്ഷയും പാപവും ഉണ്ടായിരിക്കുകയില്ല

നന്മതിന്മകളെ സംബന്ധിച്ച പരിജ്ഞാനമുണ്ടാക്കുന്ന വൃക്ഷം ഒരിക്കലും പരീക്ഷയ്ക്കു അവസരമുണ്ടാക്കുകയില്ല. അവിടെ പരീക്ഷകനില്ല, തെറ്റിനു സാധ്യതയുമില്ല.—Ed 302 (1903).

പതിനായിരക്കണക്കിനു വാദ്യോപകരണങ്ങളുടെ ശബ്ദമെന്നവണ്ണമുള്ള വിജയാരവം ദൂതന്മാരിൽനിന്നും വീണ്ടെടുക്കപ്പെട്ടവരിൽനിന്നും ഞാൻ കേട്ടു. കാരണം അവർക്കു അസന്തോഷം ഉണ്ടാക്കുകയോ, സാത്താനാൽ പരീക്ഷിക്കപ്പെടുകയോ ചെയ്യുകയില്ല. കാരണം മറ്റു ലോകങ്ങളിലെ നിവാസികൾ സാത്താന്റെ സന്നിധിയിൽനിന്നും അവന്റെ പരീക്ഷകളിൽനിന്നും വീണ്ടെടുക്കപ്പെട്ടവരാണ്.—SR 416 (1858).

## പിതാവിനോടും പുത്രനോടുമുള്ള സമ്പർക്കം

പിതാവിനോടും പുത്രനോടും തുറന്ന സമ്പർക്കം നടത്തുവാനുള്ള പദവി ദൈവജനത്തിനുണ്ടായിരിക്കും.... ഇടയ്ക്കു മറയ്ക്കുന്ന ഒരു തിരശ്ശീലയില്ലാതെ നാം അവനെ മുഖാമുഖം കാണും.—GC 676, 677 (1911)

നാം അവനോടൊപ്പം എപ്പോഴും വസിക്കുകയും അവന്റെ വിലയേറിയ മുഖപ്രകാശം ആസ്വദിക്കുകയും ചെയ്യും. സന്തോഷകരമായ പ്രത്യാശയാൽ എന്റെ ഹൃദയം ആനന്ദംകൊണ്ട് ചാടുന്നു.—HP 352 (1856).

ക്രിസ്തു ഉള്ള ഇടമാണ് സ്വർഗ്ഗം. ക്രിസ്തു അവിടെ ഇല്ലെങ്കിൽ അവനെ സ്നേഹിക്കുന്നവർക്ക് സ്വർഗ്ഗം സ്വർഗ്ഗമാകുകയില്ല.—Ms 41 (1897).

ദൈവവും ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരും തമ്മിൽ ഈടാർന്നതും മൃദുലവുമായ ഒരു ബന്ധം ഉണ്ടായിരിക്കും.—DA 606 (1898).

നമ്മുടെ തലയിൽ വച്ച കിരീടം വീണ്ടെടുപ്പുകാരന്റെ പാദങ്ങളിൽ അർപ്പിച്ചതിനുശേഷം സ്വർണ്ണവീണകൾ പിടിച്ചുംകൊണ്ട് സിംഹാസനത്തിലിരിക്കുന്നവന് സ്തുതി പാടി സ്വർഗ്ഗം മുഴുവനും ശബ്ദമുഖരിതമാക്കും.—8 T 254 (1904).

ഈ ലോകജീവിതത്തിൽ അവർ ദൈവത്തോട് വിശ്വസ്തരാണെങ്കിൽ അവർ അവസാനം "ദൈവത്തിന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിമേൽ ഇരിക്കും" (വെളിപ്പാട് 22:4). സ്വർഗ്ഗത്തിലുള്ള സന്തോഷമെന്താണ്? ദൈവത്തെ കാണുകയെന്നതാണ് സ്വർഗ്ഗത്തിലുള്ള സന്തോഷം. ദൈവത്തിന്റെ മുഖത്തെ നോക്കുകയും അവനെ പിതാവെന്നവണ്ണം അറിയുകയും ചെയ്യുന്നതിനെക്കാളും ശ്രേഷ്ഠമായ സന്തോഷം ക്രിസ്തുവിന്റെ കൃപയാൽ രക്ഷിക്കപ്പെടുന്നവർക്കു എവിടെയാണുള്ളത്?—8 T 268 (1904).

## ദൂതന്മാരും എല്ലാ യുഗങ്ങളിലുമുള്ള വിശ്വസ്തരുമായുള്ള കൂട്ടായ്മ

വീണ്ടെടുക്കപ്പെട്ട എല്ലാവരും തങ്ങളുടെ മേലുള്ള ദൂതന്മാരുടെ ശുശ്രൂഷ മനസ്സിലാക്കും. അവരുടെ ആദ്യനാളുകൾ മുതൽ കാവലായിരുന്നവരും ദുർഘട സമയങ്ങളിൽ അവരുടെ തല മൂടുകയും കാൽചുവടുകളെ കാത്തുസൂക്ഷിച്ചവരും മരണത്താഴ്വരയിലൂടെ നടന്നപ്പോൾ കൂടെയുണ്ടായിരിക്കുകയും വിശ്രമസ്ഥലം അടയാളപ്പെടുത്തുകയും ഉയിർപ്പിൻ പ്രഭാതത്തിൽ ആദ്യമായി അഭിവാദനം ചെയ്യുകയും ചെയ്യുന്ന അവരുടെ കാവൽമാലാഖമാരോട് സംസാരിക്കുകയും വ്യക്തിപരമായ ജീവിതത്തിലുണ്ടായ ദിവ്യ ഇടപെടലിന്റെയും മാനവകുലത്തിനുവേണ്ടിയുള്ള വേലയിലെ സ്വർഗ്ഗീയ സഹകരണത്തിന്റെയും ചരിത്രം പഠിക്കുകയെന്നതും എത്ര ആശ്ചര്യകരമാണ്.—Ed 305 (1903).

നിത്യതയുടെ വെളിച്ചത്തിൽ ദൈവനടത്തിപ്പ് നാം കാണുന്നതുവരെ ദൃശ്യമായതും അദൃശ്യമായതുമായ ഏതെല്ലാം അപകടങ്ങളിലാണ് ദൂതന്മാരുടെ ഇടപെടലിലൂടെ നാം കാത്തുസൂക്ഷിക്കപ്പെട്ടത് എന്ന് നാം കാണുകയില്ല.—DA 240 (1898).

ദൈവം തന്നെ ആത്മാവിൽ നട്ടിരിക്കുന്ന സ്നേഹങ്ങളും അനുകമ്പകളും അതിന്റെ വാസ്തവമായതും മധുരകരവുമായ പ്രായോഗികതയിൽ നാമവിടെ കണ്ടെത്തും.



പരിശുദ്ധ ദൂതന്മാരുമായുള്ള നിർമ്മലമായ ബന്ധവും അനുഗൃഹീത ദൂതന്മാരോടും കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെണ്മയാക്കിയ വിശ്വസ്തരോടുമുള്ള രമ്യമായ സാമൂഹിക ജീവിതം, "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബങ്ങളുമായി" ബന്ധിപ്പിക്കുന്ന വിശുദ്ധ ബന്ധങ്ങൾ (എഫെസ്യർ 3:15) എന്നിവ വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷത്തിന് കാരണമാക്കിയവയാണ്.—GC 677 (1911).

## വീഴ്ച ഭവിക്കാത്ത സൃഷ്ടികളോടുള്ള സാക്ഷ്യം വഹിക്കൽ

"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനാണ് വന്നത്" (മത്തായി 20:28). ക്രിസ്തുവിന്റെ താഴെയുള്ള വേല അവന്റെ മുകളിലുള്ള വേലയാണ്. ഈ ലോകത്തിൽ അവനോടൊപ്പം വേല ചെയ്യുന്നതിനുള്ള പ്രതിഫലമെന്നത് വരുവാനുള്ള ലോകത്തിൽ അവന്റെകൂടെ വേല ചെയ്യുന്നതിന്റെ വ്യാപകമായ പദവിയും വലിയ അധികാരവുമാണ്. "അതുകൊണ്ട് നിങ്ങൾ എന്റെ സാക്ഷികൾ എന്നു യഹോവയുടെ അരുളപ്പാട്; ഞാൻ ദൈവം തന്നെ" (യെശയ്യാവ് 43:12). നാം ഇത് ആയിരിക്കുന്നതും നിത്യതയിലാണ്.

യുഗങ്ങളോളം വൻപോരാട്ടം തുടരുവാൻ ദൈവം അനുവദിച്ചത് എന്തിനായിരുന്നു? സാത്താൻ തന്റെ മത്സരം ആരംഭിച്ചപ്പോൾ തന്നെ അവന്റെ അസ്തിത്വത്തെ എന്തുകൊണ്ട് ഇല്ലായ്മ ചെയ്തില്ല? തിന്മയോട് ദൈവം ഇടപെടുന്നതിലുള്ള അവന്റെ നീതി പ്രപഞ്ചത്തിനു മുഴുവനും ബോധ്യമാകണം; പാപം അതിന്റെ നിത്യശിക്ഷാവിധി സ്വീകരിക്കണം. മാലാഖമാർ നോക്കുവാൻ ആഗ്രഹിക്കുന്ന അത്ഭുതങ്ങളും നിത്യതയിൽ ഉപയോഗിച്ചുതീർക്കുവാൻ കഴിയാത്തതുമായ അത്രയും ഉയരവും ആഴവും വീണ്ടെടുപ്പിൻ പദ്ധതിയിലുണ്ട്. സകല സൃഷ്ടിജാലങ്ങളിലുംവെച്ച് സ്വന്ത അനുഭവത്തിലൂടെ പാപവുമായുള്ള യഥാർത്ഥ പോരാട്ടം അറിഞ്ഞത് വീണ്ടെടുക്കപ്പെട്ടവർ മാത്രമാണ്; അവർ ക്രിസ്തുവിനോടൊപ്പം കൊണ്ടുവരപ്പെട്ടവരും ദൂതന്മാർക്കുപോലും ചെയ്യുവാൻ കഴിയാത്തതും ക്രിസ്തുവിന്റെകൂടെ അവന്റെ കഷ്ടങ്ങളുടെ കൂട്ടായ്മയിൽ പ്രവേശിച്ചവരുമാണ്. വീണ്ടെടുപ്പിന്റെ ശാസ്ത്രത്തെ സംബന്ധിച്ച് അവർക്കു സാക്ഷ്യമുണ്ടായിരിക്കുകയില്ലയോ? വീഴ്ച ഭവിക്കാത്തവർക്ക് മറ്റൊന്നും അത്ര വിലപ്പെട്ടതാകുകയില്ല.—Ed 308 (1903)

## ധന്യവും ശ്രുതിമധുരതരവുമായി ദൈവത്തെ സ്തുതിക്കുന്നു

ദൈവത്തിന്റെ ദർശനങ്ങളിലൂടെ അല്ലാതെ മർത്യമായ ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ഒരു മനസ്സും ഉൾക്കൊണ്ടിട്ടില്ലാത്തതുമായ സംഗീതവും പാട്ടും അവിടെയുണ്ടായിരിക്കും....

വീണ്ടെടുക്കപ്പെട്ടവർ അവരുടെ അനുഭവത്തിന്റെ ഗാനമെന്നവണ്ണം ദൈവമഹത്വത്തെ പ്രഖ്യാപിച്ചുകൊണ്ട് പാടിയത്: "സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ" (വെളി. 15:3,4).—Ed. 307-309 (1903).

എല്ലായ്പോഴും മുൻനിരയിൽ നിൽക്കുന്ന ഒരു ദൂതനുണ്ട്. ആ ദൂതൻ ആദ്യം വീണ തൊടുകയും രാഗാലാപനം തുടങ്ങുകയും ചെയ്യുമ്പോൾ എല്ലാവരും സ്വർഗ്ഗത്തിന്റെ സമ്പൂർണ്ണ സംഗീതത്തിൽ ചേരുന്നു. ഇത് വർണ്ണനാതീതമാണ്. ഇത് സ്വർഗ്ഗത്തിന്റെ സംഗീതമാണ്. —IT 146 (1857).

വ്യസനപാത്രമെന്നവണ്ണമല്ല, എന്നാൽ മഹത്വമേറിയവനും ജയാളിയുമായ രാജാവെന്നപോലെ അവൻ ഒലിവുമലയിൽ നിൽക്കുമ്പോൾ, എബ്രായ ഹല്ലേലൂയാകൾ ജാതികളുടെ ഹോശന്നായിൽ ഒന്നിച്ച് ലയിച്ച് വീണ്ടെടുക്കപ്പെട്ടവർ ഒരുമിച്ച് അവനെ കർത്താധികർത്താവായി കിരീടമണിയിക്കുക എന്ന് പ്രഖ്യാപിക്കും.—DA 830 (1898).

## പ്രപഞ്ചത്തിലെ നിധികൾ അന്വേഷിക്കൽ

നമ്മുടെ ദർശനങ്ങളെ മന്ദീഭവിപ്പിക്കുന്ന മറ മാറ്റപ്പെടുമ്പോൾ നാമിന്ന് സൂക്ഷ്മദർശിനിയിലൂടെ മാത്രം അല്പമായി ആ ലോകത്തിന്റെ മനോഹാരിത ദർശിക്കുന്നു. ആകാശത്തിലെ മഹത്വത്തെ നാം നോക്കുമ്പോൾ, ഇപ്പോൾ ദൂരദർശിനിയിലൂടെ സൂക്ഷിച്ചു നോക്കുന്നത്, പാപം മുഖാന്തരമുള്ള വരൾച്ച മാറ്റപ്പെടുമ്പോൾ ഭൂമി മുഴുവനും നമ്മുടെ ദൈവമായ കർത്താവിന്റെ സൗന്ദര്യത്തിൽ പ്രത്യക്ഷപ്പെടും. എന്തൊരു വയൽപ്രദേശമാണ് നമ്മുടെ പഠനത്തിനായി തുറക്കപ്പെടുന്നത്. അവിടെ ശാസ്ത്രവിദ്യാർത്ഥി സൃഷ്ടിപ്പിൻ ചരിത്രത്തിന്റെ രേഖകൾ വായിക്കുകയും തിന്മയുടെ ഒരു നിയമവും ഓർക്കുന്നതായി കാണുകയും ചെയ്യുന്നില്ല. പ്രകൃതി സ്വരങ്ങളുടെ സംഗീതം അവൻ



ശ്രവിക്കുകയും വിലാപത്തിന്റെയോ അല്ലെങ്കിൽ സങ്കടത്തിന്റെയോ അടക്കിയ ശബ്ദത്തെ കണ്ടെത്തുകയുമില്ല....

അഖിലാണ്ഡത്തിലെ കലവറ മുഴുവനും ദൈവമക്കളുടെ പഠനത്തിനായി തുറക്കപ്പെടും. ദൈവത്തിന്റെ വീഴ്ച ഭവിക്കാത്ത സൃഷ്ടികളുടെ ജ്ഞാനത്തിലേക്കും ആനന്ദത്തിലേക്കും പറഞ്ഞറിയിക്കുവാൻ കഴിയാത്ത സന്തോഷത്തോടുകൂടി നാം കടക്കും. ദൈവത്തിന്റെ കൈവേലയുടെ പഠനത്തിനുവേണ്ടി യുഗങ്ങളോളം കടക്കുകയും നാം നേടിയെടുക്കുന്ന പരിജ്ഞാനം പങ്കുവയ്ക്കുകയും ചെയ്യും.—Ed 303, 307 (1903).

മർത്യതയുടെ തടസ്സങ്ങൾ കൂടാതെ അവർ വിദൂര ലോകങ്ങളിലേക്കു തളർന്നുപോകാതെ പറക്കും. മനുഷ്യന്റെ ദുഃഖങ്ങളുടെ ദൃശ്യത്താൽ വീർപ്പുമുട്ടിയിരിക്കുന്ന മറ്റു ലോകങ്ങളിലെ നിവാസികൾ ആത്മാക്കളുടെ വീണ്ടെടുപ്പിൻ വാർത്തയിൽ സന്തോഷത്തിന്റെ ഗാനമാലപിക്കും. അവർണ്ണനീയമായ സന്തോഷത്തോടെ ഭൂവാസികൾ വീഴ്ച ഭവിക്കാത്ത സൃഷ്ടികളുടെ സന്തോഷത്തിലേക്കും പരിജ്ഞാനത്തിലേക്കും പ്രവേശിക്കും. ദൈവത്തിന്റെ കൈവേലയെപ്പറ്റി യുഗങ്ങളായി നേടിയ അറിവും ജ്ഞാനവും ഭക്തിപുരസരം അവർ പങ്കുവയ്ക്കും. സൃഷ്ടികർത്താവിന്റെ സിംഹാസനത്തിനു ചുറ്റും വലംവയ്ക്കുന്ന സൂര്യനക്ഷത്രാദികളുടെ വ്യവസ്ഥയും പ്രവർത്തന നിയമങ്ങളും സൃഷ്ടിമഹത്വത്തിന്റെ മങ്ങലേൽക്കാത്ത ദൃശ്യങ്ങളും കണ്ണിമയ്ക്കാതെ അവർ നോക്കിക്കാണും. ഏറ്റവും ചെറുതു മുതൽ ഏറ്റവും വലുതു വരെയുള്ള സകലതിന്മേലും സ്രഷ്ടാവിന്റെ നാമം എഴുതപ്പെട്ടിരിക്കുകയും അവയിലെല്ലാം ദൈവശക്തിയുടെ ധനം വെളിപ്പെടുകയും ചെയ്യും. —GC 677, 678 (1911).

## പരിപാവന ചരിത്രം ആവർത്തിക്കപ്പെടുന്നു

വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടത്തിന്റെ ദൂരപരിധി ലോകത്തിൽ നിന്നും ലോകത്തിലേക്കു ആയിരിക്കും. അവരുടെ അധികസമയവും വീണ്ടെടുപ്പിന്റെ നിഗൂഢത അന്വേഷിക്കുന്നതിനുവേണ്ടിയായിരിക്കും ചിലവിടുന്നത്.—7 BC 990 (1886).

നിത്യത മുഴുവനും വീണ്ടെടുക്കപ്പെടുന്നവരുടെ പ്രതിവാദ്യ വിഷയം കലകളും മനസ്സുകളും ഭാഷകളുമായിരിക്കും. ക്രിസ്തു തന്റെ ശിഷ്യന്മാർക്കു തുറന്നുകൊടുക്കുവാൻ ആഗ്രഹിച്ചതും എന്നാൽ അത് ഗ്രഹിച്ചെടുക്കുവാൻ ആവശ്യമായ വിശ്വാസം ഇല്ലാതെ പോയതുമായ സത്യ

ങ്ങളെ അവർ മനസ്സിലാക്കും. ക്രിസ്തുവിന്റെ മഹത്വവും സമ്പൂർണ്ണതയും സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ നിത്യതയോളം പ്രത്യക്ഷമായിക്കൊണ്ടിരിക്കും. നിത്യത മുഴുവനും വിശ്വസ്തനായ വീട്ടുടയവൻ അവന്റെ നിധിയിൽനിന്നും പുതിയതും പഴയതുമായവ കൊണ്ടുവന്നുകൊണ്ടിരിക്കും.—COL 134 (1900).

കാലം ആരംഭിക്കുന്നതിനു മുമ്പുതന്നെ ജന്മമെടുക്കുകയും കാലം അവസാനിക്കുമ്പോൾ മാത്രം തീരുകയും ചെയ്യുന്ന മഹാപോരാട്ടത്തിന്റെ ഗതികൾ അവന്റെ മുമ്പിൽ തുറക്കപ്പെടും. പാപത്തിന്റെ ചരിത്രവും അതിന്റെ വക്രത നിറഞ്ഞ പ്രവർത്തനത്തിലുള്ള മാരകമായ കാപട്യവും അതിന്റെ നേരെയുള്ള സ്വന്തവഴിയിൽ നിന്നു വ്യതിചലിക്കാത്ത സത്യവും കണ്ടുമുട്ടുകയും തെറ്റിനെ കീഴടക്കുകയും ചെയ്തവയെല്ലാം വെളിപ്പെട്ടുവരും. ദൃശ്യവും അദൃശ്യവുമായ ലോകത്തെ തമ്മിൽ വേർതിരിക്കുന്ന തിരശ്ശീല നീക്കപ്പെടുകയും അത്ഭുതകരമായവ വെളിപ്പെടുകയും ചെയ്യും.—Ed 304 (1903).

ഭൂമിയിലെ വ്യഥകളും വേദനകളും പരീക്ഷകളുമൊക്കെ അവസാനിക്കുകയും അതിന്റെ കാരണങ്ങൾ മാറ്റപ്പെടുകയും ചെയ്തുയെങ്കിലും ദൈവജനത്തിന് അവരുടെ രക്ഷയ്ക്കു എന്തുമാത്രം വില കൊടുക്കേണ്ടിവന്നു എന്നതിനെ സംബന്ധിച്ച് വ്യക്തമായ പരിജ്ഞാനം എപ്പോഴും ഉണ്ടായിരിക്കും....

നമ്മുടെ രക്ഷകൻ തന്റെ ക്രൂശീകരണത്തിന്റെ അടയാളങ്ങൾ എപ്പോഴും വഹിക്കും. പാപം വരുത്തിവച്ച ക്രൂരമായ പ്രവർത്തനത്തിന്റെ പാടുകൾ തന്റെ മുറിവേറ്റ തലയിലും വിലാപ്പുറത്തും കരങ്ങളിലും പാദങ്ങളിലും ഉണ്ടായിരിക്കും.—GC 651, 674 (1911).

### ജീവിതത്തിന്റെ പരിഭ്രമങ്ങൾ വിശദീകരിക്കപ്പെടുന്നു

ജീവിതാനുഭവങ്ങളുടെ എല്ലാ പരിഭ്രമങ്ങളും വ്യക്തമാക്കപ്പെടും. കുഴപ്പം, നിരാശ, തകർന്ന ഉദ്ദേശങ്ങൾ, മുടക്കപ്പെട്ട പദ്ധതികൾ എന്നിവ മാത്രം പ്രത്യക്ഷപ്പെട്ടിടത്ത് ഒരു മഹത്തും എതിരായി തീരുമാനിക്കുന്നതും വിജയകരമായ ഉദ്ദേശവും ഒരു ദിവ്യ യോജിപ്പുമൊക്കെ കാണപ്പെടും.—Ed 305 (1903).

ദൈവത്തിന്റെ സിംഹാസനത്തിൽനിന്നും ഒഴുകുന്ന ജീവ അരുവിയുടെ വശത്തിലൂടെ യേശു നമ്മെ നയിക്കുകയും നാം ഭൂമിയിലായിരുന്നപ്പോൾ നമ്മുടെ സ്വഭാവത്തിന് സമ്പൂർണ്ണത വരുത്തുവാൻ അവൻ നമ്മെ നടത്തിയ ഇരുളടഞ്ഞ നടത്തിപ്പുകളെ വിശദീകരിക്കുകയും ചെയ്യും.—8T 254 (1904).



ദൈവത്തിന്റെ നടത്തിപ്പിൽ ഈ ലോകത്ത് നമുക്കു പരിഭ്രമമുണ്ടാക്കിയവയെല്ലാം വ്യക്തമാക്കപ്പെടും. മനസ്സിലാക്കുവാൻ പ്രയാസമായിരുന്നവയെല്ലാം വിശദമാക്കപ്പെടും. കൃപയുടെ നിഗൂഢതകൾ നമുക്കു മുന്നിൽ തുറക്കപ്പെടും. പരിമിതിയുള്ള നമ്മുടെ മനസ്സ് കുഴപ്പവും തകർന്ന വാഗ്ദത്തങ്ങളുമാണെന്നുമാത്രം കണ്ടിരുന്നവയെല്ലാം സമ്പൂർണ്ണവും മനോഹരവുമായ യോജിപ്പിലാണെന്ന് നാം കാണും. ഏറ്റവും ശ്രമകരമാണെന്ന് തോന്നിയ അനുഭവങ്ങളെല്ലാം അനന്തമായ സ്നേഹം കല്പിച്ചവയാണെന്ന് നമുക്കു തോന്നും. സകലവും നമ്മുടെ നന്മയ്ക്കായി കൂടിവ്യാപരിപ്പിക്കുന്നവന്റെ കരുണാർദ്രമായ കരുതലിനെ നാം മനസ്സിലാക്കുമ്പോൾ പറഞ്ഞറിയിക്കുവാൻ കഴിയാത്ത ആനന്ദത്താലും പൂർണ്ണ മഹത്വത്താലും നാം സന്തോഷിക്കും.—9 T 286 (1909).

### ഓരോ ഉന്നത പ്രവൃത്തിയുടെയും മെച്ചപ്പെടുത്തൽ

നിസ്വാർത്ഥ ആത്മാവോടുകൂടിയവരെല്ലാം അവരുടെ അദ്ധ്വാനഫലം കാണും. ശരിയായ തത്വത്തിന്റെ ഉന്നത പ്രവൃത്തിയും കൂടുതൽ മെച്ചമായ വിധത്തിൽ കാണപ്പെടും. ഇതിന്റെ ഒരു കാര്യം നാമിവിടെ കാണുന്നു. ഈ ജീവിതത്തിൽ ലോകത്തിലെ ഏറ്റവും ഉന്നതമായ വേലയുടെ എത്ര ചുരുങ്ങിയ ഫലമാണ് ചെയ്ത ആളിൽ പ്രകടമാക്കുന്നത്? തങ്ങൾക്ക് എത്താവുന്നതിലും പരിജ്ഞാനത്തിലുമപ്പുറമുള്ളവർക്കുവേണ്ടി നിസ്വാർത്ഥമായും അക്ഷീണമായും എത്ര പേരാണ് പ്രവർത്തിക്കുന്നത്? അദ്ധ്യാപകരും മാതാപിതാക്കളും അവരുടെ അന്ത്യ വിശ്രമത്തിലേക്കു പോകുന്നു. അവരുടെ ജീവിതത്തിലെ വേലകൾ വൃഥാവായിപ്പോയി എന്ന് അവർക്കു തോന്നുന്നു; ഒരിക്കലും നിലച്ചുപോകുവാൻ കഴിയാതവണ്ണം അവരുടെ വിശ്വസ്തത അടയ്ക്കപ്പെടാത്ത അനുഗ്രഹത്തിന്റെ ഉറവയാണെന്നത് അവർ അറിയുന്നില്ല; അവർ പരിശീലിപ്പിച്ച കുഞ്ഞുങ്ങൾ സഹമനുഷ്യർക്ക് ഒരു അനുഗ്രഹവും പ്രചോദനവും ആയിത്തീരുന്നതും സ്വാധീനം ഒരു ആയിരം മേനി ആവർത്തിക്കുന്നതും വിശ്വാസത്താൽ മാത്രമേ അവർക്കു കാണുവാൻ കഴിയുകയുള്ളൂ.

അനേകം വേലക്കാരും ബലത്തിന്റെയും പ്രത്യാശയുടെയും ധൈര്യത്തിന്റെയും എല്ലാ ദേശങ്ങളിലുമുള്ള ഹൃദയങ്ങളിലേക്കു അനുഗ്രഹങ്ങൾ വഹിക്കുന്ന വചനങ്ങൾ ലോകത്തിലേക്കു അയയ്ക്കുന്നു. എന്നാൽ ഫലത്തെ സംബന്ധിച്ച്, ഏകാന്തതയിലും അറിയപ്പെടായ്കയിലും അദ്ധ്വാനിക്കുന്നവൻ ഒന്നും അറിയുന്നില്ല. അതുകൊണ്ട് സമ്മാ

നങ്ങൾ അർപ്പിക്കപ്പെടുന്നു, ഭാരങ്ങൾ വഹിക്കുന്നു, അദ്ധ്വാനമിടുന്നു. മനുഷ്യർ അവരുടെ ശവക്കല്ലറകൾക്കുമീതെ വിത്തു വിതയ്ക്കുന്നു. മറ്റുള്ളവർ അനുഗൃഹീത കൊയ്ത്തു നടത്തുന്നു. മറ്റുചിലർ ഫലം അനുഭവിക്കത്തക്കവിധം വൃക്ഷങ്ങൾ നട്ടുണ്ടാക്കുന്നു. നന്മയ്ക്കുവേണ്ടി കാട്ടിക്കൂട്ടി എന്ന് വരത്തക്കവിധം അവർ ഇവിടെ സംതൃപ്തരാണ്. വരുവാനുള്ള ലോകത്ത് ഇവയുടെയെല്ലാം പ്രവർത്തനങ്ങളും പ്രതികരണങ്ങളും കാണപ്പെടും.—Ed. 305, 306 (1903).

## നമ്മുടെ സന്തോഷം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കും

രക്ഷാപദ്ധതിയിൽ നിഗൂഢതകളുണ്ട്. ഒരു മനുഷ്യനെപ്പോലെ കാണപ്പെടത്തക്കവണ്ണമുള്ള ദൈവപുത്രന്റെ താഴ്മയ്ക്കു പുത്രനെ ഏല്പിച്ചുകൊടുക്കുന്നതിലുള്ള പിതാവിന്റെ അത്ഭുത സ്നേഹം, കൃപ എന്നിവ സ്വർഗ്ഗീയ മാലാഖമാർക്ക് നിരന്തരമുള്ള വിസ്മയ വിഷയങ്ങളാണ്.... നിത്യതയോളം ഇവ വീണ്ടെടുക്കപ്പെടുന്നവരുടെ പഠനവിഷയമായിരിക്കും. സൃഷ്ടിപ്പിലും വീണ്ടെടുപ്പിലുമുള്ള ദൈവത്തിന്റെ വേലയെ അവർ ധ്യാനിക്കുമ്പോൾ അത്ഭുതപ്പെടുകയും ആഹ്ലാദിക്കുകയും ചെയ്യുന്ന മനസ്സുകൾക്ക് പുതിയ സത്യങ്ങൾ നിരന്തരം തുറക്കപ്പെട്ടുകൊണ്ടിരിക്കും. ദൈവത്തിന്റെ ജ്ഞാനം, സ്നേഹം, ശക്തി എന്നിവയെ സംബന്ധിച്ച് അവർ കൂടുതൽ പഠിക്കുമ്പോൾ അവരുടെ മനസ്സ് നിരന്തരം വികസിച്ചുകൊണ്ടിരിക്കുകയും സന്തോഷം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും.—5 T 702, 703 (1889).

നിത്യതയുടെ നാളുകൾ കടന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ അത് ദൈവത്തെയും ക്രിസ്തുവിനെയും സംബന്ധിച്ച് കൂടുതൽ മഹത്വമേറിയതും ധന്യവുമായ വെളിപ്പാടുകൾ കൊണ്ടുവരും. പരിജ്ഞാനം പുരോഗമനപരമായിക്കുന്നതുപോലെ സ്നേഹവും ഭയഭക്തിയും സന്തോഷവും വർദ്ധിച്ചുകൊണ്ടിരിക്കും. മനുഷ്യർ ദൈവത്തെ സംബന്ധിച്ച് കൂടുതൽ പഠിക്കുന്തോറും അവന്റെ സ്വഭാവം പ്രശംസനീയവും ശ്രേഷ്ഠവുമായിക്കൊണ്ടിരിക്കും. വീണ്ടെടുപ്പിന്റ ധന്യവും സാത്താനുമായുള്ള വൻവിവാദത്തിലുള്ള വിസ്മയകരമായ നേട്ടങ്ങളും അവരുടെ മുമ്പിൽ യേശു തുറക്കുമ്പോൾ വീണ്ടെടുക്കപ്പെട്ടവരുടെ ഹൃദയം കൂടുതൽ ഊഷ്മളമായ സമർപ്പണംകൊണ്ട് പുളകമണിയും. അവർ അത്യാഹ്ലാദത്തോടെ സ്വർണ്ണവീണകൾ മീട്ടുകയും പതിനായിരക്കണക്കിനു സ്വരങ്ങൾ ഊർജ്ജസ്വലമായി ഒത്തൊരുമിച്ച് സ്തുതിഗീതങ്ങൾ ആലപിക്കും.—GC 678 (1911).



## എപ്പോഴും ഒരു അനന്തത അപ്പുറത്തുണ്ട്

എല്ലാ ശക്തികളും വളർന്നുകൊണ്ടിരിക്കുകയും എല്ലാ കഴിവുകളും വർദ്ധിക്കുകയും ചെയ്യും. മഹത്തായ പരിശ്രമങ്ങൾ മുന്നോട്ടുവയ്ക്കും. ഉന്നതാഭിലാഷങ്ങളിൽ എത്തിപ്പറ്റും. ഉന്നതമായ ആഗ്രഹങ്ങൾ യാഥാർത്ഥ്യമാക്കും. തരണം ചെയ്യുവാൻ പുതിയ ഉന്നതികൾ ഉണ്ടാകും. പ്രശംസിക്കുവാൻ പുതിയ അത്ഭുതങ്ങളും ഗ്രഹിക്കുവാൻ പുതിയ സത്യങ്ങളും ഉണ്ടായിരിക്കും. ശാരീരികവും മാനസികവും ആത്മീകവുമായ ശക്തികളെ പുതിയ ലക്ഷ്യങ്ങളിലേക്കു നയിക്കും.—Ed 307 (1903).

ദൈവത്തിന്റെ ജ്ഞാനം, ശക്തി എന്നിവയിലുള്ള പരിജ്ഞാനത്തിൽ നാം എത്ര മുന്നേറിയാലും അപ്പോഴും ഒരു അനന്തത അപ്പുറത്തുണ്ട്. —RH Sept. 14 (1886)

മനുഷ്യഹൃദയത്തിന്റെ ചാലുകളിലൂടെ തലമുറതലമുറയായി വന്നിട്ടുള്ള പിതൃതുല്യമായ സ്നേഹം, മനുഷ്യന്റെ ആത്മാക്കളിൽ തുറക്കപ്പെട്ട മൃദുത്വത്തിന്റെ ഉറവ എന്നിവ അനന്തവും വറ്റിപ്പോകാത്തതുമായ ദൈവത്തിന്റെ സ്നേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ അവ അതിരില്ലാത്ത സമുദ്രത്തിലേയ്ക്കൊഴുകുന്ന ചെറുനദിപോലെയാണ്. നാവിന് വർണ്ണിക്കുവാൻ കഴിയുകയില്ല; പേനയ്ക്കു ചിത്രീകരിക്കുവാൻ കഴിയുകയില്ല. നിങ്ങളുടെ ജീവിതത്തിലെ എല്ലാ നാളുകളും നിങ്ങൾ ധ്യാനിച്ചേക്കാം. ഇത് മനസ്സിലാക്കുന്നതിനുവേണ്ടി ശുഷ്ക്കാന്തിയോടെ വചനം പരിശോധിച്ചേക്കാം. സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും സഹതാപവും ഗ്രഹിക്കുവാനുള്ള സംരംഭത്തിൽ ദൈവം തന്നിരിക്കുന്ന സകല കഴിവുകളും ശക്തിയും ഉപയോഗിച്ചേക്കാം. എന്നിരുന്നാലും അതിനപ്പുറം ഒരു അനന്തതയുണ്ട്. ആ സ്നേഹത്തെ സംബന്ധിച്ച് യുഗങ്ങളായി നിങ്ങൾ പഠിച്ചേക്കാം. എന്നിരുന്നാലും ലോകത്തിനു വേണ്ടി ദൈവം തന്റെ പുത്രനെ കൊടുത്ത സ്നേഹത്തിന്റെ വീതി, നീളം, ഉയരം, ആഴം എന്നിവ നിങ്ങൾക്കൊരിക്കലും പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയുകയില്ല. നിത്യതയ്ക്കും അത് പൂർണ്ണമായി വെളിപ്പെടുത്തുവാൻ കഴിയുകയില്ല.—5 T 740.

## ദൈവം സ്നേഹമാകുന്നു എന്ന് അഖിലാണ്ഡം മുഴുവൻ പ്രസ്താവിക്കും.

വൻപോരാട്ടം അവസാനിക്കുന്നു. ഇനിമേൽ പാപവും പാപികളും ഉണ്ടായിരിക്കുകയില്ല. വിശ്വം മുഴുവനും ശുദ്ധമാക്കപ്പെട്ടു. ഒത്തൊരു

മയും സന്തോഷവും സകല സൃഷ്ടിയിലും നിറയുന്നു. എല്ലാറ്റിനെയും സൃഷ്ടിച്ചവങ്കൽനിന്നും ജീവനും വെളിച്ചവും സന്തോഷവും അതിരില്ലാത്ത പ്രദേശങ്ങളിലേക്കു ഒഴുകും. അതിസൂക്ഷ്മമായ അണു മുതൽ ഏറ്റവും വലിയ ലോകം വരെ ജീവനുള്ളതും ജീവനില്ലാത്തതുമായവയെല്ലാം തങ്ങളുടെ മങ്ങലേൽക്കാത്ത സൗന്ദര്യത്തിലും തികഞ്ഞ സന്തോഷത്തിലും **ദൈവം സ്നേഹമാകുന്നു** എന്ന് പ്രഖ്യാപിക്കും. —GC 678 (1911).